# പൗരസ്ത്യ റീത്തുകൾ

www.malankaralibrary.com

# പൗരസ്ത്യറീത്തുകൾ

—൫—

"സഭയിൽ നിയമാനുസൃതം അംഗീകൃതമായിട്ടുള്ള എല്ലാ റീത്തുകൾക്കും വിശുദ്ധ മാതാവായ സഭ തുല്യാവകാശവും പദവിയുമാണു നൽകുന്നതെന്ന വസ്തുത ഈ പരിശുദ്ധസൂനഹദോസ് പാരമ്പര്യാനുസരണം പ്രഖ്യാപനം ചെയ്യുന്നു. മേലിലും എല്ലാ റീത്തുകളും അഭംഗുരം സംരക്ഷിക്കപ്പെടണമെന്നും എല്ലാ പ്രകാരേണയും പ്രോത്സാഹിപ്പിക്കപ്പെടണമെന്നുമാണു സഭയുടെ അഭിലാഷം. ആവശ്യം നേരിടുന്ന സന്ദർഭങ്ങളിൽ സജീവമായ പാരമ്പര്യത്തിന്റെ വെളിച്ചത്തിൽ, റീത്തുകൾ സശ്രദ്ധം പരിഷ്കരിക്കപ്പെടണമെന്നും ആധുനികകാലത്തിന്റെ ആവശ്യങ്ങളേയും പരിതസ്ഥിതികളേയും അഭിമുഖീകരിക്കത്തക്കവണ്ണം അവയ്ക്കു പുതിയ ചൈതന്യം പ്രദാനം ചെയ്യണമെന്നും ഈ സൂനഹദോസ് അഭിലഷിക്കുന്നു."

(ആരാധനക്രമം, രണ്ടാംവത്തിക്കാൻ
കൗൺസിലിന്റെ ഡിക്രി Para 4)

www.malankaralibrary.com

# പൗരസ്ത്യറീത്തുകൾ

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

*Malayalam*

# PAURASTHYA REETHUKAL

**(Oriental Rites)**

*By*

**The New Priests of Tellicherry**

**Alwaye, March 1964**

*Published by*

S. H. LEAGUE, ALWAYE NORTH P. O.

*First Impression, March 1964*

Copies 1000

*Copy Right*

S. H. LEAGUE. 1964

**Price Rs. 3-50**

*Printed at*

Mar Mathews Press Muvattupuzha.

www.malankaralibrary.com

# പൗരസ്ത്യറീത്തുകൾ

രചയിതാക്കൾ

ജോസഫ് അരഞ്ഞാണിഓലിക്കൽ
ജോൺ കച്ചിറമററം
ജോൺ കല്ലുങ്കൽ
തോമസ് കാവുംപുറം
സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ട്
അഗസ്റ്റിൻ മണക്കാട്ടുമററം
ജോസഫ് മണിമലതറപ്പിൽ
മാത്യു ഓണയത്താംകുഴി
തോമസ് പറമ്പേട്ട്
സെബാസ്റ്റ്യൻ പാലക്കി
ജേക്കബ് പുത്തൻപുര
മാത്യു വില്ലുന്താനം.

എസ്. എച്ച്. ലീഗ്
ആലുവാ
1964

www.malankaralibrary.com

NIHIL OBSTAT:

FR. MICHAEL ANGEL O. C. D.
*Rector, Pontifical Seminary,*
*Alwaye*

IMPRIMATUR:

† SEBASTIAN VALLOPILLY
*Bishop of Tellichery*
*March 19th., 1964*

www.malankaralibrary.com

# ഉപോദ്ഘാതം

ക്രിസ്തീയജീവിതത്തിൻെറ ആന്തരികനവീകരണവും ക്രിസ്തീയാദർശങ്ങളുടെ പുനരുജ്ജീവനവും സംസിദ്ധമാകാനുള്ള ഏററവും ഫലപ്രദമായ മാർഗ്ഗം ആരാധനക്രമത്തെ നവീകരിക്കുകയും പുനരുദ്ധരിക്കുകയും ചെയ്യുകയാണെന്ന അവബോധം ഇന്നുണ്ടായിട്ടുണ്ട്. രണ്ടാം വത്തിക്കാൻ സൂനഹദോസ് അതു തെളിയിക്കുകയും ചെയ്തിരിക്കുന്നു. ആരാധനാക്രമത്തിൻെറ പ്രാധാന്യത്തെ പ്രകടമാക്കുന്ന പ്രാമാണ്യവും വിശിഷ്ടവുമായ ഒരു ഡിക്രിയാണു സൂനഹദോസ് പാസ്സാക്കിയിട്ടുള്ളത്. ലിററർജിക്കൽ നവോത്ഥാനത്തിൻെറ 'Magna carta' എന്നാണു പണ്ഡിതന്മാർ അതിനെ വിശേഷിപ്പിക്കുക. സഭയുടെ ഭാവിജീവിതത്തിൽ അവിസ്മരണീയങ്ങളും ദൂരവ്യാപകങ്ങളുമായ പ്രതികരണങ്ങൾ സൃഷ്ടിക്കുന്ന വിപ്ലവകരമായ ഒരു കാൽവയ്പായി ഈ ഡിക്രി പരിശോഭിക്കുകയാണ്.

ലിററർജിക്കൽ പ്രസ്ഥാനത്തിൻെറ വളർച്ചയിൽ പൗരസ്ത്യറീത്തുകൾക്കുള്ളപങ്ക് അന്യാദൃശമാണ്. മിക്കപൗരസ്ത്യറീത്തുകളും അപ്പസ്തോലികഉറവിടങ്ങളോട് അടുത്തുകിടക്കുന്നതിനാൽ പുരാതന പാരമ്പര്യത്തിൻേറയും അപ്പസ്തോലിക ചൈതന്യത്തിൻേറയും സൂക്ഷ്മരേഖകൾ അവയിൽ കാണാൻ കഴിയും. പൗരസ്ത്യറീത്തുകളുടെ കാര്യത്തിൽ അസാധാരണമായ ജിജ്ഞാസയും താല്പര്യവും പണ്ഡിതന്മാർ ഇക്കാലത്തു പ്രകടമാക്കുന്നുണ്ട്.

ഏതാദൃശമായ പുരോഗമനങ്ങളും നവോത്ഥാനങ്ങളും വളരെ വിരളമായിട്ടേ നമ്മുടെ നാട്ടിൽ അനുഭവപ്പെടുന്നുള്ളുവെന്നതു് പരിതാപകരമായ ഒരു പരമാർത്ഥമാണ്. സഭയുടെ ഇതരഭാഗങ്ങളിൽ സംഭവിക്കുന്ന പ്രധാനസംഗതികളുടെ കാററുപോലും വീശാൻ കാലതാമസം വേണ്ടിവരുന്ന പതനത്തിലാണു നമ്മുടെ സ്ഥിതി. ഈ സാഹചര്യങ്ങളെ കണക്കിലെടുത്തുകൊണ്ടാണ് ഇത്തരമൊരു വിനീതശ്രമത്തിനു ഞങ്ങൾ ഇറങ്ങിത്തിരിച്ചതു്. ലിററർജിയെ സംബന്ധിച്ച്, പ്രത്യേകിച്ച്, പൗരസ്ത്യറീത്തുകളെസ്സംബന്ധിച്ച് അല്പം വെളിച്ചം വീശുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണു ഞങ്ങൾ മുന്നേ

www.malankaralibrary.com

റിയതു്. ഈ പഠനം സമഗ്രമോ സർവ്വംകഷമോ ആണെന്നു ഞങ്ങൾ അഭിമാനിക്കുന്നില്ല. എങ്കിലും പരിമിതമായ കഴിവുകളിൽനിന്നു വാർന്നുവീണ കനികൾ ഇടതൂർന്ന ഈ കുല ഞങ്ങൾ സമർപ്പിക്കുകയാണു്. അതേസമയം, ഒരു കാര്യം ഞങ്ങൾ അഭിമാനപൂർവ്വം സ്മരിക്കുന്നു, ഈ വിഷയത്തിൽ മലയാളത്തിലുണ്ടായിട്ടുള്ളതിലേക്കും മെച്ചപ്പെട്ട കൃതികളിലൊന്നിനു ഞങ്ങൾ ജന്മംകൊടുത്തു എന്ന ചാരിതാർത്ഥ്യമാണതു്.

ഈ പുസ്തകത്തിന്റെ രചനയിൽ ഞങ്ങളെ പ്രോത്സാഹിപ്പിക്കയും പ്രൗഢമായ ഒരവതാരിക എഴുതിത്തന്നു് ഇതിന്റെ ഈടും അന്തസ്സും വർദ്ധിപ്പിക്കയും ചെയ്ത ഞങ്ങളുടെ ബ. ബ. റെക്ടറച്ചനു് ഞങ്ങളുടെ ആദരാഞ്ജലികളർപ്പിക്കട്ടെ. പൗരസ്ത്യറീത്തുകളെക്കുറിച്ചു് വസ്തുനിഷ്ഠവും ആധികാരികവുമായ പരിജ്ഞാനമുള്ള നമ്മുടെ ചുരുക്കം ചിലരിൽ ഒരാളാണു് ഞങ്ങളുടെ ബഹുമാനപ്പെട്ട പ്രൊഫസർ ഡോ. ജെയിംസ് ചാവേലിൽ. അദ്ദേഹത്തിന്റെ വിദഗ്ദ്ധമായ നിർദ്ദേശങ്ങളും വിചക്ഷണപാടവുമാണു് ഈ പുസ്തകത്തിനു് രൂപവും ഭാവവും നല്കിയതു്. അദ്ദേഹത്തോടുള്ള കടപ്പാടു സസന്തോഷം രേഖപ്പെടുത്തുന്നു. ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിനു ഞങ്ങളെ അകമഴിഞ്ഞു സഹായിച്ച റവ. ഫാദർ നെമേസിയൂസ് O. C. D. അവർകൾക്കും ഞങ്ങളുടെ പ്രത്യേകമായ നന്ദി. ഈ ഗ്രന്ഥം വെളിച്ചം കാണുന്നതിനു ഞങ്ങളെ സ്നേഹപൂർവ്വം സഹായിച്ച ഞങ്ങളുടെ പ്രിയപ്പെട്ട സഹപാഠികളുടെ സേവനതല്പരതയ്ക്കും ഔദാര്യത്തിനും ഞങ്ങളുടെ കൂപ്പുകൈ. ഈ പുസ്തകം പ്രസിദ്ധീകരിക്കുന്ന എസ്. എച്ച്. ലീഗിനും ഇതിന്റെ മുദ്രണം ഭംഗിയായി നിർവ്വഹിച്ച മൂവാററുപുഴ മാർ മാത്യൂസ് പ്രസ്സുകാർക്കും ഞങ്ങളുടെ ഹൃദയംഗമമായ കൃതജ്ഞത.

ലിററർജിക്കൽ നവോത്ഥാനത്തിന്റെ ഈ സുവർണ്ണദശയിൽ അതിനു ഞങ്ങളുടേതായ എളിയ ഒരുപഹാരം നല്കാൻ സാധിച്ചതിലുള്ള ചാരിതാർത്ഥ്യത്തോടെ, കേരളകത്തോലിക്കരുടെ അനുഗ്രഹാശിസ്സുകൾ അഭ്യർത്ഥിച്ചുകൊണ്ടു് ഈ ഗ്രന്ഥത്തെ ഞങ്ങൾ പൊതുജനസമക്ഷം സമർപ്പിക്കുന്നു.

ആലുവാ<br>
13-3-1964

ഗ്രന്ഥകർത്താക്കൾ

www.malankaralibrary.com

# ആമുഖം

ക്രൈസ്തവൈക്യത്തേയും ആരാധനക്രമത്തേയുംകുറിച്ചു രണ്ടാംവത്തിക്കാൻ സൂനഹദോസ് സംജാതമാക്കിയിട്ടുള്ള ബഹുമുഖമായ താല്പര്യം ഈ പുസ്തകത്തെ തികച്ചും സന്ദർഭോചിതമാക്കിയിട്ടുണ്ട്. ലിററർജിക്കൽ നവോത്ഥാനത്തിൻെറപേരിൽ ഒരു പുതിയ വിജ്ഞാനശാഖ തന്നെ തഴച്ചുപന്തലിക്കുന്നതിനു ചരിത്രമിന്നു മാർഗ്ഗദർശനം നല്കുന്നു. വിവിധപൗരസ്ത്യറീത്തുകൾ രൂപംപ്രാപിച്ചവിധങ്ങൾ ഗ്രഹിക്കുന്നതിനും ആരാധനക്രമത്തിൻേറയും റീത്തുകളുടേയും വൈവിധ്യത്തെക്കുറിച്ചു നമുക്കുള്ള പരിമിതവും അവ്യക്തവുമായ ധാരണയെ പരിഹരിക്കുന്നതിനും ലിററർജിക്കൽ നവോദ്ധാനം ഉപയുക്തമാണ്. ഏതാദൃശവിഷയങ്ങളിലുള്ള നമ്മുടെ ഗവേഷണബുദ്ധിക്ക് അനുകൂലമായ പശ്ചാത്തലമാണ് പൗരസ്ത്യറീത്തുകൾ തുറന്നിട്ടിരിക്കുന്നത്. കാരണം, വിവിധതരത്തിലുള്ള രീതികളും ആചാരങ്ങളും ഉൾക്കൊള്ളുന്നവയാണ് പൗരസ്ത്യറീത്തുകൾ. ആയതിനാൽ, പൗരസ്ത്യറീത്തുകളെ പരിശോധനയ്ക്കു വിഷയമാക്കുക സുകരവും പ്രയോജനപ്രദവുമാണ്. മാത്രമല്ല, വളരെയധികം നിർണ്ണയപരിമിതികളുള്ള ലത്തീൻറീത്തുകളുടെ പരിശോധനയിൽനിന്നു ലഭിക്കാവുന്നതിനെക്കാൾ വിപുലവും പ്രായോഗികവുമായഫലങ്ങൾ ഉളവാക്കുകയും ചെയ്യും. തന്നെയുമല്ല, ഈ അടുത്തകാലംവരെ പൗരസ്ത്യറീത്തുകൾ അപൂർവ്വമായിട്ടേ ശ്രദ്ധിക്കപ്പെട്ടിരുന്നുള്ളു. സഭയിലെ ആരാധനക്രമജീവിതം, ക്രൈസ്തവൈക്യം തുടങ്ങിയ പ്രശ്നങ്ങളിൽ വെളിച്ചംവീശത്തക്കവിധം പൗരസ്ത്യറീത്തുകളെ രൂപംകൊള്ളിച്ച വിവിധമാർഗ്ഗങ്ങളെക്കുറിച്ചു പഠനം നടത്തുന്നതിനു ഇന്നു മതിയായ കാരണങ്ങളുമുണ്ട്. പൗരസ്ത്യറീത്തുകൾക്കു രൂപം നല്കിയ ബഹുവിധമാർഗ്ഗങ്ങളിൽ ഏതാനും ചിലതുമാത്രം പരിശോധിക്കുന്നതിനേ പ്രത്യക്ഷത്തിൽ സാദ്ധ്യമാവൂ. ആരാധനക്രമവും റീത്തുകളും തമ്മിലുള്ള ബന്ധത്തെ പരാമർശിക്കുന്ന പല വിഷയങ്ങളേയും ഈ ഗ്രന്ഥകാരന്മാർ സ്പർശിച്ചിട്ടുണ്ട്. പ്രസ്തുത ഭാഗങ്ങൾ വദ്ധിച്ചതോതിൽ നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നവയാണ്. ആരാധനക്രമജീവിതത്തിലും—ജീവിതംമുഖേനയും — ജീവിതത്തിനുവേണ്ടിയുമാണ് വിവിധറീത്തുകൾക്കു രൂപംകൊടുത്തിട്ടുള്ളതെന്നവസ്തുത നമുക്കറിയാം.

www.malankaralibrary.com

ആദിമഅപ്പസ്തോലികസഭയും അനന്തരമുണ്ടായ ക്രിസ്തീയസമൂഹങ്ങളും ആരാധനക്രമജീവിതത്തിൽ അടിയുറച്ചുനിന്ന സമൂഹങ്ങളായിരുന്നു. അവ ക്രിസ്തീയാരാധനയുടെ പരമകേന്ദ്രമായ വിശുദ്ധ കുർബാനയിൽ നിന്നു സവിശേഷമാംവിധം ശക്തിയും ചൈതന്യവുമാർജ്ജിച്ച സമൂഹങ്ങളായിരുന്നു. ആ ചൈതന്യശക്തിയാണ് വിവിധറീത്തുകൾക്കു രൂപഭാവങ്ങൾ കൊടുത്തത്. പ്രസ്തുത രൂപഭാവങ്ങൾ വിവിധ സ്വഭാവങ്ങളോടുകൂടിയ സമൂഹങ്ങളെ സൃഷ്ടിക്കുകയും ചെയ്തു. വിവിധറീത്തുകളുടെ രൂപവല്ക്കരണത്തിൽ ദൃശ്യമാകുന്ന ആരാധനക്രമത്തിന്റെ സ്വാധീനവും പങ്കും ഇന്നു കത്തോലിക്കാസഭയിൽ പൗരസ്ത്യറീത്തുകൾ നിർവ്വഹിക്കേണ്ട പ്രത്യേക ദൗത്യത്തിന്റെ കൂടുതൽ വികസ്വരമാർന്ന പരിജ്ഞാനത്തിലേക്കു നമ്മെ എത്തിക്കുന്നു.

പൗരസ്ത്യറീത്തുകളുടെ സഭാസംബന്ധമോ ചരിത്രപരമോ ആയ വിഷയങ്ങളെക്കുറിച്ചു സമഗ്രമായി പ്രതിപാദിക്കാൻ ഉദ്ദേശിക്കപ്പെട്ടതല്ല ഈ പുസ്തകം. എന്നാൽ, പ്രസ്തുത വിഷയങ്ങളുടെ വിലപിടിപ്പുള്ള ഒരാമുഖമാണിത്. സഭയിൽ അനവധി റീത്തുകളുള്ളതിന്റെ അർത്ഥം ഇതു വിശദമാക്കുന്നു; ഓരോ റീത്തിന്റേയും ഉത്ഭവം, വളർച്ച, ആധുനികസ്ഥിതി തുടങ്ങിയ കാര്യങ്ങളെ പ്രതിപാദിക്കുന്നു. അങ്ങനെ, ഓരോ റീത്തിനെക്കുറിച്ചുമുള്ള സംക്ഷിപ്തവും എന്നാൽ, സമ്പൂർണ്ണവുമായ ഓരോ വിജ്ഞാനകോശമാണ് ഈ പുസ്തകത്തിലുള്ളത്.

പൗരസ്ത്യറീത്തുകളുടെ ആരാധനക്രമഭാഷയേയും തിരുവസ്ത്രങ്ങളേയുംകുറിച്ചു പ്രതിപാദിക്കുന്നഭാഗം ആരാധനക്രമത്തിന്റെ ആഭ്യന്തരകാര്യങ്ങളിലേക്കു വെളിച്ചംവീശുന്നുണ്ട്. ആരാധനക്രമഭാഷയും തിരുവസ്ത്രങ്ങളുടെ രൂപഭേദങ്ങളും സംബന്ധിച്ചുള്ള നിയമങ്ങളും രീതികളും അതു വ്യക്തമാക്കുന്നു. പൊതുവിൽ, അവയ്ക്കുപിന്നിലുള്ള ആത്മപാലനപരവും ആരാധനക്രമസംബന്ധവുമായ ക്രമീകരണവും പ്രവർത്തനവും അതു വിശദമാക്കുന്നു. ആരാധനക്രമത്തെപ്പററി വിശദപഠനം നടത്തുന്നവരുടെ ഇടയിൽ മാത്രമല്ല സഭയിലെ ഉന്നതമേലധികാരികൾക്കിടയിൽപോലും ആരാധനക്രമത്തിന്റെ വിവിധഘടകങ്ങളെക്കുറിച്ച് വിപുലവും വിശാലവുമായ അന്വേഷണതല്പരത ഈ കഴിഞ്ഞ കാലസന്ധികളിൽ വളർന്നുവന്നിട്ടുണ്ട്. ആരാധനക്രമഭാഷയെന്ന വിഷയം വളരെയധികം പഠിക്കുകയും പരിചിന്തിക്കുകയും ചെയ്ത ഒരു വിഷയമാണ്. ചൂടുപിടിച്ച ഒരു ചർച്ചാവിഷയമായിരുന്നു അത്. വാസ്തവത്തിൽ, പൗരസ്ത്യറീത്തുകളെ സംബന്ധിച്ച് തത്ഥ

www.malankaralibrary.com

ത്തിൽ അതൊരു പ്രശ്നമാകേണ്ടതല്ല. കാരണം, അതതുസ്ഥലത്തെ ദേശീയഭാഷ ആരാധനക്രമത്തിലും ഉപയോഗിക്കുക എന്ന തത്വമാണ് പണ്ടുമുതലേ പൗരസ്ത്യസഭകൾക്കുള്ളത്. പ്രഥമകോറിന്ത്യാലേഖനത്തിൽ അക്കാര്യം വ്യക്തമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. സഭയുടെ ആരംഭകാലത്ത് ഹീബ്രുവല്ല, അറമായിക്കായിരുന്നു ആരാധനഭാഷ. പിൽക്കാലങ്ങളിൽ വിവിധഭാഷക്കാരായ വർഗ്ഗക്കാരും ദേശക്കാരും ക്രിസ്തുമതാവലംബികളായതോടെ അവരവരുടെ തനതു ഭാഷകളിൽ ആരാധനക്രമവും രൂപപ്പെട്ടുവരികയാണുണ്ടായത്. ജനങ്ങളുടെ സംസാരഭാഷ മാറുന്നതനുസരിച്ച് അവരുടെ ആരാധനക്രമഭാഷയും മാറുന്നതായി നാം കാണുന്നു. അങ്ങനെ, പഴയ രൂപങ്ങളിൽനിന്നു പുതിയ രൂപങ്ങളിലേക്കു ആരാധനക്രമം വഴിമാറി. പാശ്ചാത്യസഭ ലത്തീൻഭാഷയെ ആരാധനക്രമഭാഷയായി പ്രതിഷ്ഠിച്ചു. രണ്ടാംവത്തിക്കാൻ സൂനഹദോസിന്റെ കാലംവരെ വിട്ടുവീഴ്ചയില്ലാത്ത ഉറച്ചൊരുനിലപാടാണ് ഇക്കാര്യത്തിൽ അവർ സ്വീകരിച്ചുപോന്നത്. എന്നാൽ, പൗരസ്ത്യസഭയുടെ നിലപാട് അതായിരുന്നില്ല. ജനങ്ങളുടെ കർമ്മോത്സുകഭാഗഭാഗിത്വത്തിനും സജീവമായ ആരാധനക്രമം കെട്ടിപ്പടുക്കുന്നതിനും ഉപകരിക്കത്തക്കവണ്ണം തുറന്നൊരു നിലപാടായിരുന്നു അത്. ദേശീയഭാഷയുടെ മാററത്തിനൊത്ത് ആരാധനക്രമഭാഷ മാറുക എന്ന സാമാന്യനിയമത്തിനു അപവാദമായി ചുരുക്കം ചില പൗരസ്ത്യറീത്തുകളെ മാത്രമേ ചൂണ്ടിക്കാട്ടാനുള്ളു. അതിനുള്ള കാരണങ്ങൾ പലതാണുതാനും. ചില പൗരസ്ത്യറീത്തുകളുടെ കാര്യത്തിൽ അവരുടെ പുരാതനഭാഷയോടുള്ള അതിയായ മമതകൊണ്ടുണ്ടായ വൈമനസ്യമായിരിക്കാം കാരണം. കർത്താവിന്റെ സംസാരഭാഷയായിരുന്ന അറമായിക്കിന്റെകാര്യത്തിൽ ഇതാണു സംഭവിച്ചത്. മററു ചിലയവസരങ്ങളിൽ, പുതിയ പുതിയ ദേശീയഭാഷകൾക്ക് മതവിരുദ്ധപ്രസ്ഥാനങ്ങളോടുണ്ടായിരുന്ന അമിതമായ വേഴ്ച കാരണമായിരിക്കാം. വേറെചിലപ്പോൾ ആരാധനാചാരികങ്ങളുടെ രഹസ്യസ്വഭാവം നിലനിർത്തണമെന്ന താല്പര്യം കാരണമായിരിക്കാം. പാശ്ചാത്യറീത്തുകൾ മുറുകെപ്പിടിച്ചുപോന്ന അയവില്ലാത്ത നിലപാടിന്റെ സ്വാധീനതാശക്തിയും ചില റീത്തുകളുടെ കാര്യത്തിൽ പ്രേരകമായെന്ന വസ്തുത വിസ്മരിച്ചുകൂടാ. സുറിയാനി ആരാധനക്രമത്തിൽ മലയാളഭാഷ ഉപയോഗിക്കാമെന്ന പരിശുദ്ധസിംഹാസനത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനമൂല്യം കുടികൊള്ളുന്നതു ജനങ്ങളുടേതായ ഒരാരാധനക്രമത്തിന്റെ പുനരുജ്ജീവനം എന്ന

www.malankaralibrary.com

പ്രബുദ്ധമായ ചിന്തയുടെ ആഴത്തിലാണ്. വിശുദ്ധ കുർബാനയെക്കുറിച്ച് ഒരു പുതിയ യാഥാർത്ഥ്യബോധം ഓരോ മനുഷ്യന്റെ ഉള്ളിലും ഉണരേണ്ടിയിരിക്കുന്നു. വിശുദ്ധ കുർബാനയുടെ ഭാഗങ്ങളെക്കുറിച്ചും കർമ്മാനുഷ്ഠാനങ്ങളെക്കുറിച്ചും നല്കപ്പെടുന്ന നിരർത്ഥകങ്ങളായ വ്യാഖ്യാനങ്ങളിൽനിന്നും ഉടലെടുത്തിട്ടുള്ള സന്ദേഹപരങ്ങളായ പ്രതിരൂപകല്പനകളും വികലപ്രത്യവലോകനങ്ങളും പരിവർജ്ജിക്കേണ്ടകാലം കഴിഞ്ഞിരിക്കുകയാണ്. ഈ പുതിയ യാഥാർത്ഥ്യബോധം, വിശുദ്ധ കുർബ്ബാനയെ ചുററിപ്പററിനില്ക്കുന്ന നിരവധി അവ്യക്തങ്ങളും അഗ്രാഹ്യങ്ങളുമായ ആചാരങ്ങളുടേയും കർമ്മങ്ങളുടേയും അധികൃതമായ അർത്ഥം പ്രകാശിപ്പിക്കും. ഇപ്പറഞ്ഞതു് ആരാധനക്രമത്തിന്റെ ചില ഭാഗങ്ങളുടെ കാര്യത്തിൽ മാത്രമല്ല, വിശുദ്ധ കുർബാനയ്ക്കുപയോഗിക്കുന്ന തിരുവസ്ത്രങ്ങളുടേയും ഇതരവസ്തുക്കളുടേയും കാര്യത്തിലും വാസ്തവമാണ്.

ഈ പുസ്തകത്തിന്റെ അടുത്തപടി പുരാതനത്വത്തിലും അവിച്ഛിന്നപിൻതുടർച്ചയിലും സ്വഭാവനൈർമ്മല്യത്തിലും അടിയുറച്ച സീറോ–മലബാർ റീത്തിന്റെ സംപൂർണ്ണതയും സമ്പന്നതയും വിശദീകരിക്കുന്നതിനു വിനിയോഗിച്ചിരിക്കുകയാണ്. സീറോ–മലബാർറീത്തിന്റെ ചരിത്രപരവും ആദ്ധ്യാത്മികവും കർമ്മപരവുമായ നാനാവശങ്ങളേയും ഈ ഗ്രന്ഥകാരന്മാർ പ്രതിപാദിക്കുന്നുണ്ട്. എന്നാൽ, വെറും രണ്ടദ്ധ്യായംകൊണ്ടു് പ്രസ്തുത റീത്തിന്റെ സകല വശങ്ങളും സമഗ്രമായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ടെന്നു പറഞ്ഞാൽ അതു തീർച്ചയായും പരമാർത്ഥമാവുകയില്ല. സൂക്ഷ്മമായിപ്പറഞ്ഞാൽ, സീറോ–മലബാർ റീത്തിന്റെ പ്രധാനഭാഗങ്ങളെ ഇതിൽ അനാവരണം ചെയ്തിട്ടുണ്ട്. വി. കുർബാന, കാനോൻനമസ്കാരം, ആരാധനാവത്സരം, കൂദാശകൾ, കൂദാശികങ്ങൾ, ഹൈരാർക്കി തുടങ്ങി ഇവയെ സംബന്ധിക്കുന്ന ചാക്രികലേഖനങ്ങളുൾപ്പെടെ വളരെയേറെക്കാര്യങ്ങൾ വിശദമാക്കിയിട്ടുണ്ട്. പുരാതനമായ ഈ റീത്തിനെ സ്നേഹിക്കുന്നുണ്ടെങ്കിലും പാശ്ചാത്യകൈകടത്തലുകളിൽനിന്നും സങ്കലനങ്ങളിൽനിന്നും രൂപംകൊണ്ട കർമ്മാനുഷ്ഠാനങ്ങൾ ഇഷ്ടപ്പെടുന്ന പലരും ഇന്നുണ്ടല്ലോ. അതിപുരാതനമായ ഈ റീത്തിന്റെ പുനരുദ്ധാരണത്തിന്റെ ആവശ്യകത ഇനിയും വേണ്ടവിധം മനസ്സിലാക്കാത്തവരെ ഉദ്ദേശിച്ചാണ് മുഖ്യമായും ഈ ഭാഗം വിരചിതമായിട്ടുള്ളതു്. അടുത്തുവരുന്ന അദ്ധ്യായത്തിന്റെ ഉള്ളടക്കത്തിൽനിന്നു് അക്കാര്യം വ്യക്തമാണ്. ഒരു പുനരുദ്ധാരണചരിത്രം എഴുതിപ്പിടിപ്പിക്കുക മാത്രമല്ല, പുനരുദ്ധ

www.malankaralibrary.com

രിക്കപ്പെട്ട വി. കർബാനയുടെ വിവിധഭാഗങ്ങളുടെ വിശദീകരണം നല്ലകൂടി ചെയ്തിട്ടുണ്ട്. വളരെ പ്രധാനപ്പെട്ട ഒരദ്ധ്യായമാണിത്; അത്യധികം ആകർഷകത്വവുമുണ്ട്. സീറോ-മലബാർ റീത്തിൽ അർപ്പിക്കപ്പെടുന്ന വി. കുർബ്ബാനയെ മനസ്സിലാക്കണമെങ്കിൽ ഇതിൽ പ്പറയുന്ന കാര്യങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. വിശുദ്ധ കുർബാനയുടെ ഓരോഭാഗവും എന്തു സൂചിപ്പിക്കുന്നുവെന്നും അതർത്ഥമാക്കുന്നതെന്തെന്നും നമ്മുടെ ജനങ്ങൾ മനസ്സിലാക്കുക അനിവാര്യമത്രേ. കുർബാനയിലെ പ്രാർത്ഥനകളും പരികർമ്മങ്ങളും ജനങ്ങൾ വേണ്ടവിധം മനസ്സിലാക്കണമല്ലോ.

അവസാനമായി, "മാപ്പാപ്പമാരും പൗരസ്ത്യറീത്തുകളും", "ആരാധനക്രമവും ജീവിതവും" എന്ന രണ്ടദ്ധ്യായങ്ങൾകൂടി ഈ പുസ്തകത്തിലുണ്ട്. രണ്ടാംവത്തിക്കാൻ സൂനഹദോസിൻെറ ശുഭമുഹൂർത്തത്തിൽ വളരെയേറെ കാലോചിതമായിട്ടുണ്ട് പ്രസ്തുതാദ്ധ്യായങ്ങൾ രണ്ടും. പൗരസ്ത്യസഭകളെക്കുറിച്ചുള്ള സഭയുടെ പഠനവും പരിശുദ്ധസിംഹാസനത്തിൻെറ മനോഭാവവും എവർക്കും സുവിദിതമാണല്ലോ. പൗരസ്ത്യ കാനോൻ സംഹിതയായ "ക്ലേറി സാംക്'തിത്താത്തി"യിലേ പ്രഥമ കാനോൻതന്നെ ഇങ്ങനെയാണ്: "പൗരസ്ത്യറീത്തുകളുടെ അത്യുൽകൃഷ്ടമായ പുരാതനത്വം തിരുസഭയുടെ ശോഭയേറിയ ആഭരണമാണ്. അവ കത്തോലിക്കാവിശ്വാസത്തിൻെറ അതിവിശുദ്ധമായ ഏകത്വത്തെ സ്ഥിരീകരിക്കുന്നു. അവ സകല ബഹുമാനാദരവുകളോടെയും പരിരക്ഷിക്കപ്പെടണം. രണ്ടാംവത്തിക്കാൻ സൂനഹദോസ് പാസാക്കിയ അതിവിശിഷ്ടമായ ഡിക്രിയുടെ ആമുഖത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: 'സഭയിൽ നിയമാനുസൃതം അംഗീകൃതമായിട്ടുള്ള എല്ലാറീത്തുകൾക്കും വിശുദ്ധ മാതാവായ സഭ തുല്യ അവകാശവും പദവിയുമാണു നല്കുന്നതെന്ന വസ്തുത ഈ സൂനഹദോസ് പാരമ്പര്യാനുസരണം പ്രഖ്യാപനം ചെയ്യുന്നു. മേലിലും എല്ലാറീത്തുകളിലും അഭംഗുരം സംരക്ഷിക്കപ്പെട്ടുതണമെന്നും എല്ലാപ്രകാരേണയും അവ പ്രോത്സാഹിപ്പിക്കപ്പെടണമെന്നുമാണ സഭയുടെ അഭിലാഷം. ആവശ്യം നേരിടുന്ന സന്ദർഭങ്ങളിൽ, സജീവമായ പാരമ്പര്യത്തിൻെറ വെളിച്ചത്തിൽ റീത്തുകൾ സശ്രദ്ധം പരിഷ്കരിക്കപ്പെടണമെന്നും ആധുനിക കാലത്തിൻെറ ആവശ്യങ്ങളേയും പരിതസ്ഥിതികളേയും അഭിമുഖീകരിക്കത്തക്കവണ്ണം അവയ്ക്കു പുതിയ ചൈതന്യം പ്രദാനം ചെയ്യണമെന്നും ഈ സൂനഹദോസ് അഭിലഷിക്കുന്നു' [1]. പൗരസ്ത്യറീത്തുകളെക്കുറിച്ചു ചിന്തിക്കുമ്പോൾ രണ്ടു തത്വങ്ങൾ നമ്മുടെ കൺമുൻപിലുണ്ടായി

www.malankaralibrary.com

രിക്കണം: 1) മതാത്മകമായ ബഹുമാനാദരവുകൾ ഓരോ റീത്തിന്റെ നേരെയും പുലർത്തപ്പെടണം. കാരണം, സഭയുടെ സജീവമായ നിക്ഷേപത്തിന്റെ ഭാഗമാണ് അവയുടെ പാരമ്പര്യാചാരങ്ങൾ. 2) സജീവമായ പാരമ്പര്യങ്ങളുടെ വെളിച്ചത്തിൽ ഓരോ റീത്തും നവീകരിക്കപ്പെടണം. വീണ്ടുവിചാരമുള്ള ഒരു മാതാവിനെപ്പോലെയാണ തിരുസഭ. അവൾ നവീകരണത്തിലേക്ക് എടുത്തുചാടാറില്ല. ഒരിക്കൽ അവൾ കർമ്മോദ്യുക്തയായാൽ അഖിലലോകത്തേയും ചലിപ്പിക്കും, പ്രയോജനപ്രദമാക്കും. ഇന്നവൾ കർമ്മരംഗത്തേയ്ക്കിറങ്ങിയിരിക്കുകയാണ്. ആരാധനക്രമജീവിതവും ക്രൈസ്തവൈക്യവുമാണ് ആ കർമ്മരംഗം. പുനരുജ്ജീവനസംരംഭത്തിന്റെ ഈ ഉദയത്തിൽ പൗരസ്ത്യ റീത്തുകൾക്ക് അദ്വിതീയമായ ഒരു രംഗം അഭിനയിക്കുവാനുണ്ട്. ആധുനികകാലത്തിന്റെ ആവശ്യങ്ങളേയും വ്യവസ്ഥിതികളേയും അഭിമുഖീകരിക്കത്തക്കവണ്ണം അഭിനവമായ ഉണർവും ഉത്തേജനവും അവയ്ക്കു നല്കപ്പെടേണ്ടിയിരിക്കുന്നു.

ആരാധനക്രമജീവിതത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു നമ്മുടെ വൈദികർക്കും അല്മായർക്കും കൂടുതൽ കൂടുതൽ അവബോധമുണ്ടാകാൻ നമുക്കാശംസിക്കാം[2]. ആധുനികലിററർജിക്കൽപ്രസ്ഥാനം ശക്തിയാർജ്ജിച്ചു മുന്നേറുകയാണിന്ന്. അത് ഉപര്യുപരി വിശാലമായ ചക്രവാളസീമകളെ അനുസ്യൂതം തുറന്നിടുകയാണ്. അങ്ങനെ അത് ഒട്ടനേകം ആത്മാക്കളെ മൗതികശരീരത്തിന്റെ കരുത്തുററ അംഗങ്ങളാക്കി, കൂടുതൽ ഈടുള്ള ക്രിസ്തീയജീവിതത്തിനു രൂപംകൊടുത്തുകൊണ്ടിരിക്കുകയാണ്. ചിലരെ സംബന്ധിച്ചിടത്തോളം ആരാധനക്രമം വെറും ബാഹ്യവും ആഡംബരപൂർണ്ണവുമായ കുറെ കർമ്മാനുഷ്ഠാനങ്ങളായിരുന്നു. സാർവ്വത്രികമായ ഒരു നിസ്സംഗമനസ്ഥിതിയായിരുന്നു അതിന്റെ പരിണതഫലം. "യേശുക്രിസ്തുവിൽ സകലതും ഏകോപിപ്പിക്കുക" എന്നതിന്റെ സ്പഷ്ടമായ ആശയം ഇന്നു ജനങ്ങൾക്കു ബോധപ്പെട്ടുവരികയാണ്. വി. പത്താംപീയൂസ്, ബനഡിക്റ്റ് പതിനാലാമൻ, പീയൂസ് പന്ത്രണ്ടാമൻ, പോൾ ആറാമൻ തുടങ്ങിയ മാർപ്പാപ്പമാരുടെ നിരന്തരമായ ആഹ്വാനങ്ങളുടെ പരിണതഫലമാണിത്. മൗതികശരീരത്തിന്റെ ഓരോ സിരാതന്തുവിലും വ്യാപരിക്കുന്നത് ആരാധനക്രമത്തിലെ ചൈതന്യപ്രസരിപ്പാണ്. വസ്തുനിഷ്ഠമായ ആദ്ധ്യാത്മിക ജീവിതത്തിന്റെ പരമപ്രധാനമായ ഉദാഹരണം ആരാധനക്രമത്തിൽ ദൃശ്യമാണ്. കാരണം, ആരാധനക്രമം ദൈവ

www.malankaralibrary.com

ത്തിലും സ്വന്തവ്യക്തിത്വത്തിലും അധിഷ്ഠിതമായിരിക്കുന്നു. ആരാധനക്രമം സഭയുടെ ആരാധനയാണു്. സഭ ഒരു ശരീരമാണു്. സകല വ്യക്തികളേയും സകല ജനവിഭാഗങ്ങളേയും തന്നിലടക്കിച്ചേർത്തുകൊണ്ടു് അവയെയെല്ലാം കവിഞ്ഞു നിലകൊള്ളുന്ന ഒരു ശരീരമാണതു്.[3] ദൈവമാണു് അതിൽ ആദരിക്കപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്യുക. സ്വകാര്യമോ സാമൂഹ്യമോ ആയ ഭക്ത്യാഭ്യാസങ്ങളൊക്കെ പരിത്യജിക്കേണ്ടവയാണെന്നു് ഇതിൽനിന്നർത്ഥമാക്കേണ്ടതില്ല. ക്രിസ്തീയജീവിതത്തിന്റെ സമഗ്രത ആരാധനാക്രമമല്ലാത്തതുപോലെ, പ്രാർത്ഥനയ്ക്കുള്ള ഏകമാർഗ്ഗവും ആരാധനാക്രമമല്ലതന്നെ[4]. നമ്മുടേതായ സ്വകാര്യപ്രാർത്ഥനകളും രീതികളും ആവശ്യകങ്ങളത്രേ. ക്രിസ്തീയജീവിതത്തിൽ പ്രവർത്തനങ്ങളുടെ ആവശ്യം വളരെയുണ്ടു്[5]. സജീവമായ ആരാധനക്രമം സ്നേഹത്തിലേക്കുള്ള ഒരാഹ്വാനമാണു്— ധ്യാനചിന്തകളാൽ പ്രശോഭിതമായ ബുദ്ധിപരമായ സ്നേഹത്താലും ക്രിസ്തുവിനാൽ പരിപൂതമാക്കപ്പെട്ട വികാരതീവ്രതയിൽനിന്നു സമ്പൂർണ്ണ ആത്മനിർവൃതി കൈവന്ന ഇച്ഛാപരമായ സ്നേഹത്താലും യേശുക്രിസ്തുവിനെ സ്നേഹിക്കാൻ. ആരാധനാജീവിതത്തിൽ എത്ര ആഴമായി നാം നിമഗ്നമാകുന്നുവോ അത്രവേഗത്തിൽ നമുക്കു ബോധ്യപ്പെടും, "യേശുക്രിസ്തുവിൽ സമസ്തവും പുനഃസ്ഥാപിക്കുക" എന്നു വി. പത്താംപീയൂസ് ഉയർത്തിപ്പിടിച്ച ആശയത്തിന്റെ പൊരുൾ.

ഫാ. മൈക്കൾ എയിഞ്ചൽ

പൊന്തിഫിക്കൽ സെമ്മിനാരി
ആലുവാ
മാർച്ചു് 1, 1964

1. 2–ാംവത്തിക്കാൻ സൂനഹദോസ് പാസാക്കിയ ഡിക്രി No. 4
2. ,, ,, 7
3. ,, ,, 5
4. ,, ,, 9
5. ,, ,, 12

www.malankaralibrary.com

# ഉള്ളടക്കം


| | | |
|---|---|---|
| I | ആരാധനക്രമവും റീത്തും | 1- 26 |
| II | റീത്തുകൾ-ഉത്ഭവം, വികസനം, വിഭജനം | 27- 45 |
| III | ബൈസൻറയിൻ റീത്ത് | 46- 74 |
| IV | അന്ത്യോക്യൻ റീത്ത് | 75-104 |
| V | അലക്സാണ്ഡ്റിയൻ റീത്ത് | 105-121 |
| VI | അർമ്മേനിയൻ റീത്ത് | 122-134 |
| VII | കൽദായറീത്ത് | 135-150 |
| VIII | ആരാധനക്രമവും ഭാഷയും | 151-171 |
| IX | പൗരസ്ത്യസഭകളിലെ തിരുവസ്ത്രങ്ങൾ | 172-176 |
| X | സീറോമലബാർ റീത്ത് | 177-203 |
| XI | പുനരുദ്ധരിക്കപ്പെട്ട സീറോമലബാർ റീത്ത് | 204-231 |
| XII | പൗരസ്ത്യറീത്തുകളും പ. മാപ്പാപ്പമാരും | 232-253 |
| XIII | ആരാധനക്രമവും ജീവിതവും | 254-280 |


www.malankaralibrary.com

ഞങ്ങളുടെ പൗരോഹിത്യ
സ്വീകരണത്തിന്റെ
പാവനസ്മരണയ്ക്കു്

www.malankaralibrary.com

# I

# ആരാധനക്രമവും റീത്തും

## പ്രപഞ്ചം ദൈവത്തിൻെറ കരവേല

" കർത്താവിൻെറ സകല പ്രവൃത്തികളേ, കർത്താവിനെ സ്തുതിക്കുവിൻ. നിത്യമായി അവിടുത്തെ സ്തുതിക്കുവിൻ..... സൂര്യനേ, ചന്ദ്രനേ,...പർവ്വതങ്ങളേ, ആകാശത്തിലെ പറവകളേ, സകലമൃഗങ്ങളേ, ജീവജാലങ്ങളേ, മാനവരേ കർത്താവിനെ സ്തുതിക്കുവിൻ".[1] ജ്വലിക്കുന്ന തീച്ചൂളയിലേയ്ക്കു് എറിയപ്പെട്ട അനനിയാസ്, അസറിയാസ്, മീസായേൻ എന്നീ ബാലന്മാർ പാടിയ ഈ കീർത്തനം ഏകനും പുരുഷാത്മകനുമായ ദൈവത്തോടുള്ള അതിവിശിഷ്ടമായ ഒരു പ്രാർത്ഥനാമഞ്ജരിയാണു്. ദൃശ്യപ്രപഞ്ചം മുഴുവനും ആഹ്വാനം ചെയ്യപ്പെട്ടിരിക്കയാണിവിടെ, കർത്താവിനെ സ്തുതിക്കുവാൻ. കാരണം, അവയെല്ലാം അവിടുത്തെ സൃഷ്ടിയാണു്, കരവേലയാണു്.

1) Dan. 3: 56-82; cf. also Ps. 19 and 148

www.malankaralibrary.com

മനോഹരമായ ഈ പ്രാർത്ഥന നൂററാണ്ടുകൾക്കപ്പുറം, സമയാരംഭത്തിലേക്കു്, സൃഷ്ടികർമ്മത്തിലേക്കുതന്നെ, നമ്മെ നയിക്കുന്നു. അവിടെ നാം കാണുന്നു, ദൈവം പ്രപഞ്ചത്തെയും അതിലുള്ള എല്ലാററിനെയും സൃഷ്ടിക്കുന്നതായി; അവിടുന്നു തൻെറ സർവ്വശക്തമായ 'ഉണ്ടാവട്ടെ' പ്രഖ്യാപിച്ചപ്പോൾ സമസ്തവും ശൂന്യതയിൽനിന്നു് അസ്തിത്വത്തിലേക്കു പിടഞ്ഞെഴുന്നേല്ക്കുന്നതായി-നീലാകാശവും അലയാഴിയും അന്തമററ മണലാരണ്യവും മലരണിഞ്ഞ മാമരങ്ങളും മഞ്ഞണിഞ്ഞ മലയോരങ്ങളും നീലവിഹായസ്സിൽ പൊൻചിറകടിച്ചു പറന്നുല്ലസിക്കുന്ന പക്ഷികളും ഘോരവനങ്ങളിൽ സൈ്വരൃവിഹാരം ചെയ്യുന്ന വന്യമൃഗങ്ങളും, അതേ, പുൽക്കൊടിമുതൽ പൂർവ്വാചലംവരെ എല്ലാമെല്ലാം ആ 'ഉണ്ടാവട്ടെ' ശ്രവിച്ചു പിടഞ്ഞെഴുന്നേററു. എന്തിനു്? ദൈവത്തിനു് ആരാധന സമർപ്പിക്കുവാൻ.

## മനുഷ്യൻ സൃഷ്ടിസാകല്യത്തിൻെറ മണിമകുടം

പക്ഷേ, ആതാ, അവിടെയുമുണ്ടു് ഒരു പ്രത്യേകത. സൃഷ്ടികർമ്മത്തിൻെറ അവസാനദിവസം ദൈവം തൻെറ പ്രവർത്തനരീതിക്കു മാററം വരുത്തുന്നു! അന്നു് അവിടുന്നു് 'ഉണ്ടാവട്ടെ' ഉരുവിട്ടില്ല. മറിച്ചു്, അവിടുന്നാലോചിച്ചു: "നമ്മുടെ സാദൃശ്യത്തിലും ഛായയിലും നമുക്കു മനുഷ്യനെ ഉണ്ടാക്കാം".[1] അവിടുന്നു കളിമണ്ണെടുത്തു് ഒരു മനുഷ്യരൂപമുണ്ടാക്കി അതിൽ ഊതി. ഓ, അത്ഭുതം! അതു പിടഞ്ഞെഴുന്നേററു. മനുഷ്യൻ! ദൈവത്തിൻെറ ഛായയും സാദൃശ്യവുമുള്ള മനുഷ്യൻ! അമർത്ത്യമായ ആത്മാവോടുകൂടിയ മനുഷ്യൻ! സൃഷ്ടിസാകല്യത്തിൻെറ മണിമകുടമായ മനുഷ്യൻ! ദൈവം മനുഷ്യൻെറ ആത്മാവിൽ ബുദ്ധിയും മനസ്സും നിക്ഷേപിച്ചുകൊണ്ടു് അവനെ മററ സൃഷ്ടികളിൽനിന്നു വ്യതിരിക്തനാക്കി.

1) Gen. 1:26

www.malankaralibrary.com

വാസ്തവത്തിൽ സൃഷ്ടികർമ്മത്തെപ്പററി വേദപുസ്തകം നല്കുന്ന പ്രൌഢഗംഭീരമായ പ്രതിപാദനവും ആത്മാവിനെ ഹർഷപരവശമാക്കുന്ന മൂന്നു ബാലന്മാരുടെ സ്തുതിപ്പും ദൈവം, പ്രപഞ്ചം എന്നിവയെസ്സംബന്ധിക്കുന്ന അതിമഹത്തായ ദൈവശാസ്ത്രത്തിൻെറ ആമുഖമാണു്. സനാതനസത്യങ്ങളുടെ ഉള്ളറകളെ തുറന്നുകാണിക്കുന്ന താക്കോലുകളാണവ: ദൈവം എല്ലാററിൻേറയും സ്രഷ്ടാവ് - ദൈവമൊഴികെ ഉള്ളതെല്ലാം സൃഷ്ടിക്കപ്പെട്ടവ. അവ അസ്തിത്വത്തിൽ നിലനില്ക്കുന്നതിനു പൂർണ്ണമായും സ്രഷ്ടാവിനെ ആശ്രയിക്കുന്നു. ഈ ആശ്രയത്വം ദൈവത്തിൻെറ അധീശത്വത്തെ അംഗീകരിക്കുവാൻ അവയോടാവശ്യപ്പെടുന്നു. മാത്രമല്ല, ദൈവത്തിനു് ആരാധന സമർപ്പിക്കുവാനും.

## പ്രാപഞ്ചികാരാധന (Cosmic Liturgy)

ദൈവം തൻെറ മഹത്വത്തിനും നന്മയുടെ പ്രകാശനത്തിനുമായി സകലവും സൃഷ്ടിച്ചു. സൃഷ്ടികൾ അതതിൻെറ പ്രകൃതിക്കനുയോജ്യമായി ദൈവത്തെ മഹത്വപ്പെടുത്തുന്നു. നീലാകാശത്തിൻെറ നിശ്ശബ്ദമായ അത്ഭുതധോരണിയും മാരിവില്ലിൻെറ കണ്ണഞ്ചിക്കുന്ന കാന്തിയും പൊട്ടിവിടരുന്ന പ്രഭാതത്തിൻെറ സൗന്ദര്യവും വസന്തരാവിലെ കുളിർകാററിൻെറ മൃദുലമായ തലോടലും എല്ലാമെല്ലാം സ്രഷ്ടാവിൻെറ മഹത്വം ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്നു. ഇവ ദർശിച്ചിട്ടാണു രാജപ്രവാചകൻ വിളിച്ചുപറഞ്ഞതു്: "ആകാശങ്ങൾ ദൈവത്തിൻെറ മഹത്വം വെളിപ്പെടുത്തുന്നു, ആകാശത്തട്ട് അവൻെറ കരവേലയെ വിളിച്ചറിയിക്കുന്നു." മഞ്ഞണിഞ്ഞ മാമലകൾ സ്തോത്രഗീതം പാടുന്നു; ചക്രവാളങ്ങളെ മുട്ടിയുരുമ്മിനിൽക്കുന്ന ഗിരിശൃംഗങ്ങൾ പ്രപഞ്ചനാഥനു കൂപ്പുകൈ സമർപ്പിക്കുന്നു — ഒരു സാർവ്വത്രികാരാധനയുടെ പ്രതീതി. പക്ഷികൾ അവയുടെ കളകൂജനങ്ങളിലൂടെ, മത്സ്യങ്ങൾ അവയുടെ നീന്തിത്തുടിപ്പിലൂടെ സ്രഷ്ടാവിനെ

www.malankaralibrary.com

മഹത്വപ്പെടുത്തുന്നു. ലോരവനങ്ങളിലെ ഗജവീരന്മാരുടെ അലർച്ചയും രാജകേസരികളുടെ ഗർജ്ജനങ്ങളും ദൈവസ്തുതി കീർത്തനങ്ങളാണു്. ചുരുക്കത്തിൽ, ആ മൂന്നുബാലന്മാർ ആലപിച്ച കീർത്തനംതന്നെ പ്രപഞ്ചത്തിൻെറ നാവിലൂടെ പുറത്തുവരുകയാണു്: "നിങ്ങൾ കർത്താവിനെ സ്തുതിക്കുവിൻ, നിങ്ങൾ കർത്താവിനെ സ്തുതിക്കുവിൻ." അചേതനവസ്തുക്കളും സചേതനങ്ങളിൽ ബുദ്ധിഹീനവസ്തുക്കളും ദൈവത്തിനു നല്കുന്ന ഈ മഹത്വമാണു പ്രാപഞ്ചികാരാധന.

## ദൈവവും മനുഷ്യനും

മനുഷ്യൻ എന്തുകൊണ്ടു ദൈവത്തെ പ്രത്യേകമായ വിധത്തിൽ ആരാധിക്കണമെന്നു മനസ്സിലാക്കുക അത്ര വിഷമകരമല്ല. അവൻ ഉൽകൃഷ്ടസൃഷ്ടിയാണു്, സവിശേഷസൃഷ്ടിയാണു്. ശ്രേഷ്ഠദാനങ്ങളായ ബുദ്ധിയും ഇച്ഛാശക്തിയും അവനുമാത്രം നൽകപ്പെട്ടിരിക്കുന്നു. അവയുടെ പ്രവർത്തനങ്ങൾ വഴി ദൈവത്തെ സ്തുതിക്കുവാൻ ബാദ്ധ്യസ്ഥനാണവൻ. ദൈവത്തിനു യഥാർത്ഥമഹത്വം (formal glory) കരേററുവാൻ അവനുമാത്രമേ കഴിയൂ. പ്രപഞ്ചത്തിൻെറ പ്രധാനാചാര്യനായ മനുഷ്യൻതന്നെയും തന്നിലൂടെ പ്രപഞ്ചത്തേയും അവിടുത്തേക്കു സമർപ്പിക്കണം. ചരിത്രത്തിൻെറ പൊൻപുലരിയിൽ ഭൂമിയുടെ ഭരണാധികാരം ദൈവം അവനെയാണു് ഏല്പിച്ചതു്. വി. മാക്സിമസ് പറയുന്നതുപോലെ, ആദാമിൻെറ പ്രധാനദൗത്യം സ്ഥലകാലസത്താവൈപരീത്യങ്ങളെല്ലാം തന്നിൽ അന്തരഞ്ജിപ്പിച്ചു ദൈവത്തിനു സമർപ്പിക്കുക എന്നതായിരുന്നു.[1]

## മനുഷ്യൻ, സാമൂഹ്യജീവി, സമൂഹാരാധന

മനുഷ്യൻ ആത്മാവും ശരീരവുംകൂടിയ സങ്കരജീവിയാണു്. പൂർണ്ണാത്മാവോടും പൂർണ്ണശരീരത്തോടും കൂടെ ദൈ

1) *De Ambiguis*, PG t. 91, Col. 1308

www.malankaralibrary.com

വത്തെ ആരാധിക്കുക അവന്റെ കടമയാണ്; അതിനവനു കഴിവുമുണ്ട്. ആത്മാവിന്റെ - ബുദ്ധിയുടേയും മനസ്സിന്റേയും - പ്രവർത്തനങ്ങൾ ആന്തരികമാണല്ലോ. ആന്തരികമായവ ബാഹ്യമായി പ്രകാശിപ്പിക്കപ്പെടാതെ സാഫല്യമടയുകയില്ല. തന്നിമിത്തം, ദൈവത്തെ ബുദ്ധികൊണ്ടറിയുന്നതിലും ഹൃദയം കൊണ്ടു സ്നേഹിക്കുന്നതിലും, സർവ്വോപരി, ആന്തരികാരാധനയെ ബാഹ്യമായി പ്രകാശിപ്പിച്ചു പൂർത്തീകരിക്കുന്നതിലുമത്രേ യഥാർത്ഥമായ ആരാധന അടങ്ങിയിരിക്കുന്നത്. മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. സമൂഹം ഒരു ധാർമ്മിക സ്ഥാപനം (സംഘടന) എന്നനിലയിൽ ദൈവത്തെ സ്രഷ്ടാവും പരമാന്ത്യവുമായി അറിഞ്ഞാരാധിക്കാൻ കടപ്പെട്ടിരിക്കുന്നു. ഒരു സമൂഹത്തിന്റെ പ്രവർത്തനങ്ങൾ, പൊതുവും ബാഹ്യവുമായിരിക്കുന്നതുപോലെ, ആരാധനക്രമവും പൊതുവും ബാഹ്യവുമായിരിക്കണം. സാമാന്യബുദ്ധി മാത്രമല്ല, വെളിപാടും ഇതാവശ്യപ്പെടുന്നു. അങ്ങനെ, സമൂഹം ബോധപൂർവ്വം നടത്തുന്ന ദൈവാരാധനയാണ് - കടമനിർവ്വഹണമാണ് - ആരാധനക്രമം, അഥവാ 'ലിററർജി'.

## ആരാധനക്രമം അഥവാ ലിററർജി [1]

### വാച്യാർത്ഥം

'ലിററർജി' എന്ന ഇംഗ്ലീഷുവാക്കിന്റെ ഉത്ഭവം 'ലെയിത്തുർഗിയ' എന്ന ഗ്രീക്കുപദത്തിൽനിന്നാണ്. സമുദായത്തിന്റെ പൊതുനന്മക്കുവേണ്ടി ചെയ്യപ്പെടുന്ന സേവനം, പൊതുജനപ്രയോജനാർത്ഥമുള്ള സാമൂഹ്യപ്രവൃത്തി എന്നൊക്കെയാണതിന്റെ മൂലാർത്ഥം.[2]

1) 'ആരാധനക്രമം', 'ലിററർജി' എന്നീ വാക്കുകൾ ഒരേ അർത്ഥത്തിലാണ് ഈ പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്നത്.
2) JUNGMANN J. A., S. J., *Public Worship*, Translated by CLIFFORD *HOWELL, S.J.*, (Challoner Publications, London, 1957) 1

www.malankaralibrary.com

## പ്രയോഗാർത്ഥം

പഴയനിയമത്തിൽ യഹൂദന്മാർ ബലിയർപ്പണത്തെ സൂചിപ്പിക്കുവാൻ ഈ പദം ഉപയോഗിച്ചിരുന്നതായി കാണുന്നു. പഴയനിയമത്തിന്റെ ഗ്രീക്കുവിവർത്തനമായ സപ്തതിയിൽ (Septuagint) ബലിയർപ്പണത്തെ പരാമർശിക്കുന്നിടത്തെല്ലാം ഈ പദംതന്നെയാണു് ഉപയോഗിച്ചിരിക്കുന്നതു്.[1]

പുതിയനിയമത്തിൽ ക്രിസ്തുവിന്റെ പൗരോഹിത്യത്തിനടുത്ത കർമ്മങ്ങളെ സൂചിപ്പിക്കുന്നതിനു് ഈ പദം ഉപയോഗിച്ചിട്ടുണ്ടു്.[2] ആദിമക്രൈസ്തവരുടെ ഇടയിലും ഈ പദം വളരെ പ്രചാരത്തിലിരുന്നതായി കാണുന്നു. ക്രൈസ്തവപുരോഹിതന്മാരുടെ ബലികർമ്മങ്ങളെയെല്ലാം ലിററർജി എന്നാണവർ വിളിച്ചിരുന്നതു്.[3] ഇന്നും പൗരസ്ത്യസഭാവിഭാഗങ്ങളിൽ "ലിററർജി"ക്കു "ബലിയർപ്പണം" എന്നുമാത്രമാണു വിവക്ഷയുള്ളതു്.[4]

## പാശ്ചാത്യസഭയിൽ

പാശ്ചാത്യസഭയിൽ ഏതാണ്ടു മധ്യയുഗംവരെ ഈപദം ഇതേ അർത്ഥത്തിൽത്തന്നെയാണു് ഉപയോഗിച്ചിരുന്നതു്. എന്നാൽ, പതിനാറാംനൂററാണ്ടോടുകൂടി പാശ്ചാത്യസഭയിലുണ്ടായ നവോത്ഥാനം ലിററർജിയിലും പ്രതിഫലിച്ചു. അങ്ങനെ, അന്നുമുതൽ ലിററർജി അല്പംകൂടി വ്യാപകമായ

1) Ex 28:38; 29:3
2) Heb. 8:6; 5:1; 9:21
Lk. 12:3
3) CLEMENT OF ROME, *Ad Cor.*, 44:3
4) STAPPER—BAIER, *Catholic Liturgies*, (St. Anthony's Guild, Paterson, New Jersy, 1951) 21

www.malankaralibrary.com

അർത്ഥത്തിൽ ഉപയോഗിക്കപ്പെട്ടു തുടങ്ങി. ദൈവാരാധന യോടുബന്ധപ്പെട്ട ക്രമങ്ങളെയെല്ലാം ലിററർജി എന്ന പദം കൊണ്ടു് അവർ വിവക്ഷിക്കാൻ തുടങ്ങി.

ഇപ്രകാരം ലിററർജിക്കു ബലിയർപ്പണമെന്നും ദൈവാ രാധനക്രമമെന്നും രണ്ടു് അർത്ഥമുണ്ടു്. ഏതർത്ഥത്തിലായാലും ലിററർജിയുടെ അന്ത്യം ആരാധനയാണു്. വിവിധതരം ആരാധനകളുള്ളതിൽ സർവ്വപ്രധാനമോ, ബലിയർപ്പണവും. ജീവിതത്തിലേ ഏററംവലിയ സേവനവും സമർപ്പണവും ബലിതന്നെ. അതുകൊണ്ടായിരിക്കാം പൗരസ്ത്യർ, "ലിററർ ജി"ക്കു ബലിയർപ്പണം എന്ന അർത്ഥം നല്കിയതു്.

## ആധികാരിക നിർവ്വചനം[1]

ഇന്നു ലിററർജി എന്നു പറയുമ്പോൾ സാധാരണയായി മനസ്സിലാക്കുക, കത്തോലിക്കസഭയുടെ ഔദ്യോഗിക പൊതു പ്രാർത്ഥനകളുടെ സമാഹാരമെന്നാണു്. ഇതിൽ, ബലിയർ പ്പണം, കൂദാശാനുഷ്ഠാനം, കാനോനികനമസ്കാരം, കൂദാശാ നുകരണങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുന്നു.[2]

വ്യക്തികൾ സ്വന്തനിലയിൽ, വ്യക്തിപരമായി നട ത്തുന്ന ആരാധനയോ ഇതര കർമ്മാനുഷ്ഠാനങ്ങളോ ലിററർജി യല്ല. നേരെമറിച്ചു സമൂഹത്തിനുവേണ്ടിയോ സമൂഹത്താലോ നടത്തപ്പെടുന്ന ബലിയർപ്പണം, ആരാധന, കൂദാശാപരി കർമ്മം എന്നിവയാകുന്നു ലിററർജി. സഭ 'ദൈവത്തിൻെറ ജന'

1) PIUS XII *Mediator Dei*, AAS, Vol. 34 (1947). ഈ വിശ്വലേഖ നവും ആരാധനക്രമം സംബന്ധിച്ച രണ്ടാംവത്തിക്കാൻസൂനഹദോസ് അംഗീകരിച്ച ഡിക്രി *(Sacrosanctum Oe cumenicum Concilium Vaticanum Secundum. Constitutio De Sacra Liturgia Die 4 Decembris 1963 Promulgata, Typis Polyglotis Vaticanis 1963)* യുമാണു് ഈ അദ്ധ്യായത്തിനു് ആധാരം.

2) M. D, P. 537

www.malankaralibrary.com

മെന്ന നിലയിൽ ഒരുമിച്ചു പ്രാർത്ഥിക്കുമ്പോഴും അതു ലിററർജിയാണ്.[1] ഭാഗ്യസ്മരണാർഹനായ പന്ത്രണ്ടാം പീയൂസു പാപ്പാ ലിററർജിയെ ഇപ്രകാരം നിർവ്വചിച്ചിരിക്കുന്നു: "സഭയുടെ ശിരസ്സായ നമ്മുടെ ദിവ്യരക്ഷകൻ പിതാവിനു സമർപ്പിക്കുന്നതും, ക്രിസ്തീയവിശ്വാസികളുടെ സമൂഹം അതിൻെറ സ്ഥാപകനും അദ്ദേഹംവഴി സ്വർഗ്ഗീയപിതാവിനും നല്കുന്നതുമായ പരസ്യാരാധന. ചുരുക്കത്തിൽ, ക്രിസ്തുവിൻെറ മൗതികശരീരത്തിൻെറ, അതായതു്, ശിരസ്സിൻേറയും അവയവങ്ങളുടേയും സമ്പൂർണ്ണവും പരസ്യവുമായ ആരാധന"യാകുന്നു ലിററർജി.[2]

## ലിററർജിയുടെ ഘടകങ്ങൾ

### ബാഹ്യവും ആന്തരികവും[3]

തിരുസ്സഭയുടെ ആരാധനക്രമം ബാഹ്യവും ആന്തരികവുമായിരിക്കണം. കാരണം, അതു സഭ പൊതുവായി നടത്തുന്ന ദിവ്യകർമ്മമാണ്. അതിനാൽ, സാമൂഹ്യവുമാണ്. മാത്രമല്ല, സാമൂഹ്യമായതുകൊണ്ടു് അതു ശ്രാവ്യവും ദൃശ്യവുമായിരിക്കയുംവേണം. അല്ലെങ്കിൽ, സമൂഹം നിഷ്ക്രിയമായിപ്പോകും; നിർജ്ജീവമായിപ്പോകും. മതാനുഷ്ഠാനങ്ങളും കർമ്മവിധികളും ബാഹ്യമാണെങ്കിലേ മനുഷ്യഹൃദയങ്ങളെ ദൈവത്തിങ്കലേക്കു് അടുപ്പിക്കാൻ അവ പര്യാപ്തമാവൂ.

ആരാധനയുടെ പ്രധാനഘടകം ആന്തരികമാണ്. കാരണം, ആത്മാവിൻെറ ശക്തികളായ ബുദ്ധിയുടേയും മനസ്സിൻേറയും പ്രവർത്തനങ്ങളിലൂടെയാണ് അതു പ്രകാശിപ്പിക്കപ്പെടുക. പ്രപഞ്ചത്തിൻെറ സ്രഷ്ടാവും നിയന്താവും അന്ത്യവു

1) JUNGMAN. J. A., S. J., *op. cit.* P. 2
2) M. D., P. 528-529
3) *Ibid* P. 530-531

www.malankaralibrary.com

മായ ദൈവത്തിനുമാത്രം അപ്പ്പിക്കേണ്ട പ്രത്യേക വണക്കമാണ് ആരാധന. പ്രധാനമായും അംഗീകാരത്തിന്റേയും വിധേയത്വത്തിന്റേയും പ്രകാശനമാണതു്. അവ രണ്ടും ബുദ്ധിയുടേയും മനസ്സിന്റേയും പ്രവൎത്തനങ്ങളാണല്ലോ. "ക്രിസ്തുവിലും ക്രിസ്തുവിനോടുകൂടിയും ക്രിസ്തുവഴിയും സ്വൎഗ്ഗീയപിതാവു യോഗ്യമായവിധം മഹത്വീകരിക്കപ്പെടുവാൻ തക്കവിധം എപ്പോഴും നാം ക്രിസ്തുവിൽ ജീവിക്കയും അവിടുത്തേക്കു നമ്മെത്തന്നെ മുഴുവൻ സ്വയം സമൎപ്പിക്കയും വേണം". [1]

ആരാധനക്രമത്തിനു മേൽപ്പറഞ്ഞ രണ്ടു ഘടകങ്ങളും - ആന്തരികവും ബാഹ്യവും - അവശ്യാവശ്യകമാണ്. ഒന്നു മററതിനെ പൂൎണ്ണമാക്കുന്നു. ഈ വിഷയത്തിൽ പല അബദ്ധങ്ങളും ഉന്നയിക്കപ്പെട്ടിട്ടുണ്ടു്.

ബാഹ്യമോടിയും ആഡംബരങ്ങളും വൎദ്ധിപ്പിച്ചുവൎദ്ധിപ്പിച്ചു് ആന്തരികാംശം മിക്കവാറും വിസ്മരിക്കപ്പെടുകയാണു്. ബാഹ്യമായ അംശം മാത്രമാണ് ആരാധനക്രമത്തിന്റെ അവശ്യഘടകം എന്നുപോലും വാദിക്കാൻ ചിലർ മുതിൎന്നിട്ടുണ്ടു്. ആരാധനക്രമത്തിലേ 'ആരാധന'മാററി 'ക്രമം' മാത്രമാക്കിയവരുമുണ്ടു്. "കത്തോലിക്ക ആരാധനയുടെ പ്രത്യക്ഷവും ആഡംബരപൂൎവ്വകവും ആലങ്കാരികവുമായ അംശമാണ് ആരാധനക്രമം"[2] എന്നു 1913-ൽ നവററ് (Navetel) എന്ന ഫ്രഞ്ചുവൈദികൻ പ്രസ്താവിക്കയുണ്ടായി. ബാഹ്യക്രിയകളെല്ലാം മുറയ്ക്കു നടത്തുകയും പ്രാൎത്ഥിക്കുന്ന വ്യക്തിയുടെ മനസ്സ് എവിടെയെല്ലാം വ്യാപരിച്ചാലും പ്രാൎത്ഥനകൾ ബാഹ്യമായി ഉച്ചത്തിൽ, സ്ഫുടതയോടെ ചൊല്ലുകയും ചെയ്താൽ മതിപോലും! ഈ പുത്തൻചിന്താഗതി അബദ്ധ

1) *Ibid* P. 531
2) NAVETEL. J., "*L' Apostolat Liturgique et La Piete Personnelle,*" (Etudes, 137 1913) 452—453

www.malankaralibrary.com

ജടിലമാണെന്ന 'മേദിയാത്തോർ ദേയി'യിൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്.

ബാഹ്യഘടകങ്ങൾ ആന്തരികഘടകങ്ങളുടെ പ്രകാശനമാണ്, ബഹിർഗ്ഗമനമാണ്. അവ ബുദ്ധിയേയും മനസ്സിനേയും ദൈവികമായവയിലേക്കുയർത്തുന്നതിന് പര്യാപ്തമായിരിക്കണം. ആരാധനക്രമവുമായി ബന്ധപ്പെട്ടവയെല്ലാം — ദൈവാലയം, കർമ്മവിധികൾ, തിരുവസ്ത്രങ്ങൾ, സംഗീതം, കല — ആരാധനയുടെ ഇരുഘടകങ്ങളെയും സംയോജിപ്പിക്കാൻ പോരുന്നവയായിരിക്കണം. എല്ലാററിനുമുപരി, ആരാധനയുടെ അന്തരീക്ഷം പ്രാർത്ഥനാപരിവിഷ്ടമായിരിക്കയും വേണം. പ്രാർത്ഥനാരൂപി നിറഞ്ഞ പരിതോവസ്ഥ അത്യന്താപേക്ഷിതമാണ്. അല്ലാത്തപക്ഷം, ലിററർജി നിരർത്ഥകവും വിഫലവുമായിത്തീരും.[1] അബദ്ധജടിലമായ അന്ധവിശ്വാസമായും ആത്മചൈതന്യമില്ലാത്ത യാന്ത്രികത്വമായും അധഃപതിക്കാനിടയുണ്ട്.

## ദൈവികവും മാനുഷികവുമായ ഘടകങ്ങൾ

ദൈവമായ ക്രിസ്തുവാണ് പുതിയനിയമത്തിലെ ആരാധനക്രമത്തിൻെറ സ്ഥാപകൻ. പഴയനിയമത്തിൽ നിയമാനുസൃതമായ ആരാധനാരീതിയെ സംബന്ധിച്ച് ദൈവംതന്നെ നിർദ്ദേശങ്ങൾ കൊടുത്തിരുന്നു. പുതിയനിയമത്തിൽ ബലിയും കൂദാശകളും അവിടുന്നുതന്നെ സ്ഥാപിച്ചു. അതിനാൽ, ഇവയുടെ കാതലായ ഭാഗത്തിന് യാതൊരു മാററവും വരുത്തുവാൻ ആർക്കും അധികാരമില്ല. കൂദാശകളെ അവയുടെ പരമപരിശുദ്ധിയിൽ പരിരക്ഷിക്കുന്നതിന്, "സത്യത്തിൻെറ തൂണും കൃപാവരത്തിൻെറ വിതരണക്കാരിയുമായ സഭയെ"[2] യാണ്

1) M.D., P. 531
2) Ibid. P. 527

www.malankaralibrary.com

ഭരമേല്പിച്ചിരിക്കുക. കൂദാശകളുടെ ദൈവികഘടകങ്ങൾ വിശ്വാസസത്യങ്ങളുമായി ബന്ധപ്പെട്ടവയാകയാൽ, സഭയുടെ പ്രബോധനാധികാരം അവയെ പ്രമാദരഹിതമായി സംരക്ഷിക്കാൻ ബാദ്ധ്യസ്ഥമാണ്. അതുകൊണ്ടാണ് ആരാധനക്രമത്തിലെന്തെങ്കിലും പരിവർത്തനം വരുത്താൻ പ്രബോധകസഭയ്ക്കല്ലാതെ മററാക്കും അധികാരമില്ലാത്തതു്.[1]

ദൈവികഘടകങ്ങൾ കൂടാതെ, മാനുഷിക ഘടകങ്ങളുമുണ്ട്, ആരാധനക്രമത്തിൽ. വിശ്വാസികളുടെ ആവശ്യങ്ങളും സാഹചര്യങ്ങളുമനുസരിച്ചു വികാസവ്യതിയാനങ്ങൾക്കു സാദ്ധ്യതയുണ്ട്. കാലോചിതമായ പരിവർത്തനങ്ങൾ ആരാധനക്രമത്തിൽ വന്നുകൊണ്ടാണിരിക്കുന്നതു്. പ്രസ്തുത മാനുഷിക ഘടകങ്ങൾ വിരിഞ്ഞതാണ് ഇന്നു സഭയിൽ കാണുന്ന വിവിധറീത്തുകളും ആരാധനക്രമങ്ങളും. മാനുഷികഘടകങ്ങളെ കൂട്ടിച്ചേർക്കുന്നതിനും വെട്ടിച്ചുരുക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള അധികാരം സഭയ്ക്കുണ്ട്. ആരാധനക്രമത്തിൽ കാലാനുഗുണം ഉണ്ടായിട്ടുള്ള അത്ഭുതാവഹമായ വളർച്ചയ്ക്കും വ്യതിയാനങ്ങൾക്കും സഭ എന്നും ഉയിരും ഉത്തേജനവും നൽകുന്നുണ്ട്.

## ആരാധനക്രമത്തിൻെറ ഫലദായകത്വം[2]

ആരാധനക്രമത്തിൻെറ അന്ത്യങ്ങളിലൊന്നു ജനങ്ങളുടെ വിശുദ്ധീകരണമാണ്. അതു സഫലമാകുന്നതാണ് ആരാധനക്രമത്തിൻെറ ഫലദായകത്വം. മൗതികശരീരത്തിൻെറ ശിരസ്സും അവയവങ്ങളും നിർവ്വഹിക്കുന്ന പരസ്യാരാധനയാണല്ലോ ലിററർജി. ശിരസ്സായ ക്രിസ്തുവിനോടു യോജിച്ചുചെയ്യുന്നവ മാത്രമേ ഫലദായകമാകയുള്ളു. ക്രിസ്തുവിൻെറ

1) *CL* a. 22. n. 1—3
2) M. D., P. 532 *CL* a. 7

www.malankaralibrary.com

പൗരോഹിത്യത്തിൽനിന്നാണ്,ആരാധനക്രമത്തിൻെറ സത് ഫലങ്ങരം വിശ്വാസികളിലേക്ക പ്രവഹിക്കുന്നതു്. ആരാധനക്രമത്തിലേ പ്രധാനഭാഗങ്ങളായ വിശുദ്ധ കുർബാന, കൂദാശകരം എന്നിവയുടെ ഫലങ്ങരം ആന്തരികമാണ്; കൃതകർമ്മസിദ്ധമാണ് (ex opere operato). കൂദാശകരം ദൈവിക ശക്തിയാൽ സ്വയം വരപ്രസാദദായകങ്ങളാണ്. അവ സാധുവായി (validly) നല്കപ്പെടുമ്പോരം, കൃതകർമ്മസിദ്ധഫലങ്ങരം ഉളവാക്കുന്നു. ഉദാഹരണത്തിന്, വൈദികൻ അനുതപിക്കുന്ന പാപിക്ക പാപമോചനം നല്കുമ്പോരം, ആ കൂദാശവചനങ്ങളുടെതന്നെ ശക്തിയാൽ പാപങ്ങരം മോചിക്കപ്പെടുന്നു. കാരണം, ക്രിസ്തുവാണ് അവയിലൂടെ പ്രവർത്തിക്കുന്നതു്. വൈദികൻെറ ആത്മസ്ഥിതി എന്തുതന്നെയായാലും അതു കൂദാശയുടെ സാധുതയെയോ ഫലദായകത്വത്തെയോ ബാധിക്കുന്നില്ല. ഇവിടെ ഒരു കാര്യം എടുത്തുപറയേണ്ടിയിരിക്കുന്നു. കൂദാശകരം സാധുവായിട്ടാണു പരികർമ്മം ചെയ്യപ്പെടുന്നതെങ്കിലും സ്വീകർത്താവിൽ പ്രസാദവരനിവേശനത്തിനു പ്രതിബന്ധങ്ങരം ഉണ്ടെങ്കിൽ അവ മാറേറണ്ടിയിരിക്കുന്നു. സ്വീകർത്താവിൻെറ ആത്മീയ ഒരുക്കം വളരെ പ്രധാനപ്പെട്ട ഒന്നാണ്.

ദിവ്യബലിയുടേയും കൂദാശകളുടേയും കൃതകർമ്മസിദ്ധമായ ഫലങ്ങരംക്കപുറമേ, എല്ലാ തിരുക്കർമ്മാനുഷ്ഠാനങ്ങളിലും കാരകകർമ്മ (ex opere operantis) ഫലങ്ങരം ഉണ്ടാകുന്നു. ഇവ തിരുക്കർമ്മങ്ങരം അനുഷ്ഠിക്കുന്ന കാർമ്മികൻേറയും അവയിൽ സംബന്ധിക്കുന്നവരുടേയും സ്വീകർത്താക്കളുടേയും ഉപരിസന്നദ്ധാവസ്ഥയെ ആശ്രയിച്ചാണിരിക്കുക. കൂദാശാനുകരണങ്ങളുടെ കാര്യത്തിലും ഫലദായകത്വം കാർമ്മികൻെറയോ ഉപഭോക്താക്കളുടെയോ ജീവിതവിശുദ്ധിയേയും വിശ്വാസദാർഢ്യത്തേയും ആത്മസ്ഥിതിയേയുമാണ് ആശ്രയിച്ചിരിക്കുക.

www.malankaralibrary.com

## ക്രിസ്തുവിൻെറ പൗരോഹിത്യം, ആരാധനക്രമത്തിൻെറ ഉറവിടം

പ്രധാന പുരോഹിതനായ ക്രിസ്തു പരമപിതാവിനു നല്കുന്ന ആരാധയാണ്, ലിററർജി. ക്രിസ്തുവിൻെറ പൗരോഹിത്യവും ആരാധനക്രമവും തമ്മിൽ അവഗാഢമായ ബന്ധമുണ്ട്. ക്രിസ്തുവിൻെറ പൗരോഹിത്യാനുഷ്ഠാനമാണത്.[1]

പുതിയനിയമത്തിലേ ഏകപുരോഹിതനും ഏകമദ്ധ്യസ്ഥനും ക്രിസ്തുവാണല്ലോ. പഴയനിയമത്തിലും പുരോഹിതന്മാരും ആരാധനാനുഷ്ഠാനങ്ങളും ഉണ്ടായിരുന്നു. അവരുടെ ആരാധന യഹോവയ്ക്കു സ്വീകാര്യവുമായിരുന്നു. കാരണം, അവ വരുവാനിരുന്ന, പുതിയനിയമത്തിലേ നിത്യപുരോഹിതനായ ക്രിസ്തുവിലേക്ക് ഉന്മുഖമായിരുന്നു. പഴയനിയമത്തിലേ പൗരോഹിത്യം, ക്രിസ്തുവിൻെറ പൗരോഹിത്യത്തിൻെറ നിഴലാണ്; അതുപോലെതന്നെ, പഴയനിയമത്തിലേ ബലിയും. പൗരോഹിത്യം അതിൻെറ പൂർണ്ണരൂപത്തിൽ, പൊരുളാകുന്ന പൗരോഹിത്യം ക്രിസ്തുവിൽ മാത്രമേയുള്ളു. അതുപോലെ, പൊരുളായ ബലി ക്രിസ്തുവിൻെറ ബലിയത്രേ. പുതിയനിയമത്തിലേ ആരാധനക്രമത്തിൻെറ സ്ഥാപകൻ അവിടുന്നത്രേ. അതിനാൽ, ആരാധനക്രമത്തിൻെറ സദ്ഫലങ്ങളും ക്രിസ്തുവിൻെറ നിത്യപൗരോഹിത്യത്തിൽനിന്നാണു പ്രവഹിക്കുക. മനുഷ്യരെ ദൈവവുമായി രമ്യപ്പെടുത്തുന്ന മദ്ധ്യസ്ഥൻ പുരോഹിതനാകയാൽ ഏകപുരോഹിതനായ ക്രിസ്തുവിലൂടെയാണു പിതാവായ ദൈവത്തെ സമീപിക്കാൻ മനുഷ്യർക്കു കഴിയുക.[2] സഭ ക്രിസ്തുവുമായി ഐക്യപ്പെട്ടിരിക്കയാലാണ് അവളുടെ പ്രാർത്ഥനകൾക്കും ബലിസമർപ്പണത്തിനും പിതാവായ ദൈവത്തിൻെറ പക്കൽ വിലയുള്ളത്.[3]

1) *CL* a. 7 and 5
2) Rom. 5:2; Eph. 2:8
3) Heb. 7:25

www.malankaralibrary.com

സഭയുടെ ആരാധനക്രമങ്ങളിൽ നട്ടുനായകത്വം വഹിക്കുന്നതു്, നിത്യപുരോഹിതനായ ക്രിസ്തുവത്രേ. ക്രിസ്തുവിന്റെ ആരാധനക്രമത്തിന്റെ തുടർച്ചയാണു സഭയുടേതു്. പക്ഷേ, എങ്ങനെയാണു ക്രിസ്തുവിന്റെ ആരാധനക്രമം തുടരുന്നതു്? തന്റെ പൗരോഹിത്യാനുഷ്ഠാനങ്ങൾ തുടർന്നുകൊണ്ടുപോകുവാൻ അധികാരമുള്ള ദൃശ്യപൗരോഹിത്യം സഭയിൽ സ്ഥാപിച്ചുകൊണ്ടു ക്രിസ്തു തന്റെ ആരാധനക്രമം തുടരുന്നു. അങ്ങനെ രക്ഷാകർമ്മവും.

## ക്രിസ്തീയപൗരോഹിത്യം–ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ തുടർച്ച

രക്ഷാകർമ്മം തുടർന്നുകൊണ്ടുപോകുന്നതിനും എല്ലാവർക്കും രക്ഷ സുപ്രാപ്യമാകുന്നതിനുംവേണ്ടിയാണു തന്റെ സഭയിൽ പൗരോഹിത്യം ക്രിസ്തു സ്ഥാപിച്ചതു്. ലോകാവസാനംവരെയുള്ള ഓരോ വ്യക്തിക്കും രക്ഷാകർമ്മത്തിന്റെ ഫലം ലഭ്യമാവണം.[1] അതിനുവേണ്ടി അവിടുന്നു സഭയെ സ്ഥാപിച്ചു; സഭയിൽ പൗരോഹിത്യവും. പൗരോഹിത്യാധികാരംവഴി പുരോഹിതൻ ജനങ്ങളുടെ മുമ്പാകെ മിശിഹായുടെ പ്രാതിനിധ്യവും ദൈവത്തിന്റെ മുമ്പാകെ ജനങ്ങളുടെ പ്രാതിനിധ്യവും വഹിക്കുന്നു.[2] പൗരോഹിത്യമെന്ന കൂദാശ അഭംഗമായ മുദ്ര പതിക്കുന്ന കൂദാശയാണു – മിശിഹായുടെ മൗതികശരീരത്തിന്റെ വിവിധാവയവങ്ങളെ വിശുദ്ധീകരിക്കുന്നവരാണു പുരോഹിതന്മാർ. "വി. ആരാധനക്രമം തിരുസ്സഭയുടെ നാമത്തിൽ പ്രധാനമായി പുരോഹിതന്മാരാണു നടത്തുന്നതു്. അതിനാൽ, അതിന്റെ ക്രമീകരണവും നിയന്ത്രണവും രൂപവും തിരുസ്സഭയുടെ അധികാരത്തിനു് അധീനമായിരിക്കണം."[3] പഠിപ്പിക്കുക, പവിത്രീകരിക്കുക, ഭരിക്കുക

1) I Tim. 2:4
2) M. D., P. 538
3) *Ibid.* P. 540; *CL* a 22 n 1—3

www.malankaralibrary.com

എന്നീ ത്രിവിധാധികാരങ്ങളാണു പുരോഹിതന്മാർക്കുള്ളതു്. വി. ബലിയർപ്പണവും കൂദാശകളുടെ പരികർമ്മവുംവഴി വിശ്വാസികളെ അവർ പവിത്രീകരിക്കുന്നു. അങ്ങനെ, ആരാധക്രമത്തിന്റെ ലക്ഷ്യം സംപ്രാപ്തമാകുന്നു.

## അല്മായരുടെ പൗരോഹിത്യം

തിരുസ്സഭയിൽ വിശ്വാസികളെ രണ്ടു വിഭാഗമായി തിരിച്ചിരിക്കുന്നു—വൈദികരും അവൈദികരും. പൗരോഹിത്യം സ്വീകരിച്ചവർ വൈദികരും അല്ലാത്തവരെല്ലാം അവൈദികരുമാണു്. എന്നാൽ, എല്ലാവരും ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ അംഗങ്ങളാണു്. ക്രിസ്തുവിനോടുകൂടി പിതാവായ ദൈവത്തെ മഹത്വപ്പെടുത്തുന്നതിനു് എല്ലാവരും സഹകരിക്കണം. ആയതിനാൽ, ഓരോ ക്രൈസ്തവനും ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ ഭാഗഭാക്കാകുന്നു—ഒരേ അളവിലല്ലെന്നുമാത്രം. വേദപുസ്തകവും സഭാപിതാക്കന്മാരും മാർപ്പാപ്പമാരും—പ്രത്യേകിച്ചു്, ആധുനികമാർപ്പാപ്പമാർ—ഈ സത്യം സുവ്യക്തം പ്രഖ്യാപിക്കുന്നുണ്ടു്.

അപ്പസ്തോലപ്രമുഖനായ വിശുദ്ധ പത്രോസുതന്നെയാണു് ഇതു് ആദ്യമായി പ്രഖ്യാപിച്ചതു്. ''നിങ്ങളോ, എന്നാൽ, തിരഞ്ഞെടുക്കപ്പെട്ട ഒരു വർഗ്ഗമാണു്; രാജകീയപൗരോഹിത്യമുള്ളവരാണു്; വിശുദ്ധ ജനപദമാണു്—ദൈവം സ്വായത്തമാക്കിയ ജനപദം".[1] പുരാതന ക്രൈസ്തവരെ അഭിസംബോധന ചെയ്തുകൊണ്ടുള്ള വലിയൊരു പ്രഖ്യാപനമായിരുന്നു അതു്.

സഭാപിതാക്കന്മാരും അല്മായരുടെ പൗരോഹിത്യത്തെപ്പററി പരാമർശിച്ചിട്ടുണ്ടു്. വി. ഇരനേവൂസ് പറയുന്നു: ''എല്ലാ വിശ്വാസികൾക്കും പൗരോഹിത്യമുണ്ടു്"[2] എന്നു്.

1) I Peter2:9
2) *Adv. Haer.*, 4, 8, 3

www.malankaralibrary.com

വി. ജറോം "അല്മായപൗരോഹിത്യം മാമ്മോദീസായാകുന്നു"[1] എന്നും വി. ക്രിസോസ്തോം "മാമ്മോദീസായിലൂടെ നീ പുരോഹിതനാക്കപ്പെട്ടിരിക്കുന്നു" [2] എന്നും പറയുന്നുണ്ട്. മാമ്മോദീസായിലേ അക്ഷയമുദ്ര ക്രിസ്തുവിൻെറ പൗരോഹിത്യത്തിൻെറ അക്ഷയമുദ്രയാകയാൽ ക്രിസ്തുവിൻെറ പൗരോഹിത്യത്തിൽ അല്മായരും ഭാഗഭാക്കാകുന്നുവെന്നാണു സഭാപിതാക്കന്മാരുടെ പ്രബോധനത്തിൻെറ സാരം.

ആധുനികയുഗത്തിലേ പ്രഗത്ഭരായ രണ്ടു മാർപ്പാപ്പമാർ—പതിനൊന്നാം പീയൂസും പന്ത്രണ്ടാം പീയൂസും—ഇതു് ഉറക്കെ പ്രഖ്യാപിച്ചിട്ടുണ്ടു്. വി. പത്രോസിൻെറ വാക്കുകളെ വ്യാഖ്യാനിച്ചുകൊണ്ടു പതിനൊന്നാം പീയൂസ് പാപ്പാ "മിസരേന്തീസിമൂസ് ദേവൂസ്" എന്ന ചാക്രികലേഖനത്തിൽ ഇപ്രകാരം എഴുതി: "...ക്രൈസ്തവരും പരിഹാരബലിയർപ്പിക്കുന്നു. എബ്രാ. 5.11); തങ്ങൾക്കുവേണ്ടിമാത്രമല്ല, മനുഷ്യവർഗ്ഗം മുഴുവനാംവേണ്ടി; ജനങ്ങളിൽനിന്നും വിളിക്കപ്പെട്ട, ജനങ്ങൾക്കുവേണ്ടി അഭിഷേകം ചെയ്യപ്പെട്ട എല്ലാ പുരോഹിതന്മാരും പ്രധാന പുരോഹിതനും ചെയ്യുന്നതുപോലെ".[3] പന്ത്രണ്ടാംപീയൂസ്പാപ്പാ 'മൗതികശരീരം' എന്ന ചാക്രികലേഖനത്തിൽ ഇതുതന്നെ ആവർത്തിക്കുന്നു. "മേദിയാത്തോർ ദേയി" എന്ന ചാക്രികലേഖനത്തിൽ ഈ വിഷയം ആധികാരികമായിത്തന്നെ പന്ത്രണ്ടാം പീയൂസ് പാപ്പാ പഠിപ്പിച്ചിട്ടുണ്ടു്.

## ചില അബദ്ധസിദ്ധാന്തങ്ങൾ

എന്നാൽ, അത്മായരുടെ പൗരോഹിത്യംകൊണ്ടു വി. പത്രോസും സഭാപിതാക്കന്മാരും മാർപ്പാപ്പമാരും എന്താണു വിവക്ഷിക്കുന്നതെന്നു വിശദമാക്കേണ്ടിയിരിക്കുന്നു. കാരണം,

1) C. 4, PL 23, 158
2) *Hom.* 3 in II Cor. PG, 61, 417
3) PIUS XI, *Miserentissimus Redemptor* (1928)

www.malankaralibrary.com

ഈ വിഷയത്തിൽ ചില അതിരുകടന്ന വിചിന്തനങ്ങളും അബദ്ധപ്രബോധനങ്ങളും ഉണ്ടായിട്ടുണ്ട് എന്നതുതന്നെ. ലൂതർ പ്രഭൃതികൾവാദിച്ചു, മാമ്മോദീസ സ്വീകരിച്ച എല്ലാവരും ഒരേ അളവിൽ പുരോഹിതരാണെന്ന്; അതായത്, ഒരു പ്രത്യേകപുരോഹിതഗണം ഇല്ലെന്നും മാമ്മോദീസ സ്വീകരിച്ച എല്ലാവരും പൗരോഹിത്യം സ്വീകരിച്ചവർക്കുതുല്യം ക്രിസ്തുവിൻെറ പൗരോഹിത്യത്തിൽ ഭാഗഭാക്കുകളാകുന്നെന്നും. ജനങ്ങൾക്കും ശരിയായ പൗരോഹിത്യമുണ്ടെന്നും വൈദികൻ സമൂഹത്തിൻെറ നിയുക്താധികാരത്താൽമാത്രമേ പ്രവർത്തിക്കുന്നുള്ളൂവെന്നും വാദിക്കുന്നവരുണ്ട്. 'മേദിയാത്തോർ ദേയി' പറയുന്നു, "പണ്ടേതന്നെ ശപിക്കപ്പെട്ടിട്ടുള്ള അബദ്ധസിദ്ധാന്തങ്ങളാണിവ" എന്ന്. ചാക്രികലേഖനം തുടരുന്നു: "എല്ലാ അവയവങ്ങളുടേയും ശിരസ്സെന്നനിലയിൽ എല്ലാവർക്കുംവേണ്ടി ബലിയർപ്പിക്കുന്ന ക്രിസ്തുവിൻെറ പ്രതിപുരുഷനാകയാൽ മാത്രമാണു പുരോഹിതൻ ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നതു്; ജനങ്ങളാൽ നിയുക്തനായിട്ടല്ല......അതിനാൽ, മിശിഹായുടെ ശുശ്രൂഷിയായി ബലിയർപ്പിക്കുന്നു; മിശിഹായെക്കാൾ താഴ്ന്നവനും എന്നാൽ, ജനങ്ങളെക്കാൾ ഉയർന്നവനുമാണ്. ജനങ്ങൾ ഒരുവിധത്തിലും ദിവ്യരക്ഷകൻെറ പ്രതിനിധികളല്ല. തങ്ങൾക്കും ദൈവത്തിനും ഇടയ്ക്കു് അവർ മദ്ധ്യസ്ഥരുമല്ല. അതുകൊണ്ടു് അവർക്ക് പൗരോഹിത്യാധികാരമില്ല"[1].

പിന്നെ എന്തുകൊണ്ടാണു വി. പത്രോസും സഭാപിതാക്കന്മാരും വിശ്വാസികളെ "പുരോഹിതർ" എന്നു വിളിച്ചതെന്നു ചോദിച്ചേക്കാം. പുരോഹിതൻ എന്ന വാക്കു വളരെ വ്യാപകമായ അർത്ഥത്തിലാണ് ഇവിടെ പ്രയോഗിച്ചിരിക്കുന്നതു്. പൗരോഹിത്യവും പുരോഹിതന്മാരുമുള്ള ഒരു സഭയുടേയും നിത്യപുരോഹിതനായ ക്രിസ്തുവിൻേറയും അംഗമാണ

1) M. D., P. 553-54



www.malankaralibrary.com

വൻ. പുരോഹിതന്മാരെ സേവിച്ചുകൊണ്ടും അവരോടു സഹകരിച്ചുകൊണ്ടും കർബ്ബാനയിൽ അവരും യഥാർത്ഥബലി അർപ്പിക്കുന്നു. അതുകൊണ്ടാണ് അത്മായരെയും പുരോഹിതരെന്നു വിളിക്കുന്നത്. വിശ്വാസികളും ബലിസമർപ്പിക്കുന്നുണ്ട്. "പുരോഹിതൻമാത്രമല്ല, ജനങ്ങളും ബലിയർപ്പിക്കുന്നു. കാരണം, ഔദ്യോഗികനാമത്തിൽ വ്യക്തിപരമായി, പുരോഹിതൻ ചെയ്യുന്നതു നിയോഗത്തിന്റെ പേരിൽ ഒരു സംഘമായി വിശ്വാസികളും ചെയ്യുന്നു"[1]. ഈ അർത്ഥത്തിലാണു വിശ്വാസികൾ പുരോഹിതരാണെന്നു പറയുന്നത്. പന്ത്രണ്ടാം പീയൂസിനെ ഒന്നുകൂടി ശ്രവിക്കാം. "മാമ്മോദീസയിലെ പ്രക്ഷാളനത്താൽ ക്രൈസ്തവർ ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അംഗങ്ങളായി പരിണമിക്കുന്നു. ആത്മാവിൽ പതിഞ്ഞിട്ടുള്ള അക്ഷയമുദ്രയാൽ യാഗാർച്ചനയ്ക്കായി അവർ നിയോഗിക്കപ്പെടുന്നു. അങ്ങനെ, തങ്ങളുടെ സ്ഥിതിക്കനുസരണം ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ അവർ പങ്കുചേരുന്നു".[2] ഇതാണ് അത്മായരുടെ പൗരോഹിത്യത്തിന്റെ അർത്ഥവും വ്യാപ്തിയും. ഉന്നതമായ ഒരു പദവിയാണ് ഒരു ക്രൈസ്തവനുള്ളത്. കാരണം, അവനും പുരോഹിതനോടുചേർന്നു ബലി സമർപ്പിക്കാം.

## ലിററർജിയും മൗതികശരീരവും

## ലിററർജിയിൽ വിശ്വാസികളുടെ ഭാഗഭാഗിത്വം

മൗതികശരീരത്തിന്റെ ശിരസ്സായ ക്രിസ്തുവിന്റെ പൗരോഹിത്യം സാർവ്വത്രികമാണ്. പുതിയനിയമത്തിലെ പുരോഹിതന്മാർ അഭിഷേകംവഴി ഔദ്യോഗികമായും വിശ്വാസികൾ മാമ്മോദീസവഴി മൗതികശരീരത്തിലെ അവയവങ്ങളെന്നനിലയിലും ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കാളിക

1) INNOCENT III, *De Sacro Altaris Mysterio*, 3:6
2) M. D., P. 556

www.malankaralibrary.com

ളാകുന്നു. ഇങ്ങനെ, മൗതികശരീരം ക്രിസ്തുവിനോടു യോജിച്ചു പിതാവായ ദൈവത്തിനർപ്പിക്കുന്ന വണക്കമാണല്ലോ ആരാധനക്രമം. ക്രിസ്തുവിൻെറ മൗതികശരീരവും സഭയും ഒന്നുതന്നെയാണു്. സഭയിലെ അംഗങ്ങളായ വൈദികന്മാരും അത്മായരും ക്രിസ്തുവിനോടു ഗാഢമായി യോജിച്ചിരിക്കുന്നു. മൗതികശരീരത്തിൻെറ അവയവങ്ങളെന്ന നിലയ്ക്കു് ഓരോ ക്രൈസ്തവനും—വൈദികനും അവൈദികനും—ശിരസ്സായ ക്രിസ്തുവിനോടു യോജിച്ചുകൊണ്ടു് ആ ശരീരത്തിലെ ഓരോ ചലനത്തിലും സജീവമായി സഹകരിക്കുന്നു. സഭയിലൂടെ ആരാധനക്രമത്തിൽ ഓരോരുത്തരും സജീവമായി പങ്കുവഹിക്കണം. ക്രിസ്തു തുടങ്ങിവച്ച രക്ഷാകരജോലി തുടർന്നുകൊണ്ടുപോകുന്നതു സഭയാണു്. സഭയുടെ ഓരോ പ്രവൃത്തിയിലും ഓരോ അംഗത്തിനും ഉത്തരവാദിത്വമുണ്ടു്. കാൽവരിയിലെ ബലിയുടെ ആവർത്തനമായ അൾത്താരയിലെ ബലിയിൽ, പുരോഹിതനോടുചേർന്ന് തങ്ങളെത്തന്നെ കാഴ്ചവച്ചുകൊണ്ടും അതിൽ സജീവമായി പങ്കെടുത്തുകൊണ്ടും അവക്കതു നിറവേറ്റാം.

പഴയനിയമത്തിലുണ്ടായിരുന്നതിനെക്കാൾ എത്രയോ ശ്രേഷ്ഠമായ ഒരു സ്ഥാനമാണു പുതിയനിയമത്തിൽ വിശ്വാസികൾക്കുള്ളതു്. യഹൂദന്മാരുടേയും പേഗൻജനതയുടേയും പ്രാർത്ഥനയിലോ ബലിസമർപ്പണച്ചടങ്ങിലോ സാധാരണ ജനങ്ങൾക്കു യാതൊരുപങ്കും ഉണ്ടായിരുന്നില്ല. വിശുദ്ധസ്ഥലങ്ങളിൽ അവക്കു പ്രവേശനംപോലും നിഷേധിക്കപ്പെട്ടിരുന്നു. എന്നാൽ, ക്രൈസ്തവാരാധനക്രമത്തിൽ സാധാരണ ജനങ്ങളുടെ പങ്കു് എത്രശ്രേഷ്ഠമല്ല! നിത്യപുരോഹിതനായ ക്രിസ്തുവിനോടുകൂടി ബലിയർപ്പിക്കുവാൻ വിളിക്കപ്പെട്ടവരാണവർ! അവർ പുരോഹിതന്മാരാണു്. ഇനിമേൽ ദൈവാലയത്തിലും വിശുദ്ധാരാധനയിലും അവർ വെറുംകാഴ്ചക്കാരല്ല; അർപ്പകരാണു്. ഇങ്ങനെ, വിശ്വാസികളെ ക്രിസ്തുവിനോടു് ഐക്യപ്പെടുത്തുക. അപ്പോൾ, ദൈവം മഹത്വപ്പെടുകയും വിശ്വാസികൾ വിശുദ്ധിയിൽ വളരുകയും ചെയ്യും.

www.malankaralibrary.com

# ആരാധനക്രമത്തിൻെറ ലക്ഷ്യം[1]

**ദൈവമഹത്വം**

അത്യുന്നതനായ ദൈവത്തിനു മഹത്വവും സ്തുതിയും ആരാധനയും സമർപ്പിക്കുകയാണു് ആരാധനക്രമത്തിൻെറ പ്രഥമവും പ്രധാനവുമായ ഉദ്ദേശ്യം. മനുഷ്യൻെറ കടമയാണു മഹത്വവും സ്തുതിയും ആരാധനയും സമർപ്പിക്കുക. ക്രിസ്തു കാണിച്ചുതന്നിരിക്കുന്ന മാതൃകയും അതുതന്നെയാണല്ലോ. "ആകയാൽ, നിങ്ങരം ഭക്ഷിക്കുന്നുവെങ്കിലും പാനംചെയ്യുന്നുവെങ്കിലും എന്തെങ്കിലും പ്രവർത്തിക്കുന്നുവെങ്കിലും എല്ലാം ദൈവമഹത്വത്തിനായി ചെയ്യുവിൻ"[2] എന്നു വി. അപ്പസ്തോലൻ ഉപദേശിക്കുന്നു. ആരാധനാകർമ്മങ്ങരം ഏററം ഫലദായകമായിരിക്കണമെങ്കിൽ ക്രിസ്തുവിലൂടെ അവ നിർവ്വഹിക്കപ്പെടണമെന്നു വ്യക്തമാണല്ലോ. ഇതിനു സഭ സ്വീകരിച്ചിരിക്കുന്ന മാർഗ്ഗമോ, ബലിയർപ്പണവും. ദൈവാധീശത്വം അംഗീകരിച്ചു്, സ്വയം ദൈവത്തിനു സമർപ്പിക്കുകയാണു് ഇതുവഴി സഭചെയ്യുന്നതു്. കൂടാതെ, ദൈവമഹത്വത്തെ പ്രകീർത്തിക്കുന്ന സ്തുതിപ്പുകളും കൃതജ്ഞതാപ്രകടനങ്ങളും ഇതിൽ ഉരംപ്പെടുന്നുണ്ടു്.[3]

വിശുദ്ധരെയും മാലാഖമാരെയും ബഹുമാനിക്കുക എന്നതും ആരാധനക്രമത്തിൻെറ ലക്ഷ്യങ്ങളിലുരംപ്പെടുന്നു. പുരാതനകാലംതുടങ്ങി സഭയിൽ ഈ പതിവു നിലവിലിരുന്നു. പ്രത്യേകവിധമായ ദൈവപ്രീതിക്കു പാത്രീഭൂതരാകയാൽ, വിശുദ്ധർ ബഹുമാനാർഹരാണു്. അവരെ സ്തുതിക്കുകയും ബഹുമാനിക്കുകയും ചെയ്യുമ്പോരം പരോക്ഷമായി, ദൈവത്തെയാണു നാം സ്തുതിക്കുക. ദൈവമാതാവായ പരിശുദ്ധ കന്യകാമറിയ

1) C L. a. 7
2) 1 Cor. 10:31
3) STAPPER-BAIER, *op. cit.* P. 25

www.malankaralibrary.com

ത്തിനു സ്തുതിയും ബഹുമാനവും നല്കുമ്പോൾ പരോക്ഷമായി അതു ക്രിസ്തുവിനുതന്നെയല്ലേ നല്കുക. അതുകൊണ്ടാണ്, വിശുദ്ധരുടെ തിരുനാളുകൾ സഭ ആഘോഷിക്കുന്നതു്.

തിരുക്കർമ്മാനുഷ്ഠാനങ്ങളിൽ ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്ന ആളുകൾക്കും വസ്തുക്കൾക്കും ബഹുമാനാദരങ്ങൾ സമർപ്പിക്കുന്നതും ഇതേകാരണത്താൽത്തന്നെ. കാർമ്മികന്റെ കരം ചുംബിക്കുന്നതും അദ്ദേഹത്തിനു തലകുനിച്ചാചാരം ചെയ്യുന്നതും ധൂപം അർപ്പിക്കുന്നതുമെല്ലാം ഈ അടിസ്ഥാനത്തിലാണ്.[1]

## വിശുദ്ധീകരണം

ആരാധനക്രമത്തിന്റെ ദ്വിതീയോദ്ദേശ്യം സഭാസന്താനങ്ങളുടെ വിശുദ്ധീകരണമാണ്. ഇതു സാധിക്കുന്നതു ക്രിസ്തുവിൽനിന്നുള്ള വരപ്രസാദദാനം വഴിയാണ്. തിരുക്കർമ്മാനുഷ്ഠാനങ്ങൾ ആത്മാവിനെ ദൈവത്തിന്റെ പക്കലേക്കു് ഉയർത്തുന്നു. ആത്മാവു ക്രിസ്തുവുമായി ഐക്യപ്പെടുകനിമിത്തം വരപ്രസാദസ്വീകരണത്തിനു യോഗ്യമായിത്തീരുകയും ചെയ്യുന്നു.[2] ക്രിസ്തുവുമായി ഐക്യപ്പെടുന്നതാണല്ലോ ആരാധനക്രമത്തിന്റെ സത്തതന്നെ. സഭ തിരുക്കർമ്മങ്ങൾ അനുഷ്ഠിക്കുമ്പോഴെല്ലാം വരപ്രസാദം വർഷിക്കപ്പെട്ടുകൊണ്ടാണിരിക്കുക.

# ആരാധനക്രമവും ദൈവശാസ്ത്രവും

ആരാധനക്രമത്തിനു ദൈവശാസ്ത്രവുമായി അവഗാഢമായ ബന്ധമുണ്ടു്. ആരാധനക്രമങ്ങൾ ദൈവസ്ഥാപിതംമാത്രമല്ല, മനുഷ്യസ്ഥാപിതവും കൂടിയാണ്. ദൈവികപ്രചോദനത്താൽ അതു പരിപുഷ്ടവുമാണ്. ക്രിസ്തുവിന്റെ രക്ഷണീയപ്രവർത്തനങ്ങൾ തുടരുന്നതിനു ദൈവസ്ഥാപിതമായ ഉപാധിയും ആരാധനക്രമങ്ങൾ തന്നെ.[3]

1) STAPPER-BAIER, *op. cit.*, P. 26
2) Ibid, P. 27
3) MILLER, REV. JOHN, H. C. S. C., S.T.D., *Fundamentals of Liturgy*, Fides Publishing Association, Indiana, *1959*, P. 2

www.malankaralibrary.com

വി.തോമസ് അക്വിനാസിന്റെ അഭിപ്രായപ്രകാരം ദൈവശാസ്ത്രത്തിലെ എല്ലാ ശാഖകളോടും ആരാധനക്രമത്തിനു ബന്ധമുണ്ട്. വിശ്വാസസത്യങ്ങൾ പ്രവൃത്തിപഥത്തിലായിരിക്കുന്നതു് ആരാധനക്രമങ്ങളിലൂടെയാണു്. നാം വിശ്വസിക്കുന്നതു് എന്തോ അതാണു് ആരാധനക്രമങ്ങളിൽ പ്രകടമാകുന്നതു്. വിശ്വാസത്തിന്റെ ബഹി:സ്ഫുരണമാണു് ആരാധനക്രമത്തിലുടനീളം ദൃശ്യമാകേണ്ടതു്. യഥാർത്ഥത്തിൽ എല്ലാ ആരാധനക്രമങ്ങളും വിശ്വാസസത്യങ്ങളാൽ ഉജ്ജ്വലമാണു്. അതുകൊണ്ടാണു സെലസ്റ്റിൻപാപ്പാ പറഞ്ഞതു്: "വിശ്വസിക്കുന്നതു് എന്തോ അതു് ആരാധനക്രമത്തിലുണ്ടു്"[1] (lex credendi lex orandi) എന്നു്. നമ്മുടെ വിശ്വാസത്തിന്റെ ആഴം അളക്കുന്ന അളവുകോലാണു് ആരാധനക്രമം; വിശ്വാസചൈതന്യത്തെ സൂചിപ്പിക്കുന്ന ചൂണ്ടുപലകയാണു് ആരാധനക്രമം.

ഒരു ജനവിഭാഗം വിശ്വസിക്കുന്നതെന്തോ അതു് ആരാധനക്രമങ്ങളിൽ പ്രതിഫലിക്കുന്നു. പൗരസ്ത്യാരാധനക്രമങ്ങളിൽ ഇതു തികച്ചും സ്പഷ്ടമാണു്. പൗരസ്ത്യാരാധനക്രമങ്ങൾ എല്ലാംതന്നെ വിശ്വാസസത്യനിബിഢമാണു്. അവയുടെ ദൈവശാസ്ത്രത്തോടുണ്ടായിരുന്ന പ്രത്യേക മമതയാണിതിനു കാരണം.[2] ആരാധനക്രമങ്ങൾ വെളിപ്പെടുത്തപ്പെട്ട സത്യങ്ങളുടെ ഒരു കലവറയാണെന്നുപറയാം. ദൈവത്തിന്റെ ഏകത്വം, ത്രിത്വം, സൃഷ്ടി, ദൈവപരിപാലനം, രക്ഷകന്റെ വരവു്, വിശുദ്ധീകരണം, തുടങ്ങിയ വിശ്വാസസത്യങ്ങളെല്ലാം അതിലുണ്ടു്. ചുരുക്കത്തിൽ, അടിസ്ഥാനവിശ്വാസസത്യങ്ങളിൽനിന്നുരുത്തിരിഞ്ഞവയാണു് ആരാധനക്രമങ്ങളിലെ പ്രാർത്ഥനകളെല്ലാംതന്നെ.[3]

1) CELESTINE, *Epist. XXI apud Canstant.*
2) KING, ARCHDALE A., *The Rites of Eastern Christendom*, vol.I, Rome, 1948, P. 22
3) GUARDINI, ROMANO, *The Spirit of the Liturgy*, Translated by A.D.A. L ANC, Newyork, Sheed and Ward Inc. 1953, P. 127.

www.malankaralibrary.com

ആദ്ധ്യാത്മികജീവിതത്തിന്റെ ഉത്തമ മാതൃകകളും ആരാധനക്രമത്തിലുണ്ട്. മനുഷ്യജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും സ്ഥലകാലഭേദമെന്യേ കടന്നുചെല്ലുവാൻ അതിനു കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടായിരിക്കണം ആരാധനക്രമം ഒരു ഉത്തമ വഴികാട്ടിയും പരിചയസമ്പന്നനായ ഒരദ്ധ്യാപകനുമായി പരിഗണിക്കപ്പെട്ടുക. മാർപ്പാപ്പമാർ, വിശ്വാസികളുടെ ആദ്ധ്യാത്മികനിലവാരം ഉയർത്തണമെന്നാഗ്രഹിച്ചപ്പോഴെല്ലാം ആരാധനക്രമങ്ങളെ സമുദ്ധരിക്കുകയാണു ചെയ്തതു്. കാരണം, ആരാധനക്രമങ്ങളിൽ നവോത്ഥാനമുണ്ടാകുമ്പോൾ, വിശ്വാസികളിൽ അതു സ്വാധീനം ചെലുത്തും.[1] അപ്പോൾ, ആദ്ധ്യാത്മികജീവിതത്തിനു് ഉണർവ്വും ഉത്തേജനവും ഉണ്ടാകുമെന്നും അവർക്കറിയാം.

ആരാധനക്രമങ്ങൾ വിശ്വാസികളെ വിശ്വാസത്തിൽ ഉറപ്പിക്കുകയും വിശ്വാസസത്യങ്ങളിൽ അറിവുള്ളവരാക്കുകയും ചെയ്യുന്നു. അതു സഭയുടെ സമൃദ്ധമായ ഒരു പ്രബോധനോപാധികൂടിയാണു്. മാർപ്പാപ്പമാർ ഈ സത്യത്തെ സ്ഥിരീകരിക്കുന്നുമുണ്ടു്. വാഗ്രൂപേണ മാത്രമല്ല, ആംഗ്യങ്ങളും അടയാളങ്ങളും ചിഹ്നങ്ങളുംവഴി പ്രതിരൂപങ്ങളിലൂടെയും പരോക്ഷമായും ആരാധനക്രമം ജനങ്ങൾക്കു് അറിവുനല്കുന്നു. അങ്ങനെ, നിത്യസത്യങ്ങളെ പഠിപ്പിക്കുന്ന ഒരുത്തമ അദ്ധ്യാപകനായി അതു വർത്തിക്കുന്നു. ഒരിക്കലും അബദ്ധങ്ങൾ അതു പഠിപ്പിക്കുകയില്ല. കാരണം, ആരാധനക്രമങ്ങളുടെ ഉള്ളടക്കം ദൈവനിവേശിതഗ്രന്ഥങ്ങളിൽനിന്നും സഭാപിതാക്കന്മാരുടെ കൃതികളിൽനിന്നും സ്വീകരിച്ചിട്ടുള്ളവയാണു്. കൂടാതെ, അവ സഭയുടെ കൂലങ്കഷമായ പരിശോധനയ്ക്കു വിധേയവുമാകുന്നുണ്ടു്.[2]

1) Ibid P. 124
2) REV. JOHN H., MILLER, C.S.C., S.T.D., *Fundamentals of Liturgy*, P. 3.

www.malankaralibrary.com

# റീത്ത്

## വാച്യാർത്ഥം

'റൈററ്' എന്ന വാക്കിൻെറ ഉത്ഭവം 'റീത്തുസ്' എന്ന ലത്തീൻ വാക്കിൽ നിന്നാണ്. ഈ വാക്ക മലയാളഭാഷയിലേക്ക സ്വീകരിച്ചപ്പോൾ 'റീത്ത്' എന്നു രൂപാന്തരപ്പെട്ടു. ഇതിനു മലയാളത്തിലേ 'രീതി' എന്ന പദവുമായി ബന്ധമുണ്ടോ എന്നു ഭാഷാപണ്ഡിതന്മാർ ആരായട്ടെ.

## പ്രയോഗാർത്ഥം

റോമാക്കാരുടെ ഇടയിൽ 'റീത്തുസ്' എന്ന പദംകൊണ്ടു സൂചിപ്പിച്ചിരുന്നതു ബലിയർപ്പണത്തിനുള്ള അംഗീകൃതാചാരങ്ങളെയാണ്. പന്ത്രണ്ടാം നൂററാണ്ടോടുകൂടി ഈ പദപ്രയോഗം ക്രൈസ്തവസഭയിലും പ്രചാരത്തിലായി. പക്ഷേ, അല്പം ഭിന്നമായ അർത്ഥത്തിലായിരുന്നെന്നുമാത്രം. അതായത്, ഒരു പ്രത്യേകസഭയിലേ ആരാധനക്രമങ്ങളെയും ആചാരമര്യാദകളെയും സൂചിപ്പിക്കുവാനാണ് ഇതു് ഉപയോഗിച്ചിരുന്നതു്. എന്നാൽ, ചില ഗ്രന്ഥകാരന്മാർ സഭാനുശാസനങ്ങളെയും ഇതിൽ ഉൾപ്പെടുത്താതിരുന്നില്ല.[1] കാനൻനിയമസംഹിതകളിൽ ഇതിനു വേറെയും അർത്ഥങ്ങൾ നല്കിയിട്ടുള്ളതായി കാണുന്നു. ചിലപ്പോൾ ആരാധനക്രമം (actus liturgicus), തിരുക്കർമ്മാനുഷ്ഠാനവിധി (ordo et systema actuum liturgicorum) തിരുക്കർമ്മാനുഷ്ഠാനങ്ങളുടേയും ആചാരങ്ങളുടേയും സമാഹാരം (universitas legum et consuetudinum tum liturgicorum tum disciplinarum) എന്നിവയെ സൂചിപ്പിക്കുവാനും മററു ചിലപ്പോൾ തിരുക്കർമ്മാനുഷ്ഠാനനിയമങ്ങളാലും പ്രത്യേകാചാരങ്ങളാലും നയിക്കപ്പെടുന്ന ഒരു ജനതയെ

1) GARDILLO, MAURICIUS S. J., *Compendium Theologiae Orientalis,* Romae, 1950, P. 4.

www.malankaralibrary.com

സൂചിപ്പിക്കുവാനും ഈ പദം ഉപയോഗിച്ചിരുന്നു.[1]

ഇപ്രകാരമുള്ള പ്രയോഗവൈക്ലബ്യം ദൂരീകരിക്കുവാൻ പൗരസ്ത്യറീത്തുകളുടെ തിരുസംഘം ഈ പദത്തിന്റെ അർത്ഥം ക്ലിപ്തപ്പെടുത്തുകയുണ്ടായി. അതനുസരിച്ച് ബലിയർപ്പണം, കൂദാശപരികർമ്മം, ഉപവാസം, തിരുനാളാചരണം മുതലായവ 'റീത്ത്' എന്ന പദത്താൽ വിവക്ഷിക്കപ്പെട്ടു. എന്നാൽ, സഭയുടെ 98-ാം കാനൻനിയമപ്രകാരം സഭയുടെ കാനോനികാനുശാസനങ്ങളും ഇതിൽ ഉൾപ്പെടുത്തുകയുണ്ടായി. അപ്പോൾ, നോമ്പ്, ഉപവാസം മുതലായവയെ നിയന്ത്രിക്കുന്ന നിയമങ്ങളും, പള്ളിസാധനങ്ങൾ, തിരുവസ്ത്രങ്ങൾ, വൈദികപഞ്ചാംഗം, ദൈവാലയഗീതങ്ങൾ, വൈദികന്മാരുടെ വസ്ത്രധാരണരീതി എന്നിവയും 'റീത്ത്' എന്ന പദത്താൽ വിവക്ഷിക്കപ്പെട്ടു.

സാധാരണ 'റീത്ത്' എന്നതു ബലിയർപ്പണം, കൂദാശപരികർമ്മം, പ്രാർത്ഥന, തിരുവസ്ത്രം മററ് ആചാരാനുഷ്ഠാനങ്ങൾ എന്നിവയെസ്സംബന്ധിച്ച് ഒരു പ്രത്യേക ദേശത്തെ സഭയിൽ പ്രാബല്യത്തിലിരിക്കുന്ന നിയമങ്ങളാലും സമ്പ്രദായങ്ങളാലും നയിക്കപ്പെടുന്ന തിരുക്കർമ്മാനുഷ്ഠാനങ്ങളുടെ സംഹിതയാണ്. ഈ അർത്ഥത്തിലാണു കത്തോലിക്കാസഭയിൽ വിവിധറീത്തുകൾ ഉണ്ടെന്നു പറയുന്നതു്.

## റീത്തും ആരാധനക്രമവും തമ്മിലുള്ള വ്യത്യാസം

റീത്തും ആരാധനക്രമവും ഒന്നല്ല. റീത്തിന്റെ ഒരുഭാഗം മാത്രമാണ് ആരാധനക്രമം. ഓരോറീത്തിനും അതതിന്റെ ആരാധനക്രമമുണ്ട്. സഭ ദൈവത്തിനു നല്കുന്ന പൊതുആരാധനയാണല്ലോ ആരാധനക്രമം. എന്നാൽ, റീത്ത് ഒരു പ്രത്യേകസഭയിലെ ആരാധനക്രമവും ഭരണക്രമവും ചേർന്നതാണ്.

1) Ibid P.4

www.malankaralibrary.com

തിരുക്കർമ്മങ്ങൾ അനുഷ്ഠിക്കേണ്ട വിധവും പാലിക്കേണ്ട നിയമങ്ങളും ചട്ടങ്ങളും റീത്തിൽ ഉൾപ്പെടുന്നു. സഭയുടെ വളർച്ചയനുസരിച്ച് തിരുക്കർമ്മാനുഷ്ഠാനങ്ങളിലുള്ള ക്രമപാലനം പല വ്യതിയാനങ്ങൾക്കും വിധേയമായി. സ്ഥലകാലങ്ങൾക്കനുസരണമായി രൂപത്തിലും ഭാവത്തിലും പല പ്രത്യേകതകളും ഇതു സ്വീകരിച്ചു. പ്രയോഗസവിശേഷതകളും ഓരോസ്ഥലത്തെയും സാംസ്കാരികാംശങ്ങളും ഇതിൽ ഉൾപ്പെട്ടാതിരുന്നില്ല. അപ്പസ്തോലികകാലംമുതല്ക്കുതന്നെ ബലിയർപ്പണത്തിലും ക്രൂദാശാനുഷ്ഠാനങ്ങളിലും അല്പാല്പവ്യതിയാനം വന്നുകൊണ്ടാണിരുന്നതു്. ഇതു് അഞ്ചാം നൂററാണ്ടായതോടെ ചില പ്രദേശങ്ങളിൽ നിശ്ചിതരൂപം പ്രാപിച്ചു. ഈ നിശ്ചിതരൂപങ്ങളാണു പിൽക്കാലത്തു് ഓരോ റീത്തുകളായി രൂപാന്തരപ്പെട്ടതു്.[1] ഓരോറീത്തിനെപ്പററിയും അടുത്ത അദ്ധ്യായങ്ങളിൽ പരാമർശിക്കുന്നതാണു്.

1) MILLER, REV. JOHN., *op. cit.*, p. 47

www.malankaralibrary.com

## II

# റീത്തുകൾ
## ഉത്ഭവം, വികസനം, വിഭജനം

അപ്പസ്തോലികകാലംതുടങ്ങി ആരാധനക്രമത്തിന്റെ പ്രധാനഭാഗങ്ങളായ ദിവ്യബലിയർപ്പണം, കൂദാശപരികർമ്മം എന്നിവയിൽ ദേശകാലാനുസൃതമായ പ്രത്യേകതകൾ കടന്നുകൂടി. ഈ പ്രത്യേകതകളും സവിശേഷതകളും നിശ്ചിതരൂപം പ്രാപിച്ചപ്പോൾ റീത്തുകളുണ്ടായി. റീത്തുകളുടെ ഉത്ഭവം, വികസനം, വിഭജനം എന്നിവയെപ്പററിയാണ് ഈ അദ്ധ്യായത്തിൽ വിവരിക്കുക.

### ക്രിസ്തുവിന്റെ ബലി, ക്രൈസ്തവാരാധനക്രമത്തിന്റെ ഉറവിടം

അന്ത്യ അത്താഴത്തിൽവച്ചു ക്രിസ്തു സ്ഥാപിച്ച ദിവ്യബലിയാണു ക്രൈസ്തവാരാധനക്രമത്തിന്റെ കേന്ദ്രവും ഉറവിടവും പ്രതിരൂപവും. അതിനെ ചുററിപ്പററിയാണ് ആരാധനക്രമം

www.malankaralibrary.com

വളൻവികസിച്ചതു്. പെസഹാവ്യാഴാഴ്ച ദിവ്യബലി സ്ഥാപി ച്ചുകൊണ്ടു്, ക്രിസ്തു ശിഷ്യരോടു കല്പിച്ചു: "ഇതു് എൻെറ ഓ മ്മയ്ക്കായി നിങ്ങരം ചെയ്യുവിൻ"[1] എന്നു്. ഈ അനുശാസന ത്തിൻെറ, യുഗങ്ങളിലൂടെയുള്ള അനുവത്തനമാണു് ഇന്നു് അ ംത്താരയിൽ അപ്പിക്കപ്പെടുന്ന ബലി.

ക്രിസ്തുവിൻെറ സ്വഗ്ഗാരോഹണശേഷം, അവിടുത്തെ ക ല്പനപ്രകാരം അപ്പസ്തോലന്മാർ "പ്രവത്തിക്കുവാനും പഠിപ്പിക്കു വാനും" തുടങ്ങി. ക്രിസ്തുവിനെ ക്രൂശിച്ച അതേ ജറുസലംപട്ടണ ത്തിൽത്തന്നെയാണു പന്തക്കുസ്താദിവസം സഭ ഉൽഘാടനം ചെയ്യപ്പെട്ടതു്. മൂവ്വായിരംപേർ അന്നു ക്രിസ്തുവിൽ വിശ്വസി ച്ചു ജ്ഞാനസ്നാനം സ്വീകരിച്ചു.[2] അങ്ങനെ, യൂദയാ, ക്രിസ്തുമത ത്തിൻെറ പിള്ളത്തൊട്ടിലും യഹൂദർ, ആദ്യക്രൈസ്തവരുമാ യിത്തീൻ. താമസിയാതെ, ചെറിയചെറിയ ക്രൈസ്തവസമൂ ഹങ്ങരം ജന്മമെടുത്തു. ഈ സമൂഹങ്ങളിൽ അപ്പസ്തോലന്മാർ തങ്ങളുടെ ഗുരുവിൻെറ അനുശാസനം അനുസരിച്ചു ബലിയർ പ്പിക്കുകയും കൂദാശകരം പരികമ്മം ചെയ്യുകയും ചെയ്തിരുന്നു. ഇവിടെയാണു ക്രൈസ്തവാരാധന ആരംഭിച്ചതു്. ഇവിടെനി ന്നാണു് അതു വികസിച്ചതു്.

## ദിവ്യബലി അപ്പസ്തോലികകാലത്തു്

എന്നാൽ, അപ്പസ്തോലന്മാർ എപ്രകാരമാണു ദിവ്യബ ലിയപ്പിച്ചിരുന്നതു്? ആക്കും ന്യായമായി ഉന്നയിക്കാവുന്ന ചോദ്യമാണിതു്. ക്രിസ്തു ബലിയർപ്പിച്ചതു്, യഹൂദരുടെ പെസ ഹായുടെ ആചാരവിധികളനുസരിച്ചായിരുന്നു.[3] കാരണം, പെ സഹാഭക്ഷണത്തോടനുബന്ധിച്ചായിരുന്നു അവിടുന്നു ബലി സ്ഥാപിച്ചതു്. അന്നത്തെ കമ്മാനുഷ്ഠാനങ്ങളുടെ വിശദാംശ

1) Lk. 22:19
2) Acts 2:41
3) Lk. 22:11

www.malankaralibrary.com

ങ്ങൾ സുവിശേഷകന്മാർ വിവരിക്കുന്നില്ല. അതുകൊണ്ടു്, അപ്പസ്തോലന്മാരും ആദിമക്രൈസ്തവരും ക്രിസ്തുവിനെ അനുകരിച്ചു പെസഹായുടെ ആചാരാനുഷ്ഠാനങ്ങളനുസരിച്ചു ബലിയർപ്പിച്ചിരുന്നുവെന്ന അഭിപ്രായം[1] ഇന്നു പലരും നിരസിക്കുന്നുണ്ടു്. പെസഹാഭോജനത്തിന്റെ ആവർത്തനം ദുഷ്കരമായിരുന്നു; കാരണം, അത്ര സങ്കീർണ്ണങ്ങളായ ആചാരവിധികളാണു് അതിലുൾക്കൊണ്ടിരുന്നതു്. കൂടാതെ, പഴയനിയമമനുസരിച്ചു്, ആണ്ടിലൊരിക്കൽ മാത്രമേ, പെസഹാഭോജനം അനുവദിച്ചിരുന്നുള്ളു.

ക്രിസ്തു അർപ്പിച്ച ബലിയുടെ ആവർത്തനമാണു് അപ്പസ്തോലന്മാരും നടത്തിയതു്. അതുകൊണ്ടു്, ക്രിസ്തു അനുഷ്ഠിച്ച ആചാരവിധികൾതന്നെ അവരും അനുഷ്ഠിച്ചിരുന്നുവെന്നതു തീർച്ചയാണു്. ദിവ്യബലിസ്ഥാപനത്തിൽ ക്രിസ്തു അനുഷ്ഠിച്ച ആചാരവിധികൾ തീർത്തും ലളിതങ്ങളായിരുന്നു. ആ ആചാരവിധികൾതന്നെയാണു് ആഗന്തുകങ്ങളിൽ വ്യത്യാസത്തോടെയെങ്കിലും അപ്പസ്തോലന്മാരും അനുഷ്ഠിച്ചിരുന്നതു്. അപ്പസ്തോലന്മാരുടെ ബലി അഥവാ, 'അപ്പംമുറിക്കലിനെപ്പററി' (ആദിമശതകങ്ങളിൽ ദിവ്യബലി 'അപ്പംമുറിക്കൽ' എന്നാണറിയപ്പെട്ടിരുന്നതു്) മതിയായ വിവരണം നടപടിപ്പുസ്തകത്തിലുണ്ടു്: "അവർ ശ്ലീഹന്മാരുടെ ഉപദേശത്തിൽ സ്ഥിരപ്പെട്ടും പ്രാർത്ഥനയിലും അപ്പംമുറിക്കുന്നതിലും പങ്കുകൊണ്ടുമിരുന്നു..... അവർ എല്ലാദിവസവും ഏകമനസ്സോടെ ദൈവാലയത്തിൽ ചെലവിടുകയും വീട്ടിൽ ബലിയപ്പം മുറിക്കുകയും....".[2] "ആഴ്ചവട്ടത്തിലെ ഒന്നാംദിവസം എവുക്കാറെസ്തിയ മുറിക്കുവാൻ ഞങ്ങൾ ഒരുമിച്ചുകൂടിയപ്പോൾ പൗലോസ് പിറേറന്നാൾ പോകാനിരുന്നതുകൊണ്ടു് അവരോടു സംസാരിച്ചു...... അവൻ

1) Cfr. JUNGMANN J. A., S. J., *The Mass of the Roman Rite*, Vol. I. (Benziger Brothers, INC. 1950) 7
2) Acts 2:42, 46

www.malankaralibrary.com

അപ്പം മുറിച്ചു ഭക്ഷിച്ചിട്ട് ഉഷസ്സാകുന്നതുവരെ സംസാരിച്ചു കൊണ്ടിരുന്നു".[1] കൊറീന്ത്യക്കുള്ള ഒന്നാംലേഖനത്തിൽ സെൻ പോളും ഇതുതന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്.[2] ഇതുമാത്രമേ അപ്പസ്തോലികകാലത്തെ ബലിയർപ്പണത്തെസ്സംബന്ധിച്ചു വസ്തുനിഷ്ഠവും ആധികാരികവുമായ പ്രസ്താവനയായുള്ളൂ.[3] പ്രാധാന്യമർഹിക്കുന്ന പല നിഗമനങ്ങളും ഇതിൽനിന്നും നമുക്കു ലഭിക്കുന്നു: ദിവ്യബലിയർപ്പിച്ചിരുന്ന വിധം, സ്ഥലം, സമയം എന്നിവയേപ്പറ്റി.

1) ആദിമക്രിസ്ത്യാനികൾ യഹൂദരോടൊന്നിച്ച്, "എല്ലാ ദിവസവും ഏകമനസ്സോടെ ദൈവാലയത്തിൽ ചിലവിട്ടിരുന്നു". അവർക്കു കെട്ടുറപ്പുള്ള സംഘടനയോ സ്വന്തമായി ആരാധനസ്ഥലങ്ങളോ ഇല്ലായിരുന്നു. കാരണം, സഭ അത്രമാത്രം അന്നു വളർച്ച പ്രാപിച്ചിരുന്നില്ല. യഹൂദരെ അനുകരിച്ച് അവരും ജറൂസലം ദൈവാലയത്തിലും സിനഗോഗുകളിലും പ്രാർത്ഥനയ്ക്കും വിശുദ്ധഗ്രന്ഥപാരായണത്തിനുംവേണ്ടി സമ്മേളിച്ചിരുന്നു.[4] അപ്പസ്തോലന്മാർ പഠിപ്പിച്ചിരുന്നതും യഹൂദസിനഗോഗുകളിലായിരുന്നു.[5] തന്മൂലം, അവർ ക്രിസ്തുവിന്റെ മാതൃക അനുകരിക്കുക മാത്രമാണു ചെയ്തത്. ക്രിസ്തുവും സിനഗോഗിൽ പ്രാർത്ഥിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നല്ലോ.[6] യഹൂദർ ആഴ്ചയിൽ പല പ്രാവശ്യം പ്രാർത്ഥനയ്ക്കായി സായംകാലത്തു സിനഗോഗിൽ സമ്മേളിച്ചിരുന്നു. വിശുദ്ധ ഗ്രന്ഥപാരായണം (നിയമവും പ്രവാചകരും), പ്രഭാഷണം, സങ്കീർത്തനാലാപം ഇവയായിരുന്നു സിനഗോഗിലെ ചടങ്ങുകൾ. ഇവതന്നെയാണ് ആദിമസഭയും സ്വീകരിച്ചിരുന്നത്.[7] പുതിയനിയമഗ്ര

1) Acts. 20:7:12
2) I Cor. 11:17:34
3) JUNGMANN J. A., *op. cit.*, P. 10
4) Acts 2:42
5) Acts 13:44; 17:2; 18:4
6) Lk. 4:16
7) JUNGMANN. J. A., S. J., *Public Worship* P. 12

www.malankaralibrary.com

ന്ഥങ്ങൾ എഴുതപ്പെട്ടതോടെ അതിലെ ഭാഗങ്ങളും സമ്മേളനങ്ങളിൽ വായിച്ചുതുടങ്ങി.

2) എന്നാൽ, അപ്പംമുറിക്കലിനു സംഘംചേർന്നത് ഏതെങ്കിലും ക്രൈസ്തവഭവനത്തിൽ സമ്മേളിക്കുകയായിരുന്നു പതിവ്. ഇതോടനുബന്ധിച്ചു സമൂഹഭോജനവും നടത്തിയിരുന്നു. ഈ സമൂഹഭോജനം 'അഗാപ്പെ-സ്നേഹവിരുന്ന്' എന്നാണറിയപ്പെട്ടിരുന്നത്. അഗാപ്പെയും അപ്പംമുറിക്കലും ഒരുമിച്ചാണു നടത്തിയിരുന്നതെന്നു സെൻപോളിൻെറ കൊറീന്ത്യാക്കാർക്കുള്ള ഒന്നാംലേഖനത്തിൽനിന്നും വ്യക്തമാണ്.[1] ക്രിസ്തു കാണിച്ചുകൊടുത്ത മാതൃക അനുസരിച്ചായിരിക്കണം ആദിമക്രൈസ്തവരും അപ്പംമുറിക്കൽ അത്താഴത്തോടനുബന്ധപ്പെടുത്തിയത്. അഗാപ്പെയിലും യഹൂദഭോജനത്തിൻെറ ആചാരവിധികളാണു സ്വീകരിച്ചിരുന്നത്. യഹൂദരുടെ ഭോജനമേശയിലെ പ്രധാനചടങ്ങുകൾ, സഭാതലവൻ നടത്തിയിരുന്ന അപ്പം വാഴ്ത്തൽ, മുറിയ്ക്കൽ, വിതരണം, വീഞ്ഞു വാഴ്ത്തൽ, വിതരണം എന്നിവയായിരുന്നു.[2] ഭക്ഷണത്തിൻെറ അവസാനം 'വാഴ്ത്തലിൻെറ കപ്പി'ൽനിന്നും എല്ലാവരും പാനം ചെയ്യുകയും അതെത്തുടർന്നു കൃതജ്ഞതാസ്തോത്രം ആലപിക്കുകയും ചെയ്തിരുന്നു. ചില്ലറ വ്യത്യാസങ്ങളോടെയെങ്കിലും ഇവയൊക്കെത്തന്നെയാണ് അഗാപ്പെയിലും സ്വീകരിക്കപ്പെട്ടത്. ഒന്നാംനൂററാണ്ടവസാനം എഴുതപ്പെട്ട 'ഡിഡാക്കെ'[3] യിൽ ഇവയെല്ലാം സ്പഷ്ടമായ തെളിവുകളുണ്ട്. 'എവുക്കാറെസ്തിയ'യോടനുബന്ധിച്ചുള്ള കൃതജ്ഞതാസ്തോത്രാലാപം ഇതിൽ കൊടുത്തിട്ടുണ്ട്. വീഞ്ഞുനിറച്ച കാസാ (കപ്പ്), മുറിച്ചഅപ്പം

1) I Cor. 11: 17-34
2) MILLER J. H., C. S. C., *op. cit.*, P. 251
3) *Didacke ton Dodeka Apostolon:* The Teaching of the Twelve Apostles, മതാനുഷ്ഠാനവിധികളും കൂദാശക്രമങ്ങളുമടങ്ങിയ ഈ വിശിഷ്ടഗ്രന്ഥം ക്രിസ്ത്വവർഷം 90-നും 100-നും മദ്ധ്യേ എഴുതപ്പെട്ടതാണെന്നു വിശ്വസിക്കപ്പെടുന്നു.

www.malankaralibrary.com

എന്നിവയെക്കുറിച്ചാണ് ആദ്യത്തെ രണ്ടു സ്തോത്രഗീതങ്ങൾ. ഭക്ഷണാനന്തരം ആലപിക്കേണ്ടതിലേക്കു വേറൊന്നുംകൂടെയുണ്ട്.[1] തന്റെ അന്ത്യഅത്താഴത്തിൽ ഇതേ ആചാരവിധികളാണു ക്രിസ്തുവും അനുഷ്ഠിച്ചതു്. അവിടന്നു് അപ്പം എടുത്തു്, വാഴ്ത്തി മുറിച്ചു്, ശിഷ്യർക്കുകൊടുത്തു. അതിനുശേഷം സ്തോത്രഗീതം ആലപിച്ചു.[2]

'അഗാപ്പെ'യോടുകൂടി 'അപ്പംമുറിക്കൽ' നടന്നിരുന്നുവോ എന്നതിനേപ്പറ്റി സംശയിക്കുന്നവരുമുണ്ടു്. രണ്ടാംശതാബ്ദാവസാനത്തിൽ തെർത്തുല്യനും വി. ഹിപ്പോളിററസും ഇതിനെപ്പററി കൂടുതൽ വിവരങ്ങൾ നല്കുന്നു. ക്രൈസ്തവൈക്യം നിലനിർത്തുക, സാധുക്കളെ പോററുക എന്നിവയായിരുന്നു അപ്പംമുറിക്കലിന്റെ ഉദ്ദേശമെന്നും അഗാപ്പെയും എവുക്കാറെസ്തിയായും വ്യത്യസ്തമായിരുന്നെന്നും അവർ പറയുന്നു.[3] എങ്കിലും ഈ അഭിപ്രായത്തിനു് ഇന്നു വലിയ പ്രാബല്യമില്ലെന്നതാണു വാസ്തവം. അഗാപ്പെയും അപ്പംമുറിക്കലും ഒന്നിച്ചാണു നടത്തിയിരുന്നതു്. സെന്റ് പോളിന്റെ കൊറിന്ത്യർക്കുള്ള കത്താണു് ഇതിനുള്ള തെളിവു്. വി. ഹിപ്പോളിററസിന്റെ അപ്പസ്തോലികപാരമ്പര്യത്തിലും ഇതിനുപോൽ ബലകമായ തെളിവുകളുണ്ടു്.

## അപ്പസ്തോലികാരാധനക്രമത്തിന്റെ രണ്ടു ഭാഗങ്ങൾ

അപ്പസ്തോലികകാലത്തു് ആരാധനക്രമം രണ്ടായി വിഭജിച്ചിരുന്നു എന്നു പറഞ്ഞല്ലോ. ഒന്നു്, സിനഗോഗാചരണം; രണ്ടു്, അപ്പംമുറിക്കൽശുശ്രൂഷ. കാലക്രമേണ ഇവരണ്ടുമാണു

1) *"The Didache"*, *Ancient Christian Writers*, VI, Newman Press. P. 20–21
2) Lk. 22:17, 19
3) TERTULLIAN, *Apology* C. 36; DIX, GREGORY. *The Treatise on the Apostolic Tradition of St. Hypolitus of Rome.* London, 1937, 53—54

www.malankaralibrary.com

ജ്ഞാനസ്നാനാർത്ഥികളുടെബലി (Mass of the catechumens) വിശ്വാസികളുടെ ബലി (Mass of the faithful) എന്നിവ ആയിത്തീർന്നു്.[1] ആദ്യകാലത്തു് ഇവ രണ്ടും വ്യത്യസ്തമായി ട്ടാണു നടത്തിയിരുന്നതു്. എന്നാൽ, A. D. 44 ലെ മതപീഡനത്തിനുശേഷം സിനഗോഗാചരണം അപ്പംമുറിക്കലിനോടു സംയോജിപ്പിക്കപ്പെട്ടു.[2]

## ചില പരിവർത്തനങ്ങൾ

സമൂഹം വിപുലമായതോടെ അഗാപ്പെ അപ്രത്യക്ഷമാവാൻതുടങ്ങി. ഭോജനശാലയിൽ ഒരു മേശമാത്രം അവശേഷിച്ചു, അപ്പംമുറിക്കുന്നതിനുവേണ്ടി.[3] അപ്പംമുറിക്കുന്നതിനു പ്രാരംഭമായ സായംകാലഭോജനം നിറുത്തൽ ചെയ്തതോടെ, അപ്പംമുറിക്കൽ ഏതുസമയത്തും ആകാമെന്നായി. നേരത്തേമുതൽതന്നെ അപ്പംമുറിക്കൽ ആചരണം ഞായറാഴ്ചയിലേക്കു മാററിയിരുന്നു.[4] നടപടിപ്പുസ്തകവും ഡിഡാക്കെയും വി. ജസ്റ്റിനും ഇതു സാക്ഷ്യപ്പെടുത്തുന്നുണ്ടു്. ദിവ്യബലിയിൽ ക്രിസ്തുവിൻെറ മഹത്വപൂർണ്ണമായ ഉത്ഥാനത്തിൻെറ അനുസ്മരണവും ഉണ്ടു്. അവിടുന്നു് ഉത്ഥാനംചെയ്തതു് ഉഷസ്സിലാണല്ലോ. അതുകൊണ്ടു്, സായംകാലത്തു നടത്തിയിരുന്ന അപ്പംമുറിക്കൽ ശുശ്രൂഷ ഉഷസ്സിലേക്കു മാററി.[5] മതപീഡനകാലമായിരുന്നതിനാൽ, രാവിലേ നടത്തുക സുരക്ഷിതവുമായിരുന്നു. വി. സിപ്രിയാൻ ഇതേപ്പററി ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു: "എവുക്കാറെസ്തിയാ സ്ഥാപിക്കപ്പെട്ടതു സായംകാലത്താണെങ്കിലും കർത്താവിൻെറ ഉത്ഥാനവും അതിൽ അനുസ്മരിക്കപ്പെടുന്നതിനാൽ, രാവിലെയാണു ഞങ്ങൾ എവുക്കാറെസ്തിയാ മുറിച്ചിരുന്നതു്."[6]

1) MILLER, H. JOHN C. S. C., *op. cit.* P. 251
2) Ibid P. 179
3) JUNGMANN J. A. S. J., *The Mass of the Roman Rite,* P. 17
4) Act. 20:7
5) JUNGMANN, *op. cit.*, P. 17
6) St. CYPRIAN, *Ep.* 63, 15.



www.malankaralibrary.com

ഉഷസ്സിൽ എവുക്കാറെസ്തിയ മുറിക്കലും വൈകുന്നേരം അഗാപ്പെയും നടത്തിയിരുന്നു എന്നും അഭിപ്രായപ്പെടുന്നവരുണ്ട്. പ്ലീനി, ട്രാജൻചക്രവർത്തിക്ക് എഴുതിയ ലേഖനത്തിൽ, സൂര്യോദയത്തിനുമുമ്പ് ക്രൈസ്തവർ ഒന്നിച്ചുകൂടി ക്രിസ്തുവിനെ സ്തുതിച്ചിരുന്നുവെന്നും വീണ്ടും, വൈകുന്നേരം ഭക്ഷണത്തിന് ഒന്നിച്ചുകൂടിയിരുന്നുവെന്നും രേഖപ്പെടുത്തിയിരിക്കുന്നു.[1] പ്രഭാതസമ്മേളനം ദിവ്യബലിയർപ്പണത്തിനും സായംകാലസമ്മേളനം അഗാപ്പെ നടത്തുന്നതിനുമായിരുന്നുവെന്നാണു പണ്ഡിതമതം.

## ഡിഡാക്കെയും റോമിലെ വി. ക്ലെമൻറിൻെറ ലേഖനവും

ആദ്യനൂററാണ്ടിലെ ലിററർജിയെപ്പററി പ്രതിപാദിക്കുന്ന രണ്ടു ചരിത്രരേഖകളാണിവ. 'ഡിഡാക്കെ', എവുക്കാറെസ്തിയ മുറിക്കുന്നതിൽ അനുഷ്ഠിച്ചിരുന്ന ആചാരവിധികൾ രേഖപ്പെടുത്തിയിട്ടുണ്ട്. അതെപ്പററി നേരത്തെ പ്രതിപാദിച്ചുകഴിഞ്ഞു. വി. ക്ലെമൻറിൻെറ ലേഖനം മനോഹരമായ ഒരു കൃതജ്ഞതാപ്രാർത്ഥന ഉൾക്കൊള്ളുന്നു.

## വി. ജസ്റ്റിൻെറ വിശ്വാസസാധൂകരണം[2]

## (Apology of St. Justin)

രണ്ടാംനൂററാണ്ടിലെ ആരാധനക്രമത്തിൻെറ, പ്രത്യേകിച്ചു, ദിവ്യബലിയുടെ, വികാസത്തെക്കുറിക്കുന്ന ഏററവും വിലപ്പെട്ടസാക്ഷ്യം വേദസാക്ഷിയായ വിശുദ്ധ ജസ്റ്റിൻേറതാണ്. അന്നു സഭയിൽ അനുഷ്ഠിച്ചിരുന്ന ആരാധനക്രമത്തിൻെറ ഒരു രൂപരേഖയാണതു്. വി. ജസ്റ്റിൻെറ വിവരണമനുസരിച്ചു ദിവ്യബലിയിൽ അന്നു് അനുഷ്ഠിച്ചിരുന്ന ആചാരവിധികൾ ഇങ്ങനെ സംഗ്രഹിക്കാം:

1) വി. ഗ്രന്ഥപാരായണം (നിയമം, പ്രവാചകർ, സുവിശേഷങ്ങൾ)

1) PLINY, *Ep. ad Trajanun, X,96.* quoted in JUNCMANN *op.cit.* p. 18
2) JUSTIN St. *Apologia I* cc. 65, 67, 68

www.malankaralibrary.com

2) പ്രഭാഷണം
3) പൊതുപ്രാർത്ഥന
4) സമാധാനചുംബനം
5) ബലിവസ്തുസമർപ്പണം (അപ്പവും വീഞ്ഞും)
6) അപ്പവും വീഞ്ഞും വാഴ്ത്തൽ
7) അപ്പം മുറിക്കൽ
8) വി. കുർബ്ബാന വിതരണം (ഇരുസാദൃശ്യങ്ങളിലും)
9) ദിവ്യബലിയിൽ ഹാജരില്ലാത്തവർക്കായി ഡീക്കന്മാർ വാഴ്ത്തപ്പെട്ട അപ്പവും വീഞ്ഞും കൊണ്ടുപോകുന്നു
10) സാധുക്കൾക്കുവേണ്ടിയുള്ള പണപ്പിരിവ്[1]

ഞായറാഴ്ചയാണു ദിവ്യബലിയർപ്പിച്ചിരുന്നതെന്നും ജനങ്ങൾ, പുരോഹിതൻ ചൊല്ലിയിരുന്ന പ്രാർത്ഥനകളുടെ അവസാനം "ആമ്മേൻ" പറഞ്ഞിരുന്നുവെന്നും കാർമ്മികൻ സന്ദർഭോചിതമായ പ്രാർത്ഥനകളാണു ചൊല്ലിയിരുന്നതെന്നും വി.ജസ്റ്റിൻ രേഖപ്പെടുത്തിയിട്ടുണ്ട്. വി. ജസ്റ്റിന്റെ കാലത്തെ ദിവ്യബലിയിലും രണ്ടുഭാഗങ്ങൾ ദൃശ്യമാണ്: ജ്ഞാനസ്നാനാർത്ഥികളുടെ ബലിയും വിശ്വാസികളുടെ ബലിയും. ഇവരണ്ടും ഒന്നിച്ചാണ് അന്നു നടത്തിയിരുന്നത്.

## ഒന്നും രണ്ടും നൂററാണ്ടുകളിലെ

## ബലിയർപ്പണത്തിലുള്ള ഐക്യരൂപ്യം

വി. ജസ്റ്റിൻ പ്രതിപാദിക്കുന്ന ദിവ്യബലിയും അപ്പസ്തോലികകാലത്തു നിലവിലിരുന്ന അപ്പംമുറിക്കൽകർമ്മവും തമ്മിൽ മൗലികമായ സാദൃശ്യമുണ്ട്. പ്രധാനമായ ആചാരാനുഷ്ഠാനങ്ങളെല്ലാം രണ്ടിലുമുണ്ട്. ജ്ഞാനസ്നാനാർത്ഥികളുടെ ബലിയെന്നും വിശ്വാസികളുടെ ബലിയെന്നുമുള്ള വിഭജനം രണ്ടിലും കാണാം. ഇതിന്റെ അർത്ഥം ഒന്നുംരണ്ടും നൂററാണ്ടു

1) MILLER J. H. C. S. C., *op. cit.* P. 252

www.malankaralibrary.com

കളിൽ ദിവ്യബലിയർപ്പണത്തിൽ എല്ലാസഭകളിലും ഏതാണ്ടൊരു വിധം ഐകരൂപ്യം ഉണ്ടായിരുന്നുവെന്നാണ്. എല്ലാ സഭകളേയും പററിയുള്ള വി. ജസ്റ്റിൻെറ സാക്ഷ്യം വിശ്വാസയോഗ്യമാണ്. കാരണം, അന്നു നിലവിലിരുന്ന എല്ലാംക്രൈസ്തവസമൂഹങ്ങളേയും അദ്ദേഹം സന്ദർശിച്ചിട്ടുണ്ട്. റോമൻസാമ്രാജ്യത്തിലെ എല്ലാംപ്രവിശ്യകളിലും അദ്ദേഹം പര്യടനം നടത്തിയിട്ടുള്ളതായും സാക്ഷ്യങ്ങളുണ്ട്.[1]

## ഐകരൂപ്യം പൂർണ്ണമല്ല

ആരാധനക്രമത്തിലുള്ള ഈ ഐകരൂപ്യം പരിപൂർണ്ണമായിരുന്നെന്നു പറയുന്നവരുണ്ട്. ഫാദർ യുഗ്മാൻ എസ്. ജെ. പറയുന്നതു നാലാംനൂററാണ്ടുവരെ ക്രൈസ്തവലിററർജിയിൽ പൂർണ്ണഐകരൂപ്യമുണ്ടായിരുന്നെന്നാണ്.[2] മറിച്ച്, പരിപൂർണ്ണഐകരൂപ്യം അപ്പസ്തോലികലിററർജിയിൽപ്പോലുമില്ലായിരുന്നെന്നു വാദിക്കുന്നവരുമുണ്ട്.[3] ചരിത്രവസ്തുതകൾ ഇവർക്കനുകൂലവുമാണ്. ഏതായാലും, മൗലികകാര്യങ്ങളിൽ ഐകരൂപ്യം ഉണ്ടായിരുന്നെന്ന് എല്ലാവരും സമ്മതിക്കുന്നുണ്ട്. ദിവ്യബലിയിൽ നിശ്ചിതപ്രാർത്ഥനകൾ വി.ജസ്റ്റിൻെറ കാലംവരെ ഉണ്ടായിരുന്നില്ല. 'ഡിഡാക്കെ' പറയുന്നു: "പുരോഹിതൻ ഉചിതമായ പ്രാർത്ഥന അർപ്പിക്കട്ടെ" എന്ന്. വി. ജസ്റ്റിൻ പറയുന്നു: "പുരോഹിതൻ കഴിവനുസരിച്ചുപ്രാർത്ഥിച്ചിരുന്നു'' എന്ന്. മൂന്നാംനൂററാണ്ടാദ്യം എഴുതപ്പെട്ട വി. ഹിപ്പോളിററസിൻെറ 'അപ്പസ്തോലികപാരമ്പര്യത്തിലും' നിശ്ചിത പ്രാർത്ഥനചൊല്ലുവാൻ മെത്രാൻ ബാദ്ധ്യസ്ഥനല്ലായിരുന്നെന്നു കാണുന്നു.[4] ഇതിൽനിന്നു വ്യക്തമാണ്, പ്രാർത്ഥനക്രമങ്ങളിൽ വ്യത്യാസം ഉണ്ടായിരുന്നെന്ന്.

1) MILLER H. JOHN C. S. C., *op. cit.*, P. 45
2) *Ibid*
3) DUCHESNE MGR., *Christian Worship.* Translated by M. L. MECLURE 1912, P. 54
4) *La Tradition Apostolique* (Ed. B. Botte, Paris, 1946), P. 14)

www.malankaralibrary.com

**സഭാപിതാക്കന്മാരുടെ സാക്ഷ്യം**

അപ്പംമുറിക്കൽശുശ്രൂഷയിൽ ഇങ്ങനെ പല വൈവിധ്യങ്ങളും നുഴഞ്ഞുകയറി. രണ്ടാംനൂററാണ്ടിൽ വി. ഫിർമിലിയസ് വി. സ്റ്റീഫൻ പാപ്പയ്ക്കെഴുതിയ കത്തിൽ, ദൈവികാരാധനക്രമത്തിൽ വൈവിധ്യം ഉണ്ടെന്നും ജറൂസലത്തു അനുഷ്ഠിച്ചിരുന്നതിൽനിന്നു വ്യത്യസ്തമായി മററസ്ഥലങ്ങളിൽ അതു നടക്കുന്നുവെന്നും പ്രസ്താവിച്ചിരിക്കുന്നു. എങ്കിലും അക്കാരണത്താൽ, സഭയിൽനിന്നും വേർപെട്ടല്ല അവർ നില്ക്കുന്നതെന്ന് അദ്ദേഹം എടുത്തുപറയുന്നു.[1] വി. അഗസ്റ്റിനും വൈവിധ്യങ്ങളെ പരാമർശിക്കുന്നുണ്ട്: മൗലികമായവയിൽ ഐക്യരൂപ്യം ഉണ്ടായിരുന്നു; ആഗന്തുകങ്ങളിൽ പ്രാദേശികമായ വൈവിധ്യങ്ങളും, ചില സമൂഹങ്ങൾ ക്രിസ്തുവിൻെറ തിരുശ്ശരീരരക്തങ്ങൾ എല്ലാദിവസവും സ്വീകരിച്ചിരുന്നു; മററുചിലതു്, ചിലപ്പോൾ മാത്രവും. ചിലയിടങ്ങളിൽ എന്നും ദിവ്യബലി അർപ്പിക്കപ്പെട്ടിരുന്നു; മററുചിലയിടങ്ങളിൽ ശനിയാഴ്ചയും ഞായറാഴ്ചയും. ഞായറാഴ്ചമാത്രം അർപ്പിക്കപ്പെട്ടിരുന്ന സ്ഥലങ്ങളും ഉണ്ടായിരുന്നു.[2] അപ്പസ്തോലികകാലത്തു്, എല്ലാ സമൂഹങ്ങളും പരസ്പരം സമ്പർക്കം പുലർത്തിയിരുന്നു. സെൻപോളിൻെറ യാത്രകളും ലേഖനങ്ങളും ഇതിനുള്ള മതിയായ തെളിവുകളാണു്. പക്ഷേ, അപ്പസ്തോലികകാലത്തിനുശേഷം സമൂഹങ്ങൾതമ്മിൽ അടുത്തസമ്പർക്കം ഇല്ലാതെപോയി. പ്രാദേശികസഭകൾ സാഹചര്യങ്ങൾക്കൊത്തു വളർന്നുവന്നു. ആചാരവൈവിധ്യങ്ങൾ നുഴഞ്ഞുകയറി. റോമയും അലക്സാണ്ഡ്റിയയും അന്ത്യോക്യയുമെല്ലാം ആദിമശതകത്തിലെ ഐക്യരൂപ്യത്തിൽനിന്നു തെന്നിമാറിയിരുന്നു. പ്രാദേശികാചാരങ്ങൾ ക്രമേണ വികസിച്ചു സങ്കീർണ്ണങ്ങളായി.[3] വിവിധ ആരാധനക്രമങ്ങളുടേയും റീത്തുകളുടേയും ആദ്യസൂചന ആയിരുന്നു അതു്.

1) Cfr. *Epistola*. LXXV, (ed.) HARTEL, CSEL, Vol. III, P. 813
2) AUGUSTINE (S), *Epistola* 54. MPL, 33 : 200
3) DUCHESNE. MGR., *op. cit.* P. 55

www.malankaralibrary.com

# റീത്തു വികാസം-കാരണങ്ങൾ

## പ്രാദേശികസഭകളുടെ ആവിർഭാവം

അപ്പസ്തോലികകാലത്തുതന്നെ റോമൻസാമ്രാജ്യത്തിൻെറ എല്ലാ പ്രധാനകേന്ദ്രങ്ങളിലും സുവിശേഷം പ്രസംഗിക്കപ്പെട്ടു. അപ്പസ്തോലന്മാരുടെ കാലശേഷം അവർ നിയമിച്ച മെത്രാന്മാർ പുരോഹിതന്മാരുടേയും ഡീക്കന്മാരുടേയും സഹായസഹകരണത്തോടെ സഭാഭരണം നടത്തിപ്പോന്നു. A. D. 70 ൽ ടൈററസിൻെറ ആക്രമണത്തോടെ ജറൂസലമിൻെറ പ്രാധാന്യം കുറഞ്ഞു. അതോടെ റോം നേതൃത്വമേറെറടുത്തു. സഭയുടെ ആസ്ഥാനവും റോമിലായി. ആഫ്രിക്കയിൽ കാർത്തേജും ഈജിപ്തിൽ അലക്സാണ്ഡ്റിയയും സിറിയായിൽ അന്ത്യോക്യയും ഏഷ്യാമൈനറിൽ എഫേസൂസും സഭാകേന്ദ്രങ്ങളായിത്തീർന്നു. ഓരോ കേന്ദ്രത്തിൻേറയും ചുററുമുള്ളസ്ഥലങ്ങളിൽ ക്രമേണ സുവിശേഷം പ്രസംഗിക്കപ്പെട്ടു. അങ്ങനെയുണ്ടായ സാമന്തസഭകളുടെമേൽ കേന്ദ്രസഭയ്ക്കു് (മാതൃസഭയ്ക്കു്) അധികാരവും സ്വാധീനവും ഉണ്ടാകുക സാധാരണമാണല്ലോ. തൽഫലമായി, മാതൃസഭയിലെ ആചാരവിധികൾ പുത്രീസഭകളിലേക്കും സ്വാഗതം ചെയ്യപ്പെട്ടു. പക്ഷേ, അചിരേണ പുത്രീസഭകളും ആചാരക്രമങ്ങളിൽ തങ്ങളുടേതായ ചില സംഭാവന നല്കി. അതോടെ, വിവിധസ്ഥലങ്ങളിലെ ആചാരക്രമങ്ങൾ വിവിധങ്ങളായി. ചുരുക്കത്തിൽ, വളരെയധികം റീത്തുകൾ പൊട്ടിമുളച്ചു.[1]

## ഏകത്വത്തിൽ നിന്നു വിവിധത്വം

റീത്തുകളുടെ വികാസത്തിനുള്ള കാരണങ്ങളെസ്സംബന്ധിച്ചു പണ്ഡിതന്മാരുടെ ഇടയിൽ അഭിപ്രായവ്യത്യാസമുണ്ടു്. ഫാദർ പ്രോബ്സ്റ്റ് (Probst) പ്രസ്താവിക്കുന്നു: നാലാംനൂററാണ്ടുവരെ ഒരു റീത്തേ ഉണ്ടായിരുന്നുള്ളു. കാരണം, അപ്പസ്തോ

1) Ibid P. 16, 17;
MILLER, *op. cit.* P. 46, 47

www.malankaralibrary.com

ലികാരാധനക്രമമാണ് എല്ലായിടത്തും നിലവിലിരുന്നതു്. ആ റീത്തിൽനിന്നു പൊട്ടിമുളച്ചതാണ് ഇന്നു കാണുന്ന വിവിധ റീത്തുകൾ. അഞ്ചാംനൂററാണ്ടുവരെയുള്ള സഭാപിതാക്കന്മാരെല്ലാംതന്നെ ഇതിനെ പിൻതാങ്ങുന്ന തെളിവുകൾ നല്കുന്നുണ്ടു്.[1]

## വിവിധത്വത്തിൽനിന്നു് ഏകത്വം

മേല്പറഞ്ഞതിനു നേരെവിപരീതമാണു ബോംസ്റ്റാർക്കിന്റെ (Baumstark) അഭിപ്രായം.[2] ഏകത്വത്തിൽനിന്നല്ല വൈവിധ്യം ഉണ്ടായതു്, മറിച്ചു്, വൈവിധ്യത്തിൽ നിന്നാണ് ഏകത്വം ഉണ്ടായതെന്ന് അദ്ദേഹം പറയുന്നു. അതായതു്, ദിവ്യബലിയർപ്പണത്തിലുണ്ടായ ചില്ലറ വ്യത്യാസങ്ങൾ മൂലം വിവിധ സ്ഥലങ്ങളിൽ വിവിധ ആരാധനക്രമങ്ങൾ ആവിർഭവിച്ചു. മൂന്നാംനൂററാണ്ടോടുകൂടി വിവിധങ്ങളായ ഈ ആരാധനക്രമങ്ങൾ ഒരു കേന്ദ്രസഭയുടെ സ്വാധീനത്തിൽ വരുകയും കേന്ദ്രസഭയുടെ പരിപാലനയിൽ, ക്രമേണ അതിനോടു ഐക്യരൂപ്യപ്പെടുന്നതിനു ശ്രമിക്കുകയും ചെയ്തു. ഇങ്ങനെ, പ്രാദേശികസഭകളിലെ വിവിധങ്ങളായ ആരാധനക്രമങ്ങൾ ഒരു കേന്ദ്രറീത്തിന്റെ കീഴിൽ യോജിച്ചു. ക്രമേണ, പ്രാദേശിക വൈവിധ്യങ്ങൾ തേഞ്ഞുമാഞ്ഞുതുടങ്ങി. രണ്ടാംനൂററാണ്ടവസാനത്തോടെ പ്രാർത്ഥനകളിലും ആരാധനാനുഷ്ഠാനത്തിലും ഐക്യരൂപ്യം ഉണ്ടായി. പ്രാർത്ഥനകൾ നിശ്ചിതരൂപത്തിലായി. അയൽപ്രദേശങ്ങൾ ആചാരവിധികളും പ്രാർത്ഥനകളും പരസ്പരം കൈമാറി. മൂന്നാംനൂററാണ്ടാരംഭത്തോടെ ദിവ്യബലി, ജ്ഞാനസ്നാനം, പൗരോഹിത്യം, പള്ളിവെഞ്ചരിപ്പ് എന്നിവകളിൽ ഏതാണ്ടൊരു നിശ്ചിതത്വം ഉണ്ടായി. ഇങ്ങനെയാണ് ഇന്നുസഭയിൽ കാണുന്ന റീത്തുകളുടെയെല്ലാം തായ്‌വഴികൾ ഉത്ഭവിച്ചതു്. നാലാംനൂററാണ്ടോടുകൂടി പ്രധാനമായി നാലുറീത്തുകൾ വികാസം പ്രാപിച്ചുകഴിഞ്ഞിരുന്നു; രണ്ടു പൗരസ്ത്യറീത്തുകളും രണ്ടു പാശ്ചാത്യറീത്തുകളും.

1) Cf. RAES., ALPHONSUS S. J., *Introductio in Liturgiam Orientalem*
Romae, 1947, P. 15
2) Ibid

www.malankaralibrary.com

# വിഭാഗങ്ങൾ

## A. പൗരസ്ത്യറീത്തുകൾ [1]

**1) അന്ത്യോക്യൻറീത്ത്:** സിറിയായുടെ തലസ്ഥാനമായിരുന്ന അന്ത്യോക്യ. അവിടെ മുളയെടുത്തതാണ് അന്ത്യോക്യൻറീത്ത്. (സിറിയായിലെ മററുഭാഗങ്ങളിൽ സുവിശേഷം അറിയിച്ചതു് അന്ത്യോക്യൻമിഷനറിമാരായിരുന്നെങ്കിലും, ഭാഷ-ദേശാടിസ്ഥാനങ്ങളിൽ പല ഉപറീത്തുകളും അവിടവിടെയായി ആവിർഭവിച്ചു). നെസ്തോറിയൻ പാഷണ്ഡത ഈ റീത്തിന്റെ വികാസത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇതിൻെറ ചരിത്രപരമായ വികാസം വി. അഫറാത്തസ്, വി. എഫ്രേം [2] എന്നിവരുടെ പ്രഭാഷണങ്ങളിൽനിന്നു ഗ്രഹിക്കാവുന്നതാണ്. ഇതിനു പ്രധാനമായി രണ്ടു ഉപവിഭാഗങ്ങളുണ്ട്, പാശ്ചാത്യസുറിയാനിയെന്നും പൗരസ്ത്യസുറിയാനിയെന്നും. പാശ്ചാത്യസുറിയാനിയിൽനിന്നു മുളയെടുത്തതാണു സിറിയൻയാക്കോബായ, മാറോനൈററ്, ബൈസൻറയിൻ റീത്തുകൾ; നെസ്തോറിയൻ, കൽദായ, സീറോമലബാർ എന്നിവ പൗരസ്ത്യസുറിയാനിയിൽ നിന്നും.[3]

**2) അലക്സാണ്ഡ്റിയൻ റീത്ത്:** ഇതിനെസ്സംബന്ധിക്കുന്ന ഏററം പുരാതനമായ ചരിത്രരേഖ മൂന്നാം നൂററാണ്ടിലെ "പാപ്പിരുസ് ഡെർബാലിസെ" (Papyrus Der Balyzeh) ആണ്. നാലാം നൂററാണ്ടിൽ മൂയിസിലെ മെത്രാനായിരുന്ന സെറാപിയോണിൻെറ [4] "എവ്വക്കോളോജിയോൻ" [5] പ്രസിദ്ധീകൃതമായി. സെറാപിയോണിൻെറ ആരാധനക്രമമാണ് ഇവിടെ നിലവിലിരുന്നതു്. കാലക്രമേണ ഇതിനു രണ്ടുവിഭാഗങ്ങൾ ഉണ്ടായി; കോപ്ററിക്കും എത്യോപ്യനും.

1) DUCHESNE, *op. cit.*, P. 65—96
2) *Patrologia Syriaca* I, 1—2 (Ed. Parisot, Paris, 1894—1907); TH. LAMY, *S. Ephrem Syri hymni et sermones.* 4 vols. Mecheln, 1882—1902
3) MILLER, J., H., C. S. C., *op, cit.* P. 48
4) സെറാപിയോൺ (Serapion) മൂയിസിലെ (Thmuis) മെത്രാൻ A. D. 362 ൽ കാലംചെയ്തു.
5) എവ്വക്കോളോജിയോൺ. സെറാപിയോണിൻെറ കൃതി.

www.malankaralibrary.com

## B. പാശ്ചാത്യറീത്തുകൾ

**1) ഗാല്ലിക്കൻ റീത്ത്:**[1] റോമൻആരാധനക്രമത്തിൽ നിന്നു വ്യത്യസ്ഥമായ പാശ്ചാത്യ ആരാധനക്രമങ്ങളെല്ലാം ഇതിലുൾപ്പെടുന്നു. വടക്കേ ഇററലി, സ്പെയിൻ, ഫ്രാൻസ്, ജർമ്മനി, ബ്രിട്ടീഷ്ദ്വീപുകൾ എന്നിവിടങ്ങളിൽ ഇതു പ്രചാരത്തിലിരുന്നു. ഇതിനു മൂന്നു രൂപഭേദങ്ങൾ കാലക്രമത്തിൽ ഉണ്ടായി.

**a) സെൽററിക്ക്:** ബ്രിട്ടനിൽ ഒൻപതാം നൂററാണ്ടു വരേയും സ്കോട്ട്ലണ്ടിൽ പതിനൊന്നാം നൂററാണ്ടുവരേയും ഇംഗ്ലണ്ടിലും ഐർലണ്ടിലും പന്ത്രണ്ടാം നൂററാണ്ടുവരേയും നിലവിലിരുന്നു.

**b) മൊസറാബിക്ക്:** നാലാംശതകത്തോടുകൂടി സ്പെയിനിൽ പൊട്ടിപ്പൊടിച്ചു വികാസം പ്രാപിച്ചതാണിത്. ഏഴാം നൂററാണ്ട് ഇതിൻെറ സുവർണ്ണദശയായിരുന്നു. ഇന്നു സ്പെയിനിലുള്ള ടൊളേദോയിലേ ചില പള്ളികളിൽ നാമമാത്രമായി നിലനില്ക്കുന്നു.

**c) അംബ്രോസിയൻ:** മിലാനിൽ നാലാംനൂററാണ്ടിൽ രൂപം പ്രാപിച്ചതാണിത്. ഇന്നും ചില അവസരങ്ങളിൽ ഉപയോഗിച്ചുവരുന്നു.

**2) റോമൻ റീത്ത്:** റോമിലും അതിൻെറ സമീപപ്രദേശങ്ങളിലും പ്രചാരത്തിലിരുന്നു. പാശ്ചാത്യസഭയിൽ മിക്കവാറും റോമൻറീത്താണ് അനുസരിച്ചുപോരുന്നത്.

## പൗരസ്ത്യറീത്തുകളുടെ ഉത്ഭവവും വളർച്ചയും

നാലാംനൂററാണ്ടാരംഭംവരെ എല്ലാ പൗരസ്ത്യറീത്തുകളും പ്രധാനമായി രണ്ടുതായ്വഴികളിലൂടെയാണു വളർന്നുവന്നത്: അന്ത്യോക്യയും അലക്സാണ്ഡ്റിയയും. നാലാംനൂററാണ്ടിന്റെ ആദ്യഘട്ടത്തിൽ ഇവയുടെ കീഴിൽ പല ഉപറീത്തുകളും വളർന്നു പുഷ്ടിപ്രാപിക്കുകയുംഇവമാതൃറീത്തുകളായിത്തീരുകയുംചെയ്തു.

1) MILLER. F. J., *of. cit.* P. 51-54

www.malankaralibrary.com

പൗരസ്ത്യറോമൻസാമ്രാജ്യത്തിലേ ചില പ്രധാന പട്ടണങ്ങൾ കേന്ദ്രമാക്കി ഈ പുതിയ മാതൃറീത്തുകൾ ഉണവ്വും ഉന്മേഷവും ആർജ്ജിച്ചു. ഇവിടെയെല്ലാം പുതിയ ഹയരാർക്കികൾ സ്ഥാപിക്കപ്പെട്ടുകയും ലിററർജിസ്സംബന്ധമായ മാററങ്ങളും പരിഷ്കാരങ്ങളും സഭാധികാരികളുടെ അനുവാദത്തോടെ മാത്രമേ നടപ്പിലാക്കാവൂ എന്നു നിബന്ധനയുണ്ടാകുകയും ചെയ്തു. പ്രാദേശിക കൗൺസിലുകൾ പൊതുവായ ആചാരവിധികൾ നിശ്ചയിച്ചു. ആരാധനക്രമത്തിൽ ഏതാണ്ടൊരു ഐകരൂപ്യം വരുത്തുന്നതിനു സാധിച്ചു. ഇതോടെ വിവിധ ആരാധനക്രമങ്ങൾ പ്രധാന കേന്ദ്രങ്ങളിലേ ആരാധനക്രമവുമായി സംയോജിക്കുകയും അങ്ങനെ, റീത്തുകളുടെ എണ്ണം കുറയുകയും ചെയ്തു.

**രാഷ്ട്രീയകാരണം**

ഡയോക്ലിഷ്യൻ ചക്രവത്തിയുടെ സാമ്രാജ്യവിഭജനമാണു റീത്തുവിഭജനത്തിൻേറയും മാനദണ്ഡമായിത്തീന്നതു്. പൗരസ്ത്യസാമ്രാജ്യത്തിൽ കോൺസ്റ്റാൻറിനോപ്പിൾ, അന്ത്യോക്യ, അലക്സാണ്ഡ്റിയ, കേസറിയ, എഫേസൂസ് എന്നിവ സഭയുടെ പ്രമുഖ ആസ്ഥാനങ്ങളായിത്തീന്നു. 451-ലെ കൽക്കദോനിയകൗൺസിലിൽവച്ചു പൗരസ്ത്യസഭയിൽ നാലു പാത്രിയക്കാസ്ഥാനങ്ങൾ അംഗീകരിക്കപ്പെട്ടു-അന്ത്യോക്യാ, അലക്സാണ്ഡ്റിയ, ജറൂസലം, കോൺസ്റ്റാൻറിനോപ്പിൾ. മൂന്നു റീത്തുകളാണു് ഇവിടെയെല്ലാംകൂടി നിലവിലിരുന്നതു്-അന്ത്യോക്യൻ, സിറിയൻ, ബൈസൻറയിൻ. ബൈസൻറയിൻ റീത്തു് അന്ത്യോക്യൻ റീത്തിൻേറയും ഏഷ്യാമൈനറിലുള്ള റീത്തിൻേറയും സങ്കരഫലമാണു്. റോമാസാമ്രാജ്യത്തിനു പുറത്തും റീത്തുകളുണ്ടായി-എത്യോപ്യ, പേർഷ്യാ (കൽദായ റീത്തു്) അമ്മേനിയ തുടങ്ങിയസ്ഥലങ്ങളിൽ.[1]

**ജറൂസലമിൻേറയും**

**കോൺസ്റ്റാൻറിനോപ്പിളിൻേറയും സ്വാധീനം**

ജറൂസലമായിരുന്നു മതാത്മകജീവിതത്തിൻെറ ആസ്ഥാനം. ക്രൈസ്തവലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും തീർത്ഥാടകർ അവിടേക്കു പ്രവഹിച്ചിരുന്നു. അതുകൊണ്ടു്, അതിനു മററുറീത്തുകളിൽ സ്വാധീനം ചെലുത്തുവാൻ സാധിച്ചു.

1) Cfr RAES, ALPHONSUS S. J., *op. cit.*, P. 23

www.malankaralibrary.com

ഏററവുംകൂടുതൽ സ്വാധീനംചെലുത്തിയതു് അന്ത്യോക്യൻ റീത്തിലാണു്. പാലസ്തീനയിലേ സന്യാസാശ്രമങ്ങളിൽ ആരാധനക്രമം ആഘോഷപൂർവ്വം നടത്തുക പതിവായിരുന്നു. തീർത്ഥാടകരായി വന്നിരുന്ന മററു റീത്തുകാർ അവിടെനിന്നും വളരെ അധികം ക്രമങ്ങൾ തങ്ങളുടെ റീത്തിലേക്കു സ്വീകരിച്ചു. ഇതും റീത്തുകളെ ഐകരൂപ്യപ്പെടുത്തി; അവയുടെ എണ്ണം കുറയ്ക്കുന്നതിനു സഹായിച്ചു.

**ദേശീയത്വം**

സഭയുടെ തലസ്ഥാനമായ റോമാ, റോമാസാമ്രാജ്യത്തിൻേറയും തലസ്ഥാനമായിരുന്നു. തന്മൂലം, റോമായുമായുള്ള എല്ലാ ബന്ധങ്ങളും രാഷ്ട്രീയ ലവലിൽ സംശയദൃഷ്ട്യാ വീക്ഷിച്ചിരുന്നു. ഇപ്രകാരമുള്ള ബന്ധം പുലത്തിയിരുന്നവരെ സ്വരാജ്യത്തോടു കൂറില്ലാത്തവരായാണു പരിഗണിച്ചിരുന്നതു്. ഇങ്ങനെയുള്ള സംശയങ്ങൾക്കിടനല്കാതിരിക്കുവാൻ പേഷ്യയിലേ കൽദായർ റോമായും അതുപോലെ, മററ വിദേശരാജ്യങ്ങളുമായുള്ള എല്ലാ ബന്ധങ്ങളിൽ നിന്നും വിട്ടകന്നു. ക്രമേണ, അവർ മററ ക്രൈസ്തവരിൽനിന്നും വേർതിരിഞ്ഞു സ്വന്തമായ പുതിയ ആചാരങ്ങൾ അനുഷ്ഠിക്കുവാൻ നിർബ്ബന്ധിതരായി. ഇതാണു കൽദായ റീത്തിൻെറ വളർച്ചയുടെ പശ്ചാത്തലം. ഇതേ സാഹചര്യങ്ങളിൽപ്പെട്ടിരുന്ന അർമ്മേനിയാക്കാർ അഞ്ചാം നൂററാണ്ടിൽ സ്വന്തമായ റീത്തു സ്ഥാപിച്ചു.

**പാഷണ്ഡത**

നെസ്തോറിയരും ഏകസ്വഭാവവാദികളും ആരാധനക്രമത്തിൽ ചെലുത്തിയ സ്വാധീനം റീത്തുകളെ വികസിപ്പിക്കുന്നതിൽ സഹായകമായിത്തീൎന്നു. നെസ്തോറിയൻ പാഷണ്ഡത പേർഷ്യയിലേ കൽദായറീത്തിലും ഏകസ്വഭാവ വാദികൾ ഈജിപ്ഷ്യൻ റീത്തിലും സ്വാധീനം ചെലുത്തി.[1]

ആറാംനൂററാണ്ടോടുകൂടി പൗരസ്ത്യറീത്തുകൾ വികസിച്ചു നിശ്ചിതരൂപം പ്രാപിച്ചു. അഞ്ചു റീത്തുകൾ അങ്ങനെ ഉണ്ടായി—ബൈസൻറയിൻ, അന്ത്യോക്യൻ, അലക്സാണ്ഡ്റിയൻ, കൽദായ, അർമ്മേനിയൻ.

1) *Ibid* P. 24

www.malankaralibrary.com

# [1] സഭയിലെ

- റീത്തുകൾ
  - പാശ്ചാത്യം
    - റോമൻ .... .... ....
    - അംബ്രോസിയൻ .... .... ....
    - മൊസറാബിക് .... .... ....
  - പൗരസ്ത്യം
    - അലക്സാണ്ട്രിയൻ
      - കോപ്റ്റിക് ....
      - എത്യോപ്യൻ ....
    - അന്ത്യോക്യൻ
      - മലങ്കര ....
      - മാറോനീത്ത ....
      - സിറിയൻ ....
    - അർമ്മേനിയൻ
      - അർമ്മേനിയൻ ....
    - കൽദായ
      - സീറോ-കൽദായ
      - സീറോ-മലബാർ
    - ബൈസൻറയിൻ
      - അൽബേനിയൻ
      - ബാംഗേറിയൻ ....
      - ജിയോർജിയൻ ....
      - ഗ്രീക്ക് ....
      - ഹംഗേറിയൻ ....
      - ഇത്താലോ അൽബേനിയൻ
      - മെൽക്കൈറ്റ് ....
      - റുമേനിയൻ ....
      - റഷ്യൻ
      - റുത്തേനിയൻ ....
      - യുഗോസ്ലാവ്യൻ

1) ORIENTE CATHOLICO (1962)

www.malankaralibrary.com

# റീത്തുകൾ

| സ്ഥലങ്ങൾ | ഭാഷ |
|---|---|
| .... .... .... .... | ലത്തീൻ |
| മിലാൻ (ഇററലി) .... .... | ലത്തീൻ |
| തൊളേദോ (സ്പെയിൻ) .... | ലത്തീൻ |
| ഈജിപ്ത് .... .... .... | കോപ്ററിക്, അറബി. |
| എത്യോപ്യ .... .... .... | ഗീസ് |
| ഇൻഡ്യ .... .... .... | സുറിയാനി, മലയാളം. |
| സിറിയ, ലെബനോൻ, ഈജിപ്ത്, ഓസ്ട്രേലിയ, അമേരിക്ക. .... | സുറിയാനി, അറബി |
| സിറിയ, ലെബനോൻ, ടർക്കി, ഇറാക്ക്, ഓസ്ട്രേലിയ, അമേരിക്ക. .... | സുറിയാനി |
| അർമേനിയ, സിറിയ, ടർക്കി, ഇറാക്ക്, ഇറാൻ, ഈജിപ്ത്, ലെബനോൻ, അമേരിക്ക. | അർമേനിയൻ |
| സിറിയ, ഇറാക്ക്, ഇറാൻ, ടർക്കി, ലെബനോൻ .... .... .... | സുറിയാനി, അറബി, പേഷ്യൻ |
| ഇൻഡ്യ .... .... .... | സുറിയാനി, മലയാളം |
| അൽബേനിയ .... .... .... | ഗ്രീക്ക്, അൽബേനിയൻ |
| ബൾഗേറിയ .... .... .... | സ്ലാവോണിക് |
| റഷ്യ .... .... .... | ജിയോർജിയൻ |
| ഗ്രീസ്, ടർക്കി, അമേരിക്ക .... .... | ഗ്രീക്ക് |
| ഹംഗറി, അമേരിക്ക .... .... | മാഗിയാർ |
| ഇററലി, അമേരിക്ക .... .... | ഗ്രീക്ക്, ഇററാലിയൻ |
| സിറിയ, ഈജിപ്ത്, ജോർഡാൻ, ഇസ്രായേൽ, ലെബനോൻ, ഓസ്ട്രേലിയ, അമേരിക്ക. | ഗ്രീക്ക്, അറബി |
| റമേനിയ, അമേരിക്ക .... .... | റമേനിയൻ |
| റഷ്യ, പോളണ്ട്, അമേരിക്ക. .... | സ്ലാവോണിക് |
| ബാൾക്കൻസ്, പോളണ്ട്, ഹങ്കറി, അമേരിക്ക. | സ്ലാവോണിക് |
| യുഗോസ്ലാവിയ, അമേരിക്ക. .... | സ്ലാവോണിക് |

www.malankaralibrary.com

## III

# ബൈസൻറയിൻ റീത്തു്

**ഉത്ഭവം**

ബൈസൻറയിൻ റീത്തിൻെറ ജന്മനാട്ട പുരാതന ക്രൈസ്തവകേന്ദ്രങ്ങളിലൊന്നായ ബിസാൻസിയം (Byzantium—കോൺസ്റ്റാൻറിനോപ്പിൾ) ആണു്. അതുകൊണ്ടത്രേ ഈ റീത്തിന ബൈസൻറയിൻ റീത്തു് എന്ന പേരു സിദ്ധിച്ചതു്. കോൺസ്റ്റൻറയിൻ ചക്രവത്തി തൻെറ ആസ്ഥാനം റോമിൽ നിന്ന ബിസാൻസിയത്തിലേക്ക മാററിയതോടെയാണ പ്രസ്തുത പട്ടണത്തിന കോൺസ്റ്റാൻറിനോപ്പിൾ എന്ന പേരുണ്ടായതു്. എന്നാൽ, ടക്കിസംസ്ഥാനം രൂപംകൊണ്ടതോടെ കോൺസ്റ്റാൻറിനോപ്പിൾ, ഈസ്റ്റാൻബൂൾ ആയിത്തീൻ. ഈസ്റ്റാൻബൂൾ ഇന്നത്തെ ടക്കിയുടെ തലസ്ഥാനമാണു്.

ഗ്രീക്കറീത്തു് എന്ന പേരിലും ബൈസൻറയിൻ റീത്തു് അറിയപ്പെടാറുണ്ടു്. പൗരസ്ത്യറീത്തുകളിൽ സവ്വപ്രകാരേണയും സമുന്നതമായ സ്ഥാനമാണ ബൈസൻറയിൻ റീത്തിനുള്ളതു്. അതിനാൽ, 'പൗരസ്ത്യറീത്തു്" (The oriental rite) എന്നു

www.malankaralibrary.com

പറഞ്ഞാൽത്തന്നെ ബൈസൻറയിൻ റീത്തെന്നാണ സാധാരണ മനസ്സിലാക്കുക.

ബൈസൻറയിൻ റീത്തിലേ അംഗസംഖ്യ, കത്തോലിക്കരും അകത്തോലിക്കരുമടക്കം 15 കോടി 81 ലക്ഷത്തോളം വരും. കത്തോലിക്കർ 81ലക്ഷമേയുള്ളു. ബാക്കി 15കോടിയും അകത്തോലിക്കരാണ്. ഒരേ ആരാധനക്രമംതന്നെയാണ രണ്ടു കൂട്ടരും ഉപയോഗിക്കുന്നതു്. എന്നാൽ, കത്തോലിക്കർ തങ്ങളുടെ ആരാധനക്രമത്തിൽ മാർപ്പാപ്പയ്ക്കുവേണ്ടി പ്രാത്ഥിക്കുന്നു. അകത്തോലിക്കർ അപ്രകാരം ചെയ്യുന്നില്ല.

## വിഭാഗങ്ങൾ

ഈ റീത്തിനെ ദേശീയാടിസ്ഥാനത്തിൽ പലതായി വിഭജിച്ചിരിക്കുന്നു.

1) മെൽക്കൈറററ്
2) ഇത്താലോ—ഗ്രീക്കു്
3) റുത്തേനിയൻ
4) യൂഗോസ്ലാവു്
5) റുമേനിയൻ
6) റഷ്യൻ
7) ഹംഗേറിയൻ
8) ഗ്രീക്കു്
9) ബൾഗേറിയൻ
10) ജിയോർജിയൻ

ഇത്രയധികം ഉൾപിരിവുകളോടുകൂടിയ ബൈസൻറയിൻ റീത്തു വിശ്വവ്യാപകമായസ്വാധീനമുള്ള ഒന്നാണെന്നു പറയാം. ബൈസൻറയിൻ റീത്തിനു പൊതുവായിട്ടുള്ള ചില കാര്യങ്ങളെപ്പററി മാത്രം പരാമശിക്കുവാനാണ് ഇവിടെ ഉദ്യമിക്കുന്നതു്. ഉപവിഭാഗങ്ങളെക്കുറിച്ചു പിന്നീടു പരാമശിക്കുന്നതാണ്.

www.malankaralibrary.com

**ദൈവാലയം**

വിശുദ്ധസ്ഥലം—മദ്ബഹാ, ഗായകസംഘത്തിനുള്ള സ്ഥലം—കെസ്ത്രോമ്മാ, ജനങ്ങൾക്കുള്ള സ്ഥലം—ഹൈക്കലാ, മാമ്മോദീസക്കുളം എന്നിങ്ങനെ നാലായി ദൈവാലയാന്തർ ഭാഗം വിഭജിച്ചിരിക്കുന്നു. മദ്ബഹായുടെ മധ്യഭാഗത്താണു പ്രധാന അൾത്താര. ഇതിന്റെ ഇരുപാർശ്വങ്ങളിലുമായി ഓരോ ചെറിയ അൾത്താരയും സ്ഥിതിചെയ്യുന്നു; ഒന്നു്, അപ്പവും വീഞ്ഞും തയ്യാറാക്കാനാം; മറേറതു്, കാർമ്മികനു തിരുവസ്ത്രങ്ങൾ അണിയുന്നതിനാം. പ്രധാന അൾത്താരയിൽ രണ്ടു ചെറിയ തിരികൾ, കരിശുരൂപം, സക്രാരി, സുവിശേഷപ്പുസ്തകം എന്നിവ ഉണ്ടായിരിക്കും.

ഗായകസംഘം നില്ക്കുന്ന സ്ഥലത്തിനാം മദ്ബഹായ്ക്കും ഇടയ്ക്കായി അലംകൃതമായ ഒരു ഭിത്തിയുണ്ടു്. ഇതിനെ "ഇക്കോണോസ്തസീസ്" (Iconostasis) എന്നു വിളിക്കുന്നു. ലോകരക്ഷകനായ ക്രിസ്തു, പരി. കന്യകാമറിയം, യോഹന്നാൻമാംദാന, അപ്പസ്തോലന്മാർ, ഇടവകമധ്യസ്ഥൻ മുതലായവരുടെ പടങ്ങൾ (Icons) കൊണ്ടു് ഈ ഭിത്തി അലങ്കരിച്ചിരിക്കും. ഈ ഭിത്തിയിൽ മൂന്നു വാതിലുകൾ കാണാം. ഇവയിൽ രാജകീയകവാടം (Royal Door) എന്നു വിളിക്കപ്പെടുന്ന നടുവിലത്തേ വാതിൽ കാർമ്മികനും വശങ്ങളിലുള്ളവ ആറാം പട്ടക്കാർക്കും മററു ശുശ്രൂഷികൾക്കും വേണ്ടിയുള്ളതാണു്.

**ദിവ്യബലി**

ബൈസൻറയിൻറീത്തിൽ രണ്ടു കുർബാന (anaphora) കളാണുള്ളതു്. ഒന്നു്, മാർ ജോൺ ക്രിസോസ്തോമിൻേറതും, മറേറതു്, മാർ ബെയിസിലിൻേറതും. മാർ ക്രിസോസ്തോമിൻേറതു്, സാധാരണദിവസങ്ങളിലും മാർ ബെയിസിലിൻേറതു്, നോമ്പുകാലത്തേ ഞായറാഴ്ചകളിലും (ഓശാന ഒഴിച്ചു്) പെസഹാവ്യാഴം, ദുഃഖശനി, ക്രിസ്മസ്സു്, ദനഹാ, മാർ ബെയി

www.malankaralibrary.com

സിലിൻെറ തിരുനാൾ എന്നീ ദിവസങ്ങളിലും ഉപയോഗിക്കുന്നു.

സമൂഹബലിയർപ്പണം (concelebration) ബൈസൻറയിൻ റീത്തിലെ സർവ്വസാധാരണമായ സവിശേഷതയാണ്. അൾത്താരയുടെചുറവും നില്ക്കാവുന്നിടത്തോളം വൈദികന്മാർക്ക് ഒരുമിച്ചുനിന്നു ബലിയർപ്പിക്കാം. ഒരേ അപ്പവും ഒരേ കാസയും എല്ലാവരുംകൂടി കൂദാശചെയ്യുന്നു. തന്നിമിത്തം, സമൂഹബലിയിൽ സംബന്ധിക്കുന്ന ഓരോ വൈദികനും യഥാർത്ഥത്തിൽ ബലിയർപ്പിക്കുന്നു. കാഴ്ച്ചവയ്പിനുമുമ്പു കാർമ്മികന്മാർ എല്ലാവരുംകൂടി ബലിവസ്തുക്കൾ ചെറിയ അൾത്താരയിൽനിന്നു പ്രധാന അൾത്താരയിലേക്കു സാഘോഷം സംവഹിക്കുന്നു. ദിവ്യബലിയുടെ അവസാനത്തിൽ കൂദാശചെയ്യപ്പെട്ട ഒരേ അപ്പത്തിൽനിന്നും കാസയിൽനിന്നും എല്ലാവരും അനുഭവിക്കുന്നു.

## കൂദാശകൾ

**മാമ്മോദീസാ**

ബൈസൻറയിൻ റീത്തിൽ മാമ്മോദീസായ്ക്കു് ഒരുക്കമായ ചില പ്രത്യേകചടങ്ങുകളുണ്ട്.

ശിശു ജനിക്കുന്ന ദിവസംതന്നെ വൈദികൻ, ആ ഭവനത്തിൽപോയി ശിശുവിനേയും മാതാവിനേയും ആശീർവ്വദിക്കുന്നു. ബൈസൻറയിൻ റീത്തിൽമാത്രം നിലവിലിരിക്കുന്ന ഒരു പ്രത്യേക ചടങ്ങാണിതു്.

എട്ടുദിവസം കഴിഞ്ഞു ശിശുവിനെ ദൈവാലയത്തിൽ കൊണ്ടുവരുന്നു. വൈദികൻ പ്രത്യേക പ്രാർത്ഥനകൾചൊല്ലി ശിശുവിനെ ആശീർവ്വദിച്ചു് അനൗദ്യോഗികമായ ഒരു പേരും നല്കുന്നു. നാല്പതാംദിവസം മാതാവു ശിശുവിനേയുംകൊണ്ടു ദൈവാലയത്തിലേക്കു വരുന്നു. ശിശുവിനെ കരങ്ങളിൽ



www.malankaralibrary.com

വഹിച്ചുകൊണ്ട് അവർ ദൈവാലയവാതുക്കൽ നില്ക്കും. വൈദികൻ അവരെ ആശീർവ്വദിച്ച് ദൈവാലയത്തിലേക്ക് ആനയിക്കുന്നു. പിന്നീട്, വൈദികൻ ശിശുവിനെ തന്റെ കരങ്ങളിൽ എടുത്തു ദൈവത്തിനു സമർപ്പിക്കുന്നു.

ഭൂതോച്ചാടനത്തിനുള്ള മൂന്നു പ്രാർത്ഥനകൾക്കു ശേഷം വൈദികൻ വിശ്വാസപ്രമാണം ചൊല്ലുന്നു. തുടർന്ന് വൈദികൻ മാമ്മോദീസത്തൊട്ടി ധൂപിക്കുമ്പോൾ ഡീക്കൻ ഒരു ലുത്തിനിയ ചൊല്ലുന്നു. മററുചില പ്രാർത്ഥനകൾകൂടി ചൊല്ലിയശേഷം വൈദികൻ വെള്ളവും എണ്ണയുംവെഞ്ചരിച്ചു ശിശുവിന്റെ നെററി, മാറിടം, പുറം, ചെവികൾ, കൈകാലുകൾ എന്നിവ പൂശുന്നു. പിന്നീട്, "ദൈവത്തിന്റെ ദാസനായ ( പേരു് ) പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ മാമ്മോദീസ മുക്കപ്പെടുന്നു." എന്നു ചൊല്ലിക്കൊണ്ടു ശിശുവിനെ മാമ്മോദീസത്തൊട്ടിയിൽ മൂന്നു പ്രാവശ്യം മുക്കുന്നു. അതിനുശേഷം ശിശുവിനു മാമ്മോദീസാവസ്ത്രങ്ങൾ നല്കുന്നു.

**സ്ഥൈര്യലേപനം**

എല്ലാ പൗരസ്ത്യറീത്തുകളിലും മാമ്മോദീസയോടുകൂടി ത്തന്നെയാണു സ്ഥൈര്യലേപനം നല്കുക. ബൈസൻറയിൻ റീത്തിൽ മാമ്മോദീസയുടെ അവസാനത്തേ കൈവയ്പിനേത്തുടർന്നു സ്ഥൈര്യലേപനവും നല്കുകയാണു പതിവ്. "പരിശുദ്ധാത്രുപിയുടെ ദാനത്തിന്റെ മുദ്ര, ആമ്മേൻ" എന്നു ചൊല്ലി ശിശുവിന്റെ നെററിത്തടം, കണ്ണു്, നാസിക, വായ്, ചെവി, മാറിടം, കൈകാലുകൾ എന്നിവ പ്രത്യേകം പ്രത്യേകം പൂശുന്നു. "ക്രിസ്തുവിൽ ജ്ഞാനസ്നാനപ്പെട്ട നീ ക്രിസ്തുവിന്റെ വസ്ത്രം ധരിക്കുക" എന്ന ഗാനം ആലപിച്ചുകൊണ്ടു വൈദികനും തലതൊട്ടപ്പനും മാമ്മോദീസത്തൊട്ടിക്കുചുററും നടക്കുന്നു. ഇതിനുശേഷം സെൻപോളിന്റെ റോമാക്കാർക്കുള്ള ലേഖനം ആറാം അദ്ധ്യായം 3-മുതൽ 11-വരെയുള്ള വാക്യങ്ങളും

www.malankaralibrary.com

വി. മത്തായിയുടെ സുവിശേഷം 25-ാം അദ്ധ്യായം 16-മുതൽ 20-വരെയുള്ള വാക്യങ്ങളും വായിക്കുന്നു. അനന്തരമുള്ള ലുത്തിനിയയോടുകൂടി തിരുക്കർമ്മങ്ങൾ അവസാനിക്കുന്നു.

**കുമ്പസാരം**

പൗരസ്ത്യറീത്തുകൾക്കു് ആദ്യനൂററാണ്ടുകളിൽ ഇന്നുള്ളതു പോലെ കുമ്പസാരക്കൂട്ടും മററു ക്രമങ്ങളും ഉണ്ടായിരുന്നില്ല. പാപങ്ങൾ പരസ്യമായി ഏററു പറയുക എന്നതായിരുന്നു പഴയകാലത്തെ പതിവു്. ദീർഘകാലത്തെ പ്രായശ്ചിത്തപ്രവൃത്തികൾക്കും താപസജീവിതത്തിനുംശേഷം മാത്രമേ പാപങ്ങൾക്കു മോചനം നല്കിയിരുന്നുള്ളു. പാപമോചനം ലഭിച്ചതിനുശേഷം ജീവിതകാലംമുഴുവൻ വിശുദ്ധിയോടുകൂടി ജീവിച്ചുകൊള്ളണമെന്നു നിബന്ധനയും ഉണ്ടായിരുന്നു. അഞ്ചാംനൂററാണ്ടോടുകൂടി പരസ്യമായി പാപങ്ങൾ ഏററുപറയുന്ന പതിവു് ഇല്ലാതാവുകയും ഇന്നു നിലവിലുള്ള പാപമോചനക്രമം ആവിർഭവിക്കുകയും ചെയ്തു.

ആശീർവ്വാദം, ലുത്തിനിയ, ഉപദേശം, ചോദ്യോത്തരങ്ങൾ, ചെയ്തപാപങ്ങളുടെ ഏററുപറച്ചിൽ, പാപമോചനം, പ്രായശ്ചിത്തം എന്നിവയാണു് ഈ റീത്തനുസരിച്ചുള്ള ക്രമങ്ങൾ. മദ്ബഹായ്ക്കും ഹൈക്കലായ്ക്കും മദ്ധ്യേയുള്ള ഭിത്തി (Iconostasis) യുടെയോ മറേറതെങ്കിലും ഉയന്ന പീഠത്തിന്റെയോ സമീപം വച്ചാണു വൈദികന്മാർ സാധാരണ കുമ്പസാരം കേൾക്കാറുള്ളതു്. പക്ഷെ, ഇന്നു മിക്കപള്ളികളിലും കുമ്പസാരക്കൂടു് ഉപയോഗിച്ചുതുടങ്ങിയിട്ടുണ്ടു്. കുമ്പസാരിക്കാനുള്ളവർ ഓരോരുത്തരായി വൈദികനെ സമീപിച്ചു്, മുട്ടുകുത്തിനിന്നോ എഴുന്നേററുനിന്നോ പാപങ്ങൾ ഏററുപറയുന്നു. വൈദികൻ ഉപദേശവും പ്രായശ്ചിത്തവും നല്കിയശേഷം ഊറാലയുടെ അററം അനുതാപിയുടെ തലയിൽവച്ചു പാപങ്ങൾ മോചിക്കുന്നു.

www.malankaralibrary.com

## vi. കുർബ്ബാനസ്വീകരണം

ബലിയർപ്പിക്കുന്ന കാർമ്മികനും സഹായികളും കുർബാന സ്വീകരിച്ചശേഷം ഇക്കണോസ്റ്റാസീസിൻെറ വാതിലുകൾ തുറക്കുന്നു. കുർബാന സ്വീകരിക്കാനുള്ളവർ വൈദികൻെറ അടുത്തുവന്നു കൈകൾ കുരിശാകൃതിയിൽ മാറിൽ ചേർത്തുപിടിച്ചു നില്ക്കുന്നു. കാർമ്മികൻ തിരുശ്ശരീരം കാസയിലുള്ള തിരുരക്തത്തിലിട്ടശേഷം സ്പൂൺകൊണ്ടു ദിവ്യകാരുണ്യം നല്കുന്നു.

## രോഗീലേപനം (Anointing of the sick)

പൗരസ്ത്യറീത്തുകളിൽ പരമ്പരാഗതമായിത്തന്നെയുള്ള പതിവാണു രോഗികൾക്കു തൈലാഭിഷേകം നടത്തുക എന്നതു്. രോഗിയുടെ ശരീരത്തിൽ ഏഴു ഭാഗങ്ങളിൽ വി. തൈലം പൂശിക്കൊണ്ടാണു് ഈ ശുശ്രൂഷ നടത്തുന്നതു്. ഓരോ ഭാഗവും ഓരോ വൈദികൻ പൂശണമെന്നാണു നിബന്ധന. രോഗിയെ തൈലാഭിഷേകത്തിനായി ദൈവാലയത്തിൽത്തന്നെ കൊണ്ടുവരണമെന്നും നിബന്ധനയുണ്ടായിരുന്നു. അങ്ങനെ, ഏഴു വൈദികന്മാർ ഒരുമിച്ചു ദൈവാലയത്തിൽവച്ചുനടത്തേണ്ട ഒരു ശുശ്രൂഷയായിരുന്നു ഇതു്. പക്ഷേ, പ്രായോഗികതയെ പരിഗണിച്ചു് ഈ നിയമത്തിൽ കാലക്രമേണ അല്പം അയവു വരുത്തേണ്ടി വന്നു. രോഗിയുടെ ഭവനത്തിൽ വച്ചു്, ഒരു വൈദികൻതന്നെ ഈ ക്രൂദാശ നല്കുകയാണു് ഇന്നു നിലവിലിരിക്കുന്ന സർവ്വസാധാരണമായ പതിവു്. രോഗിയുടെ ശരീരം പൂശുന്നതിനുമുമ്പായി, മുറിയും മുറിയിലുള്ളവരേയും ധൂപിക്കുകയും അനന്തരം പൂശുവാനുള്ള എണ്ണ ആശീർവ്വദിക്കുകയും ചെയ്യുന്നു. ഓരോ പൂശലിനുംമുമ്പു ലേഖനവും സുവിശേഷവും വായിക്കുകയും ചെറിയ ലുത്തിനിയ ചൊല്ലുകയും ചെയ്യുന്നു. ദീർഘമായ വേറൊരു പ്രാർത്ഥനയും ചൊല്ലാറുണ്ടു്. പൗരസ്ത്യറീത്തുകളിൽ മരണാപകടത്തിൽ ഉൾപ്പെട്ടിരുന്നവരെ മാത്രമല്ല അഭിഷേകം ചെയ്തിരുന്നതു്. മാനസികരോഗം ബാധിച്ചിരുന്നവരേയും യാതൊരു രോഗവും ഉണ്ടാകാതിരിക്കാനായി നല്ല ആരോഗ്യമുള്ള

www.malankaralibrary.com

വരേയും അഭിഷേകം ചെയ്തിരുന്നു. എന്നാൽ, ഈ നല്ല പതിവ് ഇന്നു നാമാവശേഷമായിരിക്കുകയാണ്.

## തിരുപ്പട്ടം

ബൈസൻറയിൻറീത്തിൽ കാറോയ, അഞ്ചാംപട്ടം, ആറാംപട്ടം, വൈദികപട്ടം, മെത്രാൻപട്ടം എന്നീ അഞ്ചു പൗരോഹിത്യപദവികളാണുള്ളത്. പ്രധാനപ്പെട്ടവ (major orders) വി. കുർബ്ബാനയുടെ സമയത്തുമാത്രമേ നല്കാറുള്ളു. എന്നാൽ, പൗരോഹിത്യത്തിൻെറ താഴ്ന്ന പദവിയിലുള്ള പട്ടങ്ങൾ ഏതുസമയത്തും നല്കാം. വി. കുർബ്ബാനസ്വീകരണത്തിനു മുമ്പായി ആറാംപട്ടം സ്വീകരിക്കാനുള്ള അർത്ഥിയെ അൾത്താരയിലേക്കു നയിക്കുന്നു. നെററി അൾത്താരയിലേക്കു ചായിച്ചു മുട്ടിന്മേൽ നില്ക്കുമ്പോൾ, മെത്രാൻ ആശിർവ്വദിക്കുകയും തൻെറ വലത്തുകയ്യ് അർത്ഥിയുടെ തലയിൽവച്ചു പരിശുദ്ധാത്മാവിയോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു. പ്രാർത്ഥനകൾക്കു ശേഷം മെത്രാൻ ആറാംപട്ടക്കാരനു സ്ഥാനവസ്ത്രങ്ങൾ നല്കുന്നു.

വൈദികപട്ടം നല്കുന്നതും ഏതാണ്ടിതുപോലെയാണ്. എന്നാൽ, അർത്ഥിയെ മദ്ബഹായിലേക്കു നയിക്കുന്നതു വി. കുർബ്ബാനയിലേ ഔദ്യോഗിക പ്രവേശനത്തിനു [1] ശേഷമാണെന്നു മാത്രം. മെത്രാൻ, പ്രത്യേക പ്രാർത്ഥനകൾചൊല്ലി പട്ടം നല്കിയശേഷം അർത്ഥിയെ ഊറാല, അരക്കെട്ട്, കാപ്പ എന്നിവ ധരിപ്പിക്കുന്നു. അനന്തരം നവവൈദികൻ മെത്രാനോടൊന്നിച്ചു കുർബ്ബാന ചൊല്ലുന്നു (concelebration). ഈ റീത്തിൽ, പട്ടം കൊടുക്കുമ്പോൾ, അർത്ഥിയെ അഭിഷേകം ചെയ്യുന്ന ചടങ്ങില്ല. നിത്യം ആറാംപട്ടക്കാരായി ജീവിക്കുന്നവരും ഈ റീത്തിൽ ഉണ്ട്.

1 ഔദ്യോഗിക പ്രവേശനം—വിശ്വാസപ്രമാണത്തിനുശേഷം ഔദ്യോഗികമായി മദ്ബഹായിൽ പ്രവേശിക്കുന്നു.

www.malankaralibrary.com

## വിവാഹം

പാശ്ചാത്യറീത്തുകളെ അപേക്ഷിച്ച് പൗരസ്ത്യറീത്തുകളിൽ ഈ കൂദാശയുടെ പരികർമ്മത്തിൽ പല വ്യത്യാസങ്ങളും ദൃശ്യമാണ്. മനസ്സമ്മതം, ആശീർവ്വദിക്കൽ, കിരീടധാരണം എന്നീ മൂന്നു വ്യത്യസ്ഥചടങ്ങുകൾ എല്ലാപൗരസ്ത്യറീത്തുകളിലുമുണ്ട്. വധൂവരന്മാരുടെ മനസ്സമ്മതം വാങ്ങലാണ് പ്രഥമ ചടങ്ങ്. ദൈവാലയത്തിൽ വച്ചുതന്നെയായിരിക്കണം ഈ ചടങ്ങു നടത്തേണ്ടതു്. എന്നാൽ, പല സ്ഥലങ്ങളിലും വധുവിൻെറ പിതാവോ രക്ഷാകർത്താവോ ദൈവാലയത്തിൽ വന്നു വധുവിനുവേണ്ടി മനസ്സമ്മതം നല്കുകയാണ് പതിവ്. വധൂവരന്മാർ സ്വഭവനങ്ങളിൽനിന്നു പുറപ്പെടുന്നതിനുമുമ്പു മാതാപിതാക്കന്മാർ അവരെ ക്രിസ്തുവിൻേറയും പരി. കന്യകാമറിയത്തിൻേറയും ഛായാചിത്രംകൊണ്ടു് ആശീർവ്വദിക്കാറുണ്ടു്.

വരൻ ഇക്കൊണൊസ്താസീസിൻെറ മുൻപിലുള്ള മേശയുടെ സമീപം നില്ക്കുമ്പോൾ, ഏതെങ്കിലും വിശുദ്ധരൂപം (eikon) സംവഹിച്ചിട്ടുള്ള ഒരു കുട്ടിയോടുകൂടി വധു ദൈവാലയത്തിൽ പ്രവേശിക്കുന്നു. വൈദികൻ വധൂവരന്മാരുടെ സ്വതന്ത്രസമ്മതം ആരാഞ്ഞതിനുശേഷം അവക്ക് ഓരോ തിരി നല്കുന്നു. അതിനുശേഷം വൈദികൻ വധൂവരന്മാരെ ധൂപിക്കുകയും ആശീർവ്വദിക്കുകയും ചെയ്യുന്നു. ഒരു ലുത്തിനിയ പാടിയശേഷം അദ്ദേഹം അൾത്താരയിൽ വച്ചിരിക്കുന്ന രണ്ടുമോതിരങ്ങൾ എടുത്തു്, "പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാരൂപിയുടേയും നാമത്തിൽ ദൈവത്തിൻെറ ദാസനെ (പേരു്) ദൈവത്തിൻെറ ദാസി (പേരു്) യുമായി സംയോജിപ്പിക്കുന്നു,ആമ്മേൻ" എന്നു ചൊല്ലിക്കൊണ്ടു് അവരെ ധരിപ്പിക്കുന്നു. വളരെ അത്ഥസമ്പുഷ്ടമായ ഒരു പ്രാത്ഥനയോടുകൂടിയാണു വിവാഹത്തിൻെറ പ്രഥമചടങ്ങ് അവസാനിക്കുന്നതു്.

www.malankaralibrary.com

വധൂവരന്മാർ ദൈവാലയകവാടത്തിങ്കലേക്കു പോകുന്നു. അവിടെവച്ചു ഗായകസംഘം 127-ാം സങ്കീർത്തനം ആലപി ച്ചുകഴിയുമ്പോൾ, വൈദികൻ അവരെ ദൈവാലയാന്തർഭാഗ ത്തേക്കു് ആനയിക്കുന്നു. അദ്ദേഹം നിർദ്ദിഷ്ടപ്രാർത്ഥനകൾ ചൊ ല്ലിയശേഷം മദ്ബഹായിൽനിന്നു ലോഹനിർമ്മിതവും കമനീ യവുമായ രണ്ടു കിരീടങ്ങൾ എടുത്തുകൊണ്ടുവന്നു്, പ്രാർത്ഥനാ മദ്ധ്യേ, വധൂവരന്മാരെ ധരിപ്പിക്കുന്നു. അനന്തരം വി. പൗലോ സ് ശ്ലീഹായുടെ എഫേസിയക്കുള്ള ലേഖനം അഞ്ചാം അദ്ധ്യാ യവും സുവിശേഷത്തിൽനിന്നു കാനായിലേ കല്യാണവിവര ണവും വായിക്കുന്നു. തുടർന്നു ലുത്തിനിയയും കർത്തൃപ്രാർത്ഥനയും ചൊല്ലും. അനന്തരം, വധൂവരന്മാർ, ആശീർവ്വദിക്കപ്പെട്ട വീഞ്ഞു് ഒരേകപ്പിൽനിന്നു മൂന്നു പ്രാവശ്യം കുടിക്കുന്നു. വൈ ദികൻ അവരുടെ കൈകൾചേർത്തു പിടിക്കുകയും ഊറാല കൊണ്ടു മൂടുകയും അവരെ മേശയിൽവച്ചിരിക്കുന്ന കുരിശുരൂപ ത്തിനും സുവിശേഷപ്പുസ്തകത്തിനും മൂന്നു തവണ പ്രദക്ഷിണം വയ്പിക്കയും ചെയ്യുന്നു. ഈ സമയത്തു പാട്ടുകാർ സ്തോത്രഗീതം ആലപിക്കുന്നു. അബ്രാഹത്തിന്റേയും സാറയുടേയും, ഇസഹാ ക്കിന്റേയും റബേക്കായുടേയും, യാക്കോബിന്റേയും റാഹേലി ന്റേയും സൽപ്രവൃത്തികളെ സ്മരിച്ചുകൊണ്ടുള്ള പ്രാർത്ഥനക ളോടുകൂടി വിവാഹചടങ്ങുകൾ അവസാനിക്കുന്നു.

പാശ്ചാത്യകത്തോലിക്കരുടെ ഇടയിൽ സമാരബ്ധമായ പല ഭക്തകൃത്യങ്ങളും ബൈസന്റയിൻ സഭയിൽ സ്വീകരി ച്ചിട്ടുണ്ടു്. കൊന്തനമസ്കാരം, കുരിശിന്റെവഴി എന്നിവ അവയിൽ ചിലതു മാത്രമാണു്. നമ്മുടെ കർത്താവിന്റെ മാ മ്മോദീസയുടെ ഓർമ്മയ്ക്കായി ദനഹാദിവസം മാമ്മോദീസ ത്തൊട്ടിയിലേ (ചിലപ്പോൾ ആററിലെയോ, കുളത്തിലെയോ, കടലിലെയോ) വെള്ളം സാഘോഷം വെഞ്ചരിക്കുന്ന പതി വുണ്ടു്. പ്രധാന തിരുനാളുകളുടെ അവസാനം പ്രദക്ഷിണ വുമുണ്ടു്.

www.malankaralibrary.com

ഇത്രയും ബൈസൻറയിൻ റീത്തിനെപ്പററി സംക്ഷിപ്തമായി പ്രതിപാദിച്ചശേഷം, അതിൻെറ അവാന്തരവിഭാഗങ്ങളിൽ പ്രധാനപ്പെട്ടവയെ ചുരുക്കമായിട്ടെങ്കിലും വിശകലനം ചെയ്യാം.

## 1) മെൽക്കൈററ് റീത്ത്

ബൈസൻറയിൻ റീത്തിൽ പ്രഥമ സ്ഥാനമർഹിക്കുന്ന വിഭാഗമാണിത്. രാജാവ് എന്നർത്ഥമുള്ള 'മൽക്കാ' എന്ന സുറിയാനിവാക്കിൽ നിന്നാണ 'മെൽക്കൈററ്' എന്ന പദത്തിൻെറ ഉത്ഭവം. കൽക്കദോനിയ സൂനഹദോസിനു ശേഷം (451) ചക്രവർത്തിയുടെ അഭിപ്രായങ്ങൾക്കു കീഴ്‌വഴങ്ങിയവക്ക് ഏകസ്വഭാവവാദികൾ (monophysists) നല്കിയ പേരാണ മെൽക്കൈററുകൾ എന്നത്.

**ഭിന്നതകൾ (Schism)**

ഏഴാം നൂററാണ്ടിലുണ്ടായ മുഹമ്മദീയാക്രമണത്തിനു ശേഷം മെൽക്കീത്താക്കാർ ബൈസൻറയിൽ ഭരണത്തിൻകീഴിലായിത്തീർന്നു. പതിമൂന്നാം നൂററാണ്ടിൽവീണ്ടും ഉണ്ടായ മുഹമ്മദീയമർദ്ദനത്തെ തുടൎന്ന് ഇവരുടെ ശക്തി ക്ഷയിക്കുകയും ഒരു മുഖ്യവിഭാഗം ഗ്രീക്കുഭിന്നതയിൽ നിപതിക്കുകയും ചെയ്തു. ഗ്രീക്കുകാരെ അനുകരിച്ച്, 'ഓത്തഡോക്സ്' എന്ന പേര് ഇവരും സ്വീകരിച്ചു.

എന്നാൽ, സിറിൽ ആറാമൻ പാത്രിയക്കീസിൻെറ കാലത്ത് ഇവർ റോമ്മായുമായി പുനരൈക്യപ്പെട്ടു. അദ്ദേഹത്തിൻെറ പിൻഗാമികളാണ മെൽക്കീത്താപാത്രിയർക്കീസുമാർ. അങ്ങനെ, മെൽക്കൈററ കത്തോലിക്കർ ഒരു പാത്രിയർക്കീസിൻെറ കീഴിലായി. അന്ത്യോക്യയുടേയും അലക്സാണ്ഡ്റിയയുടേയും ജറൂസലേമിൻേറയും പാത്രിയക്കീസ് എന്ന ഔദ്യോഗിക നാമത്തിൽ അറിയപ്പെടുന്ന ഇപ്പോഴത്തെ മെൽ

www.malankaralibrary.com

ക്കൈറെറ് പാത്രിയർക്കീസ് മാക്സിമൂസ് നാലാമനാണ്. 1947-ലാണ് ഇദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടത്.

മെൽക്കൈറെറ് റീത്തിൽ ഇപ്പോഠം ഏഴ് അതിരൂപത കളുൾപ്പെടെ 13 രൂപതകളാണുള്ളത്. എല്ലാവരും പാത്രിയർക്കീസിൻെറ നേരിട്ടുള്ള ഭരണത്തിലാണ്. 1778-ൽ അന്ത്യോക്യപാത്രിയർക്കീസിൻെറ അധികാരസീമ, അലക്സാണ്ഡ്റിയ, ജറുസലം എന്നീ സ്ഥലങ്ങളിലേക്കും വ്യാപിച്ചു. മെൽക്കൈറെറ് പാത്രിയർക്കീസും മെത്രാന്മാരും ഇടവക വൈദികന്മാരെപ്പോലെ സാധാരണ ജീവിതം നയിക്കുകയും ജനങ്ങളുമായി ഉററബന്ധം പുലത്തുകയും ചെയ്യുന്നു.

മാക്സിമൂസ് മൂന്നാമനുമുമ്പ് ഇടവകഭരണം നടത്തിയിരുന്നതു സന്യാസികളായിരുന്നു. എന്നാൽ, പാത്രിയർക്കീസിൻെറ നിർദ്ദേശപ്രകാരം ലെവിജെറി (lavigerie)യിലേ കർദ്ദിനാഠം ഗ്രിഗരി രണ്ടാമൻ 1882-ൽ മെൽക്കീത്താക്കാക്കുവേണ്ടി ഒരു സെമിനാരി തുറന്നു. ആദ്യത്തെ 50 കൊല്ലത്തിനിടയിൽ ഈ സെമിനാരി എട്ടുമെത്രാന്മാരേയും 120 വൈദികന്മാരേയും സംഭാവനചെയ്തിട്ടുണ്ട്.

200കൊല്ലക്കാലത്തോളം സന്യാസികളെ ആശ്രയിച്ചാണു മെൽക്കൈറെറ് കത്തോലിക്കർ കഴിഞ്ഞിരുന്നതു്. ബസിലിയൻസന്യാസികളും സെൻറ്പോഠം മിഷനറീസ് സൊസൈററിക്കാരും അവിടത്തേ ക്രിസ്തീയജീവിതത്തിനു താങ്ങും തണലുമായി വത്തിച്ചുപോന്നു. അതുപോലെ സന്യാസികളും മിഷൻരംഗത്തു കമ്മനിരതരാണ്.

**ആധുനികസ്ഥിതി** [1]

1962-ലെ കണക്കനുസരിച്ച് ആകെ 397611 കത്തോലിക്കരും 605000 ഓർത്തഡോക്സ്കാരുമുണ്ട്. കത്തോലിക്കർ

1 ഓരോ റീത്തിൻേറയും ആധുനികസ്ഥിതിവിവരക്കണക്കുകഠംക്ക് ആധാരമായി സ്വീകരിച്ചിരിക്കുന്നത് 1962 ലെ *Oriente Catholico,* Citta Del Vaticano, 1962 ആണ്.

www.malankaralibrary.com

മതപരമായും സാമൂഹികമായും ഉന്നതനിലവാരം പുലത്തുന്ന വരാണ്.

ഇക്കഴിഞ്ഞ എഴുപതുകൊല്ലത്തിനിടയിൽ ഒട്ടേറെപ്പേർ അമേരിക്കയിൽ കുടിയേറിപ്പാർക്കുകയുണ്ടായി. ഈ റീത്തിൽപ്പെട്ട ഏകദേശം 40,000 വിശ്വാസികളും 26 പള്ളികളും അമേരിക്കയിലുണ്ട്. 1954-ൽ അവക്കായി ഒരു സെമിനാരിയും ആരംഭിച്ചിട്ടുണ്ട്. തെക്കെ അമേരിക്കയുടെ വിവിധഭാഗങ്ങളിലായി ഏകദേശം 100,000 മെൽക്കൈറ്റ് കത്തോലിക്കർ ഉള്ളതായി കണക്കാക്കപ്പെടുന്നു.

## ചില പ്രത്യേകതകൾ

മെൽക്കീത്താക്കാർ തങ്ങളുടെ മാതൃറീത്തായ ബൈസന്റയിൻ റീത്തിലേ ആരാധനക്രമങ്ങൾ അഭംഗുരം സംരക്ഷിക്കുന്നതിൽ അതീവ ശ്രദ്ധാലുക്കളാണ്. എങ്കിലും, ആഗന്തുകങ്ങളായ പല വ്യതിയാനങ്ങളും അവർ വരുത്തിയിട്ടുണ്ട്. ആരാധനക്രമങ്ങൾ സാധാരണ അറബിഭാഷയിലാണ്. എന്നാൽ, കുടിയേറാക്കാരുടെ ഇടയിൽ ദേശീയഭാഷകൾ തിരുക്കർമ്മങ്ങളിൽ ഉപയോഗിച്ചുവരുന്നു. ജ്ഞാനസ്നാനാർത്ഥിയെ മാമ്മോദീസക്കുളത്തിൽ ഇരുത്തി അയാളുടെമേൽ വെള്ളമൊഴിച്ചു മാമ്മോദീസ നല്കുന്നു. വി. കുർബാന തിരുരക്തത്തിൽ മുക്കി വിശ്വാസികൾക്കു നല്കുന്നു. പള്ളികളിൽ കൊത്തുരൂപങ്ങൾ ഉപയോഗിക്കാറില്ല. എന്നാൽ, ഐക്കൺസ്[1] (eikons) നമുക്കവിടെ കാണുവാൻ കഴിയും.

മെൽക്കൈറ്റ് കത്തോലിക്കർ തങ്ങളുടെ സഹോദരങ്ങളായ ഓർത്തഡോക്സുകാരുമായി അടുത്ത ബന്ധം പുലർത്തിവരുന്നു. "ഓർത്തഡോക്സ് പാത്രിയർക്കീസും അദ്ദേഹത്തിന്റെ അജഗണങ്ങളും റോമായുമായി ഐക്യപ്പെടുകയാണെങ്കിൽ, അദ്ദേഹത്തിനുവേണ്ടി എന്റെ ഈ സ്ഥാനം രാജിവയ്ക്കാനും കൈ

1 കയ്യും മുഖവും ലോഹംകൊണ്ടുള്ള ചിത്രപ്പണി ചെയ്തിട്ടുള്ളതും ബാക്കി ഭാഗം ഒട്ടാകെ കട്ടിയിൽ പെയിൻറുചെയ്തിട്ടുള്ളതുമായ ചിത്രം

www.malankaralibrary.com

മാററാനും ഞാനൊരുക്കമാണു"[1] എന്നുപോലും ഇപ്പോഴത്തെ കത്തോലിക്കപാത്രിയക്കീസായ മാക്സിമൂസ് നാലാമൻ പരസ്യമായി പ്രഖ്യാപിക്കയുണ്ടായി.

## 2) ഇററാലോ-ഗ്രീക്കു് (Italo-Greeks)

ഇററാലോ-ഗ്രീക്കറീത്തിനെ, ഇററാലോഗ്രേക്കോ അൽബേനിയനെന്നോ ഇററാലോ-അൽബേനിയനെന്നോ വിളിക്കുകയായിരിക്കും അനുയോജ്യം. പൗരസ്ത്യസഭകളിൽ റോമായുമായുള്ള ബന്ധത്തിൽനിന്നു വഴിതെററിമാററാതെ നിലനിന്നതു് ഇററാലോ-ഗ്രീക്കു് സഭമാത്രമാണു്. ചുരുങ്ങിയതു രണ്ടാം നൂററാണ്ടുമുതൽ സിസിലി, ഇററലിയുടെ തെക്കു്, കലാബ്രീയാ, അപ്പൂളിയ ഈ സ്ഥലങ്ങളിൽ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു എന്നു വേണം അനുമാനിക്കുവാൻ. അപ്പസ്തോലന്മാർ നേരിട്ടു് അവിടങ്ങളിൽ പള്ളികൾ സ്ഥാപിച്ചതായി പറയപ്പെടുന്നു. നടപടിപ്പുസ്തകവും ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ടു്.[2]

എന്നാൽ, നിർഭാഗ്യകരമെന്നു പറയട്ടെ, 15-ാം നൂററാണ്ടിലുണ്ടായ ലത്തീൻകാരുടെ അവിഹിതമായ ഇടപെടൽ ഈ റീത്തിനു വലിയൊരു പ്രഹരമായിരുന്നു. ഒരു ഗ്രീക്കു കോളേജ് റോമിൽ തുടങ്ങിയെങ്കിലും, വൈദികവിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതിലും പരിശീലിപ്പിക്കുന്നതിലും അതു കാര്യമായി വിജയിച്ചില്ല. 1742-ൽ ബനഡിക്ട് 14-ാമൻ മാർപ്പാപ്പ ഇററാലോ-ഗ്രീക്കുകാർക്കുവേണ്ടി ഒരു ഭരണഘടന പ്രസിദ്ധപ്പെടുത്തുകയും അവരുടെ റീത്തും ആചാരങ്ങളും നിലനിറുത്തുന്നതാണെന്നു പ്രഖ്യാപിക്കുകയുമുണ്ടായി. അതുപോലെ, പ്രത്യേക ആനുകൂല്യങ്ങളും അനുവദിച്ചുകൊടുത്തു. അവരുടെ

1 Cf. DONALD ATTWATER, *The Christian Churches of the East, The churches in communion with Rome*, (Great Britain, Lancashire 1960) 84

2 Acts. 28:11—14

www.malankaralibrary.com

നിയമപരമായ ആചാരങ്ങളിലുള്ള കൈകടത്തലിനേയും ലത്തീൻപ്രചരണത്തേയും നിരോധിച്ചു. ലത്തീൻറീത്തിനു പൗരസ്ത്യറീത്തിനെക്കാഠ പ്രാമാണ്യമൊന്നുമില്ലെന്നും സമർത്ഥിച്ചു. ദൈവത്തിൻെറ മുമ്പിൽ ഗ്രീക്കുകാരനെന്നോ യൂദന്മാരെന്നോ ബാർബേരിയനെന്നോ ഉള്ള വ്യത്യാസമില്ല. എല്ലാവരും ക്രിസ്തുവിൽ ഒന്നാണ്.[1] മാർപ്പാപ്പയുടെ ഈ ഇടപെടൽ ഗ്രീക്കുകാരെ തട്ടിയുണർത്താൻ പര്യാപ്തമായിരുന്നു.

## ആധുനികസ്ഥിതി

രണ്ടു് എപ്പാർക്കികളിലായി എഴുപതിൽപരം പള്ളികളും അറുപതോളം വൈദികന്മാരുമുണ്ടു്. റോമിലും പിയാനയിലും ഓരോ സെമിനാരിയുമുണ്ടിന്നു്.

മദ്ധ്യയുഗത്തിനുമുമ്പും അതിനുശേഷവും തെക്കെഇററലിയിലേ ബൈസൻറയിൻ റീത്തിൻെറ ശക്തികേന്ദ്രം അവിടത്തേ സന്യാസാശ്രമങ്ങളായിരുന്നു. എന്നാൽ, ഗ്രോട്ടാഫെരാത്താ (grottaferrata) യിലുള്ള ആശ്രമമൊഴികെ ബാക്കിയുള്ളതെല്ലാം ഇന്നു് അപ്രത്യക്ഷമായിരിക്കയാണു്.

## വിശ്വാസികഠ

ഇററലിയിൽ ഏകദേശം 44,000 ഇററാലോ-ഗ്രീക്കുകാരുണ്ടു്. ഇവരിൽ ഭൂരിഭാഗവും പാവപ്പെട്ട കൃഷിക്കാരാണു്. സിസിലിയിൽ ഏകദേശം 26,000 വിശ്വാസികളുണ്ടു്. അവരുടെ സംസാരഭാഷ അൽബേനിയനാണു്. എന്നാൽ, ചിലഭാഗങ്ങളിൽ ഗ്രീക്കുഭാഷയും സംസാരഭാഷയായിട്ടുണ്ടു്.

19-ാം നൂററാണ്ടിൻെറ അവസാനത്തോടുകൂടി കുറെ ഇററാലോ-ഗ്രീക്കുകാർ അമേരിക്കയിൽ ന്യൂയോർക്ക്, പെൻസിൽവേനിയ തുടങ്ങിയ സ്ഥലങ്ങളിൽ കുടിയേറിപ്പാർത്തു. സ്വന്തറീത്തിൽപെട്ട വൈദികന്മാരില്ലാതിരുന്നതിനാൽ, പലരും

1 BENEDICT XIV, *Etsi Pastoralis* (1742)

www.malankaralibrary.com

സ്വന്തം റീത്തു ഉപേക്ഷിച്ചെന്നു മാത്രമല്ല, സഭയിൽനിന്നു വേർപെട്ടുപോവുകക്കൂടി ചെയ്തു. 1904-ൽ മാത്രമാണു് അവക്കൊരു വൈദികനെ ലഭിച്ചതു്. അവിടെയുള്ള ഇത്താലൊ-ഗ്രീക്കുകാരെപ്പററി ശരിയായ സ്ഥിതിവിവരക്കണക്കുകഠം ശേഖരിക്കപ്പെട്ടിട്ടില്ല.

## ചില പ്രത്യേകതകഠം

കാലത്തിൻെറ പുരോഗതിയിൽ തെക്കെ ഇററലിയിലേ ബൈസൻറയിൻ ആരാധനക്രമത്തിൽ പല പരിഷ്കാരങ്ങളും വന്നിട്ടുണ്ടു്. അവിടെ പല പള്ളികളും ലത്തീൻ മോഡലിലാണു പണിയപ്പെട്ടിരിക്കുന്നതു്. എന്നാൽ, പാരമ്പര്യമനുസരിച്ചുള്ള ഇററാലോ-ഗ്രീക്കു് ആചാരാനുഷ്ഠാനങ്ങളിലേക്കു തിരിച്ചുപോകാനുള്ള തിരക്കിട്ട ശ്രമം നടക്കുന്നുണ്ടു്. പൗരസ്ത്യകത്തോലിക്കരുടെ ഇടയിൽ ഗ്രീഗോരിയൻകലണ്ടർ ആദ്യമായി(1852)സ്വീകരിച്ചതു് ഇവരാണു്. 17-ാംനൂററാണ്ടിൻെറ മദ്ധ്യത്തോടടുത്തു് ഒററക്കുർബാന ചൊല്ലുന്ന പതിവാരംഭിച്ചു. പൂജരാജാക്കന്മാരുടെ തിരുനാഠംദിവസമാണു സാധാരണ ഹന്നാൻവെള്ളമുണ്ടാക്കുന്നതു്. വെഞ്ചരിക്കുന്നതിനു് ഒരിക്കലും ഉപ്പു് ഉപയോഗിക്കാറില്ല. പാപമോചനം ലത്തീൻരീതിയിൽത്തന്നെ നല്കുന്നു. മാമ്മോദീസയോടനുബന്ധിച്ചു സ്ഥൈര്യലേപനവും നല്കുന്ന പതിവു മാറിവരുകയാണു്. ബനഡിക്ടു് 15-ാമൻ പാപ്പ ലിൻഗ്രോ രൂപതയിൽ വൈദികന്മാർക്കു മുമ്പിലത്തെ പ്രെസ്ബൂശ്രുമ നല്കുന്നതിനുള്ള അധികാരം കൊടുത്തിട്ടുണ്ടെങ്കിലും അതു പ്രയോഗത്തിൽ വന്നിട്ടില്ല. പാശ്ചാത്യരുടെ ഇടയിലുള്ള വി. കുർബാനയുടെ വാഴ്വും അതുപോലുള്ള മററുപല ഭക്തകൃത്യങ്ങളും ഇവക്കു സുപരിചിതങ്ങളാണു്. പുരുഷന്മാർ വി. കുർബാന നിന്നുകൊണ്ടും സ്ത്രീകഠം മുട്ടിന്മേൽ നിന്നുകൊണ്ടുമാണു സ്വീകരിക്കുന്നതു്.[1]

1 Cf. ATTWATER DONALD, *op. cit.* P. 70-71

www.malankaralibrary.com

## 3) യുക്രേനിയൻസ് അഥവാ റുഥേനിയൻസ്

### പൂർവ്വചരിത്രം

യുക്രേനിയൻ, രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം (1939-1945) സോവിയററ് സോഷ്യലിസ്റ്റ് റിപ്പ്ബ്ളിക്കിന്റെ ഒരു ഭാഗമായിത്തീർന്നു. ഇവിടത്തെ കത്തോലിക്കർ മിക്കവരും ബൈസന്റയിൻ റീത്തിൽപ്പെട്ടവരാണ്. പൌരസ്ത്യസഭകളിൽ യുക്രേനിയരാണു കത്തോലിക്കാസഭയുമായി ഐക്യപ്പെട്ടവരിൽ മികച്ചുനില്ക്കുന്നത്.

കിഴക്കെ ഗലിസിയ, പോട്കർപാത്തിയ, ഹംഗറി, ബുക്കോവിന, വടക്കേഅമേരിക്കയിലെ കോളനികൾ എന്നീ സ്ഥലങ്ങളിലുള്ള ബൈസന്റയിൻ റീത്തിൽപ്പെട്ട കത്തോലിക്കരാണു പ്രധാനമായും റുഥേനിയർ എന്നറിയപ്പെടുന്നത്.

### റുഥേനിയൻ റീത്ത്

ക്രിസ്തുമതത്തെ ആശ്ലേഷിച്ച റഷ്യൻ രാജകുമാരനായ വി. ബ്ലാഡ്മീറാണ് (Vladmir) റുഥേനിയൻ സഭയെ കെട്ടുറപ്പുള്ളതും ബലവത്തുമാക്കിയത്. ഇന്നു റുഥേനിയൻ സഭയുടെ കേന്ദ്രമായി പരിലസിക്കുന്നതു പഴയ തലസ്ഥാനമായ കീയെവാണ് (Kievu). രാഷ്ട്രീയവും മതപരവുമായ കാര്യങ്ങളിൽ കീയെവിന് അതുല്യസ്ഥാനമുണ്ടായിരുന്നു.

### ഭിന്നതകൾ

വിശ്വാസസംബന്ധമായും സഭാപരമായും റഷ്യാക്കാർ ഗ്രീക്കുകാരുമായി അവഗാഢം ബന്ധപ്പെട്ടിരുന്നു. കാനോൻ നിയമങ്ങളെല്ലാംതന്നെ കോൺസ്റ്റാന്റിനോപ്പിളിൽനിന്നുമാണു കിട്ടിയിട്ടുള്ളതു്. അവിടെനിന്നു തന്നെയാണ് ആദ്യകാലങ്ങളിലെ മെത്രാപ്പോലീത്തമാരും വന്നിരുന്നതു്. തന്മൂലം, കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസായിരുന്ന മൈക്കൾ ഷെറുളാരിയൂസിന്റെ അബദ്ധസിദ്ധാന്തങ്ങൾ റഷ്യയിലേക്കു

www.malankaralibrary.com

കടന്നുവന്നു. അങ്ങനെ, റുത്തേനിയൻ സഭയുടെ റോമുമായുള്ള ബന്ധത്തിനു് ഉലച്ചിൽതട്ടി. ഇതേത്തുടർന്നുണ്ടായ മംഗോളിയരുടെ ആക്രമണം റോമുമായുള്ള വിടവു വർദ്ധിപ്പിക്കുകയും കാലക്രമേണ റഷ്യൻസഭ ഒരു ദേശീയസഭയായിത്തീരുകയും ചെയ്തു.

1439-ൽ സമ്മേളിച്ച ഫ്ളോറൻസു് സൂനഹദോസിലെ പുനരൈക്യശ്രമങ്ങൾ ഫലപ്രദമായില്ലെന്നുമാത്രമല്ല, പുനരൈക്യത്തിനു ചുക്കാൻ പിടിച്ചിരുന്ന കീയെവിലെ മെത്രാപ്പോലിത്തയായ ഇസിദോർ സ്ഥാനഭ്രഷ്ടനാക്കപ്പെടുകയും ചെയ്തു. അദ്ദേഹം റോമിൽ (1443-ൽ) അഭയം പ്രാപിച്ചു.

16-ാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തോടെ ഈശോസഭക്കാരുടെ നേതൃത്വത്തിൽ വീണ്ടുമൊരു പുനരൈക്യശ്രമം സമാരംഭിച്ചു. വിൽന (Vilna), യർസ്ലോവു് (Yuroslaw), വൊളോസു് എന്നീ സ്ഥലങ്ങളായിരുന്നു മുഖ്യമായും അവരുടെ പ്രവർത്തനകേന്ദ്രങ്ങൾ. പീററർ സ്കർഗാ, ആൻറണിവൊസേവിനോ എന്നീ ഈശോസഭാവൈദികന്മാരുടെ പരിശ്രമഫലമായി 1595-ൽ കീയെവിലേ മെത്രാപ്പോലീത്ത ഉൾപ്പെടെ വളരെയധികംപേർ സഭൈക്യത്തിലെത്തിച്ചേർന്നു. ഈ ഐക്യത്തെ അവജ്ഞയോടെ വീക്ഷിച്ചവർ സത്യസഭാവലംബികളെ നിഷ്ക്കരുണം പീഡിപ്പിക്കുകയും വധിക്കുകയും ചെയ്തു. അന്നു രക്തസാക്ഷികളായവരിൽ ഒരാളായ ജോസഫാത്തിനെ 1867-ൽ സഭ വിശുദ്ധനായി പ്രഖ്യാപിച്ചു.[1] നവംബർ 14-ാം തീയതി സാർവ്വത്രികസഭ ഇദ്ദേഹത്തിൻെറ തിരുനാൾ ആഘോഷിക്കുന്നു. ഈ വിശുദ്ധൻെറ ബദ്ധശത്രുവായി വർത്തിച്ച പോളട്സ്കിലേ ഒരകത്തോലിക്കമെത്രാൻ പില്ക്കാലത്തു സഭയെ ആശ്ലേഷിക്കുകയും ചെയ്തു തെററിനു പ്രായശ്ചിത്തമനുഷ്ഠിക്കുകയും ചെയ്തു.

1 KING ARCHDALE, A, *The Rites of Eastern Christendom* Vol. II Catholic Book Agency, Rome, 1948, P. 52-53

www.malankaralibrary.com

1677-ൽ ലോവിലേ മെത്രാൻ തൻെറ അജഗണങ്ങളോടൊത്തു കത്തോലിക്കസഭയുമായി രമ്യപ്പെട്ടു. 1692-ൽ പിരിമിഷില്ലിലേ (Peremyshel) മെത്രാനും അവരെ അനുകരിച്ചു. ഇക്കാലത്തു റുത്തേനിയൻസിൻെറ അംഗസംഖ്യ ഏതാണ്ടു 120 ലക്ഷമായിരുന്നു. ഊർബൻ എട്ടാമൻ പാപ്പ, പൗരസ്ത്യർ ലത്തീൻ റീത്തിൽ ചേരുന്നതിനെ നിരോധിച്ചുകൊണ്ടു് ഒരു ഡിക്രി പുറപ്പെടുവിച്ചെങ്കിലും ജന്മികളും കുലീനരുമായ ഒരു നല്ല വിഭാഗം പോളിഷ്കാരാവുകയും ലത്തീൻ റീത്തു സ്വീകരിക്കുകയും ചെയ്തു. പതിനേഴും പതിനെട്ടും നൂററാണ്ടുകളിൽ നടന്ന ഈ സംഭവവികാസങ്ങൾ റുത്തേനിയൻ സഭയെ സാരമായി സ്പർശിച്ചു.[1] റുത്തേനിയൻസിൻെറ ഈ ലത്തീൻകംബത്തെ നിരോധിക്കാനായി 1624-ൽ പ്രൊപ്പഗാന്തതിരുസ്സംഘം ഒരു ഡിക്രി പുറപ്പെടുവിച്ചു.[2]

18-ാം നൂററാണ്ടായപ്പോഴേക്കും റഷ്യ പോളണ്ടിലേക്കു നുഴഞ്ഞു കയറാൻ തുടങ്ങി. വിവിധമണ്ഡലങ്ങളിൽ റഷ്യ ആധിപത്യം സ്ഥാപിച്ചുകൊണ്ടിരുന്നു. 1772-ൽ പോളണ്ടിനെ പങ്കുവയ്ക്കുന്നതിനുള്ള ശ്രമങ്ങളായി. ക്രമേണ, ഗലിസ്യ ഒഴികെ യുക്രേനിയൻസു് അധിവസിച്ചിരുന്ന എല്ലാസ്ഥലങ്ങളും റഷ്യയുടെ കീഴിലായി. അതോടെ, യുക്രേനിയൻസിൻെറ മേലുള്ള അധികാരം റഷ്യയുടെ കയ്യിലായി.

ചക്രവർത്തിനിയായ കാതറയിൻ ദ്വിതീയയും അലക്സാണ്ടർ പ്രഥമനുംകൂടി റുത്തേനിയൻസിൻെറ രൂപതകൾ മൂന്നാക്കികുറച്ചു. ആശ്രമങ്ങൾ അടയ്ക്കുവാൻ ആജ്ഞയായി. പള്ളികൾ ഓർത്തഡോക്സ്കാർക്കു വിട്ടുകൊടുക്കേണ്ടി വരികയും ചെയ്തു. പല കത്തോലിക്കരും ഗവണ്മെൻറിൻെറ ഈ നിലപാടിനെ സ്വാഗതം ചെയ്യുകയാണുണ്ടായതു്. കാരണം, പ്രഥമ വീക്ഷണത്തിൽ സഭാചടങ്ങുകളിൽ വലിയ മാററങ്ങ

1 Cf. DONALD ATTWATER, *on cit* P. 74, 75.
2 *Acts et Decr. S. S. Conciriorum Rec,* Col. 600, Note 2

www.malankaralibrary.com

ളൊന്നും ദർശിക്കുവാൻ അവർക്കു കഴിഞ്ഞില്ല. ഗവണ്മെൻറി ൻെറ തെററായ ഈ നിലപാടിനെ എതിർത്തവരും വിരളമല്ല. 1830-ൽ നടന്ന പോളീഷ് വിപ്ലവത്തെത്തുടന്ന്, റുത്തേനി യൻ കത്തോലിക്കരെ അടിച്ചമത്തൂന്നുള്ള പുതിയ പദ്ധതികൾ ഗവണ്മെൻറ് ആസൂത്രണം ചെയ്തു.

ബുൾഗാക്കി (Bulgak) ലെ മെത്രാപ്പോലീത്ത മരിച്ച പ്പോൾ (1838) ഒരവിശ്വാസിയായ ജോസഫ്സിമാസ്ക്കി യെ, നിക്കോളാസ് ഒന്നാമൻ മെത്രാനായി അവരോധിച്ചു. പ്ര സ്തുത മെത്രാൻ അവശേഷിച്ചിരുന്ന രണ്ടു മെത്രാന്മാരേയും 1300-ൽപരം വരുന്ന വൈദികന്മാരേയും ദേശീയ സഭാ പ്രവേശനത്തിനു പ്രേരിപ്പിക്കുകയും അതിനായുള്ള ഒരു കരാറിൽ ഒപ്പുവയ്ക്കുവാൻ നിർബന്ധിക്കുകയും ചെയ്തു. ഇ തിനു വിസമ്മതിച്ചവർ മദ്ദനത്തിനും നാടുകടത്തിലിനും വി ധേയരായി. മാമ്മോദീസ, വിവാഹം എന്നീ കൂദാശകളുടെ അനുഷ്ഠാനത്തെ നിയമംമൂലം നിരോധിക്കുകയും ചെയ്തു. ആശ്ര മങ്ങൾ കൊള്ളചെയ്യപ്പെട്ടു. പള്ളികളെല്ലാം ഓത്തഡോക്സ് കാർ കയ്യേറി. വൈദികന്മാരെ ആശ്രമങ്ങളിൽ തടവുകാരാ യി പാർപ്പിക്കുകയും തരംതാഴ്ത്തുകയും ചെയ്തു. അങ്ങനെ, റുത്തേ നിയൻസഭ മദ്ദനവിധേയയായിക്കൊണ്ടിരുന്നു. നിക്കളൊവ്യൂസ് ദ്വിതീയൻെറ കാലമായതോടെ സഭ ആശ്വാസത്തിൻെറ കിരണങ്ങൾ ദർശിച്ചുതുടങ്ങി. 1905-ൽ മതസ്വാതന്ത്ര്യം പ്രഖ്യാ പിക്കപ്പെട്ടു. മദ്ദനകാലത്തു ദേശീയസഭയിൽ ചേന്ന 300000- ത്തിൽപ്പരം ജനങ്ങൾ തിരിച്ചുവന്നു. എന്നിരുന്നാലും, ഇന്നും ലത്തീൻകാരല്ലാത്ത കത്തോലിക്കർക്കു (ബൈസൻറയിൻ) ജീ വിതസ്വാതന്ത്ര്യം വേണ്ടത്രയില്ല.


www.malankaralibrary.com

## ഗലീസിയൻ റുത്തേനിയൻസ്

(റുത്തേനിയൻെറ ഒരു വിഭാഗം)

ലോവ്, (lvov) പിരിമിഷൽ (Peremyshel) എന്നീ മെത്രാസനങ്ങൾ ഉൾക്കൊള്ളുന്നതാണ് ഗലീസിയൻസഭ. 1807-ൽ ലോവ് അതിരൂപതയായി ഉയർത്തപ്പെട്ടു. മൈക്കൾ ലവിസ്കി (1856), സിൽവെസ്റ്റർ സെമ്പ്രാടോവിക്കി (1895) എന്നിവരെ കർദ്ദിനാൾസ്ഥാനത്തേക്കുയർത്തി. ഗലീസിയൻ റുത്തേനിയരുടെ പുരോഗതിക്കുവേണ്ടി അനവരതം പ്രവർത്തിച്ച ഒരാളാണ് ആർച്ചു ബിഷപ്പ് ആന്ഡ്രൂ ഷെപ്റ്റിക്കി.[1] അദ്ദേഹത്തിൻെറ സേവനസമ്പന്നമായ നാല്പത്തഞ്ചു വർഷത്തെ സഭാഭരണം ഗലീസിയൻ-റുത്തേനിയൻസ് ചരിത്രത്തിൽ അവിസ്മരണീയമായി എന്നും വിരാജിക്കുമെന്നതിൽ സംശയമില്ല. 1939-ൽ റഷ്യക്കാർ ഗലീസിയ പിടിച്ചെടുത്തപ്പോൾ ലോവിൻെറ മെത്രാപ്പോലീത്തയായിരുന്ന ഷെപ്റ്റിക്കിനേയും അതുപോലെ മററു പലരേയും ബന്ധനസ്ഥരാക്കി.

മർദ്ദനങ്ങൾ പലടത്തും പല വിധമായിരുന്നു. മർദ്ദനം എത്ര രൂക്ഷമായിരുന്നാലും അതിനെയെല്ലാം സധൈര്യം നേരിട്ട കത്തോലിക്കർ നിരവധിയാണ്. കത്തോലിക്കരായ അത്മായർക്കു് ഒന്നുകിൽ സൈബീരിയ, അല്ലെങ്കിൽ ഓർത്തഡോക്സ്സഭ തിരഞ്ഞെടുക്കേണ്ടിയിരുന്നു. ഓർത്തഡോക്സ്സഭ സ്വീകരിക്കാൻ വിസമ്മതിച്ച പതിനായിരക്കണക്കിനാളുകളെ സൈബീരിയായിലേക്കു നാടുകടത്തി. അന്ന് ഏതാണ്ടു 3000 വൈദികന്മാരുണ്ടായിരുന്നു. ഇവരിൽ 1400 പേരെ ജയിലിലടച്ചു. ഒട്ടേറെപ്പേരെ നാടുകടത്തി. 600 പേരോളം നാടുവിട്ടുപോയി. ബാക്കിയുള്ളവർ മർദ്ദനവിധേയരായിത്തീർന്നു. ആശ്രമങ്ങളും മഠങ്ങളും സെമിനാരികളും പൂട്ടപ്പെട്ടു.

1. 1944 നവംബർ 1-ാം തീയതി മരിച്ച ഷെപ്റ്റിക്കിൻെറ നാമകരണച്ചടങ്ങുകൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

www.malankaralibrary.com

റോമുമായുള്ള സകല ബന്ധങ്ങളും വിച്ഛേദിക്കപ്പെട്ടിരിക്കുകയാണു്. ആർച്ചുബിഷപ്പു്സ്ലിപ്പി (Slipy) മാത്രമാണിവിടെ അവശേഷിച്ച ഏക മെത്രാൻ.[1] ഇദ്ദേഹത്തെ 18 കൊല്ലത്തേ ജയിൽവാസത്തിനുശേഷം മോചിപ്പിച്ചു. ഇന്നദ്ദേഹം റോമിൽ വിശ്രമിക്കുകയാണു്.

## 1939–ലെ സ്ഥിതി

ഗലീസിയയിലേ റുത്തേനിയൻ കത്തോലിക്കർ 1939-ൽ ഒരു പ്രോവിൻസും അതിൻെറ കീഴിൽ ലോവ്വു്, പിരിമിഷൽ, സ്റ്റാനിസ്ലാവേസു് എന്നീ രൂപതകളും ഉണ്ടായിരുന്നു. ലോവ്വു് രൂപതവകയായി 1783-ൽ ഒരു സെമിനാരിസ്ഥാപിച്ചു വിജയപ്രദമായി നടത്തിവരുന്നു. 18-ാം നൂററാണ്ടു് അവസാനത്തോടെ മററു രണ്ടു രൂപതവകയായും സെമിനാരികൾ സ്ഥാപിച്ചു.

പലേ പരിവർത്തനങ്ങൾക്കും വിധേയമായിക്കൊണ്ടിരുന്ന ഗലീസിയൻ സഭയിൽ ചില ചില്ലറ നവീകരണങ്ങൾ അനിവാര്യമായിരുന്നു. അതിനായി ലെയോ പതിമൂന്നാമൻ 1882-ൽ ഈശോസഭക്കാരെ നിയോഗിച്ചു. 1939-ലെ കണക്കനുസരിച്ചു 36 ആശ്രമങ്ങളും 182 വൈദികന്മാരും 220 വൈദികവിദ്യാർത്ഥികളും 213 തുണസഹോദരന്മാരും ഇവിടെയുണ്ടായിരുന്നതായി കാണുന്നു. സോർക്വായി (Zorkva) ലുണ്ടായിരുന്ന 38 സന്യാസികളിൽ 36 പേരേയും കമ്മ്യൂണിസ്ററുകാർ നിഷ്ഠുരണം വധിച്ചു. അവരുടെ വസ്തുക്കളെല്ലാം കരസ്ഥമാക്കുകയും ചെയ്തു. 1913-ൽ ഷെപ്റ്റിക്കിമെത്രാപ്പോലീത്ത, ബെൽജിയത്തിലുണ്ടായിരുന്ന റെഡംപ്റ്റോറിസ്ററു സഭയെ സ്വന്തം രൂപതയിൽ കൊണ്ടുവരുകയും ബൈസൻറയിൻ റീത്തിൽ അവർക്കായി ഒരു പ്രോവിൻസു സ്ഥാപിക്കുകയും ചെയ്തു. ഗലീസിയയിൽ ആയിരത്തിൽപ്പരം യുക്രേനി

1. Cf. DONALD ATTWATER, *op. cit.* P. 79

www.malankaralibrary.com

യൻ കന്യാസ്ത്രീകരം ഉപവിപ്രവത്തനങ്ങളിൽ വ്യാപൃതരായിരുന്നു. ഇവരിൽ 800 പേരും ബസിലിയൻ സഭയിൽപ്പെട്ടവരായിരുന്നു. ഇവിടെയും 40 ലക്ഷത്തോളം വിശ്വാസികളുണ്ട്. ജനങ്ങരം സംസ്ക്കാരസമ്പന്നരും കുശാഗ്രബുദ്ധികളുമാണ്. ഇവർ ഇന്നു റഷ്യൻ അധീനത്തിലാകയാൽ സഭാസംബന്ധമായ പൂർണ്ണവിവരങ്ങരം അജ്ഞാതമാണ്.

**ആധുനികസ്ഥിതി;**

**അമേരിക്കയിൽ**

ഫിലാഡൽഫിയ കേന്ദ്രമാക്കി 1938-ൽ ഒരു ഹൈരാക്കി സ്ഥാപിതമായി. കോൺസ്ററൻറയിൻ ബൊഹാഷിവിസ്ക്കിയെ (Constantine Bohuchesueky) മെത്രാപ്പോലീത്തസ്ഥാനത്തേക്കും അദ്ദേഹത്തിൻെറ സഹായമെത്രാനായ അംബ്രോസ് സെനിഷിയെ (Ambros Senyshen) സ്ററാംഫോഡിൻെറ മെത്രാനായും അവരോധിച്ചു. 1941-ൽ ഒരു മേജർസെമ്മിനാരി വാഷിംഗ്ഡനിൽ സ്ഥാപിതമായി. 1962-ലെ കണക്കനുസരിച്ചു ഫിലാഡൽഫിയായിൽ 97 ഇടവകകളും 135 ഇടവകവൈദികന്മാരും 172072 കത്തോലിക്കരുമുണ്ട്. സ്ററാംഫോർഡ് രൂപതയിൽ 56 ഇടവകകളും 81 ഇടവകവൈദികന്മാരും 87595 കത്തോലിക്കരുമുണ്ട്. ചിക്കാഗോ രൂപതയിൽ 31 ഇടവകകളും 27 ഇടവകവൈദികന്മാരും 40439 കത്തോലിക്കരുമുണ്ട്. അമേരിക്കയിൽ ഇവക്കു മതപരവും രാഷ്ട്രീയവുമായ മണ്ഡലങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനമാണുള്ളതു്.

**ക്യാനഡായിൽ**

1962-ലെ കണക്കനുസരിച്ചു 172 ഇടവകവൈദികന്മാരും 137 ഇടവകകളും 200917 റുത്തേനിയൻ കത്തോലിക്കരും ഇവിടെയുണ്ട്. ഒരു മൈനർസെമ്മിനാരിയുണ്ടെങ്കിലും മേജർസെമ്മിനാരി ഒന്നുമില്ല. ബസിലിയൻ, റെഡംപ്ററി

www.malankaralibrary.com

സ്ററ്, ഒബ്ളേററ് ഓഫ് മേരി ഇമാക്കുലേററ് എന്നീ സന്യാസസഭകൾ ഇവിടെ ഊർജ്ജിതമായി പ്രവർത്തിക്കുന്നു.

കൂടാതെ ഇംഗ്ലണ്ടു്, വിയന്നാ, ബ്രസൽസ്, ഫ്രാൻസ്, ജർമ്മനി, അർജൻറയിൻ, ബ്രസീൽ, ആസ്ത്രേലിയ എന്നിവിടങ്ങളിലായി ഏകദേശം 254790 റുത്തേനിയൻ കത്തോലിക്കരുണ്ടു്.

## ചില പ്രത്യേകതകൾ

ഇക്കഴിഞ്ഞ 300 കൊല്ലത്തിനിടയിൽ ബൈസൻറയിൻ ആരാധനക്രമത്തിലും ( Liturgy ) ആചാരങ്ങളിലും (Customs) വളരെയധികം മാററങ്ങൾ സംഭവിച്ചിട്ടുണ്ടു്. 720-ൽ നടന്ന 'സമോസി'ലെ (Zamose) സമ്മേളനത്തിൽ വച്ചാണു് ഈ മാററങ്ങളിൽ മുഖ്യമായവയും രൂപംകൊണ്ടതു്. പല പള്ളികൾക്കും വ്യത്യസ്ഥങ്ങളായ മാററങ്ങളാണുണ്ടായിട്ടുള്ളതു്. ലത്തീൻ ക്രമത്തെ അനുകരിച്ചു തലമുണ്ടു്, ആൽബാ, സങ്കീഞ്ഞ് എന്നിവ കുർബാനസമയത്തു് ഉപയോഗിച്ചു തുടങ്ങി. "പുത്രനിൽനിന്നും" എന്ന ഭാഗം വിശ്വാസപ്രമാണത്തിൽ കൂട്ടിച്ചേർത്തു. വി. കുർബാന സ്വീകരണത്തിനു മുമ്പായി കാസയിൽ ചൂടുവെള്ളം ഒഴിച്ചു വന്നിരുന്ന പതിവു പരിത്യജിച്ചു. മുട്ടിന്മേൽനിന്നുകൊണ്ടു് ഇരുസാദൃശ്യങ്ങളിലും ജനങ്ങൾ വി. കുർബാന സ്വീകരിച്ചുതുടങ്ങി. കുബ്ബാനസമയത്തു കൈകഴുകുന്ന പതിവു് ആരംഭിച്ചു. നിറഭേദമുള്ള കുർബാനക്കുപ്പായങ്ങൾ പ്രയോഗത്തിലായി.

ലിവിലേ (Lviv) സിനഡിൽവച്ചു കാനോനനമസ്കാരം നിർബന്ധമാക്കി. ഗലീസിയൻകാർക്കു് ഇരുപത്തിനാലു കടമുള്ള ദിവസങ്ങളാണുള്ളതു്. പോട്കാർപാത്തിയാക്കാർക്കു പതിനാറു. ലത്തീൻമെത്രാന്മാരെ അനുകരിച്ചുള്ള വസ്ത്രധാരണരീതിയാണു് ഇവിടത്തെ മെത്രാന്മാരുടേതും. വൈദികന്മാർ കറുത്ത ളോഹയും തൊപ്പിയും ധരിക്കാറുണ്ടു്. മീശ നീട്ടാറില്ല. പിര

www.malankaralibrary.com

ശുദ്ധ കർബാനയുടെ തിരുനാൾ, തിരുഹൃദയത്തിരുനാൾ, പ. ത്രിത്വത്തിന്റെ തിരുനാൾ, കൊന്തനമസ്കാരം, കുരിശിന്റെ വഴി മുതലായവയും നടപ്പിൽ വന്നിട്ടുണ്ട്.

## 4) യൂഗോസ്ലാവസ് (The Yugoslaves)

സെർബ്സ് (Serbs), ക്രോററ്സ് (Croats), സ്ലോവൻസ് (Slovenes) എന്നീ വർഗ്ഗക്കാരുൾക്കൊള്ളുന്ന യൂഗോസ്ലാവ്യ സ്റ്റേററിന്റെ ആവിർഭാവം ഒന്നാംലോകമഹായുദ്ധത്തിനു (1914-1918) ശേഷമാണ്. സെർബ്സിലുള്ളവരിൽ മിക്കവരും ഓർത്തഡോക്സും; ക്രോററ്സ് സ്ലോവൻസ് ഇവർ റോമൻ കത്തോലിക്കരുമാണ്.

ഭിന്നതകൾ ഇവിടെയും ആവിർഭവിച്ചു. എങ്കിലും ക്രോസിൽ കുടിയേറിപ്പാർത്ത (1531) ഒരുകൂട്ടം ഓർത്തഡോക്സുകാർ കത്തോലിക്കരുമായി സമ്പർക്കം പുലർത്തിയതിന്റെ ഫലമായി ഐക്യത്തിനുള്ള അഭിനിവേശം അവരിൽ സംജാതമായി. 1636-ൽ അന്തിവാരി ( Antivari ) ക്കടുത്തുള്ള പ്രസ്റ്റ്രോവിച്ചിലേ (Pustrovichi) ഓർത്തഡോക്സുകാർ മിക്കവരും കത്തോലിക്കസഭയെ സമാശ്ലേഷിച്ചു.

ഐപ്പിക്ക് (Ipek) ഭരിച്ചിരുന്ന പാത്രിയർക്കീസുമാരായ ജോൺ (1592-1617), പായിസി (1614-1648), ഗബ്രിയേൽ (1648-1654) എന്നിവർ പുനരൈക്യത്തിനുള്ള തങ്ങളുടെ ആഗ്രഹത്തെ എഴുത്തുമൂലം മാർപ്പാപ്പയെ അറിയിച്ചു. ഡൽമാസിയ (Dalmatia) യുടെ ഓർത്തഡോക്സു മെത്രാപ്പോലീത്തയായിരുന്ന എപ്പിപ്പാനിയൂസ് സ്റേറഫാനോവിക്ക് (Ephipanius Stefanovic) വെനീഷ്യൻ അതിർത്തികളിലേക്ക് ഓടിപ്പോവുകയും 1648 നവംബർ 1-ാം തീയതി ഭിന്നത ഉപേക്ഷിക്കുകയും ചെയ്തു. പ്രായാധിക്യം നിമിത്തം റോമിൽ പോകുവാൻ സാധിക്കാതെ വന്നതിനാൽ, അദ്ദേഹം പത്താം

www.malankaralibrary.com

ഇന്നസെൻറ മാർപ്പാപ്പയ്ക്ക് എഴുതി: "കത്തോലിക്കസഭയാകുന്ന പരിശുദ്ധ അമ്മയുടെ കരങ്ങളിൽ ജീവിക്കുന്നതിനും മരിക്കുന്നതിനും ഞാൻ ഇഷ്ടപ്പെടുന്നു."

പലരുടേയും പുനരൈക്യശ്രമങ്ങൾ താത്കാലികവും വ്യക്തിപരവുമായിരുന്നു. എന്നാൽ, സൈമൺ വ്രട്ടാൻജയുടെ (Simon Vratanja) മാനസാന്തരം പുനരൈക്യത്തിലേക്കുള്ള ഒരു പുതിയ കാൽവെയ്പായിരുന്നു. അദ്ദേഹത്തിൻെറ പരിശ്രമംവഴിയാണ് ഇന്നത്തെ ബൈസൻറയിൻരൂപത രൂപംകൊണ്ടതു്. സൈമണിനെ സിഡ്നിയുടെ മെത്രാനായി അവരോധിച്ചു. ക്രോസിയ, സ്ലാവോണിക്ക, ഹങ്കറി, കാർണിയോള എന്നീ സ്ഥലങ്ങളിലെ പൗരസ്ത്യരുടെമേലുള്ള അധികാരവും അദ്ദേഹത്തിനു നല്കി. അദ്ദേഹത്തിൻെറ ആസ്ഥാനം മർക്കാ ആയിരുന്നു. ഈ പരിവർത്തനങ്ങൾക്കെതിരായി പല പ്രതികൂലശക്തികളും തലയുയർത്തി. സാക്ക്റെബിലെ (Zagreb) ലത്തീൻ മെത്രാന്മാർ പൗരസ്ത്യമെത്രാനെതിരായി വമ്പിച്ചതോതിൽ സമരം ചെയ്തു. ബിഷപ്പ് പോൾ സോർസക്കി (Paul Zorcic, 1671-1685) ൻെറ കാലത്തു പൗരസ്ത്യകത്തോലിക്കർക്കായി ഒരു സെമിനാരി സാംഗ്റെബിൽ സ്ഥാപിതമായി 1690ൽ, സഭയിൽനിന്നു വേർപെട്ടുപോയവർ ഇവിടത്തെ കത്തോലിക്കരെ ഞെരുക്കുകയും മർദ്ദിക്കുകയും ചെയ്തു. മെത്രാനെ നിഷ്ക്കരുണം മർദ്ദിച്ചു. ആശ്രമങ്ങൾ കത്തിക്കുകയും സന്യാസികളെ വധിക്കുകയും നാടുകടത്തുകയും ചെയ്തു. പതിനെട്ടും പത്തൊമ്പതും നൂററാണ്ടുകളിൽ ക്രോസിയായിൽ അവശേഷിച്ചിരുന്ന ഓർത്തഡോക്സുകാരും പുനരൈക്യത്തിനായി കൊതിച്ചെങ്കിലും ഭിന്നിച്ചുപോയവരുടെ ശക്തിയായ എതിർപ്പ് അതിനു വിഘാതമായിത്തീർന്നു. 18-ാംനൂററാണ്ടായതോടെ ബൈസൻറയിൻ കത്തോലിക്കരുടെ സംഖ്യ വർദ്ധമാനമായിക്കൊണ്ടിരുന്നു. ഇതിൽ ഒരു നല്ലശതമാനം കുടിയേററക്കാരായിരുന്നു.

www.malankaralibrary.com

### ആധുനികസ്ഥിതി

ക്രിസെവിച്ചിയിലെ മെത്രാനാണു യൂഗോസ്ലാവിലുള്ള എല്ലാ ബൈസൻറയിൻ കത്തോലിക്കരുടേയും ഭരണാധികാരി. ഇദ്ദേഹം സാഗ്റെബിലെ ലത്തീൻമെത്രാപ്പോലീത്തയുടെ സഹായമെത്രാനുംകൂടിയാണ്. വൈദികവിദ്യാർത്ഥികൾ, സാഗ്രേബ് സെമിനാരിയിലോ റോമിലുള്ള റുത്തേനിയൻ സെമിനാരിയിലോ ആണു പഠിക്കുന്നത്. ഈ രൂപതയിൽ 50 ഇടവകകളും 70-തോളം വൈദികന്മാരുമുണ്ട്. മിക്കവൈദികന്മാരും വിവാഹിതരാണ്. ഈ രൂപതയിൽ, ബൈസൻറയിൻ റീത്തിലെ ഫ്രയേർസ് മൈനേഴ്സും പല ബൈസൻറയിൻ സിസ്റ്റേഴ്സും സജീവമായി പ്രവർത്തിക്കുന്നു. ഇവിടെ 56000 വിശ്വാസികളുണ്ട്. അവരിൽ അധികം പേരും റുത്തേനിയൻകാരാണ്. എന്നാൽ, 7000000 അകത്തോലിക്കരും ഇവിടെയുണ്ട്. യൂഗോസ്ലാവിൻെറ പ്രധാന ആരാധനഭാഷ സ്ലാവോണിക്കാണ്. ഇവർ കലർപ്പില്ലാത്ത ബൈസൻറയിൻ റീത്ത് ഇന്നും ഉപയോഗിക്കുന്നു.

## 5) റുമേനിയൻ റീത്ത്

റോമിൽനിന്നും കുടിയേറിപ്പാർത്തവരാണു റുമേനിയക്കാർ. ആദ്യകാലങ്ങളിൽ, പ്രത്യേകിച്ച്, നാലും അഞ്ചും നൂററാണ്ടുകളിൽ റുമേനിയൻ കത്തോലിക്കർ ലത്തീൻ ആരാധനക്രമമാണ് ഉപയോഗിച്ചു വന്നിരുന്നത്. ഏഴാം നൂററാണ്ടിൽ ബൾഗേറിയ, റുമേനിയ ആക്രമിക്കുകയും കാലക്രമത്തിൽ ബൈസൻറയിൻറീത്തു നടപ്പിൽവരുകയും ഗ്രീക്കുഭിന്നത പ്രബലപ്പെടുകയും ചെയ്തു.

ഫ്ളോറൻസ് കൗൺസിലിൽവെച്ചു മൊൾഡാവിയായുടെ (Moldavia) മെത്രാപ്പോലീത്തയായിരുന്ന ഡാസിയൻ (Dacian) കത്തോലിക്കാസഭയുമായി ഐക്യപ്പെടുന്നതായ കരാറിൽ ഒപ്പുവച്ചു. അദ്ദേഹത്തിൻെറ ഭരണസീമയിൽപ്പെട്ട പള്ളി

www.malankaralibrary.com

കാം ഇതിൽ അമർഷംകൊള്ളുകയാണുണ്ടായതു്. തന്നിമിത്തം-ഡാസിയന്മം അനുയായികാംക്കും അഭയംതേടി റോമിലേക്കു പലായനം ചെയ്യേണ്ടതായി വന്നു..

ഫ്ളോറൻസു് കൗൺസിലിനുശേഷം കപ്പിസ്ത്രാനോയിലേ (Capistrano)വി.ജോണിൻെറ പരിശ്രമഫലമായി 30000 പേരോളം സത്യസഭയെ സമാശ്ലേഷിക്കുകയുണ്ടായി. 1697-ൽ ആൽബാജൂലിയ (Alba julia) യിൽവച്ചുനടന്ന പ്രാദേശിക സൂനഹദോസിൽവച്ചു് ഓത്തഡോക്സു് സഭയിലേ പല പ്രമുഖ വ്യക്തികളും വിശ്വാസം ഏററുപറഞ്ഞു പുനരൈക്യപ്പെട്ടു. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളുടെ ഇടയ്ക്കുള്ളകാലത്തേ റമേനിയക്കാരുടെ ചരിത്രം അഭിവൃദ്ധിയുടെ ചരിത്രമായിരുന്നു എന്നാൽ, 1948മുതൽ അതിനൊരു സമൂല പരിവർത്തനം സംഭവിച്ചു. പ. സിംഹാസനവുമായുണ്ടായിരുന്ന എല്ലാ ബന്ധങ്ങളും വിച്ഛേദിക്കപ്പെട്ടു. കമ്മ്യൂണിസ്ററുഗവൺമെൻറ് റമേനിയായുടെമേൽ ആധിപത്യം സ്ഥാപിക്കുകയും മതമർദ്ദനം ആരംഭിക്കുകയും ചെയ്തു. 1945-ൽ 50 വൈദികന്മാരെ മൃഗീയമായി കൊലപ്പെടുത്തി. ഏതാണ്ടു് 200-ൽപരം വിശ്വാസികളെ വധിക്കുകയും അതിലധികം ആളുകളെ നാടുകടത്തുകയും തുറങ്കിലടക്കുകയും ചെയ്തു. ആശ്രമവാസികളായിരുന്ന സന്യാസികളേയും സന്യാസിനികളേയും ബലം പ്രയോഗിച്ചു പണിയെടുപ്പിക്കുകയും അവരുടെ വസ്തുവകകാം കണ്ടുകെട്ടുകയും ചെയ്തു. സെമിനാരികളും മററിതരസ്ഥാപനങ്ങളും അടയ്ക്കപ്പെട്ടു. എങ്കിലും വിശ്വാസികാം തങ്ങളുടെ വിശ്വാസം പരിരക്ഷിച്ചുപോന്നു.[1]

1960 നു മുമ്പായി ജയിലിൽ അടയ്ക്കപ്പെട്ട ആറു മെത്രാന്മാരിൽ നാലുപേരും മരിച്ചു. രണ്ടു പേർ ജീവിച്ചിരുപ്പുണ്ടു്-ബിഷപ്പു് അലക്സാണ്ടർറൂസുവും ജൂലുഹൊസുവും. എന്നാൽ, ഇവക്കു് ഇന്നും സ്വാതന്ത്ര്യമില്ല. കമ്മ്യൂണിസ്ററുക

1. Cf. DONALD ATTWATER, *op. cit.* 107-108

www.malankaralibrary.com

ളുടെ ബലിയാടുകളായിത്തീർന്നവരിൽ പ്രത്യേകം എടുത്തു പറയേണ്ട ഒരു വ്യക്തിയാണു ഫാദർ ബ്ളഡ്മീർ(Fr. Vladmir). ഇദ്ദേഹം 50 കൊല്ലത്തോളം തൻെറ ജനങ്ങൾക്കുവേണ്ടി അധ്വാനിച്ചശേഷം 80-ാംമത്തെ വയസ്സിൽ ബുക്കാറസ്ററിനടുത്തുള്ള ഒരു ജയിലിൽവെച്ചു മരിച്ചു.

1948-ലായിരുന്ന റുമേനിയക്കായി 1800-ൽപ്പരം വൈദികന്മാരുൾപ്പെടുന്ന ഒരു പ്രോവിൻസു രൂപീകൃതമായതു്. വൈദികന്മാരിൽ 90 ശതമാനവും വിവാഹിതരാണു്. വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനായി രണ്ടു സെമിനാരികളും റോമിൽ ഒരു കോളേജും ഉണ്ടു്.

ഇന്നു്,1572979-ൽപ്പരം കത്തോലിക്കർ റുമേനിയൻ സഭയിലുള്ളതായി കണക്കാക്കപ്പെടുന്നു. ഈ റീത്തിൽ 1630000 അകത്തോലിക്കരുണ്ടു്. ഏതാണ്ടു 5000 കത്തോലിക്കർ അമേരിക്കയിൽ കുടിയേറിപ്പാർത്തിട്ടുണ്ടു്. അവക്കായി 17 പള്ളികളും ഇവിടെയുണ്ടു്. മീച്ചിഗൺ, എറിപ്പ എന്നീ തടാകങ്ങളുടെ തെക്കെ അററമാണു് ഇവരുടെ പ്രധാന താമസസ്ഥലം. അവരുടെ ഭരണച്ചുമതല വഹിക്കുന്നതു ലത്തീൻമെത്രാന്മാരാണു്. റുമേനിയക്കാർ തങ്ങളുടെ ബൈസൻറയിൻ റീത്തു യാതൊരു കലർപ്പും വരുത്താതെ കാത്തുവരുന്നു. മതപരമായ കർമ്മങ്ങൾ നടത്തുന്നതു റുത്തേനിയൻ ഭാഷയിൽത്തന്നെയാണു്. 1951-മുതൽ ക്യാനഡ, ഫ്രാൻസു്, ഓസ്ട്രേലിയ, ജർമ്മനി, സ്പെയിൻ, അർജൻറീന, ബ്രസീൽ, ഇംഗ്ലണ്ടു് എന്നിവടങ്ങളിലേക്കും റുമേനിയൻകാർ കുടിയേറിപ്പാർത്തുകൊണ്ടിരിക്കുന്നു.

ഇതുപോലെ ബൈസൻറയിൻ റീത്തിൽ ചെറിയ സഭാസമൂഹങ്ങൾ വിരളമല്ല. റഷ്യൻ, ഹംഗേറിയൻ, ജിയോർജിയൻ എന്നിവയാണു് അവയിൽ പ്രധാനപ്പെട്ട സഭകൾ. ഇവയെല്ലാംതന്നെ ബൈസൻറയിൻ റീത്തിലേ ആരാധനക്രമം ഉപയോഗിക്കുന്നു. അതതു സ്ഥലത്തുള്ള ഭാഷകൾ ആരാധനക്രമത്തിലും ഉപയോഗിക്കുന്നു എന്നതിൽക്കവിഞ്ഞ വ്യത്യാസമൊന്നും ഈ സഭകൾ തമ്മിലില്ല.

www.malankaralibrary.com

# IV

# അന്ത്യോക്യൻ റീത്ത്

## 1) സുറിയാനി റീത്ത്

**ചരിത്രം**

ക്രിസ്തുവിനു ഏതാണ്ടു 300 വർഷങ്ങൾക്കപ്പുറം, മഹാനായ അലക്സാണ്ഡർ ചക്രവർത്തിയുടെ സൈന്യാധിപനായ സെലേയുക്കസ് നിക്കതോറാണ് (Saleucus Nikator) അന്ത്യോക്യാപട്ടണം സ്ഥാപിച്ചതു്. കാലാന്തരത്തിൽ, രാജഭരണം അവസാനിക്കുകയും ഭരണം ജനങ്ങളുടെ കയ്യിലേക്കു വരുകയും ചെയ്തതോടെ അന്ത്യോക്യ വലിയ രാഷ്ട്രീയ പ്രാധാന്യമുള്ള ഒരു പട്ടണമായിത്തീൎന്നു. 'കിഴക്കിന്റെ റാണി'[1] എന്ന സ്ഥാനം അവൾക്കു കരഗതമായി. ഭരണകാര്യാദികൾക്കു ലത്തീനും സാഹിത്യസംസ്ക്കാരവിനിമയങ്ങൾക്കു ഗ്രീക്കും സാധാരണ ജനങ്ങളുടെ ഉപയോഗത്തിനു സുറിയാനിയുമായിരുന്നു പ്രാബല്യത്തിലിരുന്ന മൂന്നു ഭാഷകൾ. ഇതിൽ സാധാ

1. *The Catholic Encyclopedia* (Assize) Vol. 1, P. 570

www.malankaralibrary.com

രണ ജനങ്ങളുടെ ഭാഷയായ സുറിയാനിയാണ് ആരാധനക്രമത്തിലുപയോഗിക്കുന്നതു്. ആരാമായ ഗോത്രത്തിൽപ്പെട്ട സുറിയാനി ഭാഷയ്ക്കു പാശ്ചാത്യമെന്നും പൗരസ്ത്യമെന്നും രണ്ടു ശാഖകളുണ്ടു്. ഉച്ചാരണരീതിയിലും അക്ഷരവടിവിലുംമാത്രമേ ഇവ തമ്മിൽ വ്യത്യാസമുള്ളു. ഇതിൽ പാശ്ചാത്യസുറിയാനിയാണ് അന്ത്യോക്യൻറീത്തിൻേറതു്. സാക്ഷാൽ സുറിയാനി റീത്തെന്നു പറയുന്നതു് ഈ റീത്തു തന്നെയാണ്.

അന്ത്യോക്യൻസഭയ്ക്കു ക്രൈസ്തവസഭയോളംതന്നെ പഴക്കമുണ്ടെന്നു പറയാം. കാരണം, അപ്പസ്തോലികാരംഭവും പാരമ്പര്യവുമുള്ള സഭയാണിതു്. വി. പത്രോസ് അന്ത്യോക്യയിൽ തൻെറ സിംഹാസനം സ്ഥാപിച്ചതുമുതൽ അന്ത്യോക്യ ഒരു ക്രൈസ്തവകേന്ദ്രമായിത്തീൎന്നു. വിശുദ്ധ സെഹിയോനിലെ ക്രൈസ്തവസമൂഹം കഴിഞ്ഞാൽ ഏററം പൗരാണികമായ ക്രൈസ്തവസമൂഹം അന്ത്യോക്യയിലേതാണ്. ക്രിസ്തുവിൻെറ സ്വർഗ്ഗാരോഹണത്തിൻെറ നാലാംവർഷം വി. പത്രോസ് അന്ത്യോക്യയിലേ മെത്രാനായിരുന്നെന്നു ചരിത്രകാരനായ എവുസേബിയൂസ് അഭിപ്രായപ്പെടുന്നു.[1]

ഇത്ര മഹത്വപൂർണ്ണവും അപ്പസ്തോലികവുമായ ചരിത്രങ്ങളും പാരമ്പര്യങ്ങളും അന്ത്യോക്യയ്ക്കുണ്ടെങ്കിലും അഞ്ചാംശതകത്തിൽ നെസ്തോറിയനിസത്തിലും എവുത്തിക്കനിസത്തിലും അവർ നിപതിക്കാനിടയായി. അതു് അവരുടെ നിർമ്മലമായ ചരിത്രത്തിൽ കളങ്കം ചാർത്തിക്കൊണ്ടു പരമ്പരാഗതമായി പുലർത്തിപ്പോന്നിരുന്ന സഭൈക്യം നഷ്ടപ്പെടുത്തി. റോമാസഭയുമായുള്ള ബന്ധവും വിച്ഛേദിക്കപ്പെട്ടു. പിന്നീടു തുടർച്ചയായി നടന്ന പുനരൈക്യശ്രമങ്ങളുടെ ഫലങ്ങളാണ് ഇന്നുള്ള അന്ത്യോക്യൻസുറിയാനിക്കത്തോലിക്കർ. ഈ റീത്തിൽത്തന്നെ സുറിയാനി, മാറോനൈററ്, സീറോ-മലങ്കര എന്നു മൂന്നു വിഭാഗങ്ങളുണ്ടു്.

1. *Hist. Eccl.* III. 36

www.malankaralibrary.com

**പുനരൈക്യശ്രമം**

യാക്കോബായസഭയിൽ പിളർപ്പുകളുണ്ടായപ്പോൾ റോമാസഭയുമായി ഐക്യപ്പെടുവാൻ അവരാഗ്രഹിച്ചു. 1247-ൽ ഇഗ്നേഷ്യസ് മൂന്നാമൻ പാത്രിയർക്കീസ് പുനരൈക്യമാഗ്രഹിച്ചുകൊണ്ട്, "എല്ലാസഭകളുടേയും നാഥയും ശിരസ്സും റോമാസഭയാകുന്നു"[1] എന്ന് ഏററുപറഞ്ഞെങ്കിലും അദ്ദേഹം ഐക്യപ്പെട്ടില്ല. എന്നാൽ, ഫ്ളോറൻസിലെ സൂനഹദോസിനോടു കൂടി ചില പുതിയ കരുനീക്കങ്ങൾ ഉണ്ടായി. 1441-ൽ ഇവിടെ വച്ചാണ്, "കന്താത്തെ ദോമിനോ" (Cantate Domino) എന്ന ഡിക്രി പ്രസിദ്ധപ്പെടുത്തിയത്. മൂന്നു വർഷങ്ങൾക്കു ശേഷം അഞ്ചാം ഇഗ്നേഷ്യസ് പാത്രിയർക്കീസ് പരിശുദ്ധാത്മാവിൻെറപുറപ്പാട്, ക്രിസ്തുവിലുള്ള ഇരുസ്വഭാവങ്ങൾ, ഇരുമനസ്സുകൾ എന്നിവ ഏററുപറഞ്ഞു പുനരൈക്യപ്പെട്ടു. പക്ഷേ, ഈ ഐക്യം മൂലം പ്രായോഗികമായി പറയത്തക്ക ഫലമൊന്നും ഉളവായില്ല.

പതിനേഴാം നൂററാണ്ടിൽ കപ്പൂച്ചിൻ സന്യാസവൈദികന്മാരുടെ ശ്രമഫലമായി അലേപ്പോയിലെ (Aleppo) പാത്രിയാർക്കീസും നല്ലൊരുഭാഗം യാക്കോബായക്കാരും കത്തോലിക്കാസഭയോടു് ഐക്യപ്പെട്ടു. എന്നാൽ, കത്തോലിക്കാസഭയുടെ പുരോഗതിയിൽ അസൂയാലുക്കളായ യാക്കോബായക്കാർ, അലേപ്പോയിലെ ദൈവാലയം തങ്ങൾക്കു ലഭിക്കേണ്ടതാണെന്നു ടർക്കി ഗവണ്മെൻറിനോടാവശ്യപ്പെടുകയും അതിനായി വാദിക്കയും ചെയ്തു. തൽഫലമായി, 1662-ൽ കത്തോലിക്കാപാത്രിയർക്കീസിനെ സ്ഥാനഭ്രഷ്ടനാക്കി, തൽസ്ഥാനത്തു് ഒരു യാക്കോബായ പാത്രിയർക്കീസിനെ നിയമിച്ചു.

യാക്കോബായ പാത്രിയർക്കീസായിരുന്ന മൂന്നാം ഗ്രിഗോരിയോസ് കത്തോലിക്കാസഭയോടു വളരെ അനുഭാവപൂർവ്വമാണു

1. KING, ARCHDALE. A., *op. cit.* P. 70

www.malankaralibrary.com

പെരുമാറിയിരുന്നതു്. അദ്ദേഹം താമസിയാതെ കത്തോലിക്കസഭയുമായി ഐക്യപ്പെടുകയുംചെയ്തു. ഇതോടുകൂടി ജറുസലേമിലെ മെത്രാപ്പോലീത്തയും നാലു മെത്രാന്മാരും കുറെ വൈദികന്മാരും ഏതാനും അൽമേനികളും പുനരൈക്യപ്പെട്ടു. ഇതോടെ യാക്കോബായക്കാർ അപ്പാടെ ഇളകിവശായി. അവർ മാർ മാത്യുവിനെ പാത്രിയക്കീസായി നിയമിച്ചു. തന്മൂലം, മാർ ഗ്രിഗോരിയോസിന്റെ പിൻഗാമിയായിരുന്ന മിഖായേൽ ഗാർവ്വെ (Michael Garweh)ബാഗ്ദാദിലേക്കും അവിടെനിന്നു ലബ്നാനിലേക്കും പലായനം ചെയ്യേണ്ടിവന്നു. അവിടെ തന്റെ ആസ്ഥാനം ഉറപ്പിച്ചു. അങ്ങനെ, അന്ത്യോക്യൻ സഭയിൽ രണ്ടു വ്യത്യസ്ത ഹയരാക്കികൾ - കത്തോലിക്കരുടേയും യാക്കോബായക്കാരുടേയും - രൂപം കൊണ്ടു. മാർ മിഖായേൽ ഗാർവ്വെയുടെ കാലത്തു കത്തോലിക്കരുടെ സംഖ്യ വർദ്ധമാനമായിക്കൊണ്ടിരുന്നു. ഇദ്ദേഹം അന്ത്യോക്യൻ സുറിയാനിക്കത്തോലിക്കരുടെ പ്രഥമ പാത്രിയക്കീസായി കരുതപ്പെടുന്നു.[1]

പത്തൊമ്പതാം നൂററാണ്ടിന്റെ ആരംഭഘട്ടം കത്തോലിക്കസഭയെ സംബന്ധിച്ചിടത്തോളം സമാശ്വാസത്തിനു വക നല്കുന്ന ഒരവസരമായിരുന്നു. 1830-ൽ ടർക്കി ഗവണ്മെൻറ രാഷ്ട്രീയകാര്യങ്ങളിൽ സുറിയാനിക്കത്തോലിക്കർക്ക് യാക്കോബായരെക്കാൾ കൂടുതൽ പരിഗണന നല്കുന്ന ഒരു രാജശാസന (Firman) പ്രസിദ്ധപ്പെടുത്തി. ഏതാണ്ട് ഈ കാലഘട്ടത്തിൽ, കത്തോലിക്കരുടെമേലുള്ള രാഷ്ട്രീയാധികാരം കത്തോലിക്ക പാത്രിയർക്കീസിൽ നിക്ഷിപ്തമായി എന്നു പറയാം. മിഖായേൽ ഗാർവ്വെയുടെ ബന്ധുവായ മാർ പീററർ ഗാർവ്വെയുടെ ഭരണകാലത്തു (1820-53) പുനരൈക്യം വളരെയധികം പുരോഗമിച്ചു. ആദ്യകാലങ്ങളിൽ ക്രിസ്തുവിന്റെ സഭയെ പീഡിപ്പിച്ചു പൗലോസായിത്തീർന്ന സാവൂളിനെപ്പോലെ, 19-ാം നൂററാണ്ടിൽ സഭയെ പീഡിപ്പിച്ചു പൗലോസായി

1. DONALD ATTWATER, *op. cit.* P. 149

www.malankaralibrary.com

മാറിയ മാത്യു ഗ്രിഗരിയോസ് സഭയെ സമാശ്ലേഷിച്ചതോടെ പുനരൈക്യത്തെ പൂർവ്വവൽപുഷ്ടമാക്കി.[1] കത്തോലിക്കാസഭയാണു സത്യസഭയെന്നു ബോധ്യമായ അദ്ദേഹം 1832 നവംബർ 27-ാം തീയതി ഔദ്യോഗികമായി സത്യപ്രതിജ്ഞ ചെയ്തു സത്യസഭയെ സ്വീകരിക്കുകയും സഭയ്ക്കുവേണ്ടി അങ്ങേയററം പ്രവർത്തിക്കുകയും ചെയ്തു. ഏതാണ്ടു രണ്ടുമാസക്കാലം കൊണ്ടു് 54 യാക്കോബായക്കാരെ പുനരൈക്യപ്പെടുത്തി. പിൽക്കാലത്തു ടർക്കിഗവണ്മെൻറ് അദ്ദേഹത്തെ വളരെയധികം പീഡിപ്പിച്ചെങ്കിലും അദ്ദേഹത്തിൻെറ അചഞ്ചലമായ വിശ്വാസത്തിനു യാതൊരു കോട്ടവും തട്ടിയില്ല.

അധികകാലം വേണ്ടിവന്നില്ല, അഞ്ചുയാക്കോബായ മെത്രാന്മാർകൂടി കത്തോലിക്കാസഭയോടു ഐക്യപ്പെടുവാൻ. അവരിൽ ഒരാഠം കത്തോലിക്കാപാത്രിയർക്കീസായിത്തീരുകയും ചെയ്തു. ഇദ്ദേഹത്തിനു ഒന്നാംവത്തിക്കാൻ സൂനഹദോസിൽ സംബന്ധിക്കാൻ ഭാഗ്യം ലഭിച്ചു. മറെറാരു കത്തോലിക്കാപാത്രിയാർക്കീസായ മാർ ജോർജ്ജ് സീൽഹോട്ടിൻെറ (George Selhot) കാലത്തു് (1874-92) ഒരു മെത്രാപ്പോലീത്തയും രണ്ടു മെത്രാന്മാരുമുൾപ്പെടെ 8000-ൽ പരം വരുന്ന ഒരു സമൂഹം സത്യസഭയെ സമാശ്ലേഷിക്കുകയുണ്ടായി.

ഇരുപതാം നൂററാണ്ടിൻെറ ആരംഭഘട്ടത്തിൽ കത്തോലിക്കാസഭയെ ഭരിച്ചിരുന്ന മാർ ഇഗ്നേഷ്യസ് റഹ്മാനിപാത്രിയർക്കീസ് പുനരൈക്യപ്രസ്ഥാനത്തിൽ അതീവ ഔൽസുക്യം പ്രദർശിപ്പിച്ചിരുന്നു. ഇദ്ദേഹം ഭരണസൗകര്യാർത്ഥം പാത്രിയർക്കീസിൻെറ ആസ്ഥാനം ബയ്റൂട്ടിലേക്കു (Beirut) മാററി. അദ്ദേഹത്തിൻെറ പിൻഗാമിയായ മാർ ഗബ്രിയേൽ തപ്പൂണി 1931-ൽ അവിടെ ഒരു പള്ളി പണികഴിപ്പിച്ചു. ഇദ്ദേഹം 1936-ൽ കർദ്ദിനാഠം സ്ഥാനത്തേക്കുയർത്തപ്പെട്ടു. അങ്ങനെ കിഴക്കിൻെറ ചരിത്രത്തിൽ ഇദംപ്രഥമമായി ഒരു പൗരസ്ത്യ

1. KING, ARCHDALE A. *op. cit.* P. 74

www.malankaralibrary.com

പാത്രിയർക്കീസിനു മാർപ്പാപ്പയെ തിരഞ്ഞെടുക്കുന്ന കോൺക്ലേവിൽ സംബന്ധിക്കുവാൻ 1939-ൽ സാധിച്ചു.[1] തിരഞ്ഞെടുപ്പിനുശേഷം തപ്പൂണിതിരുമേനി 12-ാം പീയൂസ്സ് മാർപ്പാപ്പയെ സന്ദർശിച്ചപ്പോൾ അദ്ദേഹത്തെ ആലിംഗനം ചെയ്തുകൊണ്ടു പറി. പിതാവു പ്രസ്താവിച്ചു: "അങ്ങിൽ നാം എല്ലാ പൗരസ്ത്യക്രൈസ്തവരേയും ആലിംഗനം ചെയ്യുന്നുവെന്നു".

**ആധുനികസ്ഥിതി**

അന്ത്യോക്യൻ കത്തോലിക്കാ സുറിയാനിസഭയ്ക്കു പത്തിലധികം രൂപതകളും അവയുടെ മേൽനോട്ടത്തിൽ നടത്തുന്ന സെമിനാരികളുമുണ്ടു്. 55 ഇടവകകളിലായി 80,000കത്തോലിക്കരും അവരുടെ ആദ്ധ്യാത്മികകാര്യങ്ങൾക്കായി 130വൈദികന്മാരും ഇവിടെയുണ്ടു്. സിറിയായിലും ഇറാക്കിലും നിവസിക്കുന്ന ഇവരിൽ ഭൂരിഭാഗവും ടർക്കിയിൽനിന്നു അഭയം തേടി വന്നിട്ടുള്ളവരാണെന്നു പറയപ്പെടുന്നു. സാധുക്കളായ ഇവർ ലളിതജീവിതം നയിക്കുന്നവരാണു്. ഇവർക്കു സ്വന്തമായ സ്ഥാപനങ്ങളും വിരളമായിട്ടേയുള്ളു. എന്നാൽ, പല പാശ്ചാത്യസംഘടനകളും കൈതുറന്നു സഹായിക്കുന്നതിനാൽ സഭ പൂർവ്വാധികം പുരോഗമിച്ചുകൊണ്ടാണിരിക്കുന്നതു്. അമേരിക്കയിൽ ഇന്നു് ഏതാണ്ടു് 5000 സുറിയാനിക്കാർ നിവസിക്കുന്നുണ്ടു്. പക്ഷേ, ഇതുവരേയും സ്വന്തം റീത്തിൽപ്പെട്ട വൈദികന്മാരെ അവർക്കു ലഭിച്ചിട്ടില്ല. ലോകത്തിൽ മററുപല ഭാഗങ്ങളിലും സുറിയാനിക്കാർ അധിവസിക്കുന്നുണ്ടെങ്കിലും വൈദികന്മാരുടെ അഭാവം അവരെ സാരമായി സ്പർശിക്കുന്നു. പാത്രിയർക്കീസിനേയും മെത്രാന്മാരേയും ഇന്നും അലട്ടിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണിതു്.

**ഹയരാർക്കി**

അന്ത്യോക്യയിലെ രണ്ടാമത്തെ മെത്രാനും രക്തസാക്ഷിയുമായ ഇഗ്നേഷ്യസിന്റെ പാവനസ്മരണയ്ക്കായി അന്ത്യോ

1. *Ibid* P. 76

www.malankaralibrary.com

കൃൻ പാത്രിയർക്കീസു മാർ "ഇഗ്നേഷ്യസ്" എന്ന നാമംകൂടി തങ്ങളുടെ പേരിനോടു ചേർക്കാറുണ്ട്. പതിമൂന്നാം നൂററാണ്ടിൽ ആരംഭിച്ച ഈ പതിവ് ഇന്നും പുലർത്തിപ്പോരുന്നു. പാത്രിയർക്കീസിൻെറ കീഴിലുള്ള മെത്രാന്മാരുടെ സമ്മേളനത്തിൽവച്ചാണു കത്തോലിക്കപാത്രിയർക്കീസിനെ തിരഞ്ഞെടുക്കുന്നത്.[1] പാത്രിയർക്കീസും മെത്രാന്മാരുംകൂടി സമ്മേളിച്ചാണു പുതിയ മെത്രാനെ തിരഞ്ഞെടുക്കുന്നത്. മെത്രാൻസ്ഥാനത്തേക്കു വൈദികന്മാർക്കു രഹസ്യത്തിൽ ഉപദേശരൂപേണ നാമനിർദ്ദേശം നടത്താവുന്നതാണ്.[2] എന്നാൽ, ആ വ്യക്തി തന്നെ തിരഞ്ഞെടുക്കപ്പെടണമെന്നു നിർബന്ധമില്ല. പാത്രിയർക്കീസ്, അഭിഷേകച്ചടങ്ങുകളിൽവച്ച് മെത്രാന്മാർക്ക് ഓമോഫോറിയോൻ (Omophorion) -പൗരസ്ത്യപാലിയം-നല്കുന്നു. കോർ എപ്പിസ്കോപ്പമാരെ (Country Bishop) നിയമിക്കുന്ന പതിവും ഈ റീത്തിലുണ്ട്. വികാരി ജനറാളിനു തുല്യമായ സ്ഥാനമാണിത്. രൂപതഭരണത്തിൽ മെത്രാനെ സഹായിക്കുകയെന്നതാണ് ഇവരുടെ പ്രധാന ചുമതല. ഒരു പട്ടണത്തിന് ഒരുപള്ളി, ഒരുമെത്രാൻ എന്നതായിരുന്നല്ലോ ആദ്യനൂററാണ്ടുകളിലെ ക്രമം. എന്നാൽ, ഗ്രാമപ്രദേശങ്ങളിലേ ജനങ്ങളുടെ ആത്മീയവും ഭരണപരവുമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിൽ ബുദ്ധിമുട്ടനുഭവപ്പെട്ടതിനാൽ, മെത്രാൻ ആ പ്രദേശങ്ങളിലേക്കു കോർഎപ്പിസ്കോപ്പമാരെ നിയോഗിച്ചു. ഇങ്ങനെയാണു പൗരസ്ത്യദേശത്ത് ഈ സ്ഥാനം രൂപംകൊണ്ടത്. കോർഎപ്പിസ്കോപ്പയ്ക്കു പള്ളിക്കൂദാശ ചെയ്യാനും മൈനർ ഓർഡേഴ്സ് (ചിലപ്പോൾ വൈദികപട്ടവും) നല്കാനുമുള്ള അധികാരങ്ങളുണ്ട്.[3] 1888-ലെ ഷാർഫെ സമ്മേളനം ഇവരെ വാഴിക്കുന്ന ക്രമത്തിനു രൂപംകൊടുത്തു. മെത്രാന്മാരിൽനിന്നാണു കൈവയ്പുസ്വീകരിക്കുന്നത്. മെത്രാൻെറ അംശ

1. *Motu Proprio, "Cleri Sanctitati"*, C. 221
2. *Ibid.* C. 252
3. KING, ARCHDALE, A., *op. cit.* P. 84



www.malankaralibrary.com

വടിയും ഓമോഫോറിയോനും - പാലിയം - ധരിക്കാൻ അനുവാദമില്ല. കുരിശ്ശും മോതിരവും കൈക്കുരിശ്ശും (Hand cross) ധരിക്കുന്നതിനുള്ള പ്രത്യേകാനുകൂല്യം പാത്രിയർക്കീസു ചിലപ്പോൾ ഇവർക്കു നല്കാറുണ്ടു്. മററു പൗരസ്ത്യസഭകളിലുള്ളതുപോലെ അന്ത്യോക്യൻസഭയിലും ആർച്ച്ബിഷപ്പ്പദവി ഇന്നുമുണ്ടു്. ഷാർഫെ കൗൺസിൽമുതൽ ഈ സഭയിൽ വൈദികന്മാർ ബ്രഹ്മചര്യം പാലിക്കുവാൻ കടപ്പെട്ടിരിക്കുന്നു. എന്നാൽ, പുനരൈക്യപ്പെടുന്ന യാക്കോബായ പുരോഹിതന്മാർക്കു് ഈ നിബന്ധന ബാധകമല്ല.

## ദൈവാലയം

ദൈവാലയം സാധാരണ മൂന്നായി വിഭജിച്ചിരിക്കുന്നു. മദ്ബഹാ, കെസ്ത്രോമ്മാ, ഹൈക്കലാ. പുരാതന ദൈവാലയങ്ങൾക്കു 'പോർട്ടിക്കോ' (മോണ്ഡളം) കളുണ്ടു്. ഉഷ്ണകാലത്തു് ഇവിടെവച്ചു ജനങ്ങളടക്കം കാനോനനമസ്ക്കാരവും മററും ചൊല്ലിയിരുന്നു. മദ്ബഹായിൽ മൂന്നു് അൾത്താരകളുണ്ടായിരിക്കും. അൾത്താര തടികൊണ്ടോ കല്ലുകൊണ്ടോ നിർമ്മിതമായിരിക്കണം. ത്രോണോസിന്മേൽ തിരശ്ശീലകൊണ്ടുമറച്ചു ഒരു സക്രാരിയും വച്ചിരിക്കും. അൾത്താരയിൽ ഒരു ക്രൂശിതരൂപവും കുറഞ്ഞപക്ഷം രണ്ടു മെഴുകുതിരികളും ഉണ്ടായിരിക്കും. ചിലപ്പോൾ, സുവിശേഷപ്പുസ്തകവും തിരുപ്പാത്രങ്ങളും അൾത്താരയിൽത്തന്നെ സൂക്ഷിക്കാറുണ്ടു്. കുർബാനക്കല്ലിനെക്കുറിച്ചു പൊന്തിഫിക്കാൾ പ്രത്യേകനിർദ്ദേശം നല്കുന്നുണ്ടു്. അതു ദീർഘചതുരത്തിൽ വിലപ്പിടിപ്പുള്ള തടികൊണ്ടോ കല്ലുകൊണ്ടോ നിർമ്മിച്ചിരിക്കണം. മെത്രാൻ അതിനെ വി. തൈലംകൊണ്ടു കൂദാശ ചെയ്യണം. ഓരോ കല്ലിലും മെത്രാൻെറ പേരും കൂദാശചെയ്ത തീയതിയും രേഖപ്പെടുത്താറുണ്ടു്.[1] കെത്താന (തിരശ്ശീല)കൊണ്ടു് ഈ കല്ലു മൂടും. ഈ തിരശ്ശീലക്കൂടാതെ ദിവ്യബലി അർപ്പിക്കരുതെന്നാണു 1888-ലെ ഷാർഫെ സമ്മേളനം തീരുമാനി

1. *Ibid* P. 95

www.malankaralibrary.com

ച്ചിരിക്കുന്നത്. പഴയകാലങ്ങളിൽ വി. കുർബാന തടികൊണ്ടുള്ള ഒരു പേടകത്തിൽ സൂക്ഷിച്ചിരുന്നു. വി. കുർബാന സൂക്ഷിക്കുമ്പോൾ അൾത്താരയിൽ ഒരു വിളക്കു സദാസമയവും ജ്വലിച്ചുകൊണ്ടിരിക്കണമെന്നാണു നിയമം.

## ദിവ്യബലി

വി. യാക്കോബിൻെറ കുർബാനയാണു് അന്ത്യോക്യൻ റീത്തു് അവലംബമായി സ്വീകരിച്ചിരിക്കുന്നതു്. "പള്ളികളുടെയെല്ലാം മാതാവായ സെഹിയോന്[1]" വേണ്ടി ഒരു പ്രാർത്ഥനയുള്ളതിനെ ആസ്പദമാക്കി ഇതിൻെറ ആരംഭം ജറുസലേമിലാണെന്നു കരുതപ്പെടുന്നു. ആരാധനക്രമം ആരംഭത്തിൽ ഗ്രീക്കിലായിരുന്നെങ്കിലും പിന്നീടു സുറിയാനിയിലേക്കു വിവർത്തനം ചെയ്യപ്പെട്ടു. വി. യാക്കോബിൻെറ അനാഫറ കൂടാതെ വി. യോഹന്നാൻ സുവിശേഷകൻേറയും വി. മർക്കോസു് സുവിശേഷകൻേറയും പന്ത്രണ്ടു അപ്പസ്തോലന്മാരുടേയും അന്ത്യോക്യയിലെ വി. എവുസ്റ്റസിൻേറയും (Eustace) സെസറിയായിലെ വി. ബേസിലിൻേറയും ജറുസലേമിലെ വി. സിറിലിൻേറയും അനാഫറകൾ സുറിയാനിസഭയിൽ ഉപയോഗത്തിലുണ്ടു്.

പൗരസ്ത്യസഭയിലെ രീതിയനുസരിച്ചു തിരുക്കർമ്മാദികൾക്കു് ആറാം പട്ടക്കാരുടെ സഹായമാവശ്യമാണു്. എന്നാൽ, ആറാംപട്ടക്കാരനോ മറവൈദികനോ ദിവ്യബലിയിൽ ഡീക്കനായി സഹായിക്കാനില്ലെങ്കിൽ പട്ടം സ്വീകരിച്ചിട്ടുള്ള ഏതൊരു ശെമ്മാശനും അതു നിർവ്വഹിക്കാവുന്നതാണു്. പക്ഷേ, അയാൾ ഡീക്കൻെറ തിരുവസ്ത്രം ധരിക്കുകയോ ധൂപിക്കയോ ചെയ്യാൻ പാടില്ല. മെത്രാൻെറ അനുമതിയുണ്ടെങ്കിൽ സൽസ്വഭാവിയും പുനർവിവാഹം കഴിക്കാത്തവനുമായ ഏതൊരു അൽമേനിക്കും തിരുക്കർമ്മത്തിൽ അഞ്ചാം പട്ടക്കാരൻെറയോ

1. *Ibid* P. 129

www.malankaralibrary.com

വായനക്കാരന്റെയോ ജോലി നിർവ്വഹിക്കാവുന്നതാണ്. അയാൾക്ക ഗായകസംഘത്തിൽ പാടാം. എന്നാൽ, പരിശുദ്ധസ്ഥലത്തു പ്രവേശിക്കയോ വൈദികവസ്ത്രം ധരിക്കയോ ചെയ്തുകൂടാ.

സാധാരണ, ദിവ്യബലിക്ക കാർമ്മികൻ പ്രാരംഭപ്രാർത്ഥനകൾക്കു ശേഷം തിരുവസ്ത്രങ്ങളണിഞ്ഞു മദ്ബഹായെ സമീപിച്ചു പ്രാർത്ഥനകൾ ആരംഭിക്കും. അനന്തരം, അൾത്താരയും കാഴ്ചവസ്തുക്കളും ധൂപിക്കയും; കാഴ്ചസമർപ്പിക്കയും ചെയ്യുന്നു. കാഴ്ചവയ്പിനുശേഷം 'ദൈവമേ നീ പരിശുദ്ധനാകുന്നു...' എന്ന പ്രാർത്ഥന ചൊല്ലുന്നു. തുടന്നു ലേഖനസുവിശേഷഭാഗങ്ങൾ വായിക്കുന്നു. പിന്നീടുള്ള പ്രാർത്ഥനകൾക്കുശേഷം വിശ്വാസപ്രമാണവും അനാഫറയും ചൊല്ലുന്നു. കൂദാശ ചെയ്യുന്ന സമയത്തു തിരുവോസ്തി ഉയർത്തുന്നില്ല. കൂദാശ ചെയ്തുകഴിഞ്ഞു പരിശുദ്ധാത്മാവിന്റെ ആവാസപ്രാർത്ഥനയും മദ്ധ്യസ്ഥപ്രാർനയും ചൊല്ലുന്നു. കർബ്ബാന ഉൾക്കൊള്ളുന്നതിനുമുമ്പായി കർത്തൃപ്രാർത്ഥനയും കൃതജ്ഞതപ്രാർത്ഥനയും ചൊല്ലും. അവസാനമുള്ള ആശീർവ്വാദത്തോടെ ബലി സമാപിക്കുന്നു.

ദിവ്യബലിക്കുപയോഗിക്കുന്നതു് ഏകദേശം മൂന്നിഞ്ചു വ്യാസമുള്ള പുളിച്ച അപ്പമാണ്. യാക്കോബായക്കാർ ഒന്നോ രണ്ടോ തുള്ളി എണ്ണയുംകൂടി ഉപയോഗിക്കാറുണ്ട്. അപ്പത്തിന്മേൽ പന്ത്രണ്ടു കുരിശടയാളം ഉണ്ടായിരിക്കും. വിശ്വാസികൾക്കായി തിരുവോസ്തി വിഭജിക്കുമ്പോൾ ഈ കുരിശടയാളങ്ങൾക്ക യാതൊരു കോട്ടവും തട്ടരുതെന്നു പ്രത്യേകം നിബന്ധനയുണ്ട്.[1] ഓരോ ദിവസത്തേയും ദിവ്യബലിക്കുള്ള അപ്പം അതാതു ദിവസംതന്നെ ഉണ്ടാക്കണമെന്നാണ് അനുശാസനം. പക്ഷേ, കത്തോലിക്കർ സൗകര്യാർത്ഥം ഇതിൽനിന്നും ഭിന്നമായ നിലപാടു സ്വീകരിക്കാറുണ്ട്. അത്യാവശ്യസന്ദർഭങ്ങളി

1. *The Eastern Churches Quarterly*, Vol. I P. 98

www.malankaralibrary.com

ല്ലാതെ അന്യറീത്തിലേ അപ്പം ഉപയോഗിക്കാൻ അനുവാദമില്ല.

വീഞ്ഞു ശുദ്ധവും നിർമ്മലവുമായിരിക്കണമെന്നു ഷാർഫെസമ്മേളനം അനുശാസിക്കുന്നു. വീഞ്ഞിൽ വെള്ളം ചേക്കണമെന്നു വി.യാക്കോബിൻേറയും വി. ക്സിസ്ററസിൻേറയും (Xystus) അനാഫറകളിൽനിന്നു വ്യക്തമാണു്. യാക്കോബായക്കാർ മിക്കവാറും ഒരേ അളവിലാണു വീഞ്ഞും വെള്ളവും ദിവ്യബലിക്കുപയോഗിക്കുന്നതു്. അതുപോലെ വിശ്വാസികളുടെ കർബാനസ്വീകരണത്തിനു വീഞ്ഞു തികയുന്നില്ലെങ്കിൽ ക്രൂദാശചെയ്യാത്ത വീഞ്ഞു കലത്താമെന്നു ബർഹേബ്രേയൂസിൻെറ കാനൻ നിയമത്തിൽ പറയുന്നുണ്ടു്.[1] ഷാർഫെസമ്മേളനം യാക്കോബായക്കാരുടെ ഈ രീതികളെ മാററുകയും, സാർവ്വത്രികസഭയുടെ പാരമ്പര്യവും രീതിയുമനുസരിച്ചു് ഒരു നിശ്ചിത അളവു വെള്ളമേ കാസയിൽ ഒഴിക്കാവൂ എന്നു് അനുശാസിക്കയും ചെയ്തിരിക്കുന്നു.

## സമൂഹബലിയർപ്പണം (Concelebration)

ഒന്നിലധികം വൈദികന്മാർ ഒരുമിച്ചു് ഒരേ അൾത്താരയിൽ ഒരേ ബലി അർപ്പിക്കുന്നതിനാണു സമൂഹബലി എന്നു പറയുന്നതു്. ഇന്നസെൻറ മൂന്നാമൻ പാപ്പ "കർബാന" എന്ന തൻെറ വിഖ്യാതമായ ഗ്രന്ഥത്തിൽ സമൂഹാർപ്പണത്തിൻെറ പവിത്രമായ പാരമ്പര്യത്തേയും അർത്ഥവത്തും ഭക്തിസംവർദ്ധകവുമായ സവിശേഷതകളേയുംകുറിച്ചു് ഇപ്രകാരമെഴുതുന്നു. "റോമാമാർപ്പാപ്പയുടെ ചുററും കർദ്ദിനാളന്മാർ ഒന്നിച്ചുകൂടി സമൂഹാർപ്പണം നടത്തുക പതിവുണ്ടായിരുന്നു. ബലിയുടെ അവസാനം ദിവ്യഭോജനം മാർപ്പാപ്പയുടെ കരങ്ങളിൽനിന്നുതന്നെ അവർ സ്വീകരിച്ചിരുന്നു. ഇതു തിരുവത്താഴത്തിൽ ക്രിസ്തുവിനു ചുററും സമ്മേളിച്ച ശ്ലീഹ

1. KING, ARCHDALE, A., *op. cit.* P: 107

www.malankaralibrary.com

ന്മാർ അവിടുത്തെ കരങ്ങളിൽനിന്നു ദിവ്യഭോജനം വാങ്ങി ഭക്ഷിച്ചതിനെ അനുസ്മരിപ്പിക്കുന്നു".[1] ഇപ്പോൾ ഈ റീത്തിൽ സമൂഹബലി സാധാരണമല്ല. പെസഹാവ്യാഴാഴ്ച ഇതു നടത്താറുണ്ട്. അതിനു ചില പ്രത്യേകതകളുണ്ട്. പ്രധാന കാർമ്മികനോടുകൂടി സഹകാർമ്മികന്മാർ അവരവരുടെ തിരുപ്പാത്രങ്ങളുമായി അൾത്താരയ്ക്കുചുററും അഭിമുഖമായി നില്ക്കുന്നു. സഹകാർമ്മികന്മാരിൽ ഒരാൾ പ്രാർത്ഥനകളുംമററും ഉച്ചത്തിൽ ചൊല്ലാൻ നിയുക്തനായിരിക്കും; അല്ലെങ്കിൽ അവരിൽ പ്രായംകൂടിയ സഹകാർമ്മികന് ഈ കർത്തവ്യം നിർവ്വഹിക്കാവുന്നതാണ്. ഓരോരുത്തരും അവരവർ കൂദാശചെയ്ത തിരുവോസ്തി ഉൾക്കൊള്ളും.

## കൂദാശകൾ

**മാമ്മോദീസ**

ഓരോ മാമ്മോദീസയ്ക്കും പ്രത്യേകം വെഞ്ചരിച്ചവെള്ളമാണുപയോഗിക്കുന്നത്. നിർദ്ദിഷ്ട പ്രാർത്ഥനകൾക്കു ശേഷം ഭൂതോച്ചാടനാർത്ഥമുള്ള ക്രമം നടത്തും. അനന്തരം വി.തൈലം ശിശുവിൻെറ നെററിയിൽ മൂന്നുപ്രാവശ്യം പൂശുന്നു. പൂശലിനുശേഷം അതിനെ തൊട്ടിയിലെ വെള്ളത്തിലിരുത്തി, "പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ നിത്യായുസ്സിനായി (ഇന്നയാൾ-പേർ) ജ്ഞാനസ്നാനം സ്വീകരിക്കുന്നു" എന്നുചൊല്ലി ശിശുവിൻെറ തലയിൽ മൂന്നു പ്രാവശ്യം വെള്ളമൊഴിക്കുന്നു.

**സ്ഥൈര്യലേപനം**

പൗരസ്ത്യസഭയിലെ പാരമ്പര്യമനുസരിച്ച് ജ്ഞാനസ്നാനത്തെ തുടർന്നു ഈ കൂദാശയും നല്കുകയാണു പതിവ്. "ദൈവത്തിൻെറ അഭിഷിക്തൻെറ മാധുര്യസൗരഭ്യവും സത്യവിശ്വാ

1. O'BRIEN, JOHN A. M., *History of the Mass* P. 173

www.malankaralibrary.com

സത്തിൻെറ ജ്ഞാപകവും മുദ്രയും പരിശുദ്ധാത്മാവിയുടെ ദാനങ്ങളുടെ തികവുമായ വി. തൈലംകൊണ്ടു (ഇന്നയാൾ-പേർ) പിതാവിൻേറയും.......നാമത്തിൽ മുദ്രിതനാകുന്നു" എന്നു ചൊല്ലി ശിശുവിൻെറ നെററിയിലും നെഞ്ചിലും കൺപോളകളിലും നാസാരന്ധ്രങ്ങളിലും അധരങ്ങളിലും ചെവികളിലും ഇരുകരങ്ങളിലും പിൻഭാഗത്തും ഇരുപാദങ്ങളിലും പൂശുന്നു.

## ദിവ്യകാരുണ്യസ്വീകരണം

ദിവ്യകാരുണ്യം സ്വീകരിക്കുന്നതു നിന്നുകൊണ്ടാണ്. ദിവ്യബലിയുടെസമയത്തു തിരുവോസ്തിയിൽ തിരുരക്തം പൂശുന്നതിനാൽ, ഇരുസാദൃശ്യത്തിലും ദിവ്യകാരുണ്യം സ്വീകരിക്കുന്നുവെന്നു പറയാം. ഡീക്കനും സബ്ഡീക്കനും സ്പൂൺ ഉപയോഗിച്ചു തിരുരക്തം നല്കാറുണ്ടു്.[1] "നമ്മുടെ ദൈവമായ ക്രിസ്തുവിൻെറ ശരീരവും രക്തവുമാകുന്ന ശുദ്ധീകരണാഗ്നി പാപപ്പൊറുതിക്കും നിത്യായുസ്സിനുംവേണ്ടി അവിട്ടത്തെ വിശ്വസ്തദാസന് നല്കപ്പെടുന്നു" എന്നു ചൊല്ലിക്കൊണ്ടു ദിവ്യകാരുണ്യം നല്കുമ്പോൾ, "ആമ്മേൻ" എന്നുപറഞ്ഞുകൊണ്ടു ജനങ്ങൾ ദിവ്യകാരുണ്യം സ്വീകരിക്കുന്നു.

## കുമ്പസാരം

മറെറല്ലാറീത്തുകളിലുമുള്ളതുപോലെ അന്ത്യോക്യൻറീത്തിലും വലിയ പ്രാധാന്യമുള്ള ക്രൂദാശയാണ് കുമ്പസാരം. കുമ്പസാരിക്കാൻ വരുന്നയാൾ തനിക്കിഷ്ടമുള്ള മേൽപ്പട്ടക്കാരൻെറയോ പട്ടക്കാരൻെറയോ സമീപേ മുട്ടിന്മേൽനിന്ന്, തലകുനിച്ചു കീഴോട്ടുനോക്കിക്കൊണ്ടു്, "ഞാൻ സ്വർഗ്ഗത്തിൻേറയും ദൈവത്തിൻേറയും മുമ്പാകെ പാപം ചെയ്തു...." എന്നു തുടങ്ങുന്ന പ്രാർത്ഥന ചൊല്ലുന്നു. പാപങ്ങളുടെ നീണ്ട നീണ്ട പട്ടികയുള്ള പല പ്രാർത്ഥനകളുണ്ടു്. ഒന്നെങ്കിലും എല്ലാവരും ചൊല്ലണം. അനുതാപത്തിൻെറ ക്രൂദാശയായതിനാൽ അനുതാപപൂർണ്ണ

1. *The Eastern Churches Quarterly,* Vol. I. P. 96

www.malankaralibrary.com

മായിരിക്കണം പാപങ്ങളുടെ ഏററപറച്ചിൽ. ചെയ്തുപോയിട്ടുള്ള പാപങ്ങളെ പട്ടക്കാരൻെറ മുമ്പിൽ ഏററ പറയുന്നു. പട്ടക്കാരൻ കുമ്പസാരിക്കുന്ന ആളിൻെറ തലയിൽ കൈവച്ചുകൊണ്ടു പാപമോചനപ്രാർത്ഥനചൊല്ലുന്നു. അനുതാപി പാപമോചനം നേടി അനുഗ്രഹംപ്രാപിച്ചു പിൻവാങ്ങുന്നു.

**രോഗീലേപനം**

പാശ്ചാത്യവും പൗരസ്ത്യവുമായ മിശ്രക്രമത്തിലാണ് ഇതു പരികർമ്മം ചെയ്യപ്പെടുന്നതു്.[1] പുരാതനസുറിയാനിക്രമത്തിലെ പാപപ്പൊറുതിക്കുള്ള മൊഴികാം തന്നെയാണിതിന്റേതും. ഇതിൻെറ പരികർമ്മത്തിനാവശ്യമായ വി. തൈലം പെസഹവ്യാഴാഴ്ച മെത്രാൻ വെഞ്ചരിക്കുന്നു.

**പൗരോഹിത്യം**

തിരുപ്പട്ടങ്ങാം നല്കുന്നതു ദിവ്യബലിയുടെ സമയത്താണ്. പാട്ടുകാരൻ, വായനക്കാരൻ, അഞ്ചാംപട്ടക്കാരൻ, ആറാംപട്ടക്കാരൻ, പുരോഹിതൻ, മെത്രാൻ എന്നീ പദവികളിലുള്ള തിരുപ്പട്ടങ്ങളാണ് ഈ റീത്തിലുള്ളതു്. തിരഞ്ഞെടുക്കപ്പെട്ടവരുടെമേൽ കൈവയ്ക്കുകയും സ്ഥാനസൂചനയായി നിശ്ചിതഉപകരണം നല്കുകയും ചെയ്യുന്നു. പാട്ടുകാരനു സങ്കീർത്തനപ്പുസ്തകവും വായനക്കാരനു പ്രവചനപ്പുസ്തകവും ഊറാലയുമായിരിക്കും നല്കുക. അഞ്ചാംപട്ടക്കാരൻെറ ചുമതലകാം, കാർമ്മികനെ സഹായിക്കുകയും വാതിൽ സൂക്ഷിക്കുകയും ദൈവാലയത്തിലേ വിളക്കുകളും തിരികളും പ്രകാശിപ്പിക്കയുമാകയാൽ അയാാംക്കു കത്തുന്ന ഒരു മെഴുകുതിരി നല്കുന്നു. പൗരോഹിത്യപട്ടം സ്വീകരിക്കുന്നവരുടെ കരം അഭിഷേകം ചെയ്യാറില്ല.

**വിവാഹം**

മനസ്സമ്മതം (മോതിരത്തിൻെറ വെഞ്ചരിപ്പു്), മുടിധരിപ്പിക്കൽ എന്നിങ്ങനെ വിവാഹകർമ്മത്തെ വിഭജിക്കാം. ഇരു

1. DONALD ATTWATER, *op. cit.* P. 156

www.malankaralibrary.com

ക്രൂട്ടരുടേയും വ്യക്തവും പ്രകടവുമായ സമ്മതം പള്ളിയിൽ വച്ചു നടത്തുന്നു. ഓരോ മോതിരം വാഴ്ത്തി ഇരുപാർട്ടിക്കാക്കും കൊടുക്കും. മുടിധരിപ്പിക്കലും അവസാനമുള്ള ആശീർവ്വാദവും എന്നെങ്കിലും സൗകര്യംപോലെ നടത്തിയാൽ മതിയാകുന്നതാണു്.

## 2) മാറോനീത്താറീത്ത്

മാറോനായക്കാരുടെ ഉത്ഭവത്തെസ്സംബന്ധിച്ചു പല അഭിപ്രായങ്ങളുണ്ടു്. 'മാറോ' എന്ന ഒരു സന്യാസിയുടെ പിൻഗാമികളാണെന്നും അങ്ങനെ, മാറോനീത്താ എന്ന പേരിൽ ഇവർ അറിയപ്പെടാൻ തുടങ്ങിയെന്നും പറയപ്പെടുന്നു. 410-ൽ ദിവംഗതനായ വി. മാറോ ഇവരുടെ പ്രഥമ പാത്രിയക്കീസായിരുന്നോ എന്നതും തക്കവിഷയമാണു്. ഇവർ ഏകചിത്തവാദികളായിരുന്നെന്നും കുരിശുയുദ്ധകാലത്തു കത്തോലിക്കസഭയോടു ഐക്യപ്പെട്ടവരാണെന്നും കരുതുന്നവരുണ്ടു്. എന്നാൽ, ഏകചിത്തവാദമാവിർഭവിച്ചപ്പോൾ അതിനെ ഭയന്നു മാറോയുടെ നേതൃത്വത്തിൽ ലെബ്നാൻ മലയിൽ അഭയംപ്രാപിച്ച കത്തോലിക്കരാണു മാറോനീത്താക്കാർ എന്ന അഭിപ്രായത്തിനാണു കൂടുതൽ പ്രാബല്യം.

### ആധുനികസ്ഥിതി

19-ാംനൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ലെബ്നാൻ പ്രദേശത്തുണ്ടായ ആഭ്യന്തരസമരം മതപീഡനത്തിൽ കലാശിച്ചു. ഭീകരമായ ഒരു കൂട്ടക്കൊലയ്ക്കു മാറോനായക്കാർ വിധേയരായി. ടർക്കിഗവണ്മെൻറ് ഇതിനെ അനുകൂലിക്കുകയാണു ചെയ്തതു്. ഡെയറാൾ കമാർ (Deiral-kamar) എന്ന സന്യാസശ്രേഷ്ഠനെ ജീവനോടെ തോലുരിഞ്ഞു പീഡിപ്പിച്ചു. അദ്ദേഹത്തിൻെറ 20 അനുയായികൾ മൃത്യുവിന്നിരയായി. 22ദിവസത്തിനകം ഏതാണ്ടു 7771പേർ കൊല്ലപ്പെടുകയും 560 പള്ളികളും 42 ആശ്രമങ്ങളും 28 സ്കൂളുകളും നശിപ്പി

www.malankaralibrary.com

ക്കപ്പെട്ടുകയും ചെയ്തു.[1] ഈ മതപീഡനംമൂലം ഡമാസ്കസ് പതിനൊന്നു പുണ്യാത്മാക്കളെ തിരുസ്സഭയ്ക്കു നല്കിയിട്ടുണ്ട്. അവരിൽ എട്ടുപേർ സന്യാസികളും മൂന്നുപേർ മാറോനായ അല്മേനികളുമാണ്. പീയൂസ്സ് പതിനൊന്നാമൻപാപ്പ 1926 ഒക്ടോബർ 10-ാം തീയതി ഇവരെ വിശുദ്ധരുടെ പട്ടികയിലുൾപ്പെടുത്തി.

ഈ മതമർദ്ദനംമൂലം മാറോനീത്താസഭയിൽ ഏതാണ്ടു 16,000 പേർ വധിക്കപ്പെട്ടതായും 100,000 പേർ ഭവനരഹിതരായതായും കരുതപ്പെടുന്നു.[2] ഫ്രാൻസിൻെറ ഇടപെടൽമൂലവും പാത്രിയക്കീസിൻെറ സ്വഭാവദാർഢ്യംമൂലവും സ്ഥിതിഗതികൾ ശാന്തമായി. 1926-ൽലെബ്നാൻ ഒരു സ്വതന്ത്രറിപ്പബ്ളിക്കായിത്തീർന്നു. അതിൻെറ പ്രസിഡൻറ് ഈ റീത്തുകാരനായ ഒരു കത്തോലിക്കനാണ്.

മാറോനീത്താസഭയിലെ ഇപ്പോഴത്തെ പാത്രിയർക്കീസ് പീററർപോൾ മെവുക്കിയാണ്. 1962-ലെ കണക്കനുസരിച്ച് ഈ സഭയിൽ 850,000വിശ്വാസികളുണ്ട്. ഇതിൽ 470,000പേരും ലബ്നാൻ പ്രദേശത്തുള്ളവരാണ്. മററുരാജ്യങ്ങളിലെല്ലാംകൂടി 380,000 വിശ്വാസികളാണുള്ളത്. ഇവക്കെല്ലാവക്കുംകൂടി 14രൂപതകളും 850ഇടവകകളും 1300-ൽപരം വൈദികന്മാരുമുണ്ട്. കൂടാതെ, രൂപതവകയായും പാത്രിയക്കേറവകയായും സെമിനാരികളും കോളേജുകളുമുണ്ട്. റോമിൽ ഈ റീത്തുകാരുടെവക ഒരു കോളേജു നടത്തുന്നുണ്ട്. 1584-ലാണ് ഇതു സ്ഥാപിതമായതു്. ഇതിലെ ഒരു പൂർവ്വവിദ്യാർത്ഥിയാണു പ്രശസ്ത സുറിയാനിപണ്ഡിതനായ ജോസഫ്അസ്സേമാനി (Assemani 1687-1768)

**ഹയരാക്കി**

പാത്രിയക്കീസിനെ വാഴിക്കുന്ന ക്രമം അന്ത്യോക്യൻറീ

1. KING, ARCHDALE, *op. cit.*P. 236
2. DONALD ATTWATER, *op. cit.* P. 161

www.malankaralibrary.com

ത്തിലേതുതന്നെ. അതുപോലെ അദ്ദേഹത്തിൻെറ അധികാരങ്ങളും. അന്ത്യോക്യയിലെ അപ്പസ്തോലികസിംഹാസനത്തിൻെറ സ്മരണയെ നിലനിറുത്തുന്നതിനു് ഓരോ പാത്രിയർക്കീസും, "പീററർ" എന്ന പേരുംകൂടി സ്വീകരിക്കുന്ന പതിവുണ്ടു്. വൈദികസ്ഥാനത്തേക്കുയർത്തപ്പെടുന്ന വ്യക്തികൾ 30 വയസ്സും (പ്രത്യേകാനുകൂല്യത്തോടെ-25) ആറാംപട്ടക്കാരനു് 21 വയസ്സുമുണ്ടായിരിക്കണമെന്നുണ്ടു്. പൗരോഹിത്യത്തിൻെറ ഏററം താഴ്ന്ന 'പാട്ടുകാരൻെറ പദവി' (Singer) ഏഴു വയസ്സുള്ള ഏതു കുട്ടിക്കും അർഹമാണു്. വായനക്കാരനും അഞ്ചാംപട്ടക്കാരനും 12 വയസ്സെങ്കിലും ഉണ്ടായിരിക്കണമെന്നുണ്ടു്. 1736-ലെ ലെബ്നാൻ സൂനഹദോസ് വൈദികന്മാരേയും ഡീക്കന്മാരേയും കാനോനനമസ്ക്കാരത്തിനു കടപ്പെട്ടുത്തുന്നുണ്ടു്. ഗ്രാമീണദേശങ്ങളിലെ വൈദികന്മാർ വൈവാഹികജീവിതമാണു നയിക്കുക.

## ദൈവാലായം

കലാസൗന്ദര്യം തുളുമ്പുന്ന വിശിഷ്ടങ്ങളും ഉത്തുംഗങ്ങളുമായ ദൈവാലയങ്ങൾ ഈ റീത്തിൽ കുറവാണു്. സാമ്പത്തികപരാധീനതയാണിതിനു കാരണം. രണ്ടു താഴികക്കുടങ്ങൾ ഒന്നിച്ചുവച്ചാലുളവാകുന്ന ദൃശ്യമാണു ദൈവാലങ്ങൾക്കുള്ളതു്.[1] സാധാരണ, പൗരസ്ത്യദൈവാലയങ്ങളിൽ കാണുന്നതുപോലെ, മദ്ബഹായും ഹൈക്കലായും വേർതിരിക്കുന്ന വിരി (Screen) യില്ല. പാശ്ചാത്യരീതിയിൽത്തന്നെയാണു ദൈവാലയന്തർഭാഗം സംവിധാനം ചെയ്യപ്പെടുന്നതു്. അതുപോലെ ഉപകരണങ്ങളും. സാധാരണ മൂന്നു അൾത്താരകളാണുള്ളതു്.

## ദിവ്യബലി

ഈ റീത്തിലെ തിരുക്കർമ്മങ്ങൾ ലത്തീൻരീതിയെ അവലംബിച്ചിട്ടുണ്ടെങ്കിലും പൊതുവെ സുറിയാനിരീതിയിൽത്ത

1. KING ARCHDALE, *op. cit.* P. 249

www.malankaralibrary.com

ന്നെയാണു്. സാധാരണകുർബാന (Low Mass) പോലും ഗാന രൂപത്തിലായിരിക്കണമെന്നാണു നിബന്ധന. പാട്ടുവാൻ സാധിക്കുന്നില്ലെങ്കിൽ, പ്രാർത്ഥനകൾ ഈണത്തിൽ നീട്ടി ചൊല്ലണമെന്നുണ്ടു്. ദിവ്യബലിസമയത്തു ജനങ്ങൾ സാധാരണ മുട്ടിന്മേൽ നില്ക്കുന്നു. വലിയ ദൈവാലയങ്ങളിലും ആശ്രമങ്ങളിലും സമൂഹബലി അർപ്പിക്കാറുണ്ടു്. ഈ റീത്തിലെ 25 അനാഫറകളിൽ എട്ടെണ്ണം മാത്രമേ അച്ചടിച്ചിട്ടുള്ളൂ.[1] സുവിശേഷം സുറിയാനിയിലോ അറബിയിലോ വായിക്കുന്നു.

ദിവ്യബലിയുടെ ക്രമം ഏതാണ്ടിപ്രകാരമാണു്. തിരുവസ്ത്രങ്ങൾ അണിഞ്ഞു പുരോഹിതൻ മദ്ബഹായിൽ പ്രവേശിച്ചു് ആമുഖപ്രാർത്ഥന ചൊല്ലുന്നു. അനന്തരം, അപ്പവും വീഞ്ഞും തിരുപ്പാത്രങ്ങളും ധൂപിക്കുന്നു. ബലിവസ്തുക്കൾ പല പ്രാവശ്യം ധൂപിക്കാറുണ്ടു്. പിന്നീടു്, കാഴ്ചവയ്പു്, പരി. ത്രിത്വത്തോടുള്ള പ്രാർത്ഥന, ലേഖന-സുവിശേഷപാരായണം എന്നിവ നടക്കുന്നു. തുടർന്നു കാർമ്മികൻ വിശ്വാസികൾക്കു സമാധാനം ആശംസിക്കുന്നു. വിശ്വാസപ്രമാണം, ധൂപാർപ്പണം ഇവ കഴിഞ്ഞാണു പുരോഹിതൻ കൈകഴുകുന്നതു്. നിശ്ചിതപ്രാർത്ഥനകൾചൊല്ലി ബലിവസ്തുക്കൾ കൂദാശചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ ആവാസപ്രാർത്ഥനയ്ക്കു (Epiclesis) ശേഷം പിഴയിടിച്ചുകൊണ്ടു പരി. കുർബാന സ്വീകരിക്കുവാൻ ഒരുങ്ങുന്നു. കാർമ്മികനും വിശ്വാസികളും വി. കുർബാന സ്വീകരിച്ചശേഷം മരിച്ചവർക്കായുള്ള പ്രാർത്ഥനയും കൃതജ്ഞതപ്രാർത്ഥനയും ചൊല്ലുന്നു. അവസാനം, "വത്സലസഹോദരങ്ങളേ, നിങ്ങൾ സമാധാനത്തോടെ പോകുവിൻ. പരി. ത്രിത്വത്തിന്റെ കൃപയ്ക്കു നിങ്ങളെ ഞാൻ ഭരമേല്പിക്കുന്നു" എന്നു ചൊല്ലിക്കൊണ്ടുള്ള കാർമ്മികന്റെ സമാപനാശീർവാദത്തോടുകൂടി ദിവ്യബലി അവസാനിക്കുന്നു.

1. DONALD ATTWATER, *op. cit.* P. 167

www.malankaralibrary.com

**ക്രൂദാശകൾ**

1942-ൽ പുനരുദ്ധരിച്ച ആരാധനക്രമത്തിലേ ജ്ഞാനസ്നാനമൊഴി ഇപ്രകാരമാണ്: "ക്രിസ്തുവിൻെറ ആട്ടിൻകൂട്ടത്തിലേ കുഞ്ഞാടായ നിന്നെ (പേര്), നിത്യായുസ്സിനായിട്ട പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ ഞാൻ ജ്ഞാനസ്നാനപ്പെടുത്തുന്നു."

പൗരസ്ത്യസഭകളിൽ സാധാരണ, വൈദികന്മാർ സ്ഥൈര്യലേപനം പരികർമ്മം ചെയ്യുന്നെങ്കിലും മാറോനീത്താസഭയിൽ മെത്രാനാണ് ഈ ക്രൂദാശ പരികർമ്മം ചെയ്യുക. 1786-നു മുമ്പു മുതൽ ഇവർ ദിവ്യകാരുണ്യം സ്വീകരിച്ചിരുന്നതു മുട്ടകത്തിനിന്നുകൊണ്ടും അപ്പത്തിൻെറ സാദൃശ്യത്തിലുമായിരുന്നു. വി. കുർബാന നല്കുമ്പോൾ, "തെററുകളുടെ മോചനത്തിനും പാപങ്ങളുടെ പൊറുതിക്കും നിത്യായുസ്സിനുംവേണ്ടി നമ്മുടെ നാഥനായ യേശുക്രിസ്തുവിൻെറ ശരീരം നിനക്കു നല്കപ്പെടുന്നു, ആമ്മേൻ" എന്നു ചൊല്ലുന്നു. ആഘോഷമായ പാട്ടുപൂജയിൽ ആറാംപട്ടക്കാരൻ തിരുശ്ശരീരവും തിരുരക്തവും സ്വീകരിക്കുന്നു.

മററു ക്രൂദാശകളും ലത്തീൻരീതിയനുസരിച്ചു പരികർമ്മം ചെയ്യപ്പെടുന്നു. എന്നാൽ, മാറോനീത്താസഭയിൽ വധൂവരന്മാരെ തൈലംകൊണ്ട് അഭിഷേകം ചെയ്യുന്ന ഒരു പാരമ്പര്യമുണ്ട്.

## 3) സീറോമലങ്കരറീത്ത്

**പൂർവ്വചരിത്രം**

സഭാതരുവിലേ ഏററം ഇളയശാഖയാണു സീറോമലങ്കരറീത്ത്. ഇന്നു തിരുവനന്തപുരം അതിരൂപതയിലും തിരുവല്ലാരൂപതയിലും ഇതു നിലവിലിരിക്കുന്നു. അന്ത്യോക്യൻ റീത്തിൻെറ ഒരു ഉപശാഖയാണിത്. കത്തോലിക്കാസഭയിൽ

www.malankaralibrary.com

ഈ സീറോ-മലങ്കരശാഖ പൊട്ടിവിരിഞ്ഞിട്ട് ഏതാണ്ട കാൽ ശതാബ്ദം കഴിഞ്ഞതേയുള്ളൂ. 1930 സെപ്റ്റംബർ 20-ാം തീയതി യാക്കോബായസഭയിൽനിന്നു മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിലുണ്ടായ പുനരൈക്യത്തിനു ശേഷം യാക്കോബായസഭയിൽ ഉപയോഗിച്ചുപോന്നിരുന്ന അതേ ആരാധനക്രമംതന്നെ, ദൈവശാസ്ത്രപരമായ ചില്ലറതിരുത്തലുകളോടെ സഭാതരുവിനോട് ഒട്ടിക്കപ്പെട്ടു. നല്ലതും ഉപയോഗപ്രദവുമായ കാര്യങ്ങൾ എവിടെക്കണ്ടാലും അംഗീകരിക്കാനുള്ള കത്തോലിക്കാസഭയുടെ വിശാലമനോഭാവമാണു നാം ഇവിടെ കാണുക. പുനരൈക്യപ്രസ്ഥാനത്തിന്റെ വർദ്ധിച്ച വേഗതയ്ക്ക് ഈ റീത്തംഗീകാരം വളരെയധികം സഹായകമായി. തങ്ങൾ അനുഷ്ഠിച്ചുപോരുന്ന ആരാധനക്രമങ്ങളും ആചാരങ്ങളും കത്തോലിക്കാസഭയിൽ അഭംഗം പാലിക്കാൻ സൗകര്യം നല്കണമെന്ന് ഒരു വ്യവസ്ഥകൂടി പുനരൈക്യാലോചനകളിൽ ദീർഘദൃഷ്ടിയുള്ള മാർ ഈവാനിയോസ് ഉന്നയിച്ചിരുന്നുവെന്ന വസ്തുത പ്രത്യേകം സ്മരണീയമത്രെ.

സീറോ-മലങ്കരറീത്തിന്റെ ചരിത്രവും സവിശേഷതകളും അറിയുന്നതിനു യാക്കോബായസഭയിലേക്കു നാം കണ്ണോടിക്കേണ്ടിയിരിക്കുന്നു. കാരണം, ഈ റീത്തിന്റെ ജന്മം യാക്കോബായസഭയിലാണ്. കേരളത്തിലെ ക്രൈസ്തവസഭയുടെ പതിനാറാംനൂറ്റാണ്ടുവരെയുള്ള ചരിത്രവും പതിനാറാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാരുടെ ആഗമനത്തിനു ശേഷമുണ്ടായ ചരിത്രത്തിന്റെ വഴിത്തിരിവും ചരിത്രകാരന്മാരുടെ സവിശേഷശ്രദ്ധയാകർഷിക്കുന്ന സംഭവങ്ങളാണ്. 16-ാം നൂറ്റാണ്ടുവരെ മലങ്കരനസ്രാണികൾമുഴുവൻ കത്തോലിക്കരായിരുന്നു. പോർട്ടുഗീസുകാരുടെ വരവ് ഇവിടെ വലിയൊരു കോളിളക്കത്തിനു കാരണമായി. പുരാതനകാലംതുടങ്ങി ഉപയോഗിച്ചുവന്ന കൽദായസുറിയാനി ആരാധനക്രമം വെട്ടിത്തിരുത്തി ലത്തീനീകരിക്കാൻ വിപുലമായ ശ്രമംനടന്നു. അതിനു

www.malankaralibrary.com

വേണ്ടി വിളിച്ചുകൂട്ടിയ ഉദയംപേരൂർ സൂനഹദോസിൻെറ ചരിത്രം നമുക്കെല്ലാം സുവിദിതമാണല്ലോ. 1599-ൽ ഉദയംപേരൂർ സൂനഹദോസുകൂടി. പോർട്ടുഗീസുകാരനും ഗോവാമെത്രാപ്പോലീത്തയുമായിരുന്ന ഡോംമെനേസിസ്സായിരുന്നു, അതിൻെറ സംഘാടകൻ. സുറിയാനിക്കാരിൽ ബഹുഭൂരിപക്ഷവും സൂനഹദോസിൽ സംബന്ധിച്ചു. അവിടെവച്ചു ലത്തീൻ രീതിയിൽ വെട്ടിത്തിരുത്തിയ കൽദായറീത്തു്, "സീറോ-മലബാർറീത്തു്'' എന്ന അഭിധാനത്തിൽ രൂപംകൊണ്ടു. റീത്തു പരിഷ്കരണം മാത്രമായിരുന്നില്ല പോർട്ടുഗീസുകാരുടെലക്ഷ്യം. സുറിയാനിക്കാരെമുഴുവൻ തങ്ങളുടെ ഭരണത്തിൻകീഴു കൊണ്ടുവരികയെന്നതും അവരുടെ പ്രധാന ലാക്കായിരുന്നു. എന്നാൽ, ഈവക നടപടികൾ നാട്ടുകാൎക്കു് ഇഷ്ടമായിരുന്നില്ല. എങ്കിലും ഗത്യന്തരമില്ലാതെ തങ്ങൾക്കു് ഒരു സുറിയാനിമെത്രാനെ സ്വപ്നംകണ്ടുകൊണ്ടു് അവർ കഴിഞ്ഞുകൂടി. ഏതാണ്ടു് അരശതാബ്ദംകഴിഞ്ഞപ്പോൾ, മലങ്കരയുടെ മെത്രാനായി കൊച്ചിയിൽ വന്നെത്തിയ അഹത്തുള്ള എന്നൊരു സുറിയാനിമെത്രാനെ പോർട്ടുഗീസുകാർ കടലിൽ കെട്ടിത്താഴ്ത്തി കൊന്നുവെന്നുള്ള കിംവദന്തി നാടാകെ പരന്നു. ഇതിൽ, ഭ്രമിച്ചു് അമർഷരായിത്തീർന്ന സുറിയാനിക്കാരിൽ ഒരു വിഭാഗം മട്ടാഞ്ചേരിയിലുള്ള കൂനൻകുരിശിൽ ഒരു ആലാത്തുകെട്ടി "തങ്ങളും തങ്ങളുടെ സന്തതികളും ഈ പോർട്ടുഗീസുകാരോടു് ഇനിമേലാൽ ചേരുകയില്ല" എന്നു സത്യംചെയ്തു (1653). കേരളസഭാചരിത്രത്തിലേ ഭവിഷ്യത്തു നിറഞ്ഞതും ഖേദകരവുമായ സംഭവങ്ങളിലൊന്നാണിതു്.

പിന്നീടു്, കൂനൻകുരിശുസത്യംചെയ്തവരിൽ ചിലർ ആലങ്ങാട്ടുപള്ളിയിൽ സമ്മേളിച്ചു്, 12 വൈദികന്മാർകൂടി ഒരു മെത്രാനെ വാഴിച്ചു. എന്നാൽ, താമസിയാതെ അദ്ദേഹത്തിൻെറ പട്ടംസാധുവല്ലെന്നുഗ്രഹിച്ചു ഒട്ടനേകർ അദ്ദേഹത്തെ ഉപേക്ഷിച്ചു്, പോർട്ടുഗീസുമെത്രാന്മാൎക്കു വിധേയരായി. ബാക്കിയുള്ളവർ അദ്ദേഹത്തിനു യഥാൎത്ഥകൈവയ്പു നല്കേണ്ടതി

www.malankaralibrary.com

ന് ഒരു മെത്രാനെ വരുത്താൻ പല സ്ഥലങ്ങളിലേക്കും എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരുന്നു. ഒടുവിൽ, 1665-ൽ ജറുസലേമിൽനിന്നു മാർ ഗ്രീഗോരിയോസ് എന്ന ഒരു യാക്കോബായ മെത്രാൻ മലങ്കരയിൽ വരുകയും യാക്കോബായവിശ്വാസം ഇവിടെ പ്രചരിപ്പിക്കയും ചെയ്തു. പറങ്കികളോടു വിദ്വേഷമനോഭാവം പുലർത്തിയിരുന്നവർ മാർ ഗ്രീഗോരിയോസിനെ അനുഗമിച്ചു. ഖണ്ഡിതമായി പറഞ്ഞാൽ, യാക്കോബായസഭയ്ക്കു കേരളത്തിൽ ജന്മം സിദ്ധിക്കുന്നതു 1665നു- ശേഷമത്രേ. ഇപ്രകാരം മാർ ഗ്രീഗോരിയോസിൽനിന്നും പുത്തൻവിശ്വാസവും ആചാരങ്ങളും സ്വീകരിച്ചവർക്ക് "പുത്തൻകൂറ്റുകാരെന്നും" പഴയവിശ്വാസത്തിൽ നിന്നവർക്ക് "പഴയകൂറ്റുകാരെ"ന്നു പേരുണ്ടായി. പിന്നീടു വിദേശത്തുനിന്നു മലങ്കരയാക്കോബായസഭയെ ഭരിക്കാൻ വന്നുകൊണ്ടിരുന്ന പല മെത്രാന്മാരും ആചാരസംബന്ധമായ പല പരിഷ്കാരങ്ങളും വരുത്തി. അവയിൽ പ്രധാനപ്പെട്ടവ പ്രതിമകൾ ദൈവാലയങ്ങളിൽനിന്നും നീക്കം ചെയ്യുക, കൽദായസുറിയാനി ആരാധനക്രമംമാററി അന്ത്യോക്യൻ സുറിയാനി ആരാധനക്രമം ഏർപ്പെടുത്തുക, പട്ടക്കാർക്ക് വൈവാഹികജീവിതമനുവദിക്കുക തുടങ്ങിയവയായിരുന്നു. എന്നാൽ, ഒരു കർമ്മലീത്തസഭാംഗമായ മാർ സെബസ്ത്യാനിയുടെ അശ്രാന്തപരിശ്രമഫലമായി തോമ്മാഅർക്കദിയാക്കോനെ പിൻതാങ്ങിയിരുന്ന 114പള്ളികളിൽ 84 പള്ളികളും കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ടു. ശേഷിച്ച 30 പള്ളികൾ തോമ്മാ അർക്കദിയാക്കോനോടു കൂറു പ്രഖ്യാപിച്ചു.

**പുനരൈക്യശ്രമം**

ഇങ്ങനെ, 'പുത്തൻകൂറ്റുകാരെ'ന്നും 'പഴയകൂറ്റുകാരെ'ന്നും രണ്ടു കക്ഷിയായി പിരിഞ്ഞ മലങ്കരനസ്രാണികൾ പരസ്പരം മത്സരിച്ചു കഴിയുകയായിരുന്നു. വ്യക്തമായ വേർപാടുണ്ടായെങ്കിലും പുത്തൻകൂറ്റുകാർക്കിടയിൽ വലിയ അതൃപ്തിയും സന്ദേഹവും വീണ്ടും അവശേഷിച്ചു. ഇടക്കാലങ്ങളിൽ പലരും

www.malankaralibrary.com

തങ്ങളുടെ "തറവാട്ടി"ലേക്കു തിരിച്ചുവരുകയുണ്ടായി. കാലാന്തരത്തിൽ സംഘടിതമായ പുനരൈക്യത്തിനുള്ള അഭിവാഞ്ഛ പുത്തൻകൂറ്റുകാർക്കിടയിലും, തങ്ങളുടെ സഹോദരങ്ങൾ വേർപെട്ടുപോയതിലുള്ള 'വിരഹവേദന' പഴയകൂറ്റുകാർക്കിടയിലും ഉണ്ടാകാതിരുന്നില്ല. 1704-ലെ ഇടപ്പള്ളിയോഗവും രണ്ടും മൂന്നും "മാർത്തോമ്മാ"മാരുടെ നിരന്തര പുനരൈക്യശ്രമങ്ങളും മാർ കരിയാററിമെത്രാപ്പോലീത്താ, പാറേമ്മാക്കൽ, നിധീരി, കട്ടക്കയം തുടങ്ങിയ പഴയകൂറ്റുനേതാക്കന്മാരുടെ ദൗത്യങ്ങളും പ്രതീക്ഷിച്ചപോലെ ഫലമണിഞ്ഞില്ല.

1926-ൽ ബഥനിയുടെ സ്ഥാപകനായ മാർ ഈവാനിയോസിനെ റോമായുമായി പുനരൈക്യാലോചനകൾ നടത്തുവാൻ യാക്കോബായ മെത്രാന്മാർ ചുമതലപ്പെടുത്തി. 1930-ൽ റോമിൽനിന്നു് അനുഭാവപൂർവ്വകമായ മറുപടി ലഭിച്ചു. ഇതിനിടയിൽ പുനരൈക്യതല്പരരായിരുന്ന പല തിരുമേനിമാരും കാലംചെയ്യുകയാൽ, അവസാനം മാർ ഈവാനിയോസ് തിരുമേനിയും മാർ തിയോഫിലോസ് തിരുമേനിയും മാത്രമാണു ധീരമായ പുനരൈക്യയജ്ഞത്തിനു മുന്നോട്ടുവരാനുണ്ടായിരുന്നതു്. അങ്ങനെ, 1930 സെപ്തംബർ 20-ാംതീയതി, പ്രസ്തുത തിരുമേനിമാരും ഒരു വൈദികനും ഒരു ശെമ്മാശനും ഒരു അല്മേനിയും കൊല്ലം മെത്രാസനാരമനയിൽവച്ചു് അവിടത്തെ ബെൻസിഗർ തിരുമേനിയാൽ കത്തോലിക്കാസഭയിലേക്കു സ്വീകരിക്കപ്പെട്ടു.

1932 ജൂൺ 11-ാം തീയതി പതിനൊന്നാംപീയൂസ്സ് പാപ്പായുടെ "ക്രിസ്റ്റോപാസ്റ്റോരും പ്രിൻച്ചിപ്പി" എന്ന തിരുവെഴുത്തുവഴി സീറോ-മലങ്കരസുറിയാനി ഹയരാർക്കി സ്ഥാപിതമായി. 1933-ൽ മാർ ഈവാനിയോസിന്റെ കീഴിൽ, തിരുവനന്തപുരം അതിരൂപതയുടേയും മാർ തിയോഫിലോസിന്റെ കീഴിൽ, തിരുവല്ലാരൂപതയുടേയും ഭരണം സ്ഥിരപ്പെടുത്തി. 1937-ൽ മാർ സേവറിയോസ് തിരുമേനിയും,



www.malankaralibrary.com

1939-ൽ യാക്കോബായസഭയിലേ ക്നാനായ വിഭാഗത്തിന്റെ മെത്രാപ്പോലിത്ത മാർ ദിയസ്ക്കോറസ് തിരുമേനിയും പുനരൈക്യപ്പെട്ടതോടുകൂടി മലങ്കര-സുറിയാനി റീത്തിന്റെ ശക്തിയും പ്രാബല്യവും വദ്ധിക്കുകതന്നെ ചെയ്തു. മാർ ഈവാനിയോസിനോടുകൂടി, അദ്ദേഹം യാക്കോബായസഭയിൽ സ്ഥാപിച്ച ബഥനിആശ്രമത്തിലേ "മിശിഹാനുകരണ" (Order of the Imitation of Christ-O. I. C.) സന്യാസികളും കത്തോലിക്കസഭയെ ആശ്ലേഷിച്ചുവെന്നതു പ്രസ്താവയോഗ്യമത്രെ. ഇന്നു (1963) സീറോ-മലങ്കരസഭയിൽ, 487 ഇടവകകളും 239 വൈദികന്മാരും 1,33,646-ൽപരം കത്തോലിക്കരുമുണ്ടു്.

**വൈദികന്മാർ**

യാക്കോബായസഭയിൽനിന്നും പുനരൈക്യപ്പെട്ട വൈദികന്മാരായിരുന്നു ആദ്യകാലത്തുണ്ടായിരുന്നവർ. അവർ വിവാഹിതരുമായിരുന്നു. എന്നാൽ, ചങ്ങനാശ്ശേരി, എറണാകുളം തുടങ്ങിയ അതിരൂപതകളിൽപ്പെട്ട അനേകം വൈദികന്മാർ തങ്ങളുടെ വിലയേറിയ സേവനംവഴി പുനരൈക്യപ്രസ്ഥാനത്തെ സഹായിച്ചു. വൈദികന്മാരുടെ ഔദ്യോഗികവേഷം കറുത്തളോവയാണു്. സാധാരണയായി റോമൻറീതിയിലുള്ള വെളുത്ത ളോവയും ധരിക്കുന്നു. യാക്കോബായസഭയിൽനിന്നു പുനരൈക്യപ്പെടുന്നവക്കു യാക്കോബായസഭയിൽ ഉപയോഗിക്കുന്ന കുപ്പായവും തൊപ്പിയും ഉപയോഗിക്കാം. പട്ടക്കാർ ദീക്ഷ വളത്തണമെന്ന പുരാതനപൗരസ്ത്യാചാരം മലങ്കരറീത്തുകാരെ സംബന്ധിച്ചിടത്തോളം ഇന്നും നിർബ്ബന്ധമുണ്ടു്. മെത്രാന്മാർ ശിരസിൽ "മസനപ്സാ" ധരിക്കുന്നു. പതിമൂന്നു കുരിശുകളുള്ളതും നെററിമുതൽ പിറകോട്ടു ഞാണുകിടക്കുന്നതുമായ ഒരു ശിരോവസ്ത്രമാണിതു്. കോർഎപ്പിസ്കോപ്പാസ്ഥാനവും മലങ്കരറീത്തിൽ നിലവിലുണ്ടു്.

**ദൈവാലയം**

പള്ളി സാധാരണ കിഴക്കുപടിഞ്ഞാറായിരിക്കണം.

www.malankaralibrary.com

കിഴക്കേഅററം മദ്ബഹാ. മദ്ബഹാ ഒരു വിരികൊണ്ടു മറച്ചിരിക്കും. മദ്ബഹായുടെ മധ്യത്തിൽ ത്രോണോസ് (അൽത്താര) സ്ഥിതിചെയ്യുന്നു. ഇതു കല്ലുകൊണ്ടോ തടികൊണ്ടോ നിർമ്മിച്ചതാവാം. ത്രോണോസിൽ വലിയ ആഡംബരങ്ങളൊന്നും വേണമെന്നില്ല. കുറഞ്ഞതു്, ഒരു കുരിശും രണ്ടുമെഴുകുതിരികളുംമതി. മേല്പട്ടക്കാരൻ കുർബാന ചൊല്ലുമ്പോൾ, നാലുതിരികൾ വേണം. ത്രോണോസിൽ താഴെ നിലത്തുമുട്ടിക്കിടക്കത്തക്കവിധം വിവിധവർണ്ണങ്ങളോടുകൂടിയ ഒരു വിരിയുണ്ടു്. ഇതിനു ''ശിത്തോല'' എന്നു പറയും. ത്രോണോസുപടിയിൽ വച്ചിരിക്കുന്ന 'തബലീത്താ'മേലാണു കാസയും പീലാസയും വച്ചിരിക്കുക. 'തബലീത്താ' മരംകൊണ്ടുള്ളതും മെത്രാൻ കൂദാശ ചെയ്യതുമായിരിക്കണം. തബലീത്താമേൽ കാസയും പീലാസയും വയ്ക്കുന്നതിനുമുൻപു് 'വിരിക്കൂട്ടം' ഉണ്ടായിരിക്കും. ഇതു പച്ച, ചുമപ്പു് എന്നീ നിറങ്ങളോടുകൂടിയ വലിയൊരു തുവാലയാണു്.

പൂജാപാത്രങ്ങളുടെ ആകൃതിക്കു മററു റീത്തുകളുടേതിൽ നിന്നു നിസ്സാരമായ വ്യത്യാസങ്ങളുണ്ടു്. കാസ കുഴിവു കൂടുതലുള്ളതാണു് - പീലാസയിൽ ഓസ്തി ഇറങ്ങിയിരിക്കത്തക്കവണ്ണം കുഴിയുണ്ടു്. ഒരു സ്പൂൺ, ഒരു ചെറിയ പാത്രത്തിൽ വെള്ളം, 'കൗക്ക്ബാ' (പീലാസയിലേ ഓസ്തിമേൽ വയ്ക്കുന്ന ഗുണനാകൃതിയിലുള്ള ഒരുപകരണം) എന്നിവയും കുർബാനസമയത്തു് അവിടെ ഉണ്ടായിരിക്കണം. 'കുബലാന'യും ശോശപ്പയും കനംകുറഞ്ഞ തുണികൊണ്ടുള്ളതാണു്. ത്രോണോസിൽ വച്ചിരിക്കുന്നതു കുരിശാണു്, ക്രൂശിതരൂപമല്ല. ത്രോണോസിലും പള്ളിയകത്തും കൊത്തുരൂപങ്ങൾ വേണ്ടെന്നാണു നിയമം. എന്നാൽ, തിരുസ്വരൂപങ്ങൾ കുരിശുപള്ളികളിലോ (Shrines) മറേറാ വേണമെങ്കിൽ പ്രതിഷ്ഠിക്കാം. പള്ളിയിൽ രൂപങ്ങൾ വച്ചിരുന്ന സ്ഥാനത്തു പടങ്ങൾ (അതും ക്രമാതീതമാകരുതു്) ഉപയോഗിച്ചുകൊള്ളുവാൻ റോമിൽനിന്നുള്ള അനുശാസനത്തിൽ കാണുന്നു.

www.malankaralibrary.com

മദ്ബഹായുടെ തൊട്ടുപടിഞ്ഞാറേഭാഗം "കെസ്ത്രോമ്മോ" യാണ്. വൈദികന്മാർക്കും ശെമ്മാശന്മാർക്കുമുള്ള സ്ഥാനമാണ് അത്. കെസ്ത്രോമ്മായുടെ പടിഞ്ഞാറേഭാഗം ഹൈക്കലായും. അവിടെയാണു ജനങ്ങളുടെ സ്ഥാനം. എന്നാൽ, ഇപ്പോഴുള്ള പള്ളികൾ മിക്കതും ചെറിയമിഷൻപള്ളികളാകയാൽ, കൃത്യമായ നിയമങ്ങളൊക്കെ അനുസരിക്കുക അത്ര എളുപ്പമല്ല.

**ആരാധനക്രമം**

അന്ത്യോക്യൻ സുറിയാനിറീത്താണ്, മലങ്കര സുറിയാനിക്കാരുടെ സാക്ഷാൽ റീത്ത്. എന്നാൽ, വി. കുർബാനയ്ക്കും കൂദാശാനുഷ്ഠാനത്തിനും മലയാളംകൂടി ഉപയോഗിക്കാം. യാക്കോബായക്കാരാണ് അന്ത്യോക്യൻ സുറിയാനി റീത്തിനെ മലയാളീകരിച്ചത്. ജനങ്ങൾകൂടി മനസ്സിലാക്കി ഭക്തിസംവർദ്ധകമായ രീതിയിൽ സംബന്ധിക്കത്തക്കവണ്ണം ഭംഗിയായി സംവിധാനം ചെയ്തിരിക്കുന്ന പ്രാർത്ഥനകളും ഗാനങ്ങളും മലങ്കരറീത്തിന്റെ സവിശേഷതയാണ്. ഇപ്പോൾ, കുർബാനയും കൂദാശകളും മുഴുവൻ സുറിയാനിലോ മുഴുവൻ മലയാളത്തിലോ രണ്ടും ഇടകലർത്തിയോ അനുഷ്ഠിക്കാം. കുർബാനയിലെ കൂദാശവചനങ്ങളെങ്കിലും സുറിയാനിയിൽ ചൊല്ലിയാൽ മതിയെന്നാണ് ഇപ്പോഴത്തെ നിബന്ധന. പട്ടക്കാരൻ ചൊല്ലുന്നതിന്റെ പ്രതിവാക്യം ജനങ്ങളെല്ലാംകൂടി ചൊല്ലുന്നു. കാർമ്മികൻ കുർബാനയ്ക്കു കാപ്പയാണു ധരിക്കുക. പരിശുദ്ധകുർബാന സന്തോഷത്തിന്റെ രഹസ്യമാകയാൽ ഒരിക്കലും - മരിച്ചവർക്കുവേണ്ടിയുള്ള കുർബാനയ്ക്കുപോലും - കറുത്ത കാപ്പ ഉപയോഗിച്ചുകൂടാ. മററു രീതികളെല്ലാം അന്ത്യോക്യൻ സുറിയാനിറീത്തിലേതുപോലെതന്നെ.

ഞായറാഴ്ച, ജനങ്ങൾ കുർബാനയ്ക്കുവന്നാൽ, ആദ്യമായി വൈദികനോടു ചേർന്നു പ്രഭാതപ്രാർത്ഥന നടത്തുന്നു. കാനോനനമസ്കാരമാണത്. വൈദികന്മാരും ജനങ്ങളുംകൂടി കാനോനനമസ്കാരം ചൊല്ലുക കത്തോലിക്കാസഭയിലെ പുരാതനമാ

www.malankaralibrary.com

യ ഒരു പതിവായിരുന്നു. പിന്നീടാണതു വൈദികന്മാർക്കുമാത്ര മുള്ളതായിതീർന്നതു്.

## ദിവ്യബലിയർപ്പണം

കാർമ്മികൻ ആരംഭപ്രാർത്ഥന (ത്തുയാബോ) വിരിക്കു പുറത്തു വി. വാതുക്കൽ നിന്നുകൊണ്ടാരംഭിക്കുന്നു. ജനങ്ങളുടെ നേരെ തിരിഞ്ഞു യാചനാരൂപത്തിൽ കൈകൾ മുമ്പോട്ടുനീട്ടി ക്കൊണ്ടു് അവരുടെ പ്രാർത്ഥനസഹായം യാചിക്കുന്നു. അനന്തരം, വി. കുർബാന ആരംഭിക്കുന്നു. വി. കുർബാനയിൽ, ഒന്നാം തെശ്മെശത്ത (ശുശ്രൂഷ), രണ്ടാംതെശ്മെശത്ത, നിയോഗപ്രതിഷ്ഠ (കാഴ്ചവയ്പു്), ധൂപാർപ്പണം, ശ്ലീഹവായന, ഏവൻഗെലിയോൻവായന, ധൂപക്കുററിവാഴ്ത്തൽ, വിശ്വാസപ്രമാണം, അനാഫൊറാ, ശോശപ്പാഘോഷം, ഒന്നാമത്തെ റശ്മാ, മാലാഖമാരോടുകൂടെയുള്ള സ്തുതിപ്പു്, അപ്പത്തിന്റേയും വീഞ്ഞിന്റേയുംകൂദാശ, രണ്ടാംറശ്മാ, കണ്ടിപ്പിന്റെ ശുശ്രൂഷ (Fraction), കർത്തൃപ്രാർത്ഥന, മൂന്നാംറശ്മാ, കാസ-പീലാസ ഉയർത്തൽക്കർമ്മം, കുർബാനയുടെ പരസ്യാരാധന, കുർബാനാനുഭവം, നലാംറശ്മായും യാത്രപറച്ചിലും എന്നിങ്ങനെപലഭാഗങ്ങളുണ്ടു്. നമ്മുടെ കർത്താവിന്റെ ജനനംമുതൽ സ്വർഗ്ഗാരോഹണംവരെയുള്ള എല്ലാപ്രധാനഭാഗങ്ങളും കുർബാനയിൽ അനുസ്മരിക്കുന്നുണ്ടു്. പുളിപ്പുള്ളഅപ്പമാണു ദിവ്യബലിക്കുപയോഗിക്കുന്നതു്. വിശ്വാസികൾക്കു വി. കുർബാന കൊടുക്കുന്നതു രണ്ടു സാദൃശ്യത്തിലുമാണു്. തിരുവോസ്തിയിൽ തിരുരക്തം പുരട്ടിയോ കാസയിൽ മുക്കിയോ ആണു സാധാരണ കൊടുക്കുന്നതു്. ജനങ്ങൾ നിന്നുകൊണ്ടാണു കുർബാനയിൽ സംബന്ധിക്കുക. അതുപോലെ, വ. കുർബാനസ്വീകരിക്കുന്നതും നിന്നുകൊണ്ടുതന്നെ.

### മൂന്നുമ്മേൽ കുർബാന

ഒരേനിയോഗത്തിൽ ഒരേസമയത്തു മൂന്നുത്രൊണോസുകളിന്മേൽ മൂന്നുവൈദികന്മാർ ചേർന്നുചൊല്ലുന്ന കുർബാനയാണി

www.malankaralibrary.com

ളുു. നടുക്കുനില്ക്കുന്ന പട്ടക്കാരൻ മാത്രം സ്വരമുയർത്തിച്ചൊല്ലും. മററ രണ്ടുവശങ്ങളിലും നില്ക്കുന്നവർ അതേസമയം സ്വരംതാഴ്ത്തിയും. കുർബാനയിലെ കർമ്മങ്ങൾ എല്ലാവരും ഒരേ സമയം അനുഷ്ഠിക്കയും ചെയ്യും.

## സമൂഹബലിയർപ്പണം

ഒരു തബലീത്താമേൽ ഒരു കാസയും ഒരുപീലാസയും വച്ചു പല പട്ടക്കാർ കാപ്പധരിച്ചു്, ത്രോണോസിൻെറ മൂന്നു ഭാഗങ്ങളിലുമായി നിന്നുകൊണ്ടു എല്ലാവരുമൊരുമിച്ചു് അത്യാഘോഷമായി അർപ്പിക്കുന്ന കുർബാനയാണു സമൂഹബലിയർപ്പണം. നടുക്കുനില്ക്കുന്ന പ്രധാന കാർമ്മികൻെറ മുമ്പിൽ മാത്രം അപ്പവും വീഞ്ഞും വച്ചിരിക്കും. ഇങ്ങനെ, അർപ്പിക്കുമ്പോൾ ഓരോ പട്ടക്കാരനും വെവ്വേറെനിയോഗങ്ങൾ ഉണ്ടായിരിക്കാവുന്നതാണു്. ഇത്തരം കുർബാനയ്ക്കു വലിയ ഓസ്തിയാണു വയ്ക്കുന്നതെങ്കിൽ, സാധാരണ ഒരെണ്ണം മതിയാകും. അല്ലെങ്കിൽ പട്ടക്കാരുടെ സംഖ്യയനുസരിച്ചു ചെറിയ ഓസ്തികൾ പീലാസയിൽ വയ്ക്കുകയും എല്ലാവർക്കും അനുഭവിപ്പാൻ വേണ്ട വീഞ്ഞു കാസയിൽ ഒഴിച്ചിരിക്കുകയും വേണം. സാധാരണ പട്ടക്കാരുടെ സംഖ്യ 3,5,7,9,11,13 ഈ ക്രമത്തിലാണു്. ഓസ്തിവയ്ക്കുക, വീഞ്ഞും വെള്ളവും കാസയിൽ കലർത്തുക, കാസയും പീലാസയും കുരിശാകൃതിൽ പിടിച്ചു പ്രാർത്ഥനകൾ നടത്തുക, ശോശപ്പവിരിക്കുക, പൂജാപാത്രങ്ങൾക്കു ധൂപം അർപ്പിക്കുക, അപ്പംനുറുക്കുക, കാസ-പീലാസകൾ ഉയർത്തുക, അവകൊണ്ടു ജനങ്ങളെ ആശീർവ്വദിക്കുക ആദിയായ കർമ്മങ്ങൾ മധ്യത്തിൽനില്ക്കുന്ന പ്രധാന കാർമ്മികൻതന്നെ ചെയ്യണം. തക്സായിലെ പ്രാർത്ഥനകൾ എല്ലാവരുംകൂടി ചൊല്ലേണ്ടതാണു്. പ്രധാന കാർമ്മികൻ പീലാസയും കാസയും ഉയർത്തുമ്പോൾ മററുള്ളവർ മെഴുകുതിരികൾ പിടിക്കണം. കുർബ്ബാനാനുഭവത്തിൽ, ആദ്യം പ്രധാന കാർമ്മികനും അനന്തരം മററുള്ളവരും പീലാസയിൽനിന്നും കാസയിൽനിന്നും അനുഭവി

www.malankaralibrary.com

ക്കുന്നു. വി. കുർബാനയുടെ വാഴ്വവിലും പ്രദക്ഷിണത്തിലും സഹകാർമ്മികന്മാർ കത്തിച്ചമെഴുകുതിരികൾ പിടിക്കുന്നു. റശ്മചെയ്യുമ്പോൾ എല്ലാവരും ഒരുമിച്ചു ചെയ്യുകയും ത്രോണോസു മുത്തുമ്പോൾ ഒരുമിച്ചുമുത്തുകയും വേണം. സമൂഹബലിയർപ്പണം നിയമാനുസൃതമാണെങ്കിലും മലങ്കരറീത്തിൽ നടത്താറില്ല.

**കലണ്ടർ**

മലങ്കരസുറിയാനിക്കത്തോലിക്കറീത്തിൽ താഴെപ്പറയുന്ന തിരുനാളുകൾ കടമുള്ളവയാണ്. ന. കർത്താവിന്റെ ചേലാകർമ്മം (ജനു.1); ദനഹാ (ജനു.6); ന. കർത്താവിന്റെ ദൈവാലയപ്രവേശനം (ഫെബ്രു..2); മംഗലവാർത്ത (മാർച്ചു25); ന. ക. സ്വർഗ്ഗാരോഹണം; വി. കുർബ്ബാനയുടെ തിരുനാൾ; വി. പത്രോസ് പൗലോസ്ശ്ലീഹന്മാരുടെ ഓർമ്മ (ജൂൺ29); വി. തോമ്മായുടെ ഓർമ്മ (ജൂലൈ3); മാതാവിന്റെ സ്വർഗ്ഗാരോഹണം (ആഗ.15); ന. ക. പിറവി. (ഡിസം.25).

**കൂദാശകൾ**

മലങ്കരറീത്തിലേ കൂദാശകൾ പരികർമ്മം ചെയ്യുന്നതു പാശ്ചാത്യസുറിയാനിക്രമമനുസരിച്ചാണ്. കുർബാനപോലെതന്നെ കൂദാശക്രമങ്ങളും വളരെ നീണ്ടതാണ്. മാമ്മോദീസയും സ്ഥൈര്യലേപനവും ഒരുമിച്ചാണു നല്കുക. അതിനു മെത്രാൻ വേണമെന്നില്ല. പട്ടക്കാരക്കു നല്കാം. അന്ത്യകൂദാശയെ 'ഒടുവിലത്തെ ഒപ്രൂശുശ്മ'എന്നല്ല 'രോഗികളുടെ തൈലാഭിഷേകം' എന്നാണു വിളിക്കുക.

മലങ്കരറീത്തിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം പ്രത്യേകം സന്യാസസഭകളുണ്ട്. 'ബഥനി', മാർ ഈവാനിയോസ് യാക്കോബായസഭയിൽ ആരംഭിച്ച ആശ്രമജീവിതമാണ്. അവരിലധികവും കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ടു. 'മിശിഹാനുകരണസഭ' (O. I. C.) എന്ന പേരിൽ അ

www.malankaralibrary.com

വർ അറിയപ്പെടുന്നു. 'ആശ്രമക്കാർ' എന്നാണവർ സാധാരണ വിളിക്കപ്പെടുക. ഹൈന്ദവസന്യാസിമാരെപ്പോലെ കാവി നിറത്തിലുള്ള കുപ്പായമാണവർ ധരിക്കുക. മാർ ഈവാനിയോസ് 'ശാന്തിനികേതനത്തിൽ' ചെന്നപ്പോൾ മഹാകവി 'ടാഗോർ' നിർദ്ദേശിച്ചു കൊടുത്തതാണിതെന്നു പറയപ്പെടുന്നു.

സ്ത്രീകളുടെ രണ്ടു സന്യാസസമൂഹങ്ങളുണ്ട്: ഒന്ന്, മിശിഹാനുകരണസഹോദരീസഭ (Sisters of Imitation); ഇവർ വിദ്യാഭ്യാസപ്രവർത്തനം നിർവഹിക്കുന്നു. രണ്ട്, മേരിമക്കൾ (Daughters of Mary); ഇവർ സാമൂഹ്യപ്രവർത്തനങ്ങൾ നടത്തുന്നു.

കൂടാതെ, ഈ അടുത്തകാലത്തു കുരിശുമലയിൽ ഒരു സിസ്റ്റേഷ്യൻ ആശ്രമം സ്ഥാപിച്ചിട്ടുണ്ട്. രണ്ടു യൂറോപ്യൻ വൈദികന്മാരാണതിന്റെ ഭാരവാഹികൾ. അവർ മലങ്കരറീത്തു സ്വീകരിക്കുകയും പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നു. റോബർട്ടു ഡിനോബിലിയേയും ഫാദർ മൊഞ്ചാനിനേയുംപോലെ, ഇവർ ഇൻഡ്യൻസംസ്കാരത്തിൽ ഇഴുകിച്ചേരുന്ന 'കത്തോലിസിസം' വളർന്നുവരാൻ ആഗ്രഹിക്കുന്നവരാണ്. വൈദികവിദ്യാർത്ഥികളെ അഭ്യസിപ്പിക്കുന്നുണ്ട്. കാവിവേഷമാണവരുടേയും വസ്ത്രം. കുരിശുമലയുടെ ആദ്ധ്യാത്മികസമ്പത്തു ഭാരതസഭയ്ക്കുതന്നെ മഹാനേട്ടമായിരിക്കും.

www.malankaralibrary.com

# V

# അലക്സാണ്ഡ്റിയൻ റീത്ത്

**ഉത്ഭവം**

ബി. സി. 331-ൽ രൂപം പ്രാപിച്ച അലക്സാണ്ഡ്റിയായുടെ സ്ഥാപകൻ, അതിൻെറ സംജ്ഞ സൂചിപ്പിക്കുന്നതുപോലെ, മഹനായ അലക്സാണ്ഡർ ചക്രവർത്തിയാണ്. പുരാതനലോകത്തിൻെറ കലവറയെന്നറിയപ്പെട്ടിരുന്ന അലക്സാണ്ഡ്റിയ ലോകത്തിലേ വാണിജ്യകേന്ദ്രവും വിജ്ഞാനഭാണ്ഡാഗാരവുമായിരുന്നു. റോമിൻെറ കലവറയായും കലാകാരന്മാർ ഇതിനെ ചിത്രീകരിച്ചിട്ടുണ്ട്.

ലത്തീനുമായി അഭേദ്യബന്ധത്തിൽ കഴിഞ്ഞിരുന്ന അലക്സാണ്ഡ്റിയ ഗ്രീക്കനഗരമായിത്തന്നെ നിലനിന്നു. ഈജിപ്തിൻെറ ദേശീയറീത്താണു കോപ്റ്റിക് അഥവാ അലക്സാണ്ഡ്റിയൻ. ഗ്രീക്കപദമായ 'എജിപ്തിൻെറ' (Aiynrras) അറബിരൂപമായ 'കിപ്തി'ൽ (Kibt) നിന്നാണു 'കോപ്റ്റിക്കി'ൻെറ ഉത്ഭവം. [1]

1. KING, ARCHDALE A., *op. cit.* P. 338

www.malankaralibrary.com

അലക്സാണ്ഡ്റിയായുടെ അപ്പസ്തോലൻ വി. മാർക്കാണെന്നാണ് പാരമ്പര്യം പഠിപ്പിക്കുന്നത്.[2] എവുസേബിയൂസ് (260-340) എപ്പിഫനിയൂസ് (4-ാം നൂററാണ്ട്) വി. ജെറോം(+420) മുതലായവർ പരമ്പരാഗതമായ ഈ അഭിപ്രായത്തെ സ്ഥിരീകരിക്കുന്നുണ്ട്. അപ്പസ്തോലനടപടിയും ഇതിനു പോൽബലകമാണ്. ആദിമനൂററാണ്ടിൽതന്നെ ഇവിടെ മതപീഡനമുണ്ടായതായും അതിനെ സുധീരം ചെറുത്തുനിന്നതായും ഒരിജനും ഡൈനീഷ്യസും രേഖപ്പെടുത്തിയിട്ടുണ്ട്.

കോപ്റ്ററിക്സഭാചരിത്രത്തിലുടനീളം കഠോരമർദ്ദനങ്ങളുടേയും പീഡനങ്ങളുടേയും കരയിപ്പിക്കുന്ന ചിത്രങ്ങൾ കാണാവുന്നതാണ്. ഇതുപോലെ മറെറാരു സഭയും വേദനിച്ചിട്ടുണ്ടോയെന്നു സംശയമാണ്. എന്നാൽ, ഈ ഇരുണ്ട ഓർമ്മയെ തുടച്ചുമാററുവാൻ പര്യാപ്തമാണ് അവിടെനിന്നും ഉയർന്നുവന്നിട്ടുള്ള വിശുദ്ധരുടെ കഥകൾ

വിശുദ്ധിയുടെ പാരമ്യത്തിലെത്തിയ അലക്സാണ്ഡ്റിയ മുഴുവനും 5-ാംനൂററാണ്ടിൽ ഏകസ്വഭാവവാദത്തിനിരയായി. ക്രിസ്തുവിന്റെ മനുഷ്യസ്വഭാവം ദൈവസ്വഭാവത്തിൽ ലയിച്ചിരിക്കുന്നെന്നും തന്നിമിത്തം ഒരുസ്വഭാവംമാത്രമേയുള്ളുവെന്നുമുള്ള നിഗമനങ്ങളിലേക്ക് അവർ നീങ്ങി. 616-മുതൽ 628-വരെ ഈജിപ്ത്, പേർഷ്യൻ ഭരണത്തിലായിരുന്നു. എന്നാൽ, പേർഷ്യൻ ഭരണത്തെ വെറുത്തിരുന്ന ഈജിപ്റ്റുകാരുടെ അനൗചിത്യപരമായ പ്രവർത്തനങ്ങൾമൂലം അറബിഭരണം സംജാതമായി. അതിൽനിന്നുളവായ വിനാശഫലങ്ങൾ അവർണ്ണനീയങ്ങളായിരുന്നു. 14-ാംനൂററാണ്ടായപ്പോഴേയ്ക്കും ഈജിപ്തിലെ സഭ നാമാവശേഷമായിത്തീർന്നു.

പുനൈരക്യത്തിനുള്ള പല പരിശ്രമങ്ങളും നടന്നെങ്കിലും ഫലശൂന്യമായിത്തീരുകയാണു ചെയ്തത്. 1362-ൽനിപ്പോൺ പാത്രിയർക്കീസ് ഉർബൻ 5-ാമൻ പാപ്പയുമായി ഐക്യസം

www.malankaralibrary.com

ബന്ധമായ കത്തിടപാടുകൾ നടത്തിയെങ്കിലും ഫലമൊന്നമുണ്ടായില്ല.

ഈജിപ്തിന്റെ നാമശ്രവണത്തിൽ സന്യാസജീവിതത്തെപ്പററിയുള്ളചിന്ത സ്വാഭാവികമായി സ്മരണാമണ്ഡലത്തിൽ പൊന്തിവരുന്നു. സന്യാസജീവിതത്തിന്റെ പിള്ളത്തൊട്ടിലാണ് ഈജിപ്ത്. അവിടെ അതു ജനിച്ചു വളർന്നു വികസിച്ചു്, സൗരഭ്യം പരത്തിക്കൊണ്ടു പരിലസിച്ച ഒരു കാലഘട്ടമുണ്ടായിരുന്നു. അവിടെനിന്നുമാണു ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും സന്യാസജീവിതത്തിന്റെ കിരണകന്ദളങ്ങൾ കടന്നുചെന്നിട്ടുള്ളതു്. ഈജിപ്ഷ്യൻജനങ്ങളുടെ മതചൈതന്യം ചിരകാലം പുലർത്തിപ്പോന്നതിന്റെ പിന്നിലുള്ള രഹസ്യം ഇതാണു്. താബസിലേ പോളാണു് (+340)ആദ്യമായി ആയുഷ്കാലവനവാസമാരംഭിച്ചതെന്നു കരുതപ്പെടുന്നു.[1] ഈജിപ്തിൽ ജന്മമെടുത്ത സന്യാസജീവിതത്തിന്റെ പിന്നിലൊരു രഹസ്യമുണ്ടു്. മതപീഡനംകൊണ്ടു ക്രിസ്തീയജീവിതം അസാധ്യമായിത്തീന്നപ്പോൾ, ഒട്ടേറെപ്പേർ വനാന്തരങ്ങളിലേക്കു പലായനം ചെയ്തു. അവിടെ അവർ ഒററയ്ക്കും കൂട്ടമായും കുടിൽകെട്ടി താമസമുറപ്പിച്ചു. പ്രാർത്ഥനാലീനരായി ഈശ്വരസാത്മ്യം പ്രാപിച്ചു കഴിഞ്ഞുകൂടി.[2] ഇങ്ങനെയാണു സന്യാസാശ്രമങ്ങൾ രൂപം കൊണ്ടിട്ടുള്ളതു്.

എ. ഡി. 273-ൽ ഈജിപ്ത് സന്ദർശിച്ച റൂഫിനൂസ് (Ruffinus) 10,000 സന്യാസിമാരെ അറസിനോവിൽ (Arsinoe) തന്നെ കണ്ടതായി രേഖപ്പെടുത്തിയിരിക്കുന്നു. "പട്ടണം മുഴുവൻ ദൈവത്തിന്റെ സഭയാണെന്ന പ്രതീതിയുളവാക്കുവാൻതക്കവണ്ണം ശതക്കണക്കിനു സന്യാസിമാരുടെ സംഗീതധോരണിമൂലം മുഖരിതമായ ഒരന്തരീക്ഷമാണു് ഈജി

1. *Ibid.* P. 341
2. *Hist. Eccl.*, X, 12

www.malankaralibrary.com

പ്റ്റിലുള്ളതെന്നു റൂഫിനൂസ് എടുത്തുപറഞ്ഞിരിക്കുന്നു[1] അതി നടുത്ത നൂററാണ്ടിൽ വി. സിറിലിൻെറ സ്വാധീനതയിൽ 8,000 സന്യാസിമാരുണ്ടായിരുന്നെന്നു ബുച്ചർ (Butcher) പറയുന്നു.

16-ാം നൂററാണ്ടിനുമുമ്പ് ഇവിടെ നൂറോളം രൂപതകളുണ്ടായിരുന്നു. പിന്നീടതു പത്തുവരെയായി കുറഞ്ഞു! ഇപ്പോൾ പതിനഞ്ചു രൂപതകൾ മാത്രമാണുള്ളതു്; (ഈജിപ്റ്റ്:13; സുഡാൻ: 1; ജറുസലം: 1). കെയ്റോയിൽ ഒരു സെമിനാരിയുണ്ടു്. 1963-ലെ കണക്കനുസരിച്ചു്, 82894 കത്തോലിക്കരും 106ഇടവകകളും 146 വൈദികന്മാരുമുണ്ടവിടെ. ഇവിടത്തെ അകത്തോലിക്കർ, 2,500,000 ആണു്.

**ദൈവാലയം**

തെയോനസ് പാത്രിയക്കീസാണു് (282-300) ആദ്യമായി പള്ളികൾ സ്ഥാപിച്ചതെന്നും പരസ്യാരാധനയാരംഭിച്ചതെന്നും പറയപ്പെടുന്നു.[2] ആദ്യകാലങ്ങളിൽ പള്ളിക്കുപകരം അക്രൈസ്തവരുടെ അമ്പലങ്ങൾ ഉപയോഗിച്ചുപോന്നു. പിന്നീടാണു പള്ളികൾ താഴികക്കുടങ്ങളോടുകൂടി നിർമ്മിക്കപ്പെട്ടുതുടങ്ങിയതു്. പകുതി ബസ്ലിക്കനും പകുതി ബൈസൻറയിനും എന്ന രീതിയിലായിരുന്നു മിക്കപള്ളികളും പണികഴിപ്പിച്ചിരുന്നതു്. മൂന്നു് അൾത്താരകൾക്കു മുകളിലായി മൂന്നു താഴികക്കുടങ്ങൾ മിക്കപള്ളികൾക്കും മകുടം ചാർത്തുന്നു. മുഹമ്മദീയാക്രമണം ഭയന്നു തികച്ചും അനാകർഷകങ്ങളായിട്ടാണു പള്ളികൾ പണികഴിപ്പിച്ചിരുന്നതു്.

പള്ളിക്കു മുൻവശത്തായി ഒരു ചാവടി (Narthex) യുണ്ടായിരുന്നെങ്കിലും-ഇതു സ്ത്രീകൾക്കും മാമ്മോദീസ സ്വീകരിക്കാത്തവർക്കും വേണ്ടിയായിരുന്നു-അതു വിരളമായിട്ടേ ഉപ

1. BUTCHER, *Story of the Church of Egypt*, Vol. I, C. XXIII. P. 273
2. KING, ARHDALE A., *op. cit.* P.375

www.malankaralibrary.com

യോഗിച്ചിരുന്നുള്ളൂ. ഇതിനുള്ളിൽ ദനഹാത്തിരുനാളിൽ വെഞ്ചരിക്കപ്പെടുന്ന വെള്ളം സൂക്ഷിക്കാനുള്ള ഒരു ടാങ്കും മാമ്മോദീസക്കളവും കാണാം. അൾത്താരയിൽ പ്രവേശിക്കുന്നതിനു മുൻപു ഷൂസ് മാററണമെന്നു നിയമമുണ്ടെങ്കിലും സാധാരണ പാലിക്കപ്പെടുന്നില്ല. അൾത്താരയിൽ, ആശീർവദിക്കാനുപയോഗിക്കുന്ന ഒരു കൈക്കുരിശുണ്ടായിരിക്കും. കുർബാനസമയത്തു കെത്താന ഉപയോഗിക്കാറുണ്ടു്. രണ്ടുതിരികൾ നിർബന്ധവുമാണു്.

സുവിശേഷപ്പുസ്തകവും വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം സാധാരണമാണു്. ദിവ്യബലിസമയത്തു കാസ ഒരുതരം ആർക്കുപോലുള്ള പെട്ടിയിൽ സൂക്ഷിക്കപ്പെടുന്നു. പീലാസ അതിന്റെ മുകളിലും വയ്ക്കുന്നു. പള്ളികളിൽ ചിത്രം ഉപയോഗിച്ചിരുന്നെന്നു ആൽബുക്രിയും ഉപയോഗിച്ചിരുന്നില്ലെന്നു ബുച്ചറും പ്രസ്താവിക്കുന്നു. തിരുശേഷിപ്പുകൾ സൂക്ഷിച്ചിരുന്നു. അൾത്താരയുടെ മുകളിൽ ഒട്ടകപക്ഷിയുടെ മുട്ട തൂക്കിയിടുന്ന[1] ഒരു അസാധാരണപതിവു് ഇവർക്കുണ്ടായിരുന്നു.

## ആരാധനക്രമം

കത്തോലിക്കരുടെ ഉപയോഗത്തിനു് ആദ്യമായി റോമിലാണു് ആരാധനസംബന്ധമായ പുസ്തകം അച്ചടിച്ചതു്. 1736-ൽ കോപ്റ്റിക്കിലും അറബിയിലും ഓരോ തക്സാകൾ പ്രസിദ്ധപ്പെടുത്തി. എട്ടുപുസ്തകങ്ങൾ ആരാധനക്രമത്തിലുണ്ടായിരുന്നതായി അബുൾ ബർക്കാട്ടു് (Abul Barkat) പ്രസ്താവി

1. ഒട്ടകപ്പക്ഷി അതിന്റെ മുട്ട വിരിക്കുന്നവിധം വളരെ വിചിത്രമാണു്. പൂവനും പിടയും അവയുടെ ശ്രദ്ധ മുഴുവൻ കേന്ദ്രീകരിച്ചു മുട്ടയെ നോക്കിക്കൊണ്ടിരിക്കും. കുറെ കഴിയുമ്പോൾ മുട്ടവിരിഞ്ഞു കുഞ്ഞു പുറത്തു വരുന്നു. അടയിരിക്കുന്നില്ല. അവയുടെ ശ്രദ്ധക്കു് എന്തെങ്കിലും വ്യതിചലനമുണ്ടായാൽ, മുട്ടയ്ക്കുള്ളിലേ കുഞ്ഞു നശിക്കുന്നു. അതുപോലെതന്നെ പ്രാത്ഥനാലീനനായിരിക്കുന്ന ക്രിസ്ത്യാനി ശ്രദ്ധമുഴുവൻ കേന്ദ്രീകരിക്കാത്തപക്ഷം പ്രാത്ഥനയുടെ ഫലം നഷ്ടപ്പെടുന്നു എന്നു വിശ്വാസികളെ ഓർമ്മിപ്പിക്കുന്നതിനാണു് ഒട്ടകപ്പക്ഷിയുടെ മുട്ട തൂക്കിയിടുന്നതു്.

www.malankaralibrary.com

കുന്നു-വിശുദ്ധവാരക്രമം, ത്രിദിനഗാനം, വിശുദ്ധന്മാരുടെ വാക്യങ്ങൾ, പൊന്തിഫിക്കാൾ, വൈദികമിത്രം, മാതാവിനും വിശുദ്ധർക്കുംവേണ്ടിയുള്ള കീർത്തനങ്ങൾ, കാനോനനമസ്കാരം, തിരഞ്ഞെടുക്കപ്പെട്ട സുവിശേഷഭാഗങ്ങൾ.

നൈൽനദിയോടു ബന്ധപ്പെട്ടത്തി ആരാധനവഷത്തെ, ജലപ്രളയകാലം, വിതക്കാലം, കൊയ്ത്തുകാലം എന്നിങ്ങനെ മൂന്നായി തിരിച്ചിരിക്കുന്നു. കത്താവിൻെറ 14തിരുനാളുകൾ ആഘോഷിക്കപ്പെടാറുണ്ടു്. അവയിൽ മുഖ്യമായവ ഏഴെണ്ണമാണു്. മംഗളവാത്ത, പിറവി, ജ്ഞാനസ്നാനം, ഓശാന, ഉയിപ്പു്, സ്വർഗ്ഗാരോഹണം, പന്തക്കുസ്താ. ക്രിസ്തുവിൻെറ ജ്ഞാനസ്നാനദിവസം നൈൽനദീജലം വാഴ്ത്തുക പതിവാണു്. ബൈസൻറയിൻ രീതിയനുസരിച്ചു ദുഃഖവെള്ളിയാഴ്ച കുരിശു കബറടക്കം ചെയ്യാറുണ്ടു്.

മാതാവിൻെറ സ്തുതിക്കായി 32തിരുനാളുകൾ ആഘോഷിക്കാറുണ്ടു്. കൂടാതെ, എല്ലാമാസത്തിൻ്റേയും 21-ാംതീയതി മാതാവിൻെറ ബഹുമാനാത്ഥം മാററിവയ്ക്കപ്പെട്ടിരിക്കുന്നു. മാതാവിൻ്റെ പ്രധാന തിരുനാളുകൾ: ജനനം, കാഴ്ചവയ്പു്, സ്വർഗ്ഗാരോപണം (ഇവ കടപ്പെട്ടദിവസങ്ങളാണു്). നോമ്പുകാലത്തു് ഉച്ചവരെ വെള്ളം പോലുംകുടിക്കാതെ ഉപവാസമനുഷ്ഠിക്കുന്നു. ശനിയും ഞായറും ഉപവാസത്തിൽനിന്നും വിടത്തിയിട്ടുണ്ടു്. എന്നാൽ, ഈ രണ്ടുദിവസങ്ങളും പാലു്, എണ്ണ, വീഞ്ഞു്, മത്സ്യം മുതലായവ ഉപയോഗിക്കാറില്ല. കത്തോലിക്കർക്കു ചില ആനുകൂല്യങ്ങളെല്ലാമുണ്ടെങ്കിലും, അകത്തോലിക്കർക്കും പുതുതായി മാനസാന്തരപ്പെട്ടവക്കും ഉളവായേക്കാവുന്ന ഉതപ്പിനെഭയന്നു് അനുവദനീയങ്ങളായ ആനുകൂല്യങ്ങൾപോലും ആസ്വദിക്കാറില്ല. വിശുദ്ധവാരത്തിൽ പ്രത്യേകം ഉപവാസമുണ്ടു്. ഈ അവസരം കുരിശുമരണത്തിൻെറ ഉപവാസമെന്നാണറിയപ്പെടുന്നതു്. എപ്പിഫനിയുടെ തലേദിവസം ഉപവാസമനുഷ്ഠിക്കണമെന്നു നിബന്ധനയുണ്ടു്. ഇവർ ഇടത്തു

www.malankaralibrary.com

നിന്നും വലത്തോട്ട് ഒരുവിരൽകൊണ്ടാണ്, കുരിശുവരക്കുന്നത്. അതിനു നാലുകാരണങ്ങൾ അവർ ഉന്നയിക്കുന്നു: 1. ബലിമൃഗത്തിന്റെ രക്തം ഒരുവിരൽകൊണ്ടു തളിക്കുവാൻ ദൈവം ആജ്ഞാപിച്ചു. 2. വിരൽ (ഏകവചനം)കൊണ്ടു, പിശാചിനെ പുറത്താക്കാൻ ക്രിസ്തു കല്പിച്ചു (വി. ലൂക്ക 11:20). 3. ത്രിത്വത്തിലേ ഏകത്വം സൂചിപ്പിക്കുന്നു; അതുപോലെ, പുരുഷാത്മൈക്യവും. 4. വി. മർക്കോസ് തന്റെ ശിഷ്യന്മാരെ ഇപ്രകാരമാണ പഠിപ്പിച്ചതു്.

തിരുവസ്ത്രങ്ങൾ, ബൈസന്റയിൻ റീത്തിനോടു സാധർമ്മ്യം വഹിക്കുന്നവയാണ്. തലമൂടി (Amice) മാത്രം ഇവരുടെ സ്വന്തമാണ്. ഏതുനിറവും ഏതുതരം വസ്ത്രങ്ങളും ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. രണ്ടുകുരിശുകളുള്ള ഒരു വെള്ളവസ്ത്രം അകത്തോലിക്കമെത്രാനും ആർച്ച്ഡീക്കനും വൈദികനും തലയിൽ ചുററുന്നു.[1] ഈ വസ്ത്രത്തിന്റെ ഒരററം പിമ്പിലേക്കും മറേറഅററം വലത്തേ തോളിലൂടെ മുമ്പിലേക്കും ചാത്തിഇട്ടിരിക്കും. കത്തോലിക്കർക്ക് ഇപ്രകാരം തലമൂടിക്കൊണ്ടു ദിവ്യബലി അർപ്പിക്കുവാൻ അനുവാദമില്ല. ആൽബയും സൂനാറയും ഉപയോഗിക്കാറുണ്ട്. അകത്തോലിക്കർ ചരടിനെ അവജ്ഞയോടെ വീക്ഷിക്കുന്നു. ഡീക്കന്മാർ നെടിയ ഊറാല ധരിക്കുന്നതു കൽദായസുറിയാനി റീത്തിലേതുപോലെതന്നെ. മാനിപ്പിളിനുപകരം നീളംകൂടിയ കയ്യുറ ഉപയോഗിക്കുന്നു.

## ദിവ്യബലി

വിശുദ്ധബലിയിൽ ജനങ്ങൾ സജീവമായി പങ്കുകൊള്ളുന്നു. 'ആദ്യന്തം വൈദികനും ജനങ്ങളും തമ്മിലുള്ള അനുസ്യൂതസംഭാഷണമായി' ഇവരുടെ ബലിയെ വിശേഷിപ്പിക്കാറുണ്ട്.[2] പള്ളിയിൽ കർട്ടനുണ്ടെങ്കിൽ ദിവ്യബലിസമയത്തു

1. DONALD ATTWATER, *op. cit.* P. 248
2. KING, ARCHDALE A., *op. cit.* P. 417

www.malankaralibrary.com

മാററമു. ദിവ്യബലിയുടെമുമ്പു കാലുകഴുകണമെന്ന നിയമം ചെരിപ്പുധരിക്കലൊക്കി മാററപ്പെട്ടിരിക്കുന്നു.

പുളിച്ചഅപ്പമാണു ദിവ്യബലിക്കുപയോഗിക്കുന്നതു്. അതു പള്ളിയിൽവച്ചുതന്നെ ചുടണം. അന്നന്നുചുടണമെന്നും ഉപ്പുചേർക്കണമെന്നുമുള്ള നിയമങ്ങൾ നിറുത്തലാക്കി. അപ്പം ചുടുമ്പോൾ സങ്കീർത്തനങ്ങളുംമററം ചൊല്ലാറുണ്ടു്. അപ്പസ്തോലന്മാരുടെ അനുസ്മരണയ്ക്കായി അപ്പം പന്ത്രണ്ടായി ഭാഗിച്ചിരുന്നു. നടുവിലത്തെ ഭാഗംമാത്രം അല്പം വലുതായിരിക്കും. ഓരോ ഭാഗത്തും ഓരോ കുരിശുകാണും. ചുററിലുമായി മൂന്നു കോപ്ററിക്‌വാക്കുകൾ എഴുതിയിട്ടുണ്ടു്.[1] അൾത്താരയിൽകൊണ്ടുവരുന്ന അപ്പങ്ങളിൽനിന്നു് ഒന്നുമാത്രമേ തിരഞ്ഞെടുക്കുന്നുള്ളു. അൾത്താര ഒരുക്കുന്നതു കാർമ്മികൻതന്നെയാണു്. എന്നാൽ മെത്രാൻ അപ്രകാരം ചെയ്യാറില്ല.

രണ്ടുസഹവൈദികന്മാരോടുകൂടിയുള്ള സാധാരണബലി നിറുത്തലാക്കിക്കൊണ്ടു 1898-ൽ സമ്മേളിച്ചകത്തോലിക്കസമിതി പറയുന്നു: ദിവ്യബലിക്കു സാധാരണസഹായകൻ ഡീക്കനാണു്; ഡീക്കൻെറ അസാന്നിധ്യത്തിൽ ആ സ്ഥാനം ഡീക്കനുതാഴെയുള്ള സഹായിക്കു സ്വീകരിക്കാം; ശെമ്മാശ്ശന്മാർ ആരുമില്ലെങ്കിൽ, പുനർവിവാഹം ചെയ്യാത്തവനും ഉത്തമനുമായ കത്തോലിക്കനു സഹായിക്കാവുന്നതാകുന്നു.[2] ഞായറാഴ്ചയും തിരുനാൾ ദിവസങ്ങളുമൊഴികെ വളരെ വിരളമായേ അകത്തോലിക്കർ ദിവ്യബലി അർപ്പിച്ചിരുന്നുള്ളു.

## കൂദാശകൾ

**മാമ്മോദീസ**

വളരെസമയത്തേക്കു ദീർഘിക്കുന്ന ഒരു ചടങ്ങാണിതു്. മാമ്മോദീസാതൊട്ടിക്കുള്ള എണ്ണവാഴ്ത്തിയശേഷം വൈദികൻ ശിശുവിൻെറ നെററിയും മാറിടവും കൈകളും പുറവും

1. *Dict, de Theol. Cath.*, *t.* X, col. 2295.
2. KING, ARCHDALE. A. *op. cit.* P. 415

www.malankaralibrary.com

പൂശുന്നു. സുവിശേഷഭാഗങ്ങളും മററപ്രാൎത്ഥനകളും ചൊല്ലി വെള്ളം വെഞ്ചരിക്കുന്നു. അല്പം തൈലം വെള്ളത്തിലൊഴിച്ചു കുരിശാകൃതിയിൽ മൂന്നുപ്രാവശ്യം ഊതുന്നു. ഡീക്കൻ ശിശുവിനെ എടുത്തു വൈദികൻെറ കയ്യിൽ കൊടുക്കും. 'പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ നിന്നെ ഞാൻ ജ്ഞാനസ്നാനപ്പെടുത്തുന്നു' എന്നുചൊല്ലിക്കൊണ്ടു വൈദികൻ ശിശുവിനെ മൂന്നുപ്രാവശ്യം വെള്ളത്തിൽ മുക്കുന്നു. യുവാക്കന്മാൎക്കും അത്യാവശ്യസന്ദർഭങ്ങളിൽ ശിശുക്കൾക്കും വെള്ളം തളിച്ചുകൊണ്ടു ജ്ഞാനസ്നാനം നല്കാറുണ്ട്.

**സ്ഥൈര്യലേപനം**

ജ്ഞാനസ്നാനത്തെത്തുടൎന്നുതന്നെ സ്ഥൈര്യലേപനവും നല്കുന്നു. മൂറോൻതൈലം നെററിയിലും അധരങ്ങളിലും മാറിടത്തിലും മററും പൂശുന്നതാണ്. ഏതാണ്ടു മുപ്പത്താറുസ്ഥലങ്ങളിലായി വിവിധപ്രാൎത്ഥനകളോടെ പൂശൽ നടത്തുന്നു. പിന്നീടു വൈദികൻെറ വലതുകരം ശിശുവിൻെറമേൽ വച്ചുകൊണ്ടു "പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും വിശുദ്ധാലയമായിത്തീരുകയും..........." എന്ന പ്രാർത്ഥനചൊല്ലി ഊതുന്നു. അവസാനം ശിശുവിനെ ശുഭ്രവസ്ത്രംധരിപ്പിച്ച് ഒരു പ്രാൎത്ഥനയും ചൊല്ലുന്നതോടെ ക്രമം അവസാനിക്കുന്നതാണ്.

**വി. കുർബാനസ്വീകരണം**

നിന്നുകൊണ്ട് ഇരുസാദൃശ്യങ്ങളിലും സ്വീകരിക്കുന്ന പതിവാണ് ഇപ്പോൾ നിലവിലിരിക്കുന്നതു്. "യഥാൎത്ഥത്തിൽ ഇതു നമ്മുടെ ദൈവമായ എമ്മാനുവേലിൻെറ ശരീരവും രക്തവുമാകുന്നു" എന്നുചൊല്ലിക്കൊണ്ടു വൈദികൻ വി. കുർബാന നല്കുമ്പോൾ "ആമ്മേൻ" എന്നുപറഞ്ഞുകൊണ്ടു ജനങ്ങൾ സ്വീകരിക്കുന്നു. ദിവ്യകാരുണ്യം സ്പൂണുകൊണ്ടു കൊടുക്കുകയെന്നുള്ളതു പാരമ്പര്യാനുസൃതമാണ്.

ദിവ്യബലിയിൽ സംബന്ധിക്കുന്ന എല്ലാവരും ദിവ്യകാരുണ്യത്തിനു് അണയുന്ന പതിവു കോപ്റ്ററിക്സഭയിൽ



www.malankaralibrary.com

നൂററാണ്ടുകാലത്തേക്കാചരിച്ചുപോന്നിരുന്നു. ദിവസത്തിൽ ഇരുപതുപ്രാവശ്യം ദിവ്യകാരുണ്യത്തിനു് അണയുന്ന അകത്തോലിക്കരും ഉണ്ടായിരുന്നു. ഏകസ്വഭാവവാദികളുടെ ഇടയിൽ ഇന്നു ദിവ്യകാരുണ്യസ്വീകരണം വളരെ വിരളമാണു്. കുട്ടികൾമാത്രമേ ക്രൂദാശസ്വീകരണത്തിൽ ശുഷ്കാന്തി കാണിക്കുന്നുള്ളു. ദിവ്യകാരുണ്യത്തിനണയുന്നവർ തലേ ദിവസം വൈകിട്ടുമുതൽ ഉപവസിക്കണം. സ്വീകരണദിവസം യഹൂദന്മാരോടോ അവിശ്വാസികളോടോ യാതൊരു സമ്പർക്കവും പാടില്ല. തുപ്പുവാനോ കുമ്പിടാനോ അനുവാദമില്ല. സദാ സന്തോഷവാന്മാരായി നടക്കണം. അന്നു കരയുവാനോ ദുഃഖിക്കുവാനോ ഉള്ള ദിവസമല്ല. പ്രത്യുത, വിജയത്തിന്റേയും ആനന്ദത്തിൻേറയും ദിവസമാണു്. ശിശുക്കൾക്കു ദിവ്യകാരുണ്യം നല്കുന്നതു തിരുരക്തത്തിൽ മുക്കിയ വിരൽ വായിൽ വച്ചുകൊടുത്താണു്. കത്തോലിക്കർ വിശുദ്ധ കുർബാന സക്രാരിയിൽ സൂക്ഷിച്ചുപോരുന്നു.

### കുമ്പസാരം

അപ്പസ്തോലന്മാരോടുള്ള വാഗ്ദാനത്തിൻെറപേരിൽ ക്രിസ്തുവിനോടു മാപ്പപേക്ഷിക്കുകയാണു് ആദ്യമായി ചെയ്യുന്നതു്. രണ്ടാമതായി, സഭവഴി പ. ത്രിത്വത്തിൽനിന്നും പാപമോചനത്തിനായി അപേക്ഷിക്കുന്നു. 'ഞാൻ പാപം ചെയ്തു, എന്നെ മോചിക്കുക' എന്നു് അനുതാപി പറയുമ്പോൾ, 'ദൈവം നിൻെറ പാപം പൊറുക്കുന്നു' എന്നു വൈദികൻ പ്രത്യുത്തരിക്കുന്നതോടെ കുമ്പസാരം കഴിയുന്നു.

### രോഗിലേപനം

ഏഴു വൈദികന്മാർ ലേഖനം, സങ്കീർത്തനം, സുവിശേഷം, പ്രാർത്ഥന എന്നിവ നടത്തിക്കൊണ്ടു് ഓരോ തിരികത്തിക്കുന്നു. സുവിശേഷപ്പുസ്തകം തലയിൽവച്ചുകൊണ്ടു രോഗിയുടെ നെററിയിലും തൊണ്ടയിലും മണിക്കെട്ടിലും പൂശുന്നു. പക്ഷെ, ഒരു

www.malankaralibrary.com

വൈദികൻതന്നെ ഏഴുതിരികളും കത്തിച്ച് ആവശ്യാനുസരണമുള്ള പ്രാർത്ഥനകൾചൊല്ലി രോഗിലേപനശുശ്രൂഷ നിർവ്വഹിക്കുകയാണു സാധാരണ ചെയ്യാറുള്ളത്.

## പൗരോഹിത്യം

ഒരു പ്രാർത്ഥനചൊല്ലി ആശീർവദിച്ചുകൊണ്ട് 'വായനക്കാരൻ' പട്ടം നല്കുന്നു. അഞ്ചാംപട്ടക്കാരൻെറ നെററിത്തടത്തിൽ കയ്യ്‌വച്ചാണു കർമ്മം നിർവ്വഹിക്കുന്നത്. ആറാംപട്ടക്കാരൻേറയും വൈദികൻേറയും തലയിൽ വലതുകരം വച്ചുകൊണ്ടു നെററിയിൽ കുരിശു വരയ്ക്കും. ആറാംപട്ടക്കാരനെ ഊറാലയും വൈദികനെ കാപ്പയും ധരിപ്പിച്ചുകൊണ്ട് ആറാംപട്ടവും വൈദികപട്ടവും കൊടുക്കുന്നു. ശുശ്രൂഷക്രമത്തിൻെറ അവസാനത്തിൽ "പരിശുദ്ധാത്മാവിയെ പുതിയനിയമത്തിലേ സഭയ്ക്കായി സ്വീകരിക്കുക" എന്നു ചൊല്ലിക്കൊണ്ട് ഒരിക്കൽക്കൂടി കൈവയ്പു നടത്തുന്നുണ്ട്.[1] ഡീക്കൻ ഈ കർമ്മസമയത്ത് ഒരു സ്പൂൺ സ്വീകരിക്കാറുണ്ട്.

## വിവാഹം

ഒത്തുകല്യാണവും കെട്ടുകല്യാണവും നടപ്പിലുണ്ട്. ഒത്തുകല്യാണസമയത്തു ലേഖനം, സുവിശേഷം, മൂന്നു പ്രാർത്ഥനകൾ, വിശ്വാസപ്രമാണം, ഉപകാരസ്മരണ, വിവാഹവസ്ത്രം വെഞ്ചരിക്കൽ എന്നിവ നടക്കുന്നു. കെട്ടുകല്യാണാവസരത്തിൽ ലേഖനം (എഫേ. 5:22-6:3), സുവിശേഷം (മത്താ. 19:1-6), ലുത്തിനിയ-പ്രാർത്ഥനകൾസഹിതം വൈദികൻ ചൊല്ലുന്നതാണ്. എണ്ണ വാഴ്ത്തി ഇരുകൂട്ടരേയും പൂശി മുടി ധരിപ്പിക്കയും ഒരുപദേശം നല്കുകയും ചെയ്യുന്നതോടെ വിവാഹചടങ്ങ് അവസാനിക്കുന്നു.

## കാനോനനമസ്ക്കാരം

ഏഴുമണിക്കൂറുകളായി വിഭജിച്ചിരിക്കുന്നു. മെത്രാന്മാർക്കും

1. KING, ARCHDALE. A., *op. cit.* P. 364

www.malankaralibrary.com

സന്യാസിമാർക്കും ഇതിനുപുറമേ ഒരു സായംകാലപ്രാർത്ഥനക്രുടെയുണ്ട്. ഗ്രീക്കസാങ്കേതികപദങ്ങൾ ധാരാളമായി ഉൾച്ചേർന്നിട്ടുള്ള കോപ്ററിക് ഭാഷയാണു കാനോനനമസ്കാരത്തിനു് ഉപയോഗിക്കുന്നതു്. ആദ്യകാലത്തു ഗ്രീക്കായിരുന്നു ഭാഷ. ഇന്നും പല ചെറിയ പ്രാർത്ഥനകളും ക്രമങ്ങളും ഗ്രീക്കിൽതന്നെ അനുവർത്തിച്ചുപോരുന്നു.

## എത്യോപ്യൻ റീത്ത്

**ഉത്ഭവം**

അലക്സാണ്ഡ്റിയൻ റീത്തിൻെറ ഒരുപവിഭാഗമാണിതു് എത്യോപ്യൻറീത്തിൻെറ ഉത്ഭവം അബിസിനിയായിൽനിന്നുമാണു്. ഈ റീത്തു പ്രധാനമായും കിഴക്കെ ആഫ്രിക്കയിലും സോമാലിലാൻഡിലും സുഡാനിലും എത്യോപ്യയിലുമാണു പ്രചാരത്തിലിരിയ്ക്കുന്നതു്.

'നിറമുള്ളവരുടെ നാട്' എന്നു ധ്വനിക്കുന്ന ഒരു ഗ്രീക്കുപദത്തിൽ നിന്നുമാണു് 'എത്യോപ്യ' എന്ന പേരിൻെറ ഉത്ഭവം. പൊതുവെ, കറുപ്പുനിറമുള്ളവരാണു ജനങ്ങൾ. ജനങ്ങളുടെ ജീവിതരീതിയിലും ആരാധനക്രമത്തിലും എല്ലാം എത്യോപ്യയ്ക്കു ഈജിപ്റ്റുമായി വളരെ സാമ്യമുണ്ടു്.

അന്ധവിശ്വാസത്തിൻെറ കേളീരംഗമാണു് എത്യോപ്യാ. ബഹുദേവാരാധനയോടൊപ്പം പാമ്പ്, പക്ഷികൾ, ജലശക്തികൾ എന്നിവയെ ആരാധിക്കുന്ന പതിവും പുലർത്തിപ്പോരുന്നു. എത്യോപ്യയ്ക്കു സോളമൻരാജാവിനോളം പൗരാണികത്വം കല്പിച്ചുകാണാറുണ്ടു്.[1]

ക്രിസ്തുവിൻെറ ജ്ഞാനസ്നാനസമയത്തു് അത്ഭുതകരമായി എത്യോപ്യ മാനസാന്തരപ്പെട്ടെന്നും വി. മത്തായി എ. ഡി.

1. *Ibid.* P. 499

www.malankaralibrary.com

30-ൽ ഇവിടെവന്നു സുവിശേഷം പ്രസംഗിച്ചു രക്തസാക്ഷി യായെന്നും വി. ഫിലിപ്പിൽനിന്നും മാമ്മോദീസ സ്വീകരിച്ച എത്യോപ്യൻരാജ്ഞിയുടെ പ്രൊക്കുറേറററായ[1] ഒരു ഷണ്ഡനാണ് ഇവിടെ വേദം പ്രസംഗിച്ചതെന്നുമുള്ള കഥകൾ ഇന്നും പ്രാബല്യത്തിലിരിക്കുന്നു.

കോൺസ്റ്റൻറയിൻെറ കാലത്തു ഫ്രുമേൻസിയൂസാണ് (Frumensius, 330-340) ഇവിടെ ആദ്യമായി ക്രിസ്തീയവെളിച്ചം വീശിയതെന്ന അഭിപ്രായത്തിനാണു കൂടുതൽ സ്ഥിരീകരണം ലഭിച്ചിട്ടുള്ളതു്. അദ്ദേഹം 'സമാധാനത്തിന്റെ പിതാവെന്നും' 'പ്രകാശകനെ'ന്നുമുള്ള അപരനാമങ്ങളാൽ പ്രകീർത്തിക്കപ്പെടുന്നു. അദ്ദേഹം സിറിയായിൽനിന്നുമാണു എത്യോപ്യയിൽ വന്നതു്.[2] നാലാം നൂററാണ്ടിൻെറ മധ്യത്തോടുകൂടി ടയറിൽ (Tyre) നിന്നു വന്ന ഫ്രുമേൻസിയൂസും എദേസിയൂസും (Aedesius) ഇവിടെ സുവിശേഷം പ്രസംഗിച്ചതായി ചരിത്രരേഖകളുണ്ടു്.[3]

## ഭിന്നതകൾ

ഇവിടെ ഏകസ്വഭാവവാദം വളരെ നേരത്തെതന്നെ കയറിപ്പററിയെന്നും അല്ല, 7-ാംനൂററാണ്ടിൻെറ മധ്യംവരെ കത്തോലിക്കാസഭയ്ക്കു യാതൊരു കളങ്കവും പററിയില്ലെന്നും രണ്ടഭിപ്രായങ്ങളുണ്ടു്. ഏ. ഡി. 480-ൽ 'ഒമ്പതു വിശുദ്ധന്മാർ' സിറിയയിൽനിന്നും ഇവിടെ വന്നു. അവരുടെ കത്തോലിക്കത്വത്തെപ്പററി ബലമായ സംശയമുണ്ടു്. അവർ ഓരോ ആശ്രമം സ്ഥാപിച്ചു. മധ്യശതകങ്ങളിൽ റോമുമായുള്ള ബന്ധം നിശ്ശേഷം നിലച്ചുപോയി. രാഷ്ട്രീയകാരണങ്ങൾ ഈ വിടവിനെ വലുതാക്കിക്കൊണ്ടിരുന്നു.

1. *Dict. de Theol. t.* V, *Col.* 926-927
2. DONALD ATTWATER, *op. cit.* 138
3. *Acts* 8:26-40

www.malankaralibrary.com

1839-ലേ പ്രീഫെക്ററററിൻെറ സ്ഥാപനത്തോടെ ക്രിസ്തീയജീവിതം ഉയിർകൊണ്ടു. ലത്തീൻറീത്തു സർവ്വസാധാരണമായിരുന്നു. എത്യോപ്യൻറീത്തിൽപെട്ട പതിമൂന്നു വൈദികന്മാരും ഉണ്ടായിരുന്നു. 1930-ൽ പൗരസ്ത്യസഭയ്ക്കു് ഒരു ഓർസിനേറിയേററ് സ്ഥാപിച്ചു. 89 പള്ളികളും 76 ഇടവക വൈദികന്മാരും ഒരു സെമിനാരിയുമുണ്ടു്. 1914-ൽ എത്യോപ്യൻമാർക്കായി റോമിൽ ഒരു കോളേജ് തുറന്നു.

## കലണ്ടർ

ഓരോ വർഷവും ഓരോ സുവിശേഷകനായി സമർപ്പിക്കുന്നു. മിക്കവാറും കോപ്ററിക്രീതിയിലുള്ള കലണ്ടറാണു് ഇവിടേയും നിലവിലുള്ളതു്. മാർച്ചുമാസം ഒഴികെ എല്ലാമാസത്തിൻേറയും 24 അഥവ 25-ാംതീയതി ക്രിസ്തുമസ്സ്ദിനമായി ആചരിക്കുന്നു. ക്രിസ്തുവിൻെറ ജ്ഞാനസ്നാനത്തിരുനാൾ സാഡംബരം കൊണ്ടാടുന്നു. വെള്ളത്തിൻെറ വാർഷികവെഞ്ചരിപ്പിനായി 'ടാബോട്ടു്' ആഘോഷമായി കൊണ്ടുപോകുന്നു. ജനങ്ങൾ കുളിക്കുകയും നിർമ്മലമായ ശുഭ്രവസ്ത്രംധരിക്കുകയും ചെയ്യും.

## സംഗീതം

ചിലമ്പുകളും മണികളും ചെണ്ടകളും അവരുടെ സംഗീതോപകരണങ്ങളാണു്. ഏകസ്വഭാവവാദികളുടെ പള്ളികളിൽ പുരോഹിതന്മാർ അൾത്താരയ്ക്കു മുമ്പിൽവന്നു ഡാൻസു നടത്തുകയും പാട്ടുകൾ പാടുകയും ചെയ്യാറുണ്ടു്. ദനഹാ, ഈസ്റ്റർ, വി. കുരിശു് എന്നീ തിരുനാളുകളിൽ വൈദികന്മാർ, രണ്ടുനിരകളിൽ അഭിമുഖമായിനിന്നു ഡാൻസുചെയ്യുന്നു. അവരുടെ വലത്തുകയ്യിൽ അധികാരദ്യോതകമായ ലയനരേഖ (Staves)യുണ്ടായിരിക്കും. നിരകളുടെ രണ്ടററത്തും ചെണ്ടകൊട്ടുകാർകാണും. ഡാൻസിനും കൊട്ടിനും അനുസരിച്ചു പിന്നണിയിൽനിന്നു ഗാനവും ഉയരുന്നു.

www.malankaralibrary.com

**ദൈവാലയം**

മൂന്നു രീതിയിലുള്ള ഏതാണ്ടു 6000പള്ളികൾ ഇവിടെയുണ്ടെന്നുപറയപ്പെടുന്നു. ഒന്ന്, പുരാതന ബസ്ളിക്കൻ രീതിയിൽ മൂന്നുപീഠങ്ങളുള്ളതാണ്. സങ്കീർത്തി വേർതിരിച്ചുകൊണ്ടുള്ള ഒരു വിരിയും ഉണ്ടായിരിക്കും. രണ്ട്, ചതുരാകൃതിയിലുള്ളതും മദ്ധ്യഭാഗം വൃത്താകാരം പൂണ്ടതുമാണ്. മൂന്ന്, ഒന്നിനപുറമേ ഒന്നായി ഗോളാകൃതിയിൽ നിർമ്മിച്ചിരിക്കുന്നതു്. മുകളിൽ ഒരു കുരിശുരൂപം ഉണ്ടായിരിക്കും. ഈഅവസാനത്തെരീതിയാണു സാധാരണ നടപ്പിലുള്ളതു്. പള്ളിയകം മൂന്നായി വിഭജിച്ചിരിക്കുന്നു. സങ്കീർത്തി, കുർബാന സ്വീകരണസ്ഥലം, ഗായകസംഘസ്ഥലം.

അംത്താര ചതുരാകൃതിയിൽ കല്ലുകൊണ്ടോ തടികൊണ്ടോ നിർമ്മിച്ചിരിക്കുന്നു. അകത്തോലിക്കർ അംത്താരക്കല്ലിനോടുള്ള ബഹുമാനാർത്ഥം പലേ അനാവശ്യാചാരവണക്കങ്ങളും അർപ്പിക്കുന്ന പതിവുണ്ട്. കത്തോലിക്കർ ഈ കല്ലിനെ ലിനൻതുണികൊണ്ടുപൊതിഞ്ഞു സൂക്ഷിക്കുന്നു. അകത്തോലിക്കർ, കല്ലിൽ കർത്താവിൻേറയും മാതാവിൻേയും മെത്രാൻേറയും പേരുകൾ കൊത്തുന്നു. ഈ കല്ലുംവഹിച്ചുകൊണ്ടുള്ള പ്രദക്ഷിണവേളയിൽ അതിനെ താണുവീണാരാധിക്കാൻപോലും അവർ മടിക്കാറില്ല.

**തിരുവസ്ത്രങ്ങൾ**

വൈദികന്മാരുടെ സാധാരണവസ്ത്രം വിസ്താരമുള്ളതും കയ്യുടെകണ്ണവരെ എത്തുന്നതുമായ നീണ്ടളോവയാണ്. തുകൽബൽററം കോട്ടും കറുത്തുരുണ്ട തൊപ്പിയും ധരിക്കുന്നു. കർമ്മാനുഷ്ഠാനസമയത്തു മൂലകൾ വൃത്താകാരത്തിലുള്ള ഒരുതരം ളോവയും അതിനുപുറമേ ചരട്ടും ധരിച്ചിരുന്നു. ഡീക്കനും സബ്ഡീക്കനും ഇതുതന്നെ ഉപയോഗിച്ചുവന്നു. അവർ ഈ ളോവയ്ക്കുള്ളിൽ ഏതെങ്കിലും നിറമുള്ളതും അരവരെ എത്തുന്നതുമായ ഒരുലിനൻവസ്ത്രം ധരിക്കാറുണ്ടായിരുന്നു. തിരുവസ്ത്രങ്ങൾ

www.malankaralibrary.com

കോപ്റ്ററിക് രീതിയിലാണു രൂപം കൊണ്ടിട്ടുള്ളതു്. ഡീക്കൻ, സബ്ഡീക്കന്റെസ്ഥാനമോ വൈദികൻ ഡീക്കന്റെ സ്ഥാനമോ ദിവ്യകർമ്മങ്ങളിൽ സ്വീകരിക്കുമ്പോൾ സ്ഥാനത്തിനനുസരണമായ വസ്ത്രം ധരിക്കുന്നു. തലമുണ്ട വൈദികനുമാത്രമേ അനുവദിച്ചിട്ടുള്ളു. ഡീക്കന്മാർ തൊപ്പിധരിക്കാറുണ്ട്. അകത്തോലിക്കമെത്രാന്മാർ മൂന്നുനിലയുള്ള തൊപ്പിയാണു ധരിക്കുന്നതു്. കത്തോലിക്കമെത്രാന്മാർ മൈറ്റർ ഉപയോഗിക്കുന്നു. പ്രദക്ഷിണസമയത്തു പാത്രിയർക്കീസിന്റെ ശിരസ്സിനുമുകളിൽ ഒരുസ്വർണ്ണക്കുട പിടിച്ചിരിക്കും.

## ബലിവസ്തുക്കൾ

ഉരുണ്ടുതടിച്ചപുളിപ്പുള്ള അപ്പമാണു ദിവ്യബലിക്കുപയോഗിക്കുന്നതു്. തുല്യാഗ്രങ്ങളുള്ള ഒരുകുരിശു് അതിന്മേലുണ്ടായിരിക്കും. ബലിക്കുള്ള അപ്പം ഉണ്ടാക്കുന്നതു മുൻകൂട്ടി തിരഞ്ഞെടുത്തിട്ടുള്ള പ്രത്യേകം വയലുകളിൽനിന്നു ലഭിക്കുന്ന ധാന്യത്തിൽനിന്നാണു്. എല്ലാംപ്രോവിൻസിലും പ്രത്യേകം വയലുകൾ ഇതിനായിട്ടുണ്ടു്. ഓരോദിവസത്തേക്കുമുള്ള അപ്പം അന്നന്നുണ്ടാക്കുകയാണു പതിവു്. ദൈവാലയത്തിനടുത്തു് ഒരു കെട്ടിടത്തിൽവച്ചു ഡീക്കനൊണിതുണ്ടാക്കുന്നതു്. ഇപ്രകാരം ചുട്ടന്ന അപ്പത്തിൽനിന്നു മൂന്നെണ്ണം സാഘോഷം അൾത്താരയിലേക്കു സംവഹിക്കപ്പെടുന്നു. കാർമ്മികൻ അവയിലൊന്നു തിരഞ്ഞെടുക്കുന്നു. മററുരണ്ടും വൈദികന്മാരും ശുശ്രൂഷികളും പങ്കിട്ടെടുക്കുന്നു. ഫാത്തെനെഗാസ്റ്റ് പറയുന്നു: "പള്ളിയിലുള്ള അപ്പത്തിൽനിന്നു ദിവ്യകാരുണ്യം തയ്യാറാക്കട്ടെ. പള്ളിയിലില്ലെങ്കിൽ വിശ്വാസികൾ ബലിസമർപ്പണത്തിനു കൊണ്ടുവരുന്നതിൽനിന്നു തയ്യാറാക്കുക......ദൈവദൂഷണം പറയുന്നവരുടേയും കൊലപാതകികളുടേയും അശുദ്ധപാപികളുടേയും...... ബലി ഉപേക്ഷിക്കണം...ബലിവസ്തുക്കൾ കൊണ്ടുവരുന്നവരുടെ പേരു ഡീക്കൻ എഴുതണം...".[1] അകത്തോലിക്കർ പുളി

1. *The Fethe Neghest, "On the Eucharist"* C. 13 quoted in King, *op. cit.* P. 557

www.malankaralibrary.com

പ്പില്ലാത്ത അപ്പം പെസഹാവ്യാഴാഴ്ച ഉപയോഗിക്കുന്നു. അവസാനഅത്താഴത്തിന്റെ ഓർമ്മയ്ക്കായിട്ടാണിങ്ങനെ ചെയ്യുന്നത്.[1] കത്തോലിക്കർ ഇപ്പോൾ സാധാരണ കുർബാനയ്ക്കു (low mass) പുളിക്കാത്ത അപ്പവും പാട്ടുകുർബാനയ്ക്കു (solemn) പുളിപ്പുള്ള അപ്പവുമാണുപയോഗിക്കുന്നത്. ഉണങ്ങിയ മുന്തിരിങ്ങ വെള്ളത്തിലിട്ടു കുതിർത്താണു ഏകസ്വഭാവവാദികൾ വീഞ്ഞുണ്ടാക്കുന്നത്. ശുദ്ധവും നിർമ്മലവും നവീനവുമായ വീഞ്ഞുപയോഗിക്കണമെന്നാണു ഫത്തേനെഗാസ്റ്റിന്റെ നിർദ്ദേശം.[2]

എത്യോപ്യൻറീത്ത് എല്ലാക്കാര്യങ്ങളിലുംതന്നെ കോപ്റ്ററിക്റീത്തിനോടു സംഗാഢം ബന്ധപ്പെട്ടിരിക്കുന്നു. ആചാരാനുഷ്ഠാനങ്ങളിലും രീതികളിലും ഈ വസ്തുത സുതരാം വ്യക്തമാണ്. ക്രമാംശങ്ങളുടെ ക്രമവും അനുഷ്ഠാനവും കോപ്റ്ററിക്കിൽനിന്ന് ഒട്ടുംഭിന്നമല്ലെന്നു പറയാം. ഏററം അധുനാതനമായ കണക്കനുസരിച്ചു ഇവിടെ ഏതാണ്ടു 59,215 കത്തോലിക്കരുണ്ട്. 22 ഇടവകകളും 77 വൈദികന്മാരും (സന്യാസവൈദികന്മാരുൾപ്പെടെ)മാണ് എത്യോപ്യയിലുള്ളത്. ഇവിടത്തെ അകത്തോലിക്കരുടെ സംഖ്യ 9,000,000ആണ്.

1. KING, P. 557
2. "*On the Eucharist*" C. 13 quoted *Ibid*

www.malankaralibrary.com

# VI

# അർമ്മേനിയൻ റീത്ത്

**ഉത്ഭവം**

സ്വന്തമായി ഒരു രാജ്യമില്ലെങ്കിലും തങ്ങളുടെ ദേശീയ പ്രത്യേകതകളും മതപരമായ പാരമ്പര്യങ്ങളും പുലർത്തുന്നതിൽദത്തശ്രദ്ധരാണിവർ. അർമ്മേനിയൻഭാഷയിൽ നടത്തുന്ന ഒരൊററ ആരാധനക്രമംമാത്രമേ ഈ റീത്തിലുള്ളൂ. [1]

ഇൻഡോയൂറോപ്യൻ ജനവിഭാഗത്തിൽപ്പെട്ടവരാണ് അർമ്മേനിയർ. നോഹിൻെറ വംശപരമ്പരയിൽപ്പെട്ടവരാണ തങ്ങളെന്ന ദൃഢവിശ്വാസത്തിൻെറ പേരിൽ ഇവർ സ്വയം ഹായിക്(Haikh) എന്നു സംബോധന ചെയ്യുന്നു. അററാത്തു മലയുടെസ്ഥാനം അർമ്മേനിയയിലാണെന്നും പെട്ടകത്തിൻെറ ചില ഭാഗങ്ങൾ തങ്ങളുടെ കൈവശമുണ്ടെന്നും മററുമുള്ള അവകാശവാദങ്ങൾ ഇതിന് ഉപോൽബലകമായി അവർ ഉന്നയിക്കാറുണ്ട്. റഷ്യാക്കാരുടേയും പേർഷ്യക്കാരുടേയും തുർക്കികളുടേയും മററും തുടരെത്തുടരെയുള്ള ആക്രമണങ്ങൾക്ക് ഇവർ വി

1. KING, ARCHDALE A., *op. cit.* Vol. II. P. 521

www.malankaralibrary.com

ധേയരായിരുന്നിട്ടുണ്ടു്. ആർക്കും ആക്രമിക്കാൻ സൗകര്യമുള്ള ഒന്നാണു് അർമ്മേനിയായുടെ ഭൂപ്രകൃതിതന്നെ.[1]

## അർമ്മേനിയയിലേ ക്രിസ്തുമതം

രണ്ടാംനൂററാണ്ടിൽതന്നെ ക്രിസ്തുമതം അമ്മേനിയയിൽ പ്രചരിച്ചിരുന്നു. അപ്പസ്തോലന്മാരായ വി. തദേവൂസും വി. ബർത്തലോമ്മയും ഇവിടെ വിശ്വാസദീപം കൊളുത്തിയെന്നാണു പാരമ്പര്യം. അവരുടെ ശവകുടീരങ്ങൾ തങ്ങളുടെ നാട്ടിൽത്തന്നെയാണു സ്ഥിതിചെയ്യുന്നതെന്നു് അർമ്മേനിയർ അവകാശപ്പെടുന്നു. എന്നാൽ, സുറിയാനിക്കാരായ ക്രിസ്ത്യാനികൾ ഇവിടെ ക്രിസ്തുമതം പ്രചരിപ്പിച്ചതായും ആരാധനക്രമം നടപ്പിലാക്കിയതായും ഐതിഹ്യമുണ്ടു്. സുറിയാനിദിനവൃത്താന്തവും (Syrian chronicle) എവുസേബിയൂസിൻെറ ചരിത്രരേഖകളും ഇതിനെ സ്ഥിരീകരിക്കുന്ന തെളിവുകൾ നല്കുന്നു. തദേവൂസ്, എദേസ്സായിലേ മെത്രനായ 'അദെവൂസാ'ണന്നും ഈ ചരിത്രരേഖകളിൽ കാണുന്നു. ക്രിസ്തുമതം അർമ്മേനിയായിൽ പ്രവേശിച്ചതു് എദേസ്സായിൽ നിന്നായിരുന്നു എന്നതിനു വേറെയും രേഖകളുണ്ടു് (Letters from Dionysisus of Alexandria).[2] എങ്കിലും, ആദ്യത്തെ അഭിപ്രായത്തിനാണു സ്ഥിരപ്രതിഷ്ഠ ലഭിച്ചിരിക്കുന്നതു്.

അർമ്മേനിയയെ പ്രകാശപൂർണ്ണമാക്കിയതു മൂന്നാംശതകത്തിൽ ജീവിച്ചിരുന്ന കേസറിയായിലേ വി. ഗ്രിഗരിയാണു (St. Gregory the Enlightne).[3] സഭയെ പീഡിപ്പിച്ചുകൊണ്ടിരുന്ന അർമ്മേനിയൻ രാജാവായ 'ടിറിഡസി' (Tiridatis) നെ വിശുദ്ധൻ മാനസാന്തരപ്പെടുത്തി. അതോടെ അമ്മേനിയ മുഴുവൻ ക്രൈസ്തവമായി എന്നു പറയാം. ആദ്യകാലത്തു് അമ്മേനിയൻസഭ പല കാര്യങ്ങളിലും കേസറിയായിലേ

1. DONALD ATTWATER, *op. cit.* Vol. II P. 219
2. KING, ARCHDALE A,. *op. cit.* P. 523
3. ORIENTE CATHOLICO, P. 183

www.malankaralibrary.com

സഭയെ ആശ്രയിച്ചാണ് കഴിഞ്ഞിരുന്നത്. അതിനാൽ അർമ്മേനിയൻസഭ കേസറിയായുടെ ആധിപത്യത്തിൻകീഴിലായി. എന്നാൽ, നാലാംനൂററാണ്ടോടുകൂടി ഈ ആധിപത്യത്തിൽനിന്നും വിമോചിതയാകയും ഏതദ്ദേശിയമെത്രാന്മാരുടെ ഭരണത്തിൻകീഴിലാകയും ചെയ്തു. ഈ മെത്രാന്മാർ 'കാതോലിക്കോയി' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. അന്നുണ്ടായിരുന്ന കാതോലിക്കാസ്ഥാനങ്ങൾ, എത്മിയാസിൻ, ആഗത്മാർ, സിസ് എന്നിവയാണ്.

**ഭിന്നതകൾ**

കല്ക്കദോനിയസൂനഹദോസ് (457) വരെയുള്ള അർമ്മേനിയൻ സഭയുടെ ചരിത്രം പരിവർത്തനത്തിൻെറ ചരിത്രമാണ്. വി. ബേയിസിലിൻെറ സന്യാസസഭ പടർന്നു പന്തലിച്ചു അർമ്മേനിയൻജനതയുടെ ആദ്ധ്യാത്മികജീവിതത്തെ പരിപുഷ്ടിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. കാലാനുകാലങ്ങളിൽ പൊന്തിവന്നുകൊണ്ടിരുന്ന ഭിന്നതകളെ തുടച്ചെറിഞ്ഞു്, സഭ പുരോഗതിയിൽനിന്നുപുരോഗതിയിലേക്കു കുതിച്ചുകൊണ്ടിരുന്നു. 5-ാം നൂററാണ്ടിൻെറ പൂർവ്വാർദ്ധത്തിൽ വി. ഐസക്ക് അർമ്മേനിയൻ സഭയെ ബൈസൻറയിൻ മാതൃകയിൽ പുനരുദ്ധരിക്കുവാൻ ശ്രമിച്ചു. വി. ഗ്രന്ഥവും ആരാധനക്രമവും നാട്ടുഭാഷയിലേക്കു വിവർത്തനം ചെയ്യപ്പെട്ടതും ഈ സന്ദർഭത്തിലാണ്.

എന്നാൽ, പ്രകാശപൂർണ്ണമായിരുന്ന അർമ്മേനിയൻസഭയിൽ, കൽക്കദോനിയസൂനഹദോസിനുശേഷം കാർമേഘപടലങ്ങൾ കണ്ടുതുടങ്ങി. എങ്ങും അന്ധകാരത്തിൻെറ കരിനിഴൽ വ്യാപിച്ചു. കൽക്കദോനിയസൂനഹദോസിനു കാരണമായ ഏകസ്വഭാവവാദത്തിൽ അർമ്മേനിയൻസഭയ്ക്കു യാതൊരു പങ്കും ഇല്ലായിരുന്നു; എങ്കിലും കാലക്രമേണ കൽക്കദോനിയൻ തീരുമാനങ്ങളെ നിഷേധിക്കുകയും അങ്ങനെ, അർമ്മേനിയൻ സഭ സത്യവിശ്വാസത്തിൽനിന്നു തെന്നിമാറി ഏകസ്വഭാവവാദത്തിലേക്കു വഴുതിവീഴുകയും ചെയ്തു. അർമ്മേനിയൻ

www.malankaralibrary.com

സഭയെ ഈ ദയനീയാവസ്ഥയിലെത്തിച്ചതിനു ദൈവശാസ്ത്ര പരമായ കാരണങ്ങളെക്കാൾ രാഷ്ട്രീയകാരണങ്ങൾക്കാണു കൂടുതൽ പങ്കു്. യഥാർത്ഥത്തിൽ, അർമ്മേനിയൻസഭ ഏകസ്വഭാവവാദത്തിൽ ഉൾപ്പെട്ടിരുന്നില്ല എന്നു വാദിക്കുന്നവരും വിരളമല്ല.[1]

**പുനരൈക്യം**

ഫ്ളോറൻസ് സൂനഹദോസിൽ (1438-45) അർമ്മേനിയൻസഭയുടെ പുനരൈക്യത്തിനുള്ള ചിലശ്രമങ്ങൾ ആരംഭിച്ചു. എന്നാൽ, കൂദാശകളെസ്സംബന്ധിക്കുന്ന ചില നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഡിക്രി പുറത്തുവന്നതല്ലാതെ പ്രതീക്ഷാനുസരണമുള്ള ഫലങ്ങളൊന്നുമുളവായില്ല.[2]

17-ാം നൂറ്റാണ്ടിൽ വീണ്ടും പുനരൈക്യത്തിനുള്ള ചില സംരംഭങ്ങൾ സമാരംഭിച്ചു. കോൺസ്റ്റാൻറിനോപ്പിളും അലെപ്പോയും (Aleppo) കേന്ദ്രമാക്കിയാണു് ഈ ഐക്യശ്രമങ്ങൾ ആരംഭിച്ചതു്. എന്നാൽ, ഫ്രാൻസിൻെറ ചില രാഷ്ട്രീയ മുതലെടുപ്പുമൂലം അർമ്മേനിയൻസഭ രണ്ടായി പിളർന്നുപോയി-സംഘടിതഐക്യകക്ഷികളും വിഘടിതകക്ഷികളും. അങ്ങനെ, ഒരു കുടുംബത്തിൽത്തന്നെ രണ്ടുവിഭാഗങ്ങൾ രൂപംകൊണ്ടു. ഒരേ ദൈവാലയത്തിൽ വിഭിന്നങ്ങളായ ആരാധനരീതികളും. 1742-ൽ ഐക്യകക്ഷികൾ ലബനോണിൽ ആസ്ഥാനമുറപ്പിച്ചു ക്രമീകൃതമായ ഒരു ഭരണംതുടങ്ങിയതോടെ ഈ അരക്ഷിതാവസ്ഥയ്ക്കു് അന്തരമുണ്ടായി.

ഈ അവസരത്തിലും ഈശോസഭാവൈദികരും കപ്പൂച്ചിൻ സന്യാസികളും അർമ്മേനിയയിൽ പുനരൈക്യശ്രമങ്ങൾ നടത്തിക്കൊണ്ടിരുന്നു. തൽഫലമായി, അലെപ്പോയിലേ പാത്രിയർക്കീസു പുനരൈക്യപ്പെട്ടു. ഈ മാനസാന്തരം അർമ്മേ

1. KING A,. P. 531
2. DONALD ATTWATER, *op. cit.* P. 221

www.malankaralibrary.com

നിയൻസഭയിൽ ഒരു ശുഭസൂചനതന്നെയായിരുന്നു. ജറൂസലേമിലെ സെൻറ് ജയിംസ് സന്യാസസഭാശ്രേഷ്ഠനും അതുപോലെ ഉന്നതപീഠമലങ്കരിച്ചിരുന്ന മററുപല പ്രമുഖവ്യക്തികളും പുനരൈക്യപ്പെട്ടു. കാതോലിക്കോസ് എയ്റ്മിയാസിൻ, "മിശിഹായുടെ സഭമുഴവൻേറയും പരമാധികാരിയായ പ. പിതാവേ," എന്നു അഭിസംബോധനചെയ്തുകൊണ്ടു വിശ്വാസസത്യംഏററുപറയുന്ന ഒരു സന്ദേശം ഇന്നസെൻറ പത്രണ്ടാമൻ പാപ്പായ്ക്കയച്ചതും പുനരൈക്യശ്രമങ്ങളെ ത്വരിതപ്പെടുത്താൻ ഒട്ടേറെ സഹായിച്ചു. അങ്ങനെ, പുനരൈക്യം അതിൻെറ പൂർണ്ണതയിലേക്കു നീങ്ങിക്കൊണ്ടിരുന്നു.

## ആധുനികസ്ഥിതി

ഒന്നാംലോകമഹായുദ്ധകാലത്തു ടർക്കിയിൽനടന്ന കൂട്ടക്കൊലയും റഷ്യയിലെ കമ്മ്യൂണിസ്റ്റ് ആധിപത്യവുമാണു ഈ കഴിഞ്ഞ അരന്തററാണ്ടു കാലത്തിനിടയ്ക്കു് അർമ്മേനിയൻ സഭയെ അലട്ടിയ രണ്ടു ബീഭത്സസംഭവങ്ങൾ. ടർക്കിയിലേ കൂട്ടക്കൊല അവിടുത്തെ അർമ്മേനിയൻ സഭയെ നാമാവശേഷമാക്കിയെന്നു പറയാം. 1914നു മുമ്പു 14 മെത്രാപ്പോലീത്തമാരും 27 മെത്രാന്മാരും 1700 ഇടവകകളും ഉണ്ടായിരുന്നു. എന്നാൽ, ഈ കൂട്ടക്കൊലയുടെശേഷം കോൺസ്റ്റാൻറിനോപ്പിളിലേ അർമ്മേനിയൻ പാത്രിയർക്കീസിൻെറകീഴിൽ വെറും 22ഇടവകകൾമാത്രമാണു ടർക്കിയിൽ അവശേഷിച്ചതു്.

റഷ്യയിലേ കമ്മ്യൂണിസ്റ്റ്ഭരണം നിമിത്തം അർമ്മേനിയൻസഭ ക്രൂരമർദ്ദനങ്ങൾക്കും കൂട്ടക്കൊലകൾക്കും ഇരയായില്ലെന്നതു ശരിതന്നെ. എന്നാൽ, ഈ ഭരണം സഭയുടെ വികാസത്തേയും വളർച്ചയേയും സാരമായി സ്പർശിച്ചു. അങ്ങനെ, ഓജസ്സും തേജസ്സും നഷ്ടപ്പെട്ട് ഒരു നിർജ്ജീവഘടകമായിത്തീർന്നു അർമ്മേനിയൻസഭ. കമ്മ്യൂണിസ്റ്റാധിപത്യം റഷ്യയിൽതുടങ്ങിയതിനുശേഷം ഏതാണ്ടു10% ഇടവകകളും7% ദൈവാലയങ്ങളുംമാത്രമേ അതിജീവിച്ചുള്ളു. അർമ്മേനിയൻ സോവിയററു

www.malankaralibrary.com

റിപ്പബ്ളിക്കിലുള്ള അമ്മേനിയൻവിശ്വാസികളെല്ലാം അത്യുന്നത പാത്രിയക്കീസായ എക്മിയാഡ്സി(Echmiadzin)ൻേറയും ലെനിനാക്കൻ (Leninakan) മെത്രാൻേറയും ഭരണസീമയിൽ ഉൾപ്പെട്ടുന്നവരാണ്. ഏതാണ്ടു്, 400 ഇടവകകൾ ഉണ്ടായിരുന്നതിൽ ഇന്നു വെറും 59 മാത്രമേ അവശേഷിക്കുന്നുള്ളു. 500-ൽ പരം ദൈവാലയങ്ങളുണ്ടായിരുന്നിടത്തു് ഇന്നു വെറും 38 മാത്രമേ നിലനില്ക്കുന്നുള്ളു.

സോവിയററ്ജോർജ്ജിയായിലും സോവിയററ്അസർബായിലിലും ഉള്ള അർമ്മേനിയൻസഭയുടെ സ്ഥിതി വേദനയോടെ മാത്രമേ സ്മരിക്കാൻ സാധിക്കുന്നുള്ളു. റഷ്യൻവിപ്ലവത്തിനുമുമ്പു 430 ഇടവകകളും 437 ദൈവാലയങ്ങളും ഉൾപ്പെട്ട അഞ്ചു രൂപതകളുണ്ടായിരുന്ന സോവിയററ് അസേർബിയാൻദാനിൽ ഇന്നു 25 ഇടവകകളും 30 ദൈവാലയങ്ങളും ഉൾക്കൊള്ളുന്ന ഒരു രൂപത മാത്രമേയുള്ളു. ഇതിൻെറ തലസ്ഥാനം 'ബാകു' (Baku) ആണു്. സൈബീരിയായിൽ മരവിക്കുന്ന മഞ്ഞുകട്ടകൾക്കിടയിൽക്കിടന്നു മരണവേദനയിൽ പിടയുന്ന മനുഷ്യക്കോലങ്ങളുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നടത്തിക്കൊടുക്കേണ്ട ചുമതലയും ഈ രൂപതയിലാണു നിക്ഷിപ്തമായിരിക്കുന്നതു്.

കോക്കസ്പർവ്വതപംക്തികൾക്കു സമീപത്തായി ഒരിക്കൽ അതിപ്രാഭവത്തോടെ പ്രശോഭിച്ചിരുന്ന 'അസ്ത്രാഖാൻ' (Astrakhan) അതിരൂപത ഭൂമുഖത്തുനിന്നും അപ്രത്യക്ഷമായിരിക്കയാണു്. പശ്ചിമറഷ്യയിലുണ്ടായിരുന്ന 'ബസാറബിയാ' (Bessarabia) അതിരൂപതയുടെ അനുഭവവും അപ്രകാരംതന്നെ. എന്നാൽ, അമേരിക്ക, പാരീസ്, സിറിയാ, ഈജിപ്തു് എന്നിവിടങ്ങളിലെ അർമ്മേനിയൻറീത്തു് ഊർജ്ജസ്വലതയോടും നവോന്മേഷത്തോടും മുന്നേറുകയാണു്. ഇതു തികച്ചും ആശ്വാസപ്രദംതന്നെ.

പാത്രിയക്കാരൂപതയായ ബയിറൂട്ട്, അതിരൂപതയായ

www.malankaralibrary.com

അലെപ്പോ, ഇതിന്റെ കീഴിലുള്ള മർഡിൻ, കോൺസ്റ്റാന്റിനോപ്പിൾ എന്നിവയാണ് അർമേനിയൻസഭയിലെ പ്രധാന രൂപതകൾ. കൂടാതെ, അലക്സാണ്ഡ്റിയായിലും ഏതാനും ചെറുരൂപതകളുണ്ട്. റോമിലുള്ള അർമ്മേനിയൻ കോളേജിലെ വിദ്യാർത്ഥികൾക്കായി ഒരു പ്രിലേറ്റിനെ നിയമിച്ചിട്ടുണ്ട്. ഇന്ന് അർമേനിയൻസഭയിൽ 46 ഇടവകകളും ഏകദേശം 80വൈദികന്മാരും ഉണ്ട്. കത്തോലിക്കരുടെ സംഖ്യ ഏകദേശം 97100 ആണ്. ഏതാണ്ട് 1,600,000 അകത്തോലിക്കരും ഇവിടെയുണ്ട്.

## ദിവ്യബലി

**പ്രാരംഭം**

അർമേനിയൻ കർബാനക്രമത്തിന്റെ ഉത്ഭവം ജറുസലേമിലാണെന്നു പറയപ്പെടുന്നു. ശുദ്ധമായ അർമ്മേനിയൻഭാഷയിലാണു പ്രാർത്ഥനകളെല്ലാംതന്നെ.[1] കാർമ്മികൻ തിരുവസ്ത്രങ്ങൾ ഓരോന്നും ധരിക്കുമ്പോൾ ചൊല്ലുവാൻ പ്രത്യേകം പ്രത്യേകം പ്രാർത്ഥനകളുണ്ട്. സഹായികൾ മറുപടിപ്രാർത്ഥനയും ചൊല്ലുന്നു. കാർമ്മികൻ മദ്ബഹായുടെ മധ്യത്തിൽ വന്നുനിന്ന്, 'പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ' എന്നു തുടങ്ങി പരിശുദ്ധകന്യകാമറിയത്തിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയോടെ ദിവ്യബലി ആരംഭിക്കുന്നു. താഴത്തെപടവിയിൽനിന്നുകൊണ്ടു കാർമ്മികനും ഡീക്കനും മാറിമാറി പ്രത്യേകപ്രാർത്ഥനകൾ ചൊല്ലുന്നു. ഈ പ്രാർത്ഥനകൾ മിക്കവാറും ലത്തീൻറീത്തിന്റെ അനുകരണമാണ്.[2]

**ജ്ഞാനസ്നാനാർത്ഥികളുടെ കുർബാന**

താഴത്തെപടവിയിൽനിന്നുള്ള പ്രാർത്ഥന അവസാനിക്കുമ്പോൾ കാർമ്മികൻ ബലിപീഠത്തെസമീപിച്ചു ചുംബിക്കുന്നു.

1. *Ibid* P. 183
2. KING ARCHDALE A., *op. cit.* P. 592

www.malankaralibrary.com

അപ്പോൾ, ഡീക്കൻ "നമുക്കു പ്രാർത്ഥിക്കാം" എന്നു ഉച്ചത്തിൽ അറിയിക്കുന്നു. ഇതോടെ ജ്ഞാനസ്നാനാർത്ഥികൾക്കുള്ള ഭാഗം ആരംഭിക്കുന്നു. വി. ഗ്രന്ഥവും വഹിച്ചുകൊണ്ടു ബലിപീഠത്തിനു ചുററുമുള്ള പ്രദക്ഷിണമാണ് അടുത്തചടങ്ങ്. പ്രദക്ഷിണത്തിൻെറ അവസാനം വി. ഗ്രന്ഥം ധൂപിക്കുകയും അതു മദ്ബഹായിലുള്ളവരെ മുത്തിക്കുകയും ചെയ്യുന്നു. തുടർന്നുള്ള ലുത്തിനിയാപ്രാർത്ഥനയ്ക്കുശേഷം സുവിശേഷം വായിക്കുകയും വിശ്വാസപ്രമാണം ചൊല്ലുകയും ചെയ്യുന്നു. പിന്നിട്ട്, കാർമ്മികൻ കൈകൾ വിരിച്ചുപിടിച്ചുകൊണ്ടു പ്രാർത്ഥിക്കുന്നു. ഈ പ്രാർത്ഥനയ്ക്കുശേഷം ജനങ്ങളെ ആശീർവ്വദിക്കുന്നു.

**വിശ്വാസികളുടെ ബലി**

കാർമ്മികൻ ഒൻപതുപ്രാവശ്യം ബലിപീഠം ധൂപിക്കുന്നതോടെ ഈ ഭാഗം ആരംഭിക്കുന്നു. പിന്നീട്, ബലിവസ്തുക്കൾ ശിരസിനുമുകളിൽ കാണത്തക്കവിധം ഉയർത്തുന്നു. അതിനുശേഷം കാർമ്മികൻ താഴ്ന്നസ്വരത്തിൽ ഒരു പ്രാർത്ഥന ചൊല്ലുന്നു. തുടർന്നു ജനങ്ങളെ ആശീർവ്വദിക്കുകയും സമാധാന ചുംബനം നല്കുകയും ചെയ്യുന്നു.

**അനാഫൊറാ**

''ഭയത്തോടും ബഹുമാനത്തോടും ശ്രദ്ധയോടുംകൂടി നമുക്കു ശുശ്രൂഷചെയ്യാം'' എന്നു ഡീക്കൻ അറിയിക്കുന്നതോടെ അനാഫൊറ ആരംഭിക്കുന്നു. "ഗുരോ ആശീർവ്വദിച്ചാലും" എന്നു ഡീക്കൻ വിനീതമായി അഭ്യർത്ഥിക്കുമ്പോൾ കാർമ്മികൻ കൈക്കുരിശുകൊണ്ടു (hand cross) അയാൾക്കു ആശീർവ്വാദം നല്കുന്നു. ''ഇതു ന്യായവും യുക്തവുമാകുന്നു" എന്നു തുടങ്ങുന്ന പ്രാർത്ഥന ഡീക്കനും ഗായകസംഘവും മാറിമാറി ചൊല്ലുന്നു. അനന്തരം കാർമ്മികൻ കൂദാശവചനങ്ങൾ ഉച്ചരിക്കുകയും മററു പ്രാർത്ഥനകൾ ചൊല്ലുകയും ചെയ്യുന്നു. ഈ സമയം ജനങ്ങൾ മുട്ടുകുത്തി നില്ക്കുന്നു.

ഇതുകഴിഞ്ഞുള്ള പ്രാർത്ഥനകൾക്കും ആശീർവ്വാദങ്ങൾക്കും


www.malankaralibrary.com

ശേഷം കാർമ്മികൻ ഇടത്തുകയ്യിൽ കാസയും വലത്തുകയ്യിൽ തിരുവോസ്തിയും പിടിച്ചു ജനങ്ങൾക്ക് അഭിമുഖമായി നിന്നു കൊണ്ടു "നമ്മുടെ രക്ഷകനും കർത്താവുമായ മിശിഹായുടെ തിരുശരീരത്തിൽനിന്നും തിരുരക്തത്തിൽനിന്നും പങ്കുകൊള്ളാം" എന്ന പ്രാർത്ഥനചൊല്ലി ആശീർവ്വദിക്കുന്നു.[1]

തദനന്തരം, ശുശ്രൂഷികൾ മദ്ബഹാ തിരുശീലകൊണ്ടു മറയ്ക്കുന്നു. നിർദ്ദിഷ്ടപ്രാർത്ഥനചൊല്ലിക്കൊണ്ടു കാർമ്മികൻ തിരുവോസ്തി കാസയുടെ മുകളിലായിപ്പിടിച്ച് അതിനെ മൂന്നായി മുറിക്കുന്നു. ഒരുഭാഗം കാസയിൽ നിക്ഷേപിക്കുന്നു. മററരണ്ടു ഭാഗങ്ങൾ ഒരുമിച്ചുപിടിച്ചുകൊണ്ടു താഴ്ന്നസ്വരത്തിൽ പ്രാർത്ഥിക്കുന്നു. ഗായകസംഘം ഈ സമയത്തു 'ഹല്ലേലുയ്യ' പാടുന്നു. രഹസ്യത്തിലുള്ള മൂന്നുപ്രാർത്ഥനകൾ ചൊല്ലിയശേഷം കാർമ്മികൻ വി. കുർബാന സ്വീകരിക്കുന്നു. ഉടൻതന്നെ വിശ്വാസികളുടെ വി. കുർബാന സ്വീകരണമാണ്. അതിനുശേഷം കാർമ്മികൻ കൃതജ്ഞതാപ്രകരണങ്ങൾ നടത്തുമ്പോൾ ഗായകസംഘം ഒരു സ്തോത്രഗീതം ആലപിക്കും. "സമാധാനം നിങ്ങളോടുകൂടെ" എന്നുചൊല്ലി കാർമ്മികൻ ജനങ്ങളെ വീണ്ടും ആശീർവദിക്കുന്നു. തുടന്നു വി. യോഹന്നാൻെറ സുവിശേഷം ഒന്നാംഅദ്ധ്യായം 1-മുതൽ 18-വരെ വാക്യങ്ങൾ വായിക്കുന്നു. ഇതിൻെറ അവസാനം വി. ഗ്രന്ഥംകൊണ്ടു ജനങ്ങളെ ആശീർവദിക്കും. അനന്തരം, കാർമ്മികൻ രഹസ്യത്തിൽ പ്രാർത്ഥിക്കുമ്പോൾ ഡീക്കൻ ജനങ്ങളെ ധൂപിക്കുന്നു. കാർമ്മികൻ ജനങ്ങളെ ഒരിക്കൽകൂടി അശീർവദിക്കുന്നതോടെ ദിവ്യബലി അവസാനിക്കുന്നു.

## കൂദാശകൾ

**മാമ്മോദീസ**

വളരെ നീണ്ട ചടങ്ങാണു മാമ്മോദീസയുടേത്. തലതൊട്ടപ്പൻ ശിശുവിനുവേണ്ടി വിശ്വാസപ്രഖ്യാപനം നടത്തുകയും

1. *Ibid* P. 632

www.malankaralibrary.com

പിശാചിനേയും അവൻെറ ആഡംബരങ്ങളേയും ഉപേക്ഷിക്കുന്നു എന്നു പ്രതിജ്ഞചെയ്യുകയും ചെയ്യുന്നു. കാർമ്മികൻ വി.മത്തായിയുടെ സുവിശേഷം 21:16-20വരെ വാക്യങ്ങൾ വായിക്കുന്നു. അനന്തരം, കാർമ്മികനും തലതൊട്ടപ്പനും നിഖ്യാവിശ്വാസപ്രമാണം ചൊല്ലുന്നു.[1] എല്ലാവരും മാമ്മോദീസത്തൊട്ടിയെ സമീപിക്കുന്നു. വെള്ളം വെഞ്ചിരിച്ചശേഷം കാർമ്മികൻ 117-ാം സങ്കീർത്തനവും (ഒന്നും രണ്ടും വാക്യങ്ങൾ) മററ പ്രാർത്ഥനകളും ചൊല്ലി മൂന്നുതുള്ളി വി. തൈലം വെള്ളത്തിൽ കലത്തുന്നു. ശിശുവിനെ മാമ്മോദീസത്തൊട്ടിയിൽ കിഴക്കോട്ടു തിരിച്ചിരുത്തുന്നു. കൂദാശവചനങ്ങൾ ഉച്ചരിച്ചുകൊണ്ടു ശിശുവിൻെറ തലയിൽ മൂന്നുപ്രാവശ്യം കാർമ്മികൻ വെള്ളമൊഴിക്കുന്നു. വീണ്ടും ഒരു പ്രാർത്ഥനചൊല്ലി ശിശുവിനെ മൂന്നുപ്രാവശ്യം വെള്ളത്തിൽ മുക്കുന്നു. അതോടെ ജ്ഞാനസ്നാനാർത്ഥി സത്യസഭയുടെ സജീവാംഗമായിത്തീരുന്നു. അനന്തരം സ്ഥൈര്യലേപനവും നല്കപ്പെടുന്നു.

### സ്ഥൈര്യലേപനം

നിർദ്ദിഷ്ടപ്രാർത്ഥനകൾചൊല്ലിക്കൊണ്ടു കാർമ്മികൻ ശിശുവിൻെറ ദേഹത്തു വി. തൈലം പൂശുന്നു. വെളുത്തതും ചുവന്നതുമായ നൂലുകൾചേർത്തു പിരിച്ചുണ്ടാക്കിയ ഒരു ചരടു് ശിശുവിൻെറ തലയിൽ കെട്ടുന്നു. അതിൽ ഒരു ചെറിയ കുരിശും കോർത്തിട്ടിരിക്കും. ഒരു വെള്ളവസ്ത്രവും കൊടുക്കുന്ന പതിവുണ്ടു്. എട്ടു ദിവസങ്ങൾക്കുശേഷമേ ആ ചരടു് അഴിച്ചുമാററുകയുള്ളു.

### കുമ്പസാരം

ആദ്യകാലങ്ങളിൽ വിവാഹിതരായ വൈദികന്മാർമാത്രമേ അൽമായരുടെ കുമ്പസാരം കേട്ടിരുന്നുള്ളു. അതു സങ്കീർത്തിയിലൊ, വീട്ടിലോവച്ചാണു നടത്തിയിരുന്നതു്. കുമ്പസാരിക്കു

1. DONALD, ATTWATER, *op. cit.* P. 184

www.malankaralibrary.com

ന്നയാൾ പാപങ്ങളെല്ലാം വൈദികനോടു പറഞ്ഞശേഷം പ്രധാന പാപങ്ങളെപ്പററി മനസ്തപിക്കുന്നു. പാപമോചനം ഏതാനും ദിവസങ്ങൾ കഴിഞ്ഞു നല്കിയാലും മതിയായിരുന്നു.[1] പഴയ ഈ പതിവുകളെല്ലാം നാമാവശേഷമായിത്തീർന്നിരിക്കയാണു്. കുമ്പസാരക്കൂടിന്റെ ഉപയോഗവും ഇന്നു സർവ്വസാധാരണമാണു്.[2]

## വി. കുർബാന സ്വീകരണം

ദിവ്യബലിയർപ്പണത്തിൽ കാർമ്മികൻ വി. കുർബാന സ്വീകരിച്ചുകഴിയുമ്പോൾ മദ്ബഹായുടെ വിരി മാററപ്പെടുന്നു. ഡീക്കൻ കാസയെടുത്തു ജനങ്ങളുടെനേരേ തിരിഞ്ഞു് 'നിങ്ങൾ വിശ്വാസത്തോടും ഭയത്തോടുംകൂടി സമീപിക്കുകയും വിശുദ്ധിയോടുകൂടി സ്വീകരിക്കുകയും ചെയ്യുവിൻ' എന്നു ചൊല്ലിക്കൊണ്ടു വിശ്വാസികളെ വി. കുർബാന സ്വീകരണത്തിനു ക്ഷണിക്കുന്നു. മുട്ടിന്മേൽനിന്നുകൊണ്ടാണു വിശ്വാസികൾ വി. കുബ്ബാന സ്വീകരിക്കുക. ഒരു സാദൃശ്യത്തിൽമാത്രമേ വി. കുർബാന നല്കാറുള്ളു. കാർമ്മികൻ വി. കുർബാന നല്കിക്കഴിഞ്ഞു ജനങ്ങളെ അശീർവ്വദിക്കുന്നു. ഉടൻതന്നെ മദ്ബഹായുടെ വിരി ഇടുകയും ചെയ്യുന്നു.

## രോഗിലേപനം

ഏഴു വൈദികന്മാരെങ്കിലും ഈ കർമ്മത്തിനുവേണമെന്നായിരുന്നു നിബന്ധന. എന്നാൽ, ഇന്നു് ഈ നിയമത്തിൽ വളരെ അയവുകൾ വരുത്തിയിട്ടുണ്ടു്. ഈ നിയമം പ്രാബല്യത്തിലിരുന്നകാലത്തു വൈദികന്മാരുടെ അഭാവംമൂലം രോഗിലേപനം നടത്താൻ സാധിച്ചിരുന്നില്ല. കാലക്രമത്തിൽ ഈ പതിവു നിശ്ശേഷം നിന്നുപോയതായിവേണം പരിഗണിക്കുവാൻ. ഏതായാലും 14-ാംനൂററാണ്ടുമുതൽ വീണ്ടും ഈ പതിവു പ്രാബല്യത്തിൽ വന്നു എന്നതിനു തെളിവുകളുണ്ടു്.

1. KING, ARCHDALE; A.; *op. cir.* P. 229
2. DONALD, ATTWATER; *op. cit.* P. 184

www.malankaralibrary.com

### പൗരോഹിത്യം

ലത്തീൻക്രമത്തിൽ തിരുപ്പട്ടം നല്കുന്ന ഏകപൗരസ്ത്യ സഭ അർമ്മേനിയനാണ്. നാലു സാധാരണ പട്ടങ്ങളും (Minor orders) മൂന്നുപ്രധാനപട്ടങ്ങളും (Major orders) നിലവിലുണ്ട്. ഹെവുപ്പദ്യാക്കനാ, മ്ശമ്ശാനാ എന്നീ പ്രധാനപട്ടങ്ങൾ നല്കുമ്പോൾ മെത്രാൻ അർത്ഥിയുടെ തലയിൽ കൈവച്ചു പ്രാർത്ഥിക്കുന്നു. ലത്തീൻക്രമത്തിലേതുപോലെ ഓരോ പട്ടം സ്വീകരിക്കുമ്പോഴും കാർമ്മികൻ അധികാരചിഹ്നങ്ങളും തിരുവസ്ത്രങ്ങളും നല്കുന്നു.

### വിവാഹം

വധുവിന്റെ ഭവനത്തിൽവച്ചു വധൂവരന്മാരെ പുഷ്പമുടി ധരിപ്പിക്കുന്ന പതിവുണ്ട്. കൗദാശികകർമ്മങ്ങളെല്ലാം ദൈവാലയത്തിൽവച്ചാണു നടത്തുക. വധുവിന്റെ വീട്ടിൽ വച്ചു പാനപാത്രം ആശീർവദിക്കുന്നതോടെ വിവാഹച്ചടങ്ങ് അവസാനിക്കുന്നു. സ്പഷ്ടമായും സ്വേഷ്ടമായും രണ്ടുപേരും വിവാഹസമ്മതം പ്രഖ്യാപിക്കണമെന്നുള്ളതു നിർബന്ധമാണ്.[1]

## ചില പ്രത്യേകതകൾ

### കാനോനനമസ്ക്കാരം (Divine office)

കാനോനനമസ്ക്കാരം ഒൻപതായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഇവയിൽ മുഖ്യഭാഗവും സങ്കീർത്തനങ്ങളാണ്. വി. നേർസ്സെസ് (St. Nerses) വി. ജോൺ മൻറാക്കുണി St. John Mantakuni) എന്നിവരാൽ വിരചിതങ്ങളായ കീർത്തനങ്ങളും ഇതിൽ ഉൾപ്പെടുന്നുണ്ട്. ആഴ്ചയിലെ ഓരോ ദിവസത്തേക്കുമായി കീർത്തനങ്ങളെ ഏഴായി ഭാഗിച്ചിരിക്കുന്നു. 1911-ൽ പരിശുദ്ധ സിംഹാസനത്തിൽനിന്നും പുറപ്പെടുവിച്ച ഒരു

1. *Ibid* P. 185

www.malankaralibrary.com

ഡിക്രിമൂലം എല്ലാ വൈദികന്മാരേയും കാനോനനമസ്കാരം ചൊല്ലുവാൻ കടപ്പെടുത്തിയിട്ടുണ്ട്.[1]

**തിരുവസ്ത്രങ്ങൾ**

അർമ്മേനിയൻസഭയിലെ മെത്രാന്മാർ, പാശ്ചാത്യറീത്തുകളിലെ മെത്രാന്മാർ ഉപയോഗിക്കുന്ന രീതിയിലുള്ള വടിയും തൊപ്പിയും ഉപയോഗിക്കുന്നു. മോതിരം അണിയുന്നതു ചെറുവിരലിലാണ്. പാശ്ചാത്യരീതികൾ എല്ലാം ഏതാണ്ട് അന്ധമായി അനുകരിക്കയാണെന്നു പറയാം. വൈദികന്മാരുടെ സാധാരണവസ്ത്രം കറുത്ത ളോവയാണ്. ചിലപ്പോൾ, ഒരു കറുത്ത തൊപ്പിയും കാണും. മെത്രാന്മാരും സന്യാസികളും ഈ തൊപ്പി തലമുണ്ടിനു മുകളിൽവയ്ക്കുന്നു. ഈ ശിരോവസ്ത്രധാരണം അർമ്മേനിയൻസഭയുടെ ഒരു പ്രത്യേകതയായി പരിഗണിക്കാം.

ദിവ്യബലിക്ക് ഉപയോഗിക്കുന്ന പാത്രങ്ങൾ ബൈസന്റയിൻറീത്തിലുള്ളതുതന്നെ. എന്നാൽ, സ്പൂണും സ്റ്റാറും (Star) ഉപയോഗിക്കാറില്ല. കർബാനയ്ക്കു പുളിപ്പില്ലാത്ത അപ്പം ഉപയോഗിക്കുന്നു. വീഞ്ഞിനോടുകൂടി വെള്ളം ചേർക്കാറില്ല. ഞായറാഴ്ചയും, ശനിയാഴ്ചയും പ്രധാന തിരുനാൾ ദിവസങ്ങളിലും, മാത്രമേ ദിവ്യബലി അർപ്പിച്ചിരുന്നുള്ളു. എന്നാൽ ഇന്ന് ഈ രീതിക്ക് സാരമായ മാററം വന്നിട്ടുണ്ട്.

**പഞ്ചാംഗം**

മററു റീത്തുകളിൽനിന്നും തികച്ചും വ്യത്യസ്ഥമായ ഒന്നാണ് അർമ്മേനിയൻ സഭയുടെ പഞ്ചാംഗം. പ്രധാനപ്പെട്ട ഏഴു തിരുനാളുകൾമാത്രമേയുള്ളു. മററു തിരുനാളുകളെല്ലാം ഞായറാഴ്ചദിവസം കൊണ്ടാടപ്പെടുന്നു. തന്നിമിത്തം, അവയ്ക്കത്ര പ്രാധാന്യം കല്പിക്കാറില്ല. ആകെ 130 വിശുദ്ധരുടെ തിരുനാളുകൾ ആഘോഷിക്കാറുണ്ട്. അവയിൽ അധികവും അർമ്മേനിയൻ വിശുദ്ധരുടേതാണ്.

1. *Ibid*

www.malankaralibrary.com

# VII

# കൽദായ റീത്ത്

**ഉത്ഭവം**

പൗരസ്ത്യ റീത്തുകളിൽ പ്രധാനപ്പെട്ട ഒന്നാണ് കൽദായ റീത്ത്. എബ്രായപാരമ്പര്യങ്ങളുടേയും വേദപുസ്തകങ്ങളുടേയും പശ്ചാത്തലത്തിൽ, തികച്ചും സെമിററിക്സംസ്കാരത്തിൻെറ തണലിലാണ് ഈ റീത്തു രൂപം കൊണ്ടിട്ടുള്ളതു്. കൽദായ പ്രദേശത്തു് അധിവസിച്ചിരുന്നവരുടേതായിരുന്നതുകൊണ്ടാണ കൽദായറീത്തെന്നു പേരുണ്ടായതു്. ദേശീയാടിസ്ഥാനത്തിലുണ്ടായ ഈ പേരിനു് ഔദ്യോഗികാംഗീകാരം ലഭിച്ചതു 15-ാം നൂററാണ്ടിലാണ്. സൈപ്രസ്സിലേ നെസ്തോറിയൻ വിഭാഗക്കാരുടെ സഭൈക്യത്തോടെ എവുജിൻ 4-ാമൻ പാപ്പ പൗരസ്ത്യസുറിയാനിസഭക്കാർ കൈക്കൊണ്ട "കൽദായക്കാർ" എന്ന പേരിനു സ്ഥിരീകരണം നല്കി[1] കത്തോലിക്കസഭയുമായിഐക്യത്തിലിരിക്കുന്ന എല്ലാ പൗരസ്ത്യസുറിയാനിക്കാരും "കൽദായക്കാർ" എന്നപേരിലറിയപ്പെടാൻ തുടങ്ങിയതു

1. KING, ARCHDALE, *op. cit.* P. 251

www.malankaralibrary.com

17-ാം നൂററാണ്ടോടുകൂടിയാണ്. ഈ റീത്തിനു പൗരസ്ത്യസിറിയൻ, മെസോപ്പൊട്ടേമിയൻ, പേഷ്യൻ, എദേസൻ എന്നീ പേരുകളും ഉണ്ട്. പ്രസ്തുത പ്രദേശങ്ങളുമായുള്ള ബന്ധത്തിൽ നിന്നാണ് ഈ പേരുകളുടെ ഉത്ഭവം.

## പൂർവ്വചരിത്രം

നൂററാണ്ടുകൾ നീണ്ടുനിന്ന ദുരന്തങ്ങൾക്കും യാതനകൾക്കും ഈ റീത്തുകാർ വിധേയരായിട്ടുണ്ടെങ്കിലും സേവനത്തിൻെറ നീണ്ടചരിത്രവും മഹത്തായ പാരമ്പര്യങ്ങളും കൽദായറീത്തിനുണ്ട്. ബേത്ലഹമിൽപിറന്ന ലോകരക്ഷകനായ ക്രിസ്തുവിനെ ആരാധിക്കുവാൻ വന്നെത്തിയ രാജാക്കന്മാർ കൽദായദേശക്കാരായിരുന്നുവെന്ന വസ്തുത ഇന്നും അഭിമാനത്തോടെയാണ് ഇവർ സ്മരിക്കുന്നത്.[1] കൽദായദേശത്ത് ആദ്യമായി സുവിശേഷം പ്രസംഗിച്ചതു് ആരാണെന്നതിനെപ്പററി പല അഭിപ്രായങ്ങളുണ്ട്. അഫ്ഗാർ രാജാവിൻെറകാലത്ത് അപ്പസ്തോലഗണത്തിൽപ്പെട്ട യൂദാസ്തദേവൂസാണ് ഇവിടെ സുവിശേഷംപ്രസംഗിച്ചതു് എന്നൊരഭിപ്രായം പരമ്പരാഗതമായി നിലനിന്നുപോരുന്നുമുണ്ട്. രോഗഗ്രസ്തയായ തൻെറ പുത്രിയെ സുഖപ്പെടുത്തണമെന്ന് അഫ്ഗാർ രാജാവു ക്രിസ്തുവിനോടു അഭ്യർത്ഥിക്കുകയും, ക്രിസ്തുനാഥൻ തൻെറ ശിഷ്യനായ തദേവൂസിനെ അയച്ചു രാജപുത്രിയെ സുഖപ്പെടുത്തുകയും ചെയ്തതായി പറയപ്പെടുന്നു. കൃതജ്ഞതപ്രകടനാർത്ഥം രാജാവും കുടുംബാംഗങ്ങളും മററനേകംപേരും ക്രിസ്ത്യാനികളായിത്തീർന്നു. ഭാരതത്തിൻെറ അപ്പസ്തോലനായ വി. തോമ്മാശ്ലീഹ തന്നെയാണു കൽദായനാട്ടിലും ആദ്യമായി സുവിശേഷം പ്രസംഗിച്ചതെന്നു മറെറാരഭിപ്രായവുമുണ്ട്. പക്ഷേ, ഇതിനും ചരിത്രപരമായ തെളിവുകളൊന്നുമില്ല. കൽദായദേശത്തു ക്രിസ്തുമതത്തിൻെറ ആരംഭം എങ്ങനെ ആയിരുന്നാലും 3-ാംനൂററാ

1. *Ibid* P. 255

www.malankaralibrary.com

ണ്ടിൻെറ ആദ്യഘട്ടത്തിൽ അവിടെ സഭ വേരൂന്നിക്കഴിഞ്ഞിരുന്നുവെന്നതു തീർച്ചതന്നെ.

പ്രേഷിതചൈതന്യത്തിലും സന്യസ്തജീവിതത്തിലും ഗണ്യമായ പുരോഗതി കൽദായസഭയിൽ ദൃശ്യമായിരുന്നു. എന്നാൽ, നിർഭാഗ്യമെന്നു പറയട്ടെ, സാപ്പോർ രണ്ടാമൻെറ കാലത്തു് അവിടെ ഉഗ്രമായ മതമർദ്ദനമുണ്ടായി. ഈ മതപീഡനം അനേകായിരം രക്തസാക്ഷികളെ കൽദായസഭയ്ക്കു നേടിക്കൊടുത്തു.

## ഭിന്നതകൾ

അഞ്ചാംനൂററാണ്ടിൻെറ അവസാനത്തോടുകൂടി കൽദായസഭയിൽ വിശ്വാസപരമായ പല അബദ്ധങ്ങളും തലപൊക്കി. ഇവയിൽ മുഖ്യമായതു നെസ്തോറിയൻ പാഷണ്ഡതയാണു്.[1] സിറിയയിലും മെസപ്പൊട്ടേമിയയിലുമാണു് ആദ്യമായി ഇതിനു പ്രചാരം സിദ്ധിച്ചതു്. താമസിയാതെ, ചില രാഷ്ട്രീയകാരണങ്ങളാൽ പേർഷ്യയിലേക്കും നെസ്തോറിയനിസം കടക്കാനിടയായി. എങ്കിലും, മാർപ്പാപ്പയുടെ പരമാധികാരത്തെ അവർ ചോദ്യം ചെയ്യുകയോ നിഷേധിക്കുകയോ ചെയ്തിട്ടില്ല. അഞ്ചാം സബർ ഈശോ പാത്രിയർക്കീസിൻെറ കാലത്തും (1226-1256) അദ്ദേഹത്തിൻെറ പിൻഗാമിയായ മൂന്നാം യബാലഹയുടെകാലത്തും തെററുകൾ തിരുത്തുവാനും റോമയുമായുള്ള ബന്ധം പുനഃസ്ഥാപിക്കുവാനുമുള്ള പരിശ്രമങ്ങൾ ഭിന്നിച്ചുനിന്നവരുടെ ഭാഗത്തുനിന്നുമുണ്ടായി. പക്ഷേ, 16-ാംനൂററാണ്ടിൻെറ മദ്ധ്യത്തോടുകൂടിമാത്രമേ അവ വിജയമകുടം ചൂടിയുള്ളു.

## വിഭാഗങ്ങൾ

കൽദായറീത്തിനു സീറോ-കൽദായ, സീറോ-മലബാർ എന്നിങ്ങനെ രണ്ടു വിഭാഗങ്ങളാണുള്ളതു്. സീറോ-കൽദായ

1. *Ibid* P. 259

www.malankaralibrary.com

റീത്ത്, സിറിയ, ഇറാക്ക്, ഇറാൻ, ടർക്കി, ലെബനോൺ എന്നീ സ്ഥലങ്ങളിലും സീറോമലബാർറീത്ത്, ഇൻഡ്യയിലും പ്രചാരത്തിലിരിക്കുന്നു.

നാലാംനൂററാണ്ടോടുകൂടിയാണു കൽദായർ കേരളീയരുമായി സമ്പർക്കത്തിലേർപ്പെട്ടതു്. തത്ഫലമായി കേരളത്തിൽ കൽദായറീത്തു നടപ്പിലായി. പോർട്ടുഗീസുകാരുടെ ആഗമനംവരെ ഈ റീത്തായിരുന്നു നിലവിലിരുന്നതു്. എന്നാൽ, പോർട്ടുഗീസുകാർ ഇതിൽ പല വ്യതിയാനങ്ങളും വരുത്തി. ഈ അദ്ധ്യായത്തിൽ സീറോ കൽദായ റീത്താണു പ്രതിപാദ്യം.

## സീറോ കൽദായറീത്ത്

### ആധുനികസ്ഥിതി

ഇറാക്കിൽ എട്ടും പേർഷ്യയിൽ രണ്ടും സിറിയ, ലബനോൺ എന്നിവിടങ്ങളിൽ ഓരോന്നും അങ്ങനെ പന്ത്രണ്ടു രൂപതകൾ ഈ റീത്തിലുണ്ടു്.[1] 1962-ലെ കണക്കനുസരിച്ച് ഏകദേശം 190,000 കത്തോലിക്കരും 75,000 നെസ്തോറിയരുമാണു് ആകെ ജനസംഖ്യ.[2] 1958-ൽ തിരഞ്ഞെടുക്കപ്പെട്ട മാർ പൗലോസ് രണ്ടാമനാണു് ഇപ്പോഴത്തെ കത്തോലിക്കാ പാത്രിയർക്കീസു്. കേരളത്തിലേ കൽദായർ ഒഴികെ മററെല്ലാവരും ഇദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിലാണു്.

### ദൈവാലയം

മദ്ബഹാ, ഹൈക്കലാ, കെസ്ത്രോമ്മാ എന്നു മൂന്നുഭാഗങ്ങളാണു കൽദായപള്ളികൾക്കുള്ളതു്. മദ്ബഹായുടെ ഇരുവശങ്ങളിലുമായി സങ്കീർത്തിയും മാമ്മോദീസാത്തൊട്ടിയും സ്ഥിതിചെയ്യുന്നു. പാട്ടുകാർക്കു നില്ക്കാനുള്ള സ്ഥലമാണു കെസ്ത്രോമ്മ.

1. ATTWATER, DONALD., *op. cit.* P. 193
2. *Oriente Catholico* P. 377

www.malankaralibrary.com

ഹൈക്കലായുടെ മദ്ധ്യത്തിൽ 'ബേമ്മാ' എന്ന പേരോടുകൂടിയ ഒരുയന്നപീഠം പുരാതന ദൈവാലയങ്ങളിലുണ്ടായിരുന്നു. കുർബാനയുടെ ആദ്യഭാഗം ഇവിടെ വച്ചായിരുന്നു നടത്തിയിരുന്നതു്. ബേമ്മയുടെ മൂന്നുവശവും അഴിക്കാലുകൾകൊണ്ടുചുററപ്പെട്ടിരിക്കുന്നു. ഓരോവശത്തും ഓരോവാതിലും ഉണ്ടായിരിക്കും. ഹൈക്കലായുടെ കിഴക്കുഭാഗം പുരുഷന്മാർക്കും പടിഞ്ഞാറുഭാഗം സ്ത്രീകൾക്കുമായി വിഭജിച്ചിരിക്കുന്നു. ഇരുകൂട്ടർക്കും പ്രവേശിക്കുവാൻ പ്രത്യേകം വാതിലുകളുമുണ്ടു്. നിലത്തിരുന്നുകൊണ്ടു പ്രാർത്ഥിക്കയായിരുന്നു പതിവു്. എന്നാൽ, ഇപ്പോൾ ബെഞ്ചുകളും ഉപയോഗിക്കുന്നുണ്ടു്.[1]

## അപ്പവും വീഞ്ഞും തയ്യാറാക്കുന്ന ക്രമം

പുളിച്ചഅപ്പമാണു ബലിയർപ്പണത്തിനുപയോഗിക്കുന്നതു്. വൈദികന്മാരോ ആറാംപട്ടക്കാരോ ആയിരിക്കും അപ്പം ചുടുന്നതു്. ചെരിപ്പുധരിച്ചു്, അരമുറുക്കി കിഴക്കോട്ടഭിമുഖമായി നിന്നുകൊണ്ടാണു് ഈ അപ്പം ചുടീൽക്രമം നിറ്വ്വഹിക്കേണ്ടതു്. അപ്പം ചുടുന്നതിനുള്ള നീണ്ടക്രമങ്ങൾ ഇപ്പോൾ വളരെയധികം ചുരുക്കിയിട്ടുണ്ടു്. വീഞ്ഞിൻെറ ദൗർലഭ്യം നിമിത്തം വീഞ്ഞും വെള്ളവും തുല്യഅളവിൽ ഉപയോഗിക്കുവാൻ അനുവാദമുണ്ടു്.

## ദിവ്യബലി

അപ്പസ്തോലികകാലത്തെ ദിവ്യബലിയോടു വളരെ സാധർമ്മ്യമുണ്ടു്, കൽദായരുടെ കുർബ്ബാനക്രമത്തിനു്. കൽദായകുർബ്ബാനക്രമത്തിൻെറ ഉത്ഭവം, വളർച്ച, വികാസം എന്നിവയെപ്പററി അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിലും, അഞ്ചാംനൂററാണ്ടാരംഭത്തോടെ അതിൻെറ വളർച്ച ഏതാണ്ടൊരുപൂർണ്ണതയിലെത്തിയിരുന്നുവെന്നതു തീർച്ചയാണു്.

1. DONALD ATTWATER, *op. cit.* P. 305

www.malankaralibrary.com

**അനാഫൊറ** (Anaphora)

കുർബ്ബാനയുടെ ക്രൂദാംശഭാഗത്തിനാണ് അനാഫൊറ എന്നുപറയുന്നതു്. കൽദായറീത്തിൽ മൂന്നു അനാഫൊറകൾ ഉപയോഗത്തിലിരിക്കുന്നു. കത്തോലിക്കർക്കും അകത്തോലിക്കർക്കും പൊതുവാണ് അവയെല്ലാം. പേർഷ്യയുടെ അപ്പസ്തോലനായ വി. ആദായിയുടേയും അദ്ദേഹത്തിൻെറ ശിഷ്യനായ മാറിയുടേയും അനാഫൊറയാണ് ആദ്യത്തേതു്. അപ്പസ്തോലന്മാരുടെ അനാഫൊറയെന്നും ഇതിനെ വിളിക്കാവുന്നതു്. വലിയ ശനിയാഴ്ചമുതൽ ആഗമനകാലംവരെ ഈ അനാഫൊറയാണ് ഉപയോഗിക്കുന്നതു്. മരിച്ചവൎക്കുവേണ്ടിയുള്ള കുർബ്ബാനയിലും വിശുദ്ധരുടെ ഓൎമ്മദിവസങ്ങളിലും സാധാരണ ദിവസങ്ങളിലും ആണ്ടുവട്ടത്തിലേ എല്ലാ സാധാരണകുർബ്ബാനകളിലും ഇതു തന്നെയാണു ഉപയോഗിക്കുക. മോപ്സുവെസ്റ്റിയായിലെ തിയോഡോറിൻെറ അനാഫൊറയാണു രണ്ടാമത്തേതു്. ഇതു് ആഗമനകാലത്തിലേ ഒന്നാംഞായറാഴ്ച മുതൽ ഓശാനത്തിരുനാൾ വരെ ഉപയോഗിക്കപ്പെടുന്നു. മൂന്നാമത്തേതു നെസ്തോറിയൻേറതാണ്. ദനഹാ, വിശുദ്ധ യോഹന്നാൻ മാംദാനയുടെ ഓർമ്മ, ഗ്രീക്കുസഭാപിതാക്കന്മാരുടെ ഓൎമ്മ, മൂന്നുനോമ്പിലേ ബുധനാഴ്ച, പെസഹാവ്യാഴാഴ്ച എന്നീ ദിവസങ്ങളിലും ഉപയോഗിക്കുന്നു.[1]

## കൽദായകുൎബ്ബാനയുടെ വിവിധഭാഗങ്ങൾ

**പ്രാരംഭഭാഗം** (Exarxis)

പുരോഹിതൻ മദ്ബഹായിൽ പ്രവേശിച്ചു് അൾത്താരയുടെ താഴത്തെ പടവിയിൽ നിന്നുകൊണ്ടു പ്രാരംഭപ്രാൎത്ഥനകൾ-അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി (മൂന്നുപ്രാവശ്യം), സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ - ചൊല്ലുന്നു. ഞായറാഴ്ചകൾക്കും തിരുനാളുകൾക്കും സാധാരണ ദിവസങ്ങൾക്കും

1. KING, ARCHDALE, A., *op. cit.* P: 325-326

www.malankaralibrary.com

പ്രത്യേകം പ്രത്യേകം സ്ലോസകളുണ്ട്. പിന്നീടു നടക്കുക സങ്കീർത്തനാലാപമാണ്; 14, 150, 116 എന്നിവ. തുടർന്ന് അൾത്താരയോട് ചേർന്നുനിന്നുകൊണ്ടു "കർത്താവേ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു" എന്ന പ്രാർത്ഥന ചൊല്ലുന്നു. മദ്ബഹാ യുടെ വിരി തുറക്കപ്പെടുന്നു. പുരോഹിതൻ ഓസ്തി, പീലാസ യിൽ വച്ചുകൊണ്ടു പ്രാർത്ഥിക്കുന്നു. അതിനുശേഷം കാസയിൽ വീഞ്ഞും വെള്ളവും ഒഴിക്കുകയും തുടർന്ന് അൾത്താര ധൂപിക്കു കയും ചെയ്യുന്നു.[1] ഇതോടെ പ്രാരംഭഭാഗം അവസാനിക്കുന്നു.

## ജ്ഞാനസ്നാനാർത്ഥികളുടെ ബലി

ത്രിശുദ്ധകീർത്തനം, ലേഖനവായന, സുവിശേഷവായന, ലുത്തിനിയ, ജ്ഞാനസ്നാനാർത്ഥികളെ പിരിച്ചുവിടൽ ഇവയാ യാണ് ഈ ഭാഗത്തിലുൾപ്പെടുന്നത്. ഇതിനു യഥാർത്ഥത്തിൽ ദിവ്യബലിയുമായി പറയത്തക്ക ബന്ധമൊന്നുമില്ല. ആദിമ സഭ സിനഗോഗുകളിൽനിന്നും സ്വീകരിച്ച ആചാരവിധിക ളാണിവ. വിശ്വാസികൾക്കും ജ്ഞാനസ്നാനാർത്ഥികൾക്കും വി ശ്വാസപരമായ കാര്യങ്ങളിൽ പ്രബോധനം നല്കുകയായിരുന്നു ഈ ഭാഗത്തിന്റെ ഉദ്ദേശ്യം.[2]

"ദൈവമേ, നീ പരിശുദ്ധനാകുന്നു. ബലവാനേ, നീ പ രിശുദ്ധനാകുന്നു" (ത്രിശുദ്ധ കീർത്തനം) എന്ന പ്രാർത്ഥനയോടെ യാണു ഈ ഭാഗം ആരംഭിക്കുന്നത്. അനന്തരം ലേഖനവായന യാണ്. തുടർന്നു ധൂപം വാഴ്ത്തിയശേഷം, പുരോഹിതൻ, സുവി ശേഷപ്പുസ്തകവുമായി മദ്ബഹായുടെ വാതില്ക്കൽ വന്നു പുസ്ത കംകൊണ്ടു ജനങ്ങളെ ആശീർവ്വദിക്കുന്നു. സുവിശേഷവായനയ്ക്കു ശേഷം സഹായി കാറോസൂസാ, ലുത്തിനിയ എന്നിവ ചൊ ല്ലുന്നു. ഈ സമയത്തു പുരോഹിതൻ 'ബേസ്ഗസ്സാ'യിൽവച്ചു പീലാസയും കാസയും ധൂപിക്കുന്നു. തുടർന്ന് അൾത്താരയുടെ

1, RAES, ALPHONSUS S.J. *op. cit.* P. 64
2. *Ibid* P. 76

www.malankaralibrary.com

താഴത്തെപടവിയിൽ വന്നുനിന്നു "കർത്താവേ, ബലവാനായ ദൈവമേ" എന്ന പ്രാത്ഥനചൊല്ലുന്നു കൈവയ്പ്പിനായുള്ള ഈ പ്രാർത്ഥനയ്ക്കുശേഷം, ജ്ഞാനസ്നാനാത്ഥികളേയും പരസ്യപാപികളേയും അയോഗ്യരേയും പിരിച്ചുവിടുന്നു. ഇതോടുകൂടി ജ്ഞാനസ്നാനാർത്ഥികളുടെ കർബാന അവസാനിക്കുന്നു.

## വിശ്വാസികളുടെ കർബാന [1]

ഈ ഭാഗം മുതലാണു യഥാർത്ഥത്തിൽ കുർബാന ആരംഭിക്കുന്നതു്. ആദ്യമായി, പുരോഹിതൻ കൈകഴുകുകയും ബലിവസ്തുക്കരം കാഴ്ചവയ്ക്കുകയും ചെയ്യുന്നു. തുടർന്നുവരുന്നതു, ത്രിത്വം, പ. രി. കന്യകാമറിയം, ശ്ലീഹന്മാർ, ഇടവക മദ്ധ്യസ്ഥൻ എന്നിവരെ അനുസ്മരിച്ചുകൊണ്ടുള്ള പ്രാർത്ഥനകളാണു്. അതിനുശേഷം, പുരോഹിതൻ മദ്ബഹായുടെ വാതിൽക്കൽ ചെന്നു വിശ്വാസപ്രമാണം ആരംഭിക്കുന്നു. മൂന്നു് ആചാരത്തിനുശേഷം അരംത്താരയിൽപ്രവേശിച്ചു മുട്ടുകുത്തുന്നു. അരംത്താരയുടെ മദ്ധ്യത്തിലും രണ്ടറ്റത്തും മുത്തുന്നു. തുടർന്നുള്ള പ്രാർത്ഥനയിൽ ബലിയപ്പിക്കുവാൻ തന്നെ യോഗ്യനാക്കണമെന്നു പുരോഹിതൻ യാചിക്കുന്നു. അതിനുശേഷം പുരോഹിതൻ അപ്പസ്തോലന്മാരുടെ അനാഫൊറ ആരംഭിക്കുന്നു. അനാഫൊറയിലേ പ്രധാന പ്രാത്ഥനകളെ രണ്ടായി തിരിക്കാം; ഒന്നു്, കൃശാപ്പ-പുരോഹിതൻ രഹസ്യത്തിൽ തനിക്കുവേണ്ടി പ്രാർത്ഥിക്കുന്നതു്; രണ്ടു്, ഗ്ഹാന്ത-കൈകരംരണ്ടും യാചനാരൂപത്തിൽ പിടിച്ചു പ്രാർത്ഥിക്കുന്നതു്. ആദ്യത്തെ ഗ്ഹാന്തയ്ക്കുശേഷം പുരോഹിതൻ ജനങ്ങരംക്കു സമാധാനം ആശംസിക്കുന്നു. ധൂപം വാഴ്ത്തി അരംത്താര ധൂപിക്കുന്നു. ഇതേത്തുടർന്നുവരുന്നതു രണ്ടാമത്തേ ഗ്ഹാന്ത, മരിച്ചവക്കും ജീവിച്ചിരിക്കുന്നവക്കുംവേണ്ടിയുള്ള പ്രാർത്ഥന, കൃശാപ്പാ, പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നഗീതം ഇവയാണു്. മൂന്നാമത്തേ ഗ്ഹാന്തയുടെ

1. *Ibid* P. 88

www.malankaralibrary.com

അവസാനമാണു് ക്രൂദാശസ്ഥാപനവിവരണവും ക്രൂദാശവചനങ്ങളും ചൊല്ലുന്നതു്. അപ്പവും വീഞ്ഞും ക്രൂദാശചെയ്തശേഷം ഉയൎത്തുന്നില്ല. ഇതു കൽദായറീത്തിലുള്ള ഒരു പ്രത്യേകതയാണു്. ഇതേത്തുടൎന്നു് "ഇതു് എന്റെ ഓൎമ്മയ്ക്കായി നിങ്ങൾ ചെയ്യുവിൻ" എന്ന കല്പനാനുസ്മരണം നടക്കുന്നു. തുടൎന്നുവരുന്ന ദൈവമാതാവിനോടും വിശുദ്ധന്മാരോടുമുള്ള പ്രാൎത്ഥന, മരിച്ചവൎക്കുവേണ്ടിയുള്ള പ്രാൎത്ഥന, അവസാനത്തെ ഗ്ഹാന്താ, പരിശുദ്ധാത്മാവിയോടുള്ള പ്രാർത്ഥന (Epiclseis) എന്നിവയോടെ അനാഫൊറഭാഗം സമാപിക്കുന്നു.

## അനാഫൊറ കഴിഞ്ഞുള്ള ഭാഗം[1]

പരിശുദ്ധാത്മാവിയോടുള്ള പ്രാൎത്ഥനയ്ക്കുശേഷം പുരോഹിതൻ 50,123 എന്നീ സങ്കീൎത്തനങ്ങൾ ചൊല്ലുന്നു. സഹായി ധൂപം അർപ്പിക്കവേ പുരോഹിതൻ കൈവിരിച്ചുപിടിച്ചു സഹായിക്കും ജനങ്ങൾക്കുംവേണ്ടി പ്രാൎത്ഥിക്കുന്നു. അനന്തരം തിരുശ്ശരീരം ഉയൎത്തുന്നു. പുരോഹിതൻ തിരുവോസ്തി ചുണ്ടുകൊണ്ടു സ്പർശിക്കാതെ ചുംബിക്കുന്നു. പിന്നീടു തിരുവോസ്തി രണ്ടായിവിഭജിച്ചു് ഒരു ഭാഗം തിരുരക്തത്തിൽ കുരിശിന്റെ അടയാളം വരച്ചുമുക്കുന്നു. ഇതിനുശേഷം കാസ ഇരുകരങ്ങൾകൊണ്ടും ഉയൎത്തുന്നു. അപ്പോൾ മദ്ബഹായുടെ വിരി തുറക്കപ്പെടുന്നു. പുരോഹിതൻ കൈവിരിച്ചുപിടിച്ചു പ്രാൎത്ഥിക്കുന്നു. തത്സമയം സഹായി ജനങ്ങളുടെനേരെ തിരിഞ്ഞു കർബാന സ്വീകരണത്തിനു ഒരുക്കമായിട്ടുള്ള പ്രാൎത്ഥനചൊല്ലുന്നു. അനന്തരം പുരോഹിതൻ "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന പ്രാൎത്ഥന ഉച്ചത്തിൽ ആരംഭിക്കുകയും ജനങ്ങൾ അതു പൂൎത്തിയാക്കുകയും ചെയ്യുന്നു. പുരോഹിതൻ കുർബാനസ്വീകരണത്തിനുള്ള പ്രാൎത്ഥനകൾചൊല്ലി ഇരുസാദൃശ്യങ്ങളിലും അതു സ്വീകരിക്കുന്നു. വൈദികഗണത്തിനും ഇരുസാദൃശ്യങ്ങ

1. *Ibid* P. 97 ss.

www.malankaralibrary.com

ളിൽത്തന്നെ നല്കുന്നു. ജനങ്ങൾക്കു് ഒരു സ്വാദ്ദശ്യത്തിൽ മദ്ബഹായുടെ വാതിൽക്കൽവച്ചാണു കൊടുക്കുക.

കുർബാനസ്വീകരണം കഴിഞ്ഞു സഹായി അതതുദിവസത്തിനുയോജിച്ച കൃതജ്ഞതപ്രാർത്ഥന ചൊല്ലുന്നു. പുരോഹിതൻ രണ്ടുസ്തുതിപ്പുകളും ചൊല്ലുന്നു. "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന പ്രാർത്ഥന പുരോഹിതൻ ആരംഭിക്കുമ്പോൾ ജനങ്ങൾ അതുപേത്തു ചൊല്ലുന്നു. അവസാനം പുരോഹിതൻ പ്രാർത്ഥനചൊല്ലി ജനങ്ങളെ ആശീർവദിക്കുന്നതോടെ ദിവ്യബലി അവസാനിക്കുന്നു.

## കൂദാശകൾ

**മാമ്മോദീസ**

ബൈസൻറയിൻ റീത്തിലുള്ള ചടങ്ങുകളെല്ലാംതന്നെ, ഒരുകാലത്തു കൽദായറീത്തിലും ഈ കൂദാശയ്ക്കൊരുക്കമായി നടത്തിയിരുന്നു. എന്നാൽ, ഈശോയാബു മൂന്നാമൻ പാത്രിയക്കീസിൻെറ പരിഷ്ക്കാരത്തോടുകൂടിയായിരിക്കണം കൽദായറീത്തിൽനിന്നും ഇവ മാററപ്പെട്ടതു്. "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി...", "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..." തുടങ്ങിയ പ്രാർത്ഥനകൾ ചൊല്ലിക്കൊണ്ടു ചടങ്ങാരംഭിക്കുന്നു. തുടർന്നുള്ള സങ്കീർത്തനങ്ങൾക്കുശേഷം കാർമ്മികൻ ചൂണ്ടുവിരൽകൊണ്ടു ശിശുവിൻെറ തലയിൽ കുരിശടയാളം വരയ്ക്കും. ഇതിനുശേഷം ശിശുവിനെ മാമ്മോദീസത്തൊട്ടിക്കടുത്തുകൊണ്ടുപോകുന്നു. തുടർന്ന് ദിവ്യബലിയിലെന്നതുപോലെ സുവിശേഷവായന, ലുത്തിനിയ (കാറോസൂസാ), കൈവയ്പിനായുള്ള പ്രാർത്ഥന, വിശ്വാസപ്രമാണം എന്നിവയ്ക്കുശേഷം, ആറാംപട്ടക്കാരൻ മാമ്മോദീസയ്ക്കുള്ള തൈലവും എണ്ണയും അൾത്താരയിൽ സജ്ജീകരിക്കുന്നു. (ഒരു ആറാം പട്ടക്കാരൻ കൂടി ഈ ചടങ്ങിൽ സംബന്ധിക്കണമെന്നാണു നിബന്ധന) വി. കുർബാനയിൽ അപ്പവും വീഞ്ഞും കൂദാശചെയ്യുന്ന

www.malankaralibrary.com

സ്ഥാനത്തു്, എണ്ണയും തൈലവും പരിശുദ്ധമാക്കപ്പെടുന്നതിനു വേണ്ടി പരിശുദ്ധാത്മാവിനോടു പ്രാർത്ഥിക്കുകയാണു് ഇവിടെ ചെയ്യുക. പിന്നീടു്, എണ്ണയും തൈലവും കൂട്ടിക്കലർത്തുകയും കർത്തൃപ്രാർത്ഥന ചൊല്ലുകയും ചെയ്യുന്നു. ഉടനെ മാമ്മോദീസയ്ക്കുള്ള വെള്ളം വെഞ്ചരിക്കുകയും വി. തൈലം അതിൽ ചേർക്കുകയും ചെയ്യുന്നു.

മാമ്മോദീസയുടെ പ്രധാനചടങ്ങായ അഭിഷേകമാണു് അടുത്തതായി നടക്കുന്നതു്. ശിശുവിന്റെ ശരീരം മുഴുവൻ തൈലംകൊണ്ടു പൂശി മൂന്നുപ്രാവശ്യം മാമ്മോദീസത്തൊട്ടിയിൽ മുക്കും. അവസാനം കാർമ്മികന്റെ കൈവെപ്പോടുകൂടി മാമ്മോദീസയുടെ ചടങ്ങുകൾ തീരുന്നു.

## സ്ഥൈര്യലേപനം

മാമ്മോദീസയോടുകൂടിത്തന്നെ സ്ഥൈര്യലേപനവും നല്കപ്പെടുന്നു. വൈദികൻതന്നെയാണു് ഇതിന്റേയും കാർമ്മികൻ. നിർദ്ദിഷ്ടപ്രാർത്ഥനകൾചൊല്ലി, കാർമ്മികൻ ശിശുവിന്റെ നെററിയിൽ കുരിശടയാളം വരയ്ക്കുന്നതോടെ ഈ കൂദാശയുടെ അനുഷ്ഠാനം പൂർത്തിയാകുന്നു.

## വി. കുർബാന സ്വീകരണം

ആദ്യകാലങ്ങളിൽ ദിവ്യബലിയിൽ സംബന്ധിക്കുന്നവർക്കുമാത്രമേ വി. കുർബാന നൽകിയിരുന്നുള്ളു. എല്ലാദിവസവും ദിവ്യബലിയിൽ സംബന്ധിച്ചു കുർബാന കൈക്കൊള്ളുവാൻ സാധിക്കാത്തവരെ ഉദ്ദേശിച്ചു്, വി. കുർബാന വീട്ടിൽത്തന്നെ (രണ്ടുമൂന്നുദിവസത്തേക്കു) സൂക്ഷിച്ചു് ഉൾക്കൊള്ളുവാനായി കൊടുത്തയച്ചിരുന്നു. ഇതു പുരാതനസഭയിലേ സാധാരണ പതിവായിരുന്നു. എന്നാൽ, ഈ പതിവു് ഇപ്പോൾ നിലവിലില്ല. പൗരസ്ത്യസഭകളിലേ അകത്തോലിക്കർ ദിവ്യബലിക്കുശേഷം വി. കുർബാന സക്രാരിയിൽ സൂക്ഷിക്കാറില്ല. തിരുശ്ശരീരവും തിരുരക്തവും പ്രത്യേകം പ്രത്യേകമായും തിരുശ്ശ


www.malankaralibrary.com

രീരം തിരുരക്തത്തിൽ മുക്കിയും തിരുശ്ശരീരം മാത്രമായും വി· കുർബാന നല്കാറുണ്ട്. എന്നാൽ, സൗകര്യത്തെ മുൻനിറുത്തി തിരുശ്ശരീരം മാത്രമാണു സാധാരണ നൽകുന്നത്.

**കുമ്പസാരം**

അനുതാപി, പള്ളിയുടെ വാതില്ക്കൽ സമാഗതനാകുന്ന വൈദികനെ ആചാരം ചെയ്യുകയും പള്ളിയിൽ പ്രവേശിക്കുകയും ചെയ്യുന്നു. പിന്നീട് "ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതി..." "സ്വർഗ്ഗസ്ഥനായ പിതാവേ..." എന്നീ പ്രാർത്ഥനകൾ ചൊല്ലി വൈദികൻ അനുതാപിയെ ആശീർവദിക്കുന്നു. അപ്പോൾ, പാപങ്ങൾ ഏററുപറയുന്നു. അതിനുശേഷം പാപമോചനം നല്കുന്നു.

**രോഗിലേപനം**

ഈ കൂദാശാനുഷ്ഠാനത്തിനു് ഏഴു വൈദികന്മാർ സംബന്ധിക്കുന്ന ഒരു പാരമ്പര്യം നിലവിലുണ്ടെങ്കിലും കൽദായറീത്തിൽ അതു നിർബന്ധിതമല്ല.

**തിരുപ്പട്ടം**

ലത്തീൻ ക്രമമനുസരിച്ചായിരുന്നു കുറേക്കാലത്തേക്കു് ഈ കൂദാശ നൽകിയിരുന്നതു്. എന്നാൽ, ഇന്നു റീത്തിന്റെ പാരമ്പര്യാനുസൃതമായ ക്രമമാണു നടപ്പിലുള്ളതു്. സീറോ മലബാർ റീത്തിലും ഈ നവീകരണം പ്രാവർത്തികമായിട്ടുണ്ട്. കൽദായറീത്തിൽ വായനക്കാരൻ, ഹെവ്പ്പദ്യാക്കന (അഞ്ചാംപട്ടക്കാരൻ), മ്ശമശാന, വൈദികൻ, മെത്രാൻ എന്നിങ്ങനെ അഞ്ചു പൗരോഹിത്യപദവികളാണുള്ളതു്. പട്ടം സ്വീകരിക്കുന്നയാളിന്റെ ശിരസ്സിൽ കൈവച്ചുകൊണ്ടുള്ള പ്രാർത്ഥനയിലാണു പട്ടത്തിന്റെ സാരാംശം (Materia and Forma) അടങ്ങിയിരിക്കുന്നതു്. ഓരോ പട്ടത്തിന്റേയും സ്ഥാനാനുസൃതമായ തിരുവസ്ത്രങ്ങളും ഇതോടുകൂടി നല്കുന്നു. മുടിവെട്ടിക്കൊണ്ടാണു്

www.malankaralibrary.com

ഈ ശുശ്രൂഷ ആരംഭിക്കുന്നതെങ്കിലും, റീത്തിന്റേതായ പാരമ്പര്യമനുസരിച്ചു പട്ടം വടിക്കാറില്ല.

## വിവാഹം

ഒത്തുകല്യാണം, വിവാഹാശീർവ്വാദം, കിരീടധാരണം എന്നിങ്ങനെ പ്രധാനമായി മൂന്നു ഭാഗങ്ങളാണു് ഈ ചടങ്ങിലുള്ളതു്. വധുവിന്റെ വീട്ടിൽവച്ചു്, വൈദികന്റെ സാന്നിദ്ധ്യത്തിൽ വധൂവരന്മാരുടെ പിതാക്കന്മാരോ രക്ഷകത്താക്കളോ കൈപിടിച്ചുകൊണ്ടു വിവാഹകർമ്മത്തിന്റെ ആദ്യഭാഗമായ ഒത്തുകല്യാണം നടത്തുന്നു.[1] ഇപ്പോൾ ഈ ചടങ്ങു പള്ളിയിൽ വച്ചും നടത്താറുണ്ടു്. സ്ത്രീധനത്തുക തുടങ്ങിയ കരാറുകൾ ഈ അവസരത്തിലാണു് ചെയ്യുക. പഴയകാലങ്ങളിലുണ്ടായിരുന്ന മറെറാരു പതിവു് 'അവുദീശോ (13-ാം നൂററാണ്ടു്) പാത്രിയക്കീസിന്റെ കൃതിയിൽ വിവരിക്കുന്നതു് ഇപ്രകാരമാണു്:[2] വരൻ ഇടവകവൈദികന്റെ പക്കൽ ഒരു മോതിരം ഏല്പിക്കുന്നു. അദ്ദേഹം ഈ മോതിരം വിവരങ്ങൾസഹിതം വധുവിനു് അയച്ചുകൊടുക്കും. ഇപ്രകാരമയക്കുന്ന മോതിരം സ്വീകരിച്ചാൽ അതു വിവാഹസമ്മതമായി കരുതപ്പെടുന്നു. ഇതിനുശേഷം വധുവിന്റെ ഇടവകയിൽവച്ചുതന്നെ വിവാഹശുശ്രൂഷ നടത്തപ്പെടുന്നു. ഈ ശുശ്രൂഷസമയത്തു പ്രസ്തുത മോതിരം വെള്ളമൊഴിച്ചിട്ടുള്ള ഒരു കാസയിൽ ഇടുന്നു. തുടർന്നുള്ള ചില പ്രാർത്ഥനകൾക്കുശേഷം വധൂവരന്മാർ കാസയിലേ വെള്ളം കുടിക്കും. മോതിരം വധുവിന്റെ വിരലിൽ പുരുഷൻ അണിയിക്കുന്നു.

## കാനോനനമസ്ക്കാരം

ദൈവസ്നേഹത്താൽ പരിപൂതരായ കൽദായദേശത്തേ പൂർവ്വപിതാക്കന്മാർ പുണ്യസമ്പാദനത്തിൽ പ്രാർത്ഥനയ്ക്കുള്ള

1. RAES, ALPHONSUS S.J., *op. cit.* P. 171
2. FR. PLACID, "നമ്മുടെ റീത്തു്", S. J. Press, Mannanam, 1951, P. 181

www.malankaralibrary.com

അതുല്യസ്ഥാനം നന്നായി മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണു് അവർ സദാപി പ്രാർത്ഥനയിൽ അതീവം ശ്രദ്ധാലുക്കളായിരുന്നതു്. ഞായറാഴ്ചകളിലും മററു പ്രധാന ദിവസങ്ങളിലും അവർ സങ്കീർത്തനങ്ങൾ ആലപിച്ചിരുന്നു. കൂടാതെ, അർത്ഥസംപുഷ്ടമായ പല പ്രാർത്ഥനകളും അവർ രചിച്ചു. അചിരേണ, ഈ പ്രാർത്ഥനകളും സങ്കീർത്തനങ്ങളും കൂട്ടമായി ചൊല്ലുന്ന പതിവു നിലവിൽ വന്നു. അങ്ങനെ, കൽദായരുടെ ഇടയിൽ കാനോനനമസ്കാരം ചൊല്ലുന്ന പതിവു് ആവിർഭവിച്ചു. ഇതു മുഴുവനും സുറിയാനിഭാഷയിലാണു രചിച്ചിരുന്നതു്. വി. എഫ്രേം, സൈമൺ ബർസാവാ മുതലായവരാണു ഇതിൻെറ രചനയിൽ പ്രധാനപങ്കു വഹിച്ചവർ.

കാനോനനമസ്ക്കാരം മൂന്നായി വിഭജിച്ചിരിക്കുന്നു-റംശ, ലെലിയ, സപ്ര. ദിവസംമുഴുവനും നമ്മെ പരിപാലിച്ചതിനു 'റംശാ' പ്രാർത്ഥനവഴി അത്യുന്നതനായ ദൈവത്തിനു കൃതജ്ഞത സമർപ്പിക്കുന്നു. "ഉണർന്നിരിക്കുവിൻ, നിങ്ങളുടെ നാഥൻ എപ്പോൾ വരുമെന്നു നിങ്ങൾ അറിയുന്നില്ല" എന്നുള്ള ക്രിസ്തുനാഥൻെറ മുന്നറിയിപ്പിനേയും "നിൻെറ വിധിയെ പ്രകീർത്തിക്കേണ്ടതിനു ഞാൻ രാത്രിയിൽ ഉണർന്നിരുന്നു" എന്നുള്ള രാജപ്രവാചകൻെറ പ്രവചനത്തേയും ആദരിച്ചു രാത്രയിൽ ചൊല്ലാനുള്ള പ്രാർത്ഥനകളാണു "ലെലിയ"യിലുള്ളതു്. ശത്രുക്കളുടെ കെണികളിൽനിന്നും ആകസ്മികമരണത്തിൽനിന്നും രാത്രിമുഴുവൻ നമ്മെ പരിപാലിച്ചതിനും കൃതജ്ഞത പ്രകാശിപ്പിക്കുന്നതു രാവിലേ ചൊല്ലുന്ന 'സപ്രാ' വഴിയാണു്. മാർ ജോസഫ് ദ്വിതീയൻ പ്രധാനതിരുനാൾ ദിവസങ്ങളിൽ ചൊല്ലേണ്ട ഏതാനും പ്രാർത്ഥനകൾ രചിച്ചു കാനോനനമസ്കാരത്തിലുൾപ്പെടുത്തി. ഏ. ഡി. 410-ലാണു ക്രമീകൃതമായ കാനോനനമസ്കാരം കൽദായയിൽ രൂപം പ്രാപിച്ചതു്. ഏഴാം നൂററാണ്ടായതോടെ ആരാധനക്രമവർഷത്തിലേ വിവിധകാലങ്ങൾക്കനുസൃതമായി കാനോനനമസ്ക്കാരം വിഭജിക്കപ്പെട്ടു. സൂവാറക്കാലം, ദനഹക്കാലം, പീഡാനുഭവക്കാലം, കൃംന്ത

www.malankaralibrary.com

ക്കാലം, ശ്ലീഹക്കാലം, കയിത്തക്കാലം, ഏലിയാക്കാലം, സ്ലീവ ക്കാലം, മൂശക്കാലം, കൂദാശക്കാലം എന്നിങ്ങനെ ഒൻപതുകാലങ്ങളായി വിഭജിച്ചു. ഓരോകാലത്തും ചൊല്ലുവാൻ പ്രത്യേകം പ്രത്യേകം പ്രാർത്ഥനകളുണ്ടു്. വളരെ അർത്ഥവത്തായ ക്രമീകരണമാണിതു്. രക്ഷണീയവേലയുടെ പ്രഥമപാദം മുതൽ പൂർത്തീകരണംവരെ ക്രമാനുഗതമായി അടുക്കി ക്രമപ്പെടുത്തിയിരിക്കുകയാണു്. ഇത്ര വിപുലവും അർത്ഥസമ്പുഷ്ടവുമായ ഒരു നമസ്കാരക്രമം വേറെയില്ല.

കൽദായനമസ്കാരക്രമത്തിൻെറ ഒരു ചെറിയ പതിപ്പു് 1887ൽ പ്രസിദ്ധീകൃതമായി.[1] അതിനുശേഷം പീററർ ഏലിയാസ് പന്ത്രണ്ടാമൻ പാത്രിയക്കീസു്, പണ്ഡിതന്മാരായ അവുദോയേയും പോൾ ബേദ്ജനനേയും നമസ്കാരക്രമപരിഷ്കരണത്തിനു ചുമതലപ്പെടുത്തി. അതിൽ കടന്നുകൂടിയിരുന്ന അബദ്ധസിദ്ധാന്തങ്ങളുടെ പൊടിപടലങ്ങൾ തുടച്ചു നീക്കിക്കൊണ്ടു് അവർ പല പുതിയ പ്രാർത്ഥനകളും കൂട്ടിച്ചേർത്തു. അങ്ങനെ, കൽദായയിൽ നിലവിലിരിക്കുന്ന കാനോനനമസ്കാരക്രമം 1938-ൽ പൗരസ്ത്യതിരുസംഘത്തിൻെറ കൂലങ്കഷമായ പരിശോധനയ്ക്കുശേഷം പുറത്തുവന്നു. കാലക്രമത്തിൽ ഇതു സീറോ-മലബാർറീത്തിലും പ്രചാരത്തിലാകുമെന്നു പ്രത്യാശിക്കാം.[2]

**നോമ്പുകാലം**

ക്രിസ്തുവിൻെറ പീഡാനുഭവത്തെ അനുസ്മരിപ്പിക്കുന്ന നോമ്പു് ഏഴു ആഴ്ചത്തേക്കു നീണ്ടുനില്ക്കുന്നു. ആ ദിവസങ്ങളിൽ മധ്യാഹ്നംവരെ കൽദായക്കു് എല്ലാ ലഹരിപദാർത്ഥങ്ങളും വർജ്ജ്യമാണു്. വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനൊരുക്കമായി മൂന്നുദിവസവും പ. കന്യകാമറി

1. KING, ARCHDALE, *op. cit.* P. 321
2. *Ibid*

www.malankaralibrary.com

യത്തിന്റെ തിരുനാളിനൊരുക്കമായി അഞ്ചുദിവസവും ആണ്ടുവട്ടത്തിലേ മിക്ക വെള്ളിയാഴ്ചകളും ബുധനാഴ്ചകളും മാംസവർജ്ജനദിവസങ്ങളാണ്.

**തിരുകർമ്മഗീതം**

തിരുകർമ്മാദികൾ കഴിവതും ഗാനരൂപത്തിൽ നടത്തുകയെന്നതു പൗരസ്ത്യറീത്തുകളുടെ ഒരു സവിശേഷതയാണ്. കൽദായറീത്തിൽ അസാധാരണചടങ്ങുകൾക്കെല്ലാം രണ്ടു ഗായകസംഘങ്ങൾ ഉണ്ടായിരിക്കും. ഒന്നു്, അഞ്ചാംപട്ടക്കാരന്റേയും ആറാംപട്ടക്കാരന്റേയും നേതൃത്വത്തിലും മറേറതു്, വിശ്വാസികളുടെ നേതൃത്വത്തിലുമായിരിക്കും സംഘടിക്കുക. വി. എഫ്രേം വിരചിച്ച ഗാനങ്ങൾക്കാണു പ്രഥമസ്ഥാനം നല്കിക്കാണുന്നതു്.

www.malankaralibrary.com

# VIII

# ആരാധനക്രമവും ഭാഷയും

ഹൃദയത്തേയും മനസ്സിനേയും ദൈവസന്നിധിയിലേക്കുയർത്തുന്നതാണു പ്രാർത്ഥന. ദൈവവുമായുള്ള സ്നേഹസംഭാഷണം അഥവാ ഹൃദയാഭിലാഷങ്ങളുടെ കൈമാററമാണു പ്രാർത്ഥനയിലൂടെ നിർവഹിക്കപ്പെടുക. ഹൃദയാഭിലാഷങ്ങൾ കൈമാറുന്നതിൽ വാക്കുകളും ആംഗ്യങ്ങളും സ്വാഭാവികമായി നാം ഉപയോഗിക്കുന്നു. അതുകൊണ്ടു ഭാഷയ്ക്കുള്ള സ്ഥാനം അതുല്യമാണ്. കാരണം, ഭാഷ നമ്മുടെ അന്തർഗ്ഗതങ്ങളുടെ ബഹിർപ്രകാശനമാണല്ലോ. ആരാധനക്രമത്തിൽ വിവിധഭാഷകളും വിവിധഭാഷകളിൽ ആരാധനക്രമങ്ങളും ആവിർഭവിക്കുവാനുള്ളകാരണം, ഇന്നു ലോകത്തിലുള്ള ഭാഷാവൈവിധ്യമത്രെ.

**ആദ്യനൂററാണ്ടുകളിൽ**

ഇന്നത്തേതുപോലെ ഒരു ചിട്ടയും ക്രമീകരണവും ആരാധനക്രമത്തിൽ വരുന്നതിനുമുമ്പുതന്നെ വിവിധഭാഷകൾ ഉപയോഗിച്ചിരുന്നതായി ആദ്യനൂററാണ്ടുകളിലെ ചരിത്രം തെളിവു നല്കുന്നുണ്ട്. എന്നാൽ, അപ്പസ്തോലന്മാരുടെകാലത്തു

www.malankaralibrary.com

പലസ്തീനായിലെ കത്തോലിക്കർ പൊതുപ്രാർത്ഥനയ്ക്കു ഉപയോഗിച്ചിരുന്ന ഭാഷയേതാണ്? അനാഗതർ സഭയിൽ സ്വീകരിക്കപ്പെട്ടുന്നതിനുമുമ്പു പത്രോസും യോഹന്നാനും സിനഗോഗിൽ പൊയ്ക്കൊണ്ടിരുന്നതായും അവിടെ നിയമവും പ്രവാചകന്മാരും ഹീബ്രു ഭാഷയിൽ വായിച്ചിരുന്നതായും ശ്ലീഹന്മാരുടെ നടപടിയിൽ[1] നിന്നും ഗ്രഹിക്കാവുന്നതാണ്. എന്നാൽ, യഹൂദന്മാർ അക്കാലത്തു സാധാരണ ഉപയോഗിച്ചിരുന്ന ഭാഷ ഹീബ്രു വല്ല; അറാമായയാണ്.[2] ക്രിസ്തു പ്രസംഗിച്ചിരുന്നതും അറാമായ ഭാഷയിലാണല്ലോ. സഭയുടെ ശൈശവദശയിൽ ദിവ്യബലി അർപ്പിച്ചിരുന്നതു അറാമായ ഭാഷയിലാണെന്നുള്ളതു തർക്കമററസംഗതിയാണ്. വി. മത്തായി സുവിശേഷം ആദ്യമായി എഴുതിയതും അറാമായ ഭാഷയിൽത്തന്നെ.

എന്നാൽ, സുവിശേഷപ്രചരണാർത്ഥമുള്ള വി. പൗലോസിന്റെ യാത്രയുടെ ആരംഭത്തോടുകൂടിയും ഏഷ്യാമൈനറിൽ ക്രിസ്തുമതം പ്രചരിച്ചതോടുകൂടിയും ചില മാററങ്ങൾ സംഭവിച്ചു. മഹാനായ അലക്സാണ്ഡർ ചക്രവത്തി ആക്രമിച്ചു കീഴ്പ്പെടുത്തിയ രാജ്യങ്ങൾ ക്രമേണ റോമൻഭരണത്തിലായി. എന്നാൽ, ഇവരുടെ സംസാരഭാഷ ഗ്രീക്കായിരുന്നു. 'പുതിയ നിയമം' മുഴുവനും ഗ്രീക്കിലാണെഴുതിയതു്; വി. പൗലോസിന്റെ റോമാക്കാർക്കുള്ള ലേഖനംപോലും! ലത്തീനോടൊപ്പം ഗ്രീക്കും റോമിൽ സംസാരഭാഷയായിരുന്നു. യഹൂദന്മാരുടെ കോളനികളിലെ ഭാഷയും ഗ്രീക്കായിരുന്നു. മൂന്നാം നൂററാണ്ടിന്റെ മധ്യംവരെ റോമിൽ ആരാധനക്രമത്തിനും ആശയപ്രകടനത്തിനും ഗ്രീക്കുപയോഗിച്ചിരുന്നതായി സഭാപിതാക്കന്മാരുടെ കൃതികളിൽനിന്നും പ്രാചീനസ്മാരകങ്ങളിൽനിന്നും വ്യക്തമാകുന്നുണ്ടു്. അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണവും

1. *Acts* 3:1
2. സെമിററിക്കുഭാഷകളിലൊന്നാണു അറാമായ. ഹീബ്രുവുമായി ഇതിനു അടുത്ത ബന്ധമുണ്ടു്.

www.malankaralibrary.com

ഗ്രീക്കിലാണ് എഴുതപ്പെട്ടിരുന്നത്.[1] കാലം മുന്നോട്ടുനീങ്ങിയതനുസരിച്ചു പുതിയ മാററങ്ങളും ആവിർഭവിച്ചു.

പശ്ചിമയൂറോപ്പും മദ്ധ്യയൂറോപ്പും ബാർബേറിയൻസിന്റെ കീഴിലായപ്പോൾ ഗ്രീക്ക പ്രചാരലുപ്തമായി. അതോടെ ലത്തീൻ പ്രാബല്യത്തിൽ വരുകയും ചെയ്തു. ബാർബേറിയൻ നിയമങ്ങൾപോലും ലത്തീൻ ഭാഷയിലാണ് എഴുതിയുണ്ടാക്കിയതു്.അതോടെ ഔദ്യോഗിക നടപടികളും പരസ്യാരാധനയും ലത്തീൻഭാഷയിലായിത്തീന്നു.

എന്നാൽ, പൗരസ്ത്യറോമിൽ ലത്തീനു പ്രാബല്യം സിദ്ധിച്ചില്ല. പുതിയ റോമായ ബിസാൻസിയത്തിലേക്ക കോൺസ്റ്റന്റയിൻ തലസ്ഥാനം മാററിയതിനുശേഷം കുറച്ചുകാലത്തേക്കുകൂടി ഭരണകാര്യങ്ങൾക്കായി ലത്തീൻതന്നെ ഉപയോഗിച്ചിരുന്നു. തിയഡോഷ്യൻ നിയമവും ലത്തീനിലാണ് എഴുതിയതു്. അതുപോലെ ജസ്റ്റീനിയൻകല്പനകളും. എന്നാൽ, ജസ്റ്റീനിയനുശേഷം ആറാംനൂററാണ്ടോടുകൂടി ലത്തീൻ അപ്രത്യക്ഷമായി. പിന്നീട്, ഒൻപതുനൂററാണ്ടുകാലത്തേക്ക കോൺസ്റ്റാന്റിനോപ്പിളിൽ ഗ്രീക്കിനു സ്ഥിരപ്രതിഷ്ഠ ലഭിച്ചു.

പൂവ്വകാലങ്ങളിൽ ക്രിസ്തുമതം ആദ്യമാദ്യം പട്ടണങ്ങളിലാണ് ഉടലെടുത്തതു്. കാലക്രമേണ, ഗ്രാമപ്രദേശങ്ങളിലേക്കും വ്യാപിച്ചു. ക്രിസ്തുമതത്തിനു പ്രചാരം ലഭിച്ചതോടെ ദേശീയഭാഷകൾക്ക കെട്ടുറപ്പും തന്മയത്വവും കൈവന്നു. സുറിയാനിഭാഷയുടേയും സാഹിത്യത്തിന്റേയും വികാസം പ്രസ്താവയോഗ്യമാണ്.

മൂന്നാംനൂററാണ്ടിന്റെ അവസാനത്തിലോ നാലാംനൂററാണ്ടിന്റെ ആരംഭത്തിലോ ആരാധനക്രമത്തിനു യാതൊരു രൂപവും ഭാവവും കൈവന്നിരുന്നില്ല. എങ്കിലും, പ്രധാന

1. Cf. KOROLEVSKY, CYRIL, *Living Languages in Catholic Worship*, translated by Donald Attwater, London, 1957, P. 4

www.malankaralibrary.com

കേന്ദ്രങ്ങളിൽ അതു ചില പരിവർത്തനങ്ങൾക്കു വിധേയമാ യിക്കൊണ്ടിരുന്നു. അങ്ങനെ, ഇന്നറിയപ്പെടുന്ന റീത്തുകളുടെ നിലയിലേക്ക് അവ ഉയർന്നു. തൽഫലമായി, പാശ്ചാത്യദേശത്ത്, റോമൻ റീത്ത് റോമിലും അംബ്രോസിയൻ മിലാനിലും ഗാളിക്കൻ ഫ്രാൻസിലും കെൽടിക് ബ്രിട്ടനിലും മോസറബിക് സ്പെയിനിലും രൂപംകൊണ്ടു. ഈ റീത്തുകളെല്ലാം ഉപയോഗിച്ചിരുന്ന ഭാഷ ലത്തീനായിരുന്നു.[1]

നമുക്കു കിഴക്കൻസഭകളിലേക്കു കടക്കാം. ലോകരക്ഷകനെ പ്രദാനംചെയ്ത പ്രാചിയുടെ മണിമന്ദിരത്തിലും ചില പുരോഗമനങ്ങൾ കാണുവാൻ കഴിയും. അലക്സാണ്ഡ്റിയയിൽ അലക്സാണ്ഡ്റിയൻ റീത്തും സിറിയയിൽ, അന്ത്യോക്യൻ റീത്തും അർമ്മേനിയയിൽ അർമ്മേനിയൻ റീത്തും രൂപം പ്രാപിച്ചു. ബൈസൻെറയിൻ, കൽദായതുടങ്ങിയ മററു റീത്തുകളും ഇതോടൊപ്പം രൂപം കൊണ്ടിട്ടുള്ളതാണ്.

## കിഴക്കിൻെറ സവിശേഷത

വ്യത്യസ്തറീത്തുകൾ നിശ്ചിതാനുഷ്ഠാനങ്ങൾക്കു വിധേയമായതോടെ അവയിൽ ചില പ്രത്യേകതകൾ ദൃശ്യമായി. പൗരസ്ത്യസഭയിലെ ഓരോ റീത്തും അതതിൻെറ സ്ഥാനവും നിലയും സംരക്ഷിച്ചുപോന്നതോടൊപ്പം ദേശീയഭാഷകൾ ആരാധനക്രമത്തിലും ഉപയോഗിച്ചുപോന്നു. എന്നാൽ, പാശ്ചാത്യറീത്തിനെ സംബന്ധിച്ചിടത്തോളം ലത്തീൻഭാഷമാത്രമായിരുന്നു അവലംബമായിരുന്നത്. ദേശീയഭാഷയുമായി അതു യാതൊരു സമ്പർക്കത്തിലും ഏർപ്പെട്ടിരുന്നില്ല. തൽഫലമായി റോമൻ റീത്തൊഴിച്ചുള്ളവയെല്ലാം ചൈതന്യരഹിതമായി ത്തീർന്നു.

ആദ്യന്തുററാണ്ടുകളിൽ പൗരസ്ത്യരുടെ ഇടയിൽ നാമ്പെട്ടുത്ത ചില ഭിന്നതകളും രാഷ്ട്രീയകാരണങ്ങളും ദേശീയഭാഷാ

1. *Ibid* P. 67

www.malankaralibrary.com

വിനിയോഗത്തിന പ്രേരകമായ ഘടകങ്ങളായി ചിലർ ചൂണ്ടി കാണിക്കുന്നു. എന്നാൽ, ഈ അഭിപ്രായങ്ങളോടു Korolevsky തുടങ്ങിയ ലിററർജിസ്റ്റുകൾ യോജിക്കുന്നില്ല.[1] ഒന്നു തീർച്ച യാണു്, മിഷനറിമാർ പ്രവേശിച്ചിടത്തെല്ലാം ആദ്യമായി അവർ ചെയ്തതു സുവിശേഷം ഏതദ്ദേശീയഭാഷകളിലാക്കുക എന്നതായിരുന്നു. ഉദാഹരണത്തിന സുവിശേഷത്തിൻെറ സുറിയാനിതർജ്ജമ ഏതാണ്ടു രണ്ടാംനൂററാണ്ടിൽത്തന്നെ നടന്നു; കോപ്ററിക് വിവർത്തനം മൂന്നാംനൂററാണ്ടിലും. ഇതേ നയംതന്നെ അവർ ആരാധനക്രമത്തിലും സ്വീകരിച്ചു. പൗരസ്ത്യരുടെ ഇടയിൽ വിവിധഭാഷകൾ ഉണ്ടായിരുന്നതിനാൽ, ആദ്യമിഷനറിമാർ ഏതദ്ദേശീയഭാഷയിൽത്തന്നെ ദൈവശുശ്രൂഷയും നടത്തിപ്പോന്നു. അതൊരാവശ്യവുമായിരുന്നു.

## പരിശുദ്ധസിംഹാസനവും ഭാഷകളും

819-ാം കാനൻപ്രകാരം പാശ്ചാത്യസഭയിലേ ആരാധനക്രമത്തിൽ ലത്തീനല്ലാതെ മററുഭാഷകൾ ഉപയോഗിക്കുന്നതിനെ നിരോധിച്ചിരുന്നു.[2] എന്നാൽ, പൗരസ്ത്യസഭകളെ സംബന്ധിച്ചു തികച്ചും വ്യത്യസ്തമായ നിലപാടാണു സഭ സ്വീകരിച്ചുപോന്നതു്. പൗരാണികമായ പൗരസ്ത്യസഭകളിൽ നൂററാണ്ടുകാലത്തെ പഴക്കമുള്ള പാരമ്പര്യത്തെ പ. സിംഹാസനം അംഗീകരിക്കുന്നു എന്നതാണിതിൻെറ കാരണം. എന്താണീ പാരമ്പര്യം? നൂററാണ്ടുകൾക്കപ്പുറം പൗരസ്ത്യർ വിവിധ ദേശീയഭാഷകൾ ആരാധനയ്ക്കായി ഉപയോഗിച്ചിരുന്നു. അന്നാരും അതിനെ എതിർത്തില്ല. അതുപോലെ ഇന്നും അവർ ഉപയോഗിക്കുന്നു; ആരും അതിനെ തടയുന്നുമില്ല.

സഭയുടെ ആരംഭംമുതൽതന്നെ ആരാധനക്രമഭാഷാപ്രശ്നവും ഉണ്ടായിരുന്നു. എങ്കിലും, ഒൻപതാംനൂററാണ്ടോടുകൂടി

1. CL, a. 36
2. Cf. KOROLEVSKY, CYRIL, *op. cit.* P. 67

www.malankaralibrary.com

പ്രശ്നത്തിൻെറ രൂക്ഷതവദ്ധിച്ചു. അപ്പോഠം വി. സിറിലും മെതോഡിയസുംകൂടി മാനസാന്തരവേലയെ ത്വരിതപ്പെടുത്തുവാൻ ആരാധനക്രമം സ്ലാവോണിക്ക ഭാഷയിലേക്ക തജ്ജമ ചെയ്യുവാൻ റോമിൽനിന്നു് അനുവാദം ആവശ്യപ്പെട്ടു. 8-ാമൻ ജോൺപാപ്പ അനുവാദംനൽകിക്കൊണ്ടു പ്രസ്താവിച്ച വാക്കുകഠം പ്രകൃതത്തിൽ സംഗതമാണു്. ''ദൈവം മൂന്നുഭാഷകളിൽ മാത്രം സ്തുതിക്കപ്പെട്ടാൽ പോരാ, പ്രത്യുത, എല്ലാ ഭാഷകളിലും പ്രകീത്തിക്കപ്പെടണമെന്നു വി. ഗ്രന്ഥം പഠിപ്പിക്കുന്നു......... ദൈവം ഹീബ്രു., ഗ്രീക്കു്, ലത്തീൻ എന്നീ പ്രധാന ഭാഷകഠം സൃഷ്ടിച്ചു. അതുപോലെതന്നെ തൻെറ സ്തുതിക്കും ബഹുമാനത്തിനുമായി മററുഭാഷകളും സൃഷ്ടിച്ചു''[1]

## പൗരസ്ത്യറീത്തുകളിലെ വിവിധ തിരുക്കർമ്മ ഭാഷകഠം

### ഗ്രീക്കു്

ഗ്രീക്കുഭാഷയ്ക്കാണു പൗരസ്ത്യസഭയിലെ ആരാധനക്രമങ്ങളിൽ മുഖ്യസ്ഥാനം. ഗ്രീസു്, ഹംഗറി, ടക്കി, ഇററലി, അമേരിക്ക, അൽബേനിയ, സൈപ്രസു് എന്നിവിടങ്ങളിലെ പൗരസ്ത്യസഭകളുടെ റീത്തുഭാഷ ഗ്രീക്കാണു്. എന്നാൽ, ഇതു ക്ലാസ്സിക്കൽ ഗ്രീക്കോ അവരുടെ മാതൃഭാഷയോ അല്ല. 'കൊയിനെ' (Koine) എന്നറിയപ്പെടുന്ന പ്രാകൃതഗ്രീക്കുഭാഷയുമായി ഇതിനുററബന്ധമുണ്ടു്. അവരുടെ പൂർവ്വികർ സംസാരിച്ചിരുന്ന ഈ ഭാഷ സാധാരണ ജനങ്ങഠംക്കു ദുർഗ്രഹമാണു്.

ദിവ്യനാഥൻെറ നിർദ്ദേശമനുസരിച്ചു് അപ്പസ്തോലന്മാർ നാനാസ്ഥലങ്ങളിലേക്കും പുറപ്പെട്ടു; അവരോടൊത്തു് ആരാധനക്രമവും ലോകത്തിൻെറ നാനാഭാഗങ്ങളിലും വ്യാപിച്ചു. ക്രിസ്തുമതത്തിൻെറ ബാല്യകാലചരിത്രത്തിൽനിന്നും എല്ലാദേശത്തും

1. "Living Languages" in Worship, 1963, P. 524

www.malankaralibrary.com

ഗ്രീക്ക് ആരാധനക്രമഭാഷയായി ഉപയോഗിച്ചിരുന്നെന്ന വസ്തുത സുതരാം വ്യക്തമാണ്. അങ്ങനെ, സിറിയയിലും ഈജിപ്തിലും റോമിലും ഏഷ്യാമൈനറിലും-പൗരസ്ത്യർക്കും പാശ്ചാത്യർക്കും-ഗ്രീക്ക്, റീത്തു ഭാഷയായിരുന്നു. സെൻറ് പോളിന്റെ ലേഖനങ്ങൾ ഇതിന് ഉപോൽബലകങ്ങളാണ്. റോമാക്കാർക്കുള്ള ലേഖനംപോലും ഗ്രീക്കിലാണു വിരചിതമായതു്.

ഇപ്രകാരം സർവ്വവ്യാപകമായിത്തീർന്ന ഗ്രീക്ക്, ദേശീയ ഭാഷകളുടെ ഉയർത്തെഴുന്നേല്പോടുകൂടി അപ്രത്യക്ഷമാകാൻ തുടങ്ങി.

## സുറിയാനി

മുപ്പതുലക്ഷത്തിൽപരം ക്രൈസ്തവരുടെ ആരാധനക്രമഭാഷയായ സുറിയാനിക്കു പാശ്ചാത്യമെന്നും പൗരസ്ത്യമെന്നും രണ്ടു വിഭാഗങ്ങളുണ്ട്. പ്രധാനമായി അക്ഷരങ്ങളുടെ വടിവിലും ശബ്ദത്തിലും മാത്രമേ ഇവ തമ്മിൽ വ്യത്യാസമുള്ളൂ. 'എസ്ത്രാംഗല' എന്ന പേരിലറിയപ്പെടുന്ന ആദ്യാക്ഷരങ്ങൾ എ. ഡി. അഞ്ചാംനൂററാണ്ടുവരെ അരാമായർ ഉപയോഗിച്ചിരുന്നു. എന്നാൽ, എഴുതുന്നതിനുള്ള പ്രയാസംനിമിത്തം ഈ അക്ഷരങ്ങൾ ചില മിനുക്കുപണികൾക്കു വിധേയമായി. പരിഷ്കരിക്കപ്പെട്ട ഈ ലിപികളാണു പിൻകാലത്തു പൗരസ്ത്യസുറിയാനി അഥവാ കൽദായ-നിസിബിയൻ അക്ഷരമാല എന്ന പേരിൽ 5-ാം നൂററാണ്ടു മുതൽ അറിയപ്പെടുന്നതു്. ക്രമേണ എദേസ്സ, യാക്കോബായക്കാരുടെ കേന്ദ്രമായിത്തീർന്നപ്പോൾ അവർ ഈ അക്ഷരമാല വീണ്ടും പരിഷ്കരിച്ചു. അങ്ങനെ, 8-ാം നൂററാണ്ടോടുകൂടി പാശ്ചാത്യവർണ്ണങ്ങൾ രൂപംകൊണ്ടു.

മതസത്യങ്ങൾ വിശ്വാസികൾ എളുപ്പത്തിൽ ഗ്രഹിക്കുവാൻ വി. എഫ്രേം മതാത്മകങ്ങളായ കീർത്തനങ്ങളും ഗാനങ്ങളും രചിച്ചു. അവയെല്ലാം സുറിയാനിയിലാണു വിരചിതമായതു്. പേർഷ്യയുടെ പ്രതിഭാശാലിയെന്നറിയപ്പെടുന്ന അഫ്രാത്തെസ് തന്റെ സുവിശേഷപ്രസംഗങ്ങൾ സുറിയാനിയി

www.malankaralibrary.com

ലാണു നടത്തിയിരുന്നതു്. കാരണം, ജനങ്ങൾക്കു ഗ്രീക്കു സുഗ്രാഹ്യമായിരുന്നില്ല.

മെസ്സോപ്പൊട്ടേമിയായിൽ രണ്ടാംനൂററാണ്ടോടുകൂടി സുറിയാനി ആരാധനക്രമഭാഷയായി ഉപയോഗിക്കാൻ തുടങ്ങി. സിറിയ, പാലസ്തീന, ബാബിലോൺ, അസീറിയ തുടങ്ങിയ രാജ്യങ്ങളിലേക്കുകടന്നു പ്രാബല്യംപ്രാപിച്ച സുറിയാനി, 13-ാം നൂററാണ്ടിലുണ്ടായ അറബികളുടെ നിഷ്ഠൂരമായ ആക്രമണത്തോടെ അപ്രത്യക്ഷമായി. സുറിയാനിയുടെ തിരോധാനത്തോടെ ഈ പ്രദേശങ്ങളിൽ അറബി പ്രാബല്യത്തിൽ വന്നു. എങ്കിലും, ഡമാസ്കസിലുള്ള ഒന്നുരണ്ടു ഗ്രാമക്കാർ 'സൂറെത്തു്' (Sureth) എന്നറിയപ്പെടുന്ന പരിഷ്കരിച്ച സുറിയാനി ഇപ്പോഴും സംസാരിച്ചുവരുന്നു. എന്നാൽ, സിറിയയിലും മലബാറിലുമുള്ള യാക്കോബായക്കാർക്കും അവരിൽനിന്നു കത്തോലിക്കാസഭയിലേക്കു പിന്തിരിഞ്ഞ അന്ത്യോക്യൻറീത്തുകാർക്കും മാറോനീത്താക്കാർക്കും പാശ്ചാത്യസുറിയാനിയാണു് ഇന്നും റീത്തുഭാഷ. കൂടാതെ ഇറാൻ, ഇറാക്കു്, സിറിയ, മലബാർ എന്നിവിടങ്ങളിലെ കൽദായകത്തോലിക്കരും നെസ്തോറിയരും പൗരസ്ത്യസുറിയാനി, റീത്തുഭാഷയായി ഉപയോഗിച്ചുവരുന്നു. കേരളസുറിയാനിക്കാരെ സംബന്ധിച്ചിടത്തോളം സുറിയാനി, മാതൃഭാഷയോ ദേശീയഭാഷയോ അല്ല.

**കോപ്ററിക്**

അലക്സാണ്ഡ്റിയൻ റീത്തുഭാഷയാണിതു്. ഈജിപ്തിലെ ചില പള്ളികളിൽ മൂന്നാംനൂററാണ്ടിൽതന്നെ തിരുക്കർമ്മങ്ങൾ കോപ്ററിക്ഭാഷയിൽ നടത്തിയിരുന്നതായി രേഖകളുണ്ടു്. മൂന്നാംനൂററാണ്ടിൽ ജീവിച്ചിരുന്ന വനവാസിയായ വി. അന്തോനീസിനു് ഈജിപ്ഷ്യൻ അഥവാ കോപ്ററിക്ഭാഷ മാത്രമേ വശമുണ്ടായിരുന്നുള്ളു എന്നു വി. അത്തനാസിയൂസു് വ്യക്തമാക്കുന്നു. ദിവ്യപൂജയിൽ വായിച്ചുകേട്ട ഒരു സുവിശേഷ

www.malankaralibrary.com

വാക്യം[1], ലോകം ഉപേക്ഷിക്കുവാനും സന്യാസജീവിതം സ്വീകരിക്കുവാനും വി. അന്തോനീസിനു പ്രചോദനം നല്കി. മൂന്നാംനൂററാണ്ടിൽതന്നെ അവർ തിരുക്കർമ്മങ്ങൾക്കായി കോപ്ററിക്‌ഭാഷ ഉപയോഗിച്ചിരുന്നുവെന്ന് ഈ സംഭവം വ്യക്തമാക്കുന്നുണ്ടല്ലോ. അന്നത്തെ സംസാരഭാഷയും അതുതന്നെയായിരുന്നു. എന്നാൽ, അറബികളുടെ ആക്രമണത്തോടെ അതൊരു മൃതഭാഷയായിത്തീർന്നു. ദിവ്യകർമ്മങ്ങൾക്കായി ഉപയോഗിക്കുന്ന ഈ കോപ്ററിക്‌ഭാഷ, ഗ്രീക്കിനോടു വളരെ സാമ്യമുള്ളതാണ്. ഇന്നു പത്തുലക്ഷത്തോളം വിശ്വാസികളുടെ ആരാധനക്രമഭാഷയാണിതു്.

## എത്യോപ്യൻ അഥവാ 'ഗീസ്'

'സ്വതന്ത്രരുടെ ഭാഷ' എന്നർത്ഥമുള്ള 'ലെസാനഗീസ്' ആണ് എത്യോപ്യരുടെ റീത്തുഭാഷ. ഇതു് അറേബ്യയിൽനിന്ന് അബ്സീനിയായുടെ സമീപപ്രദേശങ്ങളിൽ താമസമാക്കിയ ഒരുസംഘം കുടിയേററക്കാരുടെ സംസാരഭാഷയായിരുന്നു. സെമിററിക്‌വംശത്തിൽപ്പെട്ട ഈ ഭാഷ നാലാംനൂററാണ്ടുമുതൽ ഇന്നുവരേയും റീത്തുഭാഷയായിത്തുടരുകയാണ്. 7-ാം നൂററാണ്ടുവരെ ദേശീയഭാഷയായിരുന്ന ഗീസ്, അംഹറിക്[2] ഭാഷ പ്രാബല്യം പ്രാപിച്ചതോടെ അപ്രത്യക്ഷമായി.

## അർമ്മേനിയൻ

ഇൻഡോ-യൂറോപ്യൻവംശത്തിൽപ്പെട്ട അർമ്മേനിയൻ ഭാഷ അഞ്ചാംനൂററാണ്ടിന്റെ അവസാനത്തോടുകൂടി ആരാധനക്രമത്തിൽ ഉപയോഗിച്ചുതുടങ്ങി. ക്ലാസ്സിക്കൽഅർമ്മേനിയൻഭാഷയാണു തിരുക്കർമ്മങ്ങൾക്കായി ഉപയോഗിക്കുന്നതു്. ഇതിനു് ആധുനിക അർമ്മേനിയൻ റീത്തുഭാഷയിൽനിന്നും

1. Mt. 19:16.
2. അംഹറിക (Amharic), ഇപ്പോൾ എത്യോപ്യയുടെ ഔദ്യോഗികഭാഷയാണ്.

www.malankaralibrary.com

വളരെ വ്യത്യാസമുണ്ട്. തന്നിമിത്തം, റീത്തുഭാഷ സാധാരണ ക്കാരനു മനസ്സിലാകണമെങ്കിൽ ഒരു തർജ്ജമ കൂടിയേതീരൂ.

**ജോർജിയൻ**

കാർത്ത്വേലിയൻ (Karthvelian) ഇബേരിയൻ (Iberian) എന്നീ പേരുകളിലും ഈ ഭാഷ അറിയപ്പെടുന്നു. ഇതു അർമ്മേനിയയുടെ വടക്കുഭാഗത്ത് അധിവസിക്കുന്ന ക്രിസ്ത്യാനികളുടെ റീത്തുഭാഷയായിത്തീർന്നതു് ആറാം നൂററാണ്ടിലാണെന്നു് അനുമാനിക്കപ്പെടുന്നു. ജോർജിയൻ, അഞ്ചാം നൂററാണ്ടിൽ അർമ്മേനിയൻ റീത്തിൽനിന്നും ഉത്ഭവിച്ചതാണെന്നു് അർമ്മേനിയൻ ചരിത്രകാരനായ 'മൊസസു് ഖൊറെൻ' സമർത്ഥിക്കുന്നു. ഗ്രീക്കിൽനിന്നുള്ള ഇതിൻെറ ഉത്ഭവസാധ്യതയും പലരും സമ്മതിക്കുന്നുണ്ടു്. ഏതായാലും, ഏഴാം നൂററാണ്ടിൽ ഗ്രീക്കുസമ്മർദ്ദത്തിനു വിധേയമായ ജോർജിയൻ, ബൈസൻെറയിൻ റീത്തിൻെറ മറെറാരുപതിപ്പായി പുറത്തുവന്നു. ആധുനികഭാഷയും ക്ലാസ്സിക്കൽജോർജിയനുമായി പറയത്തക്ക വ്യത്യാസങ്ങളൊന്നുമില്ല.

**സ്ളാവോണിക്**

സ്ലാവോണിക്കു വിശ്വാസികൾ തങ്ങൾക്കു സുവിശേഷ വെളിച്ചം നൽകിയ സിറിൽ, മെതോഡിയസു് എന്നീ വിശുദ്ധരിൽനിന്നുമാണു് 9-ാംനൂററാണ്ടിൽ ബൈസൻെറയിൻ റീത്തും സുവിശേഷതർജ്ജമയും സ്വീകരിച്ചതു്. അന്നു ജീവൽഭാഷയായിരുന്ന സ്ലാവോണിക് ഒമ്പതാം നൂററാണ്ടിൽത്തന്നെ മൊറോവിയ, ബൾഗേറിയ എന്നിവിടങ്ങളിലും പത്താം നൂററാണ്ടിൽ റഷ്യ, സെർബിയ എന്നിവിടങ്ങളിലും ആരാധനക്രമഭാഷയായിത്തീർന്നു.

**അറബി**

പൗരസ്ത്യപ്രദേശത്തേ മുഹമ്മദീയാക്രമണശേഷം ആരാധനക്രമങ്ങളിൽ ഉപയോഗിച്ചുവന്നിരുന്ന സുറിയാനി, ഗ്രീക്കു്,

www.malankaralibrary.com

കോപ്‌റ്റിക് എന്നിവയ്ക്കുപകരം അറബി ഉപയോഗിക്കുവാൻ നിർബന്ധിതമായി. അങ്ങനെ പത്താംനൂററാണ്ടോടുകൂടി അറബിക്ക് ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനം ആരാധനക്രമത്തിൽ ലഭ്യമായി. ആദ്യമാദ്യം ബൈബിൾ വായനകളും ആരാധനക്രമത്തിലെ ഏതാനും ഭാഗങ്ങളുംമാത്രമേ അറബിയിൽ നടത്തിയിരുന്നുള്ളു. കാലക്രമേണ മററുഭാഗങ്ങളും അറബിയിലായി.

അറബി, ആരാധനക്രമത്തിൽ ഏററംകൂടുതൽ ഉപയോഗിക്കുന്ന ക്രിസ്തീയസമൂഹം മെൽക്കീത്തക്കാരാണ്. തിരുക്കർമ്മങ്ങൾക്കുള്ള അവരുടെ സകലപുസ്തകങ്ങളും അറബിഭാഷയിലാണ്. അതുപോലെ സിറിയയിലും പാലസ്തീനയിലുമുള്ള ഓർത്തഡോക്സുകാരുടെ പുസ്തകങ്ങളും തിരുക്കർമ്മങ്ങൾ മുഴുവനും ഗ്രീക്കിലായിരിക്കുന്നതു ജനങ്ങൾ ഇഷ്ടപ്പെടുന്നില്ല. കോപ്‌റ്റിക്ക തിരുക്കർമ്മഭാഗങ്ങളെല്ലാം ഒന്നുകിൽ ഗ്രീക്കിലും അറബിയിലും കൊടുത്തിരിക്കും; അല്ലെങ്കിൽ, അറബിയിൽ മാത്രം. അത്രയ്ക്കു പ്രാധാന്യമാണ് അറബിക്കുള്ളത്. ഇറാക്കിലും പേർഷ്യയിലുമുള്ള കൽദായക്കാർ സുറിയാനിയോടൊപ്പം അറബിയും ഒരു സഹഭാഷയായി ഉപയോഗിക്കുന്നു. ദിവ്യബലിയുടെ സമയത്തുള്ള ലേഖനവും സുവിശേഷവും അറബിയിലും വായിക്കുന്നുണ്ട്. മാറോനീത്തക്കാരും ഇതിനൊരപവാദമല്ല.

**റുമേനിയൻ**

റുമേനിയക്കാർ ഡേഷ്യയിൽ കുടിയേറിപ്പാർത്ത റോമാക്കാരുടെ വംശജരാണെന്നു കരുതപ്പെടുന്നു. റീത്തിലും ഭാഷയിലും അവർ ലത്തീൻകാരായിരുന്നു. റോമൻമിഷനറിമാരിൽനിന്നു വിശ്വാസം സ്വീകരിച്ചതായിരിക്കാം ഇതിന്റെ കാരണം.

ഒമ്പതാംനൂററാണ്ടിൽ ആദ്യത്തെ ബൾഗേറിയൻ ഭരണകൂടം സംസ്ഥാപിതമായതോടെ ഡേഷ്യൻ (Dacia) നിവാസി



www.malankaralibrary.com

കളായ റുമേനിയർ ബഗ്ഗേറിയക്കാരുടെ കീഴിലായി. അതോടെ ലത്തീൻറീത്ത് ഉപേക്ഷിക്കുവാനും ബൈസൻറയിൻ ആരാധനക്രമം സ്ലാവോണിക്കുഭാഷയിൽ നടത്തുവാനുമുള്ള നിബന്ധനകളുണ്ടായി.

എന്നാൽ, പതിനഞ്ചാംനൂററാണ്ടിൻെറ അവസാനത്തോടുകൂടി ഹുസൈററ്സിൻേറയൊ (Hussites) മൊൾഡേവിയൻ സന്യാസികളുടേയൊ സ്വാധീനശക്തിയാൽ സങ്കീർത്തനങ്ങളും സുവിശേഷങ്ങളും നടപടികളും ലേഖനങ്ങളും റുമേനിയനിലേക്കു തർജ്ജമ ചെയ്യപ്പെട്ടു.[1] അങ്ങനെ, പതിനാറാംനൂററാണ്ടോടുകൂടി റുമേനിയൻ തിരുക്കർമ്മഭാഷയായിത്തീർന്നു. 1697-ൽ ഒരു നല്ലവിഭാഗം റുമേനിയൻ പ്രോട്ടസ്റ്റൻറുകാർ കത്തോലിക്കസഭയുമായി പുനരൈക്യപ്പെടുകയും റുമേനിയൻ റീത്തുഭാഷയായി സ്വീകരിക്കുകയും ചെയ്തു. പത്തൊമ്പതാംനൂററാണ്ടിൻെറ മധ്യഘട്ടംവരെ റുമേനിയൻ സ്ലാവോണിക്കു ലിപികളിലാണ് എഴുതപ്പെട്ടിരുന്നത്. എന്നാൽ, റുമേനിയൻ കത്തോലിക്കർ ഇതു പൊളിച്ചെഴുതി റോമൻ അക്ഷരങ്ങൾ സ്വീകരിക്കുകയും തിരുക്കർമ്മപുസ്തകങ്ങൾ അതനുസരിച്ചു പരിഷ്കരിക്കുകയും ചെയ്തു. റുമേനിയൻ ഓർത്തഡോക്സുകാരും ഇതിനെ അനുകരിക്കയുണ്ടായി.

**മഗ്യായാർ** (ഹങ്കേറിയൻ)

ഹാജ്ദുദൊരോഗ് വികാരിയാത്തിൽ (Eparchia) പ്പെട്ട കത്തോലിക്കർ പതിനെട്ടാംനൂററാണ്ടിൻെറ ആരംഭത്തിൽതന്നെ തിരുക്കർമ്മങ്ങളിൽ ഹങ്കേറിയൻഭാഷ ഉപയോഗിച്ചുതുടങ്ങി. അങ്ങനെ വി. ക്രിസ്സോസ്തോമിൻെറ ആരാധനക്രമവും

1. സുവിശേഷം....1561-ൽ
നടപടികളും ലേഖനങ്ങളും.....1563-ൽ
സങ്കീർത്തനങ്ങൾ....1570-ൽ
മൂന്നു ദിവ്യബലിക്രമങ്ങൾ....1683-ൽ
Cf. RAES, ALPHONSUS S. J., *op. cit. P.* 225.

www.malankaralibrary.com

(1795) വി. ബേസിലിൻെറ ആരാധനക്രമവും (1889) ഹങ്കേറിയൻ ഭാഷയിൽ പ്രസിദ്ധീകൃതമായി. അതുപോലെ ഞായറാഴ്ചത്തേ ലേഖനങ്ങളും സുവിശേഷങ്ങളും ഉൾക്കൊള്ളുന്ന പുസ്തകവും (1882) പ്രസിദ്ധീകരിക്കപ്പെട്ടു.

എന്നാൽ, വി. പത്രോസിൻെറ വിശ്വാസപ്രചരണത്തിൻെറ തിരുസംഘം (Propagation of faith) ഇതിൽ ഇടപെടുകയും 1896-ൽ ഹങ്കേറിയൻ ഭാഷ ആരാധനക്രമത്തിൽ ഉപയോഗിക്കുന്നതിനെ നിരോധിക്കുകയും ചെയ്തു. 1912-ൽ ഹാജ്ഡുദോരോഗിനെ (Hajdudorog) ഒരു പുതിയ രൂപതയായി ഉയൎത്തിക്കൊണ്ടുള്ള ബൂളയിൽ പുതിയ രൂപതയുടെ റീത്തുഭാഷ, പഴയ ഗ്രീക്കായിരിക്കണമെന്നും അതിനാൽ, ഹങ്കേറിയൻഭാഷ തിരുകൎമ്മങ്ങൾക്കായി ഉപയോഗിക്കരുതെന്നും പ്രത്യേകം നിർദ്ദേശിച്ചിരുന്നു. പ. സിംഹാസനത്തിൻെറ ഈ ഇടപെടലിൽ രാഷ്ട്രീയകാരണങ്ങളും പ്രേരകമായി വൎത്തിച്ചിരുന്നു. എന്നാൽ, ലോകമഹായുദ്ധം (1914) പൊട്ടിപ്പുറപ്പെട്ടതോടെ തിരുകൎമ്മഭാഷയുടെ കാര്യത്തിലും ചില അയവുകൾ സംഭവിച്ചു. ചുരുങ്ങിയസമയംകൊണ്ടു ഹങ്കേറിയൻഭാഷയിലുള്ള ആരാധനക്രമങ്ങളുടെ പുതിയ പതിപ്പുകൾ പുറത്തുവന്നു. ഇന്നു് അവരുടെ സകല തിരുകൎമ്മപുസ്തകങ്ങളും ഹങ്കേറിയൻ ഭാഷയിലാണു്.[1]

## അൽബേനിയൻ

ഇരുപതാംനൂററാണ്ടിൻെറ ആരംഭത്തിൽ ഏതാനും അൽബേനിയർ ദിവ്യകൎമ്മങ്ങൾക്കു ദേശീയഭാഷ അനുവദിച്ചു കിട്ടുന്നതിനായി കോൺസ്റ്റാൻറിനോപ്പോളിൻെറ പാത്രിയൎക്കീസിനെ സമീപിച്ചെങ്കിലും അദ്ദേഹം അതു നിരസിക്കുകയാണു ചെയ്തതു്. അമേരിക്കയിൽ അധിവസിച്ചിരുന്ന അൽബേനിയർ ഇതേ അനുവാദത്തിനായി ശ്രമിക്കുകയും അവരതിൽ വി

1. *Ibid.* P. 23-45

www.malankaralibrary.com

ജയിക്കുകയും ചെയ്തു. റോമൻ സിനഡ് അൽബേനിയൻഭാഷ അംഗീകരിച്ചു. അങ്ങനെ, അൽബേനിയൻ 1922 മുതൽ റീത്തുഭാഷയായിത്തീന്നു.

**മലയാളഭാഷ**

നമ്മുടെ മാതൃഭാഷയായ മലയാളത്തിൻെറ ഉത്ഭവം, വളർച്ചതുടങ്ങിയവയെപ്പററിയുള്ള പഠനം ഭാഷാപണ്ഡിതന്മാക്ക് വിട്ടുകൊണ്ടു മലയാളത്തിന് ആരാധനക്രമത്തിലുള്ള സ്ഥാനമെന്തെന്ന് അല്പമായി പരിചിന്തനം ചെയ്യാം. ഏതാണ്ടു മുപ്പതു ലക്ഷം ക്രൈസ്തവർ തങ്ങളുടെ ആരാധനക്രമങ്ങളിൽ മലയാളം ഉപയോഗിച്ചുവരുന്നു. 1962 ജൂലൈ മൂന്ന് കേരളകൽദായ സുറിയാനിക്കാരെ സംബന്ധിച്ചിടത്തോളം ഒരു സുവർണ്ണദിനമാണ്. കാരണം, അന്നാണു പുനരുദ്ധരിക്കപ്പെട്ട കർബാന മലയാളഭാഷയിലായതു്. കൂടാതെ, റോമിലുള്ള വി. പത്രോസിൻെറ ബസ്ളിക്കയിൽ അനേകം കർദ്ദിനാളന്മാരുടേയും മെത്രാന്മാരുടേയും സാന്നിദ്ധ്യത്തിൽ 'മലയാളക്കുർബാന' അർപ്പിക്കപ്പെട്ടുവെന്നതും അഭിമാനകരംതന്നെ.

പരമപരിശുദ്ധമായ ദിവ്യബലിയുടെ സമർപ്പണത്തിൽ മലയാളം ഒരു മാർഗ്ഗമായതോടെ ബലിയും വിശ്വാസികളുമായുള്ള ബന്ധം സുവ്യക്തമാകുകയാണു ചെയ്തതു്. ബലിസമർപ്പണം വൈദികന്മാരുടെമാത്രം കർമ്മമെന്ന ധാരണ മാറുകയും വൈദികരും അവൈദികരും ഒന്നുചേൻകൊണ്ടാണു ദിവ്യബലി സമർപ്പിക്കുന്നതു് എന്നുള്ള ബോധം ഉളവാകുകയും ചെയ്തിട്ടുണ്ടു്. കുർബാന കാണുകയെന്നതിനുപകരം കുർബാനയർപ്പിക്കുക, കുർബാനയിൽ ഭാഗഭാക്കാകുക, അതാണു തങ്ങളുടെ കർത്തവ്യം എന്നധാരണ എല്ലാവരിലും ഉണ്ടായിട്ടുണ്ടു്.

മലയാളഭാഷയ്ക്കു് ആദ്യമായി ആരാധനക്രമത്തിൽ സ്ഥാനം നൽകിയവർ നമ്മുടെ അകത്തോലിക്കാ സഹോദരങ്ങളാണു്. അതിൽ അവക്കു ന്യായമായും അഭിമാനിക്കാം. അച്ചടിച്ചു പ്രസിദ്ധീകരിച്ചില്ലെങ്കിലും 1836-മുതൽ മലയാളത്തിൽ

www.malankaralibrary.com

അവർ കർബാന അർപ്പിച്ചിരുന്നു.[1] ആരാധനക്രമവുമായി അടുത്തബന്ധമുള്ള ബൈബിളിന്റെ വിവർത്തനവും ഇവർതന്നെയാണ് ആദ്യമായി നിർവ്വഹിച്ചത്. ബഞ്ചമിൻ ബയിലിയാൽ വിവർത്തനം ചെയ്യപ്പെട്ട സമ്പൂർണ്ണ പുതിയനിയമം കോട്ടയം C.M.S. പ്രസ്സിൽനിന്നു 1829-ൽ പുറത്തുവന്നു. അല്പം വൈകിയെങ്കിലും 1905 മുതൽ കത്തോലിക്കരും ഈ രംഗത്തേക്കു എത്തിനോക്കിത്തുടങ്ങി.

അനധികൃതമായ കൈകടത്തൽമൂലം താറുമാറാക്കപ്പെട്ട നമ്മുടെ ആരാധനക്രമത്തിൽ അധികമാരും ശ്രദ്ധചെലുത്തിയില്ല. 'ഉള്ളതുകൊണ്ടു തൃപ്തിപ്പെട്ടു' കഴിഞ്ഞുകൂടി. അപ്പോഴാണു പ. സിംഹാസനം പുരോഗമനാത്മകവും അത്യന്താപേക്ഷിതവുമായിരുന്ന ഈ പ്രശ്നം പരിഗണനാവിഷയമാക്കിയത്. തുടർന്നു സമുദ്ധരണത്തിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യപ്പെട്ടു. ആരാധനക്രമത്തിൽ വിശ്വാസികൾ സജീവമായി പങ്കുകൊള്ളുവാനും അങ്ങനെ ആരാധന സജീവമാക്കുവാനുമായി, മലയാളഭാഷയുടെ വിനിയോഗത്തെ സഭ അംഗീകരിച്ചനുവദിച്ചു. അങ്ങനെ, 1960-ൽ പട്ടം കൊടുക്കൽക്രമം ആദ്യമായി മലയാളത്തിൽ നടപ്പിലായി. തുടർന്നു 1962ജൂലൈ മൂന്നാം തീയതിമുതൽ പുനരുദ്ധരിക്കപ്പെട്ട കർബാന മലയാളത്തിൽ ആരംഭിച്ചു. കൂദാശക്രമങ്ങൾ തുടങ്ങിയവയും ആസന്നഭാവിയിൽ മലയാളത്തിലാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. ഇവയെല്ലാം ഏതൊരു ക്രൈസ്തവനും ആനന്ദത്തിനുവക നല്കുന്നവയാണ്. അതോടൊപ്പം മലയാളത്തിന്റെ ഉപയോഗം വിശ്വാസികൾക്ക് ഉണർവും ഉത്തേജനവും പ്രദാനം ചെയ്യുമെന്നും ദിവ്യബലിയിലുള്ള സജീവഭാഗഭാഗിത്വത്തിനു സഹായകമായിത്തീരുമെന്നും പ്രതീക്ഷിക്കാം.

പ്രധാനപ്പെട്ട ആരാധനക്രമഭാഷകളെപ്പററിമാത്രമേ ഇവിടെ ചുരുക്കമായിട്ടെങ്കിലും പ്രതിപാദിച്ചുള്ളു. ഈ നൂററാ

1. Cf. മലങ്കരമാർത്തോമ്മാ സുറിയാനിസഭയുടെ കബ്ബാന തക്സാ, P. 1

www.malankaralibrary.com

ണ്ടിൽ പല ആധുനികഭാഷകൾക്കും ആരാധനക്രമത്തിൽ സ്ഥാനം ലഭിച്ചിട്ടുണ്ട്. എസ്റ്റോനിയൻ, ലെററിഷ്, ജർമ്മൻ, എസ്കിമോ, ചൈനീസ്, ജാപ്പനീസ്, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകൾ ഇതിനുദാഹരണങ്ങളാണ്. പൊതുവായി പറഞ്ഞാൽ പൗരസ്ത്യർ, വിശ്വാസികൾക്കു മനസ്സിലാകുന്ന ഭാഷയിൽ തിരുക്കർമ്മങ്ങൾ അനുഷ്ഠിച്ചു വരുന്നു. ഇതിനു അപവാദങ്ങളും ഇല്ലാതില്ല.

ആരാധനക്രമം തിരുസ്സഭയുടെ യഥാർത്ഥത്തിലുള്ള പൊതുപ്രാർത്ഥനയാണ്. അതു് എല്ലാവരേയും ഉദ്ദേശിച്ചുള്ളതാണ്. വൈദികന്മാർക്കായി മാത്രമുള്ളതല്ല. എന്നാൽ, ജനങ്ങൾക്കതു മനസ്സിലായെങ്കിൽമാത്രമേ അതിൽ പൂർണ്ണമായി പങ്കെടുക്കുവാൻ സാധിക്കുകയുള്ളു. അതിനായി എല്ലാവരും ആരാധനക്രമഭാഷ പഠിക്കുക, ദ്വിഭാഷപ്പുസ്തകങ്ങൾ വാങ്ങിക്കുക തുടങ്ങിയ പദ്ധതികൾ പ്രായോഗികമല്ല. കൂടാതെ തിരുസ്സഭ വിശ്വാസികളുടെ സമൂഹംകൂടെയാണല്ലോ. അതിനാൽ, ജനങ്ങളുടെ ഭാഷ ഉപയോഗിക്കുന്നതു പാരമ്പര്യത്തിനു വിരുദ്ധമായിരിക്കുകയില്ല. പ്രത്യുത, അതുവഴി ആദ്യനൂററാണ്ടിലേ ക്രിസ്തീയ ചൈതന്യത്തോടു നാം കൂടുതലായി അടുക്കുകയായിരിക്കും ചെയ്യുന്നതു്. വി. പത്താംപീയൂസിൻെറ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടു കർദ്ദിനൽ ലെർക്കാറോ ഇപ്രകാരം പ്രസ്താവിക്കുന്നു: "ക്രിസ്തീയതരൂപി കരസ്ഥമാക്കുവാനുള്ള പ്രഥമവും എന്നാൽ, അവശ്യാവശ്യകവുമായ മാർഗ്ഗം തിരുക്കർമ്മങ്ങളിലും അതുപോലെ ആഘോഷമായ പൊതുപ്രാർത്ഥനകളിലുമുള്ള സജീവഭാഗഭാഗിത്വമാണ്". 'മേദിയാത്തോർ ദേയി' (Mediator Dei) എന്ന ചാക്രികലേഖനം ദിവ്യബലിയിലുള്ള സജീവഭാഗഭാഗിത്വത്തെ പ്രശംസിക്കുകയും അംഗീകരിക്കയുമുണ്ടായല്ലോ. ആരാധനക്രമത്തിൽ ആധുനികഭാഷകളുടെ ഉപയോഗം മേൽപ്പറഞ്ഞ സജീവഭാഗഭാഗിത്വത്തെ സുകരമാക്കിത്തീർക്കുന്നു. ഇതു മനസ്സിലാക്കിയതുകൊണ്ടാണല്ലോ ലത്തീൻറീത്തിൽപോലും

www.malankaralibrary.com

ആധുനികഭാഷകൾ ഉപയോഗിക്കണമെന്നു കൗൺസിൽ പിതാക്കന്മാർ ആവശ്യപ്പെട്ടതും അതിനനുകൂലമായ തീരുമാനമെടുത്തതും.[1]

മാതൃഭാഷയുടെ വിനിയോഗംവഴി അക്രൈസ്തവരുമായി കൂടുതൽ അടുക്കുന്നതിനും അങ്ങനെ അവരുടെ മാനസാന്തരത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനും നമുക്കു സാധിക്കുന്നു. ഭാഷമൂലമുള്ള ഒരു വലിയ വിടവു നികത്തുന്നതോടെ ആശയത്തിലും ആദർശത്തിലും കൂടുതൽ സമ്പർക്കസാധ്യതയുണ്ടാകുന്നു. മുസ്ളിമുകളുടെ വിശുദ്ധഭാഷയായ അറബിയുടെ ഉപയോഗം തീർച്ചയായും അവരെ ക്രിസ്തുവിന്നായി നേടുവാൻ വളരെ സഹായിക്കും. അതുപോലെ ഇൻഡ്യയിൽ പാർസികളെ ക്രിസ്തുവിലേക്ക് ആകർഷിക്കുവാൻ കൽദായറീത്തിൻെറ പെലെവിയിലുള്ള അവതരണം വളരെ സഹായിക്കുമെന്നു Korolevsky തുടങ്ങിയ പ്രമുഖ ലിററർജിസ്റ്റുകൾ വിശ്വസിക്കുന്നു.

വെറും അപരിചിതരും മൂകസാക്ഷികളും കാഴ്ചക്കാരുമാകാതെ തിരുക്കർമ്മങ്ങളിൽ വിശ്വാസികൾ സജീവമായും സമൂഹമായും ബോധപൂർവകമായും പങ്കുകൊള്ളണമെന്നു സഭ ആഗ്രഹിക്കുന്നു.

## മാതൃഭാഷയും ത്രെന്തോസ് സൂനഹദോസും

ലത്തീൻആരാധനക്രമത്തിൽ മാതൃഭാഷാവിനിയോഗത്തെ രണ്ടാം വത്തിക്കാൻ സൂനഹദോസ് അംഗീകരിച്ചതു ത്രെന്തോസു സൂനഹദോസു തീരുമാനത്തിനു വിരുദ്ധമല്ലേ? നാന്നൂറു കൊല്ലംമുമ്പു കൗൺസിൽപിതാക്കന്മാർ ശപിച്ചു പുറംതള്ളിയ ഒന്ന് ഇപ്പോൾ ശരിയായിത്തീരുകയോ? സംശയങ്ങൾക്ക് ഇ

1. CL, a, 54, 63

www.malankaralibrary.com

ടംനൽകുന്ന പ്രശ്നങ്ങളാണിവ. അതിനുംപുറമേ, കൗൺസിൽ പിതാക്കന്മാർ ആരാധനക്രമത്തിൽ വിശ്വാസികൾക്കു മനസ്സിലാകുന്ന ഭാഷ ഉപയോഗിക്കണമെന്നാവശ്യപ്പെട്ടപ്പോൾ, "പണ്ടേ ഞങ്ങൾ ഇതു പറഞ്ഞതല്ലേ, പക്ഷേ, അന്നതു ശപിച്ചു തള്ളുകയല്ലേ ചെയ്തതു്" എന്നൊരു നിലപാടു ചില പ്രോട്ടസ്റ്റന്റസുഹൃത്തുക്കൾ വച്ചുപുലർത്തുവാൻ ആഗ്രഹിക്കുകയാണു്.

യഥാർത്ഥത്തിൽ മാതൃഭാഷകളെക്കുറിച്ചു ത്രെന്തോസു് സൂനഹദോസു് എന്തു നിലപാടാണു സ്വീകരിച്ചതെന്നും ഇപ്രകരമൊരു തീരുമാനമെടുക്കുവാൻ ഇടയാക്കിയ സാഹചര്യങ്ങൾ ഏവയെന്നും മറവുമുള്ള ചരിത്രപരമായ പഠനം പ്രശ്നങ്ങൾക്കു പരിഹാരം നിർദ്ദേശിക്കുമെന്നു തോന്നുന്നു.

## ഇതു ശരിയോ?

പ്രോട്ടസ്റ്റന്റുകാരെസ്സംബന്ധിച്ചിടത്തോളം ദിവ്യബലി പരിഹാരബലിയല്ല, (Propitiatory sacrifice) അതു വെറും മതാഭ്യസനശുശ്രൂഷ (Catechetical service) മാത്രമാണു്. ദിവ്യബലി വെറുമൊരു മതപരമായ ശുശ്രൂഷ മാത്രമായതിനാൽ ദിവ്യബലിയിൽ മാതൃഭാഷ ഉപയോഗിച്ചേതീരൂ. മനസ്സിലാകാത്ത ഭാഷയിൽ മതാഭ്യാസം നടത്തിയതുകൊണ്ടു പ്രയോജനമില്ലല്ലോ. ഈ വീക്ഷണകോണത്തിലൂടെ നോക്കിയാൽ, അജ്ഞാതമായ ഒരു ഭാഷയിൽ (ലത്തീനിൽ) ദിവ്യബലി അപ്പിക്കുന്നതുകൊണ്ടു് അതിന്റെ ലക്ഷ്യംതന്നെ അപ്രാപ്യമായിത്തീരുന്നു. ദിവ്യബലി സത്താപരമായും സ്വാഭാവികമായും സുവിശേഷഘോഷണവും സ്വർഗ്ഗീയമന്നായുടെ വിശ്വാസംവഴിയുള്ള ഭോജനവുമാണെങ്കിൽ തീർച്ചയായും വചനത്തിന്റെ വിദേശഭാഷയിലൂടെയുള്ള അവതരിപ്പിക്കൽകൊണ്ടു വിശ്വാസികൾക്കു യാതൊരു പ്രയോജനവുമില്ല.

പ്രോട്ടസ്റ്റന്റ വെല്ലുവിളിയെ നേരിടുവാൻ ത്രെന്തോസു സൂനഹദോസു സമ്മേളിച്ചു. അവരുടെ നിർദ്ദേശങ്ങളേയും പഠി

www.malankaralibrary.com

പ്പിക്കലുകളേയും സഭ അളന്നു തിട്ടപ്പെടുത്തി. കൂടാതെ, വിശ്വാസസത്യങ്ങളെ അവരെ വ്യക്തമായി പഠിപ്പിക്കുകയും ചെയ്തു. മാതൃഭാഷയെസ്സംബന്ധിച്ചുള്ള കാനൻ ഇപ്രകാരമാണു്:"മാതൃഭാഷയിൽ മാത്രമേ ബലി അർപ്പിക്കപ്പെടാവൂ എന്നു സമർത്ഥിക്കുന്നവൻ ശപിക്കപ്പെട്ടവനാകട്ടെ".[1] അവസാനവോട്ടിങ്ങിനു മുമ്പുനടന്ന ചർച്ചകളേപ്പററിയുള്ള പഠനം ഇതിനു ശരിയായ ഉത്തരം നൽകും. മാതൃഭാഷാവിനിയോഗത്തെക്കുറിച്ചുള്ള ആദ്യ പൊതുചർച്ച നടന്നതു് 1551 ഡിസംബർമാസത്തിലാണു്. അവസാനതീരുമാനത്തിനു പതിനൊന്നുവർഷം മുമ്പു ദൈവശാസ്ത്രജ്ഞന്മാർ വരച്ചിട്ടുള്ള രൂപരേഖയിൽ ഇപ്രകാരം കാണുന്നു, എല്ലാവർക്കും മനസ്സിലാകുന്ന ഭാഷയിൽ ഒരുവൻ ബലിയർപ്പിക്കണം....[2] ഈ വാക്കുകൾ സ്പഷ്ടമായും പ്രോട്ടസ്റ്റൻറുകാരെ ഉദ്ദേശിച്ചുള്ളതായിരുന്നെന്നു കാണാം. ദിവ്യബലി പഠിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരുസ്മാരകം മാത്രമാണു്. അതെല്ലാവർക്കും മനസ്സിലാകുന്ന ഭാഷയിൽ നടത്തണം. ഇതാണല്ലോ അവരുടെ വാദം. ചൂടേറിയ ചർച്ചകളിലേക്കു കടക്കാതെ ഇതുസ്സംബന്ധിച്ചു പാസ്സാക്കിയ കാനൻ നമുക്കൊന്നു പരിശോധിക്കാം.

"മാതൃഭാഷയിൽമാത്രമേ ദിവ്യബലി അർപ്പിക്കപ്പെടാവൂ എന്നു സമർത്ഥിക്കുന്നവൻ ശപിക്കപ്പെട്ടവനാകട്ടെ". 'മാത്രമേ' (tantum) എന്നുള്ളതു ഈ കാനനിൽ വളരെ പ്രാധാന്യമർഹിക്കുന്നു. 'മാതൃഭാഷയിൽ ദിവ്യബലി അർപ്പിക്കപ്പെടണം' എന്നു സമർത്ഥിക്കുന്നവൻ അബദ്ധം പഠിപ്പിക്കുന്നുവെന്നു കാനൻ പറയുന്നില്ല. അതിനാൽ, പ്രോട്ടസ്റ്റൻറുകാരുടെ ദിവ്യബലിയെപ്പററിയുള്ള അബദ്ധപ്രബോധനത്തെ ശപിച്ചുകൊണ്ടുള്ള ഒരു പ്രഖ്യാപനമായിരുന്നു ഇതു്. ഇന്നു പലരും ദിവ്യബലിയിൽ മാതൃഭാഷ ഉപയോഗിക്കണമെന്നാവശ്യപ്പെടുന്നുണ്ടു്. പക്ഷേ, അവരാരും മാതൃഭാഷയിൽമാത്രമേ അർപ്പിക്കാവൂ എന്നു ശഠിക്കുന്നില്ല.

1) *Sess* XXII, *Can.* 9. D. 956
2) Cf. MILLER H. JOHN C. SC., *op. cit.* P. 140

www.malankaralibrary.com

ദിവ്യബലിയുടെ സത്ത ഒരുവിധത്തിലും മാതൃഭാഷാവിനിയോഗം ആവശ്യപ്പെടുന്നില്ലെന്നും കാനൻ വ്യക്തമാക്കുന്നുണ്ട്. ദിവ്യബലിക്കു സത്താപരമായി യാതൊരു ഭാഷയോടും പ്രത്യേകത ഉണ്ടായിരിക്കുവാൻ പാടില്ല. ഇതു സംബന്ധിച്ചുള്ള പ്രോട്ടസ്റ്റൻറ പ്രബോധനം തികച്ചും അബദ്ധമാണ്. ചില ഭാഷകൾ ദിവ്യങ്ങളെന്നതത്വം സഭ അംഗീകരിച്ചിട്ടില്ല. മാതൃഭാഷാവിനിയോഗം അവശ്യാവശ്യമായി വിശ്വാസത്തെ അപകടത്തിലാക്കുമെന്നോ സഭ ഒരിക്കലും പ്രഖ്യാപിച്ചിട്ടുമില്ല.

പ്രോട്ടസ്റ്റൻറ നവീകരണംനിമിത്തം പാശ്ചാത്യസഭ ലത്തീൻതന്നെ തുടരുവാൻ നിർബന്ധിക്കപ്പെട്ടു. കാരണം, പ്രോട്ടസ്റ്റൻറകാർ ഭാഷാവിനിയോഗം ദിവ്യബലിയെ സംബന്ധിക്കുന്ന അബദ്ധാഭിപ്രായങ്ങളുമായി ബന്ധിച്ചു. ദിവ്യപൂജ പ്രധാനമായും ഒരു ബലിയാണ്. എന്നാൽ, ചില ഭാഗങ്ങൾ മതപഠനത്തെ ഉദ്ദേശിച്ചുള്ളതുമാണ്.

ലത്തീൻ തുടരുവാൻ മററ കാരണങ്ങൾ വല്ലതുമുണ്ടായിരുന്നോ? യൂറോപ്പിലെ പ്രസിദ്ധിയാർജ്ജിച്ച നവോത്ഥാനം പല ആധുനിക ദേശീയഭാഷകൾക്കും ചൂട്ടും വെളിച്ചവും നൽകിയെങ്കിലും 16-ാം നൂററാണ്ടിൻെറ അവസാനത്തിൽപോലും പുതിയതിനെയെല്ലാം അപരിഷ്കൃതമായി കണക്കാക്കിയവർ ഉണ്ടായിരുന്നു. അതിനാലായിരിക്കാം കോപ്പർണിക്കസ് (1473_1543) ഗലിലേയോ (1564-1642) തുടങ്ങിയവർ അവരുടെ ശാസ്ത്രീയഗ്രന്ഥങ്ങൾ ലത്തീനിൻതന്നെ എഴുതിയതു്. ഈ നിലപാട്ട സൂനഹദോസിൻെറ ചർച്ചകളിലും കാണുവാൻ കഴിയും. ചില കൗൺസിൽപിതാക്കന്മാർ അന്നു മാതൃഭാഷാവിനിയോഗത്തെ എതിർക്കുവാനുള്ള കാരണം ആധുനികഭാഷകൾ സാഹിത്യവിനിമയത്തിനുപയുക്തങ്ങളല്ലെന്നു കരുതിയാണു. [1]

1. *Ibid* P. 139

www.malankaralibrary.com

ഇങ്ങനെ, അന്നത്തെ സുപ്രസിദ്ധസാഹിത്യകാരന്മാരും ശാസ്ത്രജ്ഞന്മാരും ലത്തീൻ സംസ്കാരസമ്പന്നരുടെ പൊതുഭാഷയായി കരുതപ്പെട്ടിരുന്ന ഒരവസരത്തിൽ, മാതൃഭാഷയുടെ വിനിയോഗം അബദ്ധപഠനങ്ങൾക്കവസരം നൽകുമോയെന്നു ശങ്കിച്ചു സഭ പ്രോട്ടസ്റ്റൻറവെല്ലുവിളിയെ നേരിട്ടുകൊണ്ടു മാതൃഭാഷയോടു് ഇപ്രകാരമൊരു നിലപാടു സ്വീകരിച്ചതു വിവേകപൂർവ്വകവും സാന്ദർഭികവുമല്ലേ?

www.malankaralibrary.com

# IX

# പൗരസ്ത്യ സഭകളിലെ തിരുവസ്ത്രങ്ങൾ

കാലത്തിന്റെ അടിയൊഴുക്കിൽപ്പെട്ട സ്ഥാപനങ്ങളും സാമ്രാജ്യങ്ങളും നശിക്കാറുണ്ട്. ചിലതു നശിക്കുമ്പോൾ മററു ചിലതു പൂർവ്വാധികം ഉണർവോടെ ഉയിർകൊള്ളുന്നു. അധുനാതനമായ ഇന്നത്തെ പുഞ്ചിരിക്കും പുലരിക്കും ഇന്നലത്തെ അധഃപതനം അടിത്തറപാകിയിട്ടുണ്ട്. ഇന്നത്തെ പുരോഗതിയുടെ പിന്നിൽ ഇന്നലയുടെ അനുഭവസമ്പത്തു പ്രചോദനം നൽകുവാൻ പര്യാപ്തമാണ്. അങ്ങനെ സഭയിൽ ഇന്നു കാണുന്ന ഹൃദയം കവരുന്നതും കമനീയങ്ങളുമായ തിരുവസ്ത്രങ്ങൾക്ക സഭയുടെ ആദിമശതകങ്ങളിലെ തിരുവസ്ത്രങ്ങളോട് അഭേദ്യമായ ബന്ധമുണ്ട്: സഭയിലുപയോഗിച്ചുവരുന്ന തിരുവസ്ത്രങ്ങളെപ്പററി സഭയ്ക്കുള്ളിൽനിന്നും പുറമേനിന്നും അനേകം അബദ്ധധാരണകൾ പൊന്തിവരുന്നുണ്ട്. തിരുവസ്ത്രങ്ങളെപ്പററിയുള്ള പരിജ്ഞാനക്കുറവാണു മിയ്ക്കവയ്ക്കും നിദാനമായി നിൽക്കുന്നതു്. തെററായ ധാരണകളെ ദൂരീകരിക്കുന്നതിനും ശരിയായതിനെ ഗ്രഹിക്കുന്നതിനും

www.malankaralibrary.com

തിരുവസ്ത്രങ്ങളുടെ ആവിർഭാവത്തേയും അതിനുണ്ടായിട്ടുള്ള വ്യതിയാനത്തേയും വികാസത്തേയുംപററി നിഷ്പക്ഷവും ചരിത്രപരവുമായ ഒരു സമഗ്രപഠനം ഇത്തരുണത്തിൽ അനിവാര്യമാകുന്നു.

എപ്രകാരമാണു കത്തോലിക്കസഭയിൽ തിരുവസ്ത്രങ്ങൾ ആവിർഭവിച്ചതു്? അവയുടെ പുറപ്പാടു് എവിടെ നിന്നാണു്? പഴയനിയമത്തിലേ പുരോഹിതന്മാർ ധരിച്ചിരുന്ന ദൈവനിർദ്ദിഷ്ടമായ തിരുവസ്ത്രങ്ങളുമായി സഭയിലിന്നു നിലവിലിരിക്കുന്ന തിരുവസ്ത്രങ്ങൾക്കു് എന്തെങ്കിലും ബന്ധമോ സാമ്യമോ ഉണ്ടോ? സഭയിൽ നിലവിലിരിക്കുന്ന കമനീയങ്ങളായ തിരുവസ്ത്രങ്ങളുടെ കലാസൗന്ദര്യത്തിൽ ആകൃഷ്ടരാകുന്നവർ ഉന്നയിക്കുന്ന ചോദ്യങ്ങളിൽ ചിലതാണിവ. എന്നാൽ സയുക്തികമായ ഈ സംശയങ്ങൾക്കു പിന്നിൽ പ്രവർത്തിക്കുന്ന മുഖ്യകാരണം, കാലത്തിനും ദേശത്തിനും യോജിക്കാത്ത വിധത്തിൽ ദേശീയസംസ്കാരത്തോടു യാതൊരു പൊരുത്തവുമില്ലാത്ത തിരുവസ്ത്രങ്ങൾ സഭയിൽ സർവ്വസാധാരണമായി കണ്ടുവരുന്നു എന്ന വസ്തുതയാണു്.

പഴയനിയമത്തിൽ യഹൂദപുരോഹിതന്മാർ ധരിച്ചിരുന്ന വസ്ത്രങ്ങളാണു സഭയിൽ തിരുവസ്ത്രങ്ങളായി മാറിയതെന്ന അഭിപ്രായത്തിനു് ഇന്നു ചരിത്രത്തിൽ യാതൊരു സ്ഥാനവുമില്ല. റോമ്മാസാമ്രാജ്യത്തിൽ അധിവസിച്ചിരുന്ന ജനങ്ങളുടെ സാധാരണ വസ്ത്രങ്ങൾ പിൽക്കാലത്തു സഭയിലെ തിരുവസ്ത്രങ്ങളായി രൂപാന്തരംപ്രാപിച്ചു എന്നതാണു ബഹുഭൂരിപക്ഷം ചരിത്രപഠിതാക്കളുടേയും ഏകകണ്ഠമായ അഭിപ്രായം.

ക്രൈസ്തവസഭയുടെ പിറവി പാലസ്തീനായിലാണല്ലോ. ശ്ലീഹന്മാരുടെ തീക്ഷ്ണമായ പ്രവർത്തനങ്ങളാലും പ്രസംഗങ്ങളാലും അവരുടെ ജീവിതകാലത്തുതന്നെ റോമ്മാസാമ്രാജ്യത്തിലേ ജനങ്ങളിൽ ഒരു നല്ലശതമാനം ക്രിസ്ത്യാനികളായിത്തീർന്നു. റോമൻപൗരന്മാർ ക്രിസ്തുമതം സ്വീകരിച്ചു എന്ന ഏക

www.malankaralibrary.com

കാരണത്താൽ അവരുടെ ആചാരത്തിലോ സംസ്കാരത്തിലോ വസ്ത്രധാരണരീതിയിലോ മാററം വരുന്നതല്ലല്ലോ. തന്നിമിത്തം അന്ന ക്രിസ്തുമതാവലംബികളായവരുടെ വസ്ത്രധാരണരീതി റോമിൽ അന്ന നിലവിലിരുന്ന രീതിതന്നെയായിരുന്നു.

റോമൻജനത സ്ത്രീപുരുഷഭേദമെന്യേ പാദംവരെ എത്തുന്ന നീണ്ട ഉടുപ്പുകളാണ ധരിച്ചിരുന്നതു്; പുറത്തിറങ്ങി സഞ്ചരിക്കുമ്പോൾ സാധാരണ ധരിച്ചിരുന്ന നെടിയകുപ്പായത്തിനു പുറമെ പെനുല (Penula) എന്ന പേരിലറിയപ്പെട്ടിരുന്ന വീതിയും വിസ്താരവുമുള്ള ഒരു പുറംകുപ്പായംകൂടി ധരിക്കുക പതിവായിരുന്നു.[1] അങ്ങനെ, സാധാരണ വസ്ത്രമായ നെടിയ അങ്കിയും അതിനു പുറമേയുള്ള കോട്ടും ഒരാൾ ധരിച്ചാൽ ഏതാണ്ടു അടക്കവും ഒതുക്കവുമുള്ള വസ്ത്രധാരണമായി. ഇപ്രകാരം അന്നസ്സും ആഭിജാത്യവും നിലയും വിലയുമുള്ള സർവ്വാദരണീയങ്ങളും അഭിലഷണീയങ്ങളുമായ ഈ വസ്ത്രങ്ങൾ ആരാധനക്രമത്തിൽ സ്വീകരിച്ചംഗീകരിച്ചതു തികച്ചും സമീചീനമെന്നു സമ്മതിച്ചേ തീരൂ.

ആദിമശതകങ്ങളിൽ സ്ഥലത്തെ മെത്രാൻ മാത്രമേ ദിവ്യബലി അർപ്പിച്ചിരുന്നുള്ളു. വൈദികന്മാർ കുർബാന സമർപ്പിക്കുന്ന മെത്രാനെ സഹായിക്കുക മാത്രമാണ ചെയ്തിരുന്നതു്. അങ്ങനെ, ബലിയർപ്പിച്ചിരുന്ന മെത്രാനും അദ്ദേഹത്തെ സഹായിച്ചിരുന്ന വൈദികന്മാരും ദിവ്യബലിയുടെ സമയത്തു സന്നിഹിതരായിരുന്ന വിശ്വാസികളും ആകൃതിയിലും പ്രകൃതിയിലും ഒരേ രീതിയിലുള്ള വസ്ത്രം തന്നെയാണ ധരിച്ചിരുന്നതു്. അതായതു്, നെടിയ അങ്കിയും അതിനു പുറമെയുള്ള പുറംകുപ്പായവും.

കാലത്തിൻെറ അനുക്രമമായ കാൽവെയ്പിൽ എല്ലാത്തുറകളിലും മാററങ്ങൾ സംഭവിക്കുക സ്വാഭാവികമാണു്. ഈ കഴിഞ്ഞ അൻപതുവർഷത്തിനുള്ളിൽ ലോകത്തിനു കൈവന്നി

1. RAES, ALPHONSUS S. J., *ap. cit.* P. 235

www.malankaralibrary.com

ട്ടുള്ള മാററങ്ങൾ അചിന്ത്യങ്ങളും അത്ഭുതാവഹങ്ങളുമത്രേ. അത്തരം ഒരു മാററം അഥവാ പരിഷ്ക്കാരം സാധാരണ ജനങ്ങളുടെ വസ്ത്രധാരണത്തിലും വേഷവിധാനത്തിലും കടന്നുകൂടി. പരിഷ്ക്കാരങ്ങളെല്ലാം പാവനമോ പരിപൂർണ്ണമോ ശ്ലാഘനീയമോ ആയിരിക്കണമെന്നില്ല. വെട്ടിച്ചുരുക്കലായിരുന്നു വസ്ത്രങ്ങളിൽ വന്നുകൂടിയ ആദ്യത്തെ പരിഷ്ക്കാരം. അതിന്റെ ഫലമായി വസ്ത്രധാരണത്തിൽ ദൃശ്യമായിരുന്ന അടക്കവും ഒതുക്കവും ക്രമേണ തിരോഭവിച്ചു. ഈ പരിഷ്ക്കാരഭ്രമത്തിനു സഭയിൽ ഒരു സ്ഥാനവും ലഭിച്ചില്ല. നേരെമറിച്ച് ഇറക്കവും ഒതുക്കവുമുള്ള വിനയസമന്വിതമായ ആ പഴയ നാടോടി വസ്ത്രങ്ങൾതന്നെ ആരാധനക്രമത്തിൽ തുടൻന്നുപയോഗിച്ചു. ഇതാണ് ആരാധനക്രമത്തിൽ ഇന്നുകാണുന്ന തിരുവസ്ത്രങ്ങളുടെ ഉത്ഭവം. 8-ാം നൂററാണ്ടായപ്പോഴേക്കും വിരിപ്പും പരപ്പുമാൎന്ന തിരുവസ്ത്രങ്ങളെ വെട്ടിച്ചുരുക്കി അവിടേയും ഇവിടേയും ചിത്രപ്പണികളും തുന്നൽപ്പണികളുംചെയ്തു മേനിവരുത്തിയതോടെ പഴയ വസ്ത്രങ്ങളുടെ പവിത്രതയും പാകതയും പമ്പകടന്നു. സൗന്ദര്യാരാധകരെന്നഭിമാനിച്ചിരുന്ന ഒരു കൂട്ടരുടെ അതിരുകടന്നതും അപലപനീയങ്ങളുമായ പരിഷ്ക്കാരപ്രേമത്തെ സഭാധികാരികൾ അപ്പഴപ്പോൾ തടഞ്ഞിരുന്നു. എന്നാൽ, അതൊന്നും കാര്യമായി സ്വീകരിക്കാതെ പരിഷ്ക്കാരഭ്രാന്തന്മാർ വെട്ടിച്ചുരുക്കൽ പരിപാടി തുടൻന്നുകൊണ്ടുതന്നെയിരുന്നു.

11-ാംനൂററാണ്ടിന്റെ അവസാനത്തോടുകൂടി യൂറോപ്പിലാകെ ഗോത്തിക്കുരീതി പ്രചാരത്തിലായി. ഈ കലയുടെ ആവിർഭാവം ആരാധനക്രമത്തിനു പരിവേഷം ചാൎത്തുന്ന ഒന്നുതന്നെയായിരുന്നു. ഗോത്തിക്കു സൗന്ദര്യകലയുടെ ആവിർഭാവത്തോടെ വസ്ത്രങ്ങൾക്കു വേണ്ടവിരിപ്പും ഇറക്കവും സംജാതമായി. പരിഷ്ക്കാരപ്രേമികളുടെ എതിർപ്പുകൾ അടിക്കടി ഏൽക്കേണ്ടിവന്നതിനാൽ ഈ കലക്ക് അധികം നീണ്ടുനിൽക്കാൻ സാധിച്ചില്ല. ശാസ്ത്രീയകണ്ടുപിടുത്തങ്ങൾക്കും പുരോഗമനങ്ങൾക്കും പ്രചോദനം നൽകിയ ഒന്നാണു 19-ാം

www.malankaralibrary.com

നൂററാണ്ടു്. ഇക്കാലഘട്ടത്തിൽ തിരുവസ്ത്രങ്ങളെസ്സംബന്ധിച്ചും പ്രശംസനീയങ്ങളായ പലമാററങ്ങളും സംജാതമായി. ഗോത്തിക്ക രീതിയിലുള്ള തിരുവസ്ത്രങ്ങളിൽ അഭിരുചിയും അന്തസ്സും കണ്ടെത്തുവാൻ ഭക്തജനങ്ങൾക്കു കഴിഞ്ഞു. അങ്ങനെ ഗോത്തിക്ക വസ്ത്രങ്ങൾ ആരാധനക്രമത്തിലേക്കും വ്യാപിച്ചു തുടങ്ങി. ഇന്നു ഫ്രാൻസ്, ഇററലി, ബൽജിയം, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിൽ ഗോത്തിക്ക തിരുവസ്ത്രങ്ങൾ ഉപയോഗിച്ചു വരുന്നു.

തിരുവസ്ത്രങ്ങൾക്കു സഭയിൽ അടിസ്ഥാനപരമായി ഏകാത്മകത്വം ഉണ്ടു്. പൗരസ്ത്യസഭകളിൽ പ്രത്യേകിച്ചു് ഈ പൊരുത്തം വളരെ വ്യക്തമാണു്. പാശ്ചാത്യസഭയിൽ 8-ാം നൂററാണ്ടിനുമുൻപു് ഉപയോഗിച്ചിരുന്ന തിരുവസ്ത്രങ്ങളും പൗരസ്ത്യസഭയിൽ ഇന്നുനിലവിലിരിക്കുന്ന തിരുവസ്ത്രങ്ങളും തമ്മിൽ പറയത്തക്ക അന്തരമൊന്നും ഉണ്ടായിരുന്നില്ല. കാലയവനികയ്ക്കുള്ളിൽ മറഞ്ഞ ഗോത്തിക്ക തിരുവസ്ത്രങ്ങൾക്കു പത്തൊമ്പതാംനൂററാണ്ടു പുനർജന്മം നൽകിയതുപോലെ, പാശ്ചാത്യസഭയിൽ 8-ാംനൂററാണ്ടിനുമുമ്പു മുതലുള്ള തിരുവസ്ത്രങ്ങളെ ഈ ഇരുപതാം നൂററാണ്ടിലെങ്കിലും പുനരുദ്ധരിച്ചിരുന്നെങ്കിൽ പൗരസ്ത്യസഭകൾക്കും പാശ്ചാത്യസഭകൾക്കും തമ്മിൽ തിരുവസ്ത്രങ്ങളെസ്സംബന്ധിച്ചിടത്തോളം ഐകരൂപ്യം കൈവരുമായിരുന്നുവെന്നതു തർക്കമററ സംഗതിയാണു്.

www.malankaralibrary.com

# X

# സീറോ മലബാർ റീത്തു്

ഏതൊരു റീത്തിൻേറയും ആരാധനക്രമത്തിൻേറയും ചരിത്രം അതു നിലവിലിരിക്കുന്ന സഭയുടെ ചരിത്രവുമായി അവഗാഢം ബന്ധപ്പെട്ടിരിക്കും. കേരളസഭയുടെ ചരിത്രപശ്ചാത്തലത്തിൽ നിന്നുകൊണ്ടുമാത്രമേ സീറോ മലബാർ റീത്തിനേയും ആരാധനക്രമത്തേയുംപററി വിശകലനം ചെയ്യുവാൻ സാദ്ധ്യമാവുകയുള്ളു.

## കേരളസഭയും പേർഷ്യയും

കേരളത്തിൽനിന്നും കണ്ടെടുത്തിട്ടുള്ള പ്രാചീന പേർഷ്യൻ സ്മാരകചിഹ്നങ്ങളെ ആധാരമാക്കി, ഇവിടെ ക്രിസ്തുമതം മുളയെടുത്തതു പേർഷ്യയിൽ നിന്നായിരിക്കണം എന്നു ചിലർ വാദിക്കുന്നുണ്ടു്. എന്നാൽ, തോമാശ്ലീഹാ സ്ഥാപിച്ച കേരളസുറിയാനി സഭയ്ക്കു് ആദിമനൂററാണ്ടുകൾമുതൽതന്നെ പേഷ്യയുമായി സമ്പക്കമുണ്ടായിരുന്നു എന്നതാണു പരമാർത്ഥം. ററപ്പെട്ടുവളരാതെ പേഷ്യാരാജ്യത്തോടും അവിടുത്തേ



www.malankaralibrary.com

സഭയോടും കേരളസഭ ബന്ധം പുലർത്തിയിരുന്നു.[1]

നാലാംനൂററാണ്ടിൽ ക്നായിത്തൊമ്മൻെറ നേതൃത്വത്തിൽ മെസപ്പൊട്ടേമിയ, പേർഷ്യ എന്നീ രാജ്യങ്ങളിൽനിന്നും ഒട്ടേറെ സുറിയാനി ക്രിസ്ത്യാനികൾ കേരളത്തിൽ കുടിയേറിപ്പാർത്തതായി ചരിത്രരേഖകളുണ്ട്. അവർ ഇവിടത്തെ ക്രിസ്ത്യാനികളുമായി ഒത്തിണങ്ങി ഒരു സമുദായമായിത്തീരുകയും ചെയ്തു. അവരുടെ കൂട്ടത്തിലുണ്ടായിരുന്ന മെത്രാന്മാരേയും വൈദികന്മാരേയും നാട്ടുകാർ സ്വീകരിച്ചാദരിച്ചു. പിന്നീട്, വിദേശങ്ങളിൽനിന്നും വന്നിരുന്ന അവരുടെ പിൻഗാമികളെ തങ്ങളുടെ മതാദ്ധ്യക്ഷന്മാരായി അവർ അംഗീകരിക്കുകയും ചെയ്തു. കാലക്രമത്തിൽ ഏതദ്ദേശീയ മെത്രാന്മാരുടെ വാഴ്ച നാമാവശേഷമായി. പേർഷ്യയിൽനിന്നുള്ള മെത്രാന്മാരായിരുന്നു ഇവിടത്തെ സുറിയാനിക്കാരെ അന്നു ഭരിച്ചുപോന്നതു്. പേർഷ്യൻ മെത്രാപ്പോലീത്ത സെലൂസിയാ കാതോലിക്കോസിൻെറ ഭരണത്തിൻകീഴിലായിരുന്നു. ആറാം ശതാബ്ദത്തിൻെറ മദ്ധ്യഘട്ടത്തോടുകൂടി സെലൂസിയ കാതോലിക്കോസ് നെസ്തോറിയൻ അബദ്ധപഠനം സ്വീകരിച്ചു. എന്നാൽ, പേർഷ്യൻമെത്രാപ്പോലീത്ത ആ അബദ്ധസിദ്ധാന്തങ്ങളെ അനാദരിച്ചുകൊണ്ടു് അവരുമായുള്ള ബന്ധം വിഛേദിച്ചു് അധികാരവിമുക്തി നേടി. തന്മൂലം, പൗരസ്ത്യസഭകളെ ആകമാനം ഇളക്കിമറിച്ച നെസ്തോറിയൻ അബദ്ധസിദ്ധാന്തങ്ങൾ കേരളസുറിയാനിസഭയെ സാരമായി ബാധിച്ചില്ല.

കൈയെഴുത്തുപ്രതികൾ മുഖേനയുംമററും പല നെസ്തോറിയൻ സിദ്ധാന്തങ്ങൾ കേരളസുറിയാനിക്കാരുടെ ആരാധനക്രമത്തിൽ കടന്നുകൂടിയെന്നതു വാസ്തവമാണു്. എന്നാൽ, അവ പ്രായോഗികജീവിതത്തിൽ യാതൊരു സ്വാധീനവും ചെലുത്തിയിരുന്നില്ല. ഏതായാലും ഒന്നു വ്യക്തമാണു്;

1. TISSERANT, CARDINAL E., *Eastern Christianity in India*, Orient Longmans 1957, p. 11-26

www.malankaralibrary.com

ക്രിസ്തുവിനെ സംബന്ധിച്ചുള്ള ദൈവശാസ്ത്രപരമായ തർക്കങ്ങളിലൊന്നും കേരളക്രൈസ്തവർ ഇടപെട്ടിരുന്നില്ല.[1] പന്ത്രണ്ടും പതിമൂന്നും നൂററാണ്ടുകളിൽപ്പോലും കേരളസഭ അബദ്ധപഠനത്തിൽ ഉൾപ്പെട്ടിരുന്നില്ലെന്നു പല ചരിത്രരേഖകളുടേയും അടിസ്ഥാനത്തിൽ നമുക്കു ചൂണ്ടിക്കാണിക്കാൻ സാധിക്കും.

പേർഷ്യൻ മെത്രാന്മാർ സെലൂവ്യസിയയുമായുള്ള തങ്ങളുടെ മത്സരം ഏഴാംനൂററാണ്ടുവരെ തുടർന്നുകൊണ്ടിരുന്നു. എട്ടാംനൂററാണ്ടിൽ സെലൂവ്യസിയയിലെ പാത്രിയർക്കീസായിരുന്ന മഹാനായ തിമോത്തിയോസ് പ്രഥമൻ ഇൻഡ്യൻ സഭയെ പേർഷ്യൻ അധികാരത്തിൽനിന്നും വേർപെടുത്തി തന്റെ നേരിട്ടുള്ള ഭരണത്തിലാക്കി.[2]

1301-ൽ കൊടുങ്ങല്ലൂർവച്ച് ഒരു സക്കറിയാസ് ഡീക്കൻ എഴുതിയ ഒരു കയ്യെഴുത്തുപ്രതി ഇപ്പോൾ വത്തിക്കാൻ ഗ്രന്ഥാലയത്തിൽ സൂക്ഷിച്ചുവരുന്നു. അതിൽ അക്കാലത്തു മലബാർസഭ, കിഴക്കിന്റെ കാതോലിക്കോസും പാത്രിയർക്കീസുമായിരുന്ന യബല്ലാഹായുടേയും (Jaballaha V) അദ്ദേഹത്തിന്റെ വികാരിയായിരുന്ന മാർ ജാക്കോബ് മെത്രാപ്പോലീത്തായുടേയും ഭരണത്തിൻ കീഴിലായിരുന്നു എന്നു കാണുന്നു.[3]

നെസ്തോറിയൻ ചാച്ചിലുള്ള സെലൂവ്യസിയൻ പാത്രിയർക്കീസുമാരുടെ ഭരണത്തിൻ കീഴിലായിരുന്ന കേരളസഭയെങ്കിലും മാർപ്പാപ്പയുടെ പരമാധികാരത്തെ ഒരിക്കലും ചോദ്യം ചെയ്തിട്ടില്ല. 16-ാംനൂററാണ്ടുവരെയുള്ള നെസ്തോറിയൻ പാത്രിയർക്കീസുമാരുടെ ചരിത്രത്തിൽനിന്നു തെളിയുന്നതും അവർ റോമാസിംഹാസനവുമായുള്ള ബന്ധം ഉപേക്ഷിച്ചിരുന്നില്ലെന്നാണല്ലോ.

1. *Ibid* P. 18
2. BARHEBREUS, *Chroincon* II. 172
3. *Codex Vatic. Syr.* 22, olim 12

www.malankaralibrary.com

1112-ൽ ഇൻഡ്യയുടെ മെത്രാപ്പോലീത്തയായിരുന്ന മാർ യോഹന്നാൻ കോൺസ്റ്റാൻറിനോപ്പിൾവഴി റോമിൽ എത്തുകയും അവിടെവച്ചു പരിശുദ്ധ പിതാവ് കലിക്സ്റ്റസ് രണ്ടാമൻ അദ്ദേഹത്തെ പാത്രിയക്കീസായി വാഴിക്കുകയും ചെയ്തതായി ചരിത്രകാരന്മാർ സാക്ഷിക്കുന്നു.[1]

## സമുദായസ്ഥിതി

സമുദായത്തിൽ ഉന്നതമായ ഒരു സ്ഥാനമാണ് അന്നു ക്രിസ്ത്യാനികൾക്കുണ്ടായിരുന്നതു്. പല അവകാശാധികാരങ്ങളും അവർക്കു രാജാവിൽനിന്നു ലഭിച്ചിരുന്നു. ആയുധാഭ്യാസത്തിലും നിപുണരായിരുന്നു അവർ. താഴ്ന്നജാതിക്കാരെ തൊട്ടാൽ കുളിക്കുന്ന ഒരു പതിവു കേരളക്രിസ്ത്യാനികൾക്കുണ്ടായിരുന്നു എന്നു് ഉദയംപേരൂർ സൂനഹദോസിൻെറ നടപടികളിൽ കാണുന്നുണ്ടു്.

## വില്ലാർവട്ടം രാജകുടുംബം

കേരളക്രിസ്ത്യാനികൾ ശക്തിപ്രാപിച്ചപ്പോൾ തങ്ങളിൽനിന്നുതന്നെ ഒരു ഭരണാധികാരിയെ തിരഞ്ഞെടുത്തു. ക്രൈസ്തവരാജകുടുംബമായ വില്ലാർവട്ടം രാജാക്കന്മാർ കേരളക്രൈസ്തവരെ ഭരിച്ചിരുന്നു എന്നാണു പാരമ്പര്യം. 1330-ൽ പ. പിതാവ് ഇരുപത്തിരണ്ടാമൻ ജോൺപാപ്പായുടേയും 1439-ൽ പ. പിതാവു നാലാം എവുജേനിയോസ് പാപ്പായുടേയും[2] എഴുത്തുകളിൽനിന്നും പ്രസ്തുത പാരമ്പര്യം വ്യക്തമാണല്ലോ.

വില്ലാർവട്ടം രാജകുടുംബത്തിൻെറ ആസ്ഥാനം ഉദയംപേരൂരായിരുന്നു എന്നാണു പാരമ്പര്യം. എന്നാൽ, ക്രമേണ വില്ലാർവട്ടം രാജകുടുംബത്തിൽ അവകാശികളില്ലാതായപ്പോൾ രാജാവകാശം ഹൈന്ദവരാജകുടുംബങ്ങളിൽ ലയിച്ചു.

1. RAULIN, *Hist. Eccl.* P. 435-436
2. WADDING, L. L., *Annals Murorum n.* 71, XIV Ed.3

www.malankaralibrary.com

രാജകീയസംരക്ഷണത്തിൻെറ അഭാവത്തിലുണ്ടായ മുഹമ്മദീയാക്രമണം ക്രിസ്ത്യാനികളെ ക്ഷയോന്മുഖരാക്കി.

## പോർട്ടുഗീസാഗമനം

ഈ അവസരത്തിലാണു വാസ്കോഡിഗാമ കൊച്ചിയിൽ എത്തിയതു്. വിദേശിയരും പ്രബലരുമായ പറങ്കികളും ക്രിസ്ത്യാനികളാണെന്നു മനസ്സിലാക്കിയ നമ്മുടെ പൂർവ്വികന്മാർ ആഹ്ലാദിക്കുകയും തങ്ങളുടെ സംരക്ഷകരായിരിക്കണമെന്നു് അവരോടു അഭ്യർത്ഥിക്കുകയും ചെയ്തു. നാമാവശേഷമായ തങ്ങളുടെ രാജകുടുംബത്തിൻെറ ചെങ്കോൽ അവർ വാസ്കോഡിഗാമയെ ഏല്പിച്ചു. പറങ്കികൾ ഒരു അപേക്ഷ സ്വീകരിക്കുകയും വളരെ സൗഹാർദ്ദപരമായി അവരോടു പെരുമാറുകയും ചെയ്തു. എന്നാൽ, ഏകദേശം അൻപതുകൊല്ലത്തോളം നീണ്ടുനിന്ന ഈ സൗഹാർദ്ദത്തിനു പെട്ടെന്നൊരു മാററം സംഭവിച്ചു. അതിനുള്ളകാരണങ്ങൾ പലതാണു്.

1) കേരളക്രൈസ്തവരുമായി വൈവാഹിക ബന്ധത്തിലേർപ്പെടുവാനുള്ള പറങ്കികളുടെ ശ്രമം വിഫലമായതു്.

2) സുറിയാനിറീത്തു നശിപ്പിച്ചു ലത്തീൻറീത്തു മലങ്കരയിൽ ഏർപ്പെടുത്തുന്നതു കത്തോലിക്കരുടെ പൊതുവായ ഐക്യരൂപ്യത്തിനുതകുമെന്ന സദുദ്ദേശമുണ്ടായിരുന്നെങ്കിലും, മലങ്കരമുഴുവൻ പോർത്തുഗീസ് മേലദ്ധ്യക്ഷൻെറ ഭരണത്തിൻ കീഴാക്കണമെന്നുള്ള ഒരു ദുരുദ്ദേശമുണ്ടായിരുന്നതു്.

3) പറങ്കികളുടെ ധാർമ്മികാധഃപതനം.

4) സുറിയാനി ഭാഷയേയും ഗ്രന്ഥങ്ങളേയും സംബന്ധിച്ചുള്ള അജ്ഞതയും അതു ദൂരീകരിക്കുന്നതിനുള്ള സന്മനസ്സിൻെറ അഭാവവും.

5) ബാബേൽ പാത്രിയർക്കീസ് നെസ്തോറിയൻ അബദ്ധങ്ങൾ സ്വീകരിച്ചതിനാൽ പൗരസ്ത്യരെല്ലാം നെസ്തോറിയ

www.malankaralibrary.com

ന്മാരാണെന്ന ധാരണയും അതിനു പ്രേരകമായ അനുകൂലസാഹചാര്യങ്ങളും.

6) റോമിലും പോർത്തുഗല്ലിലും (പോർട്ടുഗീസുരാജധാനിയിലും) സംഗതികളുടെ യഥാർത്ഥ വിവരങ്ങൾ എത്തിച്ചേരുന്നതിനുണ്ടായ കാലവിളംബം.

ഇവയൊക്കെയാണു പിൽക്കാലത്തുണ്ടായ ഉദയംപേരൂർ സൂനഹദോസ്, കൂനൻകുരിശുസത്യം, ശീശ്മ മുതലായ സംഭവവികാസങ്ങൾക്കു പശ്ചാത്തലമൊരുക്കിയതു്.

പോർട്ടുഗീസ്കാർ ഇവിടെ വരുന്നതുവരെ ഇവിടെ നിലവിലിരുന്ന റീത്തിനേയും ആരാധനക്രമത്തേയുംപററി വേണ്ടുവോളം ജ്ഞാനം പകർന്നുതരേണ്ടിയിരുന്ന പല ഗ്രന്ഥങ്ങളും നഷ്ടപ്പെട്ടിരിക്കുകയാണു്. നെസ്തോറിയൻ അബദ്ധജടിലങ്ങൾ എന്നു മുദ്രയടിക്കപ്പെട്ടു്, ഉദയംപേരൂർ സൂനഹദോസിന്റെ നിശ്ചയപ്രകാരം അഗ്നിക്കിരയാക്കപ്പെട്ട ഗ്രന്ഥങ്ങളുടെകൂടെ അമൂല്യങ്ങളായ ചരിത്രരേഖകളും ഉണ്ടായിരുന്നിരിക്കണം. ആധികാരികമായി ചൂണ്ടിക്കാണിക്കുവാൻ സാധിക്കുന്ന ഒരേ ഒരു ചരിത്രരേഖ വത്തിക്കാൻ ഗ്രന്ഥശേഖരത്തിൽ ഇന്നും സൂക്ഷിക്കപ്പെടുന്ന മാർ യൗസേപ്പുമെത്രാന്റെ പതിനെട്ടു കൈയെഴുത്തു പ്രതികളാണു്. ഇവയെല്ലാം അവിടെ കൊണ്ടുചെന്നതു മാർ യൗസേപ്പുമെത്രാനാണു്. ഇവ 1310നും-1562നും ഇടയ്ക്കെഴുതപ്പെട്ടവയെന്നു കാണുന്നു. പട്ടം, മാമ്മോദീസ, വിവാഹം മുതലായ കൂദാശകൾ കൊടുക്കുന്ന ക്രമങ്ങളും (ഇവയിൽ ചിലതു ലത്തീനിൽനിന്നു തർജ്ജമചെയ്തിട്ടുള്ളതാണു്) കുർബാനക്രമവും പാട്ടുകളും കാനോനനമസ്ക്കാരത്തിന്റെ ഭാഗങ്ങളുമാണു് ഈ കയ്യെഴുത്തുപ്രതികളുടെ ഉള്ളടക്കം. ഇവയിൽനിന്നു വളരെക്കുറച്ചുവിവരങ്ങൾമാത്രമേ ലഭിക്കുന്നുള്ളൂ. അതിനാൽ ഉദയംപേരൂർ സൂനഹദോസിന്റെ നിയമങ്ങൾ, ചില വിദേശസഞ്ചാരികളുടെ യാത്രക്കുറിപ്പുകൾ മുതലായവയും ഇക്കാര്യത്തിൽകൂടുതൽവെളിച്ചം നല്കുവാൻ പര്യാപ്തമാണു്.

www.malankaralibrary.com

# സീറോ മലബാർ റീത്തിൻെറ ആരംഭം

കേരളസുറിയാനി സഭയുടെ സ്ഥാപകൻ വി. തോമസ്ലീഹായാണു്. ആ സ്ഥിതിക്കു് അദ്ദേഹം അതിനൊരു ആരാധനക്രമവും നിശ്ചയിച്ചിരിക്കണം. ശ്ലീഹന്മാർ മതപ്രചരണം നടത്തിയ സ്ഥലങ്ങളിൽ അവിടത്തെ നാട്ടുഭാഷകളിലായിരിക്കണമല്ലോ ആരാധനക്രമങ്ങളും അനുഷ്ഠിച്ചിരുന്നതു്. മററു ശ്ലീഹന്മാരെപ്പോലെതന്നെ, തോമാശ്ലീഹായും കേരളത്തിൽ ആദ്യം സുവിശേഷം പ്രസംഗിച്ചതു യഹൂദന്മാരുടെ ഇടയ്ക്കായിരുന്നു. തോമാശ്ലീഹാ കേരളത്തിൽ വരുന്നതിനു വളരെമുമ്പുതന്നെ കച്ചവടത്തിനായി യഹൂദന്മാർ ഇവിടെ കുടിയേറിപ്പാർത്തിരുന്നു. അവരിൽ പലരേയും വിശുദ്ധൻ മാനസാന്തരപ്പെടുത്തി ജ്ഞാനസ്നാനം നല്കിയെന്നാണു പാരമ്പര്യം. യഹൂദന്മാരുടെ ഭാഷ അരാമായയായിരുന്നു. ക്രിസ്തുവും തോമാശ്ലീഹായുൾപ്പെട്ട ശിഷ്യഗണവും സംസാരിച്ചിരുന്നതും അതുതന്നെ. ആകയാൽ, ഇവിടേയും വി. തോമാശ്ലീഹാ ആരാധനക്രമത്തിൽ ഉപയോഗിച്ച ഭാഷ അതുതന്നെയാണെന്നു ന്യായമായി ഊഹിക്കാം.

തോമാശ്ലീഹാ ആരംഭിച്ച റീത്തു വ്യവസ്ഥാപിതമായിരുന്നില്ല. കാലക്രമത്തിൽ അതിനു പല പരിവത്തനങ്ങളും സംഭവിച്ചിട്ടുണ്ടു്. നാലാംനൂററാണ്ടോടുകൂടി പൗരസ്ത്യ സുറിയാനി റീത്തു വ്യവസ്ഥാപിതരൂപം പ്രാപിച്ചുതുടങ്ങി. എദേസാ, ബാബേൽ, പേർഷ്യ എന്നിവിടങ്ങളിലെ സഭകളിലാണല്ലോ ഈ റീത്തിൻെറ പ്രാരംഭ വളർച്ച. ആ സഭകളുമായി ബന്ധപ്പെട്ടിരുന്ന കേരളസഭയിലും സുറിയാനി റീത്തു കാലോചിതമായി വളൻവന്നു. പൗരസ്ത്യസുറിയാനി റീത്തിനെ സെലെവുസിയായിലെ വൈദികമേലദ്ധ്യക്ഷന്മാർ പലവിധത്തിലും പുഷ്ടിപ്പെടുത്തി. 410-ൽ സെലെവുസിയായിൽ സമ്മേളിച്ച സൂനഹദോസിൽ "വൈദികശുശ്രൂഷയിൽ

www.malankaralibrary.com

ഐകരൂപ്യം പാലിക്കണമെന്നും സെലെവ്യസിയായിലേ രീതി എല്ലാവരും സ്വീകരിക്കണമെന്നും തീരുമാനിക്കപ്പെട്ടു.[1] കേരളസഭ സെലെവ്യസിയൻ പ്രത്യേകതകളുള്ള റീത്താണു സ്വീകരിച്ചതെങ്കിലും പേഷ്യൻ ബന്ധത്തിന്റെ ചില അവശേഷങ്ങൾ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നുണ്ട്.[2]

കേരളവും സെലെവ്യസിയായും തമ്മിലുള്ള ബന്ധം പലപ്പോഴും വിച്ഛേദിക്കപ്പെട്ടിരുന്നതിനാൽ പൗരസ്ത്യസുറിയാനി റീത്തു പൂർണ്ണമായും കേരളത്തിൽ അനുഷ്ഠിക്കപ്പെട്ടിരുന്നില്ലെന്നുവേണം കരുതുവാൻ. കൂടാതെ, ഇവിടത്തെ പല സംസ്കാരികാംശങ്ങളും ഈ റീത്തിൽ കറക്കൂടാതെ കലരുകയുണ്ടായി. ആര്യ, ദ്രാവിഡ, യഹൂദ, കൽദായസംസ്കാരങ്ങൾ സമ്മേളിച്ചുണ്ടായതാണ്, കേരള ക്രൈസ്തവസംസ്കാരം. കേരളത്തിലെ പൗരസ്ത്യസുറിയാനി റീത്തു നശിപ്പിക്കുവാൻ പോർട്ടുഗീസുകാർ നടത്തിയ ശ്രമങ്ങൾ നമ്മുടെ പൂർവ്വികന്മാർക്കു ഹൃദയവേദനയുളവാക്കിയതിൽ എന്താണു വിസ്മയം.

**ലത്തീൻ ഭരണം**

പതിനാറാം ശതകത്തിനുമുമ്പു കേരള സുറിയാനി റീത്തിന്റെ ഓരോരോ ഭാഗങ്ങൾ — കൂദാശകൾ, കുർബാന, കാനോനനമസ്ക്കാരം എന്നിവ — എങ്ങനെ അനുഷ്ഠിച്ചിരുന്നവെന്നതിനു മുൻപുപറഞ്ഞ കൈയെഴുത്തുപ്രതികളല്ലാതെ മററു രേഖകളൊന്നുമില്ല. ഉദയംപേരൂർ സൂനഹദോസിനുശേഷം ലത്തീൻ മെത്രാന്മാരായിരുന്നു കേരള സുറിയാനിസഭയെ ഭരിച്ചിരുന്നതു്. മോൺ. ഫ്രാൻസീസ് റോസ് എസ്. ജെ. ആയിരുന്നു ആദ്യത്തെ മെത്രാൻ. 1608-ൽ അങ്കമാലി ഭദ്രാസനം കൊടുങ്ങല്ലൂരേക്കു മാററപ്പെടുകയും അന്നുമുതൽ പദ്രു

1. ASSEMENI, J. A., *De Catholicis seu Patriarchis Chaldeorum et Nestorianorum Commentarius* P. 26
2. FR. PLACID, *op. cit.* P, 29

www.malankaralibrary.com

വാദോ (പോർട്ടുഗീസ് സംരക്ഷണ) അധികാരത്തിൽ ഉൾപ്പെടുകയും ചെയ്തു. റോസു മെത്രാനുശേഷം ഈശോസഭക്കാരായ മററചില മെത്രാന്മാരും ഭരിച്ചിട്ടുണ്ട്. ഇവരെല്ലാവരുംതന്നെ ലത്തീൻരീതികൾ അടിച്ചേല്പിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ, അക്ക്ദിയാക്കോന്മാരും ജനങ്ങളും മെത്രാന്മാരുടെ ഈ നീക്കത്തെ ഇഷ്ടപ്പെട്ടിരുന്നില്ല. 1653-ലെ കുപ്രസിദ്ധമായിത്തീന്ന കൂനൻകുരിശു സത്യത്തേയും അതിൻെറ അനന്തരഫലങ്ങളേയുംപററി മുന്നൊരദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ടല്ലോ. (മലങ്കരറീത്ത് P. 94–96)

## കൂനൻകുരിശുസത്യത്തിനു ശേഷം

ഈശോസഭക്കാരല്ലാത്ത മെത്രാന്മാരെ അയച്ചുതരണമെന്നുള്ള അപേക്ഷപ്രകാരം കർമ്മലീത്താസഭക്കാർ മെത്രാന്മാരായി വന്നുതുടങ്ങി. ഇവരിൽ പ്രധാനി ജോസഫ് സെബസ്ത്യാനി ആയിരുന്നു. റോമിൽനിന്നു നേരിട്ട് അധികാരം സിദ്ധിച്ചിരുന്നതിനാൽ അദ്ദേഹത്തിൻെറ കാലത്തു കേരളസഭ പ്രൊപ്പഗാന്താ അധികാരത്തിൻകീഴിലായി. 1663-ൽ ഡച്ചുകാരുടെ ശല്യംനിമിത്തം സെബസ്ത്യാനി സ്ഥലംവിടുകയും കുറവിലങ്ങാട്ടുകാരനായ പള്ളിവീട്ടിൽ ചാണ്ടിമെത്രാൻ വികാരി അപ്പസ്തോലിക്കാ ആയി നിയമിതനാവുകയും ചെയ്തു. 1687-ൽ ചാണ്ടി മെത്രാൻ ദിവംഗതനായപ്പോൾ ഭരണംകയ്യേററതു ലത്തീൻകാരനായ "കുപ്പായക്കാരൻ റപ്പായേൽ" എന്നറിയപ്പെട്ടിരുന്ന ഫിഗുവരേദോ ആയിരുന്നു. എന്നാൽ, ഇദ്ദേഹത്തിനു അധികനാൾ ഭരിക്കേണ്ടിവന്നില്ല.

1700മുതൽ പ്രൊപ്പഗാന്താത്തിരുസംഘത്തിൻെറ കീഴിലുള്ള കർമ്മലീത്താഭരണം ക്രമാനുസൃതമായി ആരംഭിച്ചു. 1701-ൽ ആഞ്ചലൂസ് ഫ്രാൻസീസ് മെത്രാൻ വരാപ്പുഴവെച്ചു ഭരണമേററു. പക്ഷേ, അധികം താമസിയാതെ 1704ൽ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ ജോൺ റിബേറിയോ പദ്രവാദോയുടെകീഴിൽ സുറിയാനിക്കാരുടെ ഭരണകത്താവായി

www.malankaralibrary.com

ലാക്കപ്പെട്ടതോടുകൂടി സുറിയാനിക്കാരെല്ലാവരും വരാപ്പുഴഭരണത്തിൻ (പ്രൊപ്പഗാന്ത) കീഴിലായി. 1857-ൽ പദ്രവാദോഭരണംവീണ്ടും പുനഃസ്ഥാപിക്കപ്പെട്ടപ്പോൾ ഒരിക്കൽക്കൂടി സുറിയാനിക്കാർ ഇരുഭരണത്തിൻ കീഴിലാക്കപ്പെട്ടു. ഇതിനിടയിൽ റോക്കോസ് ശീശ്മയും (1861-64) മേലൂസ് ശീശ്മയും (1874) ഉത്ഭവിച്ചു. മേലൂസ് ശീശ്മയിൽ ഉൾപ്പെട്ടനിന്നിരുന്ന ഒരു പ്രമുഖ വിഭാഗമാണ് ഇന്നു തൃശ്ശൂരുള്ള നെസ്തോറിയന്മാർ.

1875-ൽ ബോംബേയിലെ മേവുറിൻ മെത്രാൻ വിസിററർ അപ്പസ്തോലിക്കാ ആയി ഇവിടെ വന്നതിനേത്തുടർന്ന്, സുറിയാനിക്കാർക്കുവേണ്ടി മർസ്ളിനോസുമെത്രാൻ നിയമിക്കപ്പെട്ടു. 1886-ൽ പ്രൊപ്പഗാന്താകീഴിലുള്ള ഇൻഡ്യൻ ഹയരാർക്കി സ്ഥാപിതമാവുകയും കൊടുങ്ങല്ലൂർ അധികാരം (പദ്രവാദോ) നിറുത്തലാക്കപ്പെടുകയും ചെയ്തു.

## എതദ്ദേശീയ വികാരിയാത്തുകൾ

1877-ൽ കോട്ടയം, തൃശ്ശൂർ എന്നീ മ്ലൈഹികവികാരിയാത്തുകൾ സ്ഥാപിക്കപ്പെടുകയും, ലവീഞ്ഞു്, മെഡ്ലിക്കോട്ട് എന്നീ രണ്ടുലത്തീൻ മെത്രാന്മാർ അവയുടെ ഭരണം കൈയേല്ക്കുകയും ചെയ്തു. 1896-ൽ ചങ്ങനാശ്ശേരി, എറണാകുളം എന്നീ മ്ലൈഹികവികാരിയാത്തുകൾ സ്ഥാപിക്കപ്പെട്ടതോടുകൂടി നാട്ടുമെത്രാന്മാരുടെ ഭരണവും ആരംഭിച്ചു. 1911-ൽ തെക്കുംഭാഗക്കാർക്കായി കോട്ടയം രൂപത സ്ഥാപിതമായി. 1923-ൽ എറണാകുളം അതിരൂപതയായും ബാക്കിയുള്ളവ ഉപരൂപതകളായും ഉയർത്തി ഒരു ഹൈരാർക്കി സ്ഥാപിതമായി.

1950-ൽ പാലാ രൂപത സ്ഥാപിതമായി. 1953 ഡിസംബർ 31-ാംതീയതി മലബാറിൽ കുടിയേറിപ്പാർത്തിട്ടുള്ള സുറിയാനി കത്തോലിക്കർക്കുവേണ്ടി എറണാകുളം അതിരൂപതയുടെകീഴിൽ തലശ്ശേരിരൂപത സ്ഥാപിക്കപ്പെട്ടു.

www.malankaralibrary.com

1956-ൽ എറണാകുളം അതിരൂപതയിൽപ്പെട്ട ഏതാനം ഫൊറോനകൾക്കൂട്ടിച്ചേർത്തു കോതമംഗലംരൂപതക്കു രൂപം കൊടുത്തു. അതേകൊല്ലം ആഗസ്റ്റ് 22-ാംതീയതി പരിശുദ്ധസിംഹാസനം ചങ്ങനാശ്ശേരി രൂപതയെ ഒരു അതിരൂപതാപദവിയിലേക്കുയർത്തി. ഇന്നു സീറോ മലബാർ ഹൈരാക്കിയുടെകീഴിൽ രണ്ടു പ്രോവിൻസുകളുണ്ട്; എറണാകുളവും ചങ്ങനാശ്ശേരിയും. എറണാകുളത്തിൻെറകീഴിൽ മൂന്നു സാമന്തരൂപതകളും—തൃശ്ശൂർ, തലശ്ശേരി, കോതമംഗലം; ചങ്ങനാശ്ശേരിയുടെകീഴിൽ രണ്ടു സാമന്തരൂപതകളും—കോട്ടയം, പാലാ.

## റീത്തിൻെറ ചരിത്രം

സഭയുടെ ചരിത്രത്തേപ്പററി പൊതുവായി ഇത്രയും പരാമർശിച്ചശേഷം അതിലെ അനുഷ്ഠാനവിധികളുടെ ചരിത്രത്തിലേക്ക് ഒന്നെത്തിനോക്കാം. കൽദായറീത്തിലെ ആരാധനക്രമവും അനുഷ്ഠാനവിധികളുമാണു കേരളത്തിലും നിലവിലിരുന്നതു്. കൽദായ റീത്തിലെ അനുഷ്ഠാനവിധികളെപ്പററി മൂന്നൊരദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ടല്ലോ. കൽദായക്രമങ്ങൾ അപ്പാടെ കേരളത്തിൽ സ്വീകരിച്ചിരുന്നില്ല. സ്ഥിതികാലവ്യത്യാസമനുസരിച്ചുള്ള പ്രത്യേകതകൾ ഇവിടെ നിലവിലിരുന്നു.

## കൂദാശകൾ

**മാമ്മോദീസ**

മരണാപടമില്ലെങ്കിൽ, ശിശുക്കൾക്കു മാമ്മോദീസ നല്കിയിരുന്നതു നാല്പതാം ദിവസമായിരുന്നു. നദികളിൽവച്ചും മാമ്മോദീസ നല്കപ്പെട്ടിരുന്നതായി പറയപ്പെടുന്നു. 1585-ൽ നടന്ന ഗോവാ സൂനഹദോസ് കൂദാശകൾ പരികർമ്മം ചെയ്യുന്നതിനുള്ള പുസ്തകങ്ങൾ ലത്തീനിൽനിന്നും സുറിയാനിയിലേ

www.malankaralibrary.com

ക്ക വിവർത്തനം ചെയ്യുന്നതിനു തീരുമാനിച്ചു. എന്നാൽ, 1599-ലെ ഉദയംപേരൂർ സൂനഹദോസു് വിവർത്തനങ്ങൾ നിബന്ധമാക്കുന്നതുവരെ ആരും അവ ഉപയോഗിച്ചിരുന്നില്ല. കുട്ടികൾക്കു എട്ടുദിവസത്തിനകം ജ്ഞാനസ്നാനം നല്കുക, മഹറോൻ ശിക്ഷയിൽ ഉൾപ്പെട്ടിരുന്നവരുടെ കുട്ടികൾക്കു മാമ്മോദീസ നിഷേധിക്കപ്പെട്ടിരുന്നതു് നിറുത്തലാക്കുക, വി. തൈലങ്ങൾ ലത്തീൻസഭയിലേതുപോലെ ആശീർവ്വദിച്ചുപയോഗിക്കുക, ഈശോ എന്നപേരും ഓമനപ്പേരുകളും ആർക്കും നല്കാതിരിക്കുക, തലതൊടുന്നതിനു് ഒരാളെങ്കിലും ഉണ്ടായിരിക്കുക മുതലായി മാമ്മോദീസയെ സംബന്ധിക്കുന്ന പല നിയമങ്ങളും ഉദയംപേരൂർ സൂനഹദോസു ക്രോഡീകരിച്ചു. 1775-ൽ കൂദാശക്രമങ്ങൾ റോമിൽ അച്ചടിക്കപ്പെട്ടു. 1868-ൽ അന്തോണികൊറെയാ മാമ്മോദിസ രജിസ്റ്ററുകൾ എല്ലാപള്ളികളിലും ഉണ്ടായിരിക്കണമെന്നു നിഷ്ക്കർഷിച്ചു. സ്ത്രീകളെ വീട്ടുമാമ്മോദീസാ നല്കുന്നവിധം പഠിപ്പിക്കണമെന്നു ബർണ്ണദീനോസു് മെത്രാപ്പോലീത്ത കല്പിച്ചു. സ്വദേശമെത്രാന്മാരുടെ ഭരണകാലത്തു പല പ്രാവശ്യം മാമ്മോദീസശുശ്രൂഷക്രമം പുത്തൻപള്ളിയിൽനിന്നും അച്ചടിപ്പിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ടു്.

## സ്ഥൈര്യലേപനം

മാമ്മോദീസയോടുകൂടെതന്നെ സ്ഥൈര്യലേപനവും നല്കുക പതിവായിരുന്നു. സാധാരണവൈദികനായിരുന്നു കാർമ്മികൻ. ഉദയംപേരൂർ സൂനഹദോസു് വിശുദ്ധ തൈലങ്ങളുടെ ഉപയോഗം നിർബന്ധമാക്കുന്നതുവരെ സാധാരണഎണ്ണകൾ പൂശുന്നതിനുപയോഗിക്കപ്പെട്ടിരുന്നു. ഈ കൂദാശ കൊടുക്കുന്നക്രമം ലത്തീൻ സഭയിലേതുപോലെ ആയിരിക്കണമെന്നു സൂനഹദോസു തീരുമാനിച്ചു. സാധാരണവൈദികൻ ഇതു പരികർമ്മം ചെയ്യുവാൻ പാടില്ലെന്നും നിർദ്ദേശമുണ്ടായി. കോട്ടയം, തൃശ്ശൂർ വികാരിയാത്തുകളുടെ സ്ഥാപനത്തോടെ

www.malankaralibrary.com

വികാരി ജനറാളന്മാർ സ്ഥൈര്യലേപനം നല്കാനുള്ളക്രമം ലത്തീനിൽനിന്നും സുറിയാനിയിലേക്കു വിവർത്തനം ചെയ്യിപ്പിച്ചു. റോമിന്റെ അംഗീകാരത്തോടെ 1906-ൽ മാർ ളൂയിസ് മെത്രാൻ ഇതു അച്ചടിപ്പിച്ചു.

**കുമ്പസാരം**

ഉദയമ്പേരൂർ സൂനഹദോസ് പാപവിമോചനവചനങ്ങൾ ലത്തീനിൽനിന്നും സുറിയാനിയിലേക്കു തർജ്ജമചെയ്തുപയോഗിക്കുന്നതിനു നിശ്ചയിച്ചു. ആണ്ടുകുമ്പസാരം നിയമമാക്കുകയും അടുക്കലടുക്കലുള്ള കുമ്പസാരം പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പിടിക്കപ്പെട്ട പാപങ്ങൾ മോചിക്കുന്നതിനു സാധാരണ വൈദികനു് അനുവാദമുണ്ടായിരുന്നില്ല. വരാപ്പുഴ അപ്പസ്തോലിക്കാ ആയിരുന്ന മിലേസ്യോ പ്രംനർഗ്വസ്താണു പള്ളികളിൽ കുമ്പസാരക്കൂട്ടുണ്ടാക്കണമെന്നു കല്പിച്ചതു്. കുമ്പസാരിപ്പിക്കുന്നതിനു വൈദികന്മാർ മെത്രാന്റെ അനുവാദം വാങ്ങിയിരിക്കണമെന്നും പുറമേനിന്നു വരുന്ന വൈദികന്മാർ അനുവാദപത്രം കാണിക്കാത്തപക്ഷം കുമ്പസാരിപ്പിക്കാൻ വികാരി അനുവദിക്കരുതെന്നും 1868-ൽ അന്തോനികൊറയാനിഷ്കർഷിച്ചു. കുമ്പസാരക്കൂട്ടിൽ വച്ചല്ലാതെ സ്ത്രീകളെ കുമ്പസാരിപ്പിക്കരുതെന്നു ബർണ്ണദിനോസുമെത്രാപ്പോലീത്ത അനുശാസിച്ചു.

**vi. കുർബ്ബാനസ്വീകരണം**

കുർബ്ബാനസ്വീകരണത്തിനുമുമ്പ് എല്ലാവരും കുമ്പസാരിച്ചിരുന്നു. രണ്ടു സാദൃശ്യങ്ങളിലാണു കുർബ്ബാന സ്വീകരിച്ചിരുന്നതു്. മരണാപകടത്തിൽ കുർബ്ബാനസ്വീകരണം നിർബ്ബന്ധമായിരുന്നു. പെസഹാവ്യാഴാഴ്ച, തിരുനാളുകൾ ഇവ കുർബ്ബാനസ്വീകരണത്തിനുള്ള പ്രത്യേക അവസരങ്ങളായി പരിഗണിക്കപ്പെട്ടിരുന്നു. കുർബ്ബാനസ്വീകരണത്തിനു പാതിരാമുതൽ ഉപവാസം അനുഷ്ഠിച്ചിരുന്നു. ഉദയംപേരൂർ സൂനഹദോസിനുശേഷമായിരിക്കണം ഒരു സാദൃശ്യത്തിലുള്ള കുർബ്ബാ

www.malankaralibrary.com

നസ്വീകരണം നടപ്പിൽ വന്നതു്. വി. കുർബ്ബാനയുടെ തിരുനാറം ആഘോഷിക്കപ്പെടുവാൻ തുടങ്ങി. പെസഹാക്കാലത്തേ വി. കുർബ്ബാനസ്വീകരണം നിർബ്ബന്ധമാക്കി.

**രോഗിലേപനം**

വൈദികന്മാർ രോഗികളെ പ്രത്യേകം ആശീർവ്വദിച്ചിരുന്നു. ഈ കൂദാശസ്സംബന്ധമായ ഇതര ക്രമങ്ങൾ അജ്ഞാതമാണു്. ഇവിടെ നിലവിലിരുന്ന പല നാട്ടാചാരങ്ങളും ഇതോടനുബന്ധിച്ചു നടത്തിയിരുന്നതായി കരുതപ്പെടുന്നു. രോഗിയുടെമേൽ സുവിശേഷം വായിക്കുക, ഏതാനും സുവിശേഷസൂക്തികൾ ഓലയിൽ എഴുതിക്കെട്ടുക എന്നിവയായിരുന്നു അവയിൽ പ്രധാനപ്പെട്ടവ.

എന്നാൽ, ഉദയംപേരൂർസൂനഹദോസ് ഈ കൂദാശാനുഷ്ഠാനക്രമത്തിലും പല പരിഷ്കാരങ്ങൾ വരുത്തി. രോഗിലേപനത്തിനുള്ള തൈലം ലത്തീൻക്രമമനുസരിച്ചു പ്രത്യേകം വെഞ്ചരിക്കണമെന്നും ശരീരാവയവങ്ങൾ ലത്തീൻക്രമാനുസാരം പൂശണമെന്നും നിബന്ധനയുണ്ടാക്കി. മററു കൂദാശകൾക്കെന്നതുപോലെ ഇതിന്റെ പ്രാർത്ഥനകളും ലത്തീനിൽനിന്നു തർജ്ജമ ചെയ്യപ്പെട്ടവയാണു്.

**തിരുപ്പട്ടം**

ലത്തീൻക്രമമനുസരിച്ചു പട്ടം നല്കുവാൻ തുടങ്ങിയതു് ഉദയംപേരൂർസൂനഹദോസിനുശേഷമായിരിക്കണം. അതിനുമുമ്പു കൽദായക്രമങ്ങൾ അനുസരിച്ചായിരിക്കണം ഇവിടെ തിരുപ്പട്ടങ്ങൾ നല്കപ്പെട്ടിരുന്നതു്. കാറോയാ (Lectorate) ഹെവ്പ്പദ്യാക്കനാ (Subdeaconate), മ്ശംശാനാ(Deaconate), കശീശാ (Presbyterate) എന്നിവയാണു കൽദായറീത്തിലെ ക്രമപ്രകാരമുള്ള പട്ടങ്ങൾ. ലത്തീൻറീത്തനുസരിച്ചുള്ള പട്ടംകൊടുക്കൽ ആരംഭിച്ചതിനുശേഷവും ഹെവ്പ്പദിയാക്കനാപ്പട്ടംവരെയുള്ള പട്ടങ്ങൾ ഒരുമിച്ചു നല്കപ്പെട്ടിരുന്നു

www.malankaralibrary.com

കൽദായറീത്തിലേതനുസരിച്ചായിരിക്കണം. ഇപ്പോഴും വത്തിക്കാൻഗ്രന്ഥശേഖരത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന മാർ ജോസഫിൻെറ കയ്യെഴുത്തുപ്രതികളിൽ ഒന്നിൽ കൽദായറീത്തിൽ കാറോയ പട്ടവും ഹെവുപ്പദ്യാക്കനാപട്ടവും നല്കുന്നക്രമം 66-ാം നമ്പർ കയ്യെഴുത്തുപ്രതിയുടെ 61-ാം പേജിൽ വിവരിച്ചിട്ടുണ്ട്. അതേ കയ്യെഴുത്തുപ്രതിയിൽത്തന്നെ ലത്തീൻക്രമമനുസരിച്ച് ആസ്ഥപ്പാട്ടുപട്ടംമുതൽ അഞ്ചാംപട്ടംവരെയുള്ള ലത്തീൻക്രമം സുറിയാനിയിൽ കാണുന്നു. ഇരുക്രമങ്ങളുമനുസരിച്ച് ഇവിടെ പട്ടം നല്കപ്പെട്ടിരുന്നു എന്നു ന്യായമായി അനുമാനിക്കാം. കരിയാററിൽ മാർ യൗസേപ്പുമെത്രാപ്പോലീത്ത പോർട്ടുഗലിൽവച്ചു സുറിയാനിയിൽ പട്ടം നല്കിയിരുന്നതായി രേഖകളുണ്ട്. സുറിയാനിലേയ്ക്കു വിവർത്തനം ചെയ്യപ്പെട്ട ലത്തീൻക്രമമനുസരിച്ചാണു പട്ടംകൊടുക്കൽ ശുശ്രൂഷ നടത്തിയതെന്നു 'വർത്തമാനപ്പുസ്തക'ത്തിൽ പാറേമ്മാക്കൽ തോമ്മാച്ചൻ രേഖപ്പെടുത്തിയിരിക്കുന്നു. സുറിയാനിയിൽ ഉണ്ടായിരുന്ന ഈ പട്ടംകൊടുക്കൽശുശ്രൂഷ ക്രമേണ പ്രചാരലുപ്തമാകുകയും ലത്തീൻരീതി പ്രചാരത്തിലാകുകയും ചെയ്തു.

**വൈദികന്മാർ**

രൂപതയ്ക്കുവേണ്ടിയല്ല, പ്രത്യുത, ഇടവകയ്ക്കുവേണ്ടിയായിരുന്നു വൈദികാർത്ഥികളെ അഭ്യസിപ്പിച്ചിരുന്നതു്. അധികവും ഒരേ കുടുംബത്തിൽനിന്നുള്ളവരായിരുന്നു. ഇടവകയിലെ മൂപ്പച്ചനാണു വൈദികാർത്ഥികളെ ഒരുക്കിയിരുന്നതു്. പട്ടം സ്വീകരിക്കുന്നതിനു് എത്ര വയസ്സു തികഞ്ഞിരിക്കണമെന്നു ക്ലിപ്തപ്പെടുത്തിയിട്ടില്ല. പട്ടം വടിക്കുന്നതിനുപകരം മുടി വളർത്തിയിരുന്നെന്നും, അതല്ല, കുരിശാകൃതിയിൽ പട്ടം വടിച്ചിരുന്നെന്നും പറയപ്പെടുന്നു. എല്ലാ വൈദികന്മാരും ദീക്ഷ വളർത്തിയിരുന്നു. ളോവ ഉണ്ടായിരുന്നെങ്കിലും അതെപ്പോഴും ധരിച്ചുകൊള്ളണമെന്നു നിർബന്ധമുണ്ടായിരുന്നില്ല.

1549-ൽ കൊടുങ്ങല്ലൂരിൽ വിൻസെൻറ് എന്ന ഒരു

www.malankaralibrary.com

ഫ്രാൻസിസ്ക്കൻ സന്യാസി നടത്തിയിരുന്ന സെമ്മിനാരിയിൽ നൂറോളം യുവാക്കന്മാർ പഠിച്ചിരുന്നു.[1] 1585-ൽ ചേന്ദമംഗലത്തു് ഈശോസഭക്കാർ ഒരു സെമ്മിനാരി സ്ഥാപിച്ചു. അങ്ങനെ രണ്ടു സെമ്മിനാരികൾ ഉണ്ടായിരുന്നെങ്കിലും അവയിൽമാത്രമേ വൈദികാർത്ഥികൾക്കു പരിശീലനം നല്കാവൂ എന്നു നിർബന്ധമുണ്ടായിരുന്നില്ല.

ലത്തീൻറീത്തനുസരിച്ചുള്ള പട്ടങ്ങളെല്ലാം അതേക്രമത്തിൽ നല്കപ്പെടണമെന്നും ത്രെന്തോസ് സൂനഹദോസിന്റെ നിശ്ചയപ്രകാരമുള്ള വയസ് പട്ടം സ്വീകരിക്കുന്ന അർത്ഥിക്കു് ഉണ്ടായിരിക്കണമെന്നും ഉദയംപേരൂർസൂനഹദോസു് നിശ്ചയിച്ചു. പ്രസ്തുതപ്രായം തികയുന്നതിനുമുമ്പു പട്ടം സ്വീകരിച്ചിട്ടുള്ളവർ പ്രായം തികയുന്നതുവരെ വൈദികശുശ്രൂഷ നടത്തുവാൻ പാടില്ലെന്നും ഈ സൂനഹദോസിൽ തീരുമാനിക്കപ്പെട്ടു. വൈദികന്മാർ പുറമെ സഞ്ചരിക്കുമ്പോൾ ളോവ ധരിക്കണമെന്ന നിയമവും അന്നാണു് ഉണ്ടാക്കിയതു്. ദീക്ഷ വളർത്തുക, മുടി വളർത്തുക, വിവാഹം കഴിക്കുക ഇവയെല്ലാം ഈ സൂനഹദോസു് വൈദികന്മാൎക്കു നിരോധിച്ചു. 1627-ൽ ബ്രിട്ടോ മെത്രാപ്പോലീത്ത ഇടപ്പള്ളിയിൽ ഒരു യോഗം വിളിച്ചുകൂട്ടി. വികാരിമാർ കുട്ടികളെ ഇടവകകളിൽ പൗരോഹിത്യത്തിനു പരിശീലിപ്പിക്കേണ്ടതില്ലെന്നും അവരെ സെമ്മിനാരിയിൽ ചേർക്കേണ്ടതാണെന്നും നിയമമുണ്ടാക്കി. വൈദികവിദ്യാർത്ഥികളെ പൗരോഹിത്യപദവിയിലേക്കുയർത്തുന്നതു കർക്കശമായ പരിശോധനക്കുശേഷമായിരിക്കണമെന്നും പ്രസ്തുത യോഗം നിശ്ചയിച്ചു.

ഇതിനിടയിൽ ചേന്ദമംഗലം സെമ്മിനാരി, ഡച്ചുകാരുടെ അപമര്യാദപരമായ പെരുമാററംമൂലം സമ്പാളൂരിലേക്കു മാററിസ്ഥാപിക്കേണ്ടിവന്നു. 1868-ൽ അന്തോനികൊററയാ പള്ളിമുറിയിൽ താമസമാക്കാത്ത വൈദികന്മാർക്കു് അംശ

1. *Monumenta Xaveriana,* Matriti, 1900, P. 480-481



www.malankaralibrary.com

മുടക്കു ശിക്ഷ നല്കുകയും ളോവയും ചെരിപ്പും ധരിക്കാതെ ദൈവാലയത്തിൽ പ്രവേശിച്ചുകൂടായെന്നു് അനുശാസിക്കുകയും ചെയ്തു. അചിരേണ, വെളുത്തതും കറുത്തതുമായ ളോവകൾ, പട്ടം, തിരുവസ്ത്രങ്ങൾ എന്നിവയിലെല്ലാം ലത്തീൻക്രമം സ്വീകരിക്കേണ്ടിവന്നു. കൂടാതെ, സുറിയാനിക്കാർശെമ്മാശന്മാരെ ലത്തീൻകാർ പരിശീലിപ്പിച്ചിരുന്നതുകൊണ്ടു പല ലത്തീൻ ആചാരങ്ങളും സുറിയാനിക്കാരുടെയിടയിൽ അറിയാതെതന്നെ കടന്നുകൂടി.

**വിവാഹം**

ചെറുപ്പത്തിൽത്തന്നെ വിവാഹം നടത്തിക്കൊടുക്കുന്ന പതിവായിരുന്നു ഇവിടെ കൂടുതൽ പ്രാബല്യത്തിലിരുന്നതു്. വധൂവരന്മാരുടെ പിതാക്കന്മാരോ രക്ഷകർത്താക്കളോ പള്ളിയിൽ വന്നു വൈദികന്റെ മുമ്പാകെ കൈപിടിച്ചു വിവാഹവാഗ്ദാനം ചെയ്തിരുന്നു. താലികെട്ടു് വിവാഹച്ചടങ്ങുകളിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണു്. വൈദികന്മാരുടെ അഭാവത്തിൽ താലികെട്ടുകൊണ്ടുമാത്രം വിവാഹച്ചടങ്ങുകൾ പൂർത്തിയായതായി പരിഗണിപ്പെട്ടിരുന്നു. വിവാഹച്ചടങ്ങുകളിൽ പല സാമുദായികാചാരങ്ങളും ഉൾപ്പെടുന്നുണ്ടു്. ഇവയിൽ ഒന്നാണു് 'അടച്ചുതുറ'. ഇതിലും വൈദികൻ സംബന്ധിക്കുന്നപതിവുണ്ടായിരുന്നു. വൈധവ്യം ഭവിച്ചാൽ പുനഃർവിവാഹം അനുവദിച്ചിരുന്നെങ്കിലും വിവാഹമോചനത്തെപ്പററി കേട്ടുകേൾവിപോലുമുണ്ടായിരുന്നില്ല.

ഉദയംപേരൂർ സൂനഹദോസു് വിവാഹച്ചടങ്ങുകളെസ്സംബന്ധിച്ചു പല നിയമങ്ങളും നടപ്പാക്കി. ത്രെന്തോസു് സൂനഹദോസിന്റെ നിശ്ചയപ്രകാരംമാത്രമെ വിവാഹം ആശീർവ്വദിക്കാവൂ എന്നു നിഷ്കർഷിച്ചു. പ്രസ്തുത സൂനഹദോസിന്റെ തീരുമാനപ്രകാരമുള്ള പ്രായം വധൂവരന്മാർക്കുണ്ടായിരിക്കണമെന്നും ഉദയംപേരൂർസൂനഹദോസു് നിർദ്ദേശിച്ചു. മൂന്നു കടമുള്ള ദിവസങ്ങളിൽ വിവാഹത്തെസ്സംബന്ധിച്ച വിവരങ്ങൾ

www.malankaralibrary.com

വിളിച്ചറിയിക്കണമെന്നും മാമ്മോദീസപ്പുസ്തകത്തിൽ വിവാഹം നടന്ന വിവരം രേഖപ്പെടുത്തണമെന്നും ഈ സൂനഹദോസിൽ തീരുമാനമുണ്ടായി. നോമ്പുകാലങ്ങളിൽ വിവാഹാഘോഷങ്ങൾ നടത്തുന്നതിനെസ്സംബന്ധിച്ചും ഒത്തുകല്യാണത്തിൽ കക്ഷികൾ തമ്മിൽ സമ്മതം നല്കേണ്ടതിനെസ്സംബന്ധിച്ചും പല നിയമങ്ങളും ഈ സൂനഹദോസു നിർമ്മിച്ചു. വിവാഹത്തിനുള്ള പ്രതിബന്ധങ്ങളും (impediments) അവയിൽനിന്നുള്ള മോചനവും സംബന്ധിച്ചു ത്രെന്തോസൂനഹദോസ് ചെയ്ത തീരുമാനങ്ങളെ ഉദയംപേരൂർസൂനഹദോസ് പ്രാബല്യത്തിലാക്കി.

1868-ൽ അന്തോനികൊറയാ രൂപം കൊടുത്ത ക്രമപ്പുസ്തകത്തിൽ വിവാഹവിവരങ്ങൾ 24മണിക്കൂറിനകം രേഖപ്പെടുത്താതിരുന്നാൽ വികാരി 'അംശമുടക്ക' ശിക്ഷയിൽ ഉൾപ്പെടുമെന്നും എല്ലാ പള്ളികളിലും പ്രസ്തുത പുസ്തകം ഉണ്ടായിരിക്കണമെന്നും ഉദയംപേരൂർസൂനഹദോസ് നിഷ്കർഷിച്ചിരിക്കുന്നു. വൈദികർ 'അടച്ചുതുറ' ചടങ്ങിനു പോയിരുന്നതിനെ ബെർണ്ണർദീനോസുമെത്രാപ്പോലീത്ത നിരോധിച്ചു. പെ.ബ. ചാവറകുര്യാക്കോസ്ഏലിയാസച്ചൻ വിവാഹാഘോഷങ്ങൾ കടമുള്ള ദിവസങ്ങളിൽ നടത്തുന്നതിനെ എതിർത്തുകൊണ്ട് അതിനു മുടക്കുകല്പിച്ചു.

ലെയോനാർദുമെത്രാപ്പോലീത്തയുടെകാലത്ത്, വിവാഹത്തോടനുബന്ധിച്ചു നല്കുന്ന വാഴ്‌വ് ദിവ്യബലിയർപ്പണസമയത്തുതന്നെ നല്കണമെന്നും അതിനുള്ളക്രമം ലത്തീനിൽനിന്നുള്ള തർജ്ജമയായിരിക്കണമെന്നും ലത്തീൻകുർബാനയിലേതുപോലെ സുറിയാനികുർബാനയിലും ഉപയോഗിച്ചുകൊള്ളണമെന്നും കല്പനയുണ്ടായി. വിവാഹത്തിനുമുമ്പു നടക്കുന്ന മനസ്സുചോദ്യം നിർബ്ബന്ധിതമായിട്ട് അധികകാലങ്ങളായിട്ടില്ലെങ്കിലും, താലികെട്ട്, വിവാഹം നടത്തേണ്ട ഇടവക എന്നിവയിൽ എന്നും ഐകരൂപ്യമാണുള്ളത്.

www.malankaralibrary.com

# ദിവ്യബലി

## അപ്പവും വീഞ്ഞും തിരുവസ്ത്രങ്ങളും

വി.കുർബ്ബാനയ്ക്കു് എണ്ണയും ഉപ്പുംചേൎന്നുള്ള പുളിച്ചഅപ്പമാണു് ഉപയോഗിച്ചിരുന്നതു്. അപ്പം ഉണ്ടാക്കുന്നതു ശമ്മാശന്മാരായിരുന്നു. ഉണക്കമുന്തിരിങ്ങാപിഴിഞ്ഞാണു വീഞ്ഞുണ്ടാക്കിയിരുന്നതു്. ബലിയൎപ്പണസമയത്തു കാപ്പയായിരുന്നു വൈദികന്റെ തിരുവസ്ത്രം. കുദാശചെയ്തു പലകമേലോ, കല്ലിന്മേലോ വച്ചു ബലിയർപ്പണം നടത്തിയിരുന്നു. പോൎട്ടുഗീസുകാരുമായുള്ള മൈത്രീബന്ധത്തിന്റെ ഫലമായി ഒരേ പള്ളിയിൽത്തന്നെ രണ്ടു റീത്തിൽ ബലിയൎപ്പണം നടത്തപ്പെട്ടിരുന്നു.[1] ഇതിന്റെ ഫലമായി ലത്തീൻമയം ഇവിടത്തെ ആരാധനക്രമത്തിൽ കടന്നുകൂടാനിടയായി. തന്നെയുമല്ല, റീത്തു ലത്തീനീകരിക്കുന്നതിനുള്ള നീക്കങ്ങളും കണ്ടുതുടങ്ങി. ലത്തീൻറീത്തിനോടു യോജിക്കാത്തവയെല്ലാം പാഷണ്ഡതയും അബദ്ധവുമാണെന്നു കരുതിക്കൊണ്ടു നടത്തിയ മാററങ്ങൾ സാരമായി ബാധിച്ചതു കുർബ്ബാനക്രമത്തിലാണു്. 1554-ൽ മാർ യൗസേപ്പു്, മാർ ഏലിയ എന്നീ മെത്രാന്മാർ ബാബേലിൽനിന്നു കേരളത്തിലേക്കു പുറപ്പെട്ടെങ്കിലും, പോർട്ടുഗീസുകാർ അവരെ തടഞ്ഞുനിറുത്തി ലത്തീൻപഠിപ്പിക്കുകയും ലത്തീൻറീത്തിൽ കുർബ്ബാന ചൊല്ലിക്കുകയും ചെയ്തതിനുശേഷമേ കേരളത്തിലേക്കയച്ചുള്ളു. ഗോവയിലേ പോർട്ടുഗീസുമെത്രാപ്പോലീത്തയുടെ അനുവാദംകൂടാതെ ഒന്നും പ്രവൎത്തിച്ചുകൂടായെന്നു് അവൎക്കു താക്കീതും ലഭിച്ചിരുന്നു. പോർട്ടുഗീസുകാരുടെ സമ്മൎദ്ദത്താൽ, കുർബ്ബാനയിൽ, പുളിക്കാത്ത അപ്പവും പോർട്ടുഗീസു വീഞ്ഞും ലത്തീൻ തിരുവസ്ത്രങ്ങളും മാർ യൗസേപ്പു് നടപ്പിലാക്കി.[2] 1885-ൽ മാർഅബ്രാഹത്തിന്റെകാലത്തുനടന്ന ഗോവാ സൂന

1. CASTES, S. J., *The Examiner,* 1922 P. 203
2. D'SOUZA, *Oriente Conquistado,* 1, 86

www.malankaralibrary.com

ഹദോസു ലത്തീൻതക്സു സുറിയാനിയിലേക്കു വിവർത്തനം ചെയ്യണമെന്നു തീരുമാനിച്ചു.

## ഉദയംപേരൂർ സൂനഹദോസ് വരുത്തിയ മാററങ്ങൾ

ഉദയംപേരൂർസൂനഹദോസ്, തെയോദോറിൻേറയും നെസ്തോറിയസിൻേറയും കർബാനക്രമങ്ങൾ നിരത്തലാക്കുകയും "ശ്ലീഹന്മാരുടെ കുർബാന"യിൽ പല മാററങ്ങൾ വരുത്തുകയും ചെയ്തു. മാററങ്ങളെപ്പററിയാണു് ഇവിടെ പ്രതിപാദ്യം. കുർബാനയുടെ ഘടനയെ സാരമായി ബാധിക്കുന്നമാററങ്ങളൊന്നും വരുത്തിയില്ല. പ്രാർത്ഥനകളിലുംമററം ചില വെട്ടിച്ചുരുക്കലുകളും കൂട്ടിച്ചേർക്കലുകളുമൊക്കെനടത്തി. ഉദാഹരണത്തിനു് "പൗരസ്ത്യകാതോലിക്കോസിൻെറ സിംഹാസനം" എന്നഭാഗം മാററി "റോമാസിംഹാസനം" എന്നാക്കി. പാത്രിയർക്കീസിൻെറ പേരിനു പകരം മാർപ്പാപ്പയുടെ പേരുചേർത്തു. 'മിശിഹായുടെ മാതാവു്' എന്നതു തിരുത്തി 'ദൈവമാതാവു്' എന്നാക്കി. വിശ്വാസപ്രമാണത്തിലും ചില കൂട്ടിച്ചേർക്കലുകൾ നടത്തി. ലത്തീൻക്രമത്തോടു കൂടുതൽ ഐകരൂപ്യം വരുത്തുന്നതിനായി, "ദൈവത്തിൽനിന്നുള്ള ദൈവം", എന്നുകൂട്ടിച്ചേർത്തു. "പിതാവിനോടുകൂടി ഏകസത്തയായിരിക്കുന്നവൻ" എന്നതിനു സുറിയാനിയിൽ ''ബർക്യാനാ'' എന്നുപയോഗിച്ചിരുന്നതു് "ഹെവുമാസിയോസു്" എന്നാക്കി. ഇതു ഗ്രീക്കാണെന്നല്ലാതെ, അർത്ഥത്തിൽ ഇവ തമ്മിൽ യാതൊരു വ്യത്യാസവുമില്ല. പിഴയിടിക്കുന്നതിനുമുമ്പു ശുശ്രൂഷകൻ പീലാസയിൽ സ്പർശിച്ചിരുന്ന പതിവും ആറാംപട്ടക്കാരല്ലാത്തവർ ഊറാല ധരിച്ചുകൊണ്ടു ശുശ്രൂഷയിൽ പങ്കെടുത്തിരുന്ന പതിവും നിരത്തലാക്കി. ആറാംപട്ടക്കാർ ഊറാല ലത്തീൻക്രമത്തിലേതുപോലെ ധരിക്കണമെന്നും തീരുമാനിക്കപ്പെട്ടു. കൂദാശ ചെയ്യപ്പെട്ട കുർബാനക്കല്ലുകളിന്മേൽ മാത്രമേ ബലിയർപ്പിക്കാവൂ എന്നും സ്വർണ്ണം, വെള്ളി, വെള്ളീയം ഇവയാൽ നിർമ്മിക്കപ്പെട്ട കാസ ഉപയോഗിക്കണമെന്നും നിബന്ധനയുണ്ടായി.[1]

1. KING, ARCHDALE., *op. cit.* V. II, P. 455

www.malankaralibrary.com

## റോസുമെത്രാൻ വരുത്തിയ മാററങ്ങൾ

ഉദയംപേരൂർ സൂനഹദോസിൻെറ നയം തുടൎന്നുകൊണ്ടു പോകുന്നതിൽ റോസ്മെത്രാൻ അതീവതല്പരനായിരുന്നു. അദ്ദേഹം ഉണ്ടാക്കിയ ക്രമമനുസരിച്ച് 1603-ൽ അങ്കമാലി സൂനഹദോസിൽവച്ചു സുറിയാനിയിൽ പാട്ടുകുൎബാന ചൊല്ലി യതായി ദൃക്സാക്ഷിയായ ഫാദർ കമ്പോറി രേഖപ്പെടുത്തി യിട്ടുണ്ട്.[1] അതേ സൂനഹദോസിൽവച്ചുതന്നെ ഒരു റാസക്ര മവും അദ്ദേഹം ക്രോഡീകരിച്ചിട്ടുണ്ട്. തക്സ കുർബാനസമ യത്തു ബലിപീഠത്തിൻെറ രണ്ടു വശങ്ങളിലേയ്ക്കും മാററുക, അൾത്താരയിലേക്കു തിരിഞ്ഞുനിന്നു സുവിശേഷം വായിക്കുക, സുവിശേഷവായനയുടെശേഷം ഉടനെതന്നെ വിശ്വാസപ്രമാ ണം ചൊല്ലുക, കാഴ്ചവയ്പുകഴിഞ്ഞു കൈകഴുകുക, കൂദാശചെ യ്തുകഴിഞ്ഞു തിരുശ്ശരീരവും തിരുരക്തവും ലത്തീൻക്രമത്തിലേ തുപോലെ ഉയൎത്തുക, വൈദികൻ കുൎബാനസ്വീകരണത്തിനു മുമ്പു മൂന്നുപ്രാവശ്യം പിഴയിടിക്കുക, എന്നിവയെല്ലാം റോസു മെത്രാൻവരുത്തിയമാററങ്ങളാണു്. വിശ്വാസപ്രമാണം, കൂദാ ശവചനം ഇവയുടെ സ്ഥാനനിൎണ്ണയത്തിൽ റോസുചെയ്തമാററം കുർബാനയുടെ ഘടനയെത്തന്നെമാററി മറിക്കാൻപോരുന്ന തായിരുന്നു.

## വിശ്വാസപ്രമാണം

ലത്തീൻ കുർബാനയിലേതുപോലെ സുവിശേഷവായന കഴിഞ്ഞ് ഉടനെതന്നെ വിശ്വാസപ്രമാണം ചൊല്ലണമെന്നു റോസിൻെറ ക്രമം നിർദ്ദേശിച്ചു. ഇതു നിലവിലിരുന്ന കുർബാ നയുടെ ഘടനയെ ബാധിക്കുന്ന ഒന്നായിരുന്നു. അപ്പസ്തോലിക കാലംതുടങ്ങി ദിവ്യബലിയിൽ വിശ്വാസപ്രമാണം വിശ്വാ സികളുടെ ബലിയുടെ ആരംഭമായാണു കരുതിപ്പോരുക. ജ്ഞാ നസ്നാനാൎത്ഥികൾ പിരിഞ്ഞുപോയതിനുശേഷം മെത്രാൻ വി ശ്വാസപ്രമാണം ആരംഭിക്കുകയും വിശ്വാസികൾ അതുപൂൎത്തി

1. FERROLI, S. J., *The Jesuits in Malabar*, 1. P. 300

www.malankaralibrary.com

യാക്കുകയുമായിരുന്ന ആദ്യകാലങ്ങളിലെ പതിവു്. ഇന്നും പൗരസ്ത്യറീത്തുകളിലെല്ലാം 'അയോഗ്യരെ പിരിച്ചുവിടൽ' കഴിഞ്ഞാണു വിശ്വാസപ്രമാണം ചൊല്ലുന്നതു്. റോസിന്റെ കുർബാനയിലും പുനരുദ്ധരിക്കപ്പെട്ട കുർബാനയിലും കൈകഴുകുന്നതിനു മുമ്പായി പുരോഹിതനും ശുശ്രൂഷിയും മാറിമാറി ഇപ്രകാരം ചൊല്ലുന്നു. "മാമ്മോദീസാ സ്വീകരിക്കാത്തവർ പുറത്തുപോകട്ടെ. ആയുസ്സിന്റെ മുദ്ര സ്വീകരിച്ചിട്ടില്ലാത്തവൻ പോകട്ടെ. അതു സ്വീകരിക്കാത്തവൻ പോകട്ടെ. ശ്രോതാക്കളേ, നിങ്ങൾ പോകുവിൻ. വാതിലുകൾ സൂക്ഷിച്ചുകൊള്ളുവിൻ". എന്നാൽ, ലത്തീൻറീത്തിൽ ഈ ഭാഗം ഇന്നു പ്രചാരത്തിലില്ല. ലത്തീൻ കുർബാനയിൽ സുവിശേഷവായനയ്ക്കുശേഷം വിശ്വാസപ്രമാണം ചൊല്ലി വിശ്വാസികളുടെ ബലി ആരംഭിക്കുകയാണു ക്രമം. അതുകൊണ്ടു ലത്തീൻ കുർബാനയിൽ വിശ്വാസപ്രമാണത്തിന്റെ സ്ഥാനം തികച്ചും ശരിയാണു്. പക്ഷേ, ഇതു പൗരസ്ത്യകുർബാനയിലേക്കും പകർത്തിയതു അസ്ഥാനത്തായിപ്പോയി. അതു കുർബാനയുടെ ഘടനയെ ബാധിക്കുകയും ചെയ്തു.

**കൂദാശവചനങ്ങളുടെ സ്ഥാനം**

പൗരസ്ത്യവും പാശ്ചാത്യവുമായ ആരാധനക്രമങ്ങളിലെല്ലാം (ദിവ്യബലികളിൽ) അവയുടെ കാതലായ കൂദാശവചനങ്ങളുടെ സ്ഥാനം അനാഫൊറ ഭാഗത്താണു്. എന്നാൽ, റോസു് പരിഷ്കരിച്ച കുർബ്ബാനയിൽ അനാഫൊറ കഴിഞ്ഞാണു കൂദാശവചനങ്ങൾ ചേർത്തിരിക്കുന്നതു്. ഈ മാററം യഥാർത്ഥത്തിൽ കുർബ്ബാനയുടെ ഘടനയെ സാരമായിത്തന്നെ ബാധിച്ചു. (ഇതേപ്പററി വിശദമായി അടുത്ത അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നുണ്ടു്).

**പരിശുദ്ധാത്മാവിയോടുള്ള പ്രാർത്ഥന** (Epiclesis)

"കർത്താവെ നിന്റെ പരിശുദ്ധാത്മാവു് എഴുന്നള്ളിവരട്ടെ" എന്ന പ്രാർത്ഥനയാണിതു്. പൗരസ്ത്യകുർബ്ബാനക്രമങ്ങളി

www.malankaralibrary.com

ലെല്ലാം ക്രൂദാശചെയ്തുകഴിഞ്ഞാണ് ഇതിന്റെ സ്ഥാനം. എന്നാൽ, റോസിന്റെ പരിഷ്ക്കാരത്തിന്റെ ഫലമായി ഈ പ്രാർത്ഥന ക്രൂദാശചെയ്യുന്നതിനുമുമ്പ്, അതായതു ലത്തീനിലേതു പോലെ ക്രമീകരിച്ചു. ഇതും കർബ്ബാനയുടെ ഘടനയെ ബാധിക്കാതിരുന്നില്ല.

**മററു ചില മാററങ്ങൾ**

കർബ്ബാനയിൽ തിരുശ്ശരീരവും തിരുരക്തവും ഒന്നിച്ചുയർത്തുക, ഒററ മുട്ടുകുത്തുക എന്നീ പതിവുകളും ലത്തീൻ കുബ്ബാനയുടെ അനുകരണങ്ങളാണ്. അഞ്ചുനിറത്തിൽ കുബ്ബാനക്കുപ്പായങ്ങൾ നിർമ്മിക്കപ്പെടണമെന്നു ബല്ലർദീനോസു് മെത്രാപ്പോലീത്ത നിർദ്ദേശിച്ചു. ചാവറ കുര്യാക്കോസ് ഏലിയാസച്ചനാണു കുബ്ബാനയിലെ കർമ്മാനുഷ്ഠാനവിധികളടങ്ങിയ തുക്കാസ (ക്രമപുസ്തകം - Rubrics) എഴുതിയുണ്ടാക്കിയതു്. ലെയോനാർദുമെത്രാപ്പോലീത്ത കുബ്ബാനയുടെമദ്ധ്യേ നവദമ്പതികൾക്കുള്ള വാഴ്വു കൊടുക്കുന്നതിനുള്ള ക്രമം ലത്തീനിൽനിന്നു തർജ്ജമചെയ്തു തക്സായിൽ ചേർത്തു. ചാവറയച്ചൻ ക്രമീകരിച്ച 'തുക്കാസാ' മററുചില ക്രമങ്ങളോടുകൂടി 1926-ൽ മാന്നാനത്തുനിന്നു പ്രസിദ്ധീകൃതമായി. ഇങ്ങനെ, പല തിരുത്തലുകൾക്കും വ്യതിയാനങ്ങൾക്കും വിധേയമായശേഷം രൂപംകൊണ്ടതാണു പുനരുദ്ധരിക്കപ്പെടുന്നതിനുമുമ്പുണ്ടായിരുന്ന കുബ്ബാനക്രമം.

**കാനോനനമസ്ക്കാരം**

കാനോനനമസ്ക്കാരം ചൊല്ലുവാൻ ആദ്യകാലങ്ങളിൽ ഇവിടെ കയ്യെഴുത്തുപ്രതികൾ മാത്രമെ ഉണ്ടായിരുന്നുള്ളു. ഈ പ്രതികളിൽ ചിലവ ഇന്നും അനർഘമായി സൂക്ഷിക്കപ്പെടുന്നു. ഒരു കയ്യെഴുത്തുപ്രതി തൃശ്ശൂരുള്ള സൂറായികളുടെ കൈവശമുണ്ടു്. 1574-ൽ കൊടുങ്ങല്ലൂരിൽവച്ചെഴുതിയതും 1557-ൽ അങ്കമാലിയിൽവച്ചെഴുതിയതുമായ രണ്ടു കയ്യെഴുത്തുപ്രതികൾ ഇന്നും വത്തിക്കാൻ ഗ്രന്ഥശേഖരത്തിൽ സൂക്ഷിക്കപ്പെടുന്നു. കൽദായരുടെ നമസ്ക്കാരക്രമവുമായി ഇതിനു പറയത്തക്ക

www.malankaralibrary.com

വ്യത്യാസം കാണുന്നില്ല. (കൽദായറീത്തിനെപ്പററി പ്രതിപാദിച്ചിരിക്കുന്ന അദ്ധ്യായം കാണുക).

1599-ൽ നടന്ന ഉദയംപേരൂർസൂനഹദോസ് കാനോനനമസ്കാരത്തെസ്സംബന്ധിക്കുന്ന പല നിയമങ്ങളും നിർമ്മിച്ചു. അഞ്ചാംപട്ടം സ്വീകരിക്കുന്നതുമുതൽ വൈദികാന്തസ്സിൽ പ്രവേശിക്കുന്ന എല്ലാവരും കാനോനനമസ്ക്കാരം ചൊല്ലണമെന്നു നിഷ്കർഷയുണ്ടാക്കി. കാനോനനമസ്കാരപ്പുസ്തകമില്ലാത്തവർ രാവിലേ ചൊല്ലേണ്ട കാനോനനമസ്കാരത്തിനുപകരം 303 പ്രാവശ്യം സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ...... നന്മനിറഞ്ഞമറിയമെ...... എന്നീ പ്രാർത്ഥനകളും അത്രയും തന്നെ ത്രിത്വസ്തുതിയും ചൊല്ലണമെന്നായിരുന്നു നിർദ്ദേശം. അതിനുംപുറമെ മേല്പറഞ്ഞ പ്രാർത്ഥനകൾ മരിച്ചവർക്കുവേണ്ടി ഒൻപതു പ്രാവശ്യവും കൊന്തയുപയോഗിച്ചു ചൊല്ലണമെന്നു നിബന്ധനയുണ്ടായിരുന്നു. മദ്ധ്യാഹ്നശേഷം ചൊല്ലേണ്ട കാനോനനമസ്കാരത്തിനുപകരം 303 പ്രാവശ്യം സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,......, നന്മനിറഞ്ഞമറിയമെ...... എന്നീ പ്രാർത്ഥനകളും അത്രയും ത്രിത്വസ്തുതിയും ചൊല്ലുന്നതിനുപുറമെ പരിശുദ്ധ കന്യകമറിയത്തിൻെറ സ്തുതിക്കായി ഒൻപതു പ്രാവശ്യം നന്മനിറഞ്ഞമറിയമെ ...... എന്ന പ്രാർത്ഥനക്കൂടി ചൊല്ലണമെന്നായിരുന്നു നിബന്ധന.

കാനോനനമസ്കാരം ചെല്ലേണ്ട സമയം സംബന്ധിച്ചു യാതൊരു വ്യതിയാനവും സൂനഹദോസ് വരുത്തിയില്ല. കാനോനനമസ്കാരത്തിലുള്ള തെററുകൾ തിരുത്തണമെന്നും (തെററുകളെന്നു ചൂണ്ടിക്കാണിക്കപ്പെട്ടവ തെററുകളായിരുന്നില്ല.) തിരുത്തുവാൻ സൗകര്യപ്പെടാത്തവ ചുട്ടുകളയണമെന്നും നിശ്ചയമുണ്ടാക്കിയിരുന്നു. വിശുദ്ധ അത്തനാസിയൂസിൻെറ ലത്തീനിലുള്ള വിശ്വാസപ്രമാണം വിവർത്തനംചെയ്തു കാനോനനമസ്കാരത്തിൻെറക്കൂടെ ചൊല്ലണമെന്നും നിശ്ചയിക്കപ്പെട്ടു. നെസ്തോറിയസിനോടും നെസ്തോറിയൻവിശുദ്ധരോടുമുള്ള പ്രാ

www.malankaralibrary.com

ർത്ഥനകൾ നീക്കി പകരം അത്തനാസിയൂസ്, ഗ്രീഗോരിയോസ്, ബസേലിയോസ്, ക്രിസോസ്തോമോസ്, സിറിൽ, അഗസ്തീനോസ്, അംബ്രോസിസ്, എഫ്രേം, ഗ്രിഗോരിയോസ് മർപ്പാപ്പ എന്നീ പേരുകളും അവരോടുള്ള പ്രാർത്ഥനകളും കൂട്ടിച്ചേർക്കപ്പെട്ടു.

റോസുമെത്രാൻെറ കാലത്ത് ഈ നിശ്ചയങ്ങൾ മിക്കവാറും നടപ്പിൽ വരുത്തി. ലത്തീനിൽനിന്നു തർജ്ജമ ചെയ്യപ്പെട്ട ചില ഭാഗങ്ങളും പുതുതായി ഉണ്ടാക്കിയ ചില ഭാഗങ്ങളും കൂട്ടിച്ചേർത്ത് തക്സയിലെ പുതിയ തിരുനാളുകളോടു യോജിക്കുന്ന രീതിയിൽ അവയെ യോജിപ്പിച്ചും കാനോനനമസ്കാരം ക്രമീകരിച്ചു.

എന്നാൽ, കാലക്രമേണ കാനോനനമസ്കാരത്തിലുണ്ടായിരുന്ന ഐകരൂപ്യം നഷ്ടപ്പെട്ടു. അശ്രദ്ധാമൂലം കാനോനനമസ്കാരം ഒരുപക്ഷെ നാമാവശേഷമായേക്കുമെന്ന സ്ഥിതിയിലേക്കു നീങ്ങുകയും ചെയ്തു. ഇത്തരുണത്തിലാണു ബർണ്ണർദീനോസ്മെത്രാൻ കാനോനനമസ്കാരം ലത്തീനിൽനിന്നും സുറിയാനിയിലേക്കു തർജ്ജമചെയ്യുവാൻ ചാവറകുര്യാക്കോസ് ഏലിയാസച്ചനെ അധികാരപ്പെടുത്തിയതു്. എന്നാൽ ഇങ്ങനെയുണ്ടാക്കിയ തർജ്ജമ സ്വീകരിക്കുവാൻ വൈദികന്മാർ വിസമ്മതിക്കുകയാൽ നിലവിലിരുന്ന കയ്യെഴുത്തുപ്രതികളിൽനിന്നുള്ള ചില ഭാഗങ്ങളും ലത്തീനിൽനിന്നു വിവർത്തനംചെയ്ത ചില ഭാഗങ്ങളും കൂട്ടിച്ചേർത്ത് ഏഴു ദിവസത്തേക്കുള്ള ഒരു നമസ്കാരക്രമം അദ്ദേഹം ക്രോഡീകരിച്ചു. 1876-ൽ പീയൂസ് ഒൻപതാമൻപാപ്പയുടെ അനുവാദപ്രകാരം ഇന്നു ഉപയോഗത്തിലിരിക്കുന്ന കാനോനനമസ്ക്കാരപ്പുസ്തകം ആദ്യമായി അച്ചടിച്ചു പ്രസിദ്ധീകരിക്കപ്പെട്ടു. ഇതിൻെറ ഒന്നാംഭാഗമായി മാതാവിൻെറ നമസ്ക്കാരവും ശ്ലീഹാ, ഏവൻഗലീസ്ത, സഹദാ, മൗദിയാന, കന്യക എന്നിങ്ങനെ ഓരോ ഗണത്തിൽപ്പെട്ടവരുടേയും തിരുനാളുകൾക്കായുള്ള പൊതുപ്രാർത്ഥനകളും

www.malankaralibrary.com

മാന്നാനത്ത് അച്ചടിക്കപ്പെട്ടു. തുടന്ന് ഓരോ പ്രത്യേക തിരുനാളുകൾക്കുമുള്ള നമസ്ക്കാരങ്ങൾ രണ്ടാംഭാഗമായി പ്രസിദ്ധീകരിച്ചെങ്കിലും അംഗീകാരം ലഭിച്ചില്ല. തന്മൂലം, ഇടവക വൈദികന്മാർ 1867-ൽ അച്ചടിച്ച ആദ്യഭാഗംമാത്രം ഉപയോഗിച്ചു. എന്നാൽ, മാന്നാനത്ത് അച്ചടിച്ച തിരുനാൾനമസ്ക്കാരവും ഇതോടുചേർത്ത് സന്യാസിവൈദികന്മാർ ഉപയോഗിച്ചുതുടങ്ങി. പിന്നീട് നമ്മുടെ കർത്താവിൻെറ പിറവിയുടേയും ഉയിർപ്പിൻേറയും വി. കർബാനയുടേയും തോമ്മാശ്ലീഹായുടേയും തിരുനാളുകളിൽ ചൊല്ലേണ്ട നമസ്ക്കാരങ്ങൾ മാന്നാനത്തു പ്രത്യേകം അച്ചടിക്കപ്പെട്ടു. വീണ്ടും ഒന്നാംഭാഗവും രണ്ടാംഭാഗവും കൂട്ടിച്ചേർത്ത് 1930-ൽ ചങ്ങനാശ്ശേരി മെത്രാൻെറ അനുവാദത്തോടുകൂടി ഏതാണ്ടൊരു പൂർണ്ണകാനോനനമസ്ക്കാരപുസ്തകം 1930-ൽ മാന്നാനത്തുനിന്നു പ്രസിദ്ധീകൃതമായി.

www.malankaralibrary.com

XI

# പുനരുദ്ധരിക്കപ്പെട്ട സീറോ മലബാർ റീത്തു്

## പുനരുദ്ധാരണശ്രമങ്ങൾ

ഉദയംപേരൂർ സൂനഹദോസിനുശേഷം സുറിയാനിറീത്തിലും ആരാധനക്രമത്തിലും സംഭവിച്ച വ്യതിയാനങ്ങൾ കഴിഞ്ഞ അദ്ധ്യായത്തിൽ നാം കണ്ടുകഴിഞ്ഞു. മൂന്നു നൂററാണ്ടുകാലത്തെ ലത്തീൻഭരണം ഇവിടത്തെ റീത്തിന്റെ രൂപത്തിലും ഭാവത്തിലും ആരാധനക്രമവിധികളിലും വരുത്തിയ മാററങ്ങൾ സുറിയാനിക്കാർ അമർഷപൂർവ്വമാണു വീക്ഷിച്ചതു്. സുറിയാനി റീത്തിനെ അതിന്റെ ആദ്യപരിശുദ്ധിയിലേക്കുകൊണ്ടുവരുന്നതിനു പ്രതീക്ഷാനിർഭരമായ പല ശ്രമങ്ങളും നടന്നു. അവ യാതൊരുഫലവും പുറപ്പെടുവിച്ചില്ലെന്നുതന്നെ പറയാം. എന്നാൽ, 1896-ൽ സുറിയാനിക്കാർക്കു് ഏതദ്ദേശീയ മെത്രാന്മാരെ ലഭിച്ചതോടെ സംഗതികൾ മെച്ചപ്പെട്ടുവാൻതുടങ്ങി.

www.malankaralibrary.com

**ആദ്യശ്രമങ്ങൾ–മെമ്മോറാണ്ഡങ്ങൾ** [1]

1899-ൽ തൃശ്ശൂർ, എറണാകുളം, ചങ്ങനാശ്ശേരി എന്നീ വികാരിയാത്തുകളിലെ വൈദികന്മാർ, തങ്ങളുടെ റീത്തിന്റെ പരാധീനതകളെ പരാമർശിച്ചുകൊണ്ടു് ഒരു മെമ്മോറാണ്ഡം ലെയോ പതിമൂന്നാമൻപാപ്പയ്ക്കു സമർപ്പിച്ചു. ആയിടയ്ക്കാണു് അദ്ദേഹം ''ഓറിയന്താലിയും ദിഗ്നിത്താത്തിസു്'' (Orientalium dignitatis) എന്ന ചാക്രികലേഖനം പ്രസിദ്ധീകരിച്ചതു്. പൗരസ്ത്യറീത്തുകളുടെ സംരക്ഷണം, കലർപ്പുകൂടാതെയുള്ള നിലനില്പു മുതലായവയെസ്സംബന്ധിക്കുന്നതായിരുന്നു അതു്. ഇതിനുമുമ്പു് 1896-ൽകോട്ടയത്തേയും തൃശ്ശൂരേയും വൈദികന്മാർ അത്യുന്നതഡലഗേററു് അപ്പസ്തോലിക്കായ്ക്കും ഒരു മെമ്മോറാണ്ഡം സമർപ്പിച്ചിരുന്നു.

**പൊന്തിഫിക്കാൾ**

1896-ൽ സുറിയാനി മെത്രാന്മാർ ഉപയോഗിക്കേണ്ട പൊന്തിഫിക്കാൾ ഏതായിരിക്കണമെന്ന പ്രശ്നം ഉദിച്ചു. ലത്തീൻ പൊന്തിഫിക്കാൾ അതേപടി സുറിയാനിയിലേക്കു വിവർത്തനംചെയ്തു് ഉപയോഗിക്കുന്നതിനുള്ള ശ്രമം വിഫലമായി. എങ്കിലും പ്രസ്തുത ശ്രമം തുടർന്നുകൊണ്ടിരുന്നു. ലത്തീൻ പൊന്തിഫിക്കാൾ സുറിയാനിയിലേക്കു വിവർത്തനം ചെയ്യണമെന്ന അപേക്ഷ പതിനൊന്നാം പീയൂസു്പാപ്പയുടെ അംഗീകരണത്തിനു സമർപ്പിച്ചു. എന്നാൽ, 1934-ൽ അദ്ദേഹം അതിനെതിരായ ഒരു തീരുമാനമെടുത്തു. ലത്തീനീകരണമല്ല സഭയുടെ നിലപാടെന്നു് അദ്ദേഹം വ്യക്തമാക്കി. ഉദയംപേരൂർ സൂനഹദോസിനുമുമ്പു മലബാർസഭയിൽ ഉപയോഗിച്ചിരുന്ന പൊന്തിഫിക്കാൾ പുനരുദ്ധരിക്കേണ്ടതിനു് അദ്ദേഹംതന്നെ ഒരു കമ്മററി രൂപീകരിച്ചു.

1. Cf. Fr. JAMES CHAVELIL, *Restoration of the Syro-Malabar Rite, Caritas*, 1962, P. 21-25

www.malankaralibrary.com

## 1934-ലെ കമ്മീഷൻ

മൂന്നുകൊല്ലത്തോളം കമ്മീഷൻ പഠനത്തിലും ഗവേഷണത്തിലും ചിലവഴിച്ചു. യൂറോപ്യൻ ഗ്രന്ഥശാലകളിലും മൊസൂളിലുമുണ്ടായിരുന്ന കൽദായ തക്സായുടെ കൈയെഴുത്തുപ്രതികൾ അവർ ശ്രദ്ധാപൂർവ്വം പഠിച്ചു. 1939-ൽ കമ്മീഷൻ അവരുടെ ജോലി പൂർത്തിയാക്കുകയും പരിഷ്ക്കരിച്ച പൊന്തിഫിക്കാൾ മാർപ്പാപ്പയുടെ അംഗീകരണത്തിനു സമർപ്പിക്കുകയും ചെയ്തു. അക്കൊല്ലംതന്നെ പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പ അതംഗീകരിച്ച് അച്ചടിക്കുന്നതിനനുവാദം നല്കി. എന്നാൽ, രണ്ടാംലോകമഹായുദ്ധം മൂലമുണ്ടായ പ്രതികൂലസാഹചര്യങ്ങൾ നിമിത്തം അച്ചടി നടന്നില്ല.

## 1954-ലെ കമ്മീഷൻ

1954-ൽ മറ്റൊരു കമ്മിഷനെ നിയമിച്ചതോടെ മന്ദീഭവിച്ചുകിടന്ന പുനരുദ്ധാരണനടപടികൾ നവജീവൻ കൈക്കൊണ്ടു. കമ്മീഷന്റെ പ്രസിഡണ്ട് വെരി. റവ. ഫാദർ അൽഫോൻസോ റാസ് എസ്. ജെ. യും, വെ. റവ. ഫാദർ സിറിൽ കൊറോളെവ്സ്കി, വെ. റവ.ഫാദർ പ്ലാസിഡ് സി. എം. ഐ. എന്നിവർ അംഗങ്ങളുമായിരുന്നു. കമ്മീഷന്റെ ആദ്യത്തെ പ്രവർത്തനം, 1939-ൽ അംഗീകരിച്ച പൊന്തിഫിക്കാൾ മുദ്രണം ചെയ്യുകയെന്നതായിരുന്നു. ആ ജോലി ബേയ്റൂട്ടിലേ സെൻജോസഫ്സ് സർവ്വകലാശാലയെ ഭരമേല്പിച്ചു. 1957-ൽ അച്ചടി പൂർത്തിയായി. അക്കൊല്ലംതന്നെ "ക്സാവാ ദ്തൂക്കാസെ കമറായെ" (Liber Officiorum Pontificalium Secundum Usum Ecclesiae Sanctae Syrorum Orientalium) എന്ന പേരിൽ റോമിൽനിന്നും അതു പ്രസിദ്ധീകരിച്ചു. അടുത്തവർഷം പൗരസ്ത്യതിരുസംഘം. പൊന്തിഫിക്കാളിലേ ക്രമങ്ങളുടെ വിശദീകരണങ്ങളും കർമ്മവിധികളുമടങ്ങിയ "Ordo Persolvendi Ritus Pontificalis" പ്രസിദ്ധീകരിച്ചു. പുതിയ പൊന്തിഫിക്കാളനുസരിച്ച് 1956

www.malankaralibrary.com

ജനുവരി 12-ാംതീയതി റോമിൽവച്ച് ആദ്യമായി രണ്ടുവൈദികവിദ്യാർത്ഥികൾക്കു കാറോയപട്ടം കൊടുത്തു. അന്നു പുനരുദ്ധരിക്കപ്പെട്ട പൊന്തിഫിക്കാളിന്റെ കയ്യെഴുത്തുപ്രതിയാണു് ഉപയോഗിച്ചതു്.

## പൊന്തിഫിക്കാൾ മലയാളത്തിൽ

പുനരുദ്ധരിച്ച പൊന്തിഫിക്കാൾ മലയാളത്തിലേക്കു വിവർത്തനംചെയ്യുന്നതിനു സിറോമലബാർ ഹൈരാർക്കി ഒരു കമ്മീഷനെ നിയമിച്ചു. 1959-ൽ കമ്മീഷൻ വിവർത്തനം പൂർത്തിയാക്കി. "കാറോയ, ഹെവുപ്പദ്യാക്ക്നാ, മ്ശമ്ശാന, കശ്ശീശ എന്നീ പട്ടങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട ക്രമങ്ങളും നിയമങ്ങളും" എന്ന അഭിധാനത്തിൽ 1960-ൽ ആലുവാ മാർ തോമ്മാശ്ലീഹാ പ്രസ്സിൽ മുദ്രണംചെയ്യപ്പെട്ടു. 1960 മാർച്ച് പത്താംതീയതി ആദ്യമായി, മലയാളത്തിൽ ആലുവാ അപ്പസ്തോലിക്സെമിനാരിയിലും എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിലുംവച്ചു പട്ടം കൊടുക്കപ്പെട്ടു.

## കുർബ്ബാനതക്സാ പുനരുദ്ധാരണം

1954-ലെ കമ്മീഷന്റെ പ്രധാനലക്ഷ്യം കുർബാനക്രമം പുനരുദ്ധരിക്കുകയായിരുന്നു. പ്രധാനമായി മൂന്നു തക്സാകളാണു പരിഷ്കരണത്തിനു് അവലംബമായി കമ്മീഷൻ സ്വീകരിച്ചതു്: കൽദായതക്സാ, ഉദയംപേരൂർതക്സാ, ഉദയംപേരൂർസൂനഹദോസുകാലത്തു മാർ ജോസഫ് ഉപയോഗിച്ചിരുന്ന തക്സാ. മലബാർ തക്സായിൽ വരുത്തിയ കൂട്ടിച്ചേർക്കലുകൾ എടുത്തുമാററി ഏററവും നിർമ്മലവും പുരാതനവും ആധികാരികവുമായ തക്സാ ഉണ്ടാക്കുകയെന്ന ജോലി 1957-ൽ പൂർത്തിയായി. അക്കൊല്ലംതന്നെ അതിനംഗീകാരം ലഭിക്കുകയും ചെയ്തു.

## മലയാളത്തിൽ

പൊന്തിഫിക്കാൾ വിവർത്തനം ചെയ്ത കമ്മീഷൻതന്നെയാണു കുർബാനക്രമവും മലയാളത്തിലാക്കിയതു്. 1960-ൽ

www.malankaralibrary.com

ആലുവായിലുള്ള മാർത്തോമ്മാസ്ലീഹാപ്രസ്സിൽ അതു് അച്ചടിച്ചു. മലയാളക്കുർബാനയുടെ ഉൽഘാടനം 1962 ജൂലായി മൂന്നാംതീയതി നടക്കുകയും ചെയ്തു.

## പുനരുദ്ധരിക്കപ്പെട്ട കർബാന

പുനരുദ്ധാരണത്തിനു് അവലംബമായി സ്വീകരിച്ചതു്, മാർ ജോസഫിന്റെ തക്സാ, ഉദയംപേരൂർ സൂനഹദോസിന്റെ തക്സാ, എന്നിവയായിരുന്നെന്നും പഴയകുർബാനയിൽനിന്നു ലത്തീൻ, കൽദായ, മാറോനീത്ത എന്നീ ഘടകങ്ങൾ നീക്കം ചെയ്തുകൊണ്ടു നവീകരണം സാധിച്ചുവെന്നും നാം കണ്ടുകഴിഞ്ഞു. ലത്തീൻഘടകങ്ങളിൽ ചിലവ നീക്കപ്പെട്ടുകയും ചിലവ സ്വീകരിക്കപ്പെട്ടുകയും ചെയ്തിട്ടുണ്ടു്. ഉദാഹരണത്തിനു്:

1) കുർബാന ചൊല്ലുമ്പോൾ പഴയക്രമത്തിലേതുപോലെ കൈക്രൂപ്പിപ്പിടിക്കുക.

2) ജനങ്ങളുടെനേക്കു് അദ്ധ്യാഭിമുഖമായിനിന്നു് ആശീർവ്വദിക്കുക.

3) ലത്തീൻരീതിയിൽ ധൂപം അപ്പിക്കുക.

4) ഒരു മുട്ടുമാത്രം കുത്തുക, ഇവയെല്ലാംമാററി.

5) ഇടത്തുനിന്നു വലത്തോട്ടു കുരിശടയാളം വരച്ചിരുന്നതു വലത്തുനിന്നും ഇടത്തോട്ടു് എന്ന ക്രമത്തിലാക്കി.

6) മദ്ബഹാവിരിയുടെ ഉപയോഗം പുനഃസ്ഥാപിച്ചു.

7) പുളിച്ച അപ്പമോ പുളിപ്പില്ലാത്ത അപ്പമോ കുർബാനയ്ക്കു് ഉപയോഗിക്കാം എന്നു തീരുമാനിച്ചു.

8) ഇരുസാദൃശ്യങ്ങളിലുമുള്ള വി. കുർബാനസ്വീകരണം അനുവദിക്കപ്പെട്ടു.

9) തിരുവസ്ത്രങ്ങളുടെ കാര്യത്തിലും പല മാററങ്ങൾ വരുത്തി.

www.malankaralibrary.com

# കർബാന വിവിധരൂപങ്ങളിൽ

## 1) സാധാരണ കർബാന (Forma Simplex)

പഴയരീതിയിലുള്ള ഒററക്കുർബാനയുടെ സ്ഥാനമല്ല ഇതിനുള്ളത്. പുനരുദ്ധരിക്കപ്പെട്ട ക്രമത്തിൽ ഒററക്കുർബാന ഇല്ലെന്നതും പ്രത്യേകം സ്മർത്തവ്യമാണ്. പ്രാർത്ഥനകളെല്ലാം ഗാനരൂപത്തിലല്ലെങ്കിലും ഈണത്തിൽ ചൊല്ലണമെന്നാണ് നിർദ്ദേശം. പഴയക്രമത്തിൽ ഡീക്കനും സബ്ഡീക്കനും കൂടാതുള്ള പാട്ടുകുർബാനയുമായി ഇതിനെ സാദൃശ്യപ്പെടുത്താം. എന്നാൽ, സഹായികളായി ഡീക്കന്മാർ വേണമെന്നുണ്ടെങ്കിലും അവരുടെ അഭാവത്തിൽ അൽമേനികളായാലും മതി. ധൂപക്കുററി ഉപയോഗിക്കണമെന്ന നിർബന്ധമില്ല. സാധാരണരീതിയിൽ, വിശ്വാസികളും കർബാനയിൽ സംബന്ധിക്കുവാനുള്ളപ്പോൾ സംഭാഷണ (Dialogue) രീതിയിലാണ് ചൊല്ലേണ്ടത്. അല്ലാത്തപക്ഷം, അവർ ചൊല്ലേണ്ട പ്രാർത്ഥനകളും സഹായി ചൊല്ലേണ്ടതാണ്.

## 2) ആഘോഷമായ കർബാന (Forma Solemnis)

പഴയക്രമത്തിലേ സ്തപസ്സുകർബാനയുടെ സ്ഥാനമാണിതിനുള്ളത്. രണ്ട് ആറാംപട്ടക്കാരെങ്കിലും സഹായികളായി ഉണ്ടായിരിക്കണമെന്നാണ് ക്രമപ്പുസ്തകം നിർദ്ദേശിക്കുന്നത്.[1] ആറാംപട്ടക്കാരുടെ അഭാവത്തിൽ അഞ്ചാംപട്ടക്കാരനോ മററു പട്ടക്കാരോ സഹായികളായി വർത്തിക്കുന്നു.

## 3) റാസ (Forma Solemnissima)

ഇതിനും സഹായികളായി രണ്ട് ആറാംപട്ടക്കാരെങ്കിലും ഉണ്ടായിരിക്കണം.[2] അവരുടെ അഭാവത്തിൽ ആഘോഷമായ കർബാനയിലേതുപോലെ മററുള്ളവർക്കും സഹായികളാകാം. എന്നാൽ, ആർച്ചുഡീക്കനായി ഒരു വൈദികൻതന്നെ വേണ

1. Ordo celebrationis P. 8
2. *Ibid* P. 30



www.malankaralibrary.com

മെന്നുള്ളതു നിർബന്ധമാണ്.[1] കാർമ്മികൻ ധരിക്കുന്നരീതിയിലുള്ള തിരുവസ്ത്രങ്ങൾതന്നെയാണ് ആർച്ചുഡീക്കനും ധരിക്കുന്നതു്. ഒരു മെത്രാനാണു കാർമ്മികനെങ്കിൽ സഹായികളിൽ ഒരാളെങ്കിലും ഒരു വൈദികനായിരിക്കുന്നതാണ് ഉചിതം. അപ്പോൾ കാർമ്മികൻ വടി, മുടി, ചെറിയ കൈക്കുരിശു് ഇവ ഉപയോഗിക്കേണ്ടതാണ്. ഈ കുരിശുകൊണ്ടാണു മെത്രാൻ ആശീർവ്വാദം നല്കുക. സഹായിക്കുന്ന വൈദികനു സുവിശേഷം വായിക്കാം.

## പുനരുദ്ധരിക്കപ്പെട്ട ഭാഗങ്ങൾ

**പ്രാരംഭഭാഗം** (Enarxis)

ആരംഭംമുതൽ 'ദൈവമേ നീ പരിശുദ്ധനാകുന്നു' എന്നതുവരെയുള്ള ഭാഗമാണിതു്. പഴയ കർബാനയ്ക്കു് ഒരുക്കമായി കൈകഴുകുമ്പോഴും തിരുവസ്ത്രങ്ങൾ ധരിക്കുമ്പോഴും വൈദികൻ ചില പ്രാർത്ഥനകൾ ചൊല്ലിയിരുന്നു. പുതിയക്രമത്തിൽ അവ വിട്ടുകളഞ്ഞിരിക്കുകയാണ്. കാരണം, സീറോമലബാർ സഭയെസ്സംബന്ധിക്കുന്ന പൗരാണികരേഖകളിൽ ഇപ്രകാരമുള്ള യാതൊരു പ്രാർത്ഥനകളും കൊടുത്തിട്ടില്ല. ഒന്നും ചൊല്ലാതെ കൈകഴുകുന്നുവെന്നാണു ക്രമപ്പുസ്തകം നിഷ്ക്കർഷിക്കുന്നതു്. എങ്കിലും, കാർമ്മികൻ ഉചിതമായ ഒരുക്കത്തിൻശേഷമേ കുർബാനയ്ക്കണയാവൂ എന്നു നിർദ്ദേശമുണ്ടു്. റാസയുടെ ആരംഭത്തിൽ കാർമ്മികോപകാർമ്മികന്മാർ മദ്ബഹായിൽ പ്രവേശിക്കുമ്പോൾ പതിവുണ്ടെങ്കിൽ 'എവോൽ ല്വൈത്താക്' പാടാം.[2]

**പുക്ദാനകോൻ**

പുരാതനകയ്യെഴുത്തു പ്രതികളിലും കൽദായതക്സായിലും പുക്ദാനകോൻ കാണുന്നില്ല. അതുകൊണ്ടു് ഇതു

1. *Ibid*
2. *Ibid.*

www.malankaralibrary.com

സാധാരണ കുർബാനയിൽ ചൊല്ലുണ്ടായെന്നാണു നിർദ്ദേശി ച്ചിരിക്കുന്നതു്. ഇതു കേരളക്രൈസ്തവർക്കു പ്രത്യേകമായിട്ടുള്ള താണു്. ആഘോഷമായി എന്തെങ്കിലും ആരംഭിക്കുന്നതിനു മുമ്പു സന്നിഹിതരായിരിക്കുന്നവരുടെ സമ്മതം ചോദിക്കുക കേരളസഭയിലെ ഒരു സാമൂഹികാചാരമാണു്. വിവാഹാ ഘോഷത്തിൽ മധുരംവയ്ക്കുന്ന സമ്പ്രദായം ഇതിനൊരൊന്നാ ന്തരം ഉദാഹരണമാണു്. അതുകൊണ്ടാണു് ആഘോഷമായ കുർബാനയിലും റാസയിലും പുക്‌ദാനകോൻ പാടുന്നതു്.[1] ആഘോഷമായ പാട്ടുകുർബാനയിൽ "അത്യുന്നതങ്ങളിൽ ദൈ വത്തിനുസ്തുതി" എന്നു മൂന്നുപ്രാവശ്യം പാടിയശേഷം സ്വർഗ്ഗ സ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥന മദ്ബഹായി ലുള്ളവർ മാറിമാറി പാടുകയാണു ചെയ്യുന്നതു്.

**സങ്കീർത്തനത്തിനുമുമ്പുള്ള പ്രാർത്ഥന**

പഴയക്രമമനുസരിച്ചു രണ്ടു പ്രാർത്ഥനകൾമാത്രമാണുണ്ടാ യിരുന്നതു്. ഇപ്പോൾ ഒന്നുകൂടിചേർത്തിട്ടുണ്ടു്, കർത്താവിൻെറ തിരുനാളുകളിൽ ചൊല്ലേണ്ടതിനു്.

**'ഓനീസാദ്കൻകേ'**

"നമുക്കു നന്മയ്ക്കുകാരണമായിബ്ഭവിച്ചസ്ലീവാ"എന്ന കീർത്തനം. ഇതിനുമുമ്പുള്ള രണ്ടു പ്രാർത്ഥനകൾ കൂട്ടിച്ചേർത്തി ട്ടുണ്ടു്. പഴയക്രമത്തിൽ ഒരെണ്ണംമാത്രമേ ഉണ്ടായിരുന്നുള്ളു. ഓനീസാദ്കൻകേ റാസയിൽമാത്രമേ ഉപയോഗത്തിലുണ്ടാ യിരുന്നുള്ളു. ഇപ്പോൾ പലതും പുനരുദ്ധാരണത്തിനു വിധേയ മായിട്ടുണ്ടു്. എല്ലാകുർബാനയിലും അവ ബാധകവുമാണു്.

**'ലാകുമാറാ'**

"സകലത്തിൻേറയും നാഥാ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു." ഈ പ്രാർത്ഥനയ്ക്കു് ഉത്തരമായി പുതിയക്രമത്തിൽ രണ്ടു

1. Cf. RAES, ALPHONSUS S. J., *An Explanation of the Syro Malabarese Holy Mass*, F. S. Press Kottayam, 1958, P. 8

www.malankaralibrary.com

പ്രാർത്ഥനകളുണ്ട്. ഒന്ന്, ഞായറാഴ്ചകളിലും തിരുനാളുകളിലും ചൊല്ലുവാൻ. രണ്ട്, സാധാരണ ദിവസങ്ങളിൽ. പ്രാരംഭ ഭാഗം ഇതോടെ അവസാനിക്കുന്നു.

## ജ്ഞാനസ്നാനാർത്ഥികളുടെ കർബാന

"കന്തീശാആലാഹാ-ദൈവമേ നീ പരിശുദ്ധനാകുന്നു" എന്ന ത്രിശുദ്ധകീർത്തനത്തോടെയാണ് ഈ ഭാഗം ആരംഭിക്കുന്നതു്. അതു കഴിഞ്ഞുള്ള പ്രാർത്ഥന ഇപ്പോൾ എല്ലാ കർബാനയിലും ഉള്ളതാണ്. പഴയക്രമമനുസരിച്ചു റാസയിൽമാത്രമാണുണ്ടായിരുന്നതു്.

**വായനകൾ**

ജ്ഞാനസ്നാനാർത്ഥികളുടെ കർബാനയിലെ പ്രധാന ഭാഗമാണു വേദപുസ്തകവായന. സമുദ്ധരിക്കപ്പെട്ട കർബാനയിൽ നാലുവായനകളാണുള്ളതു്; പഴയനിയമത്തിൽനിന്നും പുതിയനിയമത്തിൽനിന്നും ഈരണ്ടുവീതം. ഈ നാലുവായനകളും ഇപ്പോൾ റാസയിൽമാത്രമേയുള്ളൂ. പഴയക്രമമനുസരിച്ചു റാസയിൽ മൂന്നും ആഘോഷമായ കർബാനയിലും സാധാരണ കർബാനയിലും രണ്ടുവീതവും വായനകളാണുള്ളതു്. ലേഖനവും സുവിശേഷവും പുനരുദ്ധരിച്ചക്രമത്തിൽ തികച്ചും വ്യത്യസ്തമായ രീതിയിലാണ്. സുവിശേഷവായന കാർമ്മികനാണു നടത്തേണ്ടതു്; ലേഖനം സഹായികളും. റാസയിൽ, പഴയനിയമത്തിൽനിന്നുള്ള വായനകൾ ഒന്നിനുപിറകെ ഒന്നായി വായിക്കപ്പെടുന്നു. വായനതീരുമ്പോൾ 'ശുറായ'ഗീതം ആരംഭിക്കുന്നു. സഹായികളും ഗായകസംഘവും അതു മാറിമാറി ചൊല്ലി പൂർത്തിയാക്കുന്നു. അതിന്റെ അവസാനം മൂന്നു 'ഹല്ലേലൂയ്യാ'യും ചൊല്ലുന്നു.

**'തുർഗാമ്മ'** (ഓദസ്തമ്മൻ, ഓദമ്ഹൈമനീൻ)

വായനയുടെ വ്യാഖ്യാനമാണിതു്. പഴയറാസയിൽ ലേ

www.malankaralibrary.com

ഖനവായനയ്ക്കും സുവിശേഷവായനയ്ക്കുംമുമ്പായി 'ത്ദർഗാമ്മ' പാടിയിരുന്നു. ഇവ രണ്ടും പുതിയക്രമത്തിലും അതേപടി സ്വീകരിച്ചിരിക്കുകയാണ്.

## സുവിശേഷവായന

കാർമ്മികൻ സഹായികളോടുകൂടി മദ്ബഹായുടെ വാതിക്കൽചെന്നു സുവിശേഷപ്പുസ്തകംകൊണ്ടു ജനങ്ങളെ കുരിശാകൃതിയിൽ ആശീർവ്വദിക്കുന്നു. അനന്തരം സുവിശേഷം വായിക്കുന്നു. വായനയ്ക്കുമുമ്പു തക്സാ അൾത്താരയുടെ ഒരററത്തുനിന്നു മറെറ അററത്തേയ്ക്കു മാററുന്നില്ല. ഉദയംപേരൂർസൂനഹദോസിൽവച്ചാണ് ഒരററത്തുനിന്നു മറെറ അററത്തേയ്ക്കു തക്സാ മാററിവയ്ക്കണമെന്ന നിയമമുണ്ടാക്കിയത്. കാരണം, ലത്തീൻക്രമമനുസരിച്ചു വായനകളും കർബാനയിലേ പ്രാർത്ഥനകളും ഒരു തസ്കായിൽതന്നെയായിരുന്നു. എന്നാൽ, പൗരസ്ത്യസഭകളിൽ സാധാരണ മൂന്നു പുസ്തകങ്ങൾ ഉപയോഗിക്കാറുണ്ടു്; കർബാനതക്സാ, ലേഖനപ്പുസ്തകം സുവിശേഷപ്പുസ്തകം. പുനരുദ്ധരിക്കപ്പെട്ടകർബാനയിൽ സുവിശേഷപ്പുസ്തകം അൾത്താരയുടെ വലത്തുവശത്താണു വയ്ക്കേണ്ടതു്; തക്സാ ഇടത്തുവശത്തും. ലേഖനപ്പുസ്തകം മദ്ബഹായിൽ സൗകര്യപ്രദമായ ഏതു സ്ഥലത്തും വയ്ക്കാവുന്നതാണ്.

## അപ്പവും വീഞ്ഞും തയ്യാറാക്കുന്നക്രമം

പഴയകർബാനയിൽ ആദ്യത്തെ 'കാറോസൂസ'—നമ്മുക്കെല്ലാവർക്കും സന്തോഷത്തോടും ആനന്ദത്തോടുംകൂടെ ഉചിതമായിനിന്നു്, ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കൃപചെയ്യണമെ എന്ന പ്രാർത്ഥന—യ്ക്കുശേഷമായിരുന്നു ബലിവസ്തുക്കൾ തയ്യാറാക്കിയിരുന്നതു്. അതു് അൾത്താരയുടെ ഇടത്തേ അററത്തുവച്ചായിരുന്നു. പുനരുദ്ധരിക്കപ്പെട്ട കർബാനയിൽ ഈ ലുത്തനിയപ്രാർത്ഥന ചൊല്ലുമ്പോൾ അൾത്താരയുടെ വലത്തുവശത്താണ് അവ തയ്യാറാക്കപ്പെടുന്നതു്. ഈ സമയത്തു മദ്ബഹാ വിരികൊണ്ടു മറച്ചിരിക്കണമെന്നാണു നിർദ്ദേശം. വിരി

www.malankaralibrary.com

യിട്ടിരിക്കുന്നതുകൊണ്ടു വിശ്വാസികൾക്കു കാർമ്മികനെ കാണുന്നതിനോ പ്രാർത്ഥനകളിൽ നേരിട്ടു സഹകരിക്കുന്നതിനോ സാധിച്ചിരുന്നില്ല. അപ്പോൾ കാർമ്മികനും വിശ്വാസികൾക്കും ഇടയ്ക്കുള്ള മധ്യസ്ഥനെന്ന നിലയിൽ ആറാംപട്ടക്കാരൻ പ്രസ്തുത ലുത്തനിയ വിരിക്കു പുറത്തു ജനങ്ങൾക്കഭിമുഖമായിനിന്നു ചൊല്ലുന്നു. പഴയ കുർബാനയിലും ഈ ലുത്തനിയ ചൊല്ലാറുണ്ടായിരുന്നു. പക്ഷേ, അതിന്റെ സ്ഥാനം തികച്ചും അനുയോജ്യമായിരുന്നില്ല.

## 'കൈവയ്പ്' പ്രാർത്ഥന

അപ്പവും വീഞ്ഞും തയ്യാറാക്കി അൾത്താരയുടെ അററത്തുതന്നെ വയ്ക്കുന്നു. അനന്തരം കാർമ്മികൻ മദ്ബഹായുടെ മധ്യത്തിൽവന്നുനിന്നു കൈകൾ വിരിച്ചുപിടിച്ച് "കർത്താവേ, ബലവാനായ ദൈവമേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുകയും യാചിക്കുകയും ചെയ്യുന്നു.........." എന്ന പ്രാർത്ഥന ചൊല്ലുന്നു. ഉടൻതന്നെ സഹായി "......കൈവയ്പിനായി നിങ്ങൾ തലകുനിക്കുകയും ആശീർവ്വാദം സ്വീകരിക്കുകയും ചെയ്യുവിൻ" എന്നു ജ്ഞാനസ്നാനാർത്ഥികളോട് അഭ്യർത്ഥിക്കുന്നു. എല്ലാവരും ശിരസ്സു നമിച്ചു നില്ക്കുമ്പോൾ കാർമ്മികൻ "കർത്താവേ, ബലവാനായ ദൈവമേ, നിന്റെ അഭിഷിക്തൻ........." എന്ന പ്രാർത്ഥന ചൊല്ലുന്നു. ഇതാണു കൈവയ്പിനായുള്ള പ്രാർത്ഥന. പഴയകുർബാനയിൽ കൈവയ്പുപ്രാർത്ഥന ഒരെണ്ണംമാത്രമെ ഉണ്ടായിരുന്നുള്ളൂ. പുനരുദ്ധരിക്കപ്പെട്ട കുർബാനയിൽ ഞായറാഴ്ചകളിലും സാധാരണദിവസങ്ങളിലും വലിയനോമ്പിലും ചൊല്ലേണ്ടതിനു പ്രത്യേകം പ്രത്യേകം കൈവയ്പു പ്രാർത്ഥനകളുണ്ട്.

## അയോഗ്യരെ പിരിച്ചുവിടൽ

കൈവയ്പിനായുള്ള പ്രാർത്ഥന കഴിഞ്ഞ് അയോഗ്യരെ പിരിച്ചുവിടുന്ന ഭാഗമാണ്. പരസ്യപാപികളോടും ജ്ഞാന

www.malankaralibrary.com

സ്ഥാനാർത്ഥികളോടും വി. കുർബാന സ്വീകരിക്കുന്നില്ലാത്ത വരോടും പുറത്തുപോകുവാൻ സഹായികൾ ആജ്ഞാപിക്കുന്നു. അവർ പുറത്തുപോകുമ്പോൾ വിശ്വാസികളുടെ കുർബാന ആരംഭിക്കുന്നു.

## വിശ്വാസികളുടെ കുർബാന

കാർമ്മികന്റെ കൈകഴുകൽക്രമത്തോടെയാണു് ഈ ഭാഗം ആരംഭിക്കുന്നതു്. നിർദ്ദിഷ്ടപ്രാർത്ഥനകൾ ചൊല്ലിക്കൊണ്ടു് അൾത്താരയുടെ വലത്തുഭാഗത്തുവന്നു കാർമ്മികൻ കൈകഴുകുന്നു. പഴയകുർബാനയിൽ അൾത്താരയുടെ ഇടത്തുഭാഗത്തു വന്നായിരുന്നു കാർമ്മികൻ കൈകഴുകിയിരുന്നതു്; അതും കാഴ്ചവയ്പിനുശേഷം. പുനരുദ്ധരിക്കപ്പെട്ട കുർബാനയിൽ ആദ്യം കൈകഴുകൽ, പിന്നീടു കാഴ്ചവയ്പു് എന്നതാണു ക്രമം.

### ഓനീസാദ്റാസെ

'കർത്താവിൽ ഞാൻ ദൃഢമായി ശരണപ്പെട്ടു' എന്ന ഗീതം ആലപിച്ചുകൊണ്ടു് ഇടത്തുകയ്യിൽ ഓസ്തിവച്ചിരിക്കുന്ന പീലാസയും വലതുകയ്യിൽ വീഞ്ഞുൾക്കൊള്ളുന്ന കാസയുമെടുത്തുകൊണ്ടു കാർമ്മികൻ അൾത്താരയുടെ മധ്യത്തിൽ വരുന്നു. കാഴ്ചവയ്പിനുള്ള പ്രാർത്ഥനചൊല്ലി ബലിവസ്തുക്കൾ കാഴ്ചവയ്ക്കുന്നു. സാധാരണകുർബാനയിൽ ചൊല്ലുന്ന 'ഓനീസാദ്റാസെ' ക്കു് ഒരിക്കലും മാററമില്ല. എന്നാൽ, ആഘോഷമായ പാട്ടുകുർബാനയിലും റാസയിലും ഓരോതിരുനാളിനുമനുയോജ്യമായ പ്രത്യേകം പ്രത്യേകം 'ഓനീസാദ്റാസെ' എന്ന കീർത്തനമുണ്ടു്. ഉദാഹരണമായി, സകല മരിച്ചവരുടേയും തിരുനാളിൽ 'ആരിൽ നീ സംപ്രീതനായിരിക്കുന്നുവോ അവൻ ഭാഗ്യവാൻ' എന്നു തുടങ്ങുന്ന ഭാഗമാണു് ആലപിക്കുന്നതു്.

### വിശ്വാസപ്രമാണം

കാഴ്ചവയ്പിനുശേഷം പുരോഹിതൻ മദ്ബഹായുടെ വാതില്ക്കൽവന്നു്, അൾത്താരയിലേക്കുതിരിഞ്ഞു കുനിഞ്ഞു പ്രാർ

www.malankaralibrary.com

തഥിച്ചശേഷം രണ്ടുകരങ്ങളും യാചനാരൂപത്തിൽ മുകളിലേക്കു യർത്തി, "സർവ്വശക്തനായ പിതാവായിരിക്കുന്ന ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു" എന്നുചൊല്ലിക്കൊണ്ടു വിശ്വാസപ്രമാണം ആരംഭിക്കുന്നു. ജനങ്ങൾ അതു പൂർത്തിയാക്കുന്നു. പഴയക്രമമനുസരിച്ചു പുരോഹിതനും അതു ചൊല്ലണമെന്നുണ്ടായിരുന്നു. പുതിയ ക്രമപ്രകാരം വിശ്വാസപ്രമാണം അതിന്റെ യഥാസ്ഥാനത്താണ്. പഴയക്രമത്തിൽ അതു സുവിശേഷവായനയ്ക്കു ശേഷമായിരുന്നു. അതു ലത്തീൻക്രമത്തിന്റെ അനുകരണമായിരുന്നെന്നും കർബാനയുടെ ഘടനയെബാധിച്ച ഒന്നായിരുന്നെന്നും മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. പുതിയക്രമത്തിൽ വിശ്വാസപ്രമാണം അതിന്റെ യഥാസ്ഥാനത്താണ്, അതായതു്, വിശ്വാസികളുടെ ബലി ആരംഭിക്കുമ്പോൾ. നിക്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണമാണു പുതിയക്രമത്തിലേതു്.

വിശ്വാസപ്രമാണം ചൊല്ലിയതിനുശേഷം പുരോഹിതൻ "സ്വർഗ്ഗത്തിന്റേയും ഭൂമിയുടെയും കർത്താവായ പിതാവേ ...നിന്നെ ഞാൻ പുകഴ്ത്തുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ പാപിയായിരിക്കെ നിന്റെ നന്മയാൽ നിന്റെ ജനത്തിനും നിന്റെ തൊഴുത്തിലെ ആടുകൾക്കും അവരുടെ കടങ്ങളുടെ പരിഹാരവും പാപമോചനവും ആത്മാക്കളുടെ രക്ഷയും വിശിഷ്യാ, ലോകം മുഴുവന്റേയും രഞ്ജനയും സർവ്വസഭകളുടേയും സമാധാനവും ശാന്തതയും ഞാൻ നിർവ്വഹിക്കത്തക്കവണ്ണം പ്രശംസനീയങ്ങളും വിശുദ്ധങ്ങളും ജീവദായകങ്ങളും ദൈവികങ്ങളുമായ നിന്റെ മിശിഹായുടെ ശരീരരക്തങ്ങളുടെ ഈ രഹസ്യങ്ങളെ നിന്റെമുമ്പിൽ സമർപ്പിക്കുവാൻ എന്നെ നീ യോഗ്യനാക്കിയല്ലോ", എന്ന പ്രാർത്ഥനചൊല്ലി മൂന്നാചാരം ചെയ്തുകൊണ്ടു് അൾത്താരയിൽ പ്രവേശിച്ചു് അതിനെ ചുംബിക്കുന്നു. ഇതാണു് ഔദ്യോഗിക അൾത്താരപ്രവേശനം. അതിനുശേഷം അൾത്താരയുടെ രണ്ടറ്റത്തും മുത്തുന്നു. മദ്ധ്യത്തിൽ വന്നു മൂന്നുപ്രാവശ്യം മുത്തുന്നു. അൾത്താരപ്രവേശനം തികച്ചും

www.malankaralibrary.com

ഭക്തിസംവദ്ധകമാണു്. അതോടനുബന്ധിച്ചുള്ള ചുംബനാവസരങ്ങളിൽ യാതൊരു പ്രാത്ഥനയും ചൊല്ലേണ്ടതില്ല. ഇതു സീറോ മലബാർ റീത്തിന്റെ ഒരു സവിശേഷതയാണു്. ഇതര പാശ്ചാത്യപൗരസ്ത്യറീത്തുകളിലൊന്നും ഇതു കാണുന്നില്ല. ഇതിന്റെ ഉത്ഭവത്തെപ്പററി പല അഭിപ്രായങ്ങളുണ്ടു്. ഇന്നു പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുന്നതിതാണു്: ആദിമകാലങ്ങളിൽ വിശ്വാസികളുടെ കുർബാനവരെയുള്ള ഭാഗങ്ങൾ ദൈവാലയമദ്ധ്യത്തിലുള്ള 'ബേമ്മ' (ഉയർന്നപീഠം) യിലാണു നടത്തിയിരുന്നതു്. ഓരോ കമ്മങ്ങളും നടത്തിയിരുന്നതു മെത്രാനോ മെത്രാന്റെ സാന്നിദ്ധ്യത്തിൽ പുരോഹിതരോ ആയിരുന്നു. വിശ്വാസപ്രമാണം ആരംഭിക്കുമ്പോൾ മാത്രമായിരുന്നു, ആർച്ചുഡീക്കൻ, കുർബാനയർപ്പിക്കാൻ ഒരു വൈദികനോടു ആവശ്യപ്പെട്ടിരുന്നതു്. യാതൊരു മുന്നറിയിപ്പുംകൂടാതെ പെട്ടെന്നു കുർബാനയർപ്പിക്കാൻ ആവശ്യപ്പെട്ടപ്പോൾ, ഒരു വൈദികനുണ്ടായിരുന്ന വികാരങ്ങളുടെ പ്രതിഫലനമാണു് ആചാരം ചെയ്യലും അൾത്താരചുംബനവും. പുരോഹിതൻ വിറയലോടും ഭക്തിയോടുംകൂടി ആചാരംചെയ്തു തന്റെ അയോഗ്യത വെളിപ്പെടുത്തുകയും വിശ്വാസികളോടു തനിക്കുവേണ്ടി പ്രാർത്ഥിക്കാനഭ്യർത്ഥിക്കുകയും ചെയ്യുന്ന ഈ ഭാഗം വളരെ ഹൃദയാവജ്ജകംതന്നെ. (പ്രാർത്ഥന മുകളിൽ കൊടുത്തിട്ടുണ്ടു്)

## അനാഫൊറ (കൂദാശഭാഗം)

പുനരുദ്ധരിക്കപ്പെട്ട റീത്തിൽ മൂന്നു അനാഫൊറകളുണ്ടു്: അപ്പസ്തോലന്മാരായ ആദായിയുടേയും മാറിയുടേയും, നെസ്തോറിയസു്, മോപ്സുവെസ്തിയായിലെ തെയോദാർ എന്നിവരുടേയും. ആദ്യത്തെ അനാഫൊറയാണു് ഇവിടെ പരാമർശിക്കപ്പെടുന്നതു്.

**'ഗ്ഹാന്ത'**

അനാഫൊറയിലെ പ്രധാന പ്രാർത്ഥനകളാണു ഗ്ഹാ

www.malankaralibrary.com

ന്തകൾ അഥവാ കുമ്പിട്ടുചൊല്ലുന്ന പ്രാർത്ഥനകൾ. ആദരപൂർവ്വം കുമ്പിട്ടുനിന്നു യാചനാരൂപത്തിൽ കരങ്ങൾ മുമ്പോട്ടുനീട്ടി സ്വരംതാഴ്ത്തി ചൊല്ലുന്നതുകൊണ്ടാണ് 'ഗഹാന്ത'എന്നു വിളിക്കപ്പെടുന്നതു്. ഗഹാന്തകളെ ചുററിപ്പററി 'കാനോന'കളും 'ക്രുശാപ്പ'കളും ഉണ്ടു്. ഒരു ഗ്ഹാന്തയും അതിനെ വലയം ചെയ്യുന്ന വിവിധ പ്രാത്ഥനകളുംചേർന്നു്ഒരു പ്രാത്ഥനാസഞ്ചയം രൂപംകൊള്ളുന്നു. ഇതാണു ഗ്ഹാന്തവൃത്തം എന്നു പറയുന്നതു്. അപ്പസ്തോലന്മാരുടെ അനാഫൊറയിൽ നാലു ഗ്ഹാന്തവൃത്തങ്ങളുണ്ടു്. ഓരോന്നിനെയുംപററി ചുരുക്കമായി പ്രതിപാദിക്കാം.

**ഒന്നാമത്തെഗ്ഹാന്ത**

ഇതോടുകൂടിയാണു കൂദാശഭാഗം ആരംഭിക്കുന്നതു്. തുടർന്നു പുരോഹിതൻ "സമാധാനം നിങ്ങളോടുകൂടെ" എന്നു് ആശംസിക്കുമ്പോൾ ജനങ്ങൾ "നിന്നോടും നിൻെറ ആത്മാവോടുംകൂടി'' എന്നു പ്രത്യുത്തരിക്കുന്നു. സഹായി സമാധാനം സമൂഹത്തിനർപ്പിക്കുന്നു. അതിനുശേഷം സഹായി, "കാസോലിക്കമാരും മെത്രാന്മാരുമായ നമ്മുടെ പിതാക്കന്മാരുടേയും.........ഭരണകത്താക്കളുടേയും സത്യവിശ്വാസത്തിൽ മരിച്ചു് ഈ ലോകത്തിൽനിന്നു വേർപിരിഞ്ഞ എല്ലാവരുടേയും...ഓമ്മയ്ക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.......എന്നു് ഉദ്ബോധിപ്പിക്കുന്നു. മററുറീത്തുകളിലും അനുസ്മരണ പ്രാർത്ഥനയുണ്ടെങ്കിലും മലബാർ സുറിയാനികുർബാനയുടെ പ്രത്യേകതയാണിതു്.

അതിനുശേഷം കൂദാശകമ്മത്തിനു ഭക്തിയോടെ ഒരുങ്ങുന്നതിനു ജനങ്ങളെ സഹായി ഉദ്ബോധിപ്പിക്കുന്നു. അപ്പോൾ പുരോഹിതൻ "കത്താവേ ബലവാനായ ദൈവമേ" എന്ന പ്രാത്ഥന ചൊല്ലുന്നു. ധൂപം വാഴ്ത്തിയതിനുശേഷം "നിങ്ങളുടെ ബോധങ്ങൾ ഉന്നതത്തിലേക്കുയരട്ടെ......സകല

www.malankaralibrary.com

ത്തിൻേറയും നാഥനായ ദൈവത്തിനു കുർബാന അർപ്പിക്കപ്പെടുന്നു....ഇതുന്യായവും യുക്തവുമാകുന്നു" എന്ന പ്രാർത്ഥനകളോടെ അനാഫൊറ ആരംഭിക്കുന്നു. അനന്തരം പുരോഹിതൻ മുട്ടുകുത്തി പ്രാർത്ഥിക്കുന്നു.

**രണ്ടാമത്തെ ഗ്ഹാന്ത**

'പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' എന്ന മാലാഖമാരുടെ കീർത്തനവും പരിശുദ്ധത്രിത്വത്തിൻെറ സ്തുതിക്കായി മൂന്നുപ്രാവശ്യം ചെയ്യുന്ന അൾത്താരചുംബനവും, "എൻെറ സഹോദരന്മാരെ, ഈ കുർബാന എൻെറ കരങ്ങൾവഴി പൂർണ്ണമാക്കപ്പെടുന്നതിനു നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ" എന്ന പുരോഹിതൻെറ പ്രാർത്ഥനയുമെല്ലാം ഈ ഗ്ഹാന്തവൃത്തത്തിൽ ഉൾപ്പെടുന്നു.

**മൂന്നാമത്തെ ഗ്ഹാന്ത**

"എൻെറ കർത്താവേ, നിന്നെ ഞങ്ങൾ എല്ലാസ്വർഗ്ഗീയഗണങ്ങളോടുംകൂടി" എന്ന പ്രാർത്ഥനയോടെ ആരംഭിക്കുന്നു. കുർബാനക്രമത്തിലെ ഏററവും മനോജ്ഞമായ പ്രാർത്ഥനയാണിതു്. അതിലെ ഉള്ളടക്കം അതിവിശിഷ്ടവും ഭക്തിജനകവുമാണു്.

**കൂദാശസ്ഥാപനവിവരണം**

മൂന്നാമത്തെ ഗ്ഹാന്തവരെ പഴയകുർബാനക്രമത്തിനും പുനരുദ്ധരിക്കപ്പെട്ടതിനും തമ്മിൽ സാരമായ വ്യത്യാസങ്ങളൊന്നുമില്ല. എന്നാൽ അനന്തരഭാഗങ്ങളിൽ ഘടനാപരമായ പലമാററങ്ങളുമുണ്ടു്. പഴയക്രമമനുസരിച്ചു മേൽപ്രസ്താവിച്ച ഗ്ഹാന്തക്കുശേഷം കൊടുത്തിരിക്കുന്നതു് 'ഉഅൽഅപ്പെ' (നീ ഞങ്ങൾക്കു ചെയ്തിട്ടുള്ള എല്ലാസഹായങ്ങൾക്കും) എന്നപ്രാർത്ഥനയാണു്. എന്നാൽ പുനരുദ്ധരിക്കപ്പെട്ട ക്രമമനുസരിച്ചു് ഈ ഗ്ഹാന്തയുടെ ഇടയ്ക്കാണു കൂദാശകർമ്മം നടക്കുന്നതു്. കുർബാ

www.malankaralibrary.com

നയുടെ ഘടനയിൽ വരുത്തിയ വലിയ ഒരു മാററമാണിതു്. പഴയകുർബ്ബാനയിൽ കൂദാശകർമ്മം, അതായതു് കൂദാശവചനങ്ങൾ ഉരുവിടുന്നതു്, അനാഫൊറ കഴിഞ്ഞിട്ടാണു്. ഇതു് എല്ലാ പാശ്ചാത്യപൗരസ്ത്യകുർബ്ബാനക്രമങ്ങൾക്കും എതിരാണു്. എല്ലാകുർബ്ബാനക്രമത്തിലും അനാഫൊറഭാഗത്താണു് കൂദാശസ്ഥാപനവിവരണവും കൂദാശകർമ്മവും വരുന്നതു്. ഇവിടത്തെ കുർബ്ബാനക്രമം ഇതിനൊരപവാദമായിത്തീർന്നതു് എങ്ങനെയെന്നതിനേപ്പററി പല അഭിപ്രായങ്ങളുണ്ടു്.

അപ്പസ്തോലന്മാരുടെ അനാഫൊറയുടെ 16-ാംനൂററാണ്ടിനുമുമ്പുള്ള കയ്യെഴുത്തുപ്രതികളിലൊന്നിലും ഒടുവിലത്തെ അത്താഴവിവരണം കാണുന്നില്ല. എന്നാൽ മാർ ജോസഫിൻെറ തക്സായിൽ ആദ്യപേജിൽത്തന്നെ അതെഴുതപ്പെട്ടിട്ടുണ്ടു്. ഇതിൽനിന്നു കുർബ്ബാനയുടെ ആരംഭത്തിൽത്തന്നെ കൂദാശവചനങ്ങൾ ചൊല്ലിയിരുന്നെന്നു് അനുമാനിക്കേണ്ടതില്ല. കാരണം, തിരുവോസ്തിവിഭജനത്തിനും വാഴ്വാക്കുംശേഷം ചൊല്ലണമെന്നൊരു നിർദ്ദേശംകൂടെ മാർ ജോസഫിൻെറ തക്സായിൽ കൊടുത്തിട്ടുണ്ടു്. ഇവിടെ അനാഫൊറകഴിഞ്ഞിട്ടാണു കൂദാശവചനങ്ങൾ കൊടുത്തിരിക്കുന്നതു്.

ഉദയംപേരൂർസൂനഹദോസു പരിഷ്ക്കരിച്ച തക്സായിൽ പരിശുദ്ധാത്മാവിയോടുള്ള പ്രാർത്ഥന (Epiclesis) കഴിഞ്ഞാണു കൂദാശസ്ഥാപനവിവരണം ചേർത്തിരിക്കുന്നതു്. ഇതും അനാഫൊറ കഴിഞ്ഞാണു്. അപ്പോൾ പുനരുദ്ധാരണക്കമ്മീഷനു് ഇതിൻെറ ശരിയായ സ്ഥാനം നിർണ്ണയിക്കേണ്ട പ്രശ്നം ഉദിച്ചു. മാർ ജോസഫിൻെറ തക്സായും ഉദയംപേരൂർ തക്സായും പ്രശ്നപരിഹാരത്തിനു പര്യാപ്തമല്ല.

പണ്ഡിതനായ ഡോം ബോട്ടെ (Dom Botte O. S. B.) സമർത്ഥിക്കുന്നു: അപ്പസ്തോലന്മാരുടെ കുർബ്ബാനയിലാണു കൂദാശകർമ്മമെന്നു്. കൃത്യമായ സ്ഥാനനിർണ്ണയവും അദ്ദേഹം ചെയ്തിട്ടുണ്ടു്. അദ്ദേഹത്തിൻെറ വാദഗതികൾ ചുരുക്കമായി പ്ര

www.malankaralibrary.com

തിപാദിക്കാം. മലബാർ തക്സായിലുള്ള അനാഫൊറയിലെ പ്രാത്ഥനാക്രമം താഴെവരുംപ്രകാരമാണു്:

1) പരിശുദ്ധൻ, പരിശുദ്ധൻ എന്ന കീത്തനത്തിന മുമ്പുള്ള പ്രാത്ഥന.

2) പരിശുദ്ധൻ, പരിശുദ്ധൻ എന്ന കീത്തനം.

3) അതുകഴിഞ്ഞൊരു പ്രാത്ഥന.

4) മദ്ധ്യസ്ഥപ്രാത്ഥന.

5) ആജ്ഞാനസ്മരണ.

6) പരിശുദ്ധാത്മപിയോടുള്ള പ്രാത്ഥന.

7) കീത്തനങ്ങൾ.

ബോട്ടെയുടെ ആദ്യത്തെ ശ്രമം "വാപ്ഹനൻ മാർ" (അല്പരും, അശക്തരും, ദുർഭഗരും നിന്റെ ദാസന്മാരുമായ ഞങ്ങളും) എന്ന പ്രാത്ഥന ശരിയായ ഒരു ആജ്ഞാനസ്മരണയാണെന്നു തെളിയിക്കുകയായിരുന്നു. എന്നാൽ, പരിശുദ്ധൻ, പരിശുദ്ധൻ എന്നതിന മുമ്പുള്ള പ്രാത്ഥന, മദ്ധ്യസ്ഥപ്രാത്ഥന, പരിശുദ്ധാത്മപിയോടുള്ള പ്രാത്ഥനഎന്നിവ ആദ്യത്തെ തക്സായിൽ ഇല്ലായിരുന്നു. ആദ്യത്തെ തക്സായിലെ ക്രമമിതാണു്.

1) പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നതിനമുമ്പുള്ള പ്രാർത്ഥന.

2) പരിശുദ്ധൻ, പരിശുദ്ധൻ കഴിഞ്ഞുള്ള പ്രാത്ഥന.

3) ആജ്ഞാനസ്മരണ.

4) സങ്കീത്തനങ്ങൾ.

എല്ലാആരാധനക്രമങ്ങളിലും ആജ്ഞാനസ്മരണ, കൂദാശകർമ്മം കഴിഞ്ഞാണു വരുന്നതു്. കൂടാതെ "ഉന്നതവും ഭയാനകവും ജീവദായകവുമായ ഈ രഹസ്യങ്ങൾ ഞങ്ങൾ കൊണ്ടാടുന്നു", "പാരമ്പര്യംവഴി നിന്നിൽനിന്നു മാതൃകയെ അനുകരിച്ച ഞങ്ങൾ" എന്നിവയെല്ലാം വി. കുർബാനയെയാണു സൂചിപ്പിക്കുക. ഇതിൽനിന്നു്, കൂദാശവചനങ്ങൾ പരിശുദ്ധൻ,

www.malankaralibrary.com

പരിശുദ്ധൻ കഴിഞ്ഞുവരുന്ന പ്രാർത്ഥനയുടെ അവസാനം ചൊല്ലിയിരുന്നു എന്നു സിദ്ധം.

കൂടാതെ എദേസ്സായിൽ നിലവിലിരുന്ന കൂദാശക്രമം ആജ്ഞാനുസ്മരണത്തോടെ ഒടുവിലത്തെ അത്താഴവിവരണം സമാപിക്കുന്നുവെന്നു വി. എഫ്രേം, വി. അഫ്രാത്ത് എന്നിവർ സാക്ഷിക്കുന്നു. അതനുസരിച്ച് ആജ്ഞാനുസ്മരണത്തിനുമുമ്പ്, പരിശുദ്ധൻ പരിശുദ്ധൻ കഴിഞ്ഞുള്ള പ്രാത്ഥനക്കുശേഷമാണു കൂദാശവചനങ്ങൾ ചൊല്ലിയിരുന്നതു് എന്ന നിഗമനത്തിലെത്തിച്ചേരുന്നു. കൂദാശസ്ഥാപനവചനങ്ങളും പുനരുദ്ധരിച്ചിട്ടുണ്ടു്.

**ആജ്ഞാനുസ്മരണ** (Anamnesis)

"ഇതു് എൻെറ ഓർമ്മക്കായി നിങ്ങൾ ചെയ്യുവിൻ" എന്ന കർത്താവിൻെറ ആജ്ഞയാണു് ഇവിടെ അനുസ്മരിക്കുക. പഴയക്രമത്തിൽ ഇതു പരിശുദ്ധാത്രുപിയോടുള്ള പ്രാത്ഥനയ്ക്കു മുമ്പായിരുന്നു. എന്നാൽ പുതിയതിൽ കൂദാശക്രമം കഴിഞ്ഞുടനെയാണു്. മൂന്നാമത്തെ ഗ്ഹാന്തയുടെ തുടർച്ചയായിത്തന്നെയാണിതു്. പഴയ ക്രമത്തിൽ ഇതിൻെറ സ്ഥാനം നാലാമത്തെ ഗ്ഹാന്തയിലായിരുന്നു. ആജ്ഞാനുസ്മരണകഴിഞ്ഞു വരുന്ന "സജീവവും പരിശുദ്ധവും ജീവദായകവുമായ നിൻെറ നാമത്തിനു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമപ്പിച്ചുകൊണ്ടു് ഇപ്പോഴും എപ്പോഴും എന്നേക്കും" എന്ന പ്രാത്ഥന പഴയക്രമത്തിൽ പരിശുദ്ധാത്രുപിയോടുള്ള പ്രാത്ഥനക്കുശേഷമായിരുന്നു.

**അനാഫൊറാകഴിഞ്ഞുള്ള ഭാഗം** (Post Anaphoral)

വി. കർബാനസ്വീകരണത്തിനുള്ള ഒരുക്കമായി ഈ ഭാഗത്തെ പരിഗണിക്കാം. താഴെ വരുന്നവയാണു് ഇതിലെ പ്രധാന ഘടകങ്ങൾ.

**തിരുശ്ശരീരവിഭജനവും റശ്മായും**

''ഞങ്ങളുടെ കർത്താവിശോമിശിഹായേ, നിൻെറ നാമ

www.malankaralibrary.com

ത്തിൻ സ്തുതിയും...” എന്ന പ്രാർത്ഥനചൊല്ലിക്കൊണ്ടു തിരുശ്ശരീരം ഉയർത്തുന്നു. അതു കഴിഞ്ഞുവരുന്ന “സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം....” എന്ന പ്രാർത്ഥന പഴയ ക്രമത്തിലുണ്ട്. തിരുവോസ്തി വിഭജിക്കുന്നതിനുമുമ്പ് “അവര്ണ്ണനീയമായ നിന്റെ ദാനത്തെക്കുറിച്ച് എന്നേക്കും എന്റെ കർത്താവേ, നിനക്കുസ്തുതി'' എന്നു മൂന്നുപ്രാവശ്യം ചൊല്ലി ചുണ്ടുകൊണ്ടു സ്പർശിക്കാതെ അതിനെ മുത്തുന്നു. അതു കഴിഞ്ഞു തിരുവോസ്തി രണ്ടായി വിഭജിച്ചു തിരുരക്തത്തിൽ മുക്കുന്നു.

## vi. കുർബാനസ്വീകരണത്തിനു് ഒരുക്കം

''നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെസംസര്ഗ്ഗവും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും” എന്ന പ്രാർത്ഥനയോടെ ഒരുക്കം ആരംഭിക്കുന്നു. പഴയ കുർബാനയിൽ ''കർത്താവേ, നിന്റെ ദാസരുടെ പാപങ്ങളേയും അപരാധങ്ങളേയും'' എന്ന പ്രാർത്ഥനക്കുമുമ്പു പുരോഹിതൻ ചൊല്ലിയിരുന്ന ''ആവാദ്കുശത്താ” (നീതിമാനായ പിതാവേ) പുതിയ ക്രമത്തിൽ വിട്ടുകളഞ്ഞിരിക്കുകയാണു്. അതിവിശിഷ്ടമായ പ്രാർത്ഥനയാണെങ്കിലും കുർബാനസ്വീകരണത്തിനു് ഒരുക്കമെന്നതിനേക്കാം, സമർപ്പണത്തിന്റേയും യാചനയുടേയും സ്വഭാവമാണിതിനുള്ളതു്. അതുകൊണ്ടു് അതിന്റെസ്ഥാനത്തു വേറൊരുപ്രാർത്ഥനകൂട്ടിച്ചേർത്തിരിക്കുന്നു. ''ഭൂലോകപാപങ്ങളെ നീക്കിക്കളയുന്ന ദിവ്യചെമ്മരിയാട്ടിൻകുട്ടി” എന്നതും അതുകഴിഞ്ഞുള്ള ഉയർത്തലും നീക്കം ചെയ്തു. “...വിശുദ്ധർക്കു വിശുദ്ധവസ്തു തികച്ചും ഉചിതമാകുന്നു” എന്നതു സമൂഹത്തിന്റെ നേരെതിരിഞ്ഞാണു ചൊല്ലുന്നതു്. അതിനുത്തരമായ പരിശുദ്ധത്രിത്വത്തിന്റെ സ്തുതി പുനരുദ്ധരിക്കപ്പെട്ടതാണു്.

## vii. കുർബാനസ്വീകരണം

പുരോഹിതന്റെ കുർബാന സ്വീകരണത്തിനുള്ള പഴയ

www.malankaralibrary.com

ക്രമത്തിലെ രണ്ടുപ്രാർത്ഥനകൾ—"കർത്താവേ, കർത്താവേ, നിന്റെ ശരീരം..., ഞങ്ങളുടെ വംശത്തിന്റെ പ്രത്യാശ..." ഒഴിച്ചു മററെല്ലാം നീക്കംചെയ്തു. രണ്ടു പുതിയ പ്രാർത്ഥനകൾ കൂട്ടിച്ചേർത്തിട്ടുണ്ട്. പഴയക്രമത്തിൽ, "നമ്മെ ജീവിപ്പിക്കുന്നവനായ നമ്മുടെ കർത്താവീശോമിശിഹായുടെ കൃപാവരം കരുണാപൂർവം നാമെല്ലാവരിലും സമ്പൂർണ്ണമാക്കപ്പെടട്ടെ" എന്ന പ്രാർത്ഥന പുരോഹിതൻ തിരുശ്ശരീരം ഉൾക്കൊണ്ടു കഴിഞ്ഞയുടനെയായിരുന്നു. പുതിയതിൽ, വിശ്വാസികളുടെ കുർബാന സ്വീകരണത്തിനുമുമ്പാണതു്.

## വിശ്വാസികളുടെ കുർബാനസ്വീകരണം

പുതിയക്രമമനുസരിച്ചു രണ്ടു സാദൃശ്യത്തിലും കുർബാന സ്വീകരിക്കാം. കുർബാന കൊടുത്തുകൊണ്ടുള്ള പ്രാർത്ഥനയിൽ പഴയക്രമത്തിലെ "നിത്യജീവനിലും" എന്നതു ഇപ്പോൾ ചൊല്ലുന്നില്ല. സ്ത്രീകൾക്കു കൊടുക്കുമ്പോൾ പ്രാർത്ഥനയിൽ വ്യത്യാസമുണ്ട്. ഒരു സാദൃശ്യത്തിലേ കുർബാന കൊടുക്കുന്നുള്ളുവെങ്കിലും "ശരീരവും രക്തവും" എന്നു ചൊല്ലണം. കുർബാനകൊടുത്തുകഴിഞ്ഞുള്ള ആശീർവ്വാദം കുർബാനയുടെ അവസാനം ചൊല്ലുന്ന പ്രാർത്ഥനയ്ക്കു ശേഷമാണു കൊടുക്കുന്നതു്.

## കുർബാന സ്വീകരണശേഷം

പഴയക്രമത്തിലുള്ള മൂന്നുപ്രാർത്ഥനകൾ പുതിയക്രമത്തിലുമുണ്ട്. അതുകഴിഞ്ഞുള്ള പ്രാർത്ഥനകൾ അൾത്താരയുടെ മദ്ധ്യത്തിൽ നിന്നു ചൊല്ലുന്നു. പഴയക്രമത്തിൽ എംഗത്താഭാഗത്തു നിന്നാണു ചൊല്ലിയിരുന്നതു്. അവസാനം ജനങ്ങളെ ആശീർവ്വദിച്ചുകൊണ്ടുള്ള പ്രാർത്ഥന അഴിക്കാലുങ്കൽവന്നുനിന്നു ചൊല്ലണമെന്നാണു നിബന്ധന. ബലിപീഠത്തെ ചുംബിച്ചുകൊണ്ടു കുർബാന പൂർത്തിയാക്കുന്നു. അപ്പോൾ ചൊല്ലുന്ന "വിശുദ്ധീകരണത്തിന്റെ ബലിപീഠമേ, സ്വസ്തി..." എന്നപ്രാർത്ഥന മാറോനീത്തറീത്തിൽനിന്നുമെടുത്തിട്ടുള്ളതാണു്. അതു

www.malankaralibrary.com

നീക്കം ചെയ്തിട്ടില്ല; കാരണം, കുർബാനയോടു ബന്ധപ്പെടാതെയാണു കൊടുത്തിരിക്കുന്നത്.

**ആരാധനക്രമവത്സരവൃത്തം**

കൽദായറീത്തിലേപ്പോലെ സീറോമലബാർ റീത്തിലും ഒൻപതു കാലങ്ങളാണുള്ളത്. അവ, സൂവാറാ അഥവ മംഗലവാർത്തക്കാലം, ദനഹാ, നോമ്പ്, ഉയിപ്പ്, ശ്ലീഹാ, കൈത്താ (ഗ്രീഷ്മം), ഏലിയാ-സ്ലീവാ, മൂശ, കൂദാശ്ഏത്താ (പള്ളിക്കൂദാശ) എന്നിവയാണ്. ഉദയംപേരൂർ സൂനഹദോസുവരെ ഈ കാലങ്ങൾതന്നെയാണു കുർബാനക്രമത്തിൽ നിലവിലിരുന്നത്. 1801-ൽ കൊടുങ്ങല്ലൂർ വച്ചെഴുതിയ ഒരു വൈദിക പഞ്ചാംഗം ഇതിനു വ്യക്തമായ തെളിവു നല്കുന്നുണ്ട്. ഉദയം പേരൂർ സൂനഹദോസിനുശേഷമാണ് ഇവിടത്തെ കുർബാന ക്രമത്തിൽ റോമൻ കലണ്ടർ അനുസരിച്ചുള്ള കാലനിർണ്ണയം നടപ്പിലായത്. നമസ്കാരക്രമങ്ങളിൽ പഴയതുപോലെ ഒൻപതു കാലങ്ങളും നടപ്പിലിരുന്നു. പുനരുദ്ധരിക്കപ്പെട്ട കുർബാനക്രമത്തിൽ ലത്തീൻ രീതിയിലുള്ള വത്സരവൃത്തം നീക്കം ചെയ്തുകൊണ്ടു പഴയകാലങ്ങൾതന്നെ സ്വീകരിച്ചിരിക്കുന്നു.

## പുനരുദ്ധരിക്കപ്പെട്ട തിരുവസ്ത്രങ്ങൾ

**കൊത്തീന**

ഓരോ പൗരസ്ത്യറീത്തിലും പ്രത്യേക പേരുകളിലറിയപ്പെടുന്ന കൊത്തീനയ്ക്കു ലത്തീൻക്രമത്തിലുള്ള ആൽബയുമായി വളരെയധികം സാധർമ്മ്യമുണ്ട്. അയഞ്ഞു നീണ്ടുകിടക്കാതെ ഉടലിനനുയോജ്യമായ ഇറക്കവും ഒതുക്കവുമുള്ള കൊത്തീനയാണു പൗരസ്ത്യറീത്തുകളിൽ നിലവിലിരിക്കുന്നത്. സ്ഥാനവ്യത്യാസപരിഗണനകൂടാതെ, കാർമ്മികന്മാരും ഉപകാർമ്മികന്മാരും തിരുക്കർമ്മാനുഷ്ഠാനവേളകളിൽ ഈ തിരുവസ്ത്രം അവശ്യം ഉപയോഗിക്കേണ്ടതാണ്. ഒററവാക്കിൽ



www.malankaralibrary.com

പ്പറഞ്ഞാൽ, പാത്രിയർക്കീസുമുതൽ, കാറോയപ്പട്ടക്കാർവരെയുള്ളവർ ഇതു ധരിക്കുന്നു.

എന്നാൽ അധികാരത്തേയും സ്ഥാനത്തേയും പരിഗണിച്ച നെടിയ കുപ്പായത്തിലും അല്പസ്വല്പം വ്യത്യാസങ്ങളും ഏററക്കുറച്ചിലുകളും ദൃശ്യമാണ്. ഇതിന്റെ നിറം ക്ലിപ്തപ്പെട്ടത്തിയിട്ടില്ല. ഏതു നിറത്തിലുള്ളതും ഉപയോഗിക്കാം. പല നിറങ്ങളോടുക്രൂടിയതും റേന്ത, മററലങ്കാരപ്പണികൾ ഇവയാൽ സമാലംകൃതവുമായ ഒന്നാണ് അർമ്മേനിയൻ റീത്തുകാർ ഉപയോഗിക്കുന്നതു്. ഈ റീത്തിൽ ഡീക്കന്മാരും ശുശ്രൂഷികളും ധരിക്കുന്ന കൊത്തീന രണ്ടുമാലാഖാമാരുടെ ചിത്രംകൊണ്ടു് അലങ്കരിച്ചിരിക്കുന്നു. ബൈസൻറയിൻ റീത്തിൽ ഡീക്കന്റെ കൊത്തീന ലത്തീൻരീതിയിലുള്ള ദൽമത്തിപോലുള്ളതാണ്.

ശുശ്രൂഷികൾക്കു കൊത്തീനാക്രൂടാതെ വേറെ മേൽവസ്ത്രങ്ങളൊന്നുമില്ല. ശുശ്രൂഷികളുടെ ഈ മേൽവസ്ത്രത്തിൽ അലങ്കാരപ്പണികൾചെയ്തു സമാകർഷണീയമാക്കാം. മിക്ക പൗരസ്ത്യറീത്തുകളിലും കൊത്തീനയുടെ പിൻഭാഗത്തു കഴുത്തിനു് അല്പം താഴെയായി ഒരു കുരിശു തുന്നിപ്പിടിപ്പിക്കാറുണ്ടു്.

സ്ത്രീപുരുഷഭേദമെന്നിയേ റോമാസാമ്രാജ്യത്തിലെ പൗരന്മാരെല്ലാം ഈ നെടിയഅങ്കി ഒരു സാധാരണ വസ്ത്രമായി ധരിച്ചിരുന്നു. ഈ വസ്ത്രത്തിനു വേണ്ട ഇറക്കവും ഒതുക്കവും ഉണ്ടായിരുന്നതുകൊണ്ടു ഇതുതന്നെ ആരാധനക്രമത്തിലെ തിരുവസ്ത്രമായി ഉപയോഗിച്ചുപോന്നു. എന്നാൽ, പിൽക്കാലത്തു ജനങ്ങളുടെ ഇടയിൽ ഇതു പ്രചാരലുപ്തമായി.

**കൈയ്യുറ** (സന്ദെ)

കൈയ്യുറ, ബൈസൻറയിൻ റീത്തൊഴിച്ചു്, ബാക്കി എല്ലാ കിഴക്കൻ സഭകളിലുമുള്ള മെത്രാന്മാർക്കും വൈദികന്മാർക്കുമായി പ്രത്യേകം നീക്കിവച്ചിരിക്കുന്ന ഒരു തിരുവസ്ത്ര

www.malankaralibrary.com

മാണ്.[1] രണ്ടുകൈകളിലും ധരിക്കുന്ന ഈ ഉറകൾ നെടിയ അങ്കിയുടെ കൈപ്പത്തിമുതൽ കൈമുട്ടുവരെ നീണ്ടു മൂടിക്കിടക്കുന്നു. കൊത്തീനയ്ക്കു ഏതു നിറവും സ്വീകാര്യമായതുപോലെ കൈയ്യുറക്കും ഏതു നിറവും ഉപയോഗിക്കാം. ഇതിൽ കുരിശാകൃതിയിൽ ചില അലങ്കാരപ്പണികൾ ചെയ്യാറുണ്ട്.

കിഴക്കൻസഭകളിൽ സന്ദെയ്ക്കു ലത്തീൻ റീത്തിലുള്ള കൈയ്യൂറാലയുടെ സ്ഥാനമാണുള്ളത്. എന്നാൽ, രണ്ടിൻേറയും ഉത്ഭവവും ഉപയോഗവും വിഭിന്നങ്ങളാണ്.[2] ലത്തീൻ റീത്തിൽ ഇന്നുകാണുന്ന കൈയ്യൂറാലയുടെ ഉത്ഭവം റോമൻ ജനതയുടെ വേഷവിധാനത്തിൽ നിന്നാണ്. ആദ്യകാലത്തു റോമൻ പൗരന്മാരെല്ലാം മുഖം വൃത്തിയാക്കുന്നതിനും വിയപ്പു തുടക്കുന്നതിനും മററുമായി ഓരോ ചെറിയ തുണിക്കഷണം ഉപയോഗിച്ചിരുന്നു. പിൽക്കാലത്തു റോമൻ ഉദ്യോഗസ്ഥന്മാരുടെ സ്ഥാനചിഹ്നമായി ഇതു പരിണമിച്ചു. ഈ തുവാല കൊണ്ട് അടയാളം കാണിച്ചായിരുന്നു വിശേഷാവസരങ്ങളിലുള്ള കലാപരിപാടികളും മററാഘോഷച്ചടങ്ങുകളും ഔദ്യോഗികമായി ഉൽഘാടനം ചെയ്തിരുന്നത്. ഇത്തരം തുവാലകൾ ഔദ്യോഗികവസ്ത്രമായി ഡീക്കന്മാരും പുരോഹിതന്മാരും ധരിച്ചിരുന്നു. കൈയ്യൂറാലയുടെ ഇപ്രകാരമുള്ള ഉത്ഭവത്തെ ആസ്പദമാക്കി ഇതിനു 'സുതാരിയം' (Sudarium) അല്ലെങ്കിൽ വിയപ്പു തുടയ്ക്കുന്നതിനുള്ള തുണിക്കഷണം എന്നു പേരുലഭിച്ചു. തിരുക്കർമ്മസമയത്തു ഡീക്കന്മാരും പുരോഹിതന്മാരും ഇതു ഉപയോഗിച്ചിരുന്നു. അവർ ഈ സുതാരിയം ഇടത്തുകൈയ്യിൽ പിടിച്ചുകൊണ്ടാണു തിരുക്കർമ്മങ്ങളിൽ പങ്കുകൊണ്ടിരുന്നത്. കാലക്രമേണ അതിനെ ഇടതുകൈയ്യുടെ കണ്ണയിൽ ബന്ധിച്ച് ഉപയോഗിക്കുവാൻ തുടങ്ങി. അങ്ങനെ, ഇന്നത്തെ രീതിയിലുള്ള കൈയ്യൂറാല രൂപം പ്രാപിച്ചു. എന്നാൽ, പൗരസ്ത്യസഭ

1. RAES, ALPHONSUS S. J., *op. cit.* P. 230
2. *Ibid*

www.malankaralibrary.com

കളിൽ കൈയ്യുറകൾ ഒരലങ്കാരമായിട്ടാണു മെത്രാന്മാർ ധരിച്ചിരുന്നതു്. പിന്നീടു വൈദികന്മാരും ഉപയോഗിച്ചുതുടങ്ങി. കിഴക്കൻ റീത്തുകളിൽ കാർമ്മികനു കൈകൾ ഉയർത്തിവിരിച്ചു പിടിച്ചുകൊണ്ടു പ്രാർത്ഥിക്കേണ്ട സന്ദർഭങ്ങൾ ധാരാളമുണ്ടു്. അങ്ങനെ കൈകൾ ഉയർത്തിപ്പിടിച്ചുപ്രാർത്ഥിക്കുമ്പോൾ ഇടത്തു കൈയിൽ തൂങ്ങിക്കിടക്കുന്ന ഊറാലയേക്കാൾ കൈയുറകൾ ആകർഷകങ്ങളായിരിക്കുമെന്നതും തീർച്ചതന്നെ.

**സൂനാറാ** (ഇടക്കെട്ടു്)

കൊത്തീനാ ശരീരത്തോടു നന്നായിച്ചേർത്തു ഒതുക്കി ക്രമപ്പെടുത്തുവാൻവേണ്ടി എല്ലാ പൗരസ്ത്യറീത്തുകളിലും ഇതു് ഉപയോഗിക്കപ്പെടുന്നു. രണ്ടുമൂന്നിഞ്ചു വീതിയിൽ പട്ടുകൊണ്ടോ തുണികൊണ്ടോ ഇതു നിർമ്മിക്കാവുന്നതാണു്. സൂനാറായുടെ രണ്ടറ്റങ്ങളിലും ചരടോ കൊളുത്തോ വച്ചുപിടിപ്പിച്ചു കൊത്തീന മുറുക്കി ശരീരത്തോടു ബന്ധിക്കുന്നു. സാധാരണ, കാപ്പയുടെ നിറംതന്നെയായിരിക്കും സൂനാറായുടേതും; ഇതിലും കുരിശാകൃതിയിൽ ചില തുന്നൽപ്പണികൾ ചെയ്യാറുണ്ടു്.

**പൈനാ** (കാപ്പ)

ഇതിനു ഫെലോനിയോൻ, (Phelonion) സൂർദ്സാർ, (Surdzar) ഫയിനോ, (Faino) പൈനാ, (Paina) കാപ്പാ, (Kappa) എന്നും മററും പേരുകളുണ്ടു്. കിഴക്കൻ സഭകളിലെ വൈദികന്മാർ പ്രധാന തിരുക്കർമ്മങ്ങളുടെ സമയത്തു് ഈ തിരുവസ്ത്രം ധരിക്കുന്നു. ബൈസൻറയിൻ, അർമ്മേനിയൻ എന്നീ റീത്തുകളിൽ പൗരോഹിത്യത്തിൻെറ വിവിധ പദവികൾ സ്വീകരിച്ച ശെമ്മാശന്മാർ ഒരുതരം കാപ്പ ധരിക്കാറുണ്ടു്.[1]

ആദ്യകാലങ്ങളിൽ കാപ്പയ്ക്കു വിരിവും ഇറക്കവും ഇന്നത്തേതിൽ കൂടുതലുണ്ടായിരുന്നതുകൊണ്ടു്, ധരിക്കുന്ന ആളുടെ

1. *Ibid* P. 232

www.malankaralibrary.com

ശരീരം മുഴുവൻ മൂടപ്പെട്ടിരുന്നു.[1] ഈ കാപ്പ ധരിച്ച വൈദികനെ അകലെ കണ്ടാൽ ഒരു ചെറിയ ഭവനത്തിന്റെ പ്രതീതിയുള വാക്കമായിരുന്നു. ഇക്കാരണത്താലായിരിക്കണം കബ്ബാനക്കുപ്പായത്തിനു ചെറുഭവനമെന്നർത്ഥമുള്ള 'കവുസൂളാ'(Causula)എന്ന പേരുണ്ടായതു്. ഇംഗ്ലീഷിലെ 'ചോസിബിറം (Chausible) എന്നപദം 'കവുസൂളാ' എന്ന ലത്തീൻ വാക്കിൽനിന്നാണുത്ഭവിച്ചതു്. 8-ാം നൂററാണ്ടിനുമുമ്പു ലത്തീൻറീത്തിലും ഇതേ രീതിയിലുള്ള കാപ്പ സർവ്വസാധാരണമായി ഉപയോഗത്തിലിരുന്നു.

കിഴക്കൻസഭകളിൽ ഇന്നുകാണുന്ന ലളിതവും സൗകര്യപ്രദവുമായ മുൻവശം മുറിച്ചുകളഞ്ഞ കാപ്പ എന്നു മുതലാണു പ്രചാരത്തിലായതെന്നു കൃത്യമായിപ്പറയുവാൻ സാധ്യമല്ല. അർമ്മേനിയൻ റീത്തിൽ 17-ാംനൂററാണ്ടുവരെ പഴയരീതിയിലുള്ള തലയൊഴിച്ചു ദേഹമാസകലം മറയ്ക്കുന്ന കാപ്പ പ്രചാരത്തിലിരുന്നു. ഇപ്പോഠം എല്ലാ പൗരസ്ത്യറീത്തുകളിലും മുൻവശം വെട്ടിത്തുറന്ന കാപ്പയാണുള്ളതു്.

ആരാധനക്രമത്തിൽ കാപ്പ ഉപയോഗിക്കുന്നതു സംബന്ധിച്ചു നമുക്കു കിട്ടിയിട്ടുള്ള ആദ്യത്തെ ചരിത്രസാക്ഷ്യം ഒരിജന്റേതാണു്.[2] അദ്ദേഹം എഴുതുന്നു: "...വൈദികന്മാർ ദിവ്യബലിക്കു സഹായിക്കുമ്പോഠം ഒരുതരം കാപ്പയും മററു സന്ദർഭങ്ങളിൽ വേറൊരുതരം കാപ്പയും ഉപയോഗിച്ചിരുന്നു."

കാപ്പയുടെ ആരംഭം എപ്രകാരമായിരുന്നുവെന്നു നേരത്തെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. റോമ്മാസാമ്രാജ്യത്തിലെ സാധാരണ ജനങ്ങഠം ധരിച്ചിരുന്ന ഒരു പുറംകുപ്പായമായിരുന്നു അതു്. ആദ്യം അടിമകളും പാവപ്പെട്ടവരുംമാത്രമേ ഇതു ധരിച്ചിരുന്നുള്ളു. ചിലർ ദീർഘയാത്രയിലും മഴക്കാലത്തു മഴക്കോട്ടായും

1. RAULIN B., O. S. B., *Vestments and Vesture*, Translated by DOM JUSTIN MACAN, O. S. B., Herder Book, 1931, P 58
2. Cf. RAES, ALPHONSUS S. J. *op. cit. P.* 233

www.malankaralibrary.com

ഉപയോഗിച്ചിരുന്നു. കുലീനരും സമ്പന്നരുമായവർ ധരിക്കുവാൻ തുടങ്ങിയതോടെ ഈ പുറംകുപ്പായത്തിനു മാന്യതയും മഹനീയതയും കൈവന്നു. ആരാധനക്രമത്തിലും നടപ്പിലിരുന്നതു് ഈ വസ്ത്രധാരണരീതിതന്നെയാണു്. ക്രമേണ പുരോഗമനത്തിൻെറ ഒഴുക്കിൽപ്പെട്ടു്, ജനതാമദ്ധ്യത്തിൽനിന്നു് ഈ രീതി അപ്രത്യക്ഷമായതോടെ, കാപ്പയുടെ ഉപയോഗം ആരാധനക്രമത്തിൽ മാത്രമായി അവശേഷിച്ചു. ലത്തീൻ റീത്തിനെ അനുകരിച്ചു പുനരുദ്ധാരണത്തിനുമുൻപു്, സീറോ മലബാർറീത്തു് അഞ്ചുപ്രത്യേകനിറങ്ങളിലുള്ള കുർബാനക്കുപ്പായങ്ങൾ തിരുക്കർമ്മങ്ങളിൽ ഉപയോഗിച്ചിരുന്നു. പൗരസ്ത്യറീത്തുകളിൽ കുർബാനക്കുപ്പായത്തിൻെറ (കാപ്പ) നിറത്തെപ്പററി ആധികാരികമോ ആനുകാലികമോ ആയ നിയമങ്ങളൊന്നുമില്ല. തന്നിമിത്തം ഓരോ രാജ്യക്കാരും തങ്ങളുടെ അഭിരുചിക്കും അഭീഷ്ടത്തിനും യോജിച്ച നിറങ്ങളുപയോഗിച്ചുപോരുന്നു. എന്നാൽ കറുപ്പുനിറത്തിലുള്ള കാപ്പകൾ ദിവ്യബലിക്കുപയോഗിക്കാറില്ല.

**ഊറാല**

ഗ്രീക്കുസഭയിൽ എപ്പിത്രാക്കേലിഓൻ (Epitrachelion) എന്ന പേരിലാണു് ഊറാല അറിയപ്പെടുക. ഇതിൻെറ വാച്യാർത്ഥം "കഴുത്തിൽ" എന്നാണു്. വേനൽക്കാലത്തു വിയർപ്പും ചെളിയുംപററി തിരുവസ്ത്രം മുഷിഞ്ഞു പോകാതിരിക്കുന്നതിനും ശൈത്യകാലത്തു തണുപ്പേൽക്കാതിരിക്കുന്നതിനും, ഇന്നത്തെ മഫ്ളറിൻെറ സാമ്പിളിൽ, കഴുത്തിൽ ഒരു വസ്ത്രം ചുററിയിട്ടിരുന്നു. ഈ കണ്ഠവസ്ത്രം പിൽക്കാലത്തു എപ്പിത്രാക്കേലിഓൻ എന്നപേരിൽ അറിയപ്പെട്ടു. ആദ്യം ഇതു മെത്രാന്മാരുടേയും കാലക്രമേണ വൈദികന്മാരുടേയും ഡീക്കന്മാരുടേയും അഞ്ചാംപട്ടക്കാരുടേയും ആദ്ധ്യാത്മികാധികാരത്തെ സൂചിപ്പിക്കുന്ന സ്ഥാനവസ്ത്രമായിത്തീർന്നു. അഞ്ചാംപട്ടക്കാർ ഇതു കഴുത്തിൽ വളച്ചുചുററി താഴോട്ടിടുകയാണു ചെയ്യുന്നതു്. ലത്തീൻ റീത്തിലെ 'സ്റ്റോളാ' തന്നെയാണു പൗരസ്ത്യരുടെ

www.malankaralibrary.com

ഊറാല. എന്നാൽ, ലത്തീൻ റീത്തിൽ ആറാംപട്ടം സ്വീകരിക്കാത്തവർക്ക് ഊറാല ഉപയോഗിക്കുവാൻ അനുവാദമില്ല. ഊറാല എന്നപേരിൻെറ ആവിർഭാവത്തെക്കുറിച്ചു പലരും ഭിന്നാഭിപ്രായക്കാരാണ്. ഏററം പ്രബലമായ അഭിപ്രായം ഇതാണ്: 'ഓറ' എന്ന ഗ്രീക്കുപദത്തിനു സമയമെന്നാണർത്ഥം. ഡീക്കന്മാർ തിരുക്കർമ്മാവസരത്തിൽ കണ്ഠവസ്ത്രം കൈയിലെടുത്തു വിശ്വാസികൾ പ്രാർത്ഥിക്കേണ്ട സമയവും ഗായകസംഘം ഗാനമാലപിക്കേണ്ട സമയവും നിശ്ചിതാടയാളങ്ങൾ മുഖേന കാണിച്ചിരുന്നു. അതിനാൽ ഡീക്കൻെറ കണ്ഠവസ്ത്രത്തിനു സമയദ്യോതകം എന്നർത്ഥമുള്ള 'ഓറാറിയോൻ' എന്ന സംജ്ഞ ലഭിച്ചു. പുരോഹിതന്മാരുടെ ഊറാല എപ്പിത്രാക്കേലിഓൻ എന്ന പേരിലറിയപ്പെടുന്നു. സുറിയാനിറീത്തിൽ ഡീക്കന്മാരും വൈദികന്മാരും ധരിക്കുന്ന ഈ തിരുവസ്ത്രത്തെ പൊതുവിൽ ഊറാല എന്നാണു വിളിക്കുന്നത്.

ആറാം പട്ടക്കാർ ഊറാല ധരിക്കുന്നരീതി പല റീത്തുകളിലും പല വിധത്തിലാണെങ്കിലും ഇടത്തെ തോളിൽനിന്നു ഏതാണ്ടു കാപ്പയുടെ ഇറക്കത്തിനു ആനുപാതികമായി താഴോട്ടിടുകയാണു സാധാരണ പതിവ്. ഇതിൻെറ അഗ്രങ്ങൾക്കു രീതിവ്യത്യാസമില്ല. മെത്രാന്മാരുടെ ഊറാല പാലിയം എന്നപേരിലറിയപ്പെടുന്നു. ഒൻപതും പത്തും നൂററാണ്ടുകളിൽ വൈദികന്മാർ അവരുടെ പ്രത്യേക സ്ഥാനത്തിൻെറ പ്രതീകമായി സദാസമയവും ഊറാലധരിച്ചിരുന്നു. ക്രിസ്ത്വാബ്ദം 813-ൽ ലെയോ മൂന്നാമൻ പാപ്പയുടെ അദ്ധ്യക്ഷതയിൽ മേൻസിൽ (Mayence) വച്ചുനടന്ന ഒരു സമ്മേളനം ഇപ്രകാരം നിശ്ചയിച്ചു.[1] "വൈദികന്മാർ അവർക്കു സംസിദ്ധമായിരിക്കുന്ന പ്രത്യേക സ്ഥാനമാഹാത്മ്യത്തെ പരിഗണിച്ചു സദാസമയവും ഊറാല ധരിക്കട്ടെ". എന്നാൽ, ഇന്നു മാർപ്പാപ്പമാത്രമേ എപ്പോഴും ഊറാല ധരിക്കുന്നുള്ളു. മററുള്ളവർ തിരുക്കർമ്മങ്ങൾ അനുഷ്ഠിക്കുമ്പോൾ മാത്രം ഉപയോഗിക്കുന്നു.

1. JOHN O'BRIEN, *op. cit* P. 48

www.malankaralibrary.com

# XII

# പൗരസ്ത്യ റീത്തുകളും പ. മാർപ്പാപ്പമാരും

കിഴക്കും പടിഞ്ഞാറും എന്ന തിരിവ് മൂന്നാം നൂററാണ്ടു മുതല്ക്കേയുള്ളതാണ്. പ്രാചീന റോമസാമ്രാജ്യത്തിൻെറ വിഭജനമാണ് (A. D. 294) ഈ തിരിവിനു വ്യക്തമായ രൂപം നല്കിയതു്. മതപരമായ ചില് അടിയൊഴുക്കുകൾക്ക് ഇതുകാരണമായി. പാശ്ചാത്യമല്ലാത്തതൊന്നും ക്രൈസ്തവസഭയിൽ പാടില്ലാ എന്നൊരു മനോഭാവം പലരിലും കടന്നുകൂടി. ഇതിൻെറ പ്രത്യാഘാതങ്ങൾ ഉഗ്രതരമായിരുന്നു. വിശ്വാസികളിൽ ഇതു ചിന്താക്കുഴപ്പമുണ്ടാക്കിയെന്നുമാത്രമല്ല, കത്തോലിക്കാസഭയെ വിട്ടുപേക്ഷിക്കുന്നതിനുപോലും ചിലർക്ക് ഇതു പ്രേരകമായിട്ടുണ്ടു്. എന്നാൽ പരിശുദ്ധസിംഹാസനത്തിൻെറ അവസരോചിതവും അനുസ്യൂതവുമായ ഇടപെടലുകളും അനുഭാവപൂർണ്ണമായ നിലപാടും പൗരസ്ത്യസഭയ്ക്കു പ്രോത്സാഹജനകമായിരുന്നു.

### റീത്തുകളുടെ വൈവിധ്യം

സഭയിൽ വിവിധ റീത്തുകൾ ഉണ്ടായിരിക്കുന്നതിനെ പാപ്പാമാർ അനുകൂലിക്കുന്നില്ലെന്നു വിചാരിക്കുന്ന പാശ്ചാ

www.malankaralibrary.com

ത്യരും പൗരസ്ത്യറീത്തുകൾക്ക് 'പരിഷ്ക്കാരം' പോരാ എന്നു കുണ്ഠിതപ്പെടുന്ന പൗരസ്ത്യരും കണ്ടേക്കാം. അതിൽ അത്ഭുതപ്പെട്ടിട്ടു കാര്യമില്ല. എന്നാൽ സഭാചരിത്രം പരിശോധിച്ചാൽ ഈ ധാരണയ്ക്കു യാതൊരടിസ്ഥാനവുമില്ലെന്നു വ്യക്തമാകും. ക്രിസ്തീയജീവിതത്തിന്റെ പ്രഥമവും പ്രധാനവുമായ ഉറവിടമാണ് ആരാധനക്രമങ്ങൾ എന്നും വിവിധാരാധനക്രമങ്ങൾ സഭയുടെ ഐക്യത്തെ യാതൊരുവിധത്തിലും ക്ഷതപ്പെടുത്തുകയില്ലെന്നും അവ അവൾക്കു ഒരലങ്കാരമാണെന്നും മാർപ്പാപ്പമാർ ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുണ്ട്. കത്തോലിക്കാസഭയേപ്പററിയും റീത്തുകളെക്കുറിച്ചും തെററായ ധാരണകൾ വച്ചുപുലർത്തുകയും പൗരസ്ത്യരുടെമേൽ ലത്തീൻറീത്ത് അടിച്ചേൽപ്പിക്കയും ചെയ്തിട്ടുള്ളവരുണ്ട്. എന്നാൽ ഏതാനം വ്യക്തികളുടെയോ സമൂഹങ്ങളുടെയോ മാത്രമായ ഇത്തരം പ്രവൃത്തികളെ കത്തോലിക്കസഭയുടേതായി ചിത്രീകരിക്കുന്നതു ശരിയല്ല. പൗരസ്ത്യരെ ലത്തീൻറീത്തുകാരാക്കാനുള്ള സംരംഭങ്ങളെ സഭ ഒരിക്കലും പ്രോത്സാഹിപ്പിച്ചിട്ടില്ലെന്നു മാത്രമല്ല, ശക്തിയുക്തം അപലപിക്കയും ചെയ്തിട്ടുണ്ട്.

9-ാം നൂററാണ്ടിൽ, കിഴക്കും പടിഞ്ഞാറുംതമ്മിലുള്ള ബന്ധത്തിനു ഉലച്ചിൽതട്ടിയശേഷവും നിക്കോളാസ്പാപ്പ, കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കീസിനു, റീത്തുകളുടെ വൈവിധ്യത്തിൽ തനിക്കു യാതൊരു എതിർപ്പുമില്ലെന്നു ഉറപ്പുകൊടുക്കുകയുണ്ടായി.[1] 1215-ലെ നാലാം ലാററൻസൂനഹദോസ്, ഗ്രീക്കുകാരുടെ റീത്തുകളേയും ആചാരങ്ങളേയും ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ബഹുമാനിക്കുകയും ചെയ്യുമെന്നു് പ്രഖ്യാപിച്ചു. ഇതേ ആശയംതന്നെ ഹൊണോരിയൂസ് 3-ാമനും ഇന്നസെൻറ 4-ാമനും വ്യക്തമാക്കിയിട്ടുണ്ട്.[2] ലെയോ പത്താമനും ക്ലെമൻറ ഏഴാമനും പൗരസ്ത്യ

1. Epistola ad Photium XII
2. KING, ARCHDALE A., *op. cit.* P. 43

www.malankaralibrary.com

റീത്തുകളെ പരസ്യമായി അധിക്ഷേപിച്ച എല്ലാ ലത്തീൻകാരേയും കഠിനമായി ശകാരിച്ചിരുന്നു. പൗരസ്ത്യറീത്തുകളേയും റീത്തുകാരേയും അധിക്ഷേപിക്കുന്നതും തരംതാഴ്ത്തി സംസാരിക്കുന്നതും ഒരു പുണ്യമായിട്ടു കരുതിയിരുന്ന വൈദികരും അക്കാലത്തുമുണ്ടായിരുന്നുപോലും!

1573-ൽ13-ാംഗ്രിഗറിപാപ്പാ ഗ്രീക്കുസഭയുടെ ഉദ്ധാരണത്തിനായി സ്ഥാപിച്ച Congregatio de rebus Graecorum- ഗ്രീക്കുകാരുടെ തിരുസംഘത്തെ-1605-ൽ ക്ലെമൻറ് 8-ാമൻ പാപ്പാ Congregatio Super Negotiis Fidei et Religionis Catholicae എന്ന പേരിൽ സാർവ്വത്രികസഭയേയും വിശ്വാസത്തേയും സംബന്ധിച്ചകാര്യങ്ങൾക്കുള്ള തിരുസംഘമായി വിപുലപ്പെടുത്തി. ഗ്രിഗറി 15-ാമൻ പാപ്പാ 1622-ൽ 'ഇൻസ്ക്രൂത്താബിലി' (Inscrutabili) എന്ന തിരുവെഴുത്തുവഴി വേദപ്രചാരസംഘ (Congregatio de propaganda fide) മെന്ന പേരിൽ അതിനെ സഭാവികസനത്തിനുള്ള ഒരു പ്രധാന പ്രവർത്തകവിഭാഗമായി ഉയർത്തി. തുടർന്നു ഭരിച്ച ഊർബ്ബൻ എട്ടാമൻ ഇതിനെ വീണ്ടും വികസിപ്പിച്ചു. പൗരസ്ത്യസഭയുടെ സംരക്ഷണത്തിനും വികസനത്തിനുമായിട്ടുതന്നെ രണ്ടു കാര്യനിർവ്വഹണക്കമ്മററികളെ നിയമിക്കുകയും ചെയ്തു.

## ബനഡിക്ട് XIV

പൗരസ്ത്യസഭയേയും ആരാധനക്രമങ്ങളേയും വളരെയധികം പ്രോത്സാഹിപ്പിച്ചിരുന്ന ബനഡിക്ട് 14-ാമൻ തിരുമനസ്സുകൊണ്ട്, 1743-ൽ അന്ത്യോക്യാപാത്രിയർക്കീസായിരുന്ന സിറിൽ ആറാമന് അയച്ച "Demandatum caelitus" എന്ന ചാക്രികലേഖനത്തിൽ, ഗ്രീക്കുസഭയുടെ പരിശുദ്ധിയേയും പൂർണ്ണതയേയും പ്രശംസിക്കുകയും റീത്തു മാററുന്നതിനെ വളരെ ശക്തിയായി എതിർക്കുകയും ചെയ്തു. അദ്ദേഹം പ്രസ്താവിക്കുന്നു: "ഗ്രീക്കുസഭയുടെ റീത്തുകളേയും ആചാരങ്ങളേയും സംബന്ധിച്ചിടത്തോളം അവയുടെ പരിപൂർണ്ണതയെ നിഹനിക്കുക

www.malankaralibrary.com

യോ തടസ്സപ്പെടുത്തുകയോ ചെയ്യുന്ന യാതൊന്നും ആവിഷ്ക്കരിക്കുകയോ നടപ്പിലാക്കുകയോ ചെയ്യുവാൻ ആക്കും-മെത്രാനോ പാത്രിയർക്കീസോ ആയാൽത്തന്നെയും - അധികാരമില്ല. കൂടാതെ ഗ്രീക്കുറീത്തിൽനിന്നു ലത്തീൻറീത്തിലേയ്ക്കു മാറുന്നതിനേയും നാം പരസ്യമായി വിലക്കുന്നു. അതുപോലെതന്നെ, റീത്തുമാറുന്നതിനു യാതൊരുത്തനെയും പ്രേരിപ്പിക്കരുതെന്നും ശ്ലൈഹികസിംഹാസനവുമായി ആലോചിക്കാതെ അതിനു് അനുവദിക്കരുതെന്നും എല്ലാ മിഷനറിമാരോടും ഗൗരവമായ ശിക്ഷയിൻകീഴ് നാം കല്പിക്കുകയും ചെയ്യുന്നു".[1]

വിശ്വാസസംബന്ധമായ തെററുകളെ തിരുത്തുമ്പോൾ പൗരസ്ത്യറീത്തുകളോടു ബഹുമാനപുരസ്സരം പെരുമാറണമെന്നും ആരാധനാദിക്രമങ്ങൾക്കു യാതൊരു ഹാനിയും സംഭവിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും മിഷനറിമാരെ അദ്ദേഹം പ്രത്യേകം ഉദ്ബോധിപ്പിച്ചിരുന്നു. ലത്തീൻ റീത്തിൽപ്പെട്ട ദൈവാലയങ്ങളിൽ മതകർമ്മങ്ങൾ നടത്തുന്ന പൗരസ്ത്യറീത്തുകാർക്കു തങ്ങളുടെതന്നെ റീത്തു് നിർബന്ധമായും ഉപയോഗിക്കേണ്ടിയിരുന്നു. 1755-ൽ പൗരസ്ത്യ മിഷനറിമാരെ ഉദ്ദേശിച്ചു തയ്യാറാക്കിയ 'Allatae Sunt' എന്ന ചാക്രികലേഖനത്തിൽ അവിടുത്തെ ആഗ്രഹം വീണ്ടും വ്യക്തമാക്കി. "എല്ലാവരും കത്തോലിക്കരാകണമെന്നല്ലാതെ, ലത്തീൻകാരാകണമെന്നു നാം ആഗ്രഹിക്കുന്നില്ല".[2]

1742-ൽ പ്രസിദ്ധപ്പെടുത്തിയ 'Etsi Pastoralis' എന്ന ചാക്രികലേഖനത്തിൽ അദ്ദേഹം പറയുന്നു: കത്തോലിക്ക വിശ്വാസത്തിനു യാതൊരുതരത്തിലും എതിരല്ലാത്തവയും ആത്മാക്കൾക്കു് അപകടകരമല്ലാത്തവയും സഭയുടെ വിശുദ്ധിയേയും ബഹുമാനത്തേയും നിഹനിക്കാത്തവയുമായ റീത്തുക

1. BENEDICT XIV *Demandatum* (1743), Collectanea S. congr. De Propaganda Fide, Romae ex Typographia Polyglotta MD. cccxcm, c. III, 18
2. BENEDICT XIV, "*Allatae Sunt*", *Ibid.* V. T, n. 395

www.malankaralibrary.com

ളേയും ആരാധനക്രമങ്ങളേയും അനുവദിക്കുകയും പ്രോത്സാഹിപ്പിക്കുകയുമാണു നമ്മുടെ മുൻഗാമികൾ ചെയ്തിരുന്നതു്. അതുപോലെതന്നെ നാമും, ഈ റീത്തിൽപ്പെട്ടവരെ വിഷമിപ്പിക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുവാൻ യാതൊരു കാര്യത്തിലും ലത്തീനധികാരികളെ അനുവദിക്കുന്നതല്ല. മാത്രവുമല്ല, ഫ്ളോറൻസുകൗൺസിലിലുംമററം അംഗീകരിക്കപ്പെട്ടിട്ടുള്ള ഗ്രീക്കുറീത്തുകളെ നിന്ദിക്കുകയോ കുററം പറയുകയോ ചെയ്യരുതെന്നു് എല്ലാവ്യക്തികളേയും പുരോഹിതശ്രേഷ്ഠരേയും നാം ഉപദേശിക്കുന്നു. തുടർന്നു പറയുന്നു, 'കത്തോലിക്കരാകുകയെന്നാൽ ലത്തീൻകാരാകുകയെന്നല്ല; ക്രിസ്തുവിൻെറ സഭ ലത്തീനോ ഗ്രീക്കോ സുറിയാനിയോ അല്ല, പിന്നെയോ, പൊതുവായതാണു് - കാതോലികമാണു്. തൻെറ മക്കളെ സംബന്ധിച്ചിടത്തോളം സഭ ഒരു വ്യത്യാസവും കാണിക്കുന്നില്ല. എല്ലാവരും ശ്ലൈഹികസിംഹാസനത്തിൻെറ വീക്ഷണത്തിൽ തുല്യസ്ഥാനം അർഹിക്കുന്നു.[1]

### ഒൻപതാം പീയൂസ്

കത്തോലിക്കാസഭയിൽനിന്നു ഭിന്നിച്ചുനിന്നിരുന്ന പൗരസ്ത്യപിതാക്കന്മാരെ ഐക്യത്തിലേയ്ക്കു തിരിച്ചുവരുവാൻ പൈതൃകമായി ക്ഷണിക്കുകയാണു്, 9-ാംപീയൂസ് 'In Suprema Petri Apostoli' (1848) എന്ന തൻെറ പ്രഥമ ചാക്രികലേഖനംവഴി: "നിങ്ങൾ ബഹുമാന്യമായി കരുതുന്ന നിങ്ങളുടെ ആരാധനക്രമങ്ങൾ, ലത്തീൻക്രമത്തിൽനിന്നും ചിലകാര്യങ്ങളിൽ വ്യത്യസ്തമാണെങ്കിലും, പരിപൂർണ്ണമായും നാം സംരക്ഷിക്കും......നമ്മുടെ മുൻഗാമികളും ഈ ആരാധനക്രമങ്ങളെ പ്രത്യേകമാംവിധം ബഹുമാനിച്ചിരുന്നുവല്ലോ". [2] വീണ്ടും 1855-ൽ തിരുമേനി പ്രസ്താവിച്ചു: "പ്രാചീനതയെ പരിഗ

1. BENEDICT XIV, *Ency. "Etsi Pastoralis" Ibid.* n. 338-339 P. 127-28
2. PIUS IX, *"In Suprema Petri Apostoli" Ibid* n. 1023 P. 3

www.malankaralibrary.com

ണിച്ചും പരിശുദ്ധപിതാക്കന്മാരിൽനിന്ന പാരമ്പര്യമായി കൈവന്നിട്ടുള്ളതിൻെറ മാഹാത്മ്യത്തെ മാനിച്ചും, സകലരുടേയും ബഹുമാനത്തിന് അർഹമായിരിക്കകൊണ്ടു് ഈ റീത്തുകൾ (പൗരസ്ത്യ) സംരക്ഷിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യേണ്ടവയാണ്." [1]

1852-ൽ വേദപ്രചാരതിരുസംഘത്തെ (Congregatio de Propaganda fide) രണ്ടു വിഭാഗങ്ങളായി തിരിച്ച്, അവയിലൊന്ന പൗരസ്ത്യസഭയുടെ ഉദ്ധാരണത്തിനും പ്രചാരത്തിനുമായിമാത്രം നിശ്ചയിച്ചു. ഒന്നാം വത്തിക്കാൻസൂനഹദോസിൽ സംബന്ധിക്കുന്നതിന നിരീക്ഷകരായി (ചർച്ചകളിൽ പങ്കുകൊള്ളുന്നതിനോ വോട്ടുചെയ്യുന്നതിനോ, അകത്തോലിക്കാസഭാംഗങ്ങൾക്ക അവകാശമില്ല) ഭിന്നിച്ചുനിന്നിരുന്ന എല്ലാ മെത്രാന്മാരും ക്ഷണിക്കപ്പെട്ടിരുന്നുവെന്നതു പ്രത്യേകം സ്മരണീയമാണ്.

## ലെയോ 13-ാമൻ

കത്തോലിക്കസഭയുടെ ഏററവും വൈവിധ്യമാന്ന സ്വഭാവഘടനയെ വ്യക്തമായി മനസ്സിലാക്കി സഭാഭരണം നിർവഹിച്ച ഒരു പാപ്പയായിരുന്ന ലെയോപതിമൂന്നാമൻ. തന്റെ സ്ഥാനാരോഹണംകഴിഞ്ഞു രണ്ടുകൊല്ലങ്ങൾക്കുശേഷം, 1880 ഡിസംബർ 13-ന്, മെത്രാന്മാരുടെ ഒരു സമ്മേളനത്തിൽ അവിടുന്ന പ്രസ്താവിച്ചു: "നമ്മുടെ ഭരണകാലത്തിൻെറ ആരംഭംമുതൽക്കുതന്നെ പൗരസ്ത്യജനതയോടു നമുക്ക പ്രത്യേക താല്പര്യമുണ്ടു്. അവിടെയായിരുന്നല്ലോ സകല ജനതയുടെയും രക്ഷയുടെ തൊട്ടിലും ക്രിസ്തുമതത്തിൻെറ ആദ്യഫലങ്ങളും; ശക്തിയേറിയ നദിയെന്നവണ്ണം അവിടെനിന്നും സുവിശേഷത്തിൻെറ അനുഗ്രഹീതജലം പടിഞ്ഞാറോട്ടു പ്രവഹിച്ചു."

1. എ. ഡി. മററം, "സീറോ മലബാർ സമുദ്ധാരണം" സത്യദീപം, ലക്കം P. 48

www.malankaralibrary.com

പൗരസ്ത്യറീത്തുകളെ ഗാഢമായി സ്പർശിക്കുന്ന രണ്ടു ചാക്രികലേഖനങ്ങൾ 1863-ൽ പ്രസിദ്ധീകരിക്കയുണ്ടായി. 'Praeclara Gratulationis' എന്ന ആദ്യത്തെ ലേഖനത്തിൽ പ്രസ്താവിക്കുന്നു: "ആദ്യമായി ലോകത്തു് എവിടെ രക്ഷയുടെ പ്രകാശം വീശിയോ ആ പൗരസ്ത്യദേശത്തെ ഏററം സ്നേഹാതിരേകത്തോടുകൂടിയാണു് നാം വീക്ഷിക്കുക ...... തത്വങ്ങളുടെ സംരക്ഷണത്തിനായി തെളിവുകളും മാതൃകകളും നാംസ്വീകരിക്കുന്നതു കൂടുതലായും പൗരസ്ത്യരുടെ റീത്തു്, പഠനങ്ങൾ, ആചാരങ്ങൾ മുതലായവയിൽനിന്നാണു്... അവരുടെ ക്രമങ്ങളേയും ആചാരങ്ങളേയും യാതൊരു ലോഭവുംകൂടാതെ നാം പരിരക്ഷിക്കുന്നതാണു്''.[1] പൗരസ്ത്യറീത്തുകളെ നിറുത്തലാക്കുവാനോ അവരുടെ പാത്രിയക്കീസുമാരുടെ ആനുകൂല്യങ്ങളെ വെട്ടിക്കുറയ്ക്കുവാനോ ഒരിക്കലും താൻ ആഗ്രഹിച്ചിട്ടില്ലായെന്നു് ഈ ചാക്രികഖേനത്തിൽ അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ടു്.[2]

അതേ വർഷംതന്നെ പ്രസിദ്ധീകൃതമായ 'Orientalium Dignitas' എന്ന ചാക്രികലേഖനത്തിൽ, പൗരസ്ത്യാരാധനക്രമങ്ങൾ ദിവ്യഐക്യത്തിനും കത്തോലിക്കവിശ്വാസത്തിന്റെ ശ്ലൈഹികതത്വത്തിനും ബഹുമാനവും മഹത്വവും പ്രദാനം ചെയ്തുകൊണ്ടു്, നിതരാം വിരാജിക്കുന്നുവെന്നു തിരുമനസ്സുകൊണ്ടു സമർത്ഥിച്ചിട്ടുണ്ടു്. പുൽക്കൂട്ടിൽ ജാതനായ ഉണ്ണിയീശോയെ-സഭയുടെ ദൈവികസ്ഥാപകനെ - കിഴക്കുനിന്നുവന്ന രാജാക്കന്മാർ ആരാധിച്ചതിന്റെ പ്രതിഫലമാണവയെന്നുപോലും അദ്ദേഹം അഭിപ്രായപ്പെടുന്നു. പടിഞ്ഞാറുനിന്നുമുള്ള സുവിശേഷപ്രചാരകരുടെ അവിവേകംനിമിത്തം അവയ്ക്കു യാതൊരു ഹാനിയും സംഭവിക്കാതിരിക്കുന്നതിനു പ്രത്യേകമായി ശ്രദ്ധിക്കേണ്ടതു തന്റെ കർത്തവ്യമാണെന്നു് അവിടുന്നു കരുതുന്നു.

1. ARCHDALE A. KING, *op. cit.* P. 48-49
2. *Ibid* P. 49

www.malankaralibrary.com

കൂടാതെ, പൗരസ്ത്യറീത്തുകളുടെ പരിപൂർണ്ണതയ്ക്കു് ഉപകരിക്കുമെന്നു തോന്നിയ പല ചട്ടങ്ങളും ലെയോ പതിമൂന്നാമൻ നടപ്പിലാക്കുകയുണ്ടായി. സഭാധികാരികളുടെ അസാന്നിദ്ധ്യത്തിലോ മററേതെങ്കിലും കാരണത്താലോ ലത്തീൻറീത്തിനു വിധേയനായ ഒരു പൗരസ്ത്യറീത്തുകാരൻ ആ തല്ക്കാല വിഷമസാഹചര്യങ്ങൾക്കുശേഷം തൻെറ ആദ്യ റീത്തിലേയ്ക്കുതന്നെ തിരിച്ചു പോകേണ്ടതാണു്. അതുപോലെതന്നെ ലത്തീൻ റീത്തിലെ ഒരു പുരുഷനെ വിവാഹം ചെയ്തതിനുശേഷം വിധവയായിത്തീർന്ന പൗരസ്ത്യറീത്തിൽപ്പെട്ട ഒരു സ്ത്രീക്കു അവളുടെ സ്വന്തം റീത്തിലേയ്ക്കു തിരിച്ചുപോകാവുന്നതാണു്. പൗരസ്ത്യറീത്തിൽപ്പെട്ട ഒരാൾ ലത്തീൻറീത്തിലേയ്ക്കു് (പരിശുദ്ധസിംഹാസനത്തിൻെറ അനുവാദത്തോടുകൂടി ആണെങ്കിൽത്തന്നെയും)മാറിപ്പോയിട്ടുണ്ടെങ്കിൽ തൻെറ റീത്തിലേയ്ക്കു് എപ്പോൾ വേണമെങ്കിലും അയാൾക്കു തിരിച്ചു പോകാവുന്നതാണു്. പാശ്ചാത്യ പൗരസ്ത്യറീത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഒന്നിച്ചു പഠിക്കുന്ന സ്ഥലത്തു പൗരസ്ത്യർക്കു പൗരസ്ത്യറീത്തനുസരിച്ചുള്ള ആരാധനക്രമങ്ങൾ അനുഷ്ഠിക്കുന്നതിനുവേണ്ട സാഹചര്യങ്ങൾ ചെയ്തുകൊടുക്കണമെന്നു വിദ്യാലയാധികൃതരോടു മാർപ്പാപ്പ തന്നെ കല്പിച്ചിട്ടുണ്ടു്; 1896-ൽ ഈ നിബന്ധനകൾ അവിടുന്നു പ്രാവത്തികമാക്കുകയും ചെയ്തു. പൗരസ്ത്യപാത്രിയക്കീസുമാരുടേയും ലത്തീൻറീത്തിലുള്ള അപ്പസ്തോലിക് ഡലഗേററമാരുടേയും അധികാരങ്ങളും അവകാശങ്ങളും അവിടുന്നു നിശ്ചയിച്ചു നിയന്ത്രിക്കുകയും ക്രമപ്പെടുത്തുകയും ചെയ്തു. പൗരസ്ത്യദേശത്തു ദേശീയ സർവ്വകലാശാലകളും സംഘടനകളും അനുവദിക്കുകയും അവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിൽ അദ്ദേഹം തല്പരനായിരുന്നു. തിരുമനസ്സുകൊണ്ടുതന്നെ അദ്ധ്യക്ഷനായുള്ള കർദ്ദിനാളന്മാരുടെ ഒരു കാര്യനിർവ്വഹണസംഘത്തെ (Commission) സഭൈക്യപ്രചരണാർത്ഥം അവിടുന്നു സ്ഥാപിച്ചു.

**പത്താംപീയൂസ്**

ക്രിസ്തീയജീവിതത്തിൻെറ പ്രഥമവും പ്രധാനവുമായ

www.malankaralibrary.com

ഉറവിടം ആരാധനക്രമങ്ങളാണെന്നാണു്[1] വി. പത്താംപീയൂസ്സ് വിശ്വാസികളെ ഉൽബോധിപ്പിച്ചിരുന്നതു്. അത്രമാത്രം പ്രാധാന്യം ആരാധനക്രമങ്ങൾക്കു സഭയിൽ അദ്ദേഹം നൽകിയിരുന്നു. 1908-ൽ വത്തിക്കാനിൽവച്ചു ബൈസൻറയിൻ റീത്തിൽ നടത്തിയ ആരാധനക്രമങ്ങളിൽ തിരുമേനി സന്നിഹിതനാകുകയും ഗ്രീക്കു റീത്തിൽ ആശീർവ്വാദം നല്കുകയും ചെയ്തുകൊണ്ടു്, പൗരസ്ത്യറീത്തിനേയും ആരാധനക്രമങ്ങളേയും അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. "ഐക്യത്തിൻേറയും സ്നേഹത്തിൻേറയും കേന്ദ്രബിന്ദുവും കേദാരവുമായ പ. കർബാനവഴി അനുരഞ്ജനത്തിൻെറ ഫലങ്ങൾ സുലഭമായി നിർഗ്ഗമിക്കുന്നതിനുവേണ്ടി'' പൗരസ്ത്യറീത്തിൽപ്പെട്ടവർ ലത്തീൻ പള്ളികളിലും ലത്തീൻ റീത്തിൽപ്പെട്ടവർ പൗരസ്ത്യസഭകളിലെ ദൈവാലയങ്ങളിലും പ. കർബാന സ്വീകരിക്കുന്നതിനു 1912-ൽ പ്രസിദ്ധപ്പെടുത്തിയ 'Tradita error ab antiqius' എന്ന തിരുവെഴുത്തുവഴി അനുവദിക്കുകയുണ്ടായി. ഒരേ മേശയിൽനിന്നു ഭക്ഷിക്കുന്നതു സാഹോദര്യത്തിൻേറയും ഐക്യത്തിൻേറയും ലക്ഷണമാണല്ലോ.

പൗരസ്ത്യറീത്തുകൾ തങ്ങളുടെ മതകർമ്മങ്ങൾ, പ്രത്യേകിച്ചു് ഉയിർപ്പുകാലശുശ്രൂഷകൾ, തങ്ങളുടെ സ്വന്തറീത്തിൽപ്പെട്ട ദൈവാലയങ്ങളിൽത്തന്നെ നടത്തണമെന്നു് വി.പത്താംപീയൂസ്സ് 1922-ൽ അവരെ ഉൽബോധിപ്പിക്കുകയുണ്ടായി. അവരുടെ പാരമ്പര്യവും ആചാരങ്ങളും സംരക്ഷിക്കുന്നതിനും അവയോടു ബഹുമാനം കാണിക്കുന്നതിനും അപ്രകാരമൊരു ഉൽബോധനം ആവശ്യമെന്നു അദ്ദേഹത്തിനുതോന്നി. എന്നാൽ, വിവിധ സംഘങ്ങളുടെ പരിശോധനയുടേയും അനുഭവജ്ഞാനത്തിൻേറയും ഫലമായി, അത്തരം പ്രവൎത്തനങ്ങൾ സഭയുടെ ഐക്യത്തിനും ഏകത്വത്തിനും വിഘാതമായേക്കു

1. *Pius X in 'Motu Proprio'*

www.malankaralibrary.com

മെന്നുശങ്കിച്ചു 1925-ൽ പ്രസ്തുത വ്യവസ്ഥ പിൻവലിക്കുകയുണ്ടായി.[1]

## ബനഡിക്ററ് XV

ഭൂമതലകളുടേയും അവകാശങ്ങളുടേയും കാര്യത്തിൽ, റീത്തുകൾ തമ്മിലുള്ള വ്യത്യാസത്തെ ബനഡിക്ററ് പതിനഞ്ചാമൻ തിരുമനസ്സുകൊണ്ട് ഇഷ്ടപ്പെട്ടില്ലെന്നുമാത്രമല്ല, റീത്തുകളുടെ അടിസ്ഥാനത്തിൽ ചിലർ അനുഭവിച്ചിരുന്ന അവകാശങ്ങളേയും ആനുകൂല്യങ്ങളേയും നിരോധിക്കുകകൂടി ചെയ്തു. ഇതിനെ മുൻനിറുത്തിക്കൊണ്ടായിരിക്കണം 1917-ൽ Dei Providentis എന്ന തിരുവെഴുത്തുവഴി 'പൗരസ്ത്യസഭയ്ക്കുവേണ്ടിയുള്ള തിരുസംഘം' (Congregatio Pro Ecclesia Orientali) സ്ഥാപിച്ചപ്പോൾ അവിടുന്നു പ്രസ്താവിച്ചതു്: "ക്രിസ്തുവിൻെറ സഭ ലത്തീനോ ഗ്രീക്കോ സ്ലാവോ...അല്ല, പിന്നെയോ, കത്തോലിക്കാസഭയാണ്. ഗ്രീക്ക്, ലത്തീൻ, സ്ലാവ് തുടങ്ങിയ സഭയിൽപ്പെട്ടവരായാലും ശരി, ഏതദ്ദേശീയവിഭാഗത്തിൽപ്പെട്ടവരായാലും ശരി, സഭയ്ക്കു് അവരുടെ സന്താനങ്ങളെസ്സംബന്ധിച്ചിടത്തോളം യാതൊരു വ്യത്യാസവുമില്ല; ഈ അപ്പസ്തോലികസിംഹാസനത്തിൻെറ മുമ്പിൽ എല്ലാവർക്കും തുല്യസ്ഥാനമാണുള്ളതു്".[2] പ്രസ്തുത തിരുസ്സംഘത്തിൻെറ അദ്ധ്യക്ഷനും മാർപ്പാപ്പ തന്നെയായിരുന്നു. അതേ വർഷം തന്നെ "Orientis Catholici" എന്ന തിരുവെഴുത്തുവഴി പൗരസ്ത്യനടപടിക്രമങ്ങളെ നിയന്ത്രിക്കുന്നതിനു ഒരു സ്ഥാപനം (Pontifical Oriental Institute) തുടങ്ങുകയും അടുത്തവർഷം (1918) പൗരസ്ത്യതിരുസ്സംഘത്തോടനുബന്ധിച്ചു് അതു പ്രവർത്തനമാരംഭിക്കുകയും ചെയ്തു. പൗരസ്ത്യർക്ക്, പ്രത്യേകിച്ചു സുറിയാനിക്കാർക്ക് എന്നും അഭിമാനപൂർവ്വം ഓർമ്മിക്കാവുന്ന

1. *Ibid* P. 50
2. BENEDICT XV, "*Dei Providentis*" 1917 AAS V. IX P. 530



www.malankaralibrary.com

ഒന്നാണ്, സുറിയാനി സഭയിലേ ഡീക്കനായിരുന്ന വി. അപ്രേമിനെ 1920–ൽ സാർവ്വത്രികസഭയുടെ മല്പാനായി (Doctor Ecclesiae universalis) ബനഡിക്റ്റ് പതിനഞ്ചാമൻ തിരുമേനി പ്രഖ്യാപിച്ചു എന്നു്.

ബനഡിക്റ്റ് 15-ാമൻപാപ്പ അന്നത്തെ യുക്രേനിയൻ മെത്രാപ്പോലീത്തയ്ക്കു അയച്ച ഒരു സന്ദേശത്തിൽ, ദേശീയ സഭകളോടു തിരുസിംഹാസനത്തിനുള്ള നിലപാടു് ഇപ്രകാരം വ്യക്തമാക്കിയിരുന്നു. "ദേശീയതയുടെ ശത്രുവല്ല റോമാ; ദൈവമക്കളുടെ അവകാശത്തെ നിഹനിക്കുന്ന ദേശീയതയുടെ ശത്രുവാണു്.[1]"

## പതിനൊന്നാം പീയൂസ്

മിഷൻെറപാപ്പ (Pope of the Missions) ഐക്യത്തിൻെറ പാപ്പ (Pope of unity) എന്നീ അപരനാമങ്ങളിൽ അറിയപ്പെടുവാൻ തക്കവണ്ണം സഭൈക്യത്തിനും വികാസത്തിനുംവേണ്ടി അത്ര തീവ്രമായി യത്നിച്ചിട്ടുണ്ടു പതിനൊന്നാം പീയൂസ് തിരുമേനി. 1923-ൽപ്രസിദ്ധപ്പെടുത്തിയ "Ecclesia Dei" എന്ന ചാക്രികലേഖനംവഴി വിവിധ റീത്തുകൾക്കു സഭയിലുള്ള സമത്വത്തെ അവിടുന്നു് ഉച്ചൈസ്തരം ഉൽഘോഷിച്ചിട്ടുണ്ടു്. പൗരസ്ത്യറീത്തിൽ ഭിന്നിച്ചുനില്ക്കുന്ന സഹോദരങ്ങളുടെ തിരിച്ചുവരവു സുഗമമാക്കുന്നതിനു റീത്തുമാറുന്നതിനു പോലും ലത്തീൻവൈദികരെ അവിടുന്നനുവദിച്ചിരുന്നു. ഐക്യത്തിൻെറ ശക്തി മനസ്സിലാക്കിയ തിരുമേനി, ഏതാനും പാശ്ചാത്യമിഷനറിസഭകളോടു പൗരസ്ത്യസഭകളിൽ ശാഖകൾ സ്ഥാപിക്കുന്നതിനു ആവശ്യപ്പെട്ടിട്ടുണ്ടു്.

സത്യസഭയിൽനിന്നു വേർപെട്ടുപോയ റഷ്യൻ സഹോദരങ്ങളുടെ തിരിച്ചുവരവിനെ ത്വരിതപ്പെടുത്തുവാനായി, 1924-ൽ ബനഡിക്റ്റൈൻ സഭക്കാർ ആരംഭിച്ച ചിലപദ്ധ

1. KING, ARCHDALE A., *op. cit.* P.51

www.malankaralibrary.com

തികളെ പതിനൊന്നാംപിയൂസ് അനുവദിച്ചാശീർവ്വദിക്കുകയും വേണ്ടപ്രോത്സാഹനങ്ങൾ നല്കുകയും ചെയ്തു. 1930-ൽ റഷ്യയ്ക്കുവേണ്ടി പ്രത്യേകം ഒരു കാര്യനിർവ്വഹണക്കമ്മററിയെ നിയമിക്കുകയും 1932-ൽ റോമിൽ ഒരു റഷ്യൻകോളേജ് ആരംഭിക്കുകയും ചെയ്തു. ഇതിൻെറ മേൽനോട്ടം ബൈസൻറയിൻ റീത്തിൽപ്പെട്ട ഈശോസഭക്കാരെയാണു ഏല്പിച്ചതു്. കൂടാതെ, പല കോളേജുകളും ഇദ്ദേഹത്തിൻെറകാലത്തു പൗരസ്ത്യർക്കായി സ്ഥാപിക്കപ്പെട്ടുകയുണ്ടായി.

സഭയിൽനിന്നു ഭിന്നിച്ചുനില്ക്കുന്നവരുടെ തിരിച്ചുവരവിനെ ഉദ്ദേശിച്ചു 1928-ൽ തിരുമേനി "Mortalium Animas", "Rerum Orientalium" എന്നീ രണ്ടു തിരുവെഴുത്തുകൾ പ്രസിദ്ധീകരിക്കുകയുണ്ടായി. അവയിൽ പൗരസ്ത്യസഭാപഠനത്തിൻെറ ആവശ്യകത പ്രസ്പഷ്ടമാക്കിയിട്ടുണ്ടു്. അതിലേയ്ക്കു എല്ലാകത്തോലിക്കരേയും അവിടുന്നു് ആഹ്വാനം ചെയ്തിരുന്നു. പൗരസ്ത്യദേശങ്ങളെസ്സംബന്ധിച്ച ശാസ്ത്രീയപഠനത്തിനു് എല്ലാസർവ്വകലാശാലകളിലും സൗകര്യമുണ്ടാകണമെന്നും, എല്ലാ സെമിനാരികളിലും പൗരസ്ത്യദൈവവിജ്ഞാനീയപഠനത്തിനു പ്രാധാന്യം നല്കണമെന്നും അവിടുന്നു നിർദ്ദേശിച്ചു. പല സ്ഥാപനങ്ങളും തിരുമേനിയുടെ നിർദ്ദേശം പ്രായോഗികമാക്കിയിട്ടുണ്ടു്. എല്ലാസെമിനാരികളിലും പൗരസ്ത്യറീത്തുകളുടെ സ്മരണ വർഷത്തിൽ ഒരു ദിവസം ആഘോഷിക്കണമെന്നു് (Dies pro Oriente Christiano) 1935-ൽ അവിടുന്നു നിഷ്ക്കർഷിക്കുകയുണ്ടായി.

പൗരസ്ത്യസഭയുടെ കാനൻനിയമങ്ങൾ ക്രോഡീകരിക്കുന്നതിനും പ്രസിദ്ധപ്പെടുത്തുന്നതിനുമായി1929-ലും1934-ലും ഓരോ കമ്മററി രൂപവൽക്കരിക്കുകയും പ്രസ്തുത പദ്ധതി വിജയപ്രദമാക്കുകയും ചെയ്തു. പൗരസ്ത്യകത്തോലിക്കർ കൂടുതലായുണ്ടായിരുന്നതും പൗരസ്ത്യതിരുസംഘത്തിൻെറ കീഴിലിരുന്നതുമായ പ്രദേശങ്ങളുടെ ഭരണക്രമങ്ങൾ തിരുമേനി പുനഃപരി

www.malankaralibrary.com

തിരുമനസ്സുകൊണ്ടു് ഇപ്രകാരം പ്രസ്താവിക്കുന്നു: "ഈശോമിശിഹായുടെ പ്രബോധനങ്ങളെ യഥാതഥം തങ്ങളുടേതായ പ്രത്യേകതകളോടെ സംരക്ഷിക്കുന്നതിനു പൗരസ്ത്യറീത്തിൽപ്പെട്ട ഓരോ ജനപദത്തിനും സ്വാതന്ത്ര്യമുണ്ടായിരിക്കേണ്ടതാണു്. തങ്ങളുടെ ശരിയായ റീത്തുപേക്ഷിക്കുവാനോ പാവനങ്ങളും പരമ്പരാഗതങ്ങളുമായ ആരാധനക്രമങ്ങളും ആചാരരീതികളും ഉപേക്ഷിച്ചു പകരം ലത്തീൻറീത്തു സ്വീകരിക്കുവാനോ അവരെ യാതൊരുകാരണവശാലും നിർബന്ധിച്ചുകൂടാത്തതാകുന്നു. റീത്തുകളെല്ലാം തുല്യാദരവോടും ബഹുമാനത്തോടുംകൂടി കണക്കാക്കപ്പെടേണ്ടവയാണു്. കാരണം, വർണ്ണപ്പകിട്ടുള്ള ഒരു രാജകീയവസ്ത്രംകൊണ്ടെന്നപോലെ അവ നമ്മുടെ തിരുസഭാമാതാവിനെ അലങ്കരിക്കുകയത്രേ ചെയ്യുന്നതു്. അതിപുരാതനവും അമൂല്യവുമായ എല്ലാററിനേയും സംരക്ഷിക്കുന്ന റീത്തുകളുടെ വൈവിധ്യം യഥാർത്ഥവും സുദൃഢവുമായ ഐക്യത്തിനു് ഒരിക്കലും പ്രതിബന്ധമായിരിക്കയില്ല."[1]

1945-ൽ പ്രസിദ്ധപ്പെടുത്തിയ "Orintales Omnes Ecclesias" എന്ന ചാക്രികലേഖനത്തിൽ, റുഥേനിയൻ സഭ റഷ്യൻ ഗവർമ്മെൻറിൽനിന്നു സഹിക്കേണ്ടിവന്ന മതപീഡനങ്ങളെ അനുസ്മരിച്ചു പലതും തിരുമനസ്സുകൊണ്ടു പരാമർശിച്ചിട്ടുണ്ടു്. 350വർഷങ്ങൾക്കുമുമ്പു് ആ സഭ പ. സിംഹാസനവുമായി ഐക്യപ്പെട്ടതിൽ തിരുമേനി സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു. പ. പിതാവിൻെറ പാപ്പാസ്ഥാനാരോഹണത്തിൻെറ ഏഴാംവാർഷികദിനമായ 1946 മാർച്ചു് 12-ാംതീയതി, അവിടുത്തെ ആഗ്രഹപ്രകാരം വത്തിക്കാനിൽ അർമ്മേനിയൻറീത്തിൽ അത്യുന്നതകർദ്ദിനാൾ അഗാജിയാനിയാൻ ദിവ്യബലിയർപ്പിച്ചു. തുടന്നു പ. പിതാവു് വിശ്വാസികളെ ആശീർവ്വദിച്ചതു് അർമ്മേനിയൻക്രമത്തിലാണു്. പൗരസ്ത്യരെ

1. Cf. PIUS XII, *Ency. Orientales Omnes Ecclesias,* AAS V. XXXVI II, 137-138

www.malankaralibrary.com

സംബന്ധിച്ചിടത്തോളം ഇതൊരവിസ്മരണീയ സംഭവമാണ്. കൂടാതെ 1951-ൽ പ്രസിദ്ധപ്പെടുത്തിയ 'Sempiternus Rex Christus' 1952-ൽ റത്തേനിയൻ കത്തോലിക്കരെ അഭിസംബോധന ചെയ്തുകൊണ്ടെഴുതിയ 'Veritetam facientes', എന്ന തിരുവെഴുത്തുകളിലും തിരുമേനി അതിനെപ്പററി പരാമർശിക്കുകയും അതിൻെറ ഉന്നമനത്തിൽ തനിക്കുള്ള താല്പര്യത്തെ പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സുറിയാനിപാത്രിയർക്കീസിനു റോമാസഭയിൽ പ്രത്യേകാനുകൂല്യങ്ങളും അധികാരങ്ങളും നല്കിയതു 'ശ്രേഷ്ഠമായ സുറിയാനിസഭ പത്രോസിൻെറ സിംഹാസനത്തിൻെറ നേർക്കുകാണിച്ച വിശ്വസ്തതയുടെ തെളിവുകൾക്കു മകുടം ചാർത്തണമെന്ന ഉദ്ദേശത്തോടെ ആയിരുന്നെന്ന് അവിടുന്നു വ്യക്തമാക്കി.

സീറോമലബാർ സഭയുടെ ആരാധനക്രമങ്ങൾ പരിഷ്ക്കരിക്കുകയും പുനരുദ്ധരിക്കുകയും ചെയ്യുന്നതിനായി 1954-ൽ ഒരു കമ്മീഷനെ അവിടുന്നു നിയമിക്കുകയുണ്ടായി. പ്രസ്തുത കമ്മീഷൻ പൂർത്തിയാക്കിയ പുതിയ കർബാനക്രമം 1957ൽ പ.സിംഹാസനം അംഗീകരിച്ചു. പ്രസ്തുത കർബാനക്രമമാണു 1962 ജൂലൈ 3-ന് കേരളത്തിലാരംഭിച്ചതു്.

## യോഹന്നാൻ XXIII

തികച്ചും സ്തുത്യർഹമായ ഒരു നിലപാടായിരുന്നു ഇക്കാര്യത്തിൽ ഭാഗ്യസ്മരണാർഹനായ ജോൺ 23-ാമൻ പാപ്പായുടേതു്. തൻെറ ഭരണാരംഭത്തിൽത്തന്നെ പൗരസ്ത്യസഭകളോടു പ്രത്യേക താല്പര്യം അവിടുന്ന് പ്രകടിപ്പിച്ചിരുന്നു. 1959-ൽ തിരുമനസ്സുകൊണ്ടു നല്കിയ ക്രിസ്തുമസ് സന്ദേശത്തിൽ, ഐക്യവും സമാധാനവുമാണു തൻെറ മുദ്രാവാക്യമെന്നു പ്രഖ്യാപിച്ചു. തുടർന്നുള്ള അവിടുത്തെ ഓരോ പ്രവർത്തനവും, പ്രത്യേകിച്ചു പൗരസ്ത്യരോടുള്ളവ, ഈ ആദർശത്തെ മുൻനിറുത്തി

www.malankaralibrary.com

യായിരുന്നു എന്ന് അദ്ദേഹത്തിന്റെ ജീവചരിത്രം വ്യക്തമാക്കുന്നുണ്ട്. അദ്ദേഹത്തിന്റെ എല്ലാ സന്ദേശങ്ങളിലും പ്രസംഗങ്ങളിലും ഐക്യത്തിനുവേണ്ടിയുള്ള ആഹ്വാനം അടങ്ങിയിരുന്നു. ഐക്യത്തിനും സമാധാനത്തിനും വേണ്ടിയുള്ള ഈ ദാഹമായിരിക്കണം ഒരു സാർവ്വത്രികസൂനഹദോസു വിളിച്ചുകൂട്ടുവാൻ അദ്ദേഹത്തിനു പ്രേരണ നല്കിയതു്.

1962 ഓഗസ്റ്റ് ഒന്നാംതീയതിയാണ് പൗരസ്ത്യതിരുസംഘസെക്രട്ടറിയായിരുന്ന കാർഡിനൽക്രൂസാ ദിവംഗതനായതു്. കബറടക്കശുശ്രൂഷയുടെ അവസാനത്തെ പ്രാർത്ഥനാഗീതം പരി. പിതാവു് ഗ്രീക്കുഭാഷയിൽ ആലപിക്കുകയുണ്ടായി. അതിനുശേഷം നടത്തിയ ചരമപ്രഭാഷണത്തിൽ തിരുമേനി പൗരസ്ത്യറീത്തുകളെ പരാമർശിച്ച് തന്റെ ഹൃദയത്തെ അവ ആഹ്ളാദപുളകിതമാക്കുന്നുവെന്നു പറയുകയുണ്ടായി.

പൗരസ്ത്യസഭകളുമായി പരിചയപ്പെടാനും ഐക്യത്തിന്റെ വിത്തു പാകുവാനും പാപ്പയാകുന്നതിനു മുമ്പുതന്നെ തിരുമേനിക്കു് അവസരങ്ങൾ കിട്ടിയിരുന്നു. ബർഗാമോരൂപതയിലെ മെത്രാന്റെ സെക്രട്ടറി ആയിരിക്കുമ്പോൾ, അന്നത്തെ പാപ്പയായിരുന്ന ബനഡിക്ട് 15-ാമൻ തിരുമനസ്സുകൊണ്ടു് മോൺ. ആൻജലൊ റൊങ്കാലിയെ വേദപ്രചാരസംഘത്തിലെ ഒരംഗമായി തിരഞ്ഞെടുത്തു; പിന്നീടു് പ്രസിഡൻറായും. 1925-ൽ XI-ാംപിയൂസ്പാപ്പയുടെ പ്രതിനിധിയായി ബൾഗേറിയ സന്ദർശിക്കാൻ മോൺ. റൊങ്കാലി നിയമിതനായി. തദവസരത്തിൽ അവിടെയുണ്ടായിരുന്ന ഓർത്തഡോക്സ് സഭാവിഭാഗവും കത്തോലിക്കസഭയും തമ്മിലുള്ള ഭിന്നിപ്പു അവിടുന്നു നേരിട്ടു മനസ്സിലാക്കുകയും ഓർത്തഡോക്സ്സഭാപിതാക്കന്മാരെ സന്ദർശിച്ചു സ്നേഹബന്ധം പുലർത്തുകയും ചെയ്തു. ഇരുറീത്തുകളിലും ഉൾപ്പെട്ട ദൈവാലയങ്ങളിൽ അവിടുന്നു നടത്തിയ പ്രസംഗങ്ങൾ ബൾഗേറിയൻ ഭാഷയിലായിരുന്നു. ആരാധനക്രമങ്ങളിൽ മാതൃഭാഷതന്നെ കഴിയുന്നിട

www.malankaralibrary.com

ത്തോളം ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയും പ്രാധാന്യവും ഈ ഔദ്യോഗികസന്ദർശനവേളയിൽ അദ്ദേഹം വെളിപ്പെടുത്തുകയുണ്ടായി. ഇവയെല്ലാം ഐക്യത്തിന്റെ പശ്ചാത്തലസജ്ജീകരണമായിരുന്നെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ.

താദൃശ്യപ്രവർത്തനങ്ങളുടേയും അനുഭവങ്ങളുടേയും മുതൽക്കൂട്ടോടുകൂടിയായിരുന്നു തിരുമനസ്സുകൊണ്ടു പത്രോസിന്റെ സിംഹാസനത്തിൽ അവരോഹിതനായതും അധികം താമസിയാതെ ഒരു സാർവ്വത്രികസൂനഹദോസ് കൂടുന്നതിനു തീരുമാനിച്ചതും വിവിധസഭകളുടെ ഐക്യം സൂനഹദോസിന്റെ പ്രധാന ഉദ്ദേശ്യമായി പ്രഖ്യാപിച്ചതുംമററും.

സൂനഹദോസുസംബന്ധിയായ എല്ലാ കമ്മററികളിലും പൗരസ്ത്യപിതാക്കന്മാർക്കു പ്രാതിനിധ്യം നല്കിയും, സാർവ്വത്രികസമ്മേളനം സംബന്ധിച്ച സംഗതികളിൽ അവരുടെ അഭിപ്രായങ്ങൾ ആരാഞ്ഞും ആദരിച്ചും കത്തോലിക്കസഭയിൽ എല്ലാറീത്തുകാർക്കുമുള്ള സമനിലയെ അവിടുന്നു വ്യക്തമാക്കുകയുണ്ടായി. പൗരസ്ത്യസഭയിലെ പാത്രിയക്കീസുമാരുടെനേർക്കു തനിക്കുള്ള ബഹുമാനത്തിന്റെയും വിശ്വസ്തതയുടെയും പ്രത്യേക അടയാളമായി പ. പിതാവ്, മദ്ധ്യപൂർവ്വരാജ്യങ്ങളിലെ ആറു പാത്രിയക്കീസുമാരെ പൗരസ്ത്യ തിരുസംഘത്തിലെ സഹാംഗങ്ങളായി നിയമിച്ചു (1963). സഭയുടെ നവീകരണത്തിനു പൗരസ്ത്യരുടെ മാതൃകയെ സ്വീകരിക്കണമെന്ന ചിന്താഗതി പൊതുവെ സഭാപിതാക്കന്മാർക്കുണ്ടായിരുന്നു. [1]

## പോൾ ആറാമൻ പാപ്പാ

"ക്രിസ്തു നമ്മുടെ പ്രാരംഭം, ക്രിസ്തു നമ്മുടെ ജീവനും വഴികാട്ടിയും, ക്രിസ്തു നമ്മുടെ ശരണവും അന്ത്യവും" എന്നീ വാക്കുകളോടെ ഉദ്ഘാടനം ചെയ്തു വത്തിക്കാൻ കൗൺസിലിന്റെ

1. FR. ALLEN MALOOF, *"Light from the East"* in The Homiletic and Pastoral Review, May 1963·

www.malankaralibrary.com

രണ്ടാം സമ്മേളനത്തിൽ, 63 അകത്തോലിക്ക സഭാനേതാക്കൾ നിരീക്ഷകരായുണ്ടായിരുന്നു. ഇവരിൽ നാലുപേർ ഇൻഡ്യയിലെ വിവിധ സഭാവിഭാഗങ്ങളിൽനിന്നുമാണെന്നുള്ളതു പ്രത്യേകം സ്മരണീയമാണു്.

വിവിധസഭകളുടെ ഐക്യവും റീത്തുകളുടേയും പാരമ്പര്യങ്ങളുടേയും സംരക്ഷണവും കൗൺസിലിൽ ചർച്ചചെയ്യപ്പെടുകയുണ്ടായി. പ്രസ്തുതസമ്മേളനത്തിൻെറ അവസാനദിവസം, 1963 ഡിസംബർ 4-ാം തീയതി പ. പിതാവു് അംഗീകരിച്ചുപ്രസിദ്ധപ്പെടുത്തിയ 'ഡിക്രി'യിൽ ഇപ്രകാരം പറയുന്നു: "സഭയിൽ നിയമാനുസൃതം അംഗീകൃതമായിട്ടുള്ള എല്ലാറീത്തുകൾക്കും വിശുദ്ധമാതാവായ സഭ തുല്യാവകാശവും പദവിയുമാണു നൽകുന്നതെന്ന വസ്തുത ഈ പ. സൂനഹദോസു് പാരമ്പര്യാനുസരണം പ്രഖ്യാപനം ചെയ്യുന്നു. മേലിലും എല്ലാറീത്തുകളേയും അഭംഗുരം സംരക്ഷിക്കണമെന്നും എല്ലാപ്രകാരേണയും അവയെ പ്രോത്സാഹിപ്പിക്കണമെന്നുമാണു സഭയുടെ അഭിലാഷം".[1]

1963 ആഗസ്റ്റ് 18-ാംതീയതി കാസ്റ്റെൽഗൊൺടോൾഫോയ്ക്കടുത്തുള്ള മാതാവിൻെറ ഗ്രോട്ടോയിലേയ്ക്കു പ.പിതാവു് ഒരുതീർത്ഥാടനം നടത്തുകയുണ്ടായി. പൗരസ്ത്യസഭകളിൽ തനിക്കുള്ള അതീവ താല്പര്യത്തെ സുതരാം വ്യക്തമാക്കുന്നതായിരുന്നു, വി. ബെയ്സിലിൻെറ സഭയിൽപ്പെട്ട സന്യാസികളോടു അവിടുന്നു നടത്തിയ പ്രസംഗം. റോമിനടുത്തു ഒരു പൗരസ്ത്യസന്യാസസഭ (ആ സഭ പൗരസ്ത്യസഭയിൽപ്പെട്ടതാണു്) യുണ്ടെന്നതിലദ്ദേഹം സന്തോഷിക്കുകയും പ.പാപ്പാമാർ പ്രസ്തുത സഭയുടെ ഉന്നമനത്തിനായി ചെയ്തിട്ടുള്ള സേവനങ്ങളെ കൃതജ്ഞതാപുരസ്സരം സ്മരിക്കുകയും ചെയ്തു. പാശ്ചാത്യപൗരസ്ത്യസഭകൾ തമ്മിലുണ്ടായിരിക്കേണ്ട ഐക്യത്തെ അവിടുന്നു ആ

1. The Clergy Monthly, Vol. XXVIII, No. 1. *'Constitution on the Sacred Liturgy'* Intr. 4.

www.malankaralibrary.com

അവസരത്തിൽഎടുത്തു കാട്ടുകയുണ്ടായി. കത്തോലിക്കവിശ്വാസം ഏകസ്വരത്തിൽ (ഭാഷയിൽ) ഏററുപറയുന്നതിലല്ല ഈ ഐക്യം സ്ഥിതിചെയ്യുന്നതു്; പിന്നെയോ, സ്വതന്ത്രമായി എത്രയോ സ്വരത്തിൽ (ഭാഷകളിൽ) ഈ വിശ്വാസത്തെ പ്രഖ്യാപിക്കാമെന്നതിലാണു്.

ഇപ്രകാരമുള്ള ഒരൈക്യത്തിൽ, ഒരേവിശ്വാസത്തോടുകൂടി സഭയോടു ചേർന്നുനിന്നുകൊണ്ടു വിവിധ ഭാഷകളിലും റീത്തുകളിലും പ്രാർത്ഥിക്കുന്നതിൽ, ഈ ഏകതത്വസ്വഭാവം ചിലയിടത്തെങ്കിലും സാധ്യമാകുന്നതിൽ താൻ വളരെയധികം സന്തോഷിക്കുകയും സമാധാനപ്പെടുകയും ചെയ്യുന്നതായി പ. പിതാവു വെളിപ്പെടുത്തുകയുണ്ടായി. പൗരസ്ത്യകത്തോലിക്ക സഭയുമായി പാശ്ചാത്യസഭയ്ക്കുിന്നുള്ള ആത്മീയൈക്യത്തെ വളരെ ഹൃദയംഗമമായി അവിടുന്നു പരാമർശിച്ചു. "പശ്ചാത്യ സഭയുമായി പരിപൂർണ്ണൈക്യത്തിൽ കഴിയുന്ന പലേ പൗരസ്ത്യറീത്തുകളും നമുക്കുണ്ടു്. പൈതൃകവും ആത്മാർത്ഥവുമായ നമ്മുടെ ആശംസകൾ ഈ സഭകൾക്കു നാം നേരുന്നു ....നിങ്ങളുടെ വിഷമങ്ങളേയും പാരമ്പര്യത്തോടുള്ള നിങ്ങളുടെ യഥാർത്ഥവും സുദൃഢവുമായ അവലംബനത്തേയും പിതാക്കന്മാരിൽനിന്നും നിങ്ങൾക്കു കിട്ടിയിട്ടുള്ള തത്വസംഹിതയുടെ സംരക്ഷണത്തേയും പ്രത്യേകമായി, നിങ്ങളുടെ വിധേയത്വത്തേയുംകുറിച്ചു ദൈവം നിങ്ങളെ വിശേഷവിധിയായി അനുഗ്രഹിക്കട്ടെ". തന്റെ മുൻഗാമിയായ യോഹന്നാൻ പാപ്പാ, സഭയുടെ ഭരണസമിതിയിൽപ്പെട്ട തിരുസംഘങ്ങളിൽ അംഗങ്ങളായി പൗരസ്ത്യസഭയിലെ പാത്രിയക്കീസുമാരെ നിയമിക്കുകയും പൗരസ്ത്യരിൽ കൂടുതൽ താല്പര്യം കാണിക്കുകയും ചെയ്തതിനെ പ. പിതാവു കൃതജ്ഞതാപുരസ്സരം സ്മരിച്ചു. "പൗരസ്ത്യദേശത്തിന്നായി റോമൻസഭ എന്നത്തേക്കാളുമിന്നു ഹൃദയകവാടം തുറന്നിട്ടിരിക്കുകയാണു്. പാരമ്പര്യം, റീത്തു്, ആചാരം മുതലായവയുടെ വൈവിധ്യത്തിലും ഏക വിശ്വാസത്തിന്റേയും സഹോദരസ്നേഹത്തിന്റേയും

www.malankaralibrary.com

ബാഹ്യവും മാനുഷികവുമായ പ്രകടനങ്ങളിലുമുള്ള ഐക്യത്തിൻെറ സാക്ഷാത്കാരത്തിൽ" അവിടുന്നു പ്രത്യാശ പ്രകടിപ്പിച്ചു.

ഒരു മാസംമുമ്പ്, മോസ്കോയിലെ പാത്രിയക്കീസായിരുന്ന മോൺ. അലക്സിസ് (Mgr. Alexis) തിരുമേനിയുടെ മെത്രാഭിഷേകത്തിൻെറ സുവർണ്ണജൂബിലിയാഘോഷത്തിൽ സംബന്ധിക്കുന്നതിനു് ഒരു കത്തോലിക്കാമെത്രാനെ നിയമിച്ചതിനെയനുസ്മരിച്ചുകൊണ്ടു് അവിടുന്നു പ്രഖ്യാപിച്ചു: 'അതു പൗരസ്ത്യസഭകളെ ബഹുമാനിക്കുന്നതിനും എൻെറ അഭിവാദനങ്ങൾ അർപ്പിക്കുന്നതിനുമായിരുന്നു. സഭകൾതമ്മിൽ വെറുപ്പിനും വിദ്വേഷത്തിനും അഹങ്കാരത്തിനും അവജ്ഞയ്ക്കും ഇന്നു് (പണ്ടു്അവ സാധൂകരിക്കാമായിരുന്നെങ്കിൽത്തന്നെയും) ആവശ്യമില്ല.........'[1] ഐക്യത്തിനായുള്ള തൻെറ മുൻഗാമിയുടെ ആഹ്വാനത്തെ അവിടുന്നാവർത്തിക്കയുണ്ടായി.

ലോകംമുഴുവൻേറയും പ്രത്യേകിച്ചും പൗരസ്ത്യദേശത്തിൻെറ ശ്രദ്ധയെ സവിശേഷം ആകർഷിച്ച ഒന്നാണു് പ. പിതാവു്, 1964 ജനുവരി 4, 5, 6 എന്നീ തീയതികളിലായി വിശുദ്ധസ്ഥലങ്ങളിലേയ്ക്കു നടത്തിയ തീർത്ഥയാത്ര. ലോകചരിത്രത്തിൽ സമാധാനത്തിൻേറയും ഐക്യത്തിൻേറയും ഒരു നവീനാദ്ധ്യായംതന്നെ അതുവഴി ഉദ്ഘാടനം ചെയ്യപ്പെട്ടു. തൻെറ തീർത്ഥയാത്ര 'സർവ്വ' മനുഷ്യരുടെയുമിടയിൽ ഐക്യവും സമാധാനവും സദ്പ്രവൃത്തികളും കൈവരുത്തുമെന്നാണു തൻെറ വിശ്വാസമെന്നു് അവിടുന്നു പ്രഖ്യാപിച്ചു. ഐക്യത്തിൻെറ ഈ ആഹ്വാനംതന്നെയാണു ബത്ലഹമിലെ തിരുപ്പിറവിയുടെ ദൈവാലയത്തിൽവച്ചു് അവിടുന്നു ചെയ്തതു്. ക്രിസ്തീയ സഭകളുടെ ഐക്യം പുനഃസ്ഥാപിക്കുകയായിരുന്നു അവിടുത്തെ ഈ തീർത്ഥയാത്രയുടെ പ്രധാനലക്ഷ്യം.

1. Herder Correspondence, *'Rome and the Eastern Churches.'* 1963 Oct.

www.malankaralibrary.com

5-ാം തീയതി ജറുസലേമിൽവച്ച്, 55കോടി കത്തോലിക്കരുടെ തലവനായ പോൾമാർപ്പാപ്പ, പതിമൂന്നുകോടി ഗ്രീക്കഓർത്തഡോക്സ്സഹോദരങ്ങളുടെ തലവനായ കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കീസു മാർഅത്തനാഗൊറസ് തിരുമേനിയുമായി ഒരു കൂടിക്കാഴ്ച നടത്തി. ശുഭോദർക്കമായ പ്രസ്തുത കൂടിക്കാഴ്ച 'വിവിധക്രൈസ്തവസഭകളുടെ ഐക്യത്തിനു വഴി തെളിയ്ക്കു'മെന്നു തങ്ങൾ പ്രത്യാശിക്കുന്നുവെന്നു തിരുമേനിമാർ പ്രഖ്യാപിച്ചിട്ടുണ്ട്. ക്രൈസ്തവലോകം മുഴുവൻ വളരെ പ്രത്യാശയോടെയാണ് ഈ കൂടിക്കാഴ്ചയെ വീക്ഷിച്ചതു്. കാരണം 11-ാം നൂററാണ്ടിലെ വിടവിനുശേഷം ക്രൈസ്തവ സഭകളുടെ ഏകീകരണത്തിനുള്ള ഏററം വലിയ ഒരു ശ്രമമാണീ കൂടിക്കാഴ്ച. ജറുസലമിലെ ഓർത്തഡോക്സ് പാത്രിയർക്കീസായ ബനദിക്തോസ്, അർമേനിയൻ ഓർത്തഡോക്സ് പാത്രിയർക്കീസായ ദ്രെദേരിയൻ എന്നീ തിരുമേനിമാരും പ. പിതാവിനെ സന്ദർശിക്കുകയുണ്ടായി.

ഈ തീർത്ഥാടനം, അക്രൈസ്തവലോകത്തിൻെറ ഹൃദയത്തിലും തിരുമേനിയ്ക്കു് അദ്വിതീയസ്ഥാനം നേടിക്കൊടുത്തു. യോർദ്ദാനിലെ ഹുസൈൻ രാജാവ് പ. പിതാവിനെ സ്വാഗതം ചെയ്തുകൊണ്ടു പറഞ്ഞു: 'മാർപ്പാപ്പായുടെ ഈ സന്ദർശനം, രണ്ടു മഹാമതങ്ങളായ ഇസ്ലാമും ക്രിസ്തുമതവും തമ്മിൽ ധാരണയുടേയും സഹകരണത്തിൻേറയും ഒരു നവീനയുഗം ഉദ്ഘാടനം ചെയ്യട്ടെ.......'

ഐക്യത്തിൻേറയും സമാധാനത്തിൻേറയും സന്ദേശത്തെ അവിടുന്നു അങ്ങനെ എല്ലാമനുഷ്യർക്കുമായി നല്കി. സമാധാനത്തിൻെറ ഈ ദൂതനെ ഇൻഡ്യാസന്ദർശിയ്ക്കാൻ ഇൻഡ്യൻ പ്രസിഡൻറ് ഡോ. രാധാകൃഷ്ണൻ ക്ഷണിച്ചതു് സ്മരണീയമാണ്.

**ഉപസംഹാരം**

സ്വകീയമായ എല്ലാവിധസവിശേഷതകളോടും പാര

www.malankaralibrary.com

ബര്യങ്ങളോടുംകൂടി വിവിധറീത്തുകളുടെ പരിപൂർണ്ണനൈർമ്മല്യവും പരിശുദ്ധിയും നിലനിറുത്താനും, വൈചിത്ര്യമാർന്ന ആരാധനക്രമങ്ങളും അവയുടെ അനുഷ്ഠാനങ്ങളുംവഴി സഭയെ ധന്യയും സൗന്ദര്യവതിയുമാക്കി അവർക്ക് എന്നെന്നും നവോന്മേഷവും ഉണർവ്വും ഉത്തേജനവും പ്രദാനം ചെയ്യുവാനും മാർപ്പാപ്പമാർ വളരെ പരിശ്രമിച്ചിട്ടുണ്ട്. ആചാരാനുഷ്ഠാനങ്ങളിലല്ല പ്രത്യുത, വിശ്വാസസന്മാർഗ്ഗകാര്യങ്ങളിലാണ സഭ ഐക്യം (unity) ആവശ്യപ്പെടുന്നതു്. റീത്തുകളുടെ വൈവിധ്യവും വൈചിത്ര്യവും സഭയുടെ ഏകത്വസ്വഭാവത്തെ ഒരിക്കലും ബാധിക്കുകയില്ല. ആധുനികകാലത്തെ പ്രശസ്ത ദൈവശാസ്ത്രജ്ഞനായ ഹൺസ് കുംഗ് (Dr. Huns Küng) പ്രസ്താവിക്കുന്നതുപോലെ 'സഭയിൽ ഐകരൂപ്യമല്ല, ഐക്യമാണ് ആവശ്യം -(unity, not uniformity), വിവിധനിറത്തിലും തരത്തിലുമുള്ള പൂക്കൾ പൂന്തോട്ടത്തിന്റെ ഭംഗിയെ വർദ്ധിപ്പിക്കുന്നതുപോലെ, വിവിധഭാഷകൾ, ആരാധനക്രമങ്ങൾ, ആചാരങ്ങൾ,നിയമസംഹിതകൾമുതലായവ സഭയ്ക്കു് എന്നും ഭൂഷണമാണ്; അലങ്കോലമോ അനാവശ്യമോ അല്ലതന്നെ.'

www.malankaralibrary.com

# XIII

# ആരാധനക്രമവും ജീവിതവും

വിവിധ ആരാധനക്രമങ്ങളെപ്പററിയുള്ള കഴിഞ്ഞ അദ്ധ്യായങ്ങളിലെ പ്രതിപാദനങ്ങൾ താത്വികമായ അറിവു വർദ്ധിപ്പിക്കാൻ പോരുന്നവയാണ്. എന്നാൽ, ആരാധനക്രമങ്ങൾ അറിവിൻെറ മണ്ഡലത്തിൽ തങ്ങിനിന്നാൽ മാത്രംപോരാ; ഓരോ ക്രൈസ്തവൻെറയും അനുദിനജീവിതത്തെ ആഴമായി സ്പർശിക്കണം. എങ്കിൽ മാത്രമേ, ക്രൈസ്തവജീവിതം ആരാധനാനിർല്ലീനമാകയുള്ളൂ; പാവനമാവുകയുള്ളൂ. സഭയുടെ ആരംഭംമുതൽ ആരാധനക്രമങ്ങളാണ്, ക്രൈസ്തവജീവിതത്തെ കരുപ്പിടിപ്പിച്ചതും പരിപോഷിപ്പിച്ചതും; അവയാണ് അപ്പസ്തോലികകാലത്ത് വിശ്വാസികൾക്ക ചൈതന്യവും ഉത്തേജനവും ഐക്യവും പകർന്നുകൊടുത്തതു്. ഇരുപതു നൂററാണ്ടുകൾക്കുശേഷവും, അപ്പസ്തോലികകാലത്തേയ്ക്കു തിരിച്ചുപോവുക എന്ന മുറവിളിയിൽ അന്തർല്ലീനമായിരിക്കുന്ന രഹസ്യവും ഇതുതന്നെയാണ്.

## ആരാധനക്രമജീവിതം അപ്പസ്തോലികകാലത്ത്

ഞായറാഴ്ചതോറുമുള്ള അപ്പംമുറിക്കൽശുശ്രൂഷയായിരുന്നു ആദിമക്രൈസ്തവരുടെ ആദ്ധ്യാത്മികതയുടെ 'പവർഹൌസ്'.

www.malankaralibrary.com

അപ്പസ്തോലികനടപടി ഇതിന്നു സാക്ഷ്യംവഹിക്കുന്നു.[1] ക്രിസ്തുവിൻെറ ഉയിർപ്പുദിനമായ ഞായറാഴ്ചയാണ് അവർ ഒന്നിച്ചുകൂടിയിരുന്നതു്. സുവിശേഷവായന, പൊതുപ്രാർത്ഥന, സമാധാനചുംബനം എന്നിവയ്ക്കുശേഷമായിരുന്നു അപ്പംമുറിക്കൽശുശ്രൂഷ. എല്ലാവരും ഒരേഅപ്പത്തിൽനിന്നുതന്നെയാണു ഭക്ഷിച്ചിരുന്നതു്. വരപ്രസാദജീവൻെറ നീർച്ചാലുകളായ മറ്റുകൂദാശകൾ പരികർമ്മം ചെയ്യപ്പെട്ടിരുന്നതും ഞായറാഴ്ചയായിരുന്നു. ഉദാഹരണത്തിനു്, മാമ്മോദീസാ.

അപ്പസ്തോലികകാലത്തെ ക്രൈസ്തവർ നിശ്ചിതസമയത്തു് കൂട്ടമായി പ്രാർത്ഥിച്ചിരുന്നു. മൂന്നുമണിക്കും ആറുമണിക്കും ഒമ്പതുമണിക്കും അവർ പ്രാർത്ഥിച്ചിരുന്നതായി അപ്പസ്തോലികനടപടികൾ സാക്ഷ്യംവഹിക്കുന്നു. ക്രിസ്തുവിൻെറ പീഡാനുഭവവും ഉയിർപ്പുമായിരുന്നു അവരുടെ ധ്യാനവിഷയം ക്രിസ്തു ഉത്ഥാനംചെയ്ത ഞായറാഴ്ചദിവസം വിജയത്തിൻേറയും സന്തോഷത്തിൻേറയും ദിനമായി ആചരിച്ചുപോന്നു. ഉത്ഥാനംചെയ്ത ക്രിസ്തുവിനോടുകൂടി തങ്ങളും ഉയിർത്തെഴുന്നേററ എന്നതിൻെറ സൂചനയായി വിശ്വാസപ്രമാണം എഴുന്നേററുനിന്നുകൊണ്ടാണുചൊല്ലിയിരുന്നതു്. യഥാർത്ഥത്തിൽ ആരാധനക്രമനിർല്ലീനമായിരുന്നു അന്നത്തെ ക്രൈസ്തവജീവിതം.

**രണ്ടും മൂന്നും നൂററാണ്ടുകളിൽ**

അപ്പസ്തോലികകാലത്തിനുശേഷം, കാലദേശവ്യത്യാസമനുസരിച്ചു ആരാധനക്രമം വളരാൻതുടങ്ങി. ഇതിനെപ്പററി മുമ്പൊരിക്കൽ പ്രസ്താവിച്ചിട്ടുണ്ടു് (രണ്ടാമദ്ധ്യായം കാണുക.)

**നാലാംനൂററാണ്ടിൽ**

നാലാംനൂററാണ്ടു ചരിത്രത്തിൻെറ വഴിത്തിരിവാണു്. ലിററർജിയിലും വലിയ പരിവർത്തനങ്ങൾ നടന്നു, ഇക്കാലഘട്ടത്തു്. റോമാസാമ്രാജ്യത്തിൽ സഭ വ്യാപിച്ചുകഴിഞ്ഞിരുന്നു.

1. Acts, 2, 46

www.malankaralibrary.com

നാലാംനൂററാണ്ടോടുകൂടി, സഭ ബാർബേറിയന്മാരുടെ ഇടയിലേക്കും ഇറങ്ങിച്ചെന്നു. വ്യത്യസ്ഥസംസ്കാരമുള്ളവരും, വ്യത്യസ്ഥരാജ്യക്കാരും സഭയുടെ തണലിൽ അഭയംപ്രാപിച്ചു അവരെയെല്ലാം യോജിപ്പിച്ച ശൃംഖല ലിററർജിയായിരുന്നു. സഭ, അന്നു നിലവിലിരുന്ന സംസ്കാരങ്ങളെയും, ജനപദങ്ങളെയും ക്രൈസ്തവീകരിച്ചതോടെ, അവയുടെ സാംസ്കാരികവും മതപരവുമായ പല ആചാരങ്ങളും വിളഭൂമിയായ സഭയിൽ വിലയം പ്രാപിച്ചു. സഭയുടെ ആന്തരിക പരിശുദ്ധിയും മനോജ്ഞമായ രക്ഷാകരസന്ദേശവും ലോകത്തിനു മനസ്സിലായതു ആരാധനക്രമത്തിലൂടെയാണ്.

### റീത്തുകൾ

ആരാധനക്രമങ്ങളുടെ വളർച്ചയുടേയും വികാസത്തിന്റേയും ഫലമായി റീത്തുകൾ സംജാതമായി. റീത്തുകളുടെ ഉത്ഭവം, വളർച്ച, വിഭജനം ഇവയേപ്പററി മുമ്പു പ്രസ്താവിച്ചിട്ടുണ്ട് (രണ്ടാമദ്ധ്യായം)

## പാശ്ചാത്യപൗരസ്ത്യ ആരാധനക്രമങ്ങൾ

### നാലാംനൂററാണ്ടുമുതൽ യൂറോപ്യൻനവോത്ഥാനംവരെ

ചുരുക്കംചിലവയൊഴിച്ചു പൗരസ്ത്യറീത്തുകളെല്ലാം അവയുടെ ആദ്യപരിശുദ്ധി ഇന്നും സംരക്ഷിച്ചുപോരുന്നു. പരമ്പരാഗതമായി അവയ്ക്കു ലഭിച്ച ആരാധനക്രമത്തിൽ കണക്കിലെടുക്കത്തക്ക വിപ്ലവമോ നവോത്ഥാനമോ, പരിഷ്കാരമോ ഉണ്ടായിട്ടില്ല.

നേരെമറിച്ച്, പാശ്ചാത്യറീത്തുകളിൽ കാലദേശവ്യത്യാസമനുസരിച്ചു പല വ്യതിയാനങ്ങളും സംഭവിച്ചു. എങ്കിലും, വലിയ, വ്യത്യാസങ്ങൾ ഉണ്ടായതു് യൂറോപ്യൻ നവോത്ഥാനത്തോടുകൂടിയാണ്.

www.malankaralibrary.com

## യൂറോപ്യൻനവോത്ഥാനവും മതനവീകരണവും

കലയിലും ശാസ്ത്രത്തിലും രാഷ്ട്രീയസാമൂഹ്യബന്ധങ്ങളിലും ഉണ്ടായ നവോത്ഥാനം ആരാധനക്രമത്തിലും പ്രതിഫലിച്ചു. നവോത്ഥാനത്തോടെ പല പഴഞ്ചൻ പാരമ്പര്യങ്ങൾക്കും ഇളക്കംതട്ടി. ആരാധനക്രമത്തിലും അതിൻെറ പ്രത്യാഘാതങ്ങൾ ഉണ്ടാകാതിരുന്നില്ല. യൂറോപ്യൻനവോത്ഥാനം കലയിലും സാഹിത്യത്തിലും വരുത്തിയ പരിഷ്ക്കാരങ്ങൾ ആരാധനക്രമത്തോടനുബന്ധപ്പെട്ട കലയേയും സാഹിത്യത്തേയും സാരമായി ബാധിച്ചു. ശില്പകല പുരോഗമിച്ചതിൻെറ ഫലമായി ബ്രഹ്മാണ്ഡങ്ങളായ ഗോത്തിക്ക കത്തീഡ്രലുകൾ ഉയർന്നുവന്നു. പള്ളികളും കത്തീഡ്രലുകളും കലാകേന്ദ്രങ്ങളായിത്തീർന്നു. അക്കാലത്തെ മാർപ്പാപ്പമാർ കലാകുതുകികളും നവോത്ഥാനത്തിൻെറ പ്രണേതാക്കളുമായിരുന്നു. മാർപ്പാപ്പമാരുടെ വസതികൾ കലാകാരന്മാരുടെ സങ്കേതങ്ങളായിത്തീർന്നു. മൈക്കൾ ആഞ്ചലോ, റാഫേൽ, ലെയോനാർഡോ ഡാവിൻചി തുടങ്ങിയ അതുല്യകലാകാരന്മാർ മാർപ്പാപ്പമാരുടെ സംരക്ഷണയിലും പ്രോത്സാഹനത്തിലുമാണ് തങ്ങളുടെ അനശ്വരകലാസൃഷ്ടികൾക്ക രൂപംകൊടുത്തത്. നവോത്ഥാനത്തെ തുടർന്നുണ്ടായ മതനവീകരണമാണ്, ആരാധനക്രമത്തിൽ സാരവത്തായ അബദ്ധപഠനങ്ങൾ അവതരിപ്പിച്ചത്. മതനവീകരണത്തിൻെറ അനന്തരഫലങ്ങളായ ആദ്ധ്യാത്മികാധഃപതനവും പാഷണ്ഡതകളും ആരാധനക്രമങ്ങളിൽ വ്യതിയാനങ്ങളുണ്ടാക്കി. ലൂഥർ, കാൽവിൻ തുടങ്ങിയ മതനവീകരണകർത്താക്കൾ, സഭയിൽ നിലവിലിരുന്ന ആരാധനക്രമങ്ങളിൽ ചിലവയെ ചോദ്യംചെയ്തു; വി. കർബ്ബാനയിലെ ക്രിസ്തുവിൻെറ യഥാർത്ഥസാന്നിദ്ധ്യം, മാതാവിനോടും വിശുദ്ധരോടുമുള്ള വണക്കം, ശുദ്ധീകരാത്മാക്കൾക്കുവേണ്ടിയുള്ള പ്രാർത്ഥന മുതലായവ ചോദ്യം ചെയ്യപ്പെട്ടുകയും തിരസ്കരിക്കപ്പെട്ടുകയുംചെയ്തു. ജാൻസനിസ്റ്റ്.കൾ ബാഹ്യവും പരസ്യവുമായ ആരാധനസമ്പ്രദായത്തെ എതിർത്തു.



www.malankaralibrary.com

പതിനാറം പതിനേഴും നൂററാണ്ടിലെ സ്ഥിതി ഇതേവിധത്തിലായിരുന്നു. പതിനെട്ടാം നൂററാണ്ടിൽ യൂറോപ്പിനെപിടിച്ചു കുലുക്കിയ സംഭവമാണു് ഫ്രഞ്ചുവിപ്ലവം. വിശുദ്ധരുടെ പിള്ളത്തൊട്ടിലെന്നും സഭയുടെ പ്രഥമപുത്രിയെന്നും അറിയപ്പെട്ടിരുന്ന ഫ്രാൻസിൽ സഭ മർദ്ദിക്കപ്പെട്ടു. വിപ്ലവശേഷമുണ്ടായ അരാജകത്വം വളരെയധികം പുതിയ സ്ഥിതിവിശേഷങ്ങൾ അവിടെ അഴിച്ചുവിട്ടു. ഇതിൻെറയെല്ലാം ഫലമായി ആരാധനക്രമജീവിതം അവിടെ അധഃപതിച്ചു.

## ആരാധനക്രമത്തിൻെറ ഉയിർത്തെഴുന്നേല്പു്

വിപ്ലവത്തിൻെറ കെടുതികളിൽക്കിടന്നു നരകിച്ച ഫ്രാൻസിൽത്തന്നെയാണു് സമാധാനത്തിൻെറ വെള്ളിവെളിച്ചം വീശിയതു്. ഫ്രാൻസിലാണു് ആദ്യമായി ലിററർജിക്കൽപ്രസ്ഥാനം മുളയെടുത്തതു്. അവിടത്തെ ബനഡിക്ടയിൻ സഭക്കാരാണു് ഈ പുനരുജ്ജീവനത്തിൻെറ പിന്നിൽ പ്രവർത്തിച്ചതു്. സൊലേർമ്സിലെ ആബട്ടായിരുന്ന ഡോം ഗുരാങ്ങ് **(Dom Guerangu)** ആയിരുന്നു ആരാധനക്രമജീവിതത്തെ വീണ്ടെടുക്കുന്നതിനു ശ്രമിച്ചവരിൽ പ്രധാനി. ആദ്യം ഫ്രാൻസിലും പിന്നീടു മററു യൂറോപ്യൻ രാജ്യങ്ങളിലും ആശ്രമങ്ങൾ സ്ഥാപിച്ചു്, ആരാധനക്രമത്തെ സംരക്ഷിച്ചുപോന്നതു് അദ്ദേഹത്തിൻെറ പരിശ്രമത്താലായിരുന്നു. ഫ്രാൻസിലെ സഭയെയും, ആരാധനക്രമത്തെയും കടപുഴക്കിയെറിയുവാൻ ഗാള്ളിക്കനിസവും ജാൻസനിസവും ശ്രമിച്ചിരുന്ന കാലത്താണു് ഡോംഗുരാങ്ങ് രംഗത്തുവന്നതു്. അപ്പസ്തോലികകാലത്തിലേക്കു തിരിച്ചുപോകുക, അതായിരുന്നു അദ്ദേഹത്തിൻെറ ആഹ്വാനം. ആരാധനക്രമത്തെപ്പററി വളരെയധികം എഴുതി പ്രസിദ്ധീകരിക്കയും ചെയ്തിട്ടുണ്ടു് അദ്ദേഹം. ആരാധനക്രമവത്സരവൃത്തത്തെപ്പററി ആധികാരികമായി ആദ്യമായി ഒരു പുസ്തകം എഴുതിയതു് അദ്ദേഹമാണു്. ആരാധനക്രമസംബന്ധമായ പ്രസിദ്ധീകരണങ്ങളിൽ അതീവതല്പരനായിരുന്ന ഡോം

www.malankaralibrary.com

ഗ്ഗുരാങ്ങ് അനേകം ലേഖനങ്ങളുമെഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ ബനഡിക്ടയിൻ സന്യാസികൾ മററ യൂറോപ്യൻ രാജ്യങ്ങളിലും ലിററർജിക്കൽ സംരംഭങ്ങളാരംഭിച്ചു.

**ബൽജിയത്തിൽ**

ഫ്രാൻസിൽ ആരംഭിച്ച ആരാധനക്രമനവോത്ഥാനത്തിന്റെ കാററ് ആദ്യമായി വീശിയതു ബൽജിയത്തിലാണ്. 1881-ൽ ലീയിൽ നടന്ന ദിവ്യകാരുണ്യകോൺഗ്രസ്സിൽ ഇതെപ്പററി പരാമർശമുണ്ടായി. ലുവെയിനിലെ ബനഡിക്ടയിൻ ആബിയായിരുന്നു ബൽജിയത്തിലെ ലിററർജിക്കൽ നവോത്ഥാനത്തിന്റെ കേന്ദ്രം.

**ജർമ്മനിയിൽ**

ഫ്രഞ്ചുവിപ്ലവത്തിനുശേഷം യൂറോപ്പിലാകമാനം കോളിളക്കങ്ങളുണ്ടായി-ചിന്താമണ്ഡലത്തിലും ആദ്ധ്യാത്മികമണ്ഡലത്തിലും. യുക്തിമാത്രവാദമാണ് ഇവയുടെയെല്ലാം മുൻപന്തിയിൽ നിന്നിരുന്നതു്. ജർമ്മനിയിൽ ലിററർജിക്കൽ പ്രസ്ഥാനത്തിന്റെ വളർച്ച സാവധാനത്തിലായിരുന്നു. ജർമ്മൻ ദൈവശാസ്ത്രജ്ഞന്മാരിൽ സഭയെപ്പററിയുള്ള ആശയം അല്പം വിഭിന്നമായിരുന്നു. ജാൻസനിസത്തിന്റെ സ്വാധീനം കാരണം ഇതിൽനിന്നും ജർമ്മനിയിലെ സഭയെ രക്ഷിച്ചതു് ലിററർജിക്കൽ നവോത്ഥാനമാണ്. ജർമ്മനിയിൽ തുബിഞ്ചൻസർവ്വകലാശാലയായിരുന്നു കേന്ദ്രം. 19-ാം നൂററാണ്ടവസാനത്തോടെ സഭയെപ്പററി ശരിയായ വീക്ഷണഗതി ജർമ്മനിയിൽ ഉണ്ടായി. പാരമ്പര്യത്തിലും സഭാപിതാക്കന്മാരുടെ പഠനങ്ങളിലും അടിസ്ഥിതമായ ഈ പുത്തനാശയത്തിന്റെ പ്രചാരത്തോടെ ലിററർജിക്കൽ പ്രസ്ഥാനം ജർമ്മനിയിൽ വേരൂന്നുകയും സ്ഥായിയായ ഫലങ്ങൾ പുറപ്പെടുവിക്കാൻ തുടങ്ങുകയും ചെയ്തു.

www.malankaralibrary.com

### ഇംഗ്ലണ്ടിൽ

മദ്ധ്യയുഗങ്ങളിൽ ഇംഗ്ലണ്ടിനു് ലിററർജിയിൽ ഒന്നാം സ്ഥാനമാണുണ്ടായിരുന്നതു്. കർദ്ദിനാൾ ന്യൂമാൻെറ നേതൃത്വത്തിലുണ്ടായ ഓക്സ്ഫോർഡ് പ്രസ്ഥാനമാണു് ഇംഗ്ലണ്ടിൽ ലിററർജിക്കൽ നവോത്ഥാനത്തിനു ആവേശവും ചൈതന്യവും പകർന്നുകൊടുത്തതു്. അപ്പസ്തോലിക കാലത്തേക്കു തിരിച്ചു പോവുകയെന്നതായിരുന്നു ന്യൂമൻേറയും സഹപ്രവർത്തകരുടേയും ആഹ്വാനം. കർദ്ദിനാൾ വൈസ്മാൻെറ ലേഖനങ്ങളും നവോത്ഥാനത്തിനു മുതൽക്കൂട്ടായിത്തീർന്നിട്ടുണ്ടു്.

### മററു യൂറോപ്യൻ രാജ്യങ്ങളിൽ

സ്പെയിൻ, ഇററലി, പോർട്ടുഗൽ മുതലായ മററുയൂറോപ്യൻ രാജ്യങ്ങളിൽ ലിററർജിക്കൽ ഉണർവ്വ് കാര്യമായുണ്ടായില്ല. അവിടങ്ങളിലെല്ലാം ഭക്തിമാർഗ്ഗങ്ങൾ ഒരുവക 'അവനവനിസം' പോലെ കണക്കാക്കിയിരുന്നതുകൊണ്ടാണു്, പൊതുവായ, സർവ്വംസ്പർശിയായ മാററങ്ങൾ ഉണ്ടാകാതിരുന്നതു്.

## പൗരസ്ത്യറീത്തുകളിൽ

ഇരുപതാംനൂററാണ്ടു് ആരംഭംവരെ പാശ്ചാത്യസഭയിൽ (ലത്തീൻ) ആരാധനക്രമത്തിൽ നടന്ന സംഭവവികാസങ്ങളാണിവ. എന്നാൽ പൗരസ്ത്യസഭയിലെ റീത്തുകളിൽ ലിററർജിക്കൽ നവോത്ഥാനം ഗണ്യമായി ഉണ്ടായില്ല. അവ ഇന്നും അപ്പസ്തോലികപാരമ്പര്യമുള്ള തങ്ങളുടെ ആരാധനക്രമങ്ങളെ കലർപ്പുകൂടാതെ സംരക്ഷിച്ചുപോരുന്നു. പൗരസ്ത്യാരാധനക്രമങ്ങളെല്ലാം വർണ്ണശബളങ്ങളും മനോഹരങ്ങളുമാണു്. ദൈവാലയം ഭൂമിയിലെ സ്വർഗ്ഗമായും ആരാധനക്രമം സ്വർഗ്ഗീയലിററർജിയുടെ ഒരു ഭാഗമായുമാണു് അവർ കരുതുന്നതു്. അങ്ങനെ ആരാധനക്രമത്തിലൂടെ പുണ്യവാന്മാരുടെ ഐക്യത്തിൽ അവരും ഭാഗഭാക്കുകളാകുന്നു.

www.malankaralibrary.com

## ഇരുപതാംനൂററാണ്ടിൽ

ഇരുപതാംനൂററാണ്ടിൻെറ പിറവിയോടേ ലിററർജിക്കൽ പ്രസ്ഥാനം നവോന്മേഷം കൈക്കൊണ്ടു. ഇതുവരെ സന്യാസസഭകളുടേയും വ്യക്തികളുടേയും മേൽനോട്ടത്തിലാണ് ഇതു വളർന്നുവന്നതു്. എന്നാൽ വി. പത്താംപീയൂസ് പത്രോസിൻെറ സിംഹാസനത്തിൽ ആരൂഢനായതോടെ ആരാധനക്രമനവോത്ഥാനം മാർപ്പാപ്പായുടെ പ്രത്യേക ശ്രദ്ധയ്ക്കും പരിഗണനക്കും വിധേയമായി. "ക്രിസ്തുവിൽ എല്ലാം പുനരുദ്ധരിക്കുക'' എന്ന മുദ്രാവാക്യം സ്വീകരിച്ചുകൊണ്ടു് ലിററർജിയിൽ വലിയ പരിഷ്കാരങ്ങൾ അദ്ദേഹം വരുത്തി. അദ്ദേഹം തിരുക്കർമ്മഗീതങ്ങളെപ്പററി ഒരു ചാക്രികലേഖനംതന്നെ എഴുതി. അടുക്കലടുക്കലുള്ള ദിവ്യകാരുണ്യസ്വീകരണവും കുട്ടികളുടെ ദിവ്യകാരുണ്യസ്വീകരണവും അദ്ദേഹം അനുവദിച്ചു.

### പന്ത്രണ്ടാം പീയൂസും 'മേദിയാത്തോർ ദേയിയും'

വി. പത്താംപീയൂസിനുശേഷം, ലിററർജിക്കൽ പ്രസ്ഥാനത്തെ ഏററവും കൂടുതൽ പ്രോത്സാഹിപ്പിച്ചതു് പന്ത്രണ്ടാം പീയൂസ് പാപ്പായാണ്. ആരാധനക്രമത്തെക്കുറിച്ചു് അദ്ദേഹം 1947-ൽ പുറപ്പെടുവിച്ച 'മേദിയാത്തോർ ദേയി' എന്ന ചാക്രികലേഖനം ഇതിനു സാക്ഷ്യം വഹിക്കുന്നു. ഈ ഗ്രന്ഥത്തിലെ ആദ്യഭാഗങ്ങൾ ആ ചാക്രികലേഖനത്തിൻെറ വെറും വിശദീകരണങ്ങൾ മാത്രമാണ്. സഭയിലെ ആരാധനക്രമത്തെപ്പററിയുള്ള ആധികാരികമായ ആദ്യത്തെ ചാക്രികലേഖനമാണതു്. ഇക്കഴിഞ്ഞ രണ്ടുവ്യാഴവട്ടക്കാലത്തിൽ ആരാധനക്രമത്തിൽ ഉണ്ടായിട്ടുള്ള പരിഷ്കാരങ്ങളുടെ അടിസ്ഥാനതത്വങ്ങൾ എല്ലാംതന്നെ അതിൽനിന്നാണു സ്വീകരിക്കപ്പെട്ടിട്ടുള്ളതു്.

### ആരാധനക്രമവും രണ്ടാംവത്തിക്കാൻ സൂനഹദോസും

ആധുനികയുഗത്തിലെ ഏററവും വലിയ സംഭവമായ രണ്ടാംവത്തിക്കാൻ സൂനഹദോസ് ആരാധനക്രമചരിത്രത്തിൽ

www.malankaralibrary.com

ഏററവും വലിയ വിപ്ലവമുണ്ടാക്കിയിരിക്കുന്നു. സൂനഹദോസി ന്റെ ആദ്യചർച്ചാവിഷയം തന്നെ ആരാധനക്രമത്തെ സംബ ന്ധിച്ചായിരുന്നു. കത്തോലിക്കാസഭയിൽ ഒരു നവോത്ഥാനം ഉളവാക്കുകയാണ് സൂനഹദോസിന്റെ പ്രധാനലക്ഷ്യം. സഭയു ടെ ആരാധനക്രമത്തിലുള്ള സജീവമായ ഭാഗഭാഗിത്വമാണ് ക്രൈസ്തവജീവനെ ഉദ്ധരിക്കുന്നതും നവീകരിക്കുന്നതും. അതു കൊണ്ടാണ് ലിററർജിതന്നെ ആദ്യത്തെ ചർച്ചാവിഷയമാക്കിയതു്. ചർച്ചയുടെ പ്രധാന അവലംബം 'മേദിയാത്തോർ ദേയി' ആയിരുന്നു. ആരാധനക്രമത്തിന്റെ നിർവ്വചനം, സ്വഭാവം, വി. കുർബ്ബാന, കൂദാശകൾ, കാനോനനമസ്കാരം, കൌദാശികങ്ങൾ മുതലായവ ചർച്ചയിൽ ഉൾപ്പെട്ടു. ആദ്യസമ്മേളനം മുഴുവൻ ഇതേപ്പററി പഠിക്കുന്നതിനാണു സഭാപിതാക്കന്മാർ ചിലവഴിച്ചതു്. സ്വതന്ത്രവും പുരോഗമനപരവുമായ വളരെയധികം അഭിപ്രായങ്ങളും ഭേദഗതികളും അവതരിപ്പിക്കുകയുണ്ടായി. ഏററവും ചൂടുപിടിച്ച വാദപ്രതിവാദമുണ്ടായതു് ആരാധനക്രമഭാഷയെപ്പററിയാണു്. ദേശീയഭാഷകൾ ആരാധനക്രമത്തിൽ ഉപയോഗിക്കണം എന്ന പ്രമേയത്തിനു സാർവ്വത്രിക പിന്തുണ ലഭിച്ചു.

ഒരു ആമുഖവും എട്ടദ്ധ്യായങ്ങളും കൂടിയതായിരുന്നു ലിററർജിയെ സംബന്ധിക്കുന്ന പ്രമേയം. അദ്ധ്യായങ്ങൾ പല ആർട്ടിക്കിൾസ് ആയി പിന്നേയും തിരിച്ചിട്ടുണ്ടു്. ലിററർജിയെ സംബന്ധിക്കുന്ന പൊതുതത്വങ്ങൾ, വി. കുർബ്ബാന, കൂദാശകൾ കൂദാശാനുകരണങ്ങൾ, കാനോനനമസ്കാരം, പഞ്ചാംഗം, തിരുവസ്ത്രങ്ങൾ, തിരുക്കർമ്മഗീതം, മതപരമായ കല ഇവയാണു് എട്ടു് അദ്ധ്യായങ്ങൾ. ചർച്ചകളുടേയും പഠനത്തിന്റേയും എല്ലാം തീരുമാനങ്ങൾ എടുത്തതു് രണ്ടാം സമ്മേളനത്തിന്റെ അവസാനത്തിലാണു്.

## ആരാധനക്രമത്തെസ്സംബന്ധിക്കുന്ന ഡിക്രി

1963 ഡിസംബർ 4-ാംതീയതി രണ്ടാംവത്തിക്കാൻ സൂനഹദോസിന്റെ രണ്ടാംഘട്ടത്തിൽ സന്നിഹിതരായിരുന്ന

www.malankaralibrary.com

സഭാപിതാക്കന്മാരുടെ പൂർണ്ണസമ്മേളനത്തിൽ, ആരാധനക്രമത്തെപ്പററിയുള്ള ഡിക്രി അംഗീകരിച്ചു. രണ്ടാം വത്തിക്കാൻ സൂനഹദോസു പാസ്സാക്കിയ ആദ്യത്തെ ഡിക്രിയാണതു്. ആരാധനക്രമത്തിൻെറ ശ്രേഷ്ഠതയേയും, പ്രാധാന്യത്തേയും സംബന്ധിച്ചുള്ള ആ ഡിക്രി സൂനഹദോസിൻെറ വമ്പിച്ച വിജയത്തിൻെറ സൂചനയാണു്. ആരാധനക്രമത്തെപ്പററിയുള്ള ആധികാരികവും പ്രാമാണികവുമായ രേഖയാണതു്. ഇനിമുതൽ ക്രൈസ്തവാരാധനക്രമത്തെ നിയന്ത്രിക്കുന്നതും മുൻപോട്ടുനയിക്കുന്നതും ആ ഡിക്രിയിലെ തത്വങ്ങളും നിർദ്ദേശങ്ങളുമായിരിക്കും. (ഈ ഗ്രന്ഥത്തിൻെറ ഉപോദ്ഘാതത്തിൽ ഡിക്രിയെപ്പററി വിശദമായി പറയുന്നുണ്ടു്.)

ഇന്നു് ആരാധനക്രമത്തിനു് ക്രൈസ്തവജീവിതത്തിൽ ഏററം പ്രധാനപ്പെട്ട സ്ഥാനമാണുള്ളതു്. ഡിക്രിയിലെ നിർദ്ദേശങ്ങൾ സജീവങ്ങളും പ്രായോഗികങ്ങളുമാക്കി ക്രിസ്തീയജീവിതത്തിൽ പകർത്തേണ്ടിയിരിക്കുന്നു. ലിററർജിയും ജീവിതവും തമ്മിൽ സാത്മ്യം പ്രാപിക്കണം. ക്രൈസ്തവജീവിതത്തെ പവിത്രീകരിക്കുന്നതിനും പ്രഫുല്ലമാക്കുന്നതിനും ആരാധനക്രമത്തിൻെറപങ്കു് എന്താണു്? അതാണു് ഇനിയത്തെ ചർച്ചാവിഷയം.

## ലിററർജിയും ആത്മവിശുദ്ധീകരണവും

നിത്യജീവൻെറ ഉറവിടമായ ക്രിസ്തുവുമായുള്ള ഐക്യമാണു് ആദ്ധ്യാത്മികജീവൻെറ കാതൽ. ക്രിസ്തുവുമായി ഐക്യം പ്രാപിക്കുന്നതിനുള്ള ഉപാധിയാണു് ആരാധനക്രമം. ഒരു കത്തോലിക്കൻെറ ജീവിതം ലിററർജിയിൽ മുളയെടുക്കുന്നു; ലിററർജിയിൽ വളരുന്നു; ലിററർജിയിൽ ശക്തിപ്രാപിക്കുന്നു. പിള്ളത്തൊട്ടിൽമുതൽ കുഴിമാടംവരെ അവൻെറ ജീവിതം ആരാധനക്രമത്തിൽ ആമഗ്നമാണു്. അതുവെറും ബാഹ്യാചാരങ്ങളിൽ അധിഷ്ഠിതമായാൽ മാത്രംപോരാ.

www.malankaralibrary.com

ആത്മവിശുദ്ധീകരണത്തിന പര്യാപ്തമാകത്തക്കവിധം ആന്തരികമായി നമ്മുടെ ജീവിതത്തെ ആരാധനക്രമത്തിലാഴ്ത്തണം.[1] അതുകൊണ്ടാണ് 11-ാംപിയൂസുപാപ്പാ പറഞ്ഞത്, ആരാധനക്രമപരമായ ഏതെങ്കിലും കർമ്മത്താൽ പവിത്രീകൃതമാകാത്ത ഒരു വിനാഴികയും നമ്മുടെ ജീവിതത്തിലെണ്ണുവാനില്ല എന്ന്.

യുഗങ്ങളിലൂടെയുള്ള ക്രിസ്തുവിൻെറ ജീവിതരഹസ്യങ്ങളുടെ ആവർത്തനമാണു ലിററർജി. അതു് അവിടുത്തെ നിത്യപൗരോഹിത്യത്തിൻെറ പ്രവർത്തനമാണ്. ആ പൗരോഹിത്യത്തിലുള്ള ഭാഗഭാഗിത്വമാണ് ആദ്ധ്യാത്മികജീവിതത്തിൻെറ സുനിശ്ചിതവും സർവസരളവുമായ സരണി. ക്രിസ്തുവിൽ നിറഞ്ഞുനില്ക്കുന്ന ദൈവികജീവൻ, തൻെറ മൗതീകശരീരത്തിലെ സജീവാവയവങ്ങളിലേക്കു് പ്രവഹിക്കുമ്പോരം അവയിൽ ആദ്ധ്യാത്മികജീവൻ സമൃദ്ധമായുണ്ടാകും. അങ്ങനെ, വിശ്വാസികരം അവിടുത്തെ പൗരോഹിത്യപ്രവർത്തനങ്ങളിൽ-ആരാധനക്രമത്തിൽ-സജീവമായി പങ്കെടുക്കുമ്പോരം അവരിൽ ദൈവികജീവൻ ഉണ്ടാകുന്നു. അങ്ങനെ, ആദ്ധ്യാത്മിക വിശുദ്ധി കരഗതമാകുന്നു. അതുകൊണ്ടാണ ലിററർജി വിശുദ്ധിയുടെ വിദ്യാലയവും പരിപൂർണ്ണതയിലേക്കുള്ള വിശാലപാതയുമായി പരിഗണിക്കപ്പെടുന്നതു്.[2] "വഴിയും സത്യവും ജീവനും"[3] ക്രിസ്തുവായതുകൊണ്ടും ക്രിസ്തുവിൽക്കൂടിയല്ലാതെ ആരും പിതാവായ ദൈവത്തിൽ എത്തിച്ചേരുന്നില്ലാത്തതുകൊണ്ടും ആദ്ധ്യാത്മികജീവിതത്തിൻെറ കേന്ദ്രമായ ക്രിസ്തുവിനെ നാം കണ്ടുപിടിക്കണം. ലിററർജിയിലാണ്-ദിവ്യബലി, കൂദാശകരം, കാനോനനമസ്കാരം, കൂദാശാനുകരണങ്ങരം എന്നിവയിലാണ്-നമുക്കതു സാധിക്കുക

1. Clynes Raphael O. F.M, Liturgy and Christian Life, St. Antony's Guild press, Paterson, New Jercy, 1960 P. XI
2. Clynes Raphael O. F. M., *op. cit.* p. 26
3. Jn. 14:16

www.malankaralibrary.com

പ്രഥമവും പ്രധാനവുമായി ദിവ്യബലിയിലാണു് നാം ക്രിസ്തുവിനെ കണ്ടെത്തേണ്ടതു്. ഗാഗുൽത്തായിൽ അർപ്പിച്ച അതേ ബലിയുടെ ആവർത്തനമാണു ദിവ്യബലി. ക്രിസ്തുവിനോടുകൂടി അവിടുത്തെ മൗതീകശരീരത്തിലെ അംഗങ്ങളായ വിശ്വാസികളുംസഹാർപ്പകരാണു്. നമ്മുടെ ജീവിതംതന്നെ ബലിയുംസമർപ്പണവുമായി മാറേണ്ടിയിരിക്കുന്നു. ക്രിസ്തുവിൻെറ ബലിയിൽ കൂദാശചെയ്യപ്പെടുന്ന ജീവൻെറ അപ്പമാണു് നമ്മെ പരിപോഷിപ്പിക്കേണ്ടതു്. അതു് ഇഹത്തിൽ ആദ്ധ്യാത്മികശക്തിയും പരത്തിൽ നിത്യജീവനും പ്രദാനംചെയ്യും. ബലിയർപ്പണം മാത്രമല്ല, ആദ്ധ്യാത്മികവിശുദ്ധിക്കുപയുക്തമായിരിക്കുന്നതു്. പ്രാർത്ഥനാനിർഭരങ്ങളായ ഇതരഘടകങ്ങളും - കൂദാശകൾ, കാനോനനമസ്കാരം, കൂദാശാനുകരണങ്ങൾ - ആദ്ധ്യാത്മികവിശുദ്ധി പകർന്നുതരുവാൻ പര്യാപ്തങ്ങളാണു്. ക്രിസ്തുവിൻെറ ജീവിതരഹസ്യങ്ങളെപ്പററി ധ്യാനിക്കുന്നതിനും അനുകരണയോഗ്യമായ ആ ജീവിതത്തെ അനുകരിക്കുന്നതിനുമുള്ള ആവേശവും ആവേഗവും അവ പകർന്നു തരുന്നു. ക്രിസ്തുവിൻെറ ജീവിതരഹസ്യങ്ങളെ കാലാനുസൃതമായും കാലാനുഗുണമായും വിഭജിച്ചു് ആരാധനക്രമവത്സരവൃത്തം രൂപീകരിച്ചിരിക്കുന്നതു്, ആദ്ധ്യാത്മികജീവിതത്തിൽ അനുദിനം നവചൈതന്യവും ഉത്തേജനവും പ്രദാനംചെയ്യുവാൻ പര്യാപ്തമാണു്. അതുകൊണ്ടു് ലിററർജി ഒരൊന്നാംതരം ആദ്ധ്യാത്മികഗുരുവുംകൂടിയാണെന്നുപറയാം.

ആണ്ടുവട്ടത്തിൽ പലപ്രാവശ്യം മാംസവർജ്ജനവും ഉപവാസവും നിർദ്ദേശിച്ചുകൊണ്ടു് ലിററർജി മനുഷ്യനെ പുണ്യപരിപൂർണ്ണതയിലേക്കു നയിക്കുന്നു. അതു് ആത്മാവിലേക്കു ദൈവവരപ്രസാദപ്രവാഹത്തിനുള്ള ചാലുകീറുന്നു. പുണ്യപരിപൂർണ്ണതയ്ക്കായി സന്യാസികൾ നടത്തുന്ന വ്രതവാഗ്ദാനത്തിലും ലിററർജിയുടെ ധ്വനിയുണ്ടു്. അഥവാ അതു ലിററർജിക്കലാണു്. കാരണം, ബലിപീഠത്തിനുതാഴെ, ബലിയോടനുബന്ധിച്ചാ

www.malankaralibrary.com

ണ് അതു നിവ്വഹിക്കപ്പെടുന്നതു്. "ക്രിസ്തുവിനെ ധരിക്കുക"[1] എന്ന സെൻപോളിൻെറ ആജ്ഞയും ലിററർജിയിൽ അന്വത്ഥമാകുന്നുണ്ട്. കൂദാശകൾവഴി ക്രിസ്തു മനുഷ്യരെ സ്വാവയവങ്ങളെന്നപോലെ തന്നോടു സംയോജിപ്പിക്കുന്നു. ബലിയിൽ ക്രിസ്തു പിതാവായ ദൈവത്തിനു സ്വയം സമപ്പിക്കുന്നതോടൊന്നിച്ചു മാനവകുലത്തെ മുഴുവനും സമപ്പിക്കുന്നു. കാനോന നമസ്കാരത്തിൽ ഈ സമർപ്പണം സ്തുതിഗീതങ്ങൾവഴി പൂത്തിയാക്കപ്പെടുന്നു.

## ലിററർജിയിൽ പങ്കെടുക്കേണ്ടതെങ്ങനെ ?

ആദിമക്രിസ്ത്യാനികളുടെ മാതൃക ഇക്കാര്യത്തിൽ നമുക്ക് ഉത്തേജനം നല്കട്ടെ. അവരുടെ സമൂഹപ്രാത്ഥനയും സമൂഹബലിയും കാലത്തിൻെറ കുത്തൊഴുക്കിൽ അപ്രത്യക്ഷമായി; പുത്തൻസിദ്ധാന്തങ്ങളുടെ കുതിച്ചുകയററത്തിൽ മറഞ്ഞുപോയി. ആരാധനക്രമത്തിൽ തങ്ങൾക്കുള്ള പങ്കിനെപ്പററി ആദിമക്രിസ്ത്യാനികൾ തികച്ചും ബോധവാന്മാരായിരുന്നു. വി. പത്രോസുതന്നെ അവരെ അതനുസ്മരിപ്പിച്ചിരുന്നതായും കാണുന്നു. "നിങ്ങൾ ഒരു വിശുദ്ധ സമൂഹവും ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനവുമാകുന്നു. അരൂപിയിലും സത്യത്തിലും മനോജ്ഞവും പവിത്രവുമായ ആരാധനവഴി പിതാവിനെ മഹത്വപ്പെടുത്തുക."[2]

ആദിമക്രിസ്ത്യാനികളുടെ ഏററംവലിയ ആരാധനകമ്മം ഞായറാഴ്ചകളിൽ നടത്തുന്ന ദിവ്യബലിയായിരുന്നു. വി. ജസ്റ്റിനും ഹിപ്പോളിററസും ആധികാരികമായി ഇതു സാക്ഷ്യപ്പെടുത്തുന്നുണ്ട്. മററനേകം ഭക്തകൃത്യങ്ങളാലും ആവൃതമായിരുന്നു അവരുടെ അനുദിനജീവിതം. അവർ ഭൂഗർഭാലയങ്ങളിൽ ഒന്നിച്ചുകൂടി നടത്തിയിരുന്ന അനുദിനഭക്തകൃത്യങ്ങളെപ്പററി

1. Rom. 13,14
2. Peter, 2:5

www.malankaralibrary.com

'ഡിഡാക്കെ' വ്യക്തമായി പ്രസ്താവിക്കുന്നുണ്ട്. യഹൂദാചാരമനുസരിച്ച് 3മണിക്കും 6മണിക്കും 9മണിക്കും അവർ പ്രാർത്ഥിച്ചിരുന്നു. ഭക്ഷണത്തിനുമുമ്പും അർദ്ധരാത്രിയിലും അങ്ങനെ ദിവസത്തിന്റെ വിവിധയാമങ്ങളിൽ ക്രിസ്തുവിന്റെ പീഡാനുഭവങ്ങൾ, ഉത്ഥാനം, രണ്ടാമത്തെ ആഗമനം എന്നിവയെപ്പററി ധ്യാനിച്ച് അനുദിനജീവിതത്തെ അവർ പവിത്രീകരിച്ചു. അവരുടെ ആന്തരികജീവിതത്തിന്റെ മനോജ്ഞത സാമൂഹ്യജീവിതത്തിലും കുടുംബജീവിതത്തിലും വ്യക്തിപരമായ ജീവിതത്തിലും പ്രതിഫലിച്ചു. അത് ഇതരമതസ്ഥരെ ഹഠാദാകർഷിക്കുകയും ചെയ്തു. അങ്ങനെ ഒരു ക്രൈസ്തവസംസ്കാരത്തിനു രൂപം കൊടുക്കുവാൻതന്നെ അവരുടെ ജീവിതചര്യ കാരണഭൂതമായി.

## വി. കുർബാന

ക്രിസ്തുവിന്റെ ബലിയുടെ കൂദാശപരമായ ആവർത്തനമാണ് കുർബ്ബാന - ക്രിസ്തു അന്ത്യഅത്താഴത്തിൽവച്ചു സ്ഥാപിച്ചതും ഗാഗുൽത്തായിൽ പൂർത്തീകരിച്ചതുമായ അതേ ബലിയുടെ ആവർത്തനം. അന്നു ക്രിസ്തു സ്വശരീരംവഴി ബലിസമർപ്പിച്ചു; ഇന്ന് മൗതികശരീരംവഴിയും. ശിരസ്സാകുന്ന ക്രിസ്തുവിനോടു യോജിച്ച് എല്ലാവരും ബലിയർപ്പിക്കുന്നു. അങ്ങനെ, ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ അവർ ഭാഗഭാക്കുകളാകുന്നു. വി. കുർബ്ബാന ബലിയും കൂദാശയുമാണ്. കൂദാശ: അന്ത്യഅത്താഴത്തിൽ ക്രിസ്തു തന്റെ മാംസരക്തങ്ങൾ മനുഷ്യർക്കായി അപ്പത്തിന്റേയും വീഞ്ഞിന്റേയും സാദൃശ്യത്തിൽ കൊടുത്തതിന്റെ ആവർത്തനം. ബലി: ഗാഗുൽത്തായിൽ കുരിശിൽ കിടന്നു സ്വർഗ്ഗപിതാവിനു് ബലിയർപ്പിച്ചതിന്റെ ആവർത്തനം.

### വി. കുബ്ബാന, ബലി

ദിവ്യബലിയുടെ സ്ഥാപനത്തേയും നൂററാണ്ടുകളിലൂടെയുള്ള അതിന്റെ വളർച്ചയേയുംപററി ഈ ഗ്രന്ഥത്തിന്റെ

www.malankaralibrary.com

ആദ്യപേജുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. ദിവ്യബലിക്കു പ്രധാനമായി മൂന്നുഭാഗങ്ങളുണ്ട്: കാഴ്ചവയ്പ്പ്, ക്രൂദാശാകർമ്മം, ദിവ്യകാരുണ്യസ്വീകരണം. നാലന്ത്യങ്ങൾക്കുവേണ്ടിയാണ് ദിവ്യബലി അർപ്പിക്കപ്പെടുന്നതു്-ആരാധന, കൃതജ്ഞത, പാപപരിഹാരം, യാചന. ഈ നാലന്ത്യങ്ങൾക്കുമായിട്ടുള്ളവയാണ് ദിവ്യബലിയിലെ പ്രാർത്ഥനകളെല്ലാംതന്നെ.

## ദിവ്യബലിയിൽ വിശ്വാസികൾ സഹകരിക്കേണ്ട വിധം

ദൈവമഹത്വത്തിനും മനുഷ്യരക്ഷയ്ക്കുമായി ക്രിസ്തുനാഥൻ കാൽവരിയിൽ അർപ്പിച്ച ബലി, ഇന്നും ജീവിക്കുന്നു; എന്നും ജീവിക്കയും ചെയ്യും. നിത്യപുരോഹിതനോടു് സഗാഢം യോജിച്ചുകൊണ്ടു് ബലിയർപ്പിക്കുക വിശ്വാസികളുടെ വലിയ ഭാഗ്യമാണ്. പലവിധത്തിൽ ദിവ്യബലിയിൽ വിശ്വാസികൾക്കു സഹകരിക്കാം-കാർമ്മികൻ ചൊല്ലുന്ന പ്രാർത്ഥനകൾ ചൊല്ലിക്കൊണ്ടു്, ദിവ്യബലിയിൽ കൈകാര്യംചെയ്യുന്ന മഹാരഹസ്യങ്ങളെക്കുറിച്ചു ധ്യാനിച്ചുകൊണ്ടു്. രണ്ടാംവത്തിക്കാൻ സൂനഹദോസിന്റെ തീരുമാനമനുസരിച്ചു ദേശീയഭാഷകളിൽ ആരാധനക്രമങ്ങൾ നടത്തുന്നതിനുള്ള അനുകൂല്യം ഇപ്പോഴുണ്ടായിട്ടുണ്ടു്. കാർമ്മികൻ ചൊല്ലുന്ന പ്രാർത്ഥനകൾ മനസ്സിലാക്കുന്നതിനും അദ്ദേഹത്തോടൊന്നിച്ചു് അവയേററു ചൊല്ലുന്നതിനും വിശ്വാസികൾക്കു് ഇപ്പോൾ സാധിക്കും. അൾത്താരയിലെ ബലി നമ്മുടെ ജീവിതത്തെ മുഴുവൻ സ്പർശിക്കുകയും ത്രസിപ്പിക്കുകയും ചെയ്യണം. നമ്മുടെ ദൈനംദിനയാതനകളും വേദനകളും അതോടൊന്നിച്ചു സമർപ്പിക്കണം. "ഓരോ പ്രഭാതത്തിലും ദൈവത്തിന്റെ ബലിപീഠത്തെ സമീപിക്കുന്ന പുരോഹിതനു പുതിയ ഓസ്തിയും പുതിയ വെള്ളവും പുതിയ വീഞ്ഞും ആവശ്യമുണ്ടു്......നിന്റെ പുതിയ ദിവസം, പുതിയപരീക്ഷകൾ, വിജയങ്ങൾ, തുടരെത്തുടരെയുണ്ടാവുന്നവയല്ലെങ്കിലും അഭിനവമായ ക്ലേശങ്ങൾ, അപജയങ്ങൾ, ആശാഭംഗ

www.malankaralibrary.com

ങ്ങൾ, ആഹ്ലാദങ്ങൾ, ആനന്ദങ്ങൾ എല്ലാമെല്ലാം ചേർത്ത് പുതിയ കാഴ്ചവയ്പിന്, വീണ്ടും 'അവിടുത്തെ സ്മരണയ്ക്കായി' ചെയ്യാനാവശ്യമായ, പുതിയ അപ്പവും പുഷ്ടിയുള്ള വീഞ്ഞും നിർമ്മലമായ ജലവും നിനക്കു പ്രദാനം ചെയ്യും".[1] ക്രിസ്തുവിനോടു യോജിച്ചുകൊണ്ട് നാം ബലിയർപ്പിക്കുമ്പോൾ അനുഗ്രഹവർഷം നമ്മുടെമേൽ ചൊരിയപ്പെടും. ശതക്കണക്കിനു ഗോതമ്പുമണികളിൽനിന്നുള്ള അപ്പവും മുന്തിരിപ്പഴങ്ങളിൽനിന്നുള്ള വീഞ്ഞുമാണല്ലോ ബലിവസ്തുക്കളായി സമർപ്പിക്കപ്പെടുന്നത്. അതുപോലെ വിശ്വാസികൾ ക്രിസ്തുവുമായി ഒന്നായിച്ചേർന്ന് അർപ്പിക്കേണ്ടതാണ് ദിവ്യബലി. കാസായിൽ ചേർക്കുന്ന വെള്ളവും ഈ ഐക്യത്തെയാണു സൂചിപ്പിക്കുക.

ദൈവവും മനുഷ്യനുമായുള്ള പരസ്പരകൈമാററമാണ് ദിവ്യബലി (exchange of gifts between God and man) ത്രിവിധകൈമാററങ്ങളാണ് അവിടെ നടക്കുക. ദിവ്യബലിയുടെ ആദ്യഭാഗം അനുതാപത്തിൻേറയും എളിമയുടേയും പ്രകരണങ്ങളടങ്ങിയതാണ്. ആ പ്രാർത്ഥനകൾ ആത്മാവിനെ സംശുദ്ധമാക്കുകയും ദൈവവചനസ്വീകരണത്തിന് (സുവിശേഷവായനക്ക്) സ്വയം ഒരുക്കുകയും ചെയ്യുന്നു. ദൈവവചനസ്വീകരണംവഴി ആത്മാവു ദൈവീകപ്രചോദനത്താൽ പ്രോജ്ജ്വലമാകുന്നു. ബലിവസ്തുക്കളുടെ സമർപ്പണവും കൂദാശകർമ്മവുംവഴി നാമും ക്രിസ്തുവിനോടൊത്തു കാൽവരിയിലെ ബലി സ്വർഗ്ഗപിതാവിനു സമർപ്പിക്കുന്നു. പകരം ദൈവം സ്വപുത്രനെ, ക്രിസ്തുവിനെ—വരപ്രസാദജീവൻെറ ഉറവിടത്തെ—നമ്മുടെ ആത്മാവിൻെറ ജീവനും പോഷണവുമായി നമുക്കു നൽകുന്നു. ഇതാണു വി. കർബാനസ്വീകരണംവഴി സാധിക്കുന്നത് സജീവമായ ഭാഗഭാഗിത്വത്തിൻെറ ലക്ഷണമാണിത്. സജീവമായി ദിവ്യബലിയിൽ സഹകരിക്കുമ്പോൾ അ

1. നീ (You) ഫാ. റെയ്മണ്ട്, S. H. League, 1964, P. 325

www.malankaralibrary.com

ു രാവിലത്തെ വെറുമൊരു ചടങ്ങായിത്തീരുകയില്ല. നമ്മുടെ ജീവിതത്തെ മുഴുവൻ സ്പർശിക്കുന്ന ഒരു പ്രവൃത്തിയായിത്തീരും.

## സീറോ മലബാർ റീത്തിലെ പുനരുദ്ധരിക്കപ്പെട്ട ബലിയും വിശ്വാസികളുടെ ഭാഗഭാഗിത്വവും

കഴിഞ്ഞ ഏതാനും വർഷങ്ങളായി സീറോ മലബാർ സഭയിൽ ലിററർജിക്കൽ നവോത്ഥാനം ഉണ്ടായിക്കൊണ്ടിരിക്കയാണ്. അതിൻെറ പരിണാതഫലങ്ങളെപ്പററി മുമ്പൊരദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

1962 ജൂലൈ മൂന്നാംതീയതിയാണ് പുനരുദ്ധരിക്കപ്പെട്ട കുർബാന ആദ്യമായി മലയാളത്തിലായത്. "പുതിയ കുർബാനക്രമം എല്ലാവരേയും അൾത്താരയിലെ ദിവ്യബലിയോടുകൂടുതൽ സാത്ഥകമായി അടുക്കുവാൻ സഹായിക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം. നമ്മുടെ ദിവ്യരക്ഷകൻ നമുക്കുവേണ്ടി ഗാഗുൽത്തായിൽ അപ്പിച്ച ആ ദിവ്യബലിതന്നെയാണല്ലോ അൾത്താരയിൽ അർപ്പിക്കപ്പെടുന്ന ഓരോ കുർബാനയും. അതു പരമമായ ദൈവാരധനയുടേയും ഉപകാരസ്മരണയുടേയും പാപപരിഹാരത്തിൻേറയും പ്രാത്ഥനയുടേയും സമ്യക്കായ സമർപ്പണകമ്മമാണ്......നിത്യപുരോഹിതനായ മിശിഹായോടും അവിടുത്തേ പ്രതിപുരുഷനായ വൈദികനോടും ഒന്നുചേന്നുകൊണ്ടു് അതിൽ സംബന്ധിക്കുന്ന ഓരോ വിശ്വാസിയും ബലിയർപ്പിക്കുകയാണ്. ഈ അവബോധം ഓരോരുത്തരിലും എത്ര കൂടുതൽ സജീവമായിത്തീരുമോ അത്രക്കു ദിവ്യബലിയിൽ ഉപരി ഫലപ്രദമായി പങ്കെടുക്കുവാൻ സാധിക്കും. അതുകൊണ്ടു് നമ്മുടെ കുർബാനക്രമം മലയാളഭാഷയിൽ നടത്തുന്നതിനു പരിശുദ്ധ സിംഹാസനം നമുക്കു കല്പിച്ചനുവദിച്ചിട്ടുള്ള ഈ അവസരം അങ്ങേയററം ഉപയോഗപ്പെടുത്തി ഒരു ദിവ്യകൂദാശ ജീവിതം നമ്മിൽ ഫലപ്രദമാ

www.malankaralibrary.com

ക്കുന്നതിനു ശുഷ്ക്കാന്തിയായി പരിശ്രമിക്കാം." പുനരുദ്ധരിക്കപ്പെട്ട കുർബ്ബാനക്രമം നടപ്പിലാക്കുന്നതുസംബന്ധിച്ചു വൈദികമേലദ്ധ്യക്ഷന്മാരുടെ സംയുക്ത ഇടയലേഖനത്തിലെ ഒരുഭാഗമാണു് മുകളിൽ ഉദ്ധരിച്ചതു്. കുർബ്ബാന മലയാളത്തിൽ ആക്കുന്നതിന്റെ ഉദ്ദേശ്യത്തെപ്പററി സ്പഷ്ടമായി അവിടെ പറയുന്നുണ്ടു്. ഇടയലേഖനം തുടരുന്നു: "പുതിയക്രമത്തിൽ പ്രാർത്ഥനകളും വായനകളും മുഖ്യമായും മലയാളത്തിലായതുകൊണ്ടു് ജനങ്ങൾക്കു് അവയുടെ അർത്ഥം മനസ്സിലാക്കി ദിവ്യബലിയിൽ സംബന്ധിക്കുവാൻ സാധിക്കുന്നു എന്നുള്ളതാണു് ഏററം പ്രയോജനകരമായിരിക്കുന്നതു്".

പുനരുദ്ധരിക്കപ്പെട്ട മലയാള കുർബ്ബാന ഒന്നുപഗ്രഥിച്ചു നോക്കിയാൽ അതിന്റെ ഭംഗിയും മനോഹാരിതയും മനസ്സിലാക്കാവുന്നതാണു്. മലയാളത്തിലാകയാൽ പുരോഹിതനോടുയോജിച്ചുകൊണ്ടു് വിശ്വാസികൾക്കും സജീവമായി പങ്കുചേരാം. പൊതുവായ സമർപ്പണമാണു് കുർബ്ബാന. പ്രാർത്ഥനകൾ മിക്കവാറും ബഹുവചനത്തിലാണു് ചൊല്ലുന്നതു്. "ഞങ്ങൾ നിനക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു." പലപ്രാവശ്യം ഈ പ്രാർത്ഥന കുർബ്ബാനയിലുടനീളം വരുന്നുണ്ടു്. ആരാധനയുടേയും, കൃതജ്ഞതയുടേയും പ്രകരണങ്ങളാണിവ. യാചനപ്രാർത്ഥനകളും വളരെയുണ്ടു്. "ലോകം മുഴുവന്റേയും സഭകൾ ഒക്കെയുടേയും നിലനില്പിനും......ഞങ്ങളുടെ രാജ്യങ്ങൾക്കും മറെറല്ലാ രാജ്യങ്ങൾക്കും......കാലാവസ്ഥയുടെ സുസ്ഥിതിക്കും വത്സരത്തിന്റെ ഫലപുഷ്ടിക്കും" മാർപ്പാപ്പായ്ക്കും മെത്രാനും വൈദികർക്കും എല്ലാംവേണ്ടിയുള്ള അപേക്ഷകൾ രണ്ടുമൂന്നുപ്രാവശ്യം കുർബ്ബാനയിലുണ്ടു്. പാപപരിഹാരത്തിനായുള്ള പ്രാർത്ഥനകളും പ്രത്യേകിച്ചു് അനുതാപത്തിന്റെ സങ്കീർത്തനവും കുർബ്ബാനയുടെ ആരംഭത്തിലും വി. കുർബ്ബാനസ്വീകരണത്തിനുമുൻപും ചൊല്ലുന്നു. ഇങ്ങനെ കുർബ്ബാനയുടെ നാലന്ത്യങ്ങളും പുതിയ കുർ

www.malankaralibrary.com

ബാനക്രമത്തിൽ തെളിവായിക്കാണുന്നു.

പുതിയകർബ്ബാനയുടെ ഒരു സവിശേഷത അതു ക്രിസ്തുവിൻെറ ഉത്ഥാനത്തേയും, തന്മൂലം മനുഷ്യരുടെ ഉത്ഥാനത്തേയും ആവർത്തിച്ചാവർത്തിച്ചു പ്രഘോഷിക്കുന്നു എന്നതാണ്. കുർബ്ബാനയുടെ ആദ്യഭാഗത്തുതന്നെ പുരോഹിതനും വിശ്വാസികളും മാറിമാറി ചൊല്ലുന്ന പ്രാർത്ഥന ഇതിനുദാഹരണമാണ്: "സകലത്തിന്റേയും നാഥാ നിന്നെ ഞങ്ങാം സ്തുതിക്കുന്നു...... എന്തുകൊണ്ടെന്നാൽ നീ ഞങ്ങളുടെ ശരീരങ്ങളെ ഉയർപ്പിക്കുന്നവനും ഞങ്ങളുടെ ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു" കാഴ്ചവയ്പിനുശേഷം പുരോഹിതൻ പ്രാർത്ഥിക്കുന്നു: "നിന്റെ സ്തുത്യർഹമായ ഉത്ഥാനം ഞങ്ങളെ മഹത്വത്തോടെ നീ ഉയർപ്പിക്കുമെന്ന പ്രതീക്ഷയിൽ സകലമരിച്ചവരും നിദ്രചെയ്യുന്നു''.

കർത്താവിൻെറ രണ്ടാമത്തെ ആഗമനത്തേയും അവസാനവിധിയേയും 'സ്വർഗ്ഗരാജ്യത്തിലെ നവമായ ജീവിത'ത്തേയും ധ്വനിപ്പിക്കുന്ന പ്രാർത്ഥനകാം പലപ്രാവശ്യം കുർബ്ബാനയിൽ ചൊല്ലുന്നുണ്ട്: "ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ.... ......നിന്റെ വത്സലപുത്രനെ, സ്വർഗ്ഗത്തിൽനിന്നുള്ള ആഗമനത്തിൽ, എതിരേല്ക്കുന്നതിനും......" കാഴ്ചവയ്പിനുശേഷം, "മിശിഹായുടെ രണ്ടാമത്തെ ആഗമനംവരെ അവന്റെ വിശുദ്ധബലിപീഠത്തിന്മേൽ......" വിശ്വാസപ്രമാണം ചൊല്ലിയതിനുശേഷം അംത്താരയെ ചുംബിച്ചു ചൊല്ലുന്ന പ്രാർത്ഥനയിലേ, ''......സമയത്തിന്റെ സമാപ്തിയിൽ നീ പ്രത്യക്ഷനാകുമ്പോാം, നിന്റെ സന്നിധിയിൽ കൃപയും അനുഗ്രഹവും കണ്ടെത്തുന്നതിനു..." എന്നഭാഗവും പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനയിലേ, ''...നിന്റെ സന്നിധിയിൽ പ്രീതിജനകമായവിധം വർത്തിച്ച എല്ലാവരും ഒന്നിച്ചുള്ള സ്വർഗ്ഗരാജ്യത്തിലേ നവമായ ജീവിതവും...", എന്നഭാഗങ്ങളും ഇതിനു വേണ്ടുവോളം ഉദാഹരണങ്ങളാണ്.

പുനരുദ്ധരിച്ച കുർബ്ബാനയിൽ പുരോഹിതനും ജനങ്ങളും

www.malankaralibrary.com

അന്യോന്യം പ്രാർത്ഥനകൾ യാചിക്കുന്നുണ്ട്. "എന്റെ സഹോദരരെ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ" എന്നു രണ്ടു പ്രാവശ്യമെങ്കിലും പുരോഹിതൻ അഭ്യർത്ഥിക്കുന്നുണ്ട്. വിശ്വാസികളുടെ ഭാഗഭാഗിത്വം അതിന്റെ അത്യുച്ചിയിൽ ദർശിക്കുന്നതു് കൂദാശാകർമ്മസമയത്താണു്. പുരോഹിതൻ കൂദാശാവചനങ്ങൾ ഉച്ചരിച്ചു കഴിയുമ്പോൾ വിശ്വാസികൾ 'ആമ്മേൻ' എന്നുപറഞ്ഞു അംഗീകരിക്കുന്നു. ഒരു വിധത്തിൽ അവരും പുരോഹിതനോടുകൂടി കൂദാശാവചനങ്ങൾ ചൊല്ലുന്നു. അവരും ദൈവത്തെ സ്വർഗ്ഗത്തിൽനിന്നും അൾത്താരയിലേക്കു വിളിച്ചിറക്കുന്നു. ദിവ്യബലിയിൽ വിശ്വാസികൾക്കു ലഭിക്കാവുന്ന ആനുകൂല്യങ്ങളുടെ പാരമ്യതയാണിവിടെ കാണുന്നതു്.

അങ്ങനെ, "സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങൾ", മിശിഹായുടെ "പീഡാനുഭവത്തിന്റേയും മരണത്തിന്റേയും സംസ്കാരത്തിന്റേയും ഉത്ഥാനത്തിന്റേയും" ഓർമ്മയ്ക്കായും നമ്മുടെ "വംശത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കു"മായും നിത്യപുരോഹിതനായ ക്രിസ്തുവിനോടു ഒന്നുചേർന്നു് അവിടുത്തെ മൗതികശരീരത്തിലെ അവയവങ്ങൾ സ്വർഗ്ഗപിതാവിനു സമർപ്പിക്കുന്നു. സംയുക്തഇടയലേഖനം പ്രസ്താവിക്കുന്നതുപോലെ ദിവ്യബലി മലയാളത്തിലായതോടെ, വിശ്വാസികൾക്കു ബോധപൂർവ്വം അതിൽ പങ്കെടുക്കുന്നതിനു സാധിക്കുന്നു.

ദിവ്യബലിയിൽ വിശ്വാസികൾ ഭാഗഭാക്കുകളാകേണ്ടതെങ്ങനെയെന്നു ചോദിച്ചേക്കാം. ഉത്തരം വളരെ എളുപ്പമാണു്. തങ്ങളും പുരോഹിതനോടൊത്തു ബലിയർപ്പിക്കുകയാണെന്ന ബോധത്തോടെ പുരോഹിതൻ ചൊല്ലുന്ന പ്രാർത്ഥനകൾ ഏററുചൊല്ലിക്കൊണ്ടും മറുപടി ചൊല്ലിക്കൊണ്ടും ഏററം ഫലപ്രദമായി സജീവമായി വിശ്വാസികൾ ബലിയർപ്പിക്കാം. വിവിധപ്രാർത്ഥനകളുടെ അർത്ഥവും അവ തങ്ങളിൽ

www.malankaralibrary.com

നിന്നാവശ്യപ്പെടുന്ന അരൂപിയും അവബോധവുമുണ്ടായിരിക്കണം. ഇതാണു നമ്മുടെ ക്രിസ്തീയജീവിതം ബലിജീവിതമാക്കുന്നതിനുള്ള ഏററം ഫലപ്രദമായമാർഗ്ഗം.

## കൂദാശകളിൽ

ആദ്ധ്യാത്മികജീവിതത്തെ ചൈതന്യവത്താക്കുന്നതു വരപ്രസാദമാണ്. അഭിവൃദ്ധമാക്കുന്നതും വരപ്രസാദംതന്നെ. കാരണം, നമ്മിൽ വരപ്രസാദമില്ലെങ്കിൽ ക്രിസ്തുവിൽ നമുക്കു ഭാഗഭാഗിത്വമില്ല. ക്രിസ്തുവിനെക്കൂടാതെ നമുക്കു് ഒന്നുംചെയ്യുവാൻ സാദ്ധ്യവുമല്ല. "എന്നെക്കൂടാതെ നിങ്ങൾക്കു ഒന്നുംചെയ്യാൻ സാദ്ധ്യമല്ല."[1] വരപ്രസാദംവഴിയാണു് നാം ക്രിസ്തുവിനോടു യോജിക്കുക. അവിടുത്തെ ദൈവികജീവൻ നമ്മിലേക്കു പ്രവഹിക്കണം. ക്രിസ്തു നമ്മിലും നാം ക്രിസ്തുവിലും വസിക്കണം. എന്നാൽ, ഇതെപ്രകാരമാണു സാദ്ധ്യമാവുക.? അതിനു ക്രിസ്തു നമുക്കു നല്കിയിരിക്കുന്ന നിർദ്ദിഷ്ടോപാധികളാണു കൂദാശകൾ. കൂദാശകളോരോന്നും അനുക്രമമായി ആദ്ധ്യാത്മികജീവിതത്തെ പരിപുഷ്ടമാക്കുന്നു.

കൂദാശാനുഷ്ഠാനങ്ങളിലുള്ള ദൃശ്യചിഹ്നങ്ങൾ ക്രമപ്രവൃദ്ധമായ ഒരു അതിസ്വാഭാവികജീവിതവൃത്തത്തെ നമുക്കു വ്യക്തമാക്കിത്തരുന്നു. ജീവൻ അതിൽത്തന്നെ അദൃശ്യമാണു്. എന്നാൽ, ജീവൻെറ ബാഹ്യലക്ഷണങ്ങൾ എല്ലാവർക്കും എല്ലാവരിലും ദൃശ്യങ്ങളും. ഒരുവൻെറ ആത്മാവോ ചിന്തയോ ദർശനവിഷയങ്ങളല്ലെങ്കിലും അവയുടെ ബാഹ്യലക്ഷണങ്ങൾ ദർശനവിഷയങ്ങളാണു്. കൂദാശകളിലും ഇതുപോലെതന്നെ സംഭവിക്കുന്നു. കൂദാശാനുഷ്ഠാനങ്ങളിലെ ബാഹ്യാടയാളങ്ങളും ചിഹ്നങ്ങളും ദൃശ്യങ്ങൾ; ദൈവികജീവൻെറ—വരപ്രസാദത്തിൻെറ—പ്രവാഹമോ അദൃശ്യവും. ഓരോ കൂദാശകളിലേയും

1. Jn. 15:5

www.malankaralibrary.com

ബാഹ്യചിഹ്നങ്ങൾ അദൃശ്യമായ ആന്തരികപ്രവർത്തനങ്ങളെ പ്രദ്യോദിപ്പിക്കുവാൻ പര്യാപ്തങ്ങളാണ്. മാമ്മോദീസയിലെ പ്രക്ഷാളനം, ഉത്ഭവപാപത്തിൽനിന്നുള്ള ആത്മാവിൻെറ വിശുദ്ധീകരണത്തെ പ്രദ്യോദിപ്പിക്കുന്നു. സ്ഥൈര്യലേപനത്തിലെ കൈവയ്പും തൈലാഭിഷേകവും, രാജാധിരാജനായ ക്രിസ്തുവിനു വേണ്ടി രണാങ്കണത്തിലിറങ്ങി പോരാടുവാനുള്ള തയ്യാറെടുക്കലിനേയും സന്നദ്ധതയേയും വ്യക്തമാക്കുന്നു. ശരീരപോഷണത്തിന് അപ്പം ആവശ്യമായിരിക്കുന്നതുപോലെ ആദ്ധ്യാത്മിക വളർച്ചയ്ക്കു അപ്പത്തിൻെറ സാദൃശ്യത്തിലുള്ള വി. കുർബാനയുടെ സാംഗത്യവും വ്യക്തമാണ്. കുമ്പസാരക്കൂട്ടം പാപങ്ങളുടെ ഏററുപറച്ചിലും എല്ലാം നീതിന്യായവിധിതീർപ്പിനെ പ്രകാശിപ്പിക്കുവാൻ പര്യാപ്തമാണ്. തിരുപ്പട്ടം സ്വീകരിക്കുന്നയാൾ വേറൊരു ക്രിസ്തുവായി രൂപാന്തരപ്പെടുന്നു എന്നതു് സൂചിപ്പിക്കുവാൻ പോരുന്നവയാണ് ഈ കൂദാശ നല്കുമ്പോഴുള്ള ആംഗ്യങ്ങളും അടയാളങ്ങളും. വിവാഹത്തിലുള്ള ദാമ്പത്യസംയോജനം, ക്രിസ്തുവും സഭയുംതമ്മിലുള്ള അവിഭാജ്യബന്ധത്തെ ചേതോഹരമായി ചിത്രീകരിക്കുന്നു. രോഗീലേപനത്തിലെ തൈലാഭിഷേകം ശരീരത്തിനു് ഉന്മേഷം പകർന്നുകൊടുക്കുന്നതുപോലെ ആത്മാവിൻെറ ശക്തികളേയും ഉണർത്തുന്നു. അങ്ങനെ, ഓരോകൂദാശവഴിയും ആത്മാവിലുളവാകുന്ന വിശുദ്ധീകരണം, ശരീരത്തിനു നല്കപ്പെടുന്ന വിശുദ്ധീകരണത്തിൽനിന്നു പ്രസ്പഷ്ടമാണ്. ഇവയിൽനിന്നെല്ലാം ഒന്നുവ്യക്തമാണ്: ദൈവം പൂർണ്ണമനുഷ്യൻെറ—ആത്മാവിൻേറയും ശരീരത്തിൻേറയും—വിശുദ്ധീകരണമാണ് ആവശ്യപ്പെടുന്നതു്.

ഓരോ കൂദാശയും അത്ഭുതാവഹമായ വ്യതിയാനം നമ്മിലുളവാക്കുന്നുണ്ടു്. മാമ്മോദീസ നമ്മെ ക്രിസ്തുവിൻെറ മൗതികശരീരത്തിലെ അംഗങ്ങളാക്കുന്നു; ദൈവസുതരാക്കിമാററുന്നു; സ്വർഗ്ഗത്തിനവകാശികളാക്കുന്നു. "വെള്ളത്താലും പരിശുദ്ധാത്മാവിനാലും ഒരു മനുഷ്യൻ വീണ്ടും ജനിക്കുന്നില്ലാ



www.malankaralibrary.com

യെങ്കിൽ അവൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാൻ സാദ്ധ്യമല്ല."[1] ഒരുവൻെറ വളർച്ചയ്ക്കനുസരണമായി അവന് അനുഭവപ്പെടുന്ന ആദ്ധ്യാത്മികസമരത്തിൽ വിജയം കൈവരിക്കുവാൻ ശക്തിയും ധൈര്യവും ആവശ്യമാണ്. സ്ഥൈര്യലേപനംവഴിയാണ് അവനതു കരഗതമാവുക. പരിശുദ്ധാത്മാവിയെ സ്വീകരിക്കുന്നതോടെ അവൻ ബലിഷ്ഠനും സധൈര്യനുമായി ത്തീരുന്നു. എന്തെങ്കിലും കാരണത്താൽ ആദ്ധ്യാത്മികജീവൻ ഒരുവനു നഷ്ടപ്പെട്ടാൽ കുമ്പസാരമെന്ന കൂദാശവഴി അവനതു പുനഃസമ്പാദിക്കാം. അനുതാപത്തോടെ പാപമോചനത്തിനണയുന്നവൻ നവോന്മേഷത്തോടും നൂതനചൈതന്യത്തോടും കൂടി ആത്മപവിത്രീകരണം പ്രാപിച്ചവനായി പുറത്തുവരുന്നു. അങ്ങനെ അവൻ വീണ്ടും ദൈവികജീവനിൽ പങ്കുകാരനാകുന്നു. ആരോഗ്യപാലനത്തിന് ആഹാരം തികച്ചും അവശ്യാവശ്യകമാണ്. ആദ്ധ്യാത്മിക വളർച്ചയ്ക്കും പോഷണത്തിനുമായി ക്രിസ്തു വി. കുർബാനയിൽ സ്വയം ഭോജനമായി പരിണമിച്ചുകൊണ്ടു നമ്മെ പോററുന്നു. "ഞാൻ ജീവൻെറ അപ്പമാകുന്നു. ഇതിൽനിന്നു ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും."[2] ക്രിസ്തുവിൻെറ മൗതികശരീരത്തിൽ നൂതനാംഗങ്ങളെ ഉല്പാദിപ്പിക്കുന്ന വിവാഹത്തിനുള്ള സ്ഥാനവും അതുല്യമാണ്. അങ്ങനെ വിവാഹമെന്ന കൂദാശവഴി മനുഷ്യവംശത്തിൻെറ നിലനില്പു സുസാധമാകുന്നു. തിരുപ്പട്ടമേല്ക്കുന്നവ്യക്തി ക്രിസ്തുവിൻെറ നിത്യപൗരോഹിത്യത്തിൽ പങ്കാളിയാകുന്നു. മനുഷ്യൻെറ അന്ത്യത്തിലേക്കുള്ള പ്രയാണത്തിൽ അവസാന വഴിയൊരുക്കുന്നതു് രോഗീലേപനമാണ്. നിത്യാനന്ദസ്വീകരണത്തിന് അതവനെ തയ്യാറാക്കുകയും ചെയ്യുന്നു.

അങ്ങനെ നമ്മുടെ ജീവിതത്തിൻെറ എല്ലാഘട്ടങ്ങളിലും, ക്രിസ്തു നമുക്കുവേണ്ടി സമ്പാദിച്ച വരപ്രസാദം പകർന്നുതരുവാൻ പര്യാപ്തമായവിധത്തിൽ കൂദാശകൾ വർത്തിക്കുന്നു. കൂദാശ

1. Jn. 3:5
2. Jn 6:48 also Cf. Jn 6:58; 6:52

www.malankaralibrary.com

കളാണു നമ്മെ ക്രിസ്തുവുമായി സംയോജിപ്പിക്കുന്നതു്. വരപ്രസാദം നമ്മിലേക്കു പ്രവഹിപ്പിച്ചുകൊണ്ടു നമ്മെ ശക്തരും ചൈതന്യനിരതരുമാക്കുന്നതും കൂദാശകൾതന്നെ. അവവഴി നാം ക്രിസ്തുവിൽ വളരുകയും പുഷ്ടിപ്പെടുകയും ചെയ്യുന്നു. കൂദാശകളുടെ പ്രാധാന്യം നമുക്കു മനസ്സിലാക്കിത്തരുവാൻവേണ്ടിയാണുസഭ ആഘോഷമായി അവ പരികർമ്മംചെയ്യുന്നതു്. നാം അവയെ സജീവവിശ്വാസത്തോടും സ്നേഹനിർഭരമായ ഹൃദയത്തോടും വിനയാന്വിതമായ ചിന്തയോടുംകൂടി സ്വീകരിക്കേണ്ടിയിരിക്കുന്നു. പോരാ, ക്രിസ്തു സമ്പാദിച്ച വരപ്രസാദം നമുക്കുലഭിക്കു മെന്നുള്ള നിരുപാധികമായ നിശ്ചയദാർഢ്യവും നമുക്കുണ്ടായിരിക്കണം.

ഓരോ കൂദാശയിലും ക്രിസ്തു പ്രച്ഛന്നനായി ഉപസ്ഥിതനാണു്. മാമ്മോദീസയിൽ നമ്മുടെ സ്നേഹസഹോദരനായും സ്ഥൈര്യലേപനത്തിൽ രാജാവായും പ്രത്യക്ഷപ്പെടുന്നു. കുമ്പസാരമെന്നകൂദാശയിൽ നമ്മുടെ ആദ്ധ്യാത്മികവൈദ്യനെങ്കിൽ വി. കുർബ്ബാനയിൽ നമ്മുടെ പ്രേഷ്ഠാതിഥിയാണു് അവിടുന്നു്. തിരുപ്പട്ടത്തിൽ നിത്യപുരോഹിതനായും വിവാഹത്തിൽ സന്തതസഹചാരിയായും രോഗീലേപനത്തിൽ നമ്മുടെ പ്രത്യാശയും ശരണവുമായും അവിടുന്നു വർത്തിക്കുന്നു.

## കാനോനാ നമസ്കാരം

ദൈവം തൻെറ അനന്തനന്മയാലും ജ്ഞാനത്താലും സ്നേഹത്താലും പ്രപഞ്ചത്തേയും അതിലുള്ള സർവ്വചരാചരങ്ങളേയും സൃഷ്ടിച്ചു. അവ സദാ സ്രഷ്ടാവായ ദൈവത്തിനു സ്തുതിഗീതങ്ങളാലപിച്ചുകൊണ്ടു ഒരു നിത്യഗായകസംഘമായി നിലകൊള്ളുന്നു. അതു് അവയുടെ കടമയാണു്. "കർത്താവിൻെറ എല്ലാ പ്രവർത്തികളെ കർത്താവിനെ സ്തുതിക്കുവിൻ."[1] എന്നാൽ, ആദാമിൻെറ അധഃപതനംമൂലം മനുഷ്യൻ ദൈവസ്തുതിഗീതങ്ങളാലപിക്കുവാൻ അപ്രാപ്തനും അയോഗ്യനുമായിത്തീർന്നു. ലോകര

1. cf. 3:57; cf also P.S. 65: 4; 18:2

www.malankaralibrary.com

ക്ഷകനായക്രിസ്തു അധഃപതിച്ച മനുഷ്യവർഗ്ഗത്തെ സമുദ്ധരിച്ചു. മനുഷ്യവർഗ്ഗത്തെമുഴുവൻ തന്നോടു യോജിപ്പിച്ചുകൊണ്ടു്, സ്വയം നേതൃത്വം നല്കിക്കൊണ്ടു് ദൈവത്തിനു സ്തുതിഗീതങ്ങളാലപിക്കുവാൻ ശക്തനും പ്രാപ്തനുമാക്കി. അങ്ങനെ, ക്രിസ്തുവിനോടൊത്തു് മനുഷ്യൻ ദൈവത്തിനു നല്കുന്ന സ്തുതിഗീതങ്ങളാണു് കാനോനാനമസ്കാരം.

പഴയനിയമത്തിൽ, യഹൂദന്മാർ ദൈവത്തിനു നന്ദിപറയുവാൻ അവരുടെ ആരാധനസ്ഥലങ്ങളിൽ സമ്മേളിച്ചിരുന്നു. സങ്കീർത്തനാലാപവും വേദപുസ്തകപാരായണവുമായിരുന്നു അവിടത്തെ ചടങ്ങുകൾ. വായിച്ചവേദപുസ്തകഭാഗത്തെ സംബന്ധിച്ചു പുരോഹിതൻ ഒരു വ്യാഖ്യാനവും നല്കിയിരുന്നു. ഇവയെല്ലാം ആദിമക്രിസ്ത്യാനികൾ അവരുടെ പള്ളികളിലും അനുനം നടത്തിപ്പോന്നു. കാലാന്തരത്തിൽ അവ കുർബാനയുടെ പ്രഥമഭാഗമായി പരിണമിച്ചു. കാലംമുന്നോട്ടുപോയതോടെ അവ കുർബാനയിൽനിന്നും വിടർത്തി വെവ്വേറെ ചൊല്ലുവാൻ തുടങ്ങി. അങ്ങനെ, രാവിലേയും സന്ധ്യയ്ക്കും പള്ളിയിൽക്കൂടി ചൊല്ലിയിരുന്ന പ്രാർത്ഥനകളാണു പിൽക്കാലത്തു് കാനോനനമസ്കാരം എന്നപേരിലറിയപ്പെടുന്നതു്.

രാവിലേയും സന്ധ്യയ്ക്കും ഓരോമണിക്കൂർവീതം എല്ലാ നല്ല ക്രിസ്ത്യാനികളും പ്രാർത്ഥിച്ചിരുന്നു. പിന്നീടു് ഈരണ്ടുമണിക്കൂർ മൂന്നുപ്രാവശ്യമാക്കിമാററി.[1] 3 മണിക്കും 6 മണിക്കും 9മണിക്കും അവർ പ്രാർത്ഥിച്ചിരുന്നുവെന്നു് തെർത്തുല്യനും പ്രസ്താവിക്കുന്നുണ്ടു്. എന്നാൽ, സന്യാസികളായ ക്രിസ്ത്യാനികൾ 118-ാം സങ്കീർത്തനമനുസരിച്ചു് ഏഴുപ്രാവശ്യം പ്രാർത്ഥിക്കുകയും കൂടുതൽ സങ്കീർത്തനങ്ങൾ പാടുകയും ചെയ്തിരുന്നു. തീക്ഷ്ണമതികളായ സന്യാസികൾ 'നിങ്ങൾ ഉണർന്നിരുന്നു് എപ്പോഴും പ്രാർത്ഥിക്കുവിൻ' എന്ന നിർദ്ദേശപ്രകാരം എപ്പോഴും പ്രാർത്ഥിക്കുന്ന പതിവുണ്ടാക്കി.

1. നടപടി 2

www.malankaralibrary.com

സാധാരണ ജനങ്ങളുടെ മൂന്നുമണിക്കൂർനമസ്കാരക്രമത്തെ 'കത്തീഡ്രൽ' സിസ്റ്റമെന്നും സന്യാസികളുടെ നമസ്കാരക്രമത്തെ മൊണാസ്റ്റിക് സിസ്റ്റമെന്നും വിളിക്കുന്നു. ആദ്യകാലങ്ങളിൽ എല്ലാക്രിസ്ത്യാനികളും പള്ളിയിൽപോയി മൂന്നുമണിക്കൂറെങ്കിലും പ്രാർത്ഥിച്ചിരുന്നു. എന്നാൽ, നാലാംനൂററാണ്ടായപ്പോഴേക്കും ജനങ്ങൾ വീട്ടിലും വൈദികന്മാർമാത്രം പള്ളികളിലും നമസ്കാരം ചൊല്ലിയിരുന്ന പതിവുണ്ടായി. കാലക്രമേണ, കാനോനനമസ്കാരം വൈദികന്മാക്കുമാത്രം വിട്ടുകൊടുത്തുകൊണ്ടു് ജനങ്ങൾ പിൻവാങ്ങി.

പൗരസ്ത്യറീത്തുകാക്കു മൊണാസ്റ്റിക് സിസ്റ്റത്തോടാണു കൂടുതൽ പ്രതിപത്തി. എന്നാൽ, കൽദായക്കാരും മലബാർറീത്തുകാരും കത്തീഡ്രൽ സിസ്റ്റംതന്നെയാണു് ഇന്നും തുടന്നുകൊണ്ടിരിക്കുന്നതു്.

കാനോനനമസ്കാരം ക്രിസ്തുവിനോടു യോജിച്ചുകൊണ്ടു് സഭ ദൈവത്തിനു നല്കുന്ന സ്തുതിപ്പുകളാകയാൽ അതു സ്വകാര്യമോ വ്യക്തിപരമോ അല്ല. സഭയിലേ എല്ലാ അംഗങ്ങളും അതിൽ പങ്കുകാരാകുന്നുണ്ടു്. അപ്പോൾ വൈദികന്മാരോ ഒരു സന്യാസസമൂഹമോ കാനോനനമസ്കാരം ചൊല്ലുമ്പോൾ ക്രിസ്തുവിൻെറ മൗതികശരീരത്തിലേ അംഗങ്ങളായഎല്ലാ വിശ്വാസികളും അവിടെ പരോക്ഷമായി സന്നിഹിതരാണു്; അതിൽ പങ്കുകാരാണു്.[1] അങ്ങനെ, ക്രിസ്തുവിലൂടെ സഭ നല്കുന്നസ്തുതിപ്പുകൾ ദൈവത്തിനേററം സ്വീകാര്യമാണു്. ക്രിസ്തു നമ്മുടെ മധ്യസ്ഥനാകയാൽ അവിടുത്തെ നേതൃത്വത്തിലും നാമത്തിലും നടത്തുന്ന പ്രാർത്ഥനകളും സ്തുതിപ്പുകളുമെല്ലാം ദൈവത്തിനു സ്വീകാര്യമായിരിക്കും. "എൻെറ നാമത്തിൽ പിതാവിനോടു് നിങ്ങൾ എന്തുചോദിച്ചാലും അവ് നിങ്ങൾക്കു തരപ്പെടും"[2] അതുകൊണ്ടു സഭയോടു കൂടുതൽ യോജിച്ചുനിന്നു് കഴിവതും അവളുടെ അരൂപിയിൽ കാനോനനമസ്കാരങ്ങളിൽ പങ്കുകൊള്ളാം.

1. Clynes Raphael O. F. M; *op. cit.* P. 195
2. യോഹ. 16:23

www.malankaralibrary.com

# നാമസൂചിക

(ആകാരാദിക്രമത്തിൽ)


അക്വീനാസ്, തോമസ് 22
അഗസ്റ്റിൻ വി. 37, 202
അത്തനാസിയൂസ് 158, 202
അദേവൂസ് 123
അനനിയാസ് 1
അന്തോനി, കൊറയാ 193, 195
അന്തോനി വി. 158
അഫ്ഗാർ 136
അഫ്രാത്തസ് വി. 40, 222
അബുറം, ബക്കാർഡ് 109
അബ്രാഹം 55
അബ്രാഹം മാർ 196
അലക്സാണ്ടർ (ചക്രവർത്തി) 75, 105
അലക്സാണ്ടർ, റസൂവ് 73
അവുദോ 149
അസറിയാസ് 1
ആഞ്ചലൂസ്, ഫ്രാൻസിസ് 185, 186
അംബ്രോസ്, സെനീഷി 68
അംബ്രോസീവ് 202
ആൻഡ്രൂ ഷെപ്റ്റിക്കി 66
ആൻറണി, ഒസേവാനേ 63
ഇഗ്നേഷ്യസ് III പാത്രിയാക്കീസ് 77
,, IV ,, 77
ഇഗ്നേഷ്യസ് വി. 80
ഇഗ്നേഷ്യസ്, ഹെമാനി 79
ഇന്നസൻറ് III 18, 85
,, IV 233
ഇന്നസൻറ് X 71
ഇസഹാക്ക് 55
ഇസിദോർ 63
ഇരണേവൂസ്, വി. 15
ഈവാനിയോസ്, മാർ 94, 97, 98, 103, 104
ഊർബൻ V പാപ്പാ 106
ഊർബൻ VIII പാപ്പാ 64
എദേസിയൂസ് 117
എപ്പിഫാനിയൂസ്, സ്ലെഫാനോവിച്ച് 70, 106
എഫ്രേം, വി. 40, 148, 157, 202
എബലഹാ III 137
എവുജിൻ IV, പാപ്പാ 135, 180
ഏലിയാ, മാർ 196
ഐസക്ക്, വി. 124
ഒരിജൻ 106
ഓബ്രിയൻ, ജോൺ 86, 231
കട്ടക്കയം 97
കരിയാററി, യൗസേഫ് 186, 192
കലിക്ററസ് II 180
കാതറയിൻ II 64
കാസ്റ്റസ്, എസ്. ജെ. 196
കിംങ്, ആർച്ച്ഡെയിൽ 22, 63, 77, 79, 81, 85, 90, 91, 105, 108, 112, 115, 121, 122, 123, 125, 128, 132, 135, 140, 149, 197, 233, 238


www.malankaralibrary.com

കോപ്പർനിക്കസ് 170
കോൺസ്റ്റൻറയിൻ, ബൊഹാ ഷിവിസ്ഥി 68
കംബോറി, ഫാദർ 198
ക്ലയൻ, റാഫേൽ ഓ. എഫ്. എം. 264, 274
ക്ലമൻറ്, വി. 6, 34
ക്ലിസ്റ്റസ് വി. 85
ക്രിസോസ്റ്റോം, വി. 16, 48, 162, 202
ഗബ്രിയേൽ 70
ഗലിലെയോ 170
ഗാർഡിനി, റൊമാനോ 22
ഗാർദില്ലോ, മൗറിഷ്യസ് 24
ഗുരാങ്, ഡോം 258
ഗ്രിഗരി XIII 234
ഗ്രിഗരി XV 234
ഗ്രിഗോരിയസ് III പാത്രിയാക്ക് 77
ഗ്രിഗോരിയസ്, വി. 202
ചാവറ, കര്യാക്കോസ് ഏലിയാസ് 195, 200, 202
ചാവേലിൽ, ജയിംസ് 161, 06
ജറോം, വി. 16, 106
ജസ്റ്റിൻ, വി. 33, 34, 35, 36
ജോസഫ് അസേമാനി 90, 184
ജോസഫ് II 148
ജോസഫ്, വി. 63
ജോസഫ് സിമാസ്ഥി 65
ജോൺ XXII 180
ജോൺ മൻറാക്കണി 133
ജോൺ വി. കപ്രിസ്റ്റാനോ 73
ജോൺ റിബേരിയോ 185
ജോർജ്ജ്, സിൽഹോട്ട് 79
ജൂല്യ, ഫോസൂവ് 73
ടാഗോർ 104
ടിസരാങ്ങ്, കാർഡിനൽ 178
ട്രാജൻ 34
ഡയറാം, കമാർ 89, 90, 92
ഡയിനീഷ്യസ് 106
ഡിന്നൂസ 196
ഡൊണാംഡ്യു, ആറവാട്ടർ 59, 61 64, 67, 73, 78, 88, 111, 117, 123, 125, 131, 132, 138, 139.
തദ്ദേവൂസ്, വി. 123
തപ്പൂണി 80
തിമോത്തെയൂസ് I 179
തിയോഫിലസ് 97
തെർത്തുല്യൻ 32, 278
തോമ്മാ, അക്കദിയാക്കോൻ 96
തോമ്മാ, ശ്ലീഹാ 136, 177, 183
ദാനിയേൽ 1
ദിയസ്കോറസ് 98
ദുവേ, മോൺ. 36, 37, 40
നവറവ് 9
നിക്കൊളാസ് I 65
,, II 65
,, (പാപ്പ) 233
നിധീരി 97
നേർസസ് 133
ന്യൂമാൻ (കാർഡിനാൾ) 260
പത്തനേഗാസ്റ്റ് 120
പള്ളിവീട്ടിൽ, ചാണ്ടി 185
പത്രോസ് (വി) 15, 16, 76, 149, 152, 266

www.malankaralibrary.com

പായിസി 70

പാറേമ്മാക്കൽ തോമാ ക. 97, 186, 192

പീയൂസ് IX 202, 236

,, X 166, 239, 240, 261

,, XI 16, 90, 97, 264

,, XII 7, 8, 10, 16, 18, 80, 206, 261

പീററർ, ഏലിയാസ് XII 149

പീററർ, ഗാർവ്വേ 78

പീററർ പോളം, മെവുക്കി 90

പീററർ സ്റ്റർഗാ 63

പോളം, താബസ് 107

പോളം, സോർസക്കി 71

പൗലോസ് (വി) 30, 31, 32, 50, 55, 152

പ്ലാസിഡ്, ഫാദർ 147, 184 206

പ്ലിനി 34

ഫിലിപ്പ്, വി. 117

ഫ്രുമെൻസിയൂസ് 117

പ്രോബസ്സ് 38

ഫിർമീലിയൂസ് 37

ഫെറോളി, എസ്. ജെ. 198

ഫ്രാൻസിസ്, റോസ് 184, 198, 200

ബനഡിക്ട് XIV പാപ്പാ 59, 60, 234, 235, 236

ബനഡിക്ട് XV പാപ്പാ 61

ബർത്തലൂമാ 123

ബർ, ഗെബ്രേയൂസ് 85, 179

ബർണദീനോസ്, മെത്രാൻ 190, 195, 200, 202

ബഞ്ചമിൻ, ബയിലി 165

ബയിസിൽ, മാർ 48, 83, 124 163, 202

ബൻസിഗർ 97

ബുച്ചർ 108

ബോട്ടേ, ഡോം 220

ബോംസ്റ്റാക്ക് 39

മത്തായി, വി. 51, 115, 116, 152

മററം, ഏ. ഡി. 237

മർക്കോസ്, വി. 106, 111

മാത്യൂ, മാർ 78

മാർസിലിനോസ്, മെത്രാൻ 187

മാറോ 89

മാക്സിമൂസ്, വി. 4

,, IV പാത്രിയാർക്ക് 57, 59

,, III 57

മിഖായേൽ ഗാർവെ 78

മില്ലർ, ജോൺ 21, 23, 26, 31, 33, 35, 36, 38, 40, 41, 169

മിസായേൽ 1

മിലേസിയോ, പ്രംനഗസ്റ്റം 190

മെത്തോദിയൂസ് 156, 160

മെനേസിസ്, ഡോം 95

മെഡ്ളിക്കോട്ട് 187

മെവുറിൻ 187

മോസ്യൂസ്, ഹോരൻ 160

മെക്ളർ, എം. എൽ. 36

മൈക്കാം, ചെരുളാരിയൂസ് 62

മൈക്കാം, ലവിസ്ലി 66

യാക്കോബ്, 55

,, വി. 83, 85


www.malankaralibrary.com

യങ്ങ്മാൻ, ജെ. എ. എസ്. ജെ 5, 8, 29, 30, 33, 36
യൂദാസ് തദേവൂസ് 136
യോഹന്നാൻ, മാംദാന 48,140
യോഹന്നാൻ, വി. 83, 110
യൗസേപ്പ്, മാർ 182,186, 220
യൗസേബിയൂസ് 106
യൗസ്റ്റസ്, വി. 83
ലവീഞ്ഞ്, മെത്രാൻ 187
ലാൻസ്, എ. ഡി. എ. 22
ലാമി 40
ലെയോ XIII 237
ലെയൊണാർഡ്, മെത്രാൻ 195, 200
ലെർക്കാരോ, കാർഡിനൽ 166
ലൂക്കാ, വി. 28, 30, 111
ലൂയിവ്, മെത്രാൻ 190
വാടിങ്, 180
വിൻസൻറ് 192
വ്ളാഡിമിർ, വി. 62
വ്ളാഡിമിർ, ഫാദർ 74
വൈസ്മാൻ, കാർഡിനൽ 260
സക്കറിയാസ്, ഡീക്കൻ 179
സബദീശോ V 137
സാഫോർ II 137
സാറാ 55
സിൽവെസ്റ്റർ, സെബ്രാട്ടോ വിസ്റ്റി 66
സിറിൽ, വി. 83, 108, 156, 160, 202
സിറിൽ VI പാത്രിയാക്ക് 56
സിറിൽ, കൊറൊലോവിസ്റ്റി 153, 167, 206
സിപ്രിയാൻ, വി. 33
സെബസ്ത്യാനി 96, 185
സെവോറിയസ് 97
സെലസ്റ്റിൻ, പാപ്പാ 22
സെലവൂക്കസ്, നിക്കദോർ 75
സെറാപ്പിയോൺ 40
സ്റ്റാപ്പർ, ബയർ 6, 20, 21
സ്റ്റീഫൻ, വി. 37
സ്ലിപ്പി, മെത്രാൻ 68
സൈമൺ, ബർസാവാ 148
ഹാർട്ടെൽ 37
ഹിപ്പോളിററസ്, വി. 32, 36
ഹൊനോരിയൂസ് III 233
ഹോവൽ, ക്ലിഫോർഡ് 5
റബേക്ക 55
റയിമണ്ഡു്, ഫാദർ 269
റാവുളിൻ 180, 229
റാസ്, അൽഫോൻസുസ് 39, 42, 141, 147, 162, 174, 206, 211, 227, 229
റാഹേൽ 55
റൂഫിനസ് 107, 108
റോബർട്ട്, ഡിനോബിലി 104


www.malankaralibrary.com

# വിഷയാനുക്രമണിക

(ആകാരാദിയിൽ)


**അ**ഗാപ്പെ 31-32

  അന്ത്യോക്യൻറീത്ത് 75-88

**അ**ർമ്മേനിയൻറീത്ത് 122-134

  ഉത്ഭവം 122

  ഭിന്നതകൾ 124

  പുനരൈക്യം 125

  ആധുനികസ്ഥിതി 126

  ദിവ്യബലി 128-130

  കൂദാശകൾ 130-134

  കാനോനനമസ്ക്കാരം 133

  തിരുവസ്ത്രങ്ങൾ 134

  പഞ്ചാംഗം 134

**അ**ലക്സാണ്ഡ്റിയൻ റീത്ത് 105-116

  ഉത്ഭവം 105

  ദൈവാലയം 108

  ആരാധനക്രമം 109

  ദിവ്യബലി 111

  കൂദാശകൾ 112-115

**അ**ംബ്രോസിയൻ റീത്ത് 41

**ആ**രാധനക്രമം:

  വാച്യാർത്ഥം 5

  പ്രയോഗാർത്ഥം 6

  ആധികാരിക നിർവചനം 7


www.malankaralibrary.com

-ത്തിന്റെ ഉറവിടം, ക്രിസ്തുവിന്റെ പൗരോഹിത്യം 13
-ത്തിന്റെ ലക്ഷ്യം 20-21
-വും ദൈവശാസ്ത്രവും 21-23
-വും ഭാഷയും 151-171
-വും ജീവിതവും 254-279
-ജീവിതം അപ്പസ്തോലികകാലത്ത് 254
-ത്തിന്റെ ഉയിർത്തെഴുന്നേൽപ്പ് 258
-വും രണ്ടാംവത്തിക്കാൻ സൂനഹദോസും 261
-ത്തെ സംബന്ധിക്കുന്ന ഡിക്രി 262

കൽദായറീത്ത് 135-138
-ഉത്ഭവം 135
-പൂർവ്വചരിത്രം 136
-ഭിന്നതകൾ 137

ഗലീസിയൻ റത്തേനിയൻസ് 66-70
ഗാള്ളിക്കൻറീത്ത് 41

തിരുവസ്ത്രങ്ങൾ:
-പൗരസ്ത്യറീത്തുകളിലെ 172-176
-സീറോമലബാർറീത്തിലെ 196
-പുനരുദ്ധരിക്കപ്പെട്ട 225-231

ദിവ്യബലി:
-അപ്പസ്തോലികകാലത്ത് 28
-ഒന്നും രണ്ടും നൂററാണ്ടുകളിൽ 35
-യിൽ വിശ്വാസികൾ സഹകരിക്കേണ്ട
വിധം 268-270

പാശ്ചാത്യറീത്തുകൾ 41

പൗരസ്ത്യറീത്തുകൾ 40
-ളുടെ ഉത്ഭവം, വളർച്ച 41-43
-ളിലേ വിവിധതിരുക്കർമ്മഭാഷകൾ 156-167
-കളും പരി. മാർപ്പാപ്പമാരും 232-253


www.malankaralibrary.com

**ബൈ**സൻറയിൻറീത്തു് 46-74
- ഉത്ഭവം 46
- വിഭാഗങ്ങൾ 47
- ദൈവാലയം 48
- ദിവ്യബലി 48
- ക്രൂദാശകൾ 49-54

**മാ**റോനിത്താറീത്തു് 89-93
- ആധുനികസ്ഥിതി 89
- ഹയരാക്കി 90
- ദൈവാലയം 91
- ദിവ്യബലി; ക്രൂദാശകൾ 91-93

**മെ**ൽക്കൈററു് റീത്തു് 56-59
- ഭിന്നതകൾ 56
- ആധുനികസ്ഥിതി 57
- പ്രത്യേകതകൾ 58

**മൊ**സറബിക് റീത്തു് 41

**യു**ക്രേനിയൻ റീത്തു് 62-65
- യുഗോസ്ലാവ്സ് 70-72

**ലി**ററർജി:
- യും മൗതികശരീരവും
- യിൽ വിശ്വാസികളുടെ ഭാഗഭാഗിത്വം 18
- യും ആത്മവിശുദ്ധീകരണവും 263-266
- യിൽ പങ്കെടുക്കേണ്ടതെങ്ങനെ? 266

**സീ**റോകൽദായറീത്തു് 138-150
- ആധുനികസ്ഥിതി 138
- ദൈവാലയം 138
- അപ്പവും വീഞ്ഞും തയാറാക്കുന്ന ക്രമം 139
- ദിവ്യബലി 139
- അനാഫൊറാ 140

www.malankaralibrary.com

- ക്രൂദാശകാഠ 144-147
- കാനോനനമസ്ക്കാരം 147
- നോമ്പുകാലം 149
- തിരുക്കർമ്മഗീതം 150

**സ**ീറോമലങ്കരറീത്തു് 93-104
- പൂർവ്വചരിത്രം 93
- പുനരൈക്യശ്രമം 96
- വൈദികന്മാർ 98
- ദൈവാലയം 98
- ആരാധനക്രമം 100
- ദിവ്യബലിയർപ്പണം 101
- മൂന്നുമ്മേൽകുർബ്ബാന 101
- സമൂഹബലിയർപ്പണം 102
- കലണ്ടർ 103
- ക്രൂദാശകാഠ 103

**സ**ീറോമലബാർറീത്തു് 177-203
- കേരളസഭയും പേർഷ്യയും 177
- സമുദായസ്ഥിതി 180
- വില്ലാർവട്ടം രാജകുടുംബം 180
- റീത്തിന്റെ ആരംഭം 183
- ചരിത്രം 188
- ക്രൂദാശകാഠ 188-195
- ദിവ്യബലി 196-200
- കാനോനനമസ്ക്കാരം 200-203

**പു**നരുദ്ധരിക്കപ്പെട്ട സീറോമലബാർ റീത്തു് 204-231
- പുനരുദ്ധാരണശ്രമങ്ങഠ 204-208
- കുർബ്ബാന 208-225
- ആരാധനക്രമവത്സരവൃത്തം 225

**സെ**ൻററിക്ക് റീത്തു് 41

**റീ**ത്തു് 24


www.malankaralibrary.com

-വാച്യാർത്ഥം 24
-പ്രയോഗാർത്ഥം 24
-വും-ആരാധനക്രമവുമായുള്ള വ്യത്യാസം 25
-കൾ ഉത്ഭവം, വികസനം, വിഭജനം 27
സഭയിലെ റീത്തുകൾ 44-45
റുത്തേനിയൻ റീത്ത് 62-65
-റുമേനിയൻറീത്ത് 72-74
-റോമൻറീത്ത് 41


## Select Bibliography


Alphonsus Raes S. J., *Introductio in Liturgiam Orientalem,* Romae, 1947.

,, , *An Explanation of the Syro-Malabarese Holy Mass,* F. S. Press, Kottayam. 1958.

Archdale, King A, *The Rites of Eastern Christendom,* London, 1901

Assemani, J. A., *De Catholicis sen Patriarchis Chaldeorum et Nestorianorum Commentarius,* Monumenta Xaveriana Matritr, 1900.

Attwater Donald, *The Christian Churches of the East, The churches in communion with Rome,* Great Britan, Lancashire.

Butcher, *Story of the church of Egypet.*

Cyril Korolovysky, S. J. *Living Languages in Catholic Worship,* Translated by Donald Attwater, London 1957

Duchesne, Mgr *Christian Worship,* Translated by M. L. Meelure, 1912.

Guardini, Romano, *The spirit of the Liturgy,* Translated by A. D. A. Lane, Newyork, Sheed and Ward, 1953


www.malankaralibrary.com

| | |
|---|---|
| Gardillo Mauricius S. J. | *Compendium Theologiae Oricutalis*, Romae, 1950 |
| James Chavelil, D. S. E. O. | *Restoration of the Syro*-Malabar Rite, Caritas, 1962. |
| John (Rev) Miller H. C; S. T. D; | *Fundamentals of Liturgy*, Tides Publishing Association, Indiana, 1959 |
| John O' Brien A. M; | *History of the Mass* New York, 1882 |
| Jungmann, J. A, S. J., | *Public Worship*, Translated by Clifford Howell S. J., Challoner Publications, London, 1957 |
| ,, , | *The mass of the Roman Rite* vol I, Benzigar Inc. |
| Raulin B, O. S. B; | *Vestments and Vesture*, Translated by Dom Justin Macan O. S. B, Herder Book, 1931 |
| Stappir-Bair, | *Catholic Liturgies*, St. Antony's Guild, Paterson, New Jersy, 1951. |
| Tisserant (Cardinal) E, | Eastern Christianity in India, Orient Longmans, 1957. |
| Tertullian, | *Apology C, 36;* Dix Gregory *The Treatse on the Apostolic tradition of St. Hypolitus of Rome* |
| Wadding L, | *Annals Murorum The Catholic Eucyclopedia*, Assize. *Oriente Catholico*, Citta Del Vaticano, 1952. The Didacte |


## Encyclicals


| | |
|---|---|
| Benddiet XIV, | *Demandatum* 1743, Collectanea S. Congregatios De Propaganda Fide Romae ex Typographia Polyslotta M. D. cccxcM.C. III 18 |
| ,, , | Encycli *'Etsi Pastorali'* |


www.malankaralibrary.com

Benedict XV, *Dei Providents.*

Pius XI, Ency *'In Suprema Petri Apostoli,*

Pius XII, Ency *'Orientales omner Ecclesiae'*

,, , *Mediator Dei,* A. A. S. vol. 34, 1947

,, , Motu Proprio *'Cleri sancttati'*

എ. ഡി. മററം, **സീറോമലബാർ റീത്തുസമുദ്ധാരണം,** 'റീത്തും ബലിയും'

പ്ലാസിഡ് സി.എം.ഐ. **നമ്മുടെ റീത്ത്,** S. J. Press, Mannanam 1951

പുനരുദ്ധരിക്കപ്പെട്ട സീറോമലബാർ കുർബ്ബാനക്രമം. മാർത്തോമ്മാശ്ലീഹാ പ്രസ്സ്, ആലുവാ 1962.

www.malankaralibrary.com

റീത്തുകളെപ്പററി, പൊതുവെ പൗരസ്ത്യറീത്തുകളെപ്പററി കേരളീയരിൽ അധികംപേക്കും വലിയ പരിജ്ഞാനമില്ലെന്നുള്ളതു് ഒരു പരമാത്ഥമാണ്. സൂനഹദോസിൻെറ ഫലമായി ആരാധനക്രമത്തിൽ ഉണ്ടായിരിക്കുന്ന പരിഷ്കാരങ്ങളെ സഭ ഉദ്ദേശിക്കുന്ന വിധം മനസ്സിലാക്കുന്നതിനു് ഓരോ റീത്തിനേയും പ്രത്യേകിച്ച്, മറഞ്ഞു കിടക്കുന്ന പൗരസ്ത്യറീത്തുകളേയുംപററി ഏകദേശപരിജ്ഞാനമുണ്ടായേ തീരൂ. പൗരസ്ത്യറീത്തുകളെപ്പററിയുള്ള സമഗ്രമായ ഒരു പഠനമാണ് "പൗരസ്ത്യറീത്തുകൾ". ആരാധനക്രമത്തെപ്പററി പൊതുവായും, പൗരസ്ത്യറീത്തുകളെപ്പററി പ്രത്യേകമായും പ്രതിപാദിക്കുന്ന അദ്ധ്യായങ്ങളാണ് ഉള്ളടക്കം. പ്രധാന പൗരസ്ത്യറീത്തുകളും അവയുടെ പ്രധാന ഉപവിഭാഗങ്ങളും പ്രതിപാദനം ചെയ്യപ്പെട്ടിട്ടുണ്ടു്.

പൗരസ്ത്യറീത്തുകൾ

( By the New priests of Tellicherry, 1964

S. H. LEAGUE

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com